# വിശുദ്ധിയുടെ
# മൗനപർവ്വം

(Malayalam)

**Vishudhiyude Mauna Parvam**
(Life of HH Baselius Marthoma Didymus I Catholicos)
Edited by Elias Koshy Ramban
Published by Sophia Books, Kottayam

First Published: 2016 May 26

Cover Design, Typesetting
& Printing: Sophia Print House, Kottayam

Price: **Rs. 150.00**

# വിശുദ്ധിയുടെ
# മൗനപർവ്വം

എഡിറ്റർ

വെരി. റവ. ഏലിയാസ് കോശി റമ്പാൻ

SOPHIA BOOKS

സോഫിയാ ബുക്സ്

കോട്ടയം

# ആമുഖം

പത്തനാപുരം മൗണ്ട് താബോർ ദയറായുടെയും മൗണ്ട് താബോർ കോൺവെന്റിന്റെയും സ്ഥാപക സുപ്പീരിയറായിരുന്ന അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ വിളിയും തിരഞ്ഞെടുപ്പും, സ്വർഗ്ഗത്തിലെ അപ്പച്ചൻ സന്തോഷപൂർവ്വം അംഗീകരിച്ചു എന്നുള്ളതിന്റെ പ്രത്യക്ഷമായ മകുടോദാഹരണമാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഏഴാമത്തെ കാതോലിക്കായും 21-ാമത്തെ മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ. ദയറാ എന്താണെന്നോ, ദയറായ ജീവിതം എന്താണെന്നോ തിരിച്ചറിയാൻ പാടില്ലാത്ത കാലത്ത് "നീ എന്റെ കൂടെ പത്തനാപുരത്തിനു വരുന്നോ" എന്നുള്ള ചോദ്യത്തിന് യാതൊരു കൂസലും ഇല്ലാതെ വരുന്നു എന്നുള്ള ഉത്തരം ആരുടെയും പ്രേരണ കൂടാതെ നൽകിയ സി. റ്റി. തോമസ് എന്ന ബാലന്റെ സമർപ്പണം എത്ര ശ്രേഷ്ഠമായിരുന്നു എന്ന് തന്റെ പിൽക്കാലജീവിതം തെളിയിച്ചു. 'വിളിച്ചവൻ വിശ്വസ്തനാണ്' എന്ന വേദവാക്യം ആ ജീവിതം സമ്പൂർണ്ണമായി സ്വാംശീകരിച്ചു.

ഗുരുവിന്റെ നിർദ്ദേശപ്രകാരം പത്തനാപുരത്തെത്തിയ ശിഷ്യൻ പരിക്ലിഷ്ടമായ ദയറായ ജീവിതത്തിലെ ഓരോ പടികളും ശ്രേഷ്ഠനായ ഗുരുവിന്റെ കാലടികളെ പിന്തുടർന്നു നടന്ന് കയറിക്കൊണ്ടിരുന്നു. ദയറായ ജീവിതത്തിന്റെ ചിട്ടകളും, നിഷ്ഠകളും, നിയമങ്ങളും ഗുരു ഓതിക്കൊടുത്തതും, സന്യാസജീവിതത്തിന്റെ സരണികൾ കണ്ടുപഠിച്ചതും സകലതും സ്വജീവിതത്തിൽ അതേപടി പകർത്തുന്നതിന് ശിഷ്യനു യാതൊരു മടിയും ഉദാസീനതയും ഇല്ലായിരുന്നു. ഏഴുനേരത്തെ യാമപ്രാർത്ഥനകൾ, മൗനം, ധ്യാനം, ജാഗരണം, കുമ്പിടീൽ, ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം, വിനയം, ആരാധനാനുഭവം ആദിയായവ എല്ലാം സ്വായത്തമാക്കുന്നതിന് അക്ഷീണം പരിശ്രമിച്ചു. ആരാധനാജീവിതത്തിലും, അനുഭവത്തിലും അന്നുള്ള അന്തേവാസികൾ എല്ലാവരേക്കാളും മുൻപന്തിയിൽ നിൽക്കുന്നതിന് ദൈവകൃപ സഹായിച്ചു. അന്ന് ഇല്ലായ്മകളുടെയും, അദ്ധ്വാനത്തിന്റെയും പാത മാത്രമേ ഉണ്ടായിരുന്നുള്ളു. ഭക്ഷണദാരിദ്ര്യം, സാമ്പത്തികമായ പ്രയാസങ്ങൾ, അന്തിയുറങ്ങുന്നതിന് ഇടമില്ലാത്ത അവസ്ഥ, വന്യമൃഗങ്ങളുടെ ഉപദ്രവം, പരിഷ്ക്കാരം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു സമൂഹം. ഇപ്രകാരം ജീവിതം പ്രതികൂലമായ അവസ്ഥയിലായിരുന്നു. എന്നാൽ സകല പ്രയാസങ്ങളും സന്തോഷത്തോടെ സ്വീകരിച്ച ആ കൊച്ചുമനസ്സ് ആകുലതയില്ലാതെ പ്രത്യാശയോടുകൂടി ദയറായിൽ തന്റെ ബാല്യം പിന്നിട്ടു. ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്ത്

ക്ലാസ്സ് കഴിഞ്ഞു കിട്ടുന്ന സമയം ആശ്രമാംഗങ്ങൾ എല്ലാവരും ചേർന്ന് കഠിനാദ്ധ്വാനം നിർവഹിച്ചിരുന്നു.

വിദ്യാഭ്യാസം പത്തനാപുരത്തും, കോട്ടയത്തും, തൃശ്ശിനാപ്പള്ളിയിലും, മദ്രാസിലും, കാൺപൂരിലും നിർവഹിച്ചപ്പോഴും ആശ്രമത്തിന്റെ നിയമങ്ങളും, നിഷ്ഠകളും അണുവിട തെറ്റിക്കാതെ ജീവിച്ചു. അദ്ദേഹത്തെ വലിയ തിരുമേനി ഏൽപ്പിച്ച ചുമതലകൾ സർവതും ദൈവാശ്രയത്തോടും, സമർപ്പണബോധത്തോടുംകൂടെ നിർവഹിച്ചു. പിൻഗാമികളായ ആശ്രമാംഗങ്ങൾക്ക് അത് മാതൃകയായി തീരുകയും ചെയ്തു. എത്രമാത്രം ജോലികൾ ഉണ്ടായിരുന്നാലും, ആശ്രമജീവിത ചര്യകൾക്ക് യാതൊരു വിഘ്നവും വരുത്തിയിരുന്നില്ല. സാമ്പത്തികക്ലേശങ്ങൾ അലട്ടിയിരുന്ന സമയത്തും, ആശ്രമാംഗങ്ങളുടെ വിദ്യാഭ്യാസം, മറ്റ് ആവശ്യങ്ങൾ, തൃശ്ശിനാപ്പള്ളി സ്കൂൾ സംബന്ധമായ കേസുകൾ ആദിയായവ എല്ലാം ആരെയും അറിയിക്കാതെയും മനഃപ്രയാസം കൂടാതെയും ഭംഗിയായി കൈകാര്യം ചെയ്ത് അവയെല്ലാം വിജയത്തിൽ എത്തിക്കുകയും ചെയ്തു.

വൈദിക ജീവിതത്തിൽ ശെമ്മാശൻ, കശ്ശീശാ, റമ്പാൻ, മെത്രാപ്പോലീത്താ, കാതോലിക്കാ ആദിയായ എല്ലാ പടികളിലും ദൈവിക കരുണയുണ്ടായി. അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ ആരാധന വൈദികവൃന്ദത്തിനെല്ലാം അനുകരിക്കത്തക്കതായിരുന്നു. ബ. വൈദികർ ആരാധനകളെല്ലാം നിഷ്കർഷിച്ചിട്ടുള്ള വിധികൾ അനുസരിച്ചു ചെയ്യണം എന്നുള്ളതും നിർബന്ധമായിരുന്നു. ഏതു പ്രതിസന്ധി വന്നാലും ദൈവാശ്രയത്തോടും, പ്രാർത്ഥനയോടും സമചിത്തതയോടും കൂടെ കൈകാര്യം ചെയ്തിരുന്നു.

കുടിയേറ്റ ഭദ്രാസനമായിരുന്ന മലബാറിലെ ആദ്യകാലജീവിതം തിരുമേനി യാതൊരുവിധ ആകുലതയും, മനഃക്ലേശവും കൂടാതെ ദൈവാശ്രയത്തോടുകൂടി നിർവഹിച്ചു എന്നുള്ളതിന് ഈ ലേഖകൻ സാക്ഷിയാണ്. പത്തനാപുരത്തെ ആദ്യകാലജീവിതം പോലെ തന്നെ നിറപടിയായി നിറവേറ്റുന്നതിന് ലേശംപോലും വിമുഖത കാട്ടിയിരുന്നില്ല. ആശ്രമനിയമങ്ങളും, സ്വകാര്യ ജീവിതവും, രഹസ്യപ്രാർത്ഥനകളും, ജാഗരണവും എല്ലാം എല്ലാം യാതൊരു കുറവും കൂടാതെ നിറവേറ്റിയിരുന്നു. വിശാലമായി കിടന്നിരുന്ന ഭദ്രാസനത്തിന്റെ എല്ലാ ഭാഗങ്ങളിലും, തന്റെ ആത്മീയ മക്കളുടെ പരിപോഷണത്തിനായി യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും ബസ്സിലും, ജീപ്പിലും യാത്രചെയ്ത് പോകുകയും ലഭിക്കുന്ന സൗകര്യങ്ങളിൽ സന്തോഷമായി താമസിച്ചുകൊണ്ട് പ്രവർത്തിച്ചിരുന്നു. ഇടവകജനങ്ങളുടെ പരാതികളും പരിദേവനങ്ങളും സമചിത്തതയോടെ ശ്രവിച്ച്

അവരെ സാന്ത്വനപ്പെടുത്തി അയയ്ക്കുന്ന രീതി പറഞ്ഞറിയിക്കാൻ സാധിക്കാത്തവിധം ശ്രേഷ്ഠമായിരുന്നു. ഏതാണ്ട് 40 വർഷത്തെ നിസ്തന്ദ്രമായ പ്രവർത്തനം മൂലം തന്റെ ഭദ്രാസനം മറ്റു ഭദ്രാസനങ്ങളോടൊപ്പം കിടപിടിക്കത്തക്കനിലയിൽ അദ്ദേഹം എത്തിച്ചു. ഭദ്രാസനത്തിലെ ബ. വൈദികരും ജനങ്ങളും ഭദ്രാസനാധിപനോടുള്ള അനുസരണത്തിലും, ഭക്തിയിലും ഒരുമയോടെ സഹകരിച്ചു പ്രവർത്തിച്ചു എന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. വിശാലമായ മലബാർ ഭദ്രാസനം പിൽക്കാലത്ത് വിഭജിച്ച് ബത്തേരി ഭദ്രാസനവും, ബ്രഹ്മവാർ ഭദ്രാസനവും ഉണ്ടാക്കിയതും തിരുമേനിയുടെ കാലത്തു തന്നെ.

1972–ൽ തന്റെ ശ്രേഷ്ഠ ഗുരുവായിരുന്ന അഭിവന്ദ്യ മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനി കാലംചെയ്ത സമയം മുതൽ 2014 വരെ പത്തനാപുരത്തെ താബോർ ദയറാ, താബോർ മഠം, അനുബന്ധ സ്ഥാപനങ്ങൾ, തൃശ്ശിനാപ്പള്ളിയിലെ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, നേഴ്സിംഗ് സ്കൂൾ, ഹൈസ്കൂളുകൾ, എലിമെന്ററി സ്കൂൾ എന്നിവയുടെ എല്ലാം പ്രധാന ചുമതലക്കാരനായി ശ്രദ്ധേയമായ ഭരണം നടത്തിയിരുന്നു. തന്മൂലം വലിയ തിരുമേനി ആരംഭിച്ചു വെച്ച എല്ലാ പ്രസ്ഥാനങ്ങളും അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കുന്നതിനു തിരുമനസ്സിലേക്ക് സാധിച്ചു. ആശ്രമത്തിലേയും മഠത്തിലേയും അന്തേവാസികൾ സുപ്പീരിയർ തിരുമേനിയോടുള്ള അനുസരണത്തിലും, വിധേയത്വത്തിലും, നിയമങ്ങൾ പാലിക്കുന്നതിലും വീഴ്ചകൾ വരുത്താതെ സഹകരിച്ചു എന്നുള്ളത് എടുത്തു പറയേണ്ട സംഗതികളാണ്. ഇക്കാലയളവിലെല്ലാം ഭാരിച്ച ഭദ്രാസന ഭരണത്തിനിടയിലും മാസത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും വന്നെത്തി കാര്യങ്ങൾ അന്വേഷിക്കയും, അംഗങ്ങൾ എല്ലാവർക്കും ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുമായിരുന്നു.

പ. പിതാവ് മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി കുറച്ചു കാലമേ പ്രവർത്തിച്ചുള്ളു എങ്കിലും സഭയിൽ അതു അച്ചടക്കത്തിന്റെയും വിധേയത്വത്തിന്റെയും കാലമായിരുന്നു. പരിശുദ്ധ മൂറോൻ കൂദാശ, രണ്ടു പ്രാവശ്യമായി പതിനാലു മേൽപ്പട്ടക്കാരുടെ തെരഞ്ഞെടുപ്പും വാഴ്ചയും എന്നിവ നടത്തുന്നതിനു സാധിച്ചു. മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുപ്പിനുള്ള നടപടിചട്ടങ്ങൾ ക്രോഡീകരിക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്തു. തീരുമാനങ്ങൾ എടുക്കുന്നതിനും അതു നടപ്പിൽ വരുത്തുന്നതിനും അന്യാദൃശ്യമായ കഴിവ് അഭിനന്ദിക്കത്തക്കതായിരുന്നു.

പരുമല വെച്ചു കൂടിയ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷ

നിൽ ആദ്ധ്യക്ഷം വഹിക്കയും, പിൻഗാമിയായി കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിയെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കുകയും ചെയ്തു. അദ്ദേഹത്തെ പരുമല പള്ളിയിൽ വച്ച് തന്റെ തൃക്കൈ കൊണ്ട് കാതോലിക്കാ ആയി വാഴിക്കയും സർവ ചുമതലകളും പിൻഗാമിയെ ഭരമേൽപ്പിച്ച് ശിഷ്ടായുസ്സ് പ്രാർത്ഥന, ധ്യാനം, മനനം, മൗനം ആദിയായവയിൽ രാപകൽ വ്യാപരിക്കയും ചെയ്തു. വാർദ്ധക്യസഹജമായ അസ്വസ്ഥതകൾ മൂലം പരുമല ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കയും സഭയിൽ കൽപിക്കപ്പെട്ടിരുന്ന എല്ലാ കൂദാശകളും, കന്തീലാ ശുശ്രൂഷയും കൈക്കൊണ്ട് 2014 മെയ് മാസം 26–ന് കാലം ചെയ്യുകയും ചെയ്തു. പ. പിതാവിന്റെ ആഗ്രഹപ്രകാരം തന്റെ എല്ലാമായിരുന്ന തോമ്മാ മാർ ദീവന്നാസ്യോസ് പിതാവിന്റെ കബറിടത്തിനു സമീപം 27–ന് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുഖ്യ കാർമ്മികത്വത്തിലും, സഭയിലെ എല്ലാ മേൽപട്ടക്കാരുടെയും സഹോദരിസഭകളായ മാർത്തോമ്മാ, സി.എസ്.ഐ., മലങ്കര റീത്ത് ആദിയായ എല്ലാ സഭാപിതാക്കന്മാരുടെയും, വമ്പിച്ച ഒരു ജനതതിയുടെ സാന്നിദ്ധ്യത്തിലും കബറടക്കശുശ്രൂഷ നടത്തപ്പെടുകയും ചെയ്തു. പ. പിതാവിന്റെ പ്രാർത്ഥന നമുക്കു സഹായമായിരിക്കട്ടെ.

ഈടുറ്റ ലേഖനങ്ങൾ എഴുതി ഈ കൃതിയെ അലങ്കരിച്ച ഓർത്തഡോക്സ്, മാർത്തോമ്മാ, മലങ്കര റീത്ത് സഭകളിലെ അഭിവന്ദ്യ തിരുമേനിമാർ, സഭയിലെ കോർഎപ്പിസ്കോപ്പാമാർ, വൈദിക ശ്രേഷ്ഠർ, അത്മായ പ്രമുഖർ, ബ. സിസ്റ്റേഴ്സ് എന്നിവരോടുള്ള ബഹുമാനാദരവുകൾ സദയം സമർപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ അച്ചടി കൃത്യസമയത്തു ഭംഗിയായി നിർവഹിച്ച ജോയ്സ് തോട്ടയ്ക്കാടിനോടും പ്രസിദ്ധീകരണം സന്തോഷപൂർവ്വം ഏറ്റെടുത്ത സോഫിയാ ബുക്സിനോടും വേണ്ട നിർദ്ദേശങ്ങളും മറ്റും തന്നു സഹായിച്ച ഡോ. പോൾ മണലിലിനോടും ഉള്ള അവാച്യമായ നന്ദി രേഖപ്പെടുത്തുന്നു.

**ഏലിയാസ് കോശി റമ്പാൻ**

എഡിറ്റർ

# ഉള്ളടക്കം


മൗനത്തിന്റെ ലാവണ്യം
ပ. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ 13
സഭാചരിത്രത്തിലെ മാതൃകാ വ്യക്തിത്വം
കർദിനാൾ മാർ ജോർജ് ആലഞ്ചേരി 15
കേരളീയ സമൂഹത്തിന്റെ ആചാര്യൻ
ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ 16
സഭയുടെ ആത്മീയ വെളിച്ചം
ബിഷപ്പ് തോമസ് കെ. ഉമ്മൻ 18
പ. ദിദിമോസ് ബാവായും സുൽത്താൻ ബത്തേരി ഭദ്രാസനവും
കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ 19
വേറിട്ട വ്യക്തിത്വം
ഡോ. യാക്കോബ് മാർ ഐറേനിയോസ് 26
പരിശുദ്ധ ദിദിമോസ് ബാവായുടെ മിഷൻ ദർശനം
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് 31
പരിശുദ്ധ ദിദിമോസ് ബാവായുടെ ദൈവശാസ്ത്രം
ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് 36
ഓർമ്മയിലെ ദിദിമോസ് ബാവാ
യൂഹാനോൻ മാർ പോളിക്കാർപ്പോസ് 41
വ്രതശുദ്ധിയുടെ ശ്രേഷ്ഠ മാതൃക
ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് 44
ജീവനല്ല, ജീവിതമാണ് വലുതെന്ന് പഠിപ്പിച്ച പ. പിതാവ്
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് 48
യാമങ്ങളുടെ കാവൽക്കാരൻ
ഡോ. സഖറിയാസ് മാർ അപ്രേം 51
മലങ്കരയുടെ പാതിരാപക്ഷി
ഡോ. ഏബ്രഹാം മാർ സെറാഫിം 54
ധാർമികതയുടെ ആൾരൂപം
ഗീവർഗീസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ 56
ദീപ്തമായ ഓർമ്മകൾ
ജോഷ്വാ മാർ ഇഗ്നാത്തിയോസ് 58
ഹൃദയത്തിൽ ഐക്യം നിറഞ്ഞുനിന്ന വലിയ ബാവാ
തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 60
ഉത്തമനായ താപസശ്രേഷ്ഠൻ
ഫാ. ഡോ. റ്റി. ജെ. ജോഷ്വാ 62
പക്വതയുടെ പാഠങ്ങൾ പഠിപ്പിച്ച പിതാവ്
ഫാ. ഡോ. കെ. എം. ജോർജ് 66

മൗനഗാംഭീര്യം
ഫാ. ഡോ. ജേക്കബ് കുര്യൻ 72
കുഞ്ഞുങ്ങളെ സ്നേഹിച്ച ദിദിമോസ് ബാവാ
ഫാ. ഡോ. ഒ. തോമസ് 77
ശേലൂൻ ബശ്ലോമോ, മോറാൻ
ഡോ. ഡി. ബാബു പോൾ 80
ശരിക്കും ഒരു വലിയ ബാവാ
മാമ്മൻ മാത്യു 83
ആധുനിക സഭാചരിത്രത്തിലെ ആത്മീയ നവോത്ഥാന നായകൻ
ഡോ. പോൾ മണലിൽ 88
മൗനം, മനനം, മാന്യഭാവം
ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ 102
മലങ്കരയുടെ താപസ തേജസ്
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 106
പരിശുദ്ധ ദിദിമോസ് ബാവായും മൗണ്ട് താബോർ ദയറായും
റമ്പാൻ ഏലിയാസ് കോശി 109
പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായും അട്ടപ്പാടി മിഷനും
എം. ഡി. യൂഹാനോൻ റമ്പാൻ 118
താബോർ ദയറായുടെ സാരഥി
സ്ലീബാ കെ. ഏബ്രഹാം റമ്പാൻ 124
ഗുരുചരണം
വെരി. റവ. പി. എം. ജോൺ കോർഎപ്പിസ്കോപ്പാ 127
ഋഷിവര്യ പാരമ്പര്യത്തിന്റെ അവകാശി
പ്രൊഫ. വി. ഐ. നൈനാൻ 132
എന്റെ വഴികാട്ടി
ഫാ. മോൻസി പി. ചാക്കോ, ബാംഗ്ലൂർ 137
മാവേലിക്കര ഭദ്രാസനത്തിന്റെ ഉപജ്ഞാതാവ്
പോൾ മത്തായി 140
ഒളിമങ്ങാത്ത ഓർമ്മകളുമായി
ഡോ. അലക്സാണ്ടർ കാരയ്ക്കൽ 145
വിശുദ്ധിയുടെ സൂര്യതേജസ്സ്
റവ. സിസ്റ്റർ ശേബ 148
താബോർ മലയിലെ ഋഷിവര്യൻ
സിസ്റ്റർ മറിയം 153
എന്റെ ഓർമ്മകളിലെ ദിദിമോസ് ബാവ
സിസ്റ്റർ ഏലിശുബാ 157
മലബാറിന്റെ തീമോത്തിയോസ് തിരുമേനി
ഫാ. സി. പി. അലക്സാണ്ടർ ചെമ്പകപ്പറമ്പിൽ 161

ഗതകാല സ്മൃതികളിലൂടെ...
സിസ്റ്റർ രൂത്ത് 163
സ്വർഗ്ഗീയ ഗാനസുധയുടെ അനശ്വരഗായകൻ
ഡോ. പീറ്റർ മാത്യു കല്ലുംപുറത്ത് കടവിൽ 167
നന്മയുടെ 'കുടമാറ്റം'
ഫാ. ജേക്കബ് മാത്യു കാരിച്ചാൽ 170
മഹിതാചാര്യപ്രഭ
ചെറിയാൻ ചക്കാലയ്ക്കൽ കോറെപ്പിസ്കോപ്പാ 174
ദിദിമോസ് ബാവായും കടമ്പനാട് നസറേത്ത് കോൺവെന്റും
സിസ്റ്റർ ശൈനോ സി.എൽ.ജി. 180
ഗുരുശിഷ്യബന്ധം
ഫാ. കെ. വി. പോൾ 185
ഈശ്വരചൈതന്യം തുളുമ്പിനിന്ന പുരോഹിതശ്രേഷ്ഠൻ
ബ്രഹ്മശ്രീ. അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് 187
മൗനത്തെ പ്രണയിച്ച മുനികുമാരൻ
ഫാ. ബിജു പി. തോമസ് 189
മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃക
ഡോ. സാം വി. ഡാനിയേൽ 192
ദിദിമോസ് വലിയ ബാവായുടെ വിദ്യാഭ്യാസ പ്രവർത്തനം
ഫാ. കെ. എ. ഏബ്രഹാം 195
പ്രാർത്ഥനാപൂർവ്വം ഓരോർമ്മക്കുറിപ്പ്
റവ. സിസ്റ്റർ ശലോമി 199
തിരുമേനി അപ്പച്ചനും മാത്തൂരിലെ താബോർ മഠവും
സിസ്റ്റർ ബർബാറാ (മാത്തൂർ മഠം) 206
"എന്റെ അപ്പച്ചൻ..."
ഫാ. ലിജു സാമുവേൽ 210
ജീവൻമുക്തനായ ദിദിമോസ് ബാവാ
പ്രൊഫ. ഡോ. എം. പി. ചാക്കോ 213
കുഞ്ഞോമ്മാച്ചനും ശ്ലൈഹിക സിംഹാസനവും
കുഞ്ഞ്, കല്ലുംപുറത്ത് 216
ആത്മീയപുത്രന്റെ ആശ്രുപൂജ
ജേക്കബ് മാത്യു (ജോജോ) 222
'ദൈവമനുഷ്യൻ'
ഫാ. ഗീവർഗീസ് പൊന്നോല 225
ജീവചരിത്ര ഫലകം
വർഗീസ് ജോൺ തോട്ടപ്പുഴ 235
ഒരു അഭിമുഖം
റോയ് ചാക്കോ ഇളമണ്ണൂർ 238



# മൗനത്തിന്റെ ലാവണ്യം

## പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

നാൽപ്പത് സംവത്സരം മലങ്കരസഭയെ നയിച്ച പ. ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ വേർപാട് വലിയ നഷ്ടമാണ് നമുക്കു വരുത്തിയിരിക്കുന്നത്. വ്യക്തിപരമായി എനിക്ക് അനേകം അനുഭവങ്ങൾ പങ്കുവെയ്ക്കാനുണ്ട്. രണ്ട് സങ്കടങ്ങൾ മനസ്സിൽ നിറയുന്നു. ഒന്ന് പഴയ തലമുറയുടെ അവസാന കണ്ണിയായി വലിയ ബാവായെ കാണുന്നു. 1966-ൽ യോജിച്ച സഭയുടെ കോലഞ്ചേരിയിൽ വാഴിക്കപ്പെട്ട മൂന്ന് മെത്രാപ്പോലീത്താമാരിൽ ഇളയപിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. സഭയിലെ സുവർണ്ണ കാലഘട്ടവും ശാശ്വത സമാധാനവും നിറഞ്ഞുനിന്ന സംവത്സരവുമായിരുന്നു 1966. പ്രാർത്ഥനയാണ് ജീവിതത്തിന്റെ ബലം എന്ന് വിശ്വസിക്കുന്ന പഴയ തലമുറയുടെ കണ്ണിയാണ് അദ്ദേഹം. ഞങ്ങളുടെ പ്രാർത്ഥനകളേക്കാൾ വലിയ ബാവായുടെ പ്രാർത്ഥനയ്ക്ക് കൂടുതൽ ആഴവും ശക്തിയും ഉണ്ട് എന്ന് അനുഭവത്തിലൂടെ പറയുവാൻ സാധിക്കും.

ജീവിതം പ്രാർത്ഥനയാക്കി മാറ്റിയ വലിയ ബാവായെപ്പോലുള്ള പ്രാർത്ഥനാജീവിതം സഭയ്ക്ക് അന്യം നിന്നുപോകുന്നതാണ് എന്റെ സങ്കടം. രണ്ടാമത്തെ എന്റെ വേദനയുടെ കാരണം, സഭയുടെ സുപ്രധാന കാര്യങ്ങൾക്ക് പോകുമ്പോൾ വലിയ പിതാവ് എന്റെ ശിരസ്സിൽ കൈവെച്ച് പ്രാർത്ഥിച്ചാണ് അയയ്ക്കാറ്. ആ കാര്യങ്ങളൊക്കെ നിറവേറ്റാൻ ദൈവം അനുഗ്രഹിച്ചു. വലിയ ബാവായുടെ പ്രാർത്ഥനയുടെ വലിയ ശക്തി സഭയുടെ എല്ലാ കാര്യങ്ങളിലും അനുഭവിച്ച് അറിയുന്നതിന് സാധിച്ചു. ഈ വലിയ നഷ്ടം എന്റെ സങ്കടത്തെ വർദ്ധിപ്പിക്കുന്നു. സ്ഥാനത്യാഗത്തിലൂടെ ജീവിതത്തെ കൂടുതൽ പ്രാർത്ഥനാനിരതമാക്കി. ഒരുക്കത്തോടെ ദൈവസന്നിധിയിലേക്ക് യാത്രയാകാൻ പ്രാർത്ഥനയോടെ ജീവിതത്തെ ഒരുക്കി. മൗനതയിൽ ദൈവത്തോട് സംസാരിക്കുന്നതിന് വലിയബാവാ ഏറെ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ ആത്മീയതയ്ക്ക് പുതിയ നിർവചനം പിതാവ് നൽകി. ഈ പ്രാർത്ഥനാജീവിതം നമ്മിൽ നിന്ന് പറന്നുപോകുമ്പോൾ നമ്മുടെ ഇടയിലെ വലിയ വിടവ് എന്റെ മനസ്സിൽ സങ്കടമായി മാറുന്നു.

ലോകം അസാധ്യം എന്ന് പറയുമ്പോൾ എല്ലാം സാധ്യം എന്ന് ദൈവത്തോട് ചേർന്ന് ഈ പിതാവിന്റെ ജീവിതം നമ്മോട് പറയുന്നു. ആശ്രമങ്ങൾ അനവധി ഉണ്ടെങ്കിലും യഥാർത്ഥ സന്യാസിമാർ കുറവാണ്. ധന

വാന്മാർ ഉണ്ടെങ്കിലും ധന്യരായവർ കുറവാണ്. സമ്പന്നരുണ്ടെങ്കിലും സന്തുഷ്ടരായവർ കുറവാണ്. ഉത്തമ സന്യാസിമാർ ആത്മീയ ഊർജ്ജ സ്രോതസ്സാണ്. ദിദിമോസ് വലിയ ബാവാ നമ്മുടെ ആത്മീയ ഊർജ്ജ സ്രോതസ്സാണ്. സന്യാസജീവിതത്തിലൂടെ ധന്യതയും സന്തുഷ്ടിയും കൈവരിക്കാനുള്ള ഉത്തമ ഉദാഹരണമാണ് നമ്മുടെ പിതാവ്. നമുക്ക് വലിയ പിതാവിനെ തന്ന ദൈവത്തിന് നന്ദി പറയാം. മുമ്പേ കടന്നുപോയ പിതാക്കന്മാരോട് ചേർന്ന് നമുക്ക് പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവാ നമുക്കുവേണ്ടി സഭയ്ക്ക് മുഴുവനായും പ്രാർത്ഥനയും അനുഗ്രഹവുമായി തീരട്ടെ.

# സഭാചരിത്രത്തിലെ മാതൃകാ വ്യക്തിത്വം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കേരള ക്രൈസ്തവ സഭാചരിത്രത്തിലെ മാതൃകാ വ്യക്തിത്വമെന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായിരുന്ന പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ എക്കാലവും സ്മരിക്കപ്പെടും. ക്രൈസ്തവ വിജ്ഞാനീയത്തിലും ആധ്യാത്മികതയിലും ആഴമായ അറിവും അനുഭവവും സ്വന്തമാക്കിയിരുന്ന വലിയ ബാവായുടെ ധ്യാനപ്രസംഗങ്ങൾ സഭയ്ക്കു മുഴുവൻ മുതൽക്കൂട്ടാണ്. അറിയപ്പെടുന്ന ധ്യാനഗുരുവെന്ന നിലയിൽ ആദ്ധ്യാത്മിക ശുശ്രൂഷയിൽ അദ്ദേഹത്തിന്റെ സംഭാവന വിലപ്പെട്ടതായിരുന്നു. ബഹുഭാഷാ പണ്ഡിതനും അദ്ധ്യാപകനുമായിരുന്ന അദ്ദേഹം നിരവധി ശിഷ്യഗണങ്ങളെ നേടുകയും നൽകുകയും ചെയ്തു. മലങ്കര സുറിയാനി അസ്സോസിയേഷൻ അഞ്ചു തവണ വിളിച്ചുകൂട്ടിയതിലൂടെ സഭാശുശ്രൂഷയിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയാണ് വെളിവാകുന്നത്. അദ്ദേഹത്തിന്റെ വിയോഗംമൂലം ഭാരതത്തിലെ ക്രൈസ്തവ സമൂഹം ദുഃഖിക്കുന്നു. ദിദിമോസ് ബാവായുടെ വിയോഗത്തിൽ വേദനിക്കുന്ന മലങ്കര സുറിയാനി സഭയിലെ ഏവരോടും അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# കേരളീയ സമൂഹത്തിന്റെ ആചാര്യൻ

## ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ

കാലം ചെയ്ത പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ജീവിതത്തെ അധികരിച്ച് പ്രസിദ്ധീകരിക്കുന്ന പ്രത്യേക ഗ്രന്ഥത്തിൽ ചില വാചകങ്ങൾ എഴുതുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു. ബാവാ തിരുമേനിയിൽ നിന്നും പലപ്പോഴായി അനുഭവിച്ച സ്നേഹവും കരുതലും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ശ്രേഷ്ഠ ആത്മീയ ആചാര്യനായി ദൈവം തിരുമേനിയെ നിലനിർത്തി. തിരുമേനിയിലൂടെ ഓർത്തഡോക്സ് സുറിയാനി സഭയ്ക്കും സഹോദരീ സഭകൾക്കും സമൂഹത്തിനും ലഭിച്ച നേതൃത്വത്തിനായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. മലങ്കരസഭയുടെ നിർണ്ണായകമായ സാഹചര്യങ്ങളിൽ തിരുമേനി നൽകിയ നേതൃത്വം വളരെ വിലയേറിയതായിരുന്നു. 1921-ൽ മാവേലിക്കരയിൽ ജനിച്ച തിരുമേനി ചെറുപ്രായത്തിൽത്തന്നെ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ അംഗമായിത്തീർന്നു. ദയറാജീവിതത്തിൽ നിന്നും ലഭിച്ച സ്വയശിക്ഷണവും പ്രാർത്ഥനാജീവിതവും ജീവിതാവസാനംവരെ പാലിക്കുന്നതിന് തിരുമേനിക്ക് സാധിച്ചു. വിദ്യാഭ്യാസ കാലഘട്ടത്തിൽ ഉന്നത നിലവാരം പുലർത്തുന്നതിനും ആ മികവ് അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച സ്കൂളുകളിലും കോളജുകളിലും പ്രയോജനപ്പെടുത്തുന്നതിന് തിരുമേനിക്ക് സാധിച്ചു. 1966-ൽ മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതലയേറ്റതു മുതൽ മേൽപ്പട്ടസ്ഥാനത്ത് നല്ലൊരു അജപാലകനായി ശോഭിച്ചു. ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് പലയിടങ്ങളിലായി ദേവാലയങ്ങളും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും, മറ്റു വിവിധ പ്രവർത്തന മേഖലകളും സ്ഥാപിക്കുന്നതിനും വളർത്തി കൊണ്ടുവരുന്നതിനും തിരുമേനിക്ക് വളരെയധികം ദൈവകൃപ ലഭ്യമായിട്ടുണ്ട്. ദൈവവചനത്തിലുള്ള തിരുമേനിയുടെ അഗാധമായ പാണ്ഡിത്യം അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 2005 മുതൽ കാതോലിക്കാ ബാവാ എന്ന നിലയിൽ പ്രവർത്തിച്ച സമയത്ത് എല്ലാവരെയും ഒരുപോലെ കരുതുന്നതിനും സഭാനൗകയെ ശരിയായ പാതയിൽ നയിക്കുന്നതിനും തിരുമേനിക്കു സാധിച്ചു. സഭയിൽ ഏറ്റവും കൂടുതൽ പേരെ മേൽപട്ടസ്ഥാനത്തേക്ക് പ്രവേശിപ്പിക്കു

ന്നതിനും മൂറോൻ കൂദാശകളിൽ സഹകാർമ്മികനായും കാർമ്മികനായും നേതൃത്വം നൽകുന്നതിനും തിരുമേനിക്ക് ദൈവികനിയോഗം ലഭിച്ചു. വനിതകൾക്ക് പൊതുയോഗങ്ങളിൽ സംബന്ധിക്കുവാൻ അനുവാദം നൽകുക, മെത്രാൻ തെരഞ്ഞെടുപ്പിന് മാനദണ്ഡവും പെരുമാറ്റചട്ടവും ഏർപ്പെടുത്തുക തുടങ്ങിയ സുപ്രധാന തീരുമാനങ്ങൾ സഭയിൽ നടപ്പിലായത് തിരുമേനിയുടെ നേതൃത്വത്തിലാണ് എന്നത് പ്രസ്താവ്യമാണ്. തനിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിന് ശാരീരികമായി പ്രയാസമാണ് എന്നു സ്വയം ബോധ്യമായപ്പോൾ 2010-ൽ ചുമതലകൾ പിൻഗാമിയെ ഏൽപിച്ച് വിശ്രമജീവിതം തിരഞ്ഞെടുത്തു എങ്കിലും 2014-ൽ കാലം ചെയ്യുന്നതുവരെ സഭയ്ക്കും സമൂഹത്തിനും ആത്മീയനേതൃത്വം നൽകുന്നതിന് തിരുമേനിയെ ദൈവം സഹായിച്ചു. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ജീവിതത്തിനായും തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച അനുഗ്രഹങ്ങൾക്കായും ദൈവത്തെ മഹത്വപ്പെടുത്തുന്നു.

# സഭയുടെ ആത്മീയ വെളിച്ചം

## ബിഷപ്പ് തോമസ് കെ. ഉമ്മൻ
### (സി.എസ്.ഐ. ഡപ്യൂട്ടി മോഡറേറ്റർ)

സഭയെ ഹൃദയത്തിൽ ചേർത്തുവെച്ച, താപസനും ഇടയശ്രേഷ്ഠനുമായിരുന്നു പരിശുദ്ധ ദിദിമോസ് കാതോലിക്കാ ബാവാ തിരുമേനി. ഒരു സന്യസ്ഥന്റെ ജീവിതത്തിന്റെ എല്ലാ ശ്രേഷ്ഠതയും കൈമുതലായുണ്ടായിരുന്ന ബാവാ, അനുകരണീയമായ പ്രാർത്ഥനാജീവിതത്തിന്റെ ധന്യമായ മാതൃകയാണ്. സമാനതകളില്ലാത്തവിധം ആത്മീയ പരിപോഷണവും, സംഘാടകശക്തിയും, ധൈഷണിക നേതൃത്വവും സഭയ്ക്കു നൽകിയ ബാവാ തിരുമേനി ഇതരസഭകളോടും സ്നേഹമസൃണമായി ഇടപെട്ടിട്ടുണ്ട്. എക്യുമെനിക്കൽ രംഗങ്ങളിൽ വിശിഷ്യാ കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെയും, നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെയും പ്രവർത്തനങ്ങളിൽ ബാവാ തിരുമേനി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ക്രിസ്തുചൈതന്യം നിറഞ്ഞ ബാവാ തിരുമേനി പ്രാർത്ഥനാനിരതമായ ഒരു ഓർമ്മ മാത്രം ആകുമ്പോൾ അദ്ദേഹം പകർന്ന ആത്മീയ വെളിച്ചം അണയാത്ത ഒരു ധാരയായി, അമൃതവർഷമായി ജീവൻ പകരുന്ന അനുഭവത്തോടെ നമ്മെ വിശ്വാസ വഴിയിൽ പ്രയാണം ചെയ്യുവാൻ സഹായിക്കട്ടെ. ലാളിത്യത്തിന്റെയും വിനയത്തിന്റെയും ആൾരൂപമായിരുന്ന ബാവാതിരുമേനി ഒരു മനുഷ്യായുസ്സ് മുഴുവൻ ദൈവവഴിയിലൂടെ സഞ്ചരിക്കുകയും, തന്റെ സഹോദരങ്ങൾക്ക് – വിശ്വാസ സമൂഹത്തിന് സ്നേഹവും ധന്യവുമായ ജീവിതാനുഭവങ്ങളും പകർന്നു നൽകി കാലയവനികയ്ക്കുള്ളിൽ മറയുമ്പോൾ ശേഷിക്കുന്ന ഓർമ്മകൾ അതേ വഴികളിലൂടെ, ഉറച്ച വിശ്വാസത്തോടെ സഞ്ചരിക്കുവാൻ നമ്മെയും ദൈവം പ്രാപ്തമാക്കട്ടെ. ആ പുണ്യാത്മാവിന്റെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ ഒരായിരം പ്രർത്ഥനാ പുഷ്പങ്ങൾ.

# പ. ദിദിമോസ് ബാവായും സുൽത്താൻ ബത്തേരി ഭദ്രാസനവും

## കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ

മലബാർ ഭദ്രാസനം വിഭജിച്ച് സുൽത്താൻ ബത്തേരി ഭദ്രാസനം രൂപീകൃതമായ പശ്ചാത്തലത്തിൽ പ. ദിദിമോസ് ബാവാ അഥവാ വലിയ ബാവാ എന്നതിനെക്കാൾ തീമോത്തിയോസ് തിരുമേനി എന്ന നാമധേയമാകും കൂടുതൽ ഹൃദ്യവും ഊഷ്മളവും.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന്, തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ നിന്ന് അനേകർ മലബാറിലേക്കു നടത്തിയ കുടിയേറ്റം കേരളചരിത്രത്തിലെ ശ്രദ്ധേയമായ ഒരേടാണ്. മൂവാറ്റുപുഴ, കോതമംഗലം, കോലഞ്ചേരി തുടങ്ങിയ ഭാഗങ്ങളിൽ നിന്ന് ധാരാളം ക്രൈസ്തവർ വയനാട്ടിൽ എത്തിച്ചേർന്നു. പട്ടിണിയും പരിവട്ടവും പിടിമുറുക്കിയ ആ നാളുകളിൽ കാടിനോടും കാട്ടാനകളോടും, മലകളോടും കോടമഞ്ഞിനോടും, മലമ്പനിയോടുമൊക്കെ മല്ലടിച്ചു ജീവിച്ചവരാണ് ഇവിടുത്തെ ജനങ്ങൾ. തമ്പുരാൻ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസം അവരെ പ്രത്യാശയോടെ ജീവിക്കാൻ പ്രേരിപ്പിച്ചു. സഭയോടും സഭാപിതാക്കന്മാരോടും കഠിനാദ്ധ്വാനികളായ അവർക്കുണ്ടായിരുന്ന അദമ്യമായ ഭക്തിയും സ്നേഹവും ഒരിക്കലും വിസ്മരിക്കാനാവാത്തതാണ്. സഭയും സഭാജീവിതവുമൊക്കെ സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പരിഷ്കാരങ്ങൾക്കു വിധേയമാകുമ്പോൾ, മലബാറിലെ പ്രത്യേകിച്ചു വയനാട്ടിലെ ഓർത്തഡോക്സുകാർ നയിക്കുന്ന ക്രിസ്തീയ ജീവിതം ഏറെ ശ്രദ്ധയോടും സൂക്ഷ്മതയോടും കാണേണ്ടതുണ്ട്.

ഇടംകൈയും, വലംകൈയും തിരിച്ചറിയാനാകാത്ത ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച, ഭാഗ്യസ്മരണാർഹനായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പിൻഗാമിയായിട്ടാണ് 1966-ൽ തോമസ് മാർ തീമോത്തിയോസ് തിരുമേനി മലബാറിൽ എത്തുന്നത്. വർഷങ്ങൾക്കു ശേഷം പുതുതായി രൂപംകൊണ്ട സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ ചുമതല 1996-ൽ ഞാൻ ഏൽക്കുന്നത് തന്നെ മലബാർ ഭദ്രാസനാധിപനായിരുന്ന തീമോത്തിയോസ് തിരുമേനിയിൽ നിന്നായിരുന്നു. ഈ ദൈവനിയോഗം വലിയൊരു ഭാഗ്യമായി ഞാൻ എന്നും കരുതുന്നു.

എത്രപറഞ്ഞാലും തീരാത്ത ഔന്നത്യത്തിന്റേയും, അന്യാദൃശ്യഗുണഗണങ്ങളുടേയും ഉടമയായിരുന്നു അഭിവന്ദ്യ തിരുമേനി. മലങ്കര സഭ

യിലെ മേൽപ്പട്ടക്കാരിൽ ഉന്നതശീർഷനും, മൗണ്ട് താബോറിന്റെ സംസ്ഥാപകനുമായിരുന്ന തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ശിക്ഷണത്തിലും, നേതൃത്വത്തിലും പരിപാകപ്പെട്ടതിനാൽ, മഹാപൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയും ഔന്നത്യവും നല്ലവണ്ണം തിരിച്ചറിഞ്ഞിരുന്നു തിരുമേനി. തീമോത്തിയോസ് തിരുമേനിയുടെ ജീവിതവും, പെരുമാറ്റവും, ആരാധനാശീലങ്ങളും എല്ലാം തദനുസൃതമായിരുന്നു, എല്ലാക്കാലത്തും. ഭാരതഖണ്ഡത്തിലെ ഋഷീശ്വരന്മാരായ താപസശ്രേഷ്ഠരുടെ പിൻഗാമികളുടെ ഗണത്തിലാണ് പരിശുദ്ധ പരുമല തിരുമേനിയും, ഈ നൂറ്റാണ്ടിൽ ജീവിച്ച പ. ദിദിമോസ് ബാവായും.

അജപാലനദൗത്യം അതിന്റെ എല്ലാ അർത്ഥത്തോടും, പൂർണ്ണതയോടും പ്രാവർത്തികമാക്കിയ തീമോത്തിയോസ് തിരുമേനിയുടെ കർമ്മകുശലത നേരിട്ടറിഞ്ഞവരും, ഏറ്റുവാങ്ങിയവരുമാണ് ഉത്തരകേരളത്തിലെ സഭാവിശ്വാസികൾ. തീമോത്തിയോസ് തിരുമേനിയുടെ അനന്യസാധാരണമായ ജീവിതവിശുദ്ധിയും, പരിശുദ്ധസഭയെ കുറിച്ചുള്ള ദർശനവും, സഭാസ്നേഹവും, എല്ലാം നേരിൽ കണ്ടറിഞ്ഞവരാണ് സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ എല്ലാ ഇടവകകളും. ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു പ. ദിദിമോസ് ബാവാ. അതിനാൽതന്നെ ആ മുഖത്തെ സൗമ്യതയും തേജസ്സും ഒരിക്കലും മറക്കാനാവാത്ത അനുഭവവും, അനുഭൂതിയുമാണ്. വിശുദ്ധ ജീവിതം നയിച്ച്, സ്വാഭാവിക മരണം പ്രാപിച്ച ദയറായക്കാരായ വിശുദ്ധരുടെ ഗണത്തിലാണ് ആ പുണ്യപിതാവിന്റെ സ്ഥാനം. ആ ജീവിതത്തെ കണ്ടറിയുമ്പോൾ, തൊട്ടറിയുമ്പോൾ അനുഗ്രഹത്തിന്റേയും, ദൈവകൃപയുടേയും ജലധാരകൾ അനവരതമായി നമ്മിലേക്ക് ഒഴുകിയെത്തുകയും, അതിലൂടെ നാമും വിശുദ്ധിയുടെ പാതകളിലേക്ക് അടിവെച്ചടുക്കുകയും ചെയ്യും.

വ്രതപരിപാലനം അഭിവന്ദ്യ തിരുമേനിയുടെ ജീവിതദർശനമായിരുന്നുവെന്നത് ഏവരും അറിയുന്ന വസ്തുതയാണ്. ഉപവാസവും വ്രതാനുഷ്ഠാനങ്ങളും ആ ജീവിതസപര്യയെ പ്രോജ്ജ്വലമാക്കി. ബ്രഹ്മമുഹൂർത്തത്തിലാരംഭിക്കുന്ന പ്രാർത്ഥനകളും, മനനങ്ങളും, പഠനങ്ങളും രാവേറെയാകുവോളം ദീർഘിച്ചിരുന്നു. രഹസ്യപ്രാർത്ഥനകളും, ധ്യാനചിന്തകളും, ഭരണകാര്യാന്വേഷണങ്ങളും, രാഗാർദ്രമായ കൂദാശാനുഷ്ഠാനങ്ങളും ആ ജീവിതത്തെ സമ്പൂർണ്ണമാക്കി. പരിശുദ്ധ സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാസ സത്യങ്ങൾക്കും വിപരീതമായി പ്രവർത്തിക്കാൻ ഒരുമ്പെടുന്നവരോട്, അവർ എത്ര പ്രഗത്ഭരായിരുന്നാൽപോലും, പ്രതികരിക്കാൻ തിരുമേനി മടികാണിച്ചിട്ടില്ല. അവരെ യഥാർത്ഥ ശ്ലൈഹിക വിശ്വാസത്തിന്റെ പാതയിലേക്കു നയിക്കേണ്ടത് തന്റെ കർത്തവ്യമാണെന്നു വിശ്വസിച്ചിരുന്ന പിതാവായിരുന്നു അവിടുന്ന്. ന്യൂജനറേഷൻ ആത്മീയ

വക്താക്കൾക്കും, പ്രസ്ഥാനങ്ങൾക്കും എതിരെ പള്ളികൾക്കു കല്പന പോലും അയച്ച് വിലക്കേർപ്പെടുത്താൻ തിരുമേനിക്ക് രണ്ടാമതൊന്നാലോചിക്കാനില്ലായിരുന്നു.

പത്തനാപുരം താബോർ ദയറായും, അവിടുത്തെ ചിട്ടവട്ടങ്ങളും, രീതികളും തിരുമേനിയുടെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ബാല്യകാലം മുതലേ പത്തനാപുരം ദയറായിലായിരുന്ന തിരുമേനിയുടെ ജീവിതക്രമങ്ങളും, പ്രാർത്ഥനാശീലങ്ങളും, വലിയ തിരുമേനിയിൽനിന്നു ലഭിച്ച പരിശീലനവും, തീമോത്തിയോസ് തിരുമേനിയെ മലങ്കര സഭയുടെ അമരക്കാരനും, മലങ്കര മെത്രാപ്പോലീത്തായും, കാതോലിക്കാ ബാവായുമാക്കി. ജീവിതത്തെ നിസംഗമായി വീക്ഷിക്കാനും, നിഷ്കാമകർമ്മമനുഷ്ഠിക്കാനും സന്യാസിമാർക്കേ കഴിയൂ. അതിനാൽതന്നെ വ്യക്തിതാൽപര്യങ്ങൾക്കും, സ്വാർത്ഥതയ്ക്കും അശേഷം സ്ഥാനമില്ലാത്തതും, സർവ്വരേയും സമമായി വീക്ഷിക്കാനാവുന്നതുമായ കാഴ്ചപ്പാട് ഈ പരിശുദ്ധ പിതാവിനുണ്ടായിരുന്നു.

ആധുനിക കാലഘട്ടത്തിൽ മെത്രാപ്പോലീത്താ സ്ഥാനം ഉയർന്ന ജീവിത സാഹചര്യങ്ങളുടെ പ്രഭവസ്ഥാനമാണെങ്കിൽ, മറിച്ച് അതു ലാളിത്യത്തിന്റേയും എളിമയുടേയും സ്നേഹത്തിന്റേയും, വിളഭൂമിയാണെന്നു ലോകത്തിനു മുമ്പിൽ കാണിച്ചുകൊടുത്തു. പാലക്കാട്, കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മലബാർ ഭദ്രാസനത്തിലെ ഇടവകകൾതോറും സഞ്ചരിക്കുകയും, വയനാടൻ മലയിടുക്കുകൾ താണ്ടി തങ്ങളെ കാണാനെത്തുകയും ചെയ്യുന്ന തിരുമേനി വയനാട്ടുകാർക്കൊരു ദിവ്യപുരുഷൻ തന്നെയായിരുന്നു. കോട്ടയത്തോ പത്തനാപുരത്തോ നിന്നാരംഭിച്ച്, തമിഴ്നാടിന്റേയും, കർണ്ണാടകത്തിന്റേയും അതിർത്തികൾ വരെയും യാത്രചെയ്യാൻ പഴയ ആ അംബാസിഡർ കാർ മാത്രമായിരുന്നു തീമോത്തിയോസ് തിരുമേനിക്കുണ്ടായിരുന്നത്, അക്കാലത്ത്.

1967 മുതലുള്ള കാലഘട്ടത്തിൽ അത്യന്തം പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന വയനാട്ടിലെ, പുല്ലോ, ഓലയോ കഷ്ടിച്ച് ഓടോ മേഞ്ഞുണ്ടാക്കിയിരുന്ന കൊച്ചുകൊച്ചു പള്ളികളിൽ, അവിടെ പരിമിതസൗകര്യങ്ങൾ മാത്രമുള്ള 'ചരിപ്പ്' മുറികളിൽ തിരുമേനി വന്നു താമസിച്ചിരുന്നതിനെക്കുറിച്ച്, അനേകം പള്ളിക്കാരും, വ്യക്തികളും പറഞ്ഞു കേട്ടിട്ടുണ്ട്. ചാത്തമംഗലം മൗണ്ട് ഹെർമ്മോൻ എന്ന കുഞ്ഞരമന ഉണ്ടാകുന്നതു വരെയും കോഴിക്കോടു പള്ളിയോടു ചേർന്നുള്ള ചെറിയ കെട്ടിടത്തിലായിരുന്നു തിരുമേനിയുടെ താമസം. ബത്തേരി ഭദ്രാസനത്തിലെ കുടിയേറ്റ ജനതയുടെ ആത്മികവും, ഭൗതികവും പ്രത്യേകിച്ചു വിദ്യാ

ഭ്യാസപരവുമായ ഉയർച്ചയും, വളർച്ചയുമായിരുന്നു തിരുമേനിയുടെ ലക്ഷ്യം. ഭദ്രാസനാതിർത്തിക്കുള്ളിൽ മാനന്തവാടിയ്ക്കടുത്തു കോറോത്തും, മേപ്പാടിയിലും ഒക്കെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനലക്ഷ്യം തന്നെ മറ്റൊന്നായിരുന്നില്ല.

സഭാമക്കളുടെ നന്മയ്ക്കും, പുരോഗതിക്കും വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ കണ്ടറിഞ്ഞ ശ്രേഷ്ഠപിതാവായിരുന്നു തിരുമേനി. അതിനാൽ തന്നെ ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും പ്രാഗത്ഭ്യം നേടി. മെത്രാപ്പോലീത്താ സ്ഥാനത്തേക്കു വരുന്നതുവരെയും, എല്ലാ അർത്ഥത്തിലും അദ്ധ്യാപകനായിരുന്നു തിരുമേനി. തൃശ്ശിനാപ്പള്ളിയിലും, പത്തനാപുരത്തും നൂറുകണക്കിനു വിദ്യാർത്ഥികളെ പഠിപ്പിച്ച ഗുരുശ്രേഷ്ഠനായിരുന്നു. കോളജ് പ്രിൻസിപ്പൽ സ്ഥാനത്തിരിക്കുമ്പോഴാണ് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെടുന്നത്. ബത്തേരി സെന്റ് മേരീസ് കോളജിന്റെ 1967 മുതലുള്ള വളർച്ചയ്ക്കും, ഉയർച്ചയ്ക്കും, താങ്ങും തണലുമായി തിരുമേനി പ്രവർത്തിച്ചു. തിരുമേനിയുടെ അധ്യാപനപരിചയവും, ഭരണപരമായ കഴിവുകളും മലങ്കരസഭയിലെ ഈ ഉന്നതവിദ്യാഭ്യാസ കേന്ദ്രത്തെ ഉന്നതശ്രേണികളിലെത്തിച്ചു. മലങ്കര ഓർത്തഡോക്സ് സഭ കോർപ്പറേറ്റു സംവിധാനത്തിലെ A+ ഗ്രേഡിൽ നാക് അക്രഡിറ്റേഷനുള്ള ഈ കോളജിന്റെ ഉയർച്ചയിലും വളർച്ചയിലും തിരുമേനിയുടെ ദർശനവും, പ്രാഗത്ഭ്യവും ഉണ്ട്. 1966-67 കാലഘട്ടത്തിൽ തിരുമേനി ബത്തേരിയിൽ താമസിച്ചിരുന്നതുതന്നെ കോളജിന്റെ ഓഫീസിനോടു ചേർന്നുള്ള ചെറിയകെട്ടിടത്തിലായിരുന്നു.

ഭക്തിപാരവശ്യം മാത്രമല്ല, സേവനവ്യഗ്രതയും ഈ പിതാവിൽ ദർശിക്കാം. സഭയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് മലബാറിലും, ബത്തേരിയിലും ശക്തമായ അടിത്തറ പാകാൻ തിരുമേനിക്കു കഴിഞ്ഞു. ഇടവകകളിലും, സ്ഥാപനങ്ങളിലും, വിദ്യാർത്ഥിപ്രസ്ഥാനത്തിന്റേയും, യുവജനപ്രസ്ഥാനത്തിന്റേയും, ശാഖകൾ സ്ഥാപിച്ച് ക്രമമായും ചിട്ടയായും പ്രവർത്തിച്ചിരുന്നു. സണ്ടേസ്കൂൾ, മർത്തമറിയം സമാജം, ബാലികാ-ബാല സമാജങ്ങൾ, ഇവയുടെയൊക്കെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നേറാൻ തിരുമേനി ഏറെ ശ്രദ്ധിച്ചിരുന്നു. അഖില മലങ്കരാടിസ്ഥാനത്തിൽ സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന കോൺഫ്രൻസ് 1967-ൽ സുൽത്താൻ ബത്തേരി കോളജിൽ വെച്ചു നടത്തിയത് തിരുമേനിയുടെ നേതൃത്വത്തിലായിരുന്നു (ഫാ. കെ. ഡേവിഡായിരുന്നു അന്നത്തെ ഡയറക്ടർ).

യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമെങ്കിൽ, മലബാറിലേയും, വയനാട്ടിലേയും, സഭാമക്കൾക്ക് ദൈവികജ്ഞാനവും, വേദപുസ്തക

പരിജ്ഞാനവും, സഭാ വിജ്ഞാനവും സംലബ്ധമാക്കാൻ ഏറെ കഷ്ട പ്പെട്ടു പ്രവർത്തിച്ച പിതാവായിരുന്നു ദിദിമോസ് ബാവാ. ചുങ്കത്തറ, ബത്തേരി മീനങ്ങാടി കൺവൻഷനുകൾ തിരുമേനിക്ക് ആവേശമായി രുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റേയും, യുവജന പ്രസ്ഥാനത്തിന്റേയും ഒക്കെ ദേശീയ വാർഷിക കോൺഫ്രൻസുകൾ, കോഴിക്കോട്, നിലമ്പൂർ, ബത്തേരി എന്നിവിടങ്ങളിൽ നടത്തിയത് തിരുമേനിയുടെ നിർദ്ദേശ ത്തിലും നേതൃത്വത്തിലും മാത്രമായിരുന്നു.

ശാസ്ത്രവും, വിവരസാങ്കേതിക വിദ്യയും ഒക്കെ ഇന്ന് ബഹുദൂരം മുന്നേറിയിരിക്കുന്നു. അവയുടെയൊക്കെ വളർച്ചയും തളർച്ചയും നമു ക്കുമുന്നിൽ വ്യക്തമാണ്. എന്നാൽ സ്നേഹവും ത്യാഗവും, ദൈവേ ഷ്ടവും മാത്രമേ ആത്യന്തികമായി വിജയിക്കുകയുള്ളു എന്ന വിശ്വാ സവും പ്രത്യാശയും ഈ പ. പിതാവിലൂടെ നാം കണ്ടറിയുന്നു.

വിശ്വാസവിപരീതങ്ങൾക്കും അന്ത്യോക്യൻ മേൽക്കോയ്മയ്ക്കും, അടിമപ്പെടാതെ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ നിരന്തരം സംരക്ഷിച്ച വിശ്വാസധീരനായിരുന്നു തിരുമേനി. മലബാറിൽ പ്രത്യേ കിച്ച് വയനാട്ടിൽ ഈ പിതാവു നടത്തിയ പ്രവർത്തനങ്ങളും ഇടപെട ലുകളും സഭാചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടേ ണ്ടതാണ്. 1972-ലെ പ. പാത്രിയർക്കീസ് ബാവായുടെ കല്പനയെ തുടർന്ന് സഭയിലുണ്ടായ തർക്കങ്ങളും, കലഹങ്ങളും എല്ലാവർക്കും അറി വുള്ളതാണല്ലോ. ആഭ്യന്തര കലഹങ്ങളും, സഭയുടെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ട കോടതിതർക്കങ്ങളും, പിളർപ്പുകളും, ഒക്കെ തിരു മേനിയെ ഏറെ ദുഃഖിപ്പിച്ചിരുന്നു. എന്നാൽ പരിശുദ്ധ സഭയുടെ വിശ്വാ സവും, വീറും, വിശുദ്ധിയും സംരക്ഷിക്കുന്ന വിഷയത്തിൽ തിരുമേനി എക്കാലത്തും മറ്റേവരേയുംകാൾ ഒരുപടി മുന്നിലായിരുന്നു (അഗ്രഗാമി യായിരുന്നു). മലബാർ ഭദ്രാസനത്തിൽ നിലമ്പൂർ ഭാഗത്തല്ലാതെയുള്ള മിക്ക ദേവാലയങ്ങളും പ്രശ്നസങ്കീർണ്ണമായിരുന്നു. ബത്തേരി, പുല്പള്ളി, മീനങ്ങാടി, ചീങ്ങേരി, മലങ്കരക്കുന്ന്, മാനന്തവാടി, കോറോം, താളൂർ എന്നിങ്ങനെ ബത്തേരി ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും അന്നു കേസും, വഴക്കും, പോലീസ് നടപടികളും ഒക്കെയായിരുന്നു. കോഴി ക്കോട്, മൈക്കാവ്, പുതുപ്പാടി, കേളകം ഭാഗത്തെ പള്ളികളിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല.

മൂവാറ്റുപുഴ, കോതമംഗലം, കോലഞ്ചേരി പ്രദേശങ്ങളിൽ നിന്നു കുടി യേറിയ ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഇടവകകളിലെ പ്രശ്നങ്ങൾ അതിന്റെ എല്ലാ അർത്ഥത്തോടും, പൂർണ്ണമായ വ്യാപ്തിയോടും, ഗൗര വത്തോടും മനസ്സിലാക്കിയ തീമോത്തിയോസ് തിരുമേനി ബത്തേരിയിൽ നേരിട്ടെത്തി 41 ദിവസം അഹോരാത്രം പ്രാർത്ഥനാപൂർവ്വം പ്രയത്നിച്ച

തിന്റെ ഫലമാണ് ഭാരതപ്പുഴയ്ക്കു വടക്കുള്ള ഇന്നത്തെ മലങ്കര ഓർത്ത ഡോക്സ് സഭ. ബത്തേരി ഭദ്രാസനത്തിലെ എല്ലാ വൈദികരേയും, അത്മായരേയും, സഭയിലും, സഭാവിശ്വാസത്തിലും ഉറപ്പിച്ചു നിർത്താൻ തിരുമേനിക്കു കഴിഞ്ഞു. പള്ളികളും, വീടുകളും തിരുമേനി സന്ദർശിച്ചു. ഇടവകകളിൽ നേതൃത്വസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായും വ്യക്തികളുമായും തിരുമേനി നിരന്തരം സംവദിച്ചു. ഫലമോ മാർ ത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനം വിട്ടു അവർ പോയില്ല. സുൽത്താൻ ബത്തേരി കത്തീഡ്രൽ പള്ളിപോലും പോലീസ് പൂട്ടിപ്പോയ ഒരു ദിവസം ഉണ്ടായി. ഒരു വെള്ളിയാഴ്ച, പോലീസ് ആക്ടനുസരിച്ച് ഇനി പള്ളി ഒരിക്കലും തുറക്കില്ല; പിറ്റേന്നു ചേർന്ന മാനേജിംഗ് കമ്മറ്റി ക്കുശേഷം ശനിയും ഞായറുമായി അന്നത്തെ മന്ത്രി ഇ. ജോൺ ജേക്ക ബുമായി ചേർന്നു നടത്തിയ ഇടപെടലുകളുടെ ഫലമായിട്ടാണ്, ഞായ റാഴ്ച വൈകുന്നേരം 5 മണിക്ക് കല്ലേറും, ലാത്തിയടിയും ഒക്കെ മറിക ടന്നെത്തി ഫാ. മത്തായി നൂറനാലിനു കുർബ്ബാന അർപ്പിക്കാനായത്. അക്കാര്യത്തിൽ അന്നു തിരുമേനി നടത്തിയ ഇടപെടലുകൾ അത്രയ്ക്കു ശക്തമായിരുന്നു. പത്തനാപുരം ദയറായിലെ ഫാ. കെ. എ. ഏബ്രഹാം അച്ചനും, പ്രൊഫ. കെ. റ്റി. കുര്യനും ഈ യജ്ഞത്തിൽ കൂടെ ഉണ്ടായി രുന്നവരാണ്. തുടർന്ന് പല പള്ളികളും, പൂട്ടാതെ കഴിച്ചതും, പൂട്ടിപ്പോ യവ തന്നെ തുറക്കാൻ കഴിഞ്ഞതും, ബത്തേരി ഭദ്രാസനം തന്നെ ഉണ്ടാ യതും ചരിത്രത്തിന്റെ ഭാഗം. സഭാവൈദിക ട്രസ്റ്റി ഫാ. മത്തായി നൂറ നാൽ, പൂമറ്റത്തിൽ പൗലോസ് കോർഎപ്പിസ്കോപ്പാ, താളൂർ സക്കറിയാ റമ്പാച്ചൻ, മനയത്തു ജേക്കബ് അച്ചൻ, എടേക്കാട് ഏബ്രഹാം മാത്യു അച്ചൻ, ഏബ്രഹാം മുള്ളംപൊട്ടയ്ക്കലച്ചൻ, കുര്യാക്കോസ് പൊട്ടയ്ക്ക ലച്ചൻ, നിരത്തകാലായിൽ സജി അച്ചൻ, മാനന്തവാടി സഖറിയാ അച്ചൻ, താളൂർ ജേക്കബ് അച്ചൻ, കട്ടക്കയത്തു ജോസഫ് അച്ചൻ, അഡ്വക്കേറ്റ് ഭാസ്കരൻ നമ്പ്യാർ, അഡ്വ. ചെറിയാൻ ഗൂഡല്ലൂർ, കെ. ഒ. പീറ്റർ മാസ്റ്റർ, പ്രൊഫ. കെ. റ്റി. കുര്യൻ തുടങ്ങിയവരൊക്കെ ഈ യത്നത്തിൽ തിരു മേനിക്കൊപ്പം നിന്നു പ്രവർത്തിച്ചവരാണ്.

സഭാപ്രതിസന്ധി രൂക്ഷമായതോടെ, ഇടവകകൾ, വീടുകൾ, കവല കൾ ഒക്കെ കേന്ദ്രീകരിച്ച് പ്രസംഗങ്ങളും, വിശദീകരണയോഗങ്ങളും, പഠനക്ലാസ്സുകളും നടത്താൻ തിരുമേനി നേതൃത്വം നൽകി. അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നിർദ്ദേശത്തോടെയും, നേതൃത്വത്തോടെയും നടത്തിയ എറണാകുളം സമ്മേളനത്തിൽ ബത്തേ രിയിൽ നിന്ന് നാല്പതിലേറെ ബസ്സുകൾ നിറയെ വിശ്വാസികൾ പോയി സംബന്ധിച്ചതിനു പിന്നിലും തിരുമേനിയുടെ സംഘാടകവൈഭവം ദർശി ക്കാനാകും. തമിഴ്നാട്ടിലുള്ള നമ്മുടെ പള്ളികളിലെ കേസ്സുകൾക്കായി

കോയമ്പത്തൂരിലും, ഊട്ടിയിലും, ഗൂഡല്ലൂരിലും തിരുമേനി നേരിട്ടുപോയി ദിവസങ്ങളോളം താമസിക്കുകയും, വക്കീലന്മാരോടു ചേർന്ന് വേണ്ട തൊക്കെ ചെയ്യുകയും ചെയ്തിരുന്നു.

ബത്തേരി ഭാഗത്തുള്ള പല ഇടവകകളിലും തിരുമേനി എഴുന്നെള്ളു മ്പോൾ, തിരുമേനിയുടെ അസാധാരണമായ പ്രാർത്ഥനാജീവിതത്തിൽ ആകൃഷ്ടരായ അനേകർ രോഗികളേയും, മാനസികവിഭ്രമം ഉള്ളവരേയും ഒക്കെ തിരുമേനിയുടെ അടുത്തു പ്രാർത്ഥിക്കാൻ കൊണ്ടുവരുന്നതും, പള്ളിക്കകത്തു തലയിൽ കുരിശുവച്ച് തിരുമേനി പ്രാർത്ഥിക്കുന്നതോടെ അത്ഭുതകരമായി അവർ സുഖം പ്രാപിക്കുന്നതും പതിവായിരുന്നതായി നമ്മോടുതന്നെ പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മറ്റുള്ളവരോട്, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള തിരു മേനിയുടെ സ്നേഹവും, കരുതലും വളരെ വലുതായിരുന്നു. നാല്പതി ലേറെ വർഷങ്ങൾക്കു മുമ്പ് തിരുമേനി ബത്തേരി പള്ളിയിലും മറ്റും താമ സിച്ചു മടങ്ങുമ്പോൾ അന്നത്തെ പള്ളിമൂപ്പൻ 'ദാവീദു മൂപ്പനെ' വിളിച്ച് കൈയിലുള്ള ഒരു പിടി പണം കൈയിൽ വെച്ചുകൊടുക്കുന്നതിനു സാക്ഷികൾ ഇന്നും ഉണ്ട്. തിരുമേനിയുടെ കാരുണ്യശീലങ്ങൾ സുവി ദിതങ്ങളാണ്.

പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയും ഔന്നത്യവും നല്ലവണ്ണം തിരി ച്ചറിഞ്ഞിരുന്ന തിരുമേനിയുടെ ജീവിതവും പെരുമാറ്റവും എക്കാലത്തും തദനുസൃതം മാത്രമായിരുന്നു. പൗരസ്ത്യ പാരമ്പര്യത്തിലെ പ്രാർത്ഥി ക്കുന്നവനാണ് ദൈവശാസ്ത്രജ്ഞൻ എന്ന വാക്കുകൾ അന്വർത്ഥമാ ക്കിയ പിതാവാണ് ദിദിമോസ് ബാവാ.

മാർത്തോമ്മാ പൈതൃകത്തിലുറച്ച ഭാരത ക്രൈസ്തവ സഭയിലെ ആദ്ധ്യാത്മികാചാര്യനും, ഗുരുവും പരിശുദ്ധനുമായിരുന്നു തിരുമേനി. മാവേലിക്കരയിൽ ജനിച്ച്, പത്തനാപുരത്ത് വളർന്ന്, ഭാരതീയ സംസ്കാ രത്തിന്റെ വളക്കൂറുള്ള മണ്ണിൽ പരിശീലനം നേടിയ സ്മര്യപുരുഷൻ പൗരസ്ത്യ പാരമ്പര്യം ശീലിച്ച സഭാപിതാക്കന്മാരുടെ ഗണത്തിൽ പ്രാതഃ സ്മരണീയനാണ്.

ഈ പുണ്യപിതാവ്, ദൈവിക പാതകളെ പിൻചെന്ന്, നമുക്കായി കർത്തൃസന്നിധിയിൽ കരേറ്റുന്ന മദ്ധ്യസ്ഥതയിലൂടെ, ആത്മികനിറവു ള്ളവരായി പ്രാർത്ഥനയോടും, ഉപവാസത്തോടും, സ്നേഹത്തോടും, കരു തലോടും നമുക്കും ജീവിക്കാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

# വേറിട്ട വ്യക്തിത്വം

## ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

ആടുകളെ മേയിച്ചിരുന്ന ദാവീദ് എന്ന ബാലനിൽ ശമുവേൽ പ്രവാചകൻ ഇസ്രായേലിന്റെ ഭാവി "ഇടയനെ" കണ്ടെത്തി. ദൈവാത്മാവിലായിരുന്നു ആ തെരഞ്ഞെടുപ്പ്. മാവേലിക്കര പുതിയകാവു പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചുകൊണ്ടിരുന്ന സി. എം. തോമസ് റമ്പാൻ (പിന്നീട് മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ), അന്നത്തെ അൾത്താര ബാലന്മാരിലൊരാളിൽ ഒരു സന്യസ്ഥനെയും മലങ്കരസഭയുടെ ഒരു ഭാവി സാരഥിയെയും കണ്ടെത്തി. ദൈവാത്മാവിലായിരുന്നു ആ കണ്ടെത്തൽ. അന്ന് സ്വർഗ്ഗീയവിളി സ്വീകരിച്ച, അൾത്താര ബാലനാണ് പിന്നീട് പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായായിത്തീർന്നത്.

മൗനവും, മനനവും, സൗമ്യതയും, സുതാര്യതയും, സ്ഥാനമോഹരാഹിത്യവും, പ്രകടനവിമുഖതയും "ബലഹീനതകളാ"യി കരുതുന്ന ലോകത്ത്, മറ്റൊരുത്തന്റെ വരുതിക്ക് വഴങ്ങാനോ, സ്വയം ബലിയായിത്തീരാനോ അധികം പേരുണ്ടാവില്ല. ജീവിതത്തിൽ ഗണ്യവും ആകർഷണീയവുമായതെല്ലാം തൃണവൽഗണിച്ച് എന്നേക്കുമായി കൈവെടിയുന്നതാണ് യഥാർത്ഥ സന്യാസത്തിന്റെ രാജപാത. അങ്ങനെ ഉപേക്ഷണ പ്രക്രിയയിൽ പുരോഗമിച്ച് സ്വന്തം "അഭിമാന"വും കൈവെടിയുമ്പോഴേ, പരിവ്രാജകന്റെ പൂർണ്ണത തെളിഞ്ഞു വരികയുള്ളു. ഭാരതീയ സന്യാസ പാരമ്പര്യവും, പൗരസ്ത്യ ക്രിസ്തീയ സന്യാസ സരണിയും ഇപ്പറഞ്ഞതിൽ ഏകാഭിപ്രായമാണ്.

മനുഷ്യരിൽ അധികംപേരും ഒരേസമയം പല "ലോക"ങ്ങളിൽ വ്യാപരിക്കുന്നവരാണ്. അങ്ങനെ വ്യത്യസ്ത മേഖലകളിൽ ഒരേ സമയം ശ്രദ്ധ ചെലുത്തുന്നത് പ്രത്യേക നൈപുണിയും മിടുക്കുമാണെന്നാണ് സാമാന്യമതം. എന്നാൽ, അവയിൽ ഓരോന്നിലും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നിലും വിജയമോ, സംതൃപ്തിയോ ഉണ്ടാവുക എളുപ്പമല്ല. സന്യാസസരണിയിലെ ഒരു പ്രധാന ആദേശം, ശ്രദ്ധയെല്ലാം സമാഹരിച്ച്, ഏകലക്ഷ്യമായ ഈശ്വരനിലേക്കു തിരിയണമെന്നാണ്. പ. ദിദിമോസ് ബാവാ, സന്യാസത്തിന്റെ ഇടുങ്ങിയ വഴിയിൽ, ഒച്ചപ്പാടൊന്നും കൂടാതെ മൂശയിൽ സ്വർണ്ണമെന്നവിധം ദീർഘകാല സംസ്കരണത്തിനു വിധേയമായിരുന്നു. അദ്ദേഹം പലവിധ കാര്യങ്ങളിൽ ഉൾപ്പെട്ടിരുന്നെങ്കിലും, അന്തരാത്മാവിലെ പൊലിയാവിളക്കായ സന്യാസദീക്ഷയ്ക്കാണ് എന്നും ഊന്നൽ നൽകിയിരുന്നത്. 'ദിദിമോസ്'

എന്ന നാമത്തിന് 'ഇരട്ട' എന്ന അർത്ഥം കല്പിച്ചിരിക്കുന്നു. വ്രതങ്ങളുടെ ഒരു ലോകവും, സാമാന്യമായ സഭാസമൂഹത്തിന്റെ ലോകവും ഇങ്ങനെ ഇരുലോകമാണ് ദിദിമോസ് ബാവായ്ക്ക് കൈവന്നത്. ഇതിൽ പ്രബലമായിരുന്നത് ആദ്യത്തേതായിരുന്നു. ശക്തമായ ആ അടിത്തറയിലാണ് മറ്റെല്ലാം ചലിച്ചുകൊണ്ടിരുന്നത്. ചെറുപ്പം മുതലെ ആചരിച്ചുവന്ന വിനയം, വർജ്ജനം, മൗനം, അനുസരണം, ലൗകികതയോടുള്ള വിപ്രതിപത്തി എന്നിവ അവസാനംവരെയും തെളിഞ്ഞുനിന്നിരുന്നു. ഒന്നിനു പുറകെ ഒന്നായി കൈവന്ന ചുമതലകൾ, സന്യാസത്തിന്റെ രാജപാതയിൽ നിന്ന് അദ്ദേഹത്തെ അണുവിടപോലും വ്യതിചലിപ്പിച്ചില്ല.

മദ്ധ്യകേരളത്തിലെ ഒരു ഗ്രാമത്തിൽ ജനിച്ചുവളർന്ന സി. റ്റി. തോമസ്, മുതിർന്നശേഷം, ലോകത്തിലെ പല രാജ്യങ്ങളും സന്ദർശിച്ചു. കേരളത്തിലും തമിഴ്നാട്ടിലും ഉത്തരഭാരതത്തിലുമായിരുന്നു വിദ്യാഭ്യാസം. കേരളത്തിലും തമിഴ്നാട്ടിലും അദ്ധ്യാപകനും പ്രഥമാദ്ധ്യാപകനുമൊക്കെയായി. കലാശാലയിൽ ഇംഗ്ലീഷ് വിഭാഗമേധാവിയുമായി. എങ്കിലും സി. റ്റി. തോമസ്, പ. ദിദിമോസ് ബാവാ ആയപ്പോഴും, നിഷ്ഠയ്ക്കും 'ഗൗരവ" സാന്ദ്രമായ വ്യക്തിത്വവിശേഷത്തിനും താളഭംഗമുണ്ടായില്ല!

"രാ – മായണം" (ഇരുൾ നീങ്ങണം) എന്ന തത്വവുമായി എത്തുന്ന ഗുരുക്കന്മാരാണ് യോഗികളെ സൃഷ്ടിക്കുന്നത്. ദിദിമോസ് ബാവായ്ക്ക് ഗുരുക്കന്മാർ മൂന്നായിരുന്നു, ത്രിമൂർത്തികൾ പോലെ. അദ്ദേഹത്തെ വളർത്തി, സന്യാസദീക്ഷ നൽകിയ മാർ തോമ്മാ ദീവന്നാസ്യോസ് പിതാവായിരുന്നു അവരിൽ പ്രഥമഗണനീയൻ. അദ്ദേഹത്തിന്റെ ശാസനകളും, ബോധനങ്ങളും, അനുഗ്രഹങ്ങളുമാണ് 'കുഞ്ഞോമ്മാച്ചനെ" നൈഷ്ഠികനായി വളർത്തിയെടുത്തത്. ശിഷ്യന് ഈ കർക്കശചര്യയെപ്പറ്റി പരാതിയോ പരിഭവമോ ഒന്നും ഉണ്ടായില്ല.

മാർ തോമ്മാ ദീവന്നാസ്യോസ് മലങ്കരസഭാഗാത്രത്തിലെ ഒരു ദർശകനും മഹാശയനുമായിരുന്നു. ഒരു ദശാസന്ധിയിൽ, സഭയ്ക്ക് പുനർചരിത്രരചന നടത്തിയ ഈ മഹാപുരുഷൻ സഭയെപ്പറ്റി സുന്ദരവും വിശാലവുമായ ദർശനം കണ്ടിരുന്നു. കേരളത്തിനു പുറത്തേക്ക് സഭയുടെ ശ്രദ്ധ തിരിക്കുന്നതിനും, സഭയുടെ ആത്മീയ പുനരുത്ഥാനത്തിനും വേണ്ടി ഒരു സന്യാസസംഘം രൂപപ്പെടുത്തുന്നതിനും അദ്ദേഹം ശ്രമിച്ചു. പ്രസ്തുത സംഘം സഭയ്ക്ക് ഒരാത്മീക ശക്തിസ്രോതസ്സായിരിക്കണമെന്നും അദ്ദേഹം ഉറച്ചു. ഇന്ത്യയിൽ നിന്നും, പുറത്തുനിന്നും ലഭിച്ച വിദ്യാഭ്യാസവും അന്നത്തെ ഭരണകൂടവുമായുള്ള അടുപ്പവും സഭയുടെ മേൽഗതിക്കുവേണ്ടി അദ്ദേഹം ഉപയോഗിച്ചു. അന്നത്തെ ക്നാനായ ഭദ്രാസനത്തിന്റെ മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഈ പിതാവിനെ വിലയിരുത്തി പരിചയപ്പെടുത്തി തന്നിരിക്കുന്നത് ഇങ്ങനെ:

"ലോകമൊക്കെയും ഒരു ഗവണ്മെന്റിന്റെ കീഴിലായാൽ അതിന്റെ പ്രധാനമന്ത്രിയാകാൻ യോഗ്യതയുള്ളയാളാണ് മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനി."

സി. റ്റി. തോമസ് എന്ന യുവാവിൽ, തന്റെ അനുപമമായ ദൃഷ്ടി വിശേഷത്താൽ സഭയുടെ ഒരു ഭാവിസാരഥിയെ ദർശിച്ചു. തോമസിന്റെ വിനയവും, അനുസരണവും നിഷ്ഠാജീവിതവും ആകർഷണീയവും അനുകരണീയവുമായിരുന്നു. സന്യാസചര്യയിലും, പൗരോഹിത്യ ശുശ്രൂഷയിലും ഈ യുവവൈദികൻ വളർന്നു വരുന്നതു കണ്ട്, ദയറാ സ്ഥാപകൻ ആത്മഹർഷം പൂണ്ടു. സി. റ്റി. തോമസ് കശ്ശീശാ, മേല്പട്ടസ്ഥാനത്തെത്തുന്നത് ആത്മചക്ഷുസ്സുകൾ കൊണ്ടു കണ്ട ഗുരു, ശിഷ്യന്റെ തലയിൽ മസ്നപ്സ ഇട്ടിട്ട് അതു നോക്കി സന്തോഷിച്ച ഒരു രംഗവുമുണ്ടായിട്ടുണ്ട്. ഒരു ഗുരുവിന്റെ വാത്സല്യനിറവിലെ കൃതാർത്ഥത!

ശിഷ്യൻ മേൽപട്ടക്കാരനായി ആദ്യമായി പത്തനാപുരത്തു വരുമ്പോൾ, ഗുരുവിന്റെ നേതൃത്വത്തിൽ ഗംഭീര വരവേൽപ്പു നടത്തി. ശിഷ്യനെ ആശ്ലേഷിച്ചുകൊണ്ട് ഗുരു മൊഴിഞ്ഞു: "ബാവായാകും."

സ്മര്യപുരുഷന്റെ മറ്റു രണ്ടു ഗുരുക്കന്മാരെപ്പറ്റി ഒരു വാക്ക്: പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ യുഗപ്രഭാവനും, നിർമ്മലമാനസ്സനും, ദൈവത്തെ ദർശിച്ച ആത്മജ്ഞാനിയുമായിരുന്നു. അകളങ്കിതമായ ആ ജീവിതത്തിൽ ആത്മിക-ഭൗതിക ഭേദങ്ങളുടെ അതിർവരമ്പ് നേർത്ത് ഇല്ലാതായിരുന്നു. അടുത്ത ഗുരു പ. ഔഗേൻ പ്രഥമൻ ബാവാ: അതിവിനയവും, ഭാഷാനൈപുണിയും, പാണ്ഡിത്യവും, സഭാചരിത്രദർശനവും കൊണ്ട് പൂരിതമായ നിർമ്മല പ്രജ്ഞയായിരുന്നു അദ്ദേഹം. ഈ രണ്ട് 'ഗമാലിയേൽ'മാരുടെ പാദപീഠത്തിലിരുന്ന് അഭ്യസിച്ചത് മഹാഭാഗ്യമായിരുന്നു. അവരുടെ അറിവും തിരിച്ചറിവും കേവലം "അഭ്യസിപ്പിക്കലി"ന്റെ അതിരുകളിൽ ഒതുങ്ങുന്നതായിരുന്നില്ല. സ്മര്യപുരുഷന്റെ പിന്നീടുള്ള നടപടികളിലും ജീവിതത്തിലും ഈ മൂന്ന് പൂർവ്വസൂരികളുടെ അനുഗ്രഹത്തിന്റെയും സ്വാധീനത്തിന്റെയും "പാദമുദ്രകൾ" വേണ്ടുവോളമുണ്ടായിരുന്നു.

ശാന്തശീലനും മിതഭാഷിയുമായ തീമോത്തിയോസ് മെത്രാപ്പോലീത്താ ഭരണരംഗത്ത് എങ്ങനെയിരിക്കും എന്ന് പലരും ആശങ്കപ്പെട്ടുകാണും. എന്നാൽ, ഏതാനും പതിറ്റാണ്ടുകൾ നിശ്ശബ്ദമായി, ദൈവാശ്രയത്തോടെ പ്രവർത്തിച്ച്, മലബാറിനെ, മാതൃകാ ഭദ്രാസനമാക്കി, അച്ചടക്കത്തിലും, സഭാസ്നേഹത്തിലും വളർത്തിയെടുത്തതു കണ്ട് സഭയുടെ മനം കുളിർത്തു. 1992-ൽ സഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, മഹാപണ്ഡിതനും, പരിണിതപ്രജ്ഞനുമായ

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രതികരിച്ചു: "ഇന്നു ള്ളതിൽ ഏറ്റവും യോഗ്യനായ ആൾ."

കേവലം അഞ്ചു വർഷങ്ങൾ മാത്രമേ, ദിദിമോസ് ബാവാ സഭയുടെ പ്രധാന അമരക്കാരനായിരുന്നുള്ളു. അതും തികഞ്ഞ വാർദ്ധക്യത്തിൽ. പുതിയ സ്ഥാനലബ്ധി അദ്ദേഹത്തിന്റെ നിഷ്ഠാജീവിതത്തെ അശേഷം സ്വാധീനിച്ചില്ല. അദ്ദേഹത്തിന്റെ ഒരു വാക്കും, ഒരു നോക്കും, അഥവാ മൗനവും, ആയിരം പ്രഭാഷണങ്ങളെക്കാൾ ഗുരുത്വമുള്ളതായിരുന്നെന്ന് നിർമ്മത്സരികൾ സശ്ശിഃരകമ്പം സമ്മതിക്കും. ഏതോ അവാച്യവും അദൃ ശ്യവുമായ ഒരു ആത്മീയ ശക്തി അതിനു പിന്നിലുണ്ടായിരുന്നു.

തന്റെ പ്രധാന ഗുരുവായ മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോ ലീത്തായുടെ കബറടക്കം നടന്നതിന്റെ പിറ്റെന്നാൾ, മാർ തീമോത്തി യോസ് തിരുമേനി, വി. കുർബാനയർപ്പിച്ച്, കബറിങ്കൽ ധൂപാർപ്പണം നടത്തിയത് പൊട്ടിക്കരഞ്ഞുകൊണ്ടായിരുന്നു. ആ സമാധിസ്ഥാനത്ത് വീണുകിടന്നുള്ള ശിഷ്യന്റെ കരച്ചിലും, ആ കണ്ണീർകണങ്ങളും അഗാധ മായ ആത്മികബന്ധത്തിന്റെ മണിമുത്തുകളായിരുന്നു. പിന്നീട് പല പ്പോഴും ദയറാവാസികളോട് അദ്ദേഹം പറഞ്ഞിരുന്നു: "ഈ കബറിൽ ഉറങ്ങുന്നയാളിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുത്."

90 വയസ്സും, ശാരീരിക അസ്വസ്ഥതകളുമായി, കാതോലിക്കാ സ്ഥാനത്ത് അഞ്ചു വർഷം പൂർത്തിയായപ്പോൾ, അദ്ദേഹം സ്ഥാനത്യാഗം ചെയ്യണമെന്ന് ആരും ആഗ്രഹിക്കുകയോ, ആവശ്യപ്പെടുകയോ ചെയ്തില്ല. ഒരു നാൾ, പൊടുന്നനെ, സെക്രട്ടറിയച്ചനെ വിളിച്ച്, തന്റെ "റിട്ടയർമെന്റ്" കല്പന പറഞ്ഞുകൊടുത്ത് എഴുതിച്ചു. ദൈവത്തോടും, തന്റെ അദൃശ്യ ഗുരുവിനോടും ആലോചിച്ചു കാണും; മറ്റാരെയും ഇക്കാ ര്യത്തിൽ കൺസൽറ്റ് ചെയ്തില്ല. അത് ഉറച്ച തീരുമാനമായിരുന്നു. സ്ഥാന മൊഴിയുന്നതിൽ യാതൊരു വൈക്ലബ്യവും ഉണ്ടായില്ല! പിൻഗാമിയെ വാഴിക്കുന്നതിൽ, പ്രധാന കാർമ്മികനാവാനും ഈ പിതാവിനു ഭാഗ്യമു ണ്ടായി. മാത്രമല്ല, തന്റെ ആഗ്രഹപ്രകാരം, ഗുരുവിന്റെ സമാധിസ്ഥാന ത്തിനടുത്ത് അന്ത്യവിശ്രമം കൊള്ളാനും.

അദ്ധ്യാപകനും, സന്യാസിയുമായിരുന്നതിനാൽ ധാരാളം വായിക്കു കയും മനനം ചെയ്യുകയും ചെയ്യുന്നത് ശീലമായിരുന്നു. 'കേൾക്കാൻ വേഗവും പറയാൻ താമസവും' അതായിരുന്നു ശൈലി. ഒരിക്കലും, പണ്ഡി തനോ കുശാഗ്രബുദ്ധിയോ, വലിയ നേതാവോ ഒക്കെ ആകാനോ, അങ്ങനെ അറിയപ്പെടാനോ ആഗ്രഹിച്ചിരുന്നില്ല ആ പരിവ്രാജകൻ. ഏതു വലിയ സംഭവം നടന്നാലും ഒരു കുലുക്കവുമില്ലാതെ, 'ശാന്തമായി ഒഴു

കുന്ന നദിപോലെ' ആ ജീവിതം ഒഴുകിക്കൊണ്ടിരുന്നു; ദേഹാന്തമുണ്ടായിട്ടും ആത്മികമായി ആ ഒഴുക്കു തുടരുന്നു!

അകൃത്രിമവും ആകർഷകവുമായി ശുശ്രൂഷകൾ നടത്തിയിരുന്ന ഈ പിതാവ്, ആരുടെയും പ്രശംസ പിടിച്ചുപറ്റാൻ ശ്രമിച്ചിട്ടില്ല. ലളിതമായി ജീവിക്കാനും, മറ്റാരുമറിയാതെ സുകൃതാഭ്യാസങ്ങൾ അനുഷ്ഠിക്കാനും ശ്രദ്ധിച്ചിരുന്ന ഈ യതിവര്യൻ, സന്യസ്ഥർക്കു എന്നും ദൃഷ്ടാന്തമായിരിക്കുന്നു.

# പരിശുദ്ധ ദിദിമോസ് ബാവായുടെ മിഷൻ ദർശനം


## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ


പ. ദിദിമോസ് ബാവാ തിരുമേനിയോടുള്ള കടപ്പാടുകൾ ഏറെയാണ്. വ്യക്തിജീവിതത്തിൽ പ. പിതാവിന്റെ വാത്സല്യവും പ്രോത്സാഹനവുമൊക്കെ വളരെ അനുഭവിച്ചിട്ടുണ്ട്. അനേക സന്ദർഭങ്ങളിൽ ഒന്നിച്ചു താമസിക്കുവാനും യാത്ര ചെയ്യുവാനും ദൈവികശുശ്രൂഷ നിർവ്വഹിക്കുവാനും അവസരങ്ങളുമുണ്ടായിട്ടുണ്ട്. പൗരസ്ത്യ ആദ്ധ്യാത്മികതയുടെയും സന്യാസജീവിതത്തിന്റേയും മഹത്വം അനുഭവിച്ച ആ ധന്യജീവിതത്തെക്കുറിച്ച് ഒരു ഗ്രന്ഥം ഉണ്ടാകുന്നതിലുള്ള ആത്മാർത്ഥമായ സന്തോഷം ആദ്യമേ അറിയിക്കുന്നു.

ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി തന്റെ 'ഭൂവിലശേഷം: ക്രിസ്തീയ മിഷൻ ഒരു സമകാലീന സമീപനം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തു സഭയ്ക്കുണ്ടായ എണ്ണത്തിലുണ്ടായ പെരുപ്പം ആദ്ധ്യാത്മികത കുറച്ചപ്പോൾ സന്യാസപ്രസ്ഥാനങ്ങൾ യഥാർത്ഥ മതത്തിന്റെ സ്വഭാവം നിലനിർത്തിയതുപോലെ ഇന്നത്തെ വികലമായ മതഭക്തി മാറ്റുവാൻ പ്രസംഗമല്ല, ത്യാഗികളുടെ സംഘങ്ങളാണുണ്ടാകേണ്ടത്. അവരുടെ മിഷൻ മാത്രമേ ആധുനികലോകത്തു വിജയിക്കൂ. പ്രാർത്ഥനാ ജീവിതവും ധ്യാനവും മുഖാന്തിരം ദൈവം യഥാർത്ഥമായി തീർന്നാൽ മിഷൻ സഫലമാകും" (പുറം 12). പ. ദിദിമോസ് ബാവാ തിരുമേനിയെ അടുത്തറിയുന്ന ആരുടേയും മനസ്സിൽ തെളിയുന്ന ഭാവങ്ങൾ - ഉത്തമനായ സന്യാസി, ത്യാഗപൂർണ്ണമായ ജീവിതത്തിനുടമ, പ്രാർത്ഥനയ്ക്കും ധ്യാനത്തിനും അമിതപ്രാധാന്യം നൽകിയ മഹർഷി എന്നിവയാണ്. മൗനത്തിന്റേയും മനനത്തിന്റേയും മഹത്വം ആഴത്തിൽ മനസ്സിലാക്കിയിരുന്നു. മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പറയുന്നതുപോലെ; "നിത്യതയാണ് ചരിത്രത്തേക്കാൾ യഥാർത്ഥമെന്ന ബോധം ലഭിച്ചിട്ടു വേണം ചരിത്രത്തെ അർത്ഥപൂർണ്ണമാക്കുവാൻ" (അതേ പുസ്തകം, പുറം 12-13). പ. ദിദിമോസ് ബാവാ തിരുമേനിയുടെ മിഷൻ ദർശനത്തിന്റെ അടിസ്ഥാനം ഇതു തന്നെയായിരുന്നു. പ. പൗലോസ് അപ്പോസ്തോലൻ സാക്ഷിക്കുന്നതുപോലെ "കാണുന്നതിനെയല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്; കാണു

ന്നതു താൽക്കാലികം, കാണാത്തതോ നിത്യം" (2 കൊരി. 4:18). നിത്യമായിട്ടുള്ളതിനും നിലനിൽക്കുന്നതിനുമായിട്ടുള്ളതിനും വേണ്ടി ജീവിക്കുക എന്ന ഏക ലക്ഷ്യം.

പ്രസിദ്ധ അമേരിക്കൻ ക്രൈസ്തവ ഗ്രന്ഥകാരനായ Rick Warren തന്റെ 'The Purpose Driven Life' എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ "The way you see your life, shapes the life" (നിങ്ങൾ ജീവിതത്തെ എങ്ങനെ കാണുന്നു എന്നതാണ് ജീവിതത്തെ രൂപപ്പെടുത്തുന്നത്). പൗരസ്ത്യ ആദ്ധ്യാത്മികതയിൽ ജീവിതം ദൈവീകരണത്തിനായിട്ടാണ്. പ. പത്രോസ് അപ്പസ്തോലൻ പ്രബോധിപ്പിക്കുന്നതുപോലെ; "ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" (2 പത്രോസ് 1:4). ആയതിനാൽ ജീവിതത്തിന്റെ സമസ്ത ശ്രമവും (ഉത്സാഹം) ഇതിനായിട്ടായിരിക്കണം. പ. തിരുമേനിയുടെ പരിഗണനാക്രമത്തിലെ പ്രഥമസ്ഥാനം ഈ കാര്യത്തിലായിരുന്നു. മിഷനും പല തലങ്ങളും മാനങ്ങളുമുണ്ട്. പൗരസ്ത്യ ദർശനത്തിൽ ഒന്നാമത്തേതു – ദൈവീകരണത്തിലൂടെയുള്ള മിഷൻ ആണ്. തിരുമേനി ഊന്നൽ കൊടുത്തതും ഈ കാഴ്ചപ്പാടിനായിരുന്നു. വീണ്ടും, മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മുൻ സൂചിപ്പിച്ച ഗ്രന്ഥത്തിലേക്കു വരട്ടെ. അതിൽ അദ്ദേഹം വ്യക്തമായി പറയുന്നു: "മിഷൻ ദൈവീകരണത്തിനാണ്" (പുറം 41). അതു സ്വർഗ്ഗീയപിതാവിന്റെ സൽഗുണ സമ്പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ ജീവിതമാണ്. ഈ ദർശനത്തെ കരുപ്പിടിപ്പിക്കുന്നതിൽ തന്നെ ഏറെ സ്വാധീനിച്ച പിതാക്കന്മാർ പ. പരുമല തിരുമേനി, പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ, പാമ്പാടി തിരുമേനി എന്നിവരാണെന്നു ദിദിമോസ് ബാവാ പലതവണ പറഞ്ഞിട്ടുണ്ട്. പ. ഔഗേൻ ബാവായുടെ കീഴിലുള്ള സുറിയാനി പഠനവും ശക്തമായ സ്വാധീനമേഖലയായിരുന്നു. "സഭാപിതാക്കന്മാർ രക്ഷയെ ദൈവീകരണമായാണ് വിശദീകരിച്ചത്" എന്നു മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും സാക്ഷിക്കുന്നു (അതേ ഗ്രന്ഥം).

പ്രേഷിത പ്രവർത്തനരീതി ശാസ്ത്രമേഖലയിലെ പ്രധാനമായിട്ടുള്ള ഒരു സിദ്ധാന്തമാണ്. 'സാന്നിദ്ധ്യ സിദ്ധാന്തം' (presence theory). ഉദാഹരണമായി ഉപയോഗിക്കാറുള്ള ഒന്നാണു റോസാപുഷ്പത്തിന്റെ കാര്യം. അതിന്റെ പ്രസരിപ്പും സുഗന്ധവുമൊക്കെത്തന്നെ ഒരു സന്ദേശമാണ്. വാക്കുകൾ ഇല്ലാതെ സാന്നിദ്ധ്യം കൊണ്ടുമാത്രം പ്രസരിപ്പിക്കുന്ന, പ്രതിഫലിപ്പിക്കുന്ന സന്ദേശം. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു മഹാത്മാഗാന്ധി പറഞ്ഞതും ഈ അനുഭവത്തിലാണ്. കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞതും ഇതിനോടു കൂട്ടിവായിക്കാവുന്നതാണ്; "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ

നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (വി. മത്തായി 5:16). മഹാത്മാഗാന്ധി പലപ്പോഴും ക്രിസ്തീയ മിഷനറിമാരെ ഓർമ്മിപ്പിച്ചിരുന്നു. തേനുള്ള പൂക്കളെത്തേടി തേനീച്ചകൾ എത്തിക്കൊള്ളും. ക്രിസ്താനുകരണ ജീവിതമാണ് ഏറ്റവും വലിയ മിഷൻ. "ക്രിസ്തുവിൽ വിശ്വസിച്ചാൽ മതി, അനുകരിച്ചില്ലെങ്കിലും രക്ഷ പ്രാപിക്കാം എന്ന ധാരണ ആഗോളമായി സഭയെ ഗ്രസിച്ചിരിക്കുന്നു" എന്നും "അതാണു മിഷന്റെ ഏറ്റവും വലിയ തടസ്സം" എന്നും മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വ്യക്തമാക്കുന്നു (അതേ ഗ്രന്ഥം, പുറം 77).

പത്തനാപുരം താബോർ ദയറായുടെ സ്ഥാപകപിതാവും തന്റെ ആത്മീയഗുരുവുമായ മാർ തോമ്മാ ദീവന്നാസിയോസ് പിതാവിലൂടെ ലഭിച്ച അഭ്യസനവും ശിക്ഷണവും മുൻ സൂചിപ്പിച്ച പിതാക്കന്മാരുടെ ജീവിതമാതൃകയും ഒക്കെ പ. ദിദിമോസ് ബാവാ എന്ന ഉത്തമ ഭക്തനായ സന്യാസിശ്രേഷ്ഠന്റെ, പ്രാർത്ഥനാമനുഷ്യന്റെ, ആത്മീയതയുടെ കാർക്കശ്യഭാവങ്ങളെ കാത്തുസൂക്ഷിക്കുന്ന കാര്യവിചാരകന്റെ ധന്യജീവിതത്തെ പ്രദീപ്തമാക്കുകയായിരുന്നു.

അദ്ധ്യാപകനായിരുന്ന പ. തിരുമേനിയുടെ ശിഷ്യഗണങ്ങളുടെ സ്വഭാവരൂപീകരണത്തിൽ വഹിച്ച പങ്ക് അവർതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാമ്പത്തികമായി ഏറെ പിന്നോക്കം നിന്ന മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിതനായ നാൾ മുതൽ അതിന്റെ ഇന്നു കാണുന്ന നിലയിലേക്കുള്ള ഉയർച്ച ആ പിതാവിന്റെ അക്ഷീണാദ്ധ്വാനം മാത്രമാണ്. ആരാധനാലയങ്ങൾ ഉണ്ടാക്കുക, ജീർണ്ണിച്ചവ പുനർനിർമ്മിക്കുക തുടങ്ങിയവയ്ക്കായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. പുതുപ്പാടി സെന്റ് പോൾസ് ആശ്രമം, ബാലഭവൻ, പുതുപ്പാടി സെന്റ് പോൾസ് കോൺവെന്റ്, ബാലികാഭവൻ എന്നിവയെ ഏറെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. മലബാർ ഭദ്രാസനാതിർത്തിയിൽപ്പെട്ട ടി സ്ഥാപനങ്ങൾക്കു തിരുമേനി നൽകിയ നേതൃത്വം വിസ്മരിക്കാവുന്നതല്ല. അദ്ദേഹം കാതോലിക്കാ ആയതിനുശേഷം മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും എല്ലാവിധ പ്രോത്സാഹനവും നൽകിയിരുന്നു.

ഒരു ധ്യാനഗുരുവായിരുന്ന പ. തിരുമേനിയുടെ ധ്യാനങ്ങളും പ്രസംഗങ്ങളും ശ്രദ്ധേയമായിരുന്നു. ഒരു റമ്പാനായിരുന്നപ്പോഴും മെത്രാപ്പോലീത്താ ആയതിനുശേഷവും നിരണം ഭദ്രാസനത്തിലെ പ്രധാന കൺവൻഷനുകളിലൊന്നായ കല്ലൂപ്പാറ കൺവൻഷനിൽ വന്നു താമസിച്ചു തുടർ പ്രസംഗങ്ങൾ നടത്തിയിട്ടുള്ളതു ഞങ്ങൾ കുഞ്ഞുന്നാൾ മുതൽ

അനുഭവിച്ചവരും ആസ്വദിച്ചവരുമാണ്. ആയതിനായി കുറിപ്പുകളും നോട്ടുകളുമൊക്കെ തയ്യാറാക്കുന്നതു നേരിൽ കണ്ടിട്ടുമുണ്ട്.

Ecco Mission, Green Mission എന്നൊക്കെയുള്ള പദങ്ങളും ആശയങ്ങളുമൊക്കെ അടുത്തകാലത്തു രൂപംകൊണ്ടവയാണല്ലോ. ഇവ ആശയങ്ങളായി രൂപംകൊള്ളുന്നതിനു മുമ്പ് പരമാവധി പ്രാവർത്തികമാക്കിയ താപസ്സശ്രേഷ്ഠനായിരുന്നു തിരുമേനി. ചാത്തമംഗലം അരമനയിൽ പോയിട്ടുള്ളവർക്കു അവ ബോദ്ധ്യപ്പെട്ടിട്ടുണ്ടാകാം. ഹെർമ്മോൻ അരമന ഒരു 'ഗ്രീൻ ഹൗസ്' ആയിരുന്നു. പക്ഷിമൃഗാദികളേയും തിരുമേനി സ്നേഹിച്ചിരുന്നു. കൈയിൽ ധാന്യമണികളുമായിരിക്കുന്ന തിരുമേനിയുടെ ചുറ്റും അവ ആഹാരത്തിനായി അടുത്തുകൂടുന്നതും സന്ധിക്കുന്നവനെ തമ്പുരാനായി സ്നേഹിക്കുന്നതും തന്മൂലം അവ അമിത സ്വാതന്ത്ര്യമെടുത്തു തോളത്തും മടിയിലുമൊക്കെ കയറി ഇരിക്കുന്നതും എത്രയോവട്ടം കണ്ടിട്ടുണ്ട്. പരിസ്ഥിതിയുടെ ആത്മീയദർശനവും തിരുമേനി ഉൾക്കൊണ്ടിരുന്നു.

മിഷന്റെ മറ്റൊരു തലമായ കാരുണ്യപ്രവർത്തനങ്ങൾ വ്യാപകമായി നടന്നിട്ടില്ലായെങ്കിലും കരുണാഹൃദയനായ തിരുമേനിയുടെ കരുണാകടാക്ഷം പ്രാപിച്ചിട്ടുള്ള അനേകരുണ്ട്. മലബാർ ഭദ്രാസനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ധാരാളം ശ്രദ്ധേയമായ കാരുണ്യപദ്ധതികൾക്കു രൂപംകൊടുത്തു പ്രാവർത്തികമാക്കുവാൻ കഴിഞ്ഞു.

പ്രസിദ്ധ ചിന്തകനും എഴുത്തുകാരനുമൊക്കെയായ ആൽബർട്ട് കാമ്മു (Albert Cammus) ജീവിതത്തെക്കുറിച്ചു പറയുന്നു: "Life is nothing until you give it meaning" (ജീവിതത്തിനു അർത്ഥം കൊടുക്കാത്തിടത്തോളം ജീവിതം ഒന്നുമില്ല). നാം ജീവിതത്തിനു കൊടുക്കുന്ന അർത്ഥമാണ് ജീവിതത്തെ ധന്യമാക്കുന്നത്. പ. ദിദിമോസ് ബാവാ തിരുമേനി തന്റെ ജീവിതാന്ത്യനാളുകളിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരുന്ന പ്രസംഗഭാഗമാണ് "ജീവനാണോ ജീവിതമാണോ വലുത്" എന്ന്. ജീവിതം ദൈവസ്വഭാവത്തിൽ വളരുവാനുള്ളതാണെന്ന അടിസ്ഥാന ഭാവം തിരുമേനി മുറുകെ പിടിച്ചിരുന്നു. "നമ്മുടെ ജീവിതം തന്നെ ത്രിത്വനാമത്തിലുള്ള അനുഗ്രഹത്തിന്റെ റൂശ്മായായിത്തീരണം" എന്ന് ബ. കെ. എം. ജോർജ് അച്ചൻ അഭിപ്രായപ്പെട്ടിരിക്കുന്നതിന്റെ ഒരു ആൾരൂപമായിരുന്നു തിരുമേനി (അനുഗൃഹീതമായ കണ്ണുനീർ, പുറം 11). യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമായി ദൈവജനത്തിന്റെ മദ്ധ്യേ നിലകൊള്ളുകയെന്നതാണ് പൗരോഹിത്യ വിളിയുടെ ലക്ഷ്യമെന്ന തിരിച്ചറിവ് തിരുമേനിയിൽ ശക്തമായിരുന്നു. മോശ തിളങ്ങുന്ന തന്റെ മുഖത്തെ പ്രദർശിപ്പിക്കാതെ മൂടുപടമിടുന്ന രംഗത്തെക്കുറിച്ചുള്ള ഒരു

വർണ്ണന ടി പുസ്തകത്തിൽ അച്ചൻ നൽകുന്നുണ്ട്. "നമ്മുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ തിളങ്ങിക്കാണുന്നതെന്തൊക്കെയോ അത്രയുമേ ആകെ നമ്മിൽ പലർക്കുമുള്ളു. നമ്മുടെ ജീവിതം ഒരു ഷോകേസ് ആയി മാറുന്നു. ആഴമായി ഒന്നുമില്ല. മറഞ്ഞിരിക്കുന്ന ധനമൊന്നുമില്ല. ആഴമായി ഒന്നുമില്ലെന്നു നമുക്കറിയാവുന്നതുകൊണ്ട് ഉപരിതലത്തിലുള്ളതിനെ വീണ്ടും വീണ്ടും തേച്ചുമിനുക്കുകയും എത്രയും വ്യക്തമായി അത് പ്രദർശിപ്പിക്കാമോ അങ്ങനെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു" (അതേ പുസ്തകം, പുറം 28). പ്രദർശന-പ്രകടനപരതയുടെ യുഗത്തിൽ ഇവയ്ക്കു തികച്ചും ഒരപവാദമായിരുന്നു തിരുമേനി എന്നു അടുത്തറിയാവുന്ന ആർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും. മാധ്യമങ്ങളിലെ "നിറഞ്ഞു നിൽപ്പാണ്" മിഷൻ എന്ന തത്രപ്പാടിന്റേയും നെട്ടോട്ടത്തിന്റേയും ഇടിച്ചുകയറ്റത്തിന്റേയുമൊക്കെ നടുവിൽ ഈ കാര്യങ്ങളിൽ നിന്നെല്ലാം കൃത്യമായി അകലം പാലിച്ചിരുന്നു. ദൈവദർശനത്തിന്റെ ആഴത്തിലുള്ള ഉൾക്കാഴ്ചയും തീർന്നുപോകാത്ത ധനത്തിലുള്ള അചഞ്ചലമായ ആശ്രയവും, അകലം പാലിക്കേണ്ടിടത്തു അതിനുള്ള ശക്തി പകർന്നു. ദൈവം തന്റെ സൃഷ്ടിയോടു കാണിക്കുന്ന സ്നേഹവും സഹാനുഭൂതിയും സ്വന്തം ജീവിതത്തിലൂടെ, അധികം ആരും കാണാതെയും അറിയാതെയും ചെയ്യണമെന്നതാണ് വിശുദ്ധന്മാരുടെ ശൈലി. പൗരസ്ത്യ ആദ്ധ്യാത്മിക സംസ്കാരത്തിന്റെ ഘടകങ്ങളായ നോമ്പു-നമസ്കാരം-നിരന്തരമായ പ്രാർത്ഥന-മനനം-മൗനം-ആത്മശിക്ഷണം തുടങ്ങിയവയിലെ ആനന്ദം ആസ്വദിച്ച പിതാവായിരുന്നു ദിദിമോസ് ബാവാ.

തിരുവചനം പ്രബോധിപ്പിക്കുന്നതും പിതാക്കന്മാർ ഊന്നൽ നൽകിയതുമായ പൗരസ്ത്യ ആദ്ധ്യാത്മിക പാരമ്പര്യത്തിലെ ദൈവീകരണത്തിലൂടെ (theosis) യുള്ള മിഷൻ എന്ന തത്വത്തെ പൂർണ്ണമായി ഉൾക്കൊണ്ട് അതിന്റെ നിറവിനായി തന്നാലാവതു ചെയ്ത ഒരു പിതാവാണ് പ. ദിദിമോസ് ബാവാ. ആ പിതാവിന്റെ പാത നമുക്കു മാതൃകയും പ്രാർത്ഥന അനുഗ്രഹവുമാകട്ടെ.

# പരിശുദ്ധ ദിദിമോസ് ബാവായുടെ ദൈവശാസ്ത്രം

## ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ താപസ്സന്മാരിൽ പ്രമുഖനായ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി സ്തുതിചൊവ്വാക്കപ്പെട്ട ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാവൽഭടനായിരുന്നുവെന്നത് ഏവർക്കും അറിവുള്ളതാണ്. സത്യത്തിലും ആത്മാവിലുമുള്ള ദൈവാരാധനയിലൂടെയും തപസ്സിലൂടെ ലഭ്യമാകുന്ന ദിവ്യദർശനത്തിലൂടെയും യഥാർത്ഥ ദൈവശാസ്ത്രജ്ഞനാകാമെന്ന് കാലിക ലോകത്തിന് വെളിപ്പെടുത്തി നൽകിയ മഹായോഗിയാണ് പ. പിതാവ്. ബുദ്ധിപരമായ വിശകലനത്തിലൂടെ ലഭ്യമാകുന്ന അറിവിനേക്കാൾ തപസ്സിലൂടെ ലഭ്യമാകുന്ന ദിവ്യജ്ഞാനത്തിനാണ് ആഴമുള്ളതെന്ന് തിരുമേനി എപ്പോഴും വിശ്വസിച്ചിരുന്നു.

ദൈവത്തെക്കുറിച്ച് അറിവ് നേടുന്നവനല്ല; പ്രത്യുത ദൈവത്തെ സ്വായത്തമാക്കുന്നവനാണ് യഥാർത്ഥ ദൈവശാസ്ത്രജ്ഞൻ എന്ന കപ്പദോക്യൻ പിതാക്കന്മാരുടെ ചിന്താഗതിക്ക് ദിദിമോസ് ബാവാ ശക്തമായ ഊന്നൽ നൽകി. അതുകൊണ്ടുതന്നെ പ്രാർത്ഥന, നോമ്പ്, ഉപവാസം, ആത്മതപനം, കുമ്പിടീൽ, ദാനധർമ്മം തുടങ്ങി വിവിധ നന്മകളെ ഉപാസിക്കുന്ന ദൈവശാസ്ത്രജ്ഞൻ ആകുവാൻ അദ്ദേഹം ആദിയോടന്തം ശ്രദ്ധിച്ചു. ക്രൈസ്തവമതം ഒരു ജീവിത ശൈലിയാണെന്നും കൗദാശിക ജീവിതവും അച്ചടക്കവും നിഷ്ഠയും ജീവിതവിശുദ്ധിയുമൊക്കെ അതിന്റെ ദൈവശാസ്ത്രമാണെന്നും തിരുമേനി സ്ഥിരമായി പഠിപ്പിച്ചു. അക്കാദമിക വൈദഗ്ദ്ധ്യത്തിലൂടെ ലഭ്യമാകുന്ന അറിവിനെ ആരാധനയിലൂടെയും കൗദാശിക അനുഷ്ഠാനങ്ങളിലൂടെയും നിർമ്മലീകരിക്കുമ്പോൾ മാത്രമേ ഒരാൾക്ക് ദൈവശാസ്ത്രജ്ഞൻ ആകുവാൻ സാദ്ധ്യമാവുകയുള്ളു എന്ന് അദ്ദേഹം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

പരിശുദ്ധ പിതാവിന്റെ ദൈവശാസ്ത്ര ഊന്നലുകൾ ഇവിടെ കുറിക്കുന്നു.

### 1. ത്രിത്വാധിഷ്ഠിത ദൈവശാസ്ത്രം

പ. പൗലോസ് ശ്ലീഹായുടെ ചിന്തയിൽ സത്യത്തിന്റെ തൂണും അടി

സ്ഥാനവുമാണ് സഭ (1 തീമോത്തിയോസ് 3:15). അതുകൊണ്ട് വിശ്വാസിയുടെ ദൈവശാസ്ത്രം സഭാശാസ്ത്രമായിരിക്കണമെന്ന് തിരുമേനി പഠിപ്പിക്കുന്നു. നിഖ്യായിലും (എ.ഡി. 325), കുസ്തന്തീനോപ്പോലീസിലും (എ.ഡി. 381), എഫേസൂസിലും (എ.ഡി. 431) വിളിച്ചു ചേർക്കപ്പെട്ട പ. സുന്നഹദോസുകളിൽ രൂപംപ്രാപിച്ച് ഉറപ്പിക്കപ്പെട്ട ദൈവശാസ്ത്രമാണ് സഭയുടെ അടിസ്ഥാന പ്രമാണം. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവവും പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരവും സൃഷ്ടി മുഴുവന്റെയും രക്ഷയ്ക്കുതകുന്ന വിശ്വാസസത്യങ്ങളാകുന്നുവെന്ന സഭാശാസ്ത്രമാണ് യഥാർത്ഥ ദൈവശാസ്ത്രമെന്ന് തിരുമേനി ഉറപ്പിക്കുന്നു. വി. ത്രിത്വത്തോടും ദൈവത്തിന്റെ മനുഷ്യാവതാരത്തോടും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന വിശ്വാസ സത്യങ്ങൾ മാത്രമേ സഭയിലുണ്ടാകുവാൻ പാടുള്ളു. അങ്ങനെയല്ലാതെ എന്തെങ്കിലുമുണ്ടായാൽ അവയെ സഭയുടേതായി സ്വീകരിക്കരുത്. സഭയുടെ വിശ്വാസ സത്യങ്ങൾക്ക് വി. ത്രീയേകദൈവത്തോടും മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ രക്ഷാരഹസ്യങ്ങളോടും ബന്ധമുള്ളതാണെങ്കിൽ അവയ്ക്ക് നിശ്ചയമായും വേദപുസ്തക അടിസ്ഥാനവും ഉണ്ടായിരിക്കുമെന്ന് തിരുമേനി അനുശാസിക്കുന്നു.

### 2. കൗദാശികാധിഷ്ഠിത ദൈവശാസ്ത്രം

ഓർത്തഡോക്സ് സഭാജീവിതം കൗദാശികമാണ്. പരമമായ കൂദാശ ക്രിസ്തുവാകയാൽ കൗദാശിക ജീവിതമെന്നത് ക്രിസ്തുവിലുള്ള ജീവിതമാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തിലാണ് കൂദാശകളുടെ അടിസ്ഥാനപരമായ അർത്ഥം സ്ഥിതിചെയ്യുന്നത്. മനുഷ്യനാകുവാൻ ദൈവത്തെ പ്രേരിപ്പിച്ചത് മനുഷ്യനോടുള്ള അവന്റെ നിസ്സീമമായ സ്നേഹമാണ്. അതുകൊണ്ട് സൃഷ്ടിയുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തി സ്നേഹത്തിന്റെ പരമമായ സംസർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നതും, മനുഷ്യൻ എന്ന നിലയിൽ നമുക്ക് ദൈവസ്വഭാവത്തിൽ പങ്കാളികളാകുവാൻ കഴിയുന്നതും കൗദാശിക അനുഭവമാണ്. കാരണം, മനുഷ്യാവതാരം മൂലം അദൃശ്യനും അപരിമിതനുമായ ദൈവം നസ്രായനായ യേശുവിൽ മനുഷ്യർക്ക് കാണപ്പെട്ടു. അതുകൊണ്ട്, ശരീരത്തെയും അതിന്റെ ഇന്ദ്രിയങ്ങളെയും നിഷേധിക്കുന്ന ആത്മീയതയ്ക്കു ഓർത്തഡോക്സ് സഭയിൽ ഒട്ടും സ്ഥാനമില്ല. കൗദാശിക ജീവിതമുള്ള ആൾ ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുകയും ദൈവത്താൽ മുദ്രയിടപ്പെടുകയും ചെയ്തുകൊണ്ട് ദൈവിക രഹസ്യങ്ങളിൽ സജീവമായി പങ്കുചേരുന്നു. ത്രീയേകദൈവം നമുക്കു ജീവൻ നൽകി നമ്മെ ഭൂമിയിലാക്കിയിരിക്കുന്നതുതന്നെ ദൈവസ്വഭാവത്തിൽ പങ്കാളികളായിക്കൊണ്ട് വിശുദ്ധരായി വളരുവാനാണ്. വി. മാമോദീസായിലൂടെ കർത്താവിന്റെ ശരീര

മായ സഭയോടു ഒട്ടിച്ചേർക്കപ്പെടുന്ന ആൾ വിശുദ്ധ കുർബ്ബാനയിലൂടെയും മറ്റു കൂദാശകളിലുള്ള സംസർഗ്ഗത്തിലൂടെയും പൂർണ്ണതയിലേക്ക് വളരുകയും ദൈവീകരിക്കപ്പെടുകയും ചെയ്യുന്നു. പ. ദിദിമോസ് വലിയ ബാവായുടെ കൗദാശിക അനുഷ്ഠാനങ്ങളും അവയെക്കുറിച്ചുള്ള പഠിപ്പിക്കലുകളും വിശ്വാസികളെ ദൈവീകരണ പ്രക്രിയയിൽ പങ്കാളികളാക്കുന്നവയായിരുന്നു.

### 3. ആരാധനാധിഷ്ഠിത ദൈവശാസ്ത്രം

പ. ദിദിമോസ് ബാവായുടെ ചിന്തയിൽ ആരാധന എന്നതു സഭയുടെ ജീവനും വിശ്വാസിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അളവുകോലും വിശ്വാസത്തിന്റെ പ്രകടനവുമാണ്. സ്വർഗ്ഗവും ഭൂമിയും സമന്വയിക്കുന്ന അവസ്ഥ ആരാധനയിൽ സംജാതമാകണമെന്നും അതനുസരിച്ചുള്ള ക്രമീകരണങ്ങൾ മാത്രമേ ദേവാലയങ്ങളിൽ ഉണ്ടാകുവാൻ പാടുള്ളു എന്നും തിരുമേനി നിർബന്ധിക്കുന്നു. വേദപുസ്തകഭാഗങ്ങളാൽ സംപുഷ്ടവും പ്രതീകങ്ങളാൽ സമ്പന്നവും വിശ്വാസികളുടെ ഒരുമയോടുള്ള ശബ്ദമാധുര്യവും ഒക്കെ ഒഴുകിച്ചേർന്ന ദൈവാരാധന സത്യദൈവമായ യഹോവയുടെ വിശുദ്ധ സൗന്ദര്യത്തെ വിശുദ്ധിയോടെ ആസ്വദിക്കുവാൻ ഏവരെയും പ്രാപ്തരാക്കുമെന്ന് തിരുമേനി വിശ്വസിക്കുന്നു. വളരെ പെട്ടെന്നുണ്ടാകുന്ന ഹർഷോന്മാദങ്ങൾക്ക് പ്രാധാന്യം നൽകാതെ സ്ഥിരമായി നിലനിൽക്കുന്നതും പരിശുദ്ധാത്മ നിശ്വസിതങ്ങളുമായ ആത്മസന്തോഷത്തിനാണ് നമ്മുടെ ആരാധനയിൽ ഊന്നൽ നൽകുന്നത്. വിശ്വാസികൾ സ്നേഹത്തിൽ വളരുവാനും സുകൃതങ്ങൾ നിറഞ്ഞ് സമൂഹത്തിനു സുഗന്ധം പകർന്നു നൽകുവാനും ആരാധന സഹായിക്കുന്നുണ്ട്. സഭയുടെ ആതുരസേവന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആദ്ധ്യാത്മിക ചെയ്തികളും ആരാധനയുടെ ചട്ടക്കൂട്ടിൽ നിന്നു മാത്രമേ പ്രാവർത്തികമാക്കുവാൻ പാടുള്ളു.

അനുദിന പ്രാർത്ഥനകൾ ഏഴു നേരങ്ങളിലായി സഭ ക്രമപ്പെടുത്തിയിരിക്കുന്നു. സന്ധ്യ, സൂത്താറാ, പാതിരാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നീ യാമങ്ങളാണത്. "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു" എന്ന് സങ്കീർത്തനക്കാരൻ (119:164) പറയുന്നുണ്ടല്ലോ. പ്രായോഗികതയിൽ ഈ ഏഴു യാമങ്ങൾ മൂന്നു നേരങ്ങളിലായി നടത്തുന്ന രീതിയും നിലവിലുണ്ട്. "ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ചു കരയും. അവൻ എന്റെ പ്രാർത്ഥന കേൾക്കും" എന്ന സങ്കീർത്തന വാക്യം (55:17) ഇവിടെ പ്രസക്തമാണ്. അതിനും സാദ്ധ്യമാകാത്തവർക്ക് ഒമ്പതാം മണി, സന്ധ്യാ, സൂത്താറാ എന്നിവ സന്ധ്യയിലും

രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, എന്നിവ പ്രഭാതത്തിലും നടത്തുവാനുള്ള അനുവാദവും സഭ നൽകിയിട്ടുണ്ട്.

പ. ദിദിമോസ് ബാവാ ഏഴ് യാമങ്ങളെ പത്ത് യാമങ്ങളായിട്ടാണ് കണക്കാക്കുന്നത്. രാത്രി പ്രാർത്ഥനയിലെ നാല് കൗമാകൾ നാല് യാമങ്ങളാണ്. മറ്റ് ആറ് യാമപ്രാർത്ഥനകൾ കൂടി ചേരുമ്പോൾ പത്ത് യാമങ്ങളാകുന്നു. മനുഷ്യനിലെ ബാഹ്യവും ആന്തരീകവുമായ ദശേന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ പത്ത് യാമപ്രാർത്ഥനകളും ദിനംപ്രതി നടത്തിയിരിക്കണമെന്ന് അദ്ദേഹം നിർബന്ധിക്കുന്നു. ക്യംതാ (ഉയിർപ്പു പെരുന്നാൾ) മുതൽ പെന്തിക്കോസ്തി വരെയുള്ള നാളുകളും ഞായറാഴ്ചകളും മോറാനായ പെരുന്നാളുകളും ഒഴിച്ചാൽ ശേഷമുള്ള എല്ലാ ദിനങ്ങളിലും കുമ്പിട്ടാരാധിക്കണമെന്നുള്ള സഭയുടെ നിയമവും വിശ്വാസികൾ കർശനമായി പാലിക്കണമെന്ന് തിരുമേനി അനുശാസിക്കുന്നു.

## 4. ദൈവശാസ്ത്രം ജീവനശാസ്ത്രം

തിരുമേനിയുടെ പ്രസംഗങ്ങളിൽ മിക്കവാറും കേൾക്കുന്ന ഒരു ചോദ്യമായിരുന്നു, ജീവനാണോ ജീവിതമാണോ വലുതെന്നത്. ഈ ഭൂമിയിൽ ജീവിതവും വരുവാനുള്ള ലോകത്തിൽ ജീവനും എന്ന് അദ്ദേഹം തന്നെ ഉത്തരവും നൽകുമായിരുന്നു. ദൈവം ഈ ഭൂമിയിൽ നമുക്ക് തന്നിരിക്കുന്ന ആയുസ്സ് നേരെ ചൊവ്വേ ജീവിച്ചു തീർക്കണം. ജീവിതം അതിന്റെ മൂല്യങ്ങളോടുകൂടി ശരിയായി നയിക്കുന്നവർക്ക് വരുവാനുള്ള ലോകത്തിൽ നിത്യജീവൻ ലഭിക്കാതിരിക്കുകയില്ല എന്ന് തിരുമേനി പഠിപ്പിക്കുന്നു. സഭയുടെ ദൈവശാസ്ത്രം മനുഷ്യൻ ഈ ഭൂമിയിൽ നേരെ ചൊവ്വേ ജീവിതം നയിക്കുവാൻ ഉപയുക്തമായതും സൃഷ്ടി മുഴുവന്റെയും താളത്തെ ക്രമീകൃതമാക്കുന്നതുമായിരിക്കണമെന്നാണ് തിരുമേനി അഭിപ്രായപ്പെടുന്നത്. ഈ ലോകം നശ്വരമാകയാൽ നശ്വരതയിൽ ദൈവഹിതപ്രകാരം ജീവിക്കുന്നവർക്കു മാത്രമേ അനശ്വരതയിൽ ജീവൻ ലഭ്യമാവുകയുള്ളു എന്നത് അദ്ദേഹത്തിന്റെ പ്രധാന പ്രബോധനങ്ങളിൽ ഒന്നാണ്. തിരുമേനിയുടെ അഭിപ്രായത്തിൽ സഭാജീവിതം അതിന്റെ ആരാധനയിൽ ദൃശ്യമാകുന്നു. വിശ്വാസികൾ ആരാധനാജീവിതം നയിക്കുന്നതുവഴി അനശ്വരതയിലേക്കും ദൈവീകരണത്തിലേക്കും പ്രയാണം ചെയ്യുന്നു. ആരാധിക്കുന്ന സഭയിൽ സ്വർഗ്ഗവും ഭൂമിയും സമന്വയിക്കുന്ന ക്രമമാണുള്ളതെങ്കിൽ വാങ്ങിപ്പോയവരും ജീവനോടിരിക്കുന്നവരും അവിടെ സംഗമിക്കുന്നു. ദൃശ്യരും അദൃശ്യരുമായ വിശുദ്ധരുടെ സമൂഹമാണ് സഭയെന്നർത്ഥം. വാങ്ങിപ്പോയവർ ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ പകർന്നു നൽകിയ നല്ല മാതൃകകൾ ജീവനോടെയിരിക്കുന്നവർക്ക് ശരിയായ ജീവിതം നയിക്കുവാൻ സഹായകരമാകുന്നു.

**ഉപസംഹാരം**

പരിശുദ്ധ ദിദിമോസ് വലിയ ബാവായുടെ ദൈവശാസ്ത്രം താബോറിന്റെ ദിവ്യാനുഭവമാണ്. മുഖവും ശരീരവും ശരീരത്തിലണിഞ്ഞിരിക്കുന്ന വസ്ത്രങ്ങൾ പോലും പ്രകാശീകരിക്കപ്പെട്ടു വെൺമയാകുന്ന വലിയ രൂപാന്തരത്തിന്റെ അനുഭവമാണത്. താബോർ മലയിലെ തേജസ്കരണമെന്ന രൂപാന്തരാനുഭവത്തിലൂടെ ത്രീയേകദൈവവുമായി ഏകീഭവിക്കുന്ന അവർണ്ണനീയ അനുഭവം. വികാരത്തള്ളലിന്റെ വൈകൃതങ്ങളില്ലാതെ പരിശുദ്ധാത്മ നിറവിൽ ദൈവാരാധനയിൽ അലിഞ്ഞുചേരുന്ന ഉപനയനവും ഉപാസനയുമാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്രം. പ. പിതാവിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ!

# ഓർമ്മയിലെ ദിദിമോസ് ബാവാ

## യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ

1972-73 കാലങ്ങളിൽ കൊച്ചുപയ്യനായി ഓതറ ദയറായിൽ അഭിവന്ദ്യനായ തോമസ് റമ്പാച്ചന്റെ ശിക്ഷണത്തിൻകീഴിൽ സുറിയാനി അഭ്യസിച്ചുകൊണ്ടിരുന്ന കാലത്താണ് ആദ്യമായി പ. ദിദിമോസ് (അന്ന് തോമസ് മാർ തീമോത്തിയോസ്) ബാവായെ കാണുന്നത്. ആ സന്യാസിയുടെ രൂപഭാവങ്ങളിൽ അന്നേ ഞാൻ ആകൃഷ്ടനായിരുന്നു. കുറെയേറെ നേരം സഭാവിശേഷങ്ങളും, കൂദാശാ സംബന്ധമായ വിഷയങ്ങളും തിരുമേനിയും റമ്പാച്ചനും ചർച്ച ചെയ്തുകൊണ്ടിരുന്നു. അതിനുശേഷം സെമിനാരി അഭ്യസനകാലത്ത് തിരുമേനിയെ കണ്ടിട്ടുണ്ടെങ്കിലും, കൊരട്ടി അരമനയിൽ ശെമ്മാശനായി താമസിക്കുമ്പോഴാണ് തിരുമേനിയുമായി മിണ്ടുവാനും അടുത്തിടപഴകുവാനും കഴിഞ്ഞിട്ടുള്ളത്. തിരുമേനി മലബാറിന് പോകുന്ന വഴിക്ക് അരമനയിൽ കയറി യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുമായി പലവിധ കാര്യങ്ങളും ചർച്ച ചെയ്യുമായിരുന്നു. അവർ തമ്മിൽ നല്ല അടുപ്പവും സ്നേഹബന്ധവുമായിരുന്നു.

പിന്നീട് പലപ്പോഴും തിരുമേനിയെ കാണുവാനും സംസാരിക്കുവാനും കഴിഞ്ഞിരുന്നു. ഞാൻ വെട്ടിക്കൽ ദയറാ മാനേജർ ആയിരിക്കുന്ന കാലത്ത് തിരുമേനി നിയുക്ത കാതോലിക്കാ ആയിരുന്നു. വെട്ടിക്കൽ ദയറായുടെ പുരോഗമന പ്രവർത്തനങ്ങൾ സമർപ്പിക്കുവാനും ചർച്ച ചെയ്യുവാനും ഒരു ദിവസം ഞാൻ ദേവലോകത്ത് ചെല്ലുകയുണ്ടായി. കാലത്ത് 9 മണി മുതൽ 12 മണി വരെ ഞാൻ അന്ന് ദേവലോകത്ത് കാത്തുനിന്നു. അന്ന് പ. ബാവാ തിരുമേനിക്കും നിയുക്ത ബാവാ തിരുമേനിക്കും നല്ല തിരക്കുള്ള ദിവസമായിരുന്നു. ഇടയ്ക്ക് ഒരു കമ്മിറ്റിയിൽ നിന്ന് വേറൊരു കമ്മിറ്റിയിലേക്ക് പോകുന്ന സമയത്ത് നിയുക്ത ബാവാ തിരുമേനി എന്നെ വിളിച്ച് ചോദിച്ചു, 'ഒത്തിരി നേരമായല്ലോ നിൽക്കുവാൻ തുടങ്ങിയിട്ട്, എന്താ കാര്യം?' ഞാൻ വിവരം ചുരുക്കത്തിൽ അവതരിപ്പിച്ചു. എല്ലാം കേട്ട് കഴിഞ്ഞ് തിരുമേനി: "സഭ അവിടെ ഒരു വിശ്വസ്തനായ മാനേജരെ ആക്കിയിട്ടുണ്ട്, ഈ പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധയോടും, സുതാര്യതയോടും, പ്രാർത്ഥനയോടും ചെയ്യുവാനായിട്ടാണ് അവിടെ ആക്കിയിരിക്കുന്നത്." ഇത് പറഞ്ഞിട്ട് തിരുമേനി അതിവേഗം ബാവായോടൊപ്പം പോയി. എന്റെ സഭയുടെ പിതാക്കന്മാർ എന്നെ ഏൽപ്പിച്ചത് വൻ കാര്യമാണെന്നും അവർക്കെന്നെ വിശ്വാസമുണ്ടെന്നും, എനിക്ക് ആലോചനാപൂർവ്വം ചെയ്യാമെന്നുമുള്ള വിശ്വാസം ആ വാക്കുകൾ നിമിത്തം എന്നെ

കൂടുതൽ ശക്തനാക്കി. അതിന് ശേഷമാണ് വെട്ടിക്കൽ ദയറായിലെ പല വികസന പ്രവർത്തനങ്ങളും ചെയ്തു തീർക്കാൻ സാധിച്ചത്.

തിരുമേനിക്ക് എന്നോട് അതീവ വാത്സല്യം ഉണ്ടായിരുന്നു. ആയതിന് കാരണം തിരുമേനിക്ക് യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയോടും, മാർ ഐറേനിയോസ് തിരുമേനിയോടും ഇപ്പോൾ പീരുമേടുള്ള ബർസ്ലീബി റമ്പാച്ചനോടും ഉള്ള അടുപ്പമായിരിക്കണം. പ. പരുമല തിരുമേനിയുടെ ആത്മീയ സാന്നിദ്ധ്യം ദയറായ്ക്ക് ഉണ്ടായിരുന്നതുകൊണ്ട്, വെട്ടിക്കൽ ദയറായോട് തിരുമേനിക്ക് വലിയ ആദരവും ബഹുമാനവും ആയിരുന്നു. പരിശുദ്ധ പരുമല തിരുമേനിയെ, തന്റെ ഏറ്റം പ്രാധാന്യം അർഹിക്കുന്ന മദ്ധ്യസ്ഥനായി കണക്കാക്കിയിരുന്നു. അദ്ദേഹത്തെപ്പോലെ പ്രാർത്ഥനയും, ജീവിത വിശുദ്ധിയും, ദൈവസാന്നിദ്ധ്യബോധമുള്ളവനും ആയിരിക്കണമെന്ന് എപ്പോഴും പറയുമായിരുന്നു. അവിടെ ഇടതടവില്ലാതെ പ്രാർത്ഥന നടക്കണമെന്ന് ആഗ്രഹിച്ചിരുന്നവരിൽ ഒരാളായിരുന്നു തിരുമേനി. കൂടാതെ, പരുമല തിരുമേനി തുടങ്ങിവെച്ച ദയറാസമൂഹം പുനരുജ്ജീവിപ്പിക്കണമെന്നും അദ്ദേഹം പറയുമായിരുന്നു. അതുകൊണ്ട് തന്നെയായിരിക്കണം ആ പരിശുദ്ധ ദയറായിൽ എഴുന്നള്ളി വന്ന് എനിക്ക് റമ്പാൻ സ്ഥാനം നൽകിയത്. തിരുമേനിയുടെ മനസ്സിൽ ഉദിച്ചുയർന്നതാണ് 'യൽദോ' എന്ന നാമകരണം. ആദ്യമെനിക്ക് അത് അത്ഭുതം ഉള്ള വാക്കിയെങ്കിലും പിന്നീട് അത് നന്നായി എന്ന് തോന്നിത്തുടങ്ങി. തിരുമേനിയെക്കുറിച്ച് വ്യക്തിപരമായി ഒത്തിരിയേറെ എനിക്ക് പറയാനുണ്ടെങ്കിലും അതിന് തുനിയാതെ ഞാൻ കണ്ട എന്റെ പിതാവിനെക്കുറിച്ച് പറയട്ടെ.

ആരുടെയും മനസ്സ് കവരുന്നതായിരുന്നു ആരാധനാ സമയത്തെ മനോഹരമായ ശബ്ദവും മുഖത്തെ പ്രഭയും. ആരാധന അനാവശ്യമായി വലിച്ച് നീട്ടിയിരുന്നില്ല. ഒരു മൂത്താശാരിയെപ്പോലെ (വലിയ തച്ചൻ) ആത്മീയ കൈമിടുക്കോടും, മെയ്‌വഴക്കത്തോടും സ്വർഗ്ഗീയ ആരാധന എന്ന കലാശില്പത്തെ കൂടുതൽ സൗന്ദര്യവും, ശ്രവണാനന്ദകരവും, നയനാനന്ദകരവുമാക്കി തീർത്തിരുന്നു. പരിശുദ്ധാത്മ കൃപയും വേണ്ടുവോളം ആ പരിശുദ്ധ പിതാവിൽ ഉണ്ടായിരുന്നു. കമ്മിറ്റികളും, പൊതുയോഗങ്ങളും, ആലോചനാ സമിതികളുമെല്ലാം സഭയുടെ നന്മയ്ക്കും, കെട്ടുപണിക്കും സഭയുടെ കൊമ്പ് ഉയരുന്നതിനും ആയിത്തീരണമെന്ന നിഷ്കർഷയോടെ അവയെ നയിച്ച് നടത്തി. വലിയ ഒച്ചപ്പാടുകളോ ബഹളങ്ങളോ കൂടാതെ അവയെല്ലാം ഭംഗിയാക്കിത്തീർത്തിരുന്നു. വി. യോഹന്നാൻ 6:21-ൽ 'അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു, ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തിപ്പോയി.' തിരുമേനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ വാക്യം ഓർമ്മയിൽ വരുന്നു. ദൈവം ജീവിത

പടകിൽ ഉണ്ടായിരുന്നതു കാരണം, തന്നെ ഏൽപ്പിച്ച ചുമതലകൾ എത്തേണ്ടിടത്ത് എത്തിക്കുവാൻ സാധിച്ചു.

ഒരു യഥാർത്ഥ ദൈവിക മനുഷ്യനും പ്രാർത്ഥനാ മനുഷ്യനും സന്യാസിയുമായിരുന്നു തിരുമേനി. സന്യാസത്തിന്റെ മുഖമുദ്രയായ മൗനത്തിന്റെ സൗന്ദര്യവും, മൗനത്തിന്റെ വാചാലതയും ആ മുഖത്ത് സ്പഷ്ടമായിരുന്നു. പറയുന്ന വാക്കുകളേക്കാൾ കൂടുതൽ വായിച്ചെടുക്കുകയും, കേൾക്കുകയും വളരെ ചുരുക്കം പറയുകയും ചെയ്തിരുന്നു. യാമപ്രാർത്ഥനകൾ കഴിഞ്ഞുള്ള പ്രാർത്ഥനകൾ അദ്ദേഹത്തെ ഒരു ദൈവമനുഷ്യനാക്കി. ഇതിൽ നിന്നെല്ലാം ഉടലെടുത്ത ദൈവകൃപകൊണ്ടാണ് വളരെ ചുരുക്ക കാലം മാത്രം കാതോലിക്കാ സ്ഥാനത്തിരുന്നുള്ളു എങ്കിലും, സഭയ്ക്കായി വൻ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. എല്ലാ സഭകളുമായിട്ടുള്ള ബന്ധം രൂഢമൂലമായിരുന്നു. നിർത്തേണ്ടവരെ നിർത്തേണ്ട സ്ഥലത്ത് നിർത്തുമായിരുന്നു. കഴിയുന്നത്ര എല്ലാവരേയും പ്രോത്സാഹിപ്പിക്കുമായിരുന്നു എങ്കിലും ആരെയും തലയിൽ കയറ്റി ഇരുത്തുമായിരുന്നില്ല. ഒന്നാം സങ്കീർത്തനത്തിലെ ഒന്നാം വാക്യം അന്വർത്ഥമാക്കിയിരുന്നു. മുൻഗാമിയെ ഹൃദയപൂർവ്വം സ്നേഹിക്കുകയും, ആദരിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. പിൻഗാമിയെ കണ്ടെത്തുന്നതിനും വാഴിച്ച് അവരോധിക്കുന്നതിനും പൂർണ്ണ മനസ്സോടെ അധികാരങ്ങൾ കൈമാറുന്നതിനും അദ്ദേഹം മടിച്ചില്ല. സഭയെ തന്നാലാകുന്നവിധം പരിശുദ്ധാത്മ കൃപയോടെ നേരായി നയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. തന്റെ നാഥന്റെ അടുക്കലേക്കുള്ള യാത്രയ്ക്ക് അവസാനം കുഴിമാടത്തിലേക്ക് എടുക്കുന്ന സമയത്ത് പള്ളിയുടെ വടക്കേ മുറ്റത്ത് എത്തിയപ്പോൾ ഗാർഡ് ഓഫ് ഓണറിന് വച്ച സമയത്ത് വളരെ ലഘുവായി മഴ ചാറിയിരുന്നത് ഇപ്പോഴും ഓർക്കുന്നു. അത് സ്വർഗ്ഗത്തിൽ നിന്നുള്ള പുഷ്പവൃഷ്ടി ആയിരുന്നില്ലേ എന്ന് കരുതേണ്ടിയിരിക്കുന്നു. ആ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കെന്നും കൂട്ടായിരിക്കട്ടെ.

# വ്രതശുദ്ധിയുടെ ശ്രേഷ്ഠ മാതൃക

## ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

സന്യാസത്തിന്റെ സൗന്ദര്യവും ത്യാഗത്തിന്റെ നൈർമ്മല്യവും സമ ന്വയിപ്പിച്ച പിതാവായിരുന്നു പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ. ഒമ്പത് പതിറ്റാണ്ടിലധികം നീണ്ടു നിന്ന ത്യാഗസുരഭിലമായ ആ ജീവിതം സ്വയം പ്രകാശിക്കുകയും മറ്റു ള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുക എന്ന സൂര്യധർമ്മം നിറവേറ്റി. പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും സാഹചര്യത്തിൽ മൂന്നുനാല് പതിറ്റാണ്ട് മലബാർ ഭദ്രാസനത്തെ പിതൃതുല്യമായ വാത്സല്യത്തോടെ നയിച്ച അദ്ദേഹം ആധുനിക താബോർ ദയറായുടെ രാജശില്പി കൂടി യാണ്. വ്യക്തിപരമായി, എന്നെ ഞാനാക്കിയ എന്റെ ആത്മീയ പിതാ വാണ് അദ്ദേഹം. ഒരുപാട് വാത്സല്യവും കരുതലും അദ്ദേഹം എനിക്ക് പകർന്ന് നൽകിയിട്ടുണ്ട്. സന്യാസജീവിതം ആഗ്രഹിച്ച് 15 വയസ്സു മാത്രം പ്രായമുള്ള 'ജോസഫ്' എന്ന ബാലനായി 1971-ൽ പത്തനാപുരം ദയറാ യുടെ പടവുകൾ ഞാൻ കയറിയപ്പോൾ സ്ഥാപകാചാര്യനായിരുന്ന പുണ്യശ്ലോകനായ മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനിയോടൊപ്പം, അദ്ദേഹത്തിന്റെ ശിഷ്യനായി ഈ പ. പിതാവും ദയറായിൽ ഉണ്ടായി രുന്നു. അന്ന്, തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ആയി രുന്ന പ. പിതാവ്, ദയറായിൽ സന്യാസജീവിതത്തിന്റെ ശ്രേഷ്ഠ മാതൃകയും നേതൃത്വവുമായിരുന്നു.

മദ്ബഹായിലെ ശുശ്രൂഷകൻ മുതൽ മെത്രാപ്പോലീത്താ സ്ഥാനം വരെയുള്ള പൗരോഹിത്യത്തിന്റെ പടവുകൾ ഈ പ. പിതാവിൽ നിന്ന് പ്രാപിക്കുവാൻ ഇടയായത് ജീവിതത്തിലെ അസുലഭ ഭാഗ്യമായി ഞാൻ കരുതുന്നു. അത് ദൈവം എനിക്ക് മാത്രം കരുതിവെച്ച ശ്രേഷ്ഠ ദാനം. മെത്രാപ്പോലീത്താ ആയപ്പോൾ, വളരെ വാത്സല്യപൂർവ്വം അദ്ദേഹത്തിന്റെ ആത്മീയ പിതാവായ മാർ തോമ്മാ ദീവന്നാസിയോസിന്റെ തന്നെ എപ്പി സ്കോപ്പൽ നാമം ബലഹീനനായ എനിക്ക് തന്നരുളി അനുഗ്രഹിച്ചു എന്നത് ഒരു പക്ഷേ ദൈവനിയോഗമായിരിക്കാം.

അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് അടുത്തും അകലെയുമായി നിന്ന് എനിക്ക് വായിച്ചെടുക്കുവാൻ കഴിഞ്ഞ നാല് ശ്രേഷ്ഠതകൾ സൂചി പ്പിക്കുവാൻ മാത്രം ഈ ലേഖനത്തിലൂടെ ശ്രമിക്കുകയാണ്.

### 1. സന്യാസത്തിന്റെ തനിമ

യാതൊരു ഏച്ചുകെട്ടലുകളും, പ്രസിദ്ധീകരണങ്ങളുടെ ജാടകളുമില്ലാതെ പൗരസ്ത്യ സന്യാസത്തിന്റെ തനിമ എല്ലാ അർത്ഥത്തിലും തന്റെ ജീവിതത്തിൽ സാർത്ഥകമാക്കി. വ്രതശുദ്ധിയുടെ പാഠങ്ങൾ സ്വജീവിതത്തിലൂടെ പകർന്നു നൽകിയ ഈ മഹിതാചാര്യൻ തന്റെ ജീവിതത്തെ തന്നെ ശിഷ്യർക്ക് മുമ്പിൽ ഒരു തുറന്ന പുസ്തകമാക്കി മാറ്റി. ആർജ്ജനത്തിൽ വിമുഖനായിരുന്ന പ. പിതാവ് വർജ്ജനത്തിലാണ് ആനന്ദം കണ്ടെത്തിയത്. തന്റെ ഗുരുക്കന്മാരിൽ നിന്നും ലഭിച്ച സന്യാസപരിശീലനം അദ്ദേഹത്തിന്റെ സന്യാസജീവിതത്തിന്റെ അടിത്തറയായിരുന്നു. ഭാരതീയ മുനിമാരെപ്പോലെ കഠിനശിക്ഷണവും വ്രതനിഷ്ഠകളും അദ്ദേഹം സ്വാത്മനാ വരിച്ചിരുന്നു. എന്നെ ഏറ്റവും അധികം ആകർഷിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ സന്യാസ നിസ്സംഗത (Ascetic undifference) ആയിരുന്നു. കൊച്ചു മെത്രാച്ചനായും, ആശ്രമാദ്ധ്യക്ഷനായ വലിയ മെത്രാപ്പോലീത്തായും നിയുക്ത കാതോലിക്കായായും കാതോലിക്കായും സഭയുടെ പരമാദ്ധ്യക്ഷനായും ഒക്കെ പല നിലകളിലും സ്ഥാനങ്ങളിലും അദ്ദേഹം ഉയർന്നപ്പോഴും ഒരേഭാവം മാത്രമേ അദ്ദേഹത്തിൽ വീക്ഷിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുള്ളു. അധികാരസ്ഥാനലബ്ധിയിൽ ഭ്രമത്വമോ മറ്റോ ഒരിക്കലും അദ്ദേഹത്തിൽ കണ്ടിരുന്നില്ല. എല്ലായ്പ്പോഴും ഒരു ഉത്തമ സന്യാസഭാവം - അതായിരുന്നു അദ്ദേഹത്തിന്റെ സ്ഥായിയായ ഭാവം. ആരോടും പ്രത്യേക അടുപ്പമോ അകൽച്ചയോ പാലിച്ചിരുന്നില്ല. ഒരു സന്യാസി, ക്ഷേത്രപ്രതിഷ്ഠയ്ക്ക് തുല്യമായിരിക്കണം. പാലഭിഷേകമോ നെയ്യഭിഷേകമോ എന്തു ചെയ്താലും നിസ്സംഗതയുടെ ഒരേ ഒരു ഭാവം മാത്രമാണ് പ്രതിഷ്ഠക്ക് ഉള്ളത്. വലിയ തിരുമേനിയിൽ നിന്ന് ലഭിച്ച ഉത്തുംഗമായ ഈ സന്യാസപാഠം തീർത്തും സ്വാംശീകരിച്ച പിതാവായിരുന്നു വലിയ ബാവാ തിരുമേനി. ആരാധനയും ഈശ്വരസംസർഗ്ഗവുമാണ് ഒരു സന്യാസിയുടെ പ്രഥമ ധർമ്മം. പ. പിതാവ് ആരാധനയ്ക്കായി യാമങ്ങളുടെ കാവൽക്കാരനായിരുന്നു എന്നത് എത്രയോ അന്വർത്ഥമാണ്.

### 2. മൗനത്തിന്റെ വാചാലത

'മൗനം' മുനിയുടെ ഭാവവും ആഭരണവുമാണ്. ആഴമായ ഭക്തിയും സമ്പുഷ്ടമായ ആരാധനാജീവിതവും പ്രാർത്ഥനാനിർഭരമായ മൗനവും സമ്മേളിച്ച പരിശുദ്ധ പിതാവ് തന്റെ ശിഷ്യർക്ക് അത്ഭുതവും ആരാധനാപാത്രവുമായിരുന്നു. ദയറായിൽ യാമനമസ്കാരങ്ങൾക്കു ശേഷം അദ്ദേഹം പകർന്നു നൽകിയ ഉപദേശങ്ങൾക്കും വേദപാഠങ്ങൾക്കും പിന്നീട് പാഠപുസ്തകത്തിൽ നിന്ന് ലഭിച്ച വേദശാസ്ത്രത്തേക്കാൾ ശോഭ

യുണ്ടായിരുന്നു. മിതഭാഷിയായിരുന്ന അദ്ദേഹം അത് ലംഘിക്കുന്നത് യാമനമസ്കാരങ്ങൾക്കും പ്രാർത്ഥനകൾക്കും പ്രബോധനങ്ങൾക്കും മാത്രമായിരുന്നു. ആ വാക്കുകൾക്ക് കാന്തികമായ ആകർഷണീയതയും ആത്മിക ഉൾക്കാഴ്ചകളുടെ പ്രകാശവും ഉണ്ടായിരുന്നു. പ്രയാസഘട്ട ങ്ങളിൽ ഇന്നും പാഥേയമായും കുളിർമഴയായും ഞാൻ ആശ്വസിക്കു ന്നത് ആ വാക്കുകളുടെ സ്മരണകളിലാണ്.

മൗനത്തിന്റെയും ധ്യാനത്തിന്റെയും പശ്ചാത്തലത്തിൽ കടഞ്ഞെടുത്ത അദ്ദേഹത്തിന്റെ വേദപാഠങ്ങളും ദൈവശാസ്ത്രവും അക്കാദമിക്ക് തല ത്തിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ ശക്തവും ആഴവും ഉള്ളതായിരുന്നു. ഓരോ പട്ടംകൊടയ്ക്കും മുമ്പ് അദ്ദേഹം സ്വന്തം കൈപ്പടയിൽ വേദാധി ഷ്ഠിതമായ ഉപദേശകുറിപ്പുകൾ നൽകുമായിരുന്നു. അതൊക്കെ വളരെ ആഴമുള്ള ദൈവിക പാഠങ്ങൾ ആകുന്നു. തങ്കംപോലെ അവയൊക്കെയും ഇന്നും സൂക്ഷിക്കുന്നുണ്ട്. പ. എപ്പിസ്കോപ്പൽ സുന്നഹദോസ്സുൾപ്പെടെ പ. പിതാവ് അദ്ധ്യക്ഷം വഹിക്കുന്ന എല്ലാ മീറ്റിംഗുകളിലും മൗനത്തിന്റെ ഭാഷ അദ്ദേഹം പ്രയോഗിച്ചു. പക്ഷേ അതൊക്കെയും വാക്കുകൾക്ക് അതീതമായ വാചാലതയുള്ളതായിരുന്നു.

### 3. ആരാധനയുടെ സ്വർഗ്ഗീയത

പ. പിതാവിന്റെ ആരാധന ഹൃദ്യവും സ്വർഗ്ഗീയവും ആയിരുന്നു. ജന്മനാ അദ്ദേഹത്തിന് ലഭിച്ച സ്വരമാധുര്യം ദൈവിക വരദാനമായിരുന്നു. ഭക്തിയും, നിഷ്ഠയും, വിശുദ്ധിയും, ഒരുക്കത്തോടെയുള്ള സമർപ്പണവും ആയിരുന്നു അദ്ദേഹത്തിന്റെ ഹൃദ്യവും സ്വർഗ്ഗീയവുമായ ആരാധനയുടെ പിൻബലവും അടിസ്ഥാനവും. മലങ്കരയിലെ മക്കൾ അദ്ദേഹത്തിന്റെ ആരാധനാസൗന്ദര്യം പെട്ടെന്ന് മറക്കുകയില്ല എന്നത് യാഥാർത്ഥ്യമാണ്. അത്രമാത്രം സ്വർഗ്ഗവും ഭൂമിയും സമ്മേളിക്കുന്ന ആരാധന ആയിരുന്നു അദ്ദേഹത്തിന്റേത്.

### 4. ഭരണപാടവത്തിന്റെ നൈസർഗ്ഗീയത

അധികാരത്തിന്റെ ഭരണപാടവമായിരുന്നില്ല അദ്ദേഹം കാഴ്ചവെച്ചത്. മറിച്ച് തെളിമയുടെയും, ഭക്തിയുടെയും സഭാ പ്രതിബദ്ധതയുടെയും, പൈതൃക സ്നേഹവാത്സല്യത്തിന്റെയും ചുവടുപിടിച്ചുള്ള ഭരണനയമാ യിരുന്നു പ. പിതാവിന്റേത്. ഡിപ്ലോമസിയുടെ ജാടകളോ, പക്ഷംചേര ലിന്റെ പോരായ്മയോ, വക്രതയുടെ രഹസ്യഭാവങ്ങളോ ഒന്നും അതിൽ ലവലേശം കലരുവാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. ഏതാണ്ട് 40 വർഷ ത്തോളം മലബാർ ഭദ്രാസനത്തെ അദ്ദേഹം നയിച്ചു. പൗരസ്ത്യ കാതോ ലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ആ പിതാവ് പ. സഭയെ

നയിച്ച കാലഘട്ടം സഭയ്ക്ക് ദൈവകൃപയുടെ നിലയ്ക്കാത്ത നീരൊഴുക്ക് ലഭിച്ച പ്രശോഭിത ദിനങ്ങളായിരുന്നു.

പ. പിതാവിന്റെ നിത്യസ്മരണയ്ക്ക് മുമ്പിൽ പ്രണാമം ചെയ്യുന്നു. പ്രാർത്ഥനയിലൂടെ പ്രതിസന്ധികളെ സാദ്ധ്യതകളാക്കിയ ആ മുനിശ്രേഷ്ഠന്റെ നിലയ്ക്കാത്ത മദ്ധ്യസ്ഥത മലങ്കരസഭയെ കൂടുതൽ കരുത്തോടെ ഭാവിയിലേക്ക് നയിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

# ജീവനല്ല, ജീവിതമാണ് വലുതെന്ന് പഠിപ്പിച്ച പ. പിതാവ്

## ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

എന്നെ ഏറെ സ്നേഹിക്കുന്ന ഞാനേറെ ആദരിക്കുന്ന പ. പിതാവാണ് ദിദിമോസ് ബാവാ തിരുമേനി. അദ്ദേഹത്തെക്കുറിച്ച് ഇറങ്ങുന്ന സ്മരണികയിൽ ഏതാനും വരികൾ എഴുതുവാൻ കഴിയുന്നത് ഭാഗ്യമായി കരുതുന്നു.

കുന്നംകുളത്തുകാരനായ എനിക്ക് കുട്ടിക്കാലത്ത് അറിയാവുന്ന രണ്ട് പിതാക്കന്മാരായിരുന്നു കൊച്ചി മെത്രാസനത്തിന്റെ യൂഹാനോൻ സേവേറിയോസ് പിതാവും മലബാർ മെത്രാസനത്തിന്റെ തോമസ് മാർ തീമോത്തിയോസ് പിതാവും. പെരുന്നാളുകളിലും സമ്മേളനങ്ങളിലുമൊക്കെ അദ്ദേഹം നേതൃത്വം നൽകി സ്വർഗ്ഗീയമായ ആരാധനയും സാരവത്തായ പ്രസംഗങ്ങളും നടത്തുന്നതാണ് അദ്ദേഹത്തെക്കുറിച്ചുള്ള ആദ്യ ഓർമ്മ. ഭക്തിവൈരാഗ്യമുള്ള കണിശക്കാരനും കർക്കശസ്വഭാവിയുമായാണ് അന്നുമുതലേ അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നത്.

എന്റെ സെമിനാരി പഠനകാലത്ത് മലബാർ മെത്രാസനത്തിൽ നിന്നും മൂന്ന് വൈദിക വിദ്യാർത്ഥികൾ സഹപാഠികൾ ആയി ഉണ്ടായിരുന്നു. ശ്രീ. തോമസ് ജോർജ്ജ്, ശ്രീ. സാബു കുറിയാക്കോസ് (അഭി. അപ്രേം തിരുമേനി), ശ്രീ. എൻ. പി. ജേക്കബ്. മൂവരും എന്റെ അടുത്ത സുഹൃത്തുക്കളായിരുന്നതിനാൽ അവരോടൊപ്പം അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയോട് കൂടുതൽ അടുത്ത് ഇടപഴകുവാനും അവരിൽ നിന്നും തിരുമേനിയെ കുറിച്ച് ഏറെ ബഹുമാനത്തോടെ കേൾക്കുവാനും കഴിഞ്ഞിട്ടുണ്ട്. 'ഭയത്തോടും വിറയലോടും' കൂടെ അവർ തിരുമേനിയുടെ മുന്നിൽ നിൽക്കുമ്പോൾ കൂടെ നിൽക്കുവാനും ആരാധനയിൽ സംബന്ധിക്കുവാനും കഴിഞ്ഞിട്ടുണ്ട്. പക്വവും ക്രിസ്തുസ്നേഹത്തിൽ നിറഞ്ഞതുമായ പിതൃവാത്സല്യത്തോടെ ആ പിതാവ് അനേകം സന്ദർഭങ്ങളിൽ അവരോടും എന്നോടും ഇടപെട്ടിട്ടുള്ളത് ഒരിക്കലും മായാത്ത ഓർമ്മകളായി മനസ്സിൽ നിൽക്കുന്നു.

സെമിനാരി പഠനത്തിനുശേഷം സെമിനാരിയിൽ നിന്നുമുള്ള നിർദ്ദേശപ്രകാരം ഞാനും സാബു കുറിയാക്കോസ് അച്ചനും മദ്രാസിൽ ഗുരുകുൽ തിയോളജിക്കൽ കോളജിൽ മാസ്റ്റർ ബിരുദത്തിന് ചേർന്നു. എനിക്ക്

സ്കോളർഷിപ്പ് എന്റെ മെത്രാപ്പോലീത്താ അഭി. മിലിത്തിയോസ് തിരുമേനി (പ. പൗലൂസ് ദ്വിതീയൻ ബാവാ) തരാമെന്ന് സമ്മതിച്ചു. കുന്നംകുളത്തുനിന്നും ഞങ്ങൾ രണ്ടുപേരും കോഴിക്കോട് അരമനയിലെത്തി. സന്ധ്യാനമസ്കാരശേഷം അഭി. തീമോത്തിയോസ് തിരുമേനിയെ കണ്ട് കാര്യങ്ങൾ പറഞ്ഞു. കുന്നംകുളത്തെ അച്ചന് കുന്നംകുളത്തെ മെത്രാച്ചനാണ് സ്കോളർഷിപ്പ് നൽകുന്നത് എന്ന് സാബു അച്ചൻ ഉണർത്തിച്ചപ്പോൾ 'എന്റെ അച്ചന് ഞാൻ തരും' എന്ന് തിരുമേനി കൽപിക്കുകയും അപ്രകാരം ചെയ്യുകയും ചെയ്തു. അവിവാഹിതരും ചെറുപ്പക്കാരുമായിരുന്ന ഞങ്ങളെ രണ്ടുപേരെയും പ. ബാവാ തിരുമേനി ഏറെ സ്നേഹിച്ചിരുന്നുവെന്നതിന് നൂറുകണക്കിന് ഉദാഹരണങ്ങൾ ഉണ്ട്.

2002 ഒക്ടോബർ മാസത്തിൽ 21 ദിവസം പ. പിതാവിനെ ശുശ്രൂഷിക്കുവാനും അദ്ദേഹത്തോടൊപ്പം ജർമ്മനിയിലെ നമ്മുടെ ഇടവകകൾ സന്ദർശിക്കുവാനും Berlin, Vienna തുടങ്ങി യൂറോപ്പിലെ പല പട്ടണങ്ങളും സ്ഥലങ്ങളും അദ്ദേഹത്തെ കാണിക്കുവാനും അവസരം ലഭിച്ചതും ജീവിതത്തിലെ ഭാഗ്യമായി കാണുന്നു. ജർമ്മനിയിലെ ഇന്ത്യൻ ഓർത്തഡോക്സ് ഇടവകകളുടെ സംയുക്ത ഫാമിലി കോൺഫ്രൻസ് നടത്തുവാനും പ. പരുമല പെരുന്നാളിന് പ്രധാന കാർമ്മികത്വം വഹിക്കുവാനുമായിരുന്നു അദ്ദേഹം വന്നത്. ഒരുപാട് കാര്യങ്ങൾ അദ്ദേഹത്തിൽ നിന്നും കണ്ടും കേട്ടും പഠിക്കുവാനും അദ്ദേഹവുമായി ഏറെ അടുക്കുവാനും ആ സന്ദർശനം ഉപകരിച്ചു. നാട്ടിൽ തിരിച്ചെത്തിയശേഷം അദ്ദേഹം മടക്കയാത്രയുടെ വിവരണങ്ങളും ഒരു നന്ദിവാക്കും ഒപ്പം അനുഗ്രഹവചനങ്ങളും ചേർത്ത് സ്വന്തം കൈപ്പടയിൽ ഒരു കല്പന എഴുതി എനിക്ക് അയച്ചു തന്നത് ഒരു സ്വകാര്യനിധിയായി ഞാൻ ഇന്നും സൂക്ഷിക്കുന്നു. പ്രായത്തിന്റെയും രോഗത്തിന്റെയും ക്ഷീണാവസ്ഥയുള്ള ഒപ്പം നിയുക്ത കാതോലിക്കാസ്ഥാനവും മെത്രാസനഭരണവും അനേകം പ്രസ്ഥാനങ്ങളുടെ ചുമതലയുമുള്ള ഒരു പിതാവ് കേവലം നിസ്സാരനായ ഒരു വൈദികന് ഇങ്ങനെ ഒരു അനുഗ്രഹ കല്പന എഴുതുക എന്നത് അദ്ദേഹത്തിലെ വലിയ വ്യക്തിത്വത്തിന്റെ ഒരു നിദർശനമായി ഞാൻ കാണുന്നു.

ജർമ്മൻ സന്ദർശനശേഷം പിന്നീട് എപ്പോൾ കാണുമ്പോഴും – പിതൃതുല്യസ്നേഹത്തിൽ നിറഞ്ഞു നിന്നുകൊണ്ടാണ് 'പുലി കാട്ടിലാണോ വീട്ടിലാണോ' എന്ന ഒരു കോഡ് ഭാഷയിലൂടെ ഒരു ഉത്തമ സന്യാസിയുടെ വരുതിയിൽ നിന്നുകൊണ്ടുള്ള ചെറുപുഞ്ചിരിയോടെ എന്നോട് ചോദിക്കുകയും എന്തെങ്കിലും ചെറിയ ഉപദേശങ്ങൾ നൽകുകയും തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുകയും ചെയ്യും.

ഒരു സന്ധ്യയ്ക്ക് തിരുമേനിയുടെ സുഖവിവരങ്ങൾ അറിയുവാനും

ഒപ്പം അദ്ദേഹത്തിന്റെ പ്രിയ ശിഷ്യന്മാരിൽ ഒരാളും പ്രിൻസിപ്പൽ സെക്രട്ടറിയും ഒപ്പം എന്റെ സഹപാഠിയും ഒറ്റ സുഹൃത്തുമായ സാബു കുറിയാക്കോസ് അച്ചനുമായി കുറച്ച് സമയം ചെലവഴിക്കുവാനുമായി ദേവലോകം അരമനയിലെത്തി. എന്നാൽ തിരുമേനി ഒരു വിദേശയാത്രയിലാണെന്നും രാത്രി വൈകി തിരികെയെത്തുമെന്നും തിരുമേനിയെ കണ്ട ശേഷം പോയാൽ മതിയെന്നും പ്രിൻസിപ്പൽ സെക്രട്ടറി കല്പിച്ചു. 'കല്പന' അനുസരിച്ച് ദേവലോകത്ത് നിന്നു. ഏകദേശം വെളുപ്പിന് ഒരു മണിക്ക് തിരുമനസ്സുകൊണ്ട് ദേവലോകത്ത് എത്തി. വണ്ടി നിന്നിട്ടും അദ്ദേഹം ക്ഷീണിതനായിരുന്നതിനാൽ ഉറക്കത്തിലായിരുന്നു. ഉണർന്നപ്പോൾ സാബു അച്ചനും യൽദോ ശെമ്മാശനും ജോജോയും (ശ്രീ. ജേക്കബ് മാത്യു, ദുബായ്) കൂടെ അദ്ദേഹത്തെ കാറിൽ നിന്നും ഇറക്കി. ഞാൻ കൈ മുത്തി. ആ ഉറക്കക്ഷീണത്തിലും ചെറുപുഞ്ചിരിയോടെ എന്നെ സാകൂതം ഒന്നു നോക്കി ചോദ്യം ആവർത്തിച്ചു: 'പുലി കാട്ടിലോ കൂട്ടിലോ.' നൈസർഗ്ഗികമായ ഒരു ചിരിയും സമ്മാനിച്ചു.

ആ സമയത്ത് എന്നെ തിരുമേനി തിരിച്ചറിയുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. തിരിച്ചറിഞ്ഞില്ലെങ്കിൽ യാതൊരു പ്രയാസവും തോന്നുകയുമില്ലായിരുന്നു. എന്നാൽ വാത്സല്യത്തോടെ എന്നെ തിരിച്ചറിഞ്ഞപ്പോൾ എന്നിലുണ്ടായ സന്തോഷം വാക്കുകളിൽ വിവരിക്കുക പ്രയാസം.

പ. പിതാവിന്റെ ഭരണകാലത്ത് സഭയുടെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടതും അദ്ദേഹത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ 2010 മാർച്ച് 21-ന് റമ്പാൻ സ്ഥാനത്തേക്കും അതേ വർഷം മെയ് 12-ന് മെത്രാൻ സ്ഥാനത്തേക്കും വിളിച്ച് വേർതിരിച്ച് ശുദ്ധീകരിക്കപ്പെട്ടതും വലിയ ദൈവകൃപയും അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ കാണപ്പെട്ട ഒരു ഭാവവുമായി ഞാൻ മനസ്സിലാക്കുന്നു.

പ. പിതാവിനോടൊപ്പം പ. സുന്നഹദോസുകളിലും സമിതികളിലും ഇരിക്കുമ്പോൾ ദൈവമേ ഞാൻ ഇതിനു യോഗ്യനല്ലല്ലോ എന്ന് എപ്പോഴും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

പ. പിതാവാണ് കല്പന തന്ന് ബലഹീനനായ എന്നെ അഹമദാബാദ് മെത്രാസനത്തിലേക്ക് അയച്ചത്. പ. പിതാവിന്റെ കബറടക്ക ശുശ്രൂഷയിലും ഒന്നാം ഓർമ്മപ്പെരുന്നാളിലും സംബന്ധിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും കഴിഞ്ഞു. സമയം ലഭിക്കുമ്പോഴെല്ലാം ആ കബറിടത്തിൽ എത്തി പ്രാർത്ഥിക്കുകയും വി. കുർബാന അർപ്പിക്കുവാനും കഴിയുന്നത് അനുഗ്രഹപ്രദമായി കരുതുന്നു. പ. പിതാവിന്റെ ജീവിതവും പ്രാർത്ഥനയും നമുക്ക് എന്നും കോട്ടയും കാവലുമായിരിക്കട്ടെ.

# യാമങ്ങളുടെ കാവൽക്കാരൻ

## ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

വിശുദ്ധിയുടെ പരിമളം വിതറിയ സ്നേഹചൈതന്യമായിരുന്നു പ. വലിയ ബാവാ. നിരന്തരമായ പ്രാർത്ഥന, ധ്യാനം, മൗനം എന്നിവ എല്ലാം ആ ജീവിതത്തെ ശ്രേഷ്ഠമാക്കി. ഏഴു നേരത്തെ പ്രാർത്ഥനകളും വേദ വായനയും മുടങ്ങാതെ നടത്തിയ പുണ്യപിതാവ് ശ്രുതിമധുരമായ സംഗീതത്തിന്റെ ദിവ്യഗായകനായിരുന്നു. 'യാമങ്ങളുടെ കാവൽ ക്കാര'നാണ്. പ്രാർത്ഥനകൾക്കായി യാമങ്ങൾ നോക്കിപാർത്തിരുന്നു.

'ഞാൻ എന്റെ കണ്ണ് യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു' എന്ന സങ്കീർത്തനംപോലെ. ഒരു യാമപ്രാർത്ഥന പോലും മുടങ്ങിയിട്ടില്ല. പ്രാർ ത്ഥനയിലും ധ്യാനത്തിലും പ്രത്യേകമായ നിഷ്ഠ പുലർത്തി. വി. കുർബ്ബാ നയ്ക്കും ആരാധനകൾക്കും ശരിയായ തയ്യാറെടുപ്പും ഒരുക്കവും നട ത്തിയിരുന്നു.

പ്രതിസന്ധിഘട്ടത്തിൽ എല്ലാം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് അഭയപ്പെ ടുന്നത് വി. ദൈവമാതാവിനോടും പ. പരുമല തിരുമേനിയോടുമാണ്. വലിയ ബാവായുടെ ഗുരുക്കന്മാരെക്കുറിച്ചുള്ള ദീർഘമായ വർണ്ണന കൾക്ക് ഞാൻ സാക്ഷിയാണ്. തോമാ മാർ ദീവന്നാസ്യോസ്, പ. ഗീവർ ഗീസ് ദ്വിതീയൻ, പ. ഔഗേൻ പ്രഥമൻ തുടങ്ങിയ ഗുരുക്കന്മാരെക്കുറിച്ച് എപ്പോഴും പറയുമായിരുന്നു.

എന്റെ ജീവിതത്തെ വളരെ ആകർഷിച്ച വ്യക്തിത്വമാണ് 'വലിയ ബാവാ.' ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ ആരംഭിച്ച ബന്ധം ഇത്രത്തോളം എത്തി. ഒമ്പതാം ക്ലാസ്സിൽ വി. മദ്ബഹായിലെ ശുശ്രൂഷ കനായി കൈവയ്പ് നൽകി. ഇടവക സന്ദർശനത്തിന് എത്തുമ്പോൾ പ്രത്യേകമായ സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചു.

പൗരോഹിത്യസ്ഥാനത്തിലെ എല്ലാ നൽവരങ്ങളും നൽകിയത് എന്റെ ഗുരുവും പിതാവും മാർഗ്ഗദർശിയുമായ പ. വലിയ ബാവാ തിരുമേനി യാണ്.

2005 നവംബർ ഏഴു മുതൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സെക്രട്ട റിയായി പ്രവർത്തിക്കുവാൻ സാധിച്ചു. സെക്രട്ടറിയായി ചുമതല ഏറ്റ പ്പോൾ പ്രത്യേകമായി ഉപദേശിച്ചു:

'എല്ലാ കാര്യങ്ങളും ഭംഗിയായി ചെയ്യണം. അച്ചനു ചെയ്യുവാൻ സാധി ക്കാത്ത കാര്യങ്ങളെ എന്റെ അടുക്കൽ കൊണ്ടുവരാവൂ.'

വീണ്ടും അദ്ദേഹം മൂന്നു കാര്യങ്ങൾ പറഞ്ഞു:

'ഓരോന്നും ആലോചിച്ച് ഉചിത തീരുമാനങ്ങൾ കൈക്കൊള്ളണം. തീരുമാനങ്ങൾ നടപ്പിലാക്കുവാൻ വേഗത വേണം. ഞാൻ എഴുതുന്ന കല്പനകൾ പിൻവലിക്കുവാൻ ഇടയാകരുത്.'

ഭരണസംവിധാനങ്ങൾ സൂക്ഷ്മതയോടും കൃത്യതയോടും നിർവ്വഹിക്കുവാൻ പരിശീലിപ്പിക്കുകയായിരുന്നു എന്ന് പിന്നീടാണ് അറിഞ്ഞത്.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തെ ചോദ്യം ചെയ്ത് തർക്കം വന്ന അവസരത്തിൽ സുസ്ഥിരചിത്തനായി അദ്ദേഹം പറഞ്ഞു:

'എന്നെ ഈ സ്ഥാനത്തേയ്ക്ക് നിയമിച്ചത് ദൈവമാണ്. ആർക്കും അത് കളയുവാൻ കഴിയില്ല.'

കോടതിവിധി അനുകൂലമായി വന്നപ്പോഴും അതിൽ പ്രത്യേകമായ ഒരു ആഹ്ലാദവും പ്രകടിപ്പിച്ചില്ല.

ധീരത, സമചിത്തത, വിശ്വാസം എന്നിവയിലെല്ലാം ഉദാത്ത മാതൃക പ്രകടിപ്പിച്ചു. ഭാരതീയ സന്യാസശൈലിയും പൗരസ്ത്യ പിതാക്കന്മാരുടെ ജീവിതവും സമന്വയിപ്പിച്ച വ്രതനിഷ്ഠയുള്ള ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.

ദീർഘനേരത്തെ രഹസ്യപ്രാർത്ഥനയും ധ്യാനവും മുടങ്ങാതെ നടത്തിയിരുന്നു. രാത്രിയാമങ്ങളിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കും. അതിനാലാണ് പകൽസമയത്ത് ചിലപ്പോൾ ഉറങ്ങിപ്പോകുന്നത്.

മലബാറിൽ ഭദ്രാസനാധിപനായി 1966-ൽ ചുമതലയേൽക്കുമ്പോൾ രണ്ട് ഓടിട്ട പള്ളികളേ ഉള്ളൂ. എല്ലാം പുല്ലു മേഞ്ഞ കൊച്ചു പള്ളികൾ. കഠിനമായ അദ്ധ്വാനവും നിരന്തരമായ പ്രാർത്ഥനയും അസാധാരണമായ ധിഷണാശക്തിയുമാണ് മലബാർ ഭദ്രാസനത്തെ വളർത്തിയത്. ഇത് പ്രാർത്ഥനയിൽ നിന്നും ആർജ്ജിച്ച ആത്മീയ ഊർജ്ജമാണ്.

മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായും എന്ന നിലയിൽ മലങ്കരസഭയിൽ പൊതുവായി ഉണ്ടാക്കിയ അച്ചടക്കവും ക്രമീകൃതമായ ഭരണശൈലിയും ശ്രദ്ധേയമാണ്. മേല്പട്ടസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചതുകൊണ്ട് രണ്ടു പ്രാവശ്യമായി 14 പേരെ മെത്രാപ്പോലീത്തന്മാരായി വാഴിക്കുവാൻ കഴിഞ്ഞു.

ഗുരുഭക്തിയും ഗുരുവാത്സല്യവും കാത്തുസൂക്ഷിച്ച അദ്ദേഹം മുൻഗാമിയോടും പിൻഗാമിയോടും ആദരവോടും ഭക്തിയോടും ഇടപെട്ടു. പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയും, വലിയ ബാവായുടെ

ഏതൊരു ആഗ്രഹവും അതുപോലെ നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

2010 ഒക്ടോബർ 31-ന് സ്ഥാനത്യാഗം ചെയ്തെങ്കിലും പ്രാർത്ഥനയിലും ധ്യാനത്തിലും മൗനത്തിലും ദേവലോകത്ത് താമസിച്ചു. വളരെ അനുഗ്രഹകരമായ ശുശ്രൂഷകൾ ദേവലോകത്തും പരുമല ആശുപത്രിയിലും ലഭ്യമായി. സെക്രട്ടറിമാരായി പ്രവർത്തിച്ച യൽദോസ് ഏലിയാസ് അച്ചനും ലിജു ശമുവേൽ അച്ചനും ഭംഗിയായി വലിയ ബാവായെ പരിചരിച്ചു. പരുമല ആശുപത്രിയിലെ ഡോ. മാത്യു തോമസിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധമായ സംഘം വളരെ ഫലപ്രദമായ ചികിത്സകൾ ‘വലിയ ബാവാ’ തിരുമേനിയ്ക്ക് നൽകിയതും നന്ദിയോടെ ഓർക്കുന്നു.

പരുമല ആശുപത്രിയിൽ മെയ് 26-ന് വൈകിട്ട് 7.30-ന് ആ പുണ്യപിതാവ് ശാന്തമായി യാത്രയായി. ആ മുഖത്തെ ഗാംഭീര്യവും തേജസ്സും കണ്ടപ്പോൾ സത്യമായും അദ്ദേഹം ഒരു വിശുദ്ധ തേജസ്സായി... ആകാശവിതാനത്തിലെ നക്ഷത്രങ്ങൾ സംസാരിക്കാറില്ല. അവയുടെ പ്രകാശം ഹൃദ്യമാണ്. അതേപോലെ മൗനത്തെ പ്രണയിച്ച ഈ പുണ്യപിതാവിന്റെ നിത്യസാന്നിധ്യം ആനന്ദം പകരുന്ന മാധുര്യമാണ്. സ്വർഗ്ഗത്തിൽ ഇന്ന് ഒരു പരിശുദ്ധൻ ജനിച്ചിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ മുമ്പിൽ ശിരസ് നമിച്ച് മദ്ധ്യസ്ഥത യാചിക്കുന്നു.

# മലങ്കരയുടെ പാതിരാപക്ഷി

## ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ

പ. ബസേലിയോസ് ദിദിമോസ് പ്രഥമൻ ബാവാ തിരുമനസ്സിനെക്കുറിച്ച് കുറിക്കുന്ന വാക്കുകൾ ഒരു പരസ്യ കുമ്പസാരമാണെന്ന് കരുതുന്നതിൽ തെറ്റില്ല. ഞാൻ വൈദികനായിരുന്ന കാലത്ത് പല സന്ദർഭങ്ങളിലും അദ്ദേഹത്തെ വിമർശിച്ചിട്ടുള്ള ഒരു കാര്യം, മീറ്റിംഗുകളിൽ അദ്ദേഹത്തിന്റെ ഉറക്കത്തെക്കുറിച്ചായിരുന്നു. മിക്കവാറും മീറ്റിംഗുകളിൽ അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞാൽ താടിക്കു കൈ കൊടുത്ത് ഉറങ്ങാറുണ്ടായിരുന്നു. ഇത് കാണുന്ന ജനം എന്തു വിചാരിക്കുമെന്ന ചിന്തയിൽ നിന്നുമാണ് ഞാൻ അദ്ദേഹത്തെ വിമർശിച്ചിരുന്നത്. ഈ ഉറക്കം അദ്ദേഹത്തിനും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സഭയ്ക്കും നാണക്കേടു വരുത്തുന്നുവെന്നായിരുന്നു എന്റെ ചിന്ത.

എന്നാൽ ഇക്കാര്യത്തിൽ ഞാൻ പ. പിതാവിനോട് നേരിട്ടും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിലെ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന്റെ സന്ധ്യയിലെ പ്രസംഗത്തിൽ പൊതുവായും ക്ഷമ ചോദിക്കുകയുണ്ടായി. അപ്പോഴേക്കും തിരുമേനി ഇങ്ങനെ ഉറങ്ങിപ്പോകുന്നതിന്റെ കാരണം എനിക്ക് വ്യക്തമായിരുന്നു. ബേസിൽ ദയറായിലെ അംഗമായിരുന്ന ഞാൻ ദയറായുടെ ഗസ്റ്റ് മുറിയുടെ തൊട്ടടുത്തുള്ള മുറിയിലാണ് താമസിച്ചിരുന്നത്. അതിഥികളായി എത്തുന്നവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാനും അതു മൂലം എനിക്ക് ചുമതലയുണ്ടായിരുന്നു. ഒരു ദിവസം തിരുമേനി ബേസിൽ ദയറായിൽ അന്തിയുറങ്ങുവാനായി വന്നു. ഭക്ഷണവും സൂത്താറാ നമസ്കാരവും ഒക്കെ കഴിഞ്ഞ് ലൈറ്റ് ഓഫ് ചെയ്ത് തിരുമേനി ഉറങ്ങുവാൻ പോയി. എന്നാൽ ഏകദേശം രാത്രി പന്ത്രണ്ടു മണിയോടെ എന്തോ ശബ്ദം കേട്ട് ഉണർന്ന ഞാൻ, തിരുമേനി കിടക്കുന്ന മുറിയിൽ വെളിച്ചം കണ്ടതിനാൽ തിരുമേനിക്ക് എന്തെങ്കിലും ആവശ്യമുണ്ടോ എന്നറിയുവാൻ മുറിയുടെ സമീപം ചെന്നു. ജനലിൽകൂടി നോക്കിയ ഞാൻ കണ്ട കാഴ്ച മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന തിരുമേനിയെയാണ്. ആ പ്രാർത്ഥന കഴിഞ്ഞ് വീണ്ടും ലൈറ്റ് ഓഫ് ചെയ്തപ്പോഴേക്കും അര മണിക്കൂറോളം കഴിഞ്ഞിരുന്നു. പാതിരാത്രിയിൽ ഉണർന്ന് മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന ഒരു പിതാവ്. വീണ്ടും കിടന്നു കഴിഞ്ഞാലും ഉറങ്ങുന്നതിന് സമയം പിന്നെയും എടുക്കും. പാതിരാത്രിയിൽ ഉറങ്ങാത്തതിന്റെ ക്ഷീണം കൊണ്ടാണ് പകൽ സമയങ്ങളിൽ എവിടെയെങ്കിലും ഇരിക്കുമ്പോൾ തിരുമേനി ഉറങ്ങിപ്പോകുന്നത് എന്ന് അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്.

ഈ കുറിപ്പിന്റെ തലക്കെട്ട് മലങ്കരയുടെ പാതിരാപക്ഷിയെന്നാണ്. മറ്റു പക്ഷികൾ ഉറങ്ങുമ്പോൾ രാത്രിയിൽ പാടുന്ന ഏതാനും പക്ഷികൾ ലോകത്തിലുണ്ട്. മലങ്കരസഭയുടെ പാതിരാപക്ഷിയായിരുന്നു പ. പിതാവ്. നാമൊക്കെ ഉറങ്ങുമ്പോൾ ദൈവശബ്ദം പുറപ്പെടുവിക്കുമായിരുന്ന ഒരു പക്ഷി. "എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു" എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞത് ആക്ഷരികമായി പാലിച്ചിരുന്ന ഒരു പിതാവ്. ആരും കാണാതെയും ആരെയും കാണിക്കാതെയും പ്രാർത്ഥിക്കുന്ന വിശുദ്ധരായ പിതാക്കന്മാർ ഉണ്ടായിരുന്ന ഈ സഭയിലെ ആധുനിക കാലഘട്ടത്തിലെ കണ്ണിയായിരുന്നു പ. ബാവാ തിരുമേനി. പാതിരാത്രിയിൽ ഒറ്റയ്ക്ക് പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥിക്കുന്നവന്റെ ഉള്ളിലും പുറത്തും നിറഞ്ഞുനിൽക്കുന്ന ഒരു ശാന്തതയുണ്ട്. അത് അനുഭവിച്ചറിഞ്ഞതിനാലാവണം മൗനത്തിന്റെ ലാവണ്യം ആകുവാൻ ഈ പിതാവിന് കഴിഞ്ഞത്. ഈ സംസാരലോകത്തിൽ ഇത്തരം മുത്തുകളുടെ കുറവ് തീർച്ചയായും ഒരു നഷ്ടവും സമൂഹത്തിലെ പ്രതിസന്ധിയുമാണ്.

# ധാർമികതയുടെ ആൾരൂപം

## ഗീവർഗീസ് മാർ അത്താനാസ്യോസ്
## സഫ്രഗൻ മെത്രാപ്പോലീത്താ

കാലം ചെയ്ത പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ വേർപാട് ഉണർത്തിയ ദുഃഖസ്മരണയ്ക്ക് 2 വർഷം തികയുകയാണല്ലോ.

മനുഷ്യന് ദർശനം ഉണ്ടാകുന്നത് ഉദയവും, ഉപചയവും കാണുമ്പോഴല്ല, അസ്തമയവും അപചയവും കാണുമ്പോഴാണ്. ജീവിതം പൂർണ്ണ വിരാമത്തിലേക്ക് നീങ്ങുകയാണോയെന്ന് സന്ദേഹിക്കുന്ന ഘട്ടങ്ങളിലാണ് ജീവിതത്തിന്റെ ആസകലമായ വിലയിരുത്തൽ നടത്തേണ്ടി വരിക. അതുകൊണ്ടാണല്ലോ ടോയമ്പി പ്രഭൃതികൾ മനുഷ്യസംസ്കാരത്തിന്റെ ക്ഷയോന്മുഖതയുടെ വേദിയിൽ നിന്നുകൊണ്ട് തങ്ങളുടെ ചരിത്രദർശനങ്ങൾ അവതരിപ്പിച്ചത്.

മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ദൈവാലയത്തിൽ, കാലം ചെയ്ത കല്ലുമ്പുറത്ത് തിരുമേനിയോടൊപ്പം വി. കുർബ്ബാനയിൽ പങ്കെടുത്ത തോമസ് എന്ന ബാലന്റെ ശബ്ദമാധുര്യത്തിൽ ആകൃഷ്ടനാവുകയും, ഈ ബാലനെ തന്നോടൊത്ത് പത്തനാപുരത്തേക്ക് കൊണ്ടുപോവുകയും ചെയ്തിടത്താണ് ബാവായുടെ ആദ്ധ്യാത്മിക തീർത്ഥാടനത്തിന്റെ ആരംഭം.

ഒരു മനുഷ്യജീവിതത്തിൽ വളർച്ചയുടെയും ഉയർച്ചയുടെയും പടവുകൾ കയറുവാൻ സാധിക്കുന്നത് ദൈവത്തിന്റെ കാരുണ്യത്തോടൊപ്പം മനുഷ്യന്റെ മറ്റുള്ളവരെ കൈപിടിച്ചുയർത്തുവാനുള്ള ആഗ്രഹവും അതിനുവേണ്ടിയുള്ള കൈത്താങ്ങൽ മൂലവുമാണ് സാധ്യമാകുന്നത്.

വിദ്യാഭ്യാസ കാലത്ത് അത്യദ്ധ്വാനം ചെയ്ത് വിജയിക്കുവാൻ ബാവായ്ക്ക് സാധിച്ചു. പത്തനാപുരം കോളജിൽ അദ്ധ്യാപകനായി, ഓർത്തഡോക്സ് സഭയിൽ പട്ടക്കാരനായി, മെത്രാപ്പോലീത്തായായി ഒടുവിൽ സഭയുടെ പരമാദ്ധ്യക്ഷനായും തീരുന്നതിന് വലിയവനായ കർത്താവ് തന്റെ ദാസനെ സഹായിച്ചു. ഒരിക്കലും താൻ ആരോ ആണെന്നുള്ള ഭാവവും, താൻപോരിമയും ബാവായെ ബാധിച്ചിട്ടില്ല. ആ ദൈവദാസന്റെ സാന്നിദ്ധ്യം മനുഷ്യർക്ക് ആശ്വാസം പകർന്നു. ആ ചെറുപുഞ്ചിരി തിരുമേനിയെ വിശുദ്ധിയുടെ പരിവേഷം ചാർത്തുന്നതിന് ഉപകരിച്ചു. തിരുമേനി അനുഷ്ഠിക്കുന്ന വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന വിശ്വാസികൾ ഈ മണ്ണിലാണ് ചവിട്ടി നിൽക്കുന്നതെങ്കിലും അഭൗമി

കവും, അലൗകികവുമായ ഒരാദ്ധ്യാത്മിക മണ്ഡലത്തിലേക്ക് ഉയരുന്ന അനുഭവവും പങ്കെടുക്കുന്നവരെ സംബന്ധിച്ച് അനിതരസാധാരണമായ ഒരു സ്വർഗ്ഗീയ അനുഭൂതിയുമാണ്.

ധാർമ്മികതയുടെ ഒരു ആൾരൂപമായിരുന്ന ബാവാ തിരുമേനി വിശ്വാസ സമൂഹത്തിന് പ്രചോദനാത്മകമായ നേതൃത്വം നൽകി. പൊന്നും, ധനങ്ങളും അദ്ദേഹത്തിന് ഒരു പ്രലോഭനം ആയിരുന്നില്ല. കാമ്പുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നതിനാൽ മറ്റുള്ളവർക്ക് അദ്ദേഹത്തെ താഴ്ത്തിക്കെട്ടുവാൻ സാധിച്ചിരുന്നില്ല. കള്ളവും, അത്തരത്തിലുള്ള വഴികളും തനിക്ക് അന്യമായിരുന്നതിനാൽ വലിയ ശബ്ദകോലാഹലം കൂടാതെ ഇമ്പകരമായ തന്റെ ശബ്ദത്തിലൂടെയും വാചാലനല്ലാത്ത തിരുമേനി തന്റെ ജീവിതത്തിലൂടെയും, വാക്കുകളിലൂടെയും സഹയാത്രികരുമായി സത്യം പങ്കുവച്ച് അവസാനത്തോളവും നീങ്ങി.

രാജ്യത്തെ സാംസ്കാരികമായ അന്ധകാരത്തിൽ ഇടയ്ക്കിടെ ബാവാ തിരുമേനിയെപ്പോലെയുള്ള ഇത്തരം വെള്ളിനക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ അവയെ കരിക്കട്ടയാണെന്ന് പറയാൻ മുതിരുന്നവരെ നാം എന്തു പറയേണ്ടു? അന്യന്റെ ദുഃഖം കണ്ട് ഒരു തുള്ളി കണ്ണീർ പൊഴിക്കാനുള്ള മനഃസാക്ഷി നഷ്ടപ്പെട്ട രാജ്യമായി മാറുകയാണ് ഭാരതം. വർത്തമാന കാലത്തെ നെറികേടുകൾക്ക് നടുവിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാൻ ഏതോ പ്രാചീന ഗുഹയിൽ നിന്നു നീളുന്ന ഒരു ഹസ്തമാണ് മതം എന്നു നാം അറിയേണ്ടിയിരിക്കുന്നു.

കാലം ചെയ്ത ബാവാ തിരുമേനി ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി ദൈവത്തിന്റെ മാനദണ്ഡങ്ങൾ ഹൃദയത്തിലേറ്റി ജീവിതപാതയിൽ നീങ്ങിയപ്പോൾ ഈ ലോകം/വിശ്വാസ സമൂഹം മനസ്സിലാക്കി ദൈവ മാനദണ്ഡങ്ങൾ ഹൃദയശുദ്ധിയും, വിശ്വസ്തതയുമാണെന്ന്. വ്രതശുദ്ധിയുടെ ആ പൊൻനാളം സഭാഗാത്രത്തിൽ മഹിത കർമ്മങ്ങളാൽ പുത്തൻ എടുപ്പുകൾ കൂട്ടിച്ചേർത്തുകൊണ്ടിരിക്കെ, അരുമനാഥന്റെ നല്ലവനും വിശ്വസ്തനുമായ ദാസാ എന്ന ഇമ്പകരമായ ശബ്ദം കേട്ട് നിത്യതയുടെ തീരത്ത് ഹൃദയാവർജ്ജകമായ പ്രകാശം പരത്തി എന്നും പരിലസിക്കുന്നതിന് ആ സന്നിധിയെ പ്രാപിച്ചുകഴിഞ്ഞു.

എത്ര അർത്ഥവത്തായ ജീവിതം, എത്ര ശക്തമായ ജീവിത സാക്ഷ്യം, നമ്മുടെ ഇടയിൽ അവശേഷിപ്പിച്ചിരിക്കുന്ന സ്മരണകൾ എത്ര സുഗന്ധമേറിയത്? ജീവിതകാലത്ത് ഈ മണ്ണിൽ ചവിട്ടി നിന്നുകൊണ്ട് അനന്തതയിലേക്കും, നിത്യതയിലേക്കും കണ്ണുംനട്ട് മുമ്പോട്ട് പോയ ആത്മീയാചാര്യന്റെ ജീവിതത്തിന് അർത്ഥമുണ്ട്, മൂല്യമുണ്ട്, ആവേശമുണ്ട്. ആ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ദീപ്തമായ ഓർമ്മകൾ

## ജോഷ്വാ മാർ ഇഗ്നാത്തിയോസ്

### (മലങ്കര കത്തോലിക്കാ സഭയുടെ
### മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ)

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് കാതോലിക്കാ ബാവാ നമ്മെ വിട്ട് പിരിഞ്ഞിട്ട് രണ്ട് വർഷത്തോളമായി. വന്ദ്യ പിതാവിന്റെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ എന്റെ വിനീതമായ ഹൃദയാഞ്ജലി. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായി സേവനമനുഷ്ഠിക്കുന്ന സി. റ്റി. തോമസ് അച്ചനെ ഞാൻ ആദരവോടെ ഓർക്കുന്നു. ഇംഗ്ലീഷ് സാഹിത്യവും ഭാഷയും പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ തോമസ് അച്ചൻ എടുത്ത താൽപര്യവും വിദ്യാർത്ഥി സമൂഹം അച്ചനോടു കാണിച്ച മതിപ്പും എനിക്ക് നേരിട്ട് ബോധ്യമുള്ളതാണ്. സെന്റ് സ്റ്റീഫൻസ് കോളജിലെ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറും മേധാവിയും കോളജിന്റെ വൈസ് പ്രിൻസിപ്പളുമായി ബഹുമാനപ്പെട്ട അച്ചൻ നൽകിയ ധിഷണാപരമായ നേതൃത്വം പൊതുസമൂഹം നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിനും നൽകിയ നേതൃത്വവും വിലമതിക്കുന്നു.

പത്തനാപുരം മൗണ്ട് താബോർ ദയറായിൽ താമസിക്കുമ്പോൾ പത്തനാപുരത്തെ വിവിധങ്ങളായ വികസന പ്രവർത്തനത്തിന് തോമസച്ചൻ സമഗ്രമായ നേതൃത്വം നൽകി. വിവിധങ്ങളായ കാരുണ്യപ്രവർത്തികൾ ചെയ്യുവാനും സുമനസ്സുകളെ കൂട്ടിയോജിപ്പിച്ച് നന്മ പ്രവർത്തികൾ ചെയ്യുവാനും തോമസച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. തോമസച്ചന്റെ വിശുദ്ധിയും നേതൃപാടവവും വിലമതിച്ച് 1966 ആഗസ്റ്റ് 24-ൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ അദ്ദേഹത്തെ വൈദിക മേലദ്ധ്യക്ഷനായി അഭിഷേകം ചെയ്തു. മലബാർ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി വളരെ ത്യാഗനിർഭരമായ ശുശ്രൂഷ വന്ദ്യ തിരുമേനി നിർവ്വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി 2005 ഒക്ടോബർ 29 മുതൽ 2010 ജൂൺ 31 വരെ സഭയ്ക്കും സമൂഹത്തിനും ഉദാത്തമായ നേതൃത്വം നൽകി. സഹോദരീസഭകളോട് ഹൃദയപൂർവ്വമായ അടുപ്പം വന്ദ്യ തിരുമേനി എപ്പോഴും കാത്തുസൂക്ഷിച്ചു. എക്യുമെനിക്കൽ രംഗത്ത് ധീരോചിതമായ നേതൃത്വം നൽകി. പരിസ്ഥിതി പ്രവർത്തകർക്ക് വന്ദ്യ തിരുമേനി എന്നും ആവേശമായിരുന്നു. വ്യക്തിപരമായി എന്നോട്

ഹൃദ്യമായ ഒരു ആത്മീയബന്ധം തിരുമേനി പുലർത്തിയിരുന്നു. പല വേദികളിൽ ഒരുമിച്ച് പങ്കെടുക്കുക വഴി വ്യക്തിബന്ധം ആഴപ്പെട്ടിരുന്നു. വന്ദ്യ തിരുമേനിയുടെ ജീവിതസായാഹ്നത്തിൽ പലതവണ പോയി കണ്ട് സ്നേഹം പങ്കുവച്ചിട്ടുണ്ട്. വന്ദ്യ തിരുമേനിയുടെ ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുവാൻ എനിക്ക് സാധിച്ചു. അങ്ങനെ ദൃഢവും ഇണമുറിയാത്തതുമായ ഒരു ആത്മീയബന്ധം ഞങ്ങൾ കാത്തുസൂക്ഷിച്ചു. മലങ്കര മക്കളെ ക്രിസ്തുനാഥന്റെ ഐക്യശുശ്രൂഷയിൽ ഒരുമിച്ചു നിർത്തുന്ന സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വന്ദ്യ തിരുമേനി ഇന്നും നമ്മെ അനുഗ്രഹിക്കുന്നു.

# ഹൃദയത്തിൽ ഐക്യം നിറഞ്ഞുനിന്ന വലിയ ബാവാ


## തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
### (മലങ്കര കത്തോലിക്കാ സഭ, തിരുവല്ല അതിഭദ്രാസനം)


മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായെ ഓർക്കുമ്പോൾ മനസ്സിൽ തെളിയുന്നത് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് കുരിശിൽ കിടന്ന് ജീവൻ വെടിഞ്ഞ മിശിഹാതമ്പുരാന്റെ ചിത്രമാണ്. സർവരെയും, ശത്രുക്കളെപ്പോലും തന്റെ സ്നേഹവലയത്തിന്റെ ഉൾച്ചേർത്തവനാണല്ലോ മിശിഹാതമ്പുരാൻ. എല്ലാവരെയും സ്നേഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്ത സ്നേഹഭാവം വലിയ ബാവായുടെ ജീവിതത്തിലുടനീളം തെളിഞ്ഞു വിളങ്ങിയിരുന്നു. ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനതകളും, അവരുടെ ഉത്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം മനുഷ്യവംശത്തെ ഭൂമുഖം മുഴുവൻ നിവസിപ്പിച്ചത് ദൈവമാണ് എന്നദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. സഭ ദൈവവുമായുള്ള ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണെന്നും അങ്ങനെയുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും ഉപകരണമായിരിക്കാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം ആഴമായി വിശ്വസിച്ചിരുന്നു. സഭ അതിൽതന്നെ ഒരു ലക്ഷ്യമല്ല, ദൈവരാജ്യമൂല്യങ്ങൾക്കനുസരണം ലോകത്തെ രൂപാന്തരപ്പെടുത്താനുള്ള ഉപകരണം മാത്രമാണെന്നും ഈ ലക്ഷ്യത്തെക്കുറിച്ചുള്ള ബോധം ആത്മാവിൽ ജ്വലിച്ചു നിന്നാൽ മാത്രമേ സാർത്ഥകമായ ശുശ്രൂഷ സഭയിൽ സാധ്യമാകൂ എന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. ത്രിയേക ദൈവമാണ് കൂട്ടായ്മയുടെ ഏറ്റവും വലിയ അടയാളവും നാം എത്തിച്ചേരേണ്ട മാതൃകയും. ഒന്നായിരിക്കുമ്പോൾ തന്നെ വ്യത്യസ്തമായിരിക്കാം എന്നാൽ വിരുദ്ധമായിരിക്കുന്നില്ല എന്ന ചിന്ത നിലനിർത്തിക്കൊണ്ട് സഭകളുടെ കൂട്ടായ്മയ്ക്ക് പരിപോഷണം നൽകേണ്ടതാണെന്നദ്ദേഹം കരുതിയിരുന്നു.

അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ഈ തിരിച്ചറിവിന്റെ വെളിച്ചത്തിലുള്ളതായിരുന്നു. അതുകൊണ്ട് മാനുഷികമായ കഴിവുകളേക്കാൾ ദൈവത്തിന്റെ ഇടപെടലുകൾക്ക് എപ്പോഴും അദ്ദേഹം പ്രാമുഖ്യം നൽകിയിരുന്നു.

സഭകളുടെ വിശാല ഐക്യം അദ്ദേഹത്തിന്റെ തീവ്രമായ ഹൃദയാഭി

ലാഷമായിരുന്നു എന്ന് അദ്ദേഹവുമായുണ്ടായിരുന്ന അടുപ്പത്തിൽ നിന്ന് മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. സഭൈക്യസംവാദങ്ങളിൽ സംബന്ധിക്കുന്ന ഞങ്ങളോടുള്ള കരുതലും ആതിഥ്യമര്യാദകളും സൂക്ഷ്മമായതും ഹ്രസ്വമായതുമായ നിരീക്ഷണങ്ങളും ഏവരും ഓർമ്മ യിൽ സൂക്ഷിക്കുന്നതാണ്. സഭയുടെ വിശ്വാസപ്രമാണങ്ങളിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കാതെ ജീവിക്കുന്നതിൽ നിഷ്ഠ പുലർത്തിയിരുന്ന വലിയ ബാവായുടെ മാദ്ധ്യസ്ഥം കേരള സഭയ്ക്ക് കാവലും കോട്ടയുമായിരിക്കട്ടെ എന്നും ഐക്യത്തിന്റെ അരൂപി നമ്മെ പ്രചോദിപ്പിക്കാൻ ഇടയാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

# ഉത്തമനായ താപസശ്രേഷ്ഠൻ

## ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

കാലം ചെയ്ത പുണ്യശ്ലോകൻ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയെ അത്യന്തം സ്നേഹാദരവുകളോടെ മാത്രമേ അനുസ്മരിക്കാൻ കഴിയൂ. അദ്ദേഹം ഒരു ശെമ്മാശനായി കോട്ടയം സി.എം.എസ്. കോളജിൽ പഠിക്കുന്ന കാലത്താണ് ഞാൻ പരിചയപ്പെടുന്നത്. അന്നു ഞാൻ വൈദികസെമിനാരി വിദ്യാർത്ഥി ആയി എം.ഡി. സെമിനാരിയിൽ പഠിക്കുന്നു. പഴയസെമിനാരിയിൽ താമസിച്ചുകൊണ്ട് കോളജിൽ പഠിക്കുന്ന അഞ്ചു ശെമ്മാശന്മാർ അവിടെ ഉണ്ടായിരുന്നു. അവരിൽ മൂന്നു പേർ പാത്രിയർക്കീസു ഭാഗത്തു നിന്നുള്ളവരായിരുന്നു. ശെമ്മാശന്മാരിൽ രണ്ടുപേരുടെ വേഷം കമ്മീസും കാൽക്കുപ്പായവുമല്ലായിരുന്നു. നീണ്ട കുപ്പായവും വെള്ള അരക്കെട്ടുമായിരുന്നു. അന്വേഷിച്ചപ്പോൾ മനസ്സിലായി അവർ പത്തനാപുരം മൗണ്ട് താബോർ ദയറാംഗങ്ങളാണെന്ന്. അവർ സി. റ്റി. തോമസ് ശെമ്മാശനും (കഥാപുരുഷൻ) സി. സഖറിയാ ശെമ്മാശനും (പിന്നീട് മദ്രാസ് ഭദ്രാസനാധിപൻ സഖറിയാ മാർ ദീവന്നാസ്യോസ്) ആയിരുന്നു. രണ്ടു പേരും പ്രായത്തിൽ മുതിർന്നവരാണ്.

സി. റ്റി. തോമസ് ശെമ്മാശന്റെ വായനയും ആലാപനവും അത്യന്തം ഹൃദ്യമായിരുന്നു. മണിമുഴക്കം പോലുള്ള ശബ്ദം; സ്ഫുടമായ ഉച്ചാരണം; സ്പഷ്ടവും വ്യക്തവുമായ വായന. ആദ്യമേ തന്നെ ഞാൻ മനസ്സിലാക്കി ആൾ ഒരു ഗൗരവഭാവക്കാരനും മിതഭാഷിയുമാണെന്ന്. ദയറാവാസത്തിന്റെ ചിട്ടകളും മട്ടുകളും എല്ലാം പെരുമാറ്റത്തിൽ പ്രതിഫലിച്ചിരുന്നു.

നിരണം ഭദ്രാസനാധിപനായിരുന്ന തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്ഥാപിച്ചതാണ് പത്തനാപുരം ദയറായും അതിനോടനുബന്ധിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും. ആദ്യകാലത്ത് ദയറായിൽ ചേർന്ന പലരും അവിടം വിട്ടുപോയി. വളരെ ഞെരുക്കവും ക്ലേശവും അനുഭവിക്കേണ്ടിയിരുന്നു. പരിമിതമായ താമസസൗകര്യങ്ങളും, ദരിദ്രമായ ഭക്ഷണസൗകര്യങ്ങളുമേ ഉണ്ടായിരുന്നുള്ളു. ദയറാജീവിതത്തിന്റെ കർശനമായ നിഷ്ഠകളും നിയമങ്ങളും പാലിക്കാൻ പ്രയാസമായി കണ്ടവരാണ് വിട്ടുപോയത്. എന്നാൽ നമ്മുടെ കഥാപുരുഷൻ ദയറാജീവിതവുമായി ഇഴുകിച്ചേർന്ന് തന്റെ സമർപ്പണത്തോടു വിശ്വസ്തത പുലർത്തി. മെത്രാപ്പോലീത്തായും, പിന്നീട് കാതോലിക്കായും ആയി ഉയർത്തപ്പെട്ടപ്പോഴും ദയറാജീവിതത്തിന്റെ നിഷ്ഠകളിൽ നിന്ന് അണുമാത്രവും വ്യതിചലിച്ചില്ല.

ദയറായക്കാരൻ സ്വന്തം വീടുമായുള്ള ബന്ധം നിശ്ശേഷം ഛേദിച്ചവ നാണ്. ആദ്യകാലത്തെ ചില അംഗങ്ങളോട് വീടും സ്ഥലവും എവിടെ യാണെന്ന് ചോദിച്ചപ്പോൾ അവർ വെളിപ്പെടുത്താതെ ദയറായാണ് വീടെന്ന് പറഞ്ഞത് ഞാനോർക്കുന്നു. ഇന്ന് അത്ര കർശനമായ കാഴ്ച പ്പാട് ഉണ്ടെന്നു തോന്നുന്നില്ല. നല്ല ആത്മശിക്ഷണവും, വ്രതനിഷ്ഠയും, ആത്മീയ ദർശനവുമുള്ളവർക്കേ ഒരു ശരിയായ ദയറായക്കാരനായി തീരാൻ കഴിയൂ. ആ ജീവിതം അവർ ഒരു ഭാരമായിട്ടല്ല, ആനന്ദമായി ട്ടാണ് കാണുന്നത്. അവർ ആത്മീയചൈതന്യം നിറഞ്ഞവരും അത് ചൊരിയുന്നവരുമായിരിക്കും.

പൗരസ്ത്യ സഭാചരിത്രം പരിശോധിച്ചാൽ, സന്യാസിപ്രസ്ഥാനത്തിൽ കൂടി സഭയ്ക്കു ലഭിച്ച നേട്ടങ്ങളും, സംഭാവനകളും നിസ്തുലങ്ങളെന്നു കാണാൻ കഴിയും. വേദശാസ്ത്രവിശകലനത്തിനും, ക്രോഡീകരണ ത്തിനും, ആരാധനാക്രമങ്ങൾ രൂപപ്പെടുത്തുന്നതിലുമെല്ലാം തപോനി ഷ്ഠരായ സന്യാസിശ്രേഷ്ഠരുടെ പങ്ക് വളരെ വലുതാണ്. ഉത്തമരും ഉന്ന തശീർഷരുമായ അനവധി സഭാപിതാക്കന്മാരെ ലഭിച്ചതും ദയറാകളിൽ നിന്നാണ്. ആദ്ധ്യാത്മികതയുടെ വിമലകിരണങ്ങൾ ചൊരിയുന്ന ഉത്ത മസ്രോതസ്സുകളായിരുന്നു ഓർത്തഡോക്സു സഭയിലെ ആശ്രമങ്ങൾ.

എന്നാൽ എന്തുകൊണ്ടോ, രണ്ടായിരം വർഷത്തെ പാരമ്പര്യം അവ കാശപ്പെടുന്ന മലങ്കരസഭയിൽ ഇരുപതാം നൂറ്റാണ്ടുവരെയും അത്തരം ദയറാകളോ ആശ്രമങ്ങളോ ഉയർന്നു വന്നിട്ടില്ല. രണ്ടാമതായി രൂപംകൊ ണ്ടതാണ് പെരുനാട്ടിലുള്ള ബഥനി ആശ്രമം. പിന്നീട് ഉയർന്നു വന്ന താണ് പത്തനാപുരം ദയറാ. ഇപ്പോൾ മിക്ക തിരുമേനിമാരും അവരുടെ സ്വാധീനവും ആധിപത്യവും നിലനിർത്താൻ എന്നവണ്ണം ആശ്രമങ്ങൾ സ്ഥാപിക്കുന്നു. അവ സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും ഉതകട്ടെ എന്നാശംസിക്കുന്നു.

പത്തനാപുരം ദയറായിൽ നിന്ന് ഇതിനോടകം അഞ്ചു മെത്രാപ്പോ ലീത്താമാരെ സഭയ്ക്കു പ്രദാനം ചെയ്തു. അവരിൽ മൂന്നുപേർ മൺമ റഞ്ഞു. ദയറായ്ക്ക് ഏറ്റവും അഭിമാനിക്കാവുന്ന കാര്യമാണ് സഭയുടെ ഒരു പരമാദ്ധ്യക്ഷനെ നൽകാൻ കഴിഞ്ഞത്. അദ്ദേഹം ഒരു അദ്ധ്യാപക നായി സേവനം ആരംഭിച്ചു. പിന്നീട് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അവികസിത മേഖലയായ മലബാർ ഭദ്രാസനത്തെ പുരോ ഗതിയുടെ പാതയിലേക്കു നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സൗക ര്യപ്രദമായ ഒരു ആസ്ഥാനം നിർമ്മിച്ചതിനു പുറമേ പുതിയ പല പള്ളി കളും അവിടെ നിർമ്മിക്കാൻ സാധിച്ചു. വളരെ വിശാലമായ ആ ഭദ്രാസ നത്തെ ഏകോപിപ്പിക്കുന്നതിനും, സ്വയംപര്യാപ്തതയിലേക്കു വരുത്തു

ന്നതിനും സാധിച്ചതിനു ശേഷമാണ് സഭയുടെ മുഴുവന്റെയും അദ്ധ്യക്ഷപദവിയിലേയ്ക്ക് അദ്ദേഹം എത്തുന്നത്. അവിടെയും വിജയകരമായി ദൗത്യം നിർവഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ആരുടെയും മുഖം നോക്കാതെ തീരുമാനങ്ങൾ എടുക്കുന്നതിനും, എടുത്ത തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

മിതഭാഷിയായ അദ്ദേഹം, ഒരു താപസശ്രേഷ്ഠന്റെ വൈശിഷ്ട്യം സ്വജീവിതത്തിൽ കൂടി വെളിപ്പെടുത്തി. ചിലർ മെത്രാപ്പോലീത്താ പദവി ലഭിച്ചു കഴിയുമ്പോൾ തങ്ങൾ ദയറായക്കാരെന്നും, അതിന്റെ അടയാളമാണ് എപ്പോഴും ശിരസ്സിൽ അണിയുന്ന മസ്നപ്സാ എന്നുമുള്ള കാര്യം വിസ്മരിച്ച്, രാജകീയ പ്രൗഢിയോടും സുഖസൗകര്യങ്ങളോടുംകൂടെ വർത്തിക്കുവാൻ ഒരുമ്പെടുന്നു. ധനാഗമനത്തിനും പ്രയാസമില്ലാത്ത സാഹചര്യവുമാവുമ്പോൾ ദയറായക്കാരൻ എന്നുള്ള വിളി വിസ്മരിച്ചു പോകുന്നു. ചിലർക്ക് സഞ്ചാരം ഒരു ഹരമാണ്; അതു വിദേശത്തേക്കാണെങ്കിൽ ഏറെ സന്തോഷം! ഇതൊക്കെ ദൗത്യത്തെയും ജീവിതവ്രതത്തെയും വിസ്മരിക്കാൻ ഇടയാക്കുന്ന സാഹചര്യങ്ങളാണ്.

ദിദിമോസ് ബാവാ, യാത്ര വളരെ പരിമിതപ്പെടുത്തിയിരുന്നു. ഏതു യാത്രയിലും തന്റെ പ്രാർത്ഥന, ധ്യാനം, ജാഗരണം എന്നിവകൾക്ക് ഒരു മുടക്കവും വരുത്തിയില്ല. പിതാക്കന്മാർ രചിച്ചിട്ടുള്ള രഹസ്യപ്രാർത്ഥനകൾ (ഓരോ യാമത്തിലേക്കുമുള്ളത്) മുടക്കം കൂടാതെ നടത്തിപ്പോന്നു. ദയറാ ജീവിതത്തിൽ ചിട്ടപ്പെടുത്തിയ തപോനിഷ്ഠകൾ അന്യൂനം കാത്തുസൂക്ഷിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം അറിയപ്പെടുന്നത് വേദശാസ്ത്രപാരംഗതനെന്നോ, ഭരണധുരന്ധരനെന്നോ, ഉജ്ജ്വലവാഗ്മിയെന്നോ ഒന്നുമല്ല; ഉത്തമനായ ഒരു തപോധനനും, ആദ്ധ്യാത്മികതയുടെ പ്രകാശഗോപുരവുമായിട്ടായിരിക്കും. പുരാതന പിതാക്കന്മാരുടെ പാരമ്പര്യം അന്യൂനം കാത്തുസൂക്ഷിച്ച ഒരു ആത്മീയ പിതാവ് എന്നായിരിക്കും അദ്ദേഹം അനുസ്മരിക്കപ്പെടുന്നത്. ക്ഷീണവും പ്രയാസവും വർദ്ധിച്ചു വന്നപ്പോൾ സഭയുടെ ഔദ്യോഗിക പദവികളിൽ നിന്നു വിരമിച്ച് ശിഷ്ടായുസ്സ് പ്രാർത്ഥനാനിരതമായ ജീവിതം നയിക്കയായിരുന്നു.

ഒരദ്ധ്യാപകനായി ഏറെക്കാലം പ്രവർത്തിച്ചതിനാൽ പ്രസംഗങ്ങൾ അദ്ധ്യാപനത്തിന്റെ ശൈലിയിൽ ആയിരുന്നു. മാത്രമല്ല, ഗുരുഭക്തിയുടെ ശ്രേഷ്ഠതയെപ്പറ്റിയും ഔന്നത്യത്തെക്കുറിച്ചും പലപ്പോഴും അയവിറക്കുമായിരുന്നു. തന്റെ ഗുരുജനങ്ങളോടുള്ള ഭക്ത്യാദരവുകൾ അഭംഗുരം കാത്തുസൂക്ഷിച്ചു. കാൺപൂർ യൂണിവേഴ്സിറ്റിയിൽ അദ്ദേഹത്തെ പഠിപ്പിച്ച പ്രൊഫ. നൈനാൻ ഏബ്രഹാം സാറിനെ കാണുമ്പോൾ വെളിപ്പെടുത്തുന്ന സ്നേഹാദരവിനു ഞാൻ ദൃക്സാക്ഷിയാണ്.

പുരാണങ്ങളിൽ നിന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ട് സനാതനങ്ങളായ സത്യങ്ങളെ വിശദീകരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. തന്റെ സ്ഥാനത്തിനും പദവിക്കുമുയർന്ന നിലവാരം സംഭാഷണത്തിലും സമീപനങ്ങളിലും പുലർത്തിയിരുന്നു. എന്റെ സഹധർമ്മിണി മരിച്ചപ്പോൾ സംസ്കാരശുശ്രൂഷയിൽ വന്നു സംബന്ധിച്ച് ഏറ്റവും ഉചിതമായ ഒരു സന്ദേശം നൽകിയത് ഞാൻ ഓർക്കുന്നു. അന്ന് ക്ഷീണവും അവശതയും ഒക്കെ അദ്ദേഹത്തിന് ഉണ്ടായിരുന്നെങ്കിലും അവയെല്ലാം അവഗണിച്ചാണ് വന്നെത്തിയത്. എന്നോടുള്ള അദ്ദേഹത്തിന്റെ ദീർഘകാല സൗഹൃദം ജീവിതാന്ത്യം വരെ കാത്തുസൂക്ഷിച്ചു. സെമിനാരി അദ്ധ്യാപകനും മാവേലിക്കര സ്വദേശിയുമായിരുന്ന പരേതനായ ബഹു. കെ. എം. അലക്സാണ്ടറച്ചനോടുള്ള സൗഹൃദവും വളരെ ഉറ്റതായിരുന്നു.

ഒരു ഉത്തമ ധ്യാനഗുരു എന്ന നിലയിൽ അദ്ദേഹം അനുസ്മരിക്കപ്പെടും. അച്ചനായിരിക്കുമ്പോഴും മെത്രാപ്പോലീത്താ ആയിരുന്ന സന്ദർഭത്തിലും അദ്ദേഹം നയിച്ചിട്ടുള്ള പല ധ്യാനയോഗങ്ങളിലും സംബന്ധിക്കാൻ എനിക്കവസരമുണ്ടായിട്ടുണ്ട്. സെമിനാരിയിൽത്തന്നെ പല ധ്യാനയോഗങ്ങൾ നയിച്ചതായി ഓർക്കുന്നു. വളരെ ലളിതമായ ചിന്തകൾ ആത്മശോധനയ്ക്കും ആത്മനവീകരണത്തിനും സഹായകമായ വിധത്തിൽ ആവിഷ്ക്കരിക്കുന്ന ശൈലിയായിരുന്നു അദ്ദേഹം പിന്തുടർന്നത്. അദ്ദേഹത്തിന്റെ ധ്യാനചിന്തകൾ ക്രോഡീകരിച്ച് പുസ്തകരൂപത്തിൽ ആക്കിയിട്ടുള്ളതായി അറിവില്ല. പ്രസംഗക്കുറിപ്പുകൾ എഴുതിസൂക്ഷിക്കുന്ന പതിവുണ്ടായിരുന്നതുകൊണ്ട് സമാഹരണശ്രമം വിഷമമായിരിക്കയില്ല.

അദ്ദേഹത്തെ വളർത്തി ഔന്നത്യത്തിലെത്തിച്ച ദയറായോടുള്ള അദ്ദേഹത്തിന്റെ ബന്ധം അവിച്ഛേദ്യമായിരുന്നു. മരണപര്യന്തം അതു കാത്തുസൂക്ഷിച്ചു. അക്കാരണത്താൽ തന്നെ അന്ത്യവിശ്രമം അവിടെ ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിക്കയും അപ്രകാരം സഭാമക്കൾ അനുവർത്തിക്കയും ചെയ്തു. ദയറായിലെ മൂന്നു പിതാക്കന്മാർ സഭാസേവനത്തിനായി സമർപ്പിക്കപ്പെട്ടുവെങ്കിലും അവരുടെ അന്ത്യവിശ്രമം ദയറായിൽത്തന്നെ ആക്കുകയാണു ചെയ്തിരിക്കുന്നത്.

വിനയത്തിന്റെയും ലാളിത്യത്തിന്റെയും പര്യായമായി ജീവിച്ച്, ആദ്ധ്യാത്മികതയുടെ ഉദാത്ത മാതൃകയായി പരിണമിച്ച്, ധന്യമായ അനുഭവത്തിൽ എത്തിച്ചേർന്ന ആ പരിശുദ്ധ പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ എന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# പക്വതയുടെ പാഠങ്ങൾ പഠിപ്പിച്ച പിതാവ്

## ഫാ. ഡോ. കെ. എം. ജോർജ്

പരിശുദ്ധ മാർത്തോമ്മാ ദിദിമോസ് കാതോലിക്കാ ബാവാ തിരുമേനിയെ എനിക്ക് അല്പമെങ്കിലും അടുത്തു പരിചയിക്കാനിടയായത് അദ്ദേഹം നിയുക്ത കാതോലിക്കായായും പിന്നീട് കാതോലിക്കാ ബാവായായും ദേവലോകത്ത് താമസമുറപ്പിച്ചപ്പോഴാണ്. ഞങ്ങൾ വൈദിക സെമിനാരിയിൽ പഠിക്കുമ്പോൾ, അന്ന് മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ ദൂരെനിന്നു ഭയാശങ്കകളോടെ കാണുമായിരുന്നു. ആ ഭദ്രാസനത്തിൽപ്പെട്ട സഹപാഠികളുടെ അഭിപ്രായം മൂലമായിരിക്കാം, അദ്ദേഹം മുൻകോപിയും സെമിനാരി വിദ്യാർത്ഥികളുടെ വേഷത്തേയും പെരുമാറ്റരീതികളേയും സൂക്ഷ്മമായി നിരീക്ഷിച്ച്, കൂടെക്കൂടെ ശാസിക്കയും, വലിയ അടുപ്പമൊന്നും ആരോടും കാണിക്കാത്ത ആളുമായിരുന്നു എന്നൊരു ധാരണ ഞങ്ങൾക്കു കിട്ടിയിരുന്നു. വൈദികസെമിനാരി പ്രിൻസിപ്പലായതിനു ശേഷമാണ് എന്റെ സ്വന്തം അനുഭവത്തിലൂടെ ആ ധാരണകൾ മാറിയത്.

ചില അനുഭവങ്ങൾ സൂചിപ്പിക്കേണ്ടതാണ് (വളരെ വ്യക്തിപരമായി പോകുന്നത് വായനക്കാർ ക്ഷമിക്കണം). പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഉചിതമായ പരിഹാരം ഉണ്ടാകേണ്ടതിന് തീരുമാനങ്ങൾ എടുക്കാനും അവ നടപ്പിലാക്കാനും ദിദിമോസ് ബാവാ തിരുമേനി പ്രത്യേകം ശ്രദ്ധ വച്ചിരുന്നു. സെമിനാരിയിൽ പുതിയ ലൈബ്രറിയും, ആർക്കൈവ്സും, കോൺഫ്രൻസ്ഹാളും, ഓഡിറ്റോറിയവും മറ്റും ചേർന്ന സ്മൃതിമന്ദിരം 2000–ൽ പണിതീർന്നു പ്രവർത്തന സജ്ജമായി. മാനേജിംഗ് കമ്മിറ്റി അതിനുശേഷം ഇപ്പോഴും കൂടിവരുന്നത് അതിന്റെ ഓഡിറ്റോറിയത്തിലാണ്. താമസിയാതെ ബിരുദാനന്തരവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ക്വാർട്ടേഴ്സും പണിതു. ഈ കാലഘട്ടത്തിൽ ദിദിമോസ് ബാവാ തിരുമേനി നിയുക്ത കാതോലിക്കായെന്ന നിലയിൽ സെമിനാരിക്കുവേണ്ട പിന്തുണ തന്നുകൊണ്ടിരുന്നു. ആ സമയത്ത് ചിലരുടെ ദുരുദ്ദേശപരമായ പ്രവർത്തനങ്ങൾ മൂലം കുറെ ബുദ്ധിമുട്ടുകൾ സെമിനാരി ഫാക്കൽറ്റിയംഗങ്ങൾക്കും പ്രിൻസിപ്പൽ എന്ന നിലയിൽ എനിക്കുമുണ്ടായി. പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി അന്ന് പ. സുന്നഹദോസിൽ അക്കാര്യം അവതരിപ്പിച്ച് അനുഭാവപൂർവ്വം ചില സത്വര നടപടികൾ എടുക്കുകയും ചെയ്തു. എങ്കിലും അതിന്റെ പൂർത്തീകരണം നടന്നത് ദിദി

മോസ് ബാവായുടെ കാലത്താണ്. പല പ്രാവശ്യം ഗവേണിംഗ് ബോർഡിലും മറ്റും പരാമർശിക്കപ്പെട്ടിട്ടും പരിഹരിക്കപ്പെടാതെ കിടന്ന വിഷയം അദ്ദേഹത്തിനറിയാമായിരുന്നു. ഒരു ദിവസം ആരും ആവശ്യപ്പെടാതെ തന്നെ അദ്ദേഹം വ്യക്തമായ നടപടിയിലൂടെ പ്രശ്നം നിശ്ശബ്ദമായി പരിഹരിച്ചു തന്നു. സഭയിൽ തന്റെ കീഴിൽ സ്ഥാപനങ്ങളുടെ ഭരണപരമായ ചുമതലകൾ വഹിക്കുന്നവർക്ക് ഉണ്ടാകാവുന്ന പ്രയാസങ്ങൾ അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് യാതൊരു ഒച്ചപ്പാടും നീണ്ട ചർച്ചകളും കൂടാതെ തന്റെ അധികാരം അദ്ദേഹം യുക്തമായി പൊതുനന്മയ്ക്കുവേണ്ടി ഉപയോഗിച്ചു എന്നതാണ് ഞാൻ അതിൽ നിന്ന് മനസ്സിലാക്കിയ പാഠം.

പ്രശ്നം വേണ്ടവിധം പരിഹരിക്കപ്പെടാതെ കിടന്ന സന്ദർഭത്തിൽ, ഞാൻ പ്രിൻസിപ്പാൾ സ്ഥാനത്തു തുടരുന്നത് ശരിയല്ല എന്ന ബോധ്യം കൊണ്ട് ഞാൻ രാജിക്കത്തെഴുതി അന്ന് കാതോലിക്കായായിരുന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായെ ഏൽപ്പിക്കാനായി ചെന്നു. അപ്പോൾ മലബാറിലെ തോമസ് മാർ തീമോത്തിയോസ് തിരുമേനി നിയുക്ത കാതോലിക്കാ എന്ന നിലയിൽ അവിടെയുണ്ടായിരുന്നു. അദ്ദേഹം കത്തു വായിച്ച് നോക്കിയിട്ട്, ദൃഢമായ സ്വരത്തിൽ എന്നോടു പറഞ്ഞു: 'അച്ചൻ രാജി വയ്ക്കാൻ പാടില്ല.' കാരണവും അദ്ദേഹം പറഞ്ഞു. രണ്ടു ബാവാമാരുടെയും നിലപാട് വളരെ ശക്തമായ നിലയിൽ ഈ വാക്കുകളിലൂടെ കേട്ടപ്പോൾ എനിക്ക് നിരായുധനായി തിരിച്ചു പോരേണ്ടി വന്നു.

മറ്റൊരിക്കൽ, ഒരാൾക്കെതിരെ ദിദിമോസ് ബാവാ ശിക്ഷണനടപടിയെടുത്ത് കൽപ്പനയെഴുതി. സെമിനാരിയുമായി ബന്ധപ്പെട്ട വ്യക്തിയായിരുന്നതുകൊണ്ട്, ഞാൻ പരുമല ചെന്ന് തിരുമേനിയെക്കണ്ട് അദ്ദേഹത്തിനുവേണ്ടി അപേക്ഷിച്ചു. ക്ഷമ അഭ്യർത്ഥിച്ചു. പലരും പറഞ്ഞിരുന്നു എഴുതി അയച്ച കൽപ്പന തിരുമേനി ഇനി പിൻവലിക്കാൻ സാധ്യത തീരെ കുറവാണെന്ന്. ആദ്യമൊക്കെ വലിയ ഗൗരവത്തോടെ, താൻ എടുത്ത നടപടിക്ക് മാറ്റമില്ല എന്നൊക്കെ പറഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ അനുകമ്പയും നമ്മുടെ വശം കേൾക്കാനുള്ള ക്ഷമയും ക്രമേണ എനിക്കു ബോധ്യപ്പെട്ടു. കുറ്റത്തിന്റെ ഉത്തരവാദിത്തം ഞാൻ ഏറ്റുകൊള്ളുന്നു എന്നും ഇനിയും അതാവർത്തിക്കാതെ നോക്കിക്കൊള്ളാമെന്നും ഒക്കെ താഴ്മയോടെ പറഞ്ഞപ്പോൾ, അദ്ദേഹം മനസ്സലിഞ്ഞു, ശിക്ഷണനടപടി പിൻവലിച്ചു.

ഒരിക്കൽ, സുന്നഹദോസിൽ സെമിനാരിയെക്കുറിച്ചുള്ള ഒരു ചർച്ചയിൽ ഞാൻ അൽപ്പം വികാരവിക്ഷുബ്ധനായി സംസാരിച്ചു. സാധാരണ മൗനമായിരിക്കുന്ന തിരുമേനി എന്നെ ശാസിച്ചു പറഞ്ഞു: 'എന്തിനാണ് ഇത്രയും വികാരം കൊള്ളുന്നത്? അച്ചൻ പറഞ്ഞതിന്റെ വാസ്തവം

ഞങ്ങൾക്കു മനസ്സിലായല്ലോ.' ഇതും എനിക്ക് ഒരു പാഠമായിത്തീർന്നു. സന്യാസപരിശീലനത്തിലൂടെ വികാരസംയമനം ലഭിച്ചതുകൊണ്ടും ഗുരുക്കന്മാരുടെ മുമ്പിൽ അടക്കത്തോടെ സംസാരിക്കണമെന്ന നിർബന്ധമുള്ളതുകൊണ്ടുമായിരിക്കണം എന്റെ 'പൊട്ടിത്തെറിക്കൽ' അദ്ദേഹത്തിന് അപ്രിയമായി തോന്നിയത്. എങ്ങനെയാണ് താൻ ഒരു ശിഷ്യൻ എന്ന നിലയിൽ ഗുരുവായ വലിയ തിരുമേനിയോട് (പത്തനാപുരം ദയറാസ്ഥാപകൻ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ഇടപെട്ടുകൊണ്ടിരുന്നത് എന്ന് പിന്നീട് പല പ്രാവശ്യം തിരുമേനി വ്യക്തിപരമായ സംഭാഷണത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ഓർക്കുന്നു. കമ്മിറ്റികളിലും ചർച്ചകളിലും തിരുമേനി ദീർഘമായ മൗനം അവലംബിക്കുന്നതിനെക്കുറിച്ച് ഒരിക്കൽ ചോദിച്ചപ്പോൾ, അത് അദ്ദേഹത്തിന്റെ സന്യാസപരിശീലനത്തിന്റെ ഫലമായി ഉണ്ടായ സ്വഭാവമാണ് എന്നായിരുന്നു മറുപടി.

തിരുമേനി ചിരിക്കുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. അതുകൊണ്ട് എനിക്ക് അദ്ദേഹത്തെക്കുറിച്ച് മുമ്പ് ലഭിച്ചിരുന്ന മുൻവിധികളുടെ തെളിവായി ഞാൻ അതിനെ കണക്കാക്കിയിരുന്നു. എന്നാൽ തിരുമേനിയുടെ നർമ്മബോധത്തിനും പൊട്ടിച്ചിരിയ്ക്കും സാക്ഷിയായ ഒരു സന്ദർഭം സൂചിപ്പിക്കട്ടെ.

നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിലെ ആദ്യകാല വിദ്യാർത്ഥികൾ മിക്കവരും കേരളത്തിനു പുറത്ത് ജനിച്ചുവളർന്നവരായതുകൊണ്ട്, അവരെ ഒരു സെമസ്റ്റർ കോട്ടയത്ത് പഴയസെമിനാരിയിൽ അയയ്ക്കണം എന്ന തീരുമാനമുണ്ടായി. കോട്ടയം സെമിനാരിയിൽ വന്ന് മലങ്കരസഭയുടെ പാരമ്പര്യങ്ങളും സാമൂഹ്യചുറ്റുപാടുകളും കൂദാശക്രമങ്ങളുമൊക്കെ പഠിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഒരു വർഷം ഏതാനും വിദ്യാർത്ഥികൾ അങ്ങനെ പഠിക്കാൻ വന്നു. മാമോദീസായും പള്ളികൂദാശയും തുടങ്ങി ശവസംസ്കാരം വരെയുള്ള ശുശ്രൂഷകളിലൊന്നും സംബന്ധിക്കാൻ അവർക്ക് വേണ്ടത്ര അവസരം നാഗ്പൂരിൽ ലഭ്യമല്ലല്ലോ. അതുകൊണ്ട് പഴയസെമിനാരിയിൽ നിന്ന് അവരെ ഇങ്ങനെയുള്ള കാര്യങ്ങളിൽ സംബന്ധിക്കാൻ പ്രത്യേകം നിയോഗിക്കുമായിരുന്നു. ഈ വിദ്യാർത്ഥികൾ തിരിച്ചു പോകാറായപ്പോൾ, പ്രിൻസിപ്പാൾ എന്ന നിലയ്ക്ക് ഞാൻ അവരെ വിളിച്ചുകൂട്ടി അവരുടെ പുതിയ അനുഭവങ്ങളെക്കുറിച്ച് പറയാനും വിലയിരുത്താനും ആവശ്യപ്പെട്ടു. എല്ലാം പുതുമയായും സന്തോഷകരമായും അനുഭവപ്പെട്ടു. പള്ളികൂദാശയിലും എല്ലാ കൂദാശകളിലും ശവസംസ്കാരങ്ങളിലും സംബന്ധിച്ച് അതിന്റെ രീതികളൊക്കെ മനസ്സിലാക്കി എന്ന് അവർ പറഞ്ഞു. അപ്പോൾ ഒരു വിദ്യാർത്ഥി ആത്മാർത്ഥമായ കുണ്ഠിതത്തോടെ പറഞ്ഞു: ഒരു അച്ചന്റെയോ മെത്രാച്ചന്റെയോ ശവസംസ്കാരശുശ്രൂഷയിൽ മാത്രം പങ്കെടുക്കാൻ പറ്റിയില്ല! ഉള്ളിൽ

ചിരി പൊട്ടിയെങ്കിലും, അക്കാര്യത്തിൽ പ്രിൻസിപ്പാളിന്റെ നിസ്സഹായാവസ്ഥ വിദ്യാർത്ഥിയെ അറിയിച്ചു.

സെമിനാരി ഗവേണിംഗ് ബോർഡ് കൂടിയപ്പോൾ നാഗ്പൂർ സെമിനാരിയിൽ നിന്നുള്ള വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയ വിവരവും ഒരു വിദ്യാർത്ഥിയുടെ മേൽപ്പറഞ്ഞ കുണ്ഠിതവും ഞാൻ അറിയിച്ചു. കേട്ടപാടെ, ദിദിമോസ് ബാവാ തിരുമേനി (അന്ന് നിയുക്ത ബാവാ) പൊട്ടിച്ചിരിക്കാൻ തുടങ്ങി. 'അതിനിപ്പം നമുക്ക് എന്തു ചെയ്യാൻ കഴിയുമച്ചാ' എന്നൊരു ചോദ്യവും.

ഇങ്ങനെയൊരു നർമ്മബോധത്തോടെ ഒരിക്കൽ അദ്ദേഹം മറ്റൊരു ചോദ്യം ചോദിച്ചതും ഓർമ്മ വരുന്നു. സഭയിൽ ഏഴ് മെത്രാന്മാരെ വാഴിച്ചു കഴിഞ്ഞ്, അധികം താമസിയാതെ ഒരു ശ്രുതി പരന്നു, ദിദിമോസ് ബാവായ്ക്ക് ഇനിയും ഏഴ് പേരെകൂടി വാഴിച്ച്, പതിനാല് പൂർത്തീകരിക്കാൻ വലിയ ആഗ്രഹമുണ്ടെന്ന്. 'തിരുമേനി പ്രായമായിട്ടിരിക്കയല്ലേ, തിരുമേനിയുടെ ഒരാഗ്രഹമല്ലേ', എന്നൊക്കെ ശ്രുതി പ്രചരിപ്പിച്ചവർ തന്നെ ഇടയ്ക്കിടെ പറയുകയും ചെയ്തുകൊണ്ടിരുന്നു. മാനേജിംഗ് കമ്മിറ്റി അതിനകം ഭദ്രാസനങ്ങളൊക്കെ വലിച്ചുകീറി പുതിയ തുണ്ടങ്ങൾ സൃഷ്ടിച്ചിരുന്നു. അതിനൊക്കെ ഇടയന്മാരെയും കണ്ടുകൊണ്ട് ആയിരിക്കണമല്ലോ. ഇതൊന്നും അത്യാവശ്യ കാര്യങ്ങളല്ല. സഭ മുൻഗണന കൊടുക്കേണ്ട മറ്റനവധി കാര്യങ്ങൾ വേറെയുണ്ട് എന്ന അഭിപ്രായം സഭയുടെ വിവിധ തലങ്ങളിൽ കേട്ടെങ്കിലും, വീണ്ടും ഏഴു പേരെ കൂടി വാഴിക്കാൻ തീരുമാനമുണ്ടായി. ബാവാ തിരുമേനിക്ക് ആരോഗ്യം ക്ഷയിച്ചുതുടങ്ങി. ആയിടയ്ക്ക് ഒരു ദിവസം, ദേവലോകം അരമനയിൽ വിശ്രമിക്കുന്ന ദിദിമോസ് ബാവായെ കണ്ട് ആരോഗ്യവിവരങ്ങൾ തിരക്കുവാൻ ഞാൻ ചെന്നു. കട്ടിലിൽ ചാരികിടക്കുന്ന തിരുമേനി സ്നേഹപൂർവ്വം നോക്കി. അങ്ങോട്ട് എന്തെങ്കിലും ചോദിക്കാതെ സംസാരമൊന്നും നടക്കുകയില്ലെന്ന് മനസ്സിലായി. 'തിരുമേനി ഏഴു പേരെ കൂടി വാഴിക്കാൻ പോകുന്നെന്ന് അറിഞ്ഞു'. ഞാൻ തുടക്കമിട്ടു. ഒരു മൗനത്തിന്റെ ഇടവേള. പിന്നെ ബലഹീനമായ വലതുകൈ അൽപ്പം ഉയർത്തി ആശ്ചര്യം കലർന്ന പുഞ്ചിരിയോടെ തിരുമേനി ചോദിച്ചു: 'എന്തിനാ അച്ചാ ഇനിയും ഏഴു പേരെ കൂടി?'

ആദ്യകാലത്ത് തിരുമേനിയോട് അടുത്തു പെരുമാറാൻ അവസരമൊന്നും ഇല്ലാതിരുന്നതുകൊണ്ട്, ഞാൻ വിചാരിച്ചിരുന്നത് തിരുമേനിക്ക് എന്നെ കാര്യമായ പരിചയമൊന്നും ഇല്ലായിരുന്നു എന്നാണ്. അതുകൊണ്ട് ചുരുക്കമായി കാണുമ്പോഴൊക്കെ ഞാൻ സ്വയം പേരുപറഞ്ഞായിരുന്നു കൈമുത്തിയിരുന്നത്. പക്ഷേ പിന്നീടു മനസ്സിലായി തിരുമേനിക്ക് എല്ലാ കാര്യങ്ങളും അറിയാമായിരുന്നെന്ന്.

പത്തനാപുരത്തെ വലിയ തിരുമേനി തോമാ മാർ ദീവന്നാസ്യോസ് ഓക്സ്ഫോർഡിൽ നിന്നും പഠനമൊക്കെ കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ, സെക്രട്ടറിയായി പ്രവർത്തിക്കാൻ ഇംഗ്ലീഷും സുറിയാനിയും നന്നായി അറിയുന്ന ഒരു ശെമ്മാശ്ശനെ വേണമെന്ന്, അന്ന് സെമിനാരി പ്രിൻസിപ്പാളായിരുന്ന ചെറിയമഠത്തിൽ സ്കറിയാ മൽപ്പാൻ അച്ചനോടു ആവശ്യപ്പെട്ടു. മൽപ്പാനച്ചൻ നിയോഗിച്ചത് അദ്ദേഹത്തിന്റെ പ്രിയ ശിഷ്യനും എന്റെ പിതാവിന്റെ ഇളയസഹോദരനുമായിരുന്ന പുറകുളത്ത് ഈപ്പൻ ശെമ്മാശ്ശനെയാണ് (പിന്നീട് വടക്കൻമണ്ണൂർ പള്ളിയിലെ എം. ഇ. ഈപ്പൻ കോർഎപ്പിസ്കോപ്പാ). ആ കാലഘട്ടത്തിൽ ദയറായിൽ ചേർന്ന ദിദിമോസ് ബാവായ്ക്ക് ഈപ്പൻ അച്ചനോടും നല്ല പരിചയവും സ്നേഹവും ഉണ്ടായിരുന്നു. ഞങ്ങളുടെ നാട്ടിൽ വലിയ തിരുമേനി ഒരു സ്കൂളും സ്ഥാപിച്ചു. എന്റെ പിതാവിന്റെയും ഈപ്പനച്ചന്റെയും ഇളയ സഹോദരി ദേവലോകത്തുള്ള എന്റെ വീട്ടിൽ ചികിത്സാർത്ഥം കുറച്ചു നാളുകൾ താമസിച്ച സമയത്താണ് ദിദിമോസ് തിരുമേനി കാതോലിക്കാ സ്ഥാനമേൽക്കുന്നത്. ഈപ്പനച്ചനോടുള്ള സ്നേഹം മൂലം, ഞങ്ങളുടെ വീട്ടിൽ ബാവാ തിരുമേനി വന്ന് രോഗിക്കുവേണ്ടി പ്രാർത്ഥിച്ചത് നന്ദിയോടെ ഓർക്കുന്നു. പോകുന്നതിനു മുമ്പ് എന്നോടു പറഞ്ഞു: 'അച്ചനൊരു പുതിയ സ്ഥാനം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.' എന്താണെന്ന് പെട്ടെന്ന് മനസ്സിലായി. ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു, 'തിരുമേനി അതൊക്കെ വേണമെങ്കിൽത്തന്നെ റിട്ടയർ ചെയ്ത്, നല്ല പ്രായമായിട്ട് ആകാമല്ലോ.' തിരുമേനി പറഞ്ഞു: 'അല്ല, ഇപ്പോളാണ് വേണ്ടത്. പ്രായമായിട്ട് എന്തു ചെയ്യാൻ?' ഏതായാലും ആ സംഭാഷണം സുമധുരമായി അവിടെ അവസാനിച്ചു.

സെമിനാരിയിൽ വിദ്യാർത്ഥികളുടെ പ്രവേശനപരീക്ഷയും അഭിമുഖവും കഴിഞ്ഞ് പ്രവേശനത്തിന് അർഹരായവരുടെ ലിസ്റ്റ് അന്നുതന്നെ മലങ്കര മെത്രാപ്പോലീത്താ കൂടിയായ കാതോലിക്കാ ബാവായെ കാണിച്ച്, അംഗീകാരം വാങ്ങി, നോട്ടീസ് ബോർഡിൽ ഇടുന്ന രീതിയാണ് പ്രിൻസിപ്പാൾ എന്ന നിലയിൽ ഞാൻ അനുവർത്തിച്ചുകൊണ്ടിരുന്നത്. ഫാക്കൽറ്റി ഏകകണ്ഠമായി അംഗീകരിക്കുന്നവരുടെ പേരുകളെ മലങ്കര മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കയുള്ളു. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം വന്നാൽ പിന്നീട് നൂറു ഫോൺവിളികളും പലയിടത്തുനിന്നും വരും. അതുകൊണ്ട് ബാവാ തിരുമേനി ലോകത്തിൽ എവിടെയായിരുന്നാലും അന്നുതന്നെ അംഗീകാരം നേടുകയെന്നത് നിയമമായി.

ദിദിമോസ് തിരുമേനി കാതോലിക്കാസ്ഥാനമേറ്റ വർഷത്തെ പ്രവേശന പട്ടികയുമായി ഞാൻ പരുമല ചെന്നാണ് തിരുമേനിയെ കണ്ടത്. അദ്ദേഹം ലിസ്റ്റ് കൈയിൽ വാങ്ങിച്ച് അടിയിൽ പെട്ടെന്ന് ഒപ്പിടാൻ ഒരുങ്ങി. ഞാൻ പറഞ്ഞു: 'തിരുമേനി, ഓരോ ഭദ്രാസനത്തിൽ നിന്നുമുള്ള പേരു

കൾ ഞാൻ വായിച്ചുകേൾപ്പിക്കട്ടെ.' സമ്മതിച്ചു. ഒരു തടസ്സവും പറഞ്ഞില്ല, ഒപ്പിട്ടു. എന്നിട്ട് എന്നോടു പറഞ്ഞു: 'അച്ചാ, നിങ്ങൾ കൊണ്ടുവരുന്നതൊക്കെ എനിക്ക് പൂർണ്ണവിശ്വാസമാണ്.' തിരുമേനി തന്നെ ശുപാർശ ചെയ്തിട്ടുള്ള പേരുകളുണ്ട്. അതുപോലും, ഇതിലുണ്ടോ എന്ന് ചോദിക്കയില്ല. സെമിനാരി പ്രിൻസിപ്പാൾ എന്ന നിലയിൽ എന്റെ അനുഭവത്തിൽ, സെമിനാരിയിൽ നിന്നു കൊണ്ടുചെല്ലുന്ന ലിസ്റ്റ് കാതോലിക്കാ ബാവാമാർ തങ്ങളുടെ അധികാരമുപയോഗിച്ച് തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ഒന്നും ചെയ്യാതെ, പൂർണ്ണവിശ്വാസത്തോടെ അംഗീകരിച്ചുതന്നിരുന്നു. സെമിനാരിയുടെ ഭരണനിർവ്വഹണത്തെ ഇത് വളരെ സുഗമമാക്കിയിരുന്നു.

ഈ ചെറുലേഖനത്തിൽ, എന്റെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ്, പ. ദിദിമോസ് ബാവായെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞത്. ഞാൻ അദ്ദേഹത്തിൽ നിന്ന് പഠിച്ച ചില പാഠങ്ങൾ എടുത്തുകാണിക്കാൻ കൂടിയാണ് വളരെ പേഴ്സണൽ ആയി എഴുതിയത്.

ലോകത്തിൽ ആരെക്കുറിച്ചും കേട്ടുകേൾവികൊണ്ടോ, വെറും കാഴ്ച കൊണ്ടോ, സംസാരം കൊണ്ടോ അഭിപ്രായം രൂപീകരിക്കയോ, അതിനനുസരിച്ച് ന്യായം വിധിക്കയോ ചെയ്യരുത് എന്ന് ഞാൻ പഠിച്ചു. നന്നായി അടുത്തിടപെടുകയും നിർണ്ണായകമായ കാര്യങ്ങളിൽ ഒരാളുടെ നിലപാടും ശൈലിയും അറിയുകയും ചെയ്തതിനുശേഷമേ ഒരാളെക്കുറിച്ച് നമുക്ക് ഖണ്ഡിതമായി പറയാൻ കഴിയൂ.

പുറമേ വാചാലതയോ, ആദരവോ കാണിക്കാത്ത പലരും അതൊക്കെ സമൃദ്ധിയായി കാണിക്കുന്നവരേക്കാൾ പക്വമായും ദൃഢബുദ്ധിയോടെയും പെരുമാറുമെന്നും ദീർഘകാലയളവിൽ അവരെ വിശ്വസിക്കാമെന്നും പാരമ്പര്യവിവേകം നമ്മെ പഠിപ്പിക്കുന്നു. പരസ്പരവിശ്വാസവും പരസ്പര ബഹുമാനവും സ്വാർത്ഥതയില്ലാത്ത ഉദാരതയും മറ്റും മനുഷ്യബന്ധങ്ങളെ ഏതു സമൂഹത്തിലും പ്രകാശപൂർണ്ണമാക്കുന്ന ഗുണങ്ങളാണ്. മറ്റുള്ളവരെക്കുറിച്ച് നമ്മുടെ സംശയവും മുൻവിധികളും വിശ്വാസക്കുറവും എപ്പോഴും നമ്മുടെ ആന്തരിക സന്തോഷത്തെയും നല്ല ബന്ധങ്ങളെയും നശിപ്പിക്കുന്നു. നല്ല പിതാവായിരുന്ന ദിദിമോസ് ബാവാ തിരുമേനിയുടെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

# മൗനഗാംഭീര്യം

## ഫാ. ഡോ. ജേക്കബ് കുര്യൻ

മുനിയുടെ മൗനവും മൗനത്തിന്റെ ഗാംഭീര്യവും, ഋഷിയുടെ ഋതവും ഋതത്തിന്റെ കാന്തിയും, പ്രവാചകന്റെ വചനവും വചനത്തിന്റെ മൂർച്ചയും, വൈദികന്റെ വേദവും വേദത്തിന്റെ വെളിച്ചവും, താപസന്റെ തപസും, തപസിന്റെ ശക്തിയും സമന്വയിക്കപ്പെട്ട വ്യക്തികൾ വിരളമാണെങ്കിലും ധൈര്യമായിട്ട് ഒരു ഉദാഹരണത്തെ കാണിച്ചു കൊടുക്കാം. മലങ്കരയുടെ ഏഴാം കാതോലിക്കാ, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ തന്നെ അത്. ഒമ്പതു പതിറ്റാണ്ടിലധികം ജീവിച്ച്, 5 പതിറ്റാണ്ടോളം മെത്രാപ്പോലീത്തായായും, 5 വർഷം സഭയുടെ പരമാദ്ധ്യക്ഷനായും ശുശ്രൂഷിച്ച് ശാന്തിതീരമണഞ്ഞ ആ ധന്യജീവിതത്തെ ഒറ്റ വാക്കിൽ വിശേഷിപ്പിച്ചാൽ അത് "മൗനഗാംഭീര്യ"മെന്നായിരിക്കും. "വിശുദ്ധിയുടെ സൂര്യതേജസ്സ്" എന്ന് ഒരു മാന്യവ്യക്തി വിശേഷിപ്പിച്ച്, ആ ജീവിതത്തിന് ഒരാമുഖചിത്രം രചിച്ചിട്ട് 12 വർഷം ആയിരിക്കുന്നു. വിശുദ്ധിയുടെയും, വിശ്വാസത്തിന്റെയും, വിജ്ഞാനത്തിന്റെയും വിനയരൂപമായിരുന്ന ആ വ്യക്തിത്വം ഇന്ന് 'മൗനഗാംഭീര്യം' എന്ന് വിശേഷിപ്പിക്കുമ്പോൾ, അതിൽ എല്ലാം അടങ്ങിയിട്ടുണ്ട് എന്ന് തോന്നിപ്പോകുന്നു.

ഉത്തമമായ സമർപ്പണമാണ് 'സംന്യാസം' അഥവാ സന്യാസം. ഉത്തമമായ സമർപ്പണത്തിൽ ആയിരിക്കുന്നതിന്റെ ഏറ്റവും ഉന്നതമായ സൂചനയാണ് മൗനം. താബോർ സന്യാസസമൂഹത്തിൽ, സന്യാസഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസ് പിതാവിന്റെ ശിഷ്യനായി 18 വയസ്സുള്ള "കുഞ്ഞോമ്മാച്ചൻ" കടന്നുവരുന്നത് മൗനമെന്ന ജീവിതശൈലി ആത്മാവിൽ അണിഞ്ഞുകൊണ്ടാണ്. മൗനം എന്നു പറഞ്ഞാൽ വെറുതെ മിണ്ടാതെ ഇരിക്കുക എന്നല്ല, ദൈവത്തെ കേൾക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുകയാണ് എന്ന് ഗുരു പറഞ്ഞുകൊടുത്തപ്പോൾ കുഞ്ഞോമ്മാച്ചന് അതൊരു സുഖകരമായ അനുഭവമായി തോന്നി.

സ്നേഹത്തിന്റെ തീവ്രതയിൽ നാവിനു നാണം തോന്നുന്ന അനുഭവം ആത്മീയതയിലുണ്ട്. അതൊത്തിരി തോന്നിയവരുടെ കൂട്ടത്തിലും ദിദിമോസ് ബാവാ ഉണ്ടായിരുന്നു. സ്നേഹമൂർത്തിയായ യേശുവിന്റെ സന്നിധിയിൽ മിണ്ടാതിരിക്കുന്നത് ആനന്ദമായി കണ്ട നിമിഷങ്ങൾ, മൗണ്ട് താബോറിലെ വലിയ നിക്ഷേപമായി തിരുമേനി കൊണ്ടുനടന്നു. ആ നിക്ഷേപത്തിൽ നിന്ന് പഴയതും പുതിയതും തിരുമേനി എടുത്തു തന്നത് എന്തൊക്കെയാണെന്നു നോക്കാം.

1. അനുസരണയുള്ള സന്ന്യാസി.
2. അനുഭവമുള്ള ഗുരുശ്രേഷ്ഠൻ.
3. അനുകമ്പയുള്ള അജപാലകൻ.
4. അനുതാപമുള്ള ആരാധകൻ.
5. അനുകരണീയ നേതാവ്.
6. അനുഗൃഹീത പ്രഭാഷകൻ.
7. അനുരഞ്ജനത്തിന്റെ കർമ്മയോഗി.
8. അനുഷ്ഠാനത്തിന്റെ ആൾരൂപം.
9. അനുപമ ശബ്ദഗാംഭീര്യം.
10. അനുചര സമ്പന്നൻ.

## 1. അനുസരണയുള്ള സന്ന്യാസി

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം ഇവയാണല്ലോ സന്ന്യാസ വ്രതത്രയങ്ങൾ. അനുസരണയുള്ള സന്ന്യാസി ഗുരുവിന്റെ ഏതാജ്ഞയും അന്ധമായി അനുസരിക്കുമെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ്, തിരുച്ചിറപ്പള്ളിയിൽ നാഷണൽ കോളജിൽ ബി.എ. പഠിച്ചതും, മെസ്റ്റൺ ട്രെയിനിംഗ് കോളജിൽ ബി.റ്റി. ക്കു പഠിച്ചതും, കാൺപൂർ ക്രൈസ്റ്റ് കോളജിൽ എം.എ. പഠിച്ചതും. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന്, 1942-ൽ കോറൂയോ പട്ടവും, 1947-ൽ ശെമ്മാശുപട്ടവും, 1950-ൽ കശ്ശീശാപട്ടവും സ്വീകരിച്ചതും ആ അനുസരണയുടെ തുടർച്ചയായിരുന്നു. തൃശ്ശിനാപ്പള്ളിയിൽ പൊന്നയ്യാ ഹൈസ്കൂൾ, പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാനാദ്ധ്യാപകനായി പ്രവർത്തിച്ചതും, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ പ്രൊഫസറായി മാറിയതും ആ അനുസരണ വഴിയുടെ ഭാഗമായിട്ടായിരുന്നു.

## 2. അനുഭവമുള്ള ഗുരുശ്രേഷ്ഠൻ

അന്തരാളത്തിലെ ഇരുളിനെ അകറ്റുന്നവനാണ് ഗുരു. അക്ഷരാർത്ഥത്തിൽ ഗുരുവായി, മഹാഗുരുവായി തൃശ്ശിനാപ്പള്ളിയിലും പത്തനാപുരത്തും പ്രവർത്തിച്ചപ്പോൾ അനേകം ശിഷ്യരെ നേടി. ശിഷ്യർ പലരും ഓർമ്മിച്ചപ്പോൾ പറഞ്ഞതിതാണ്, "അനേകം ഗുരുക്കന്മാരെ കണ്ടിട്ടുണ്ട്. പക്ഷെ, ഈ ഗുരു വ്യത്യസ്തനായിരുന്നു. ആ ശബ്ദത്തിൽ, ആ കാഴ്ചയിൽ, ആ ഉൾക്കാഴ്ചയിൽ ഒരാധികാരികത ഉണ്ടായിരുന്നു."

## 3. അനുകമ്പയുള്ള അജപാലകൻ

അജപാലനരംഗത്ത് രണ്ട് പള്ളികളിലെ ശുശ്രൂഷ അവിസ്മരണീയമായിരുന്നു. കുന്നന്താനം സെന്റ് മേരീസിലും, വേങ്ങൽ സെന്റ് ജോർജിലും. അന്നൊക്കെ ഒരു സന്യാസിവൈദികന്റെ, പ്രത്യേകിച്ച് ആശ്ര

മാംഗത്തിന്റെ സ്വകാര്യ സമ്പാദ്യം ഒന്നുമില്ലായിരുന്നുവെങ്കിലും, രോഗികളും അശരണരും ആയവരെ അനുകമ്പയോടെ കരുതുന്ന കാര്യത്തിൽ ഈ നല്ലിടയൻ മാതൃക കാണിച്ചു. അവികസിത മേഖലയായിരുന്ന മലബാറിൽ ഭദ്രാസന മെത്രാപ്പോലീത്താ ആയപ്പോൾ, തെക്കൻ ഭദ്രാസനങ്ങളിലെയും ബാഹ്യ ഭദ്രാസനങ്ങളിലെയും ശുശ്രൂഷകൾ ഏറ്റെടുത്ത് നിരന്തരം യാത്രചെയ്തത് മലബാറിന്റെ മക്കളെ പോഷിപ്പിക്കുവാൻ എന്തെങ്കിലും സാധിക്കുന്നതിനായിരുന്നു. ആത്മീയ മക്കൾക്ക് ആരാധനാലയങ്ങളും വൈദികരും സജ്ജീകരിക്കപ്പെടുവാൻ ആ അജപാലകൻ പണിപ്പെട്ടത് അല്പമൊന്നുമല്ല. ചാത്തമംഗലത്ത് അരമനയും, അട്ടപ്പാടി മിഷൻകേന്ദ്രവും, എരുമമുണ്ട സെന്റ് തോമസ് ഭവനവും, ചേവായൂർ ഗൈഡൻസ് സെന്ററും ഒക്കെ ആ അജപാലനശൈലിയുടെ കൈയൊപ്പുകളാണ്.

### 4. അനുതാപമുള്ള ആരാധകൻ

പ. ദിദിമോസ് ബാവായുടെ ആരാധനാ നൈപുണ്യം അതിവിശിഷ്ടമായിരുന്നു. ആത്മനിറവുള്ള ആ ആരാധനാനിമിഷങ്ങൾ അനുതാപവും ആത്മഹർഷവും സമ്മാനിച്ചതിനെപ്പറ്റി അനേക സാക്ഷ്യങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വന്തം ആത്മാവിലെ അനുതാപവും ആത്മീയാനന്ദവും ആളുകളിലേക്ക് ഒഴുകിയെത്തിയതിന്റെ കഥകളാണ് അതൊക്കെയെന്ന് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

### 5. അനുകരണീയ നേതാവ്

ഒരു നേതാവും നേതാവായി ജനിച്ചിട്ടില്ല. അവസരങ്ങൾക്ക് ഒത്തുയരുവാൻ കഴിയുന്നവരെ ദൈവം നേതൃത്വത്തിനായി ഉപയോഗിക്കുന്നു. പക്ഷെ, നേതാവിന്റെ മുഖമുദ്ര നിസ്സംഗതയോടെയുള്ള കർമ്മയോഗമാണ്. ഭാരതത്തിലെ പുരാതന സഭയുടെ പ്രധാന മേലദ്ധ്യക്ഷനായപ്പോഴും, ദിദിമോസ് ബാവാ ഈ നിഷ്ക്കാമകർമ്മിയായ നേതാവിന്റെ മൂന്ന് അടയാളങ്ങൾ വഹിച്ചു. ഒന്ന്, ഉന്നതന്മാർ എന്ന് സ്വയം അവകാശപ്പെട്ടവരെയും നിസ്സാരന്മാർ എന്ന് പൊതുസമൂഹം കണ്ടവരെയും ഒരേ കണ്ണാൽ കണ്ടു. രണ്ട്, സഭയ്ക്ക് പ്രയോജനപ്പെടുന്നവരെന്ന് തോന്നിയവർക്ക് അവസരം കൊടുത്തു. മൂന്ന്, യാതൊരു ഭീഷണിക്കും മുമ്പിൽ പതറാത്ത ആത്മധൈര്യം പ്രകടിപ്പിച്ചു.

### 6. അനുഗൃഹീത പ്രഭാഷകൻ

1965-ൽ റമ്പാൻസ്ഥാനം സ്വീകരിച്ചതുമുതൽ പ്രത്യേകിച്ചും, പരിശുദ്ധ പിതാവിനെ സഭ ശ്രദ്ധിച്ചത് അനുഗൃഹീത പ്രഭാഷകനായിട്ടാണ്. ധ്യാനയോഗങ്ങളിലും, കൺവൻഷനുകളിലും, വാർഷിക കോൺഫ്രൻസുക

ളിലും, പെരുന്നാൾ വേദികളിലും ഒക്കെ അദ്ദേഹം ഉജ്ജ്വല പ്രഭാഷണങ്ങൾ നടത്തി. ആംഗലസാഹിത്യത്തിൽ നിന്നും, വി. വചനത്തിൽ നിന്നും, ജീവിതാനുഭവങ്ങളിൽ നിന്നും കോർത്തിണക്കിയ വചനവിരുന്നായിരുന്നു ആ പ്രഭാഷണങ്ങൾ.

## 7. അനുരഞ്ജനത്തിന്റെ കർമ്മയോഗി

സഭയിൽ കക്ഷിവഴക്കുകൾ വീണ്ടും തലപൊക്കിയപ്പോൾ മലബാർ ഭദ്രാസനത്തെ അത് വല്ലാതെ ഉലച്ചു. തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, തന്റേതായ ഒരു ശൈലിയിൽ ആ സാഹചര്യത്തെ അഭിമുഖീകരിച്ചു. അഭിപ്രായ വ്യത്യാസങ്ങൾ കോടതിമുഖേനയോ, കോടതിക്കു പുറത്തോ രമ്യമായി പരിഹരിക്കുവാനുള്ള ഏതൊരു ശ്രമത്തെയും അദ്ദേഹം സ്വാഗതം ചെയ്തു. സാവധാനം "മലബാർ മോഡൽ" പ്രശ്ന പരിഹാരം സഭ മുഴുവൻ ശ്രദ്ധിച്ചു. പല പള്ളികളിലും, മനുഷ്യബന്ധങ്ങൾ ഉലയാതെയും കുടുംബങ്ങൾ വൈരം അനുഭവിക്കാതെയും പ്രശ്ന പരിഹാരം നടന്നതിനു പിന്നിൽ മലബാറിലെ പ്രധാന ഇടയന്റെ പ്രാർത്ഥനയും സമീപനവും നിർണ്ണായക ശക്തിയായി.

## 8. അനുഷ്ഠാനത്തിന്റെ ആൾരൂപം

സഭയുടെ അനുഷ്ഠാന പാരമ്പര്യത്തിന്റെ കാവലാൾ എന്ന നിലയിൽ പ. ദിദിമോസ് ബാവാ പലതും പറഞ്ഞിട്ടുണ്ട്, എഴുതിയിട്ടുണ്ട്, ചെയ്തിട്ടുമുണ്ട്. അവയുടെ സംക്ഷിപ്തവും, സാരവത്തും ആയ രേഖാസാക്ഷ്യമാണ്, 2009-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച "ശുശ്രൂഷാ നടപടിചട്ടങ്ങൾ." അവയെ അവതരിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച കല്പനയിൽ ഇപ്രകാരം പറയുന്നു. ".... ഏറ്റവും പ്രധാനമായിട്ട് നാം കരുതേണ്ടത് പരിപാവനമായ നമ്മുടെ സത്യവിശ്വാസവും, ദൈവികമായ നമ്മുടെ ആചാരാനുഷ്ഠാനങ്ങളുമാണ്. കൂദാശാനുഷ്ഠാനങ്ങളിലും ഭരണക്രമത്തിലും അറിവും ഐകരൂപ്യവും ഉണ്ടായിരിക്കേണ്ടത് മേൽപ്പറഞ്ഞ കെട്ടുറപ്പിനും പുരോഗമനത്തിനും ഒഴിച്ചുകൂടാൻ പാടില്ലാത്ത സംഗതികളാണ്." യാമ പ്രാർത്ഥനകളുടെ അനുഷ്ഠാന രഹസ്യങ്ങളിലൊന്ന്, മേൽ പ്രസ്താവിച്ച ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്: "പരിശുദ്ധ സഭയുടെ വിശുദ്ധരായ മല്പാന്മാർ പ്രതീകങ്ങളായി സന്ധ്യാപ്രാർത്ഥന കൃഷിയും, സൂത്താറാ വിത്തും, രാത്രിയുടെ നാല് യാമപ്രാർത്ഥനകൾ കളകൾ, മുള്ളുകൾ, പറക്കാരകൾ, ഞെരിഞ്ഞിൽ ഇവയിൽ നിന്നുള്ള ശുദ്ധീകരണമായും, പ്രഭാത പ്രാർത്ഥന കൊയ്ത്തും, മൂന്നാം മണി ധാന്യസമാഹരണവും (മെതിക്കുന്നതിന്റെ), ആറാം മണി (മദ്ധ്യാഹ്നം) കളപ്പുരയിലേക്ക് ധാന്യം ശേഖരിക്കലും, ഒമ്പതാം മണി ധാന്യത്തിന്റെ പത്തിലൊന്നിന്റെ (റിശീസാ) ദാനവും എന്ന രീതിയിൽ ചിത്രീകരിച്ചിട്ടുണ്ട്" (പുറം 29).

### 9. അനുപമ ശബ്ദഗാംഭീര്യം

പ. ദിദിമോസ് പ്രഥമൻ ബാവായെക്കുറിച്ച് പലരും വിശേഷിപ്പിച്ചത്, "നവതിയിലും ശബ്ദയൗവ്വനം" എന്നാണ്. ആ ശബ്ദഗാംഭീര്യം ആസ്വദിച്ച പഴമക്കാർ, കുഞ്ഞുങ്ങളോട് മാലാഖമാരെപ്പറ്റി പറയുമ്പോൾ മാലാഖമാരുടെ ശബ്ദം എങ്ങനെയെന്ന് പറഞ്ഞുകൊടുത്തിട്ടുള്ളത് പ. പിതാവിന്റെ ആരാധനയിലെ ശബ്ദസൗകുമാര്യം ചൂണ്ടിക്കാട്ടിയിട്ടായിരുന്നു.

### 10. അനുചര സമ്പന്നൻ

ദിദിമോസ് പ്രഥമൻ ബാവാ മൗനിയും, ഗൗരവക്കാരനും ആയിരുന്നതോടൊപ്പം, അനേകരെ തന്റെ നൈർമ്മല്യത്തിൽ തന്നിലേക്ക് ആകർഷിച്ച വ്യക്തിത്വവും ആയിരുന്നു. സന്ന്യാസികളുടെ ഇടയിലും, വൈദികരുടെ ഇടയിലും, അത്മായരുടെ ഇടയിലും അനേകം അനുചരവൃന്ദങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. പിതാവിന്റെ ആവശ്യങ്ങൾ അറിയാക്കാതെ തന്നെ, ആവശ്യങ്ങൾ അറിഞ്ഞ് അനുചരശുശ്രൂഷ നിർവ്വഹിച്ചവർ അവരിൽ ഒട്ടും കുറവല്ലായിരുന്നു.

### ഉപസംഹാരം

മൗനഗാംഭീര്യത്തിന്റെ കുലീനഭാവത്തോടെ, മലങ്കരയുടെ ഏഴാം കാതോലിക്കാ ശാന്തിതീരമണഞ്ഞു. 1921 ഒക്ടോബർ 29-ന് ജനിച്ച്, 2005 ഒക്ടോബർ 31-ന് കാതോലിക്കായായി സ്ഥാനാരോഹണം ചെയ്ത്, 2010 നവംബർ 1-ന് ആ സ്ഥാനം സ്വമേധയാ ഒഴിഞ്ഞ്, 2014 മെയ് 26-ന് കാലം ചെയ്ത ആ ജീവിതം, നാവെടുത്തു സംസാരിച്ചതിനെക്കാൾ ശക്തമായി മൗനംകൊണ്ട് വാചാലമായിരുന്നു. പറഞ്ഞു നിർത്തിയത് ഗംഭീരം; പറഞ്ഞുകൊണ്ടിരിക്കുന്നത് അതിഗംഭീരം.

# കുഞ്ഞുങ്ങളെ സ്നേഹിച്ച ദിദിമോസ് ബാവാ


## ഫാ. ഡോ. ഒ. തോമസ്

(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)


പ. ദിദിമോസ് ബാവായും സണ്ടേസ്കൂളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസ്സിൽ ഓടിയെത്തുന്നത് 1973-ൽ പുതുപ്പാടി ബാലഭവനിൽ വെച്ചു നടന്ന അദ്ധ്യാപക പരിശീലന ക്യാമ്പാണ്. ഞാൻ ആദ്യം പുതുപ്പാടി കാണുന്നതും അന്നാണ്. അന്നത്തെ അദ്ധ്യാപക പരിശീലനക്ലാസ്സിൽ നേതൃത്വം കൊടുക്കാനായി ചിന്തിച്ചിരുന്നത് സെമിനാരിയിലെ കെ. ജി. ജോർജ്ജ് ശെമ്മാശനെയായിരുന്നു. അദ്ദേഹം ഇംഗ്ലണ്ടിൽ നിന്ന് തിരിച്ചെത്തിയിട്ട് അധികം കാലമായില്ല. സെമിനാരിയിലെ വാർഡനും അദ്ദേഹമായിരുന്നു. അദ്ദേഹം എന്നെക്കൂടി പുതുപ്പാടിക്കു കൊണ്ടുപോകുകയായിരുന്നു. മാനന്തവാടിയിലെ ജോസഫ് സാറായിരുന്നു അന്ന് മലബാർ ഭദ്രാസനത്തിന്റെ സണ്ടേസ്കൂൾ ഡയറക്ടർ. അദ്ദേഹം നല്ല ഒരു ഓർഗനൈസർ കൂടിയായിരുന്നു. മൂന്ന് ദിവസത്തെ ക്യാമ്പ് നല്ല ഒരു അനുഭവമായിരുന്നു. മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനി മുഴുവൻ സമയവും ക്ലാസ്സിന് നേതൃത്വം കൊടുത്തു. പലപ്പോഴും കോൺഫ്രൻസുകൾ ഉദ്ഘാടനം ചെയ്തിട്ട് മറ്റു പല കാര്യങ്ങളിലും ശ്രദ്ധിക്കേണ്ടതുകൊണ്ട് ക്യാമ്പിൽ മുഴുവൻ സമയവും തിരുമേനിമാർ മിക്കപ്പോഴും പങ്കെടുക്കാറില്ലാത്ത രീതിയാണുള്ളത്. എന്നാൽ തിരുമേനി ആ കാര്യത്തിൽ വ്യത്യസ്തനായിരുന്നു. വളരെ വർഷങ്ങൾ കഴിഞ്ഞ് ചുങ്കത്തറ കൺവൻഷനുകളിൽ മിക്ക വർഷവും ഞാൻ പ്രസംഗിക്കാൻ പോകുമായിരുന്നു. അവിടെ കൺവൻഷനോട് ചേർന്ന് അദ്ധ്യാപക ക്യാമ്പും കുട്ടികളുടെ കോൺഫ്രൻസും സംഘടിപ്പിക്കാറുണ്ടായിരുന്നു. അവിടെയും തിരുമേനിയുടെ നിറഞ്ഞ സാന്നിദ്ധ്യം തന്നെ കാണാമായിരുന്നു. സാന്നിദ്ധ്യം തന്നെ അനുഗ്രഹമാണെന്നത് ഭംഗിവാക്കല്ല എന്ന് ഈ കോൺഫ്രൻസുകളിലെ തിരുമേനിയുടെ പങ്കാളിത്തം നന്നായി വെളിപ്പെടുത്തിയിരുന്നു.

കാലം പിന്നിട്ടപ്പോൾ 2007-ൽ ഞാൻ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ചുമതലയിലായി. ആ സ്ഥാനത്തേക്ക് എന്നെ നിയമിച്ചതും ഈ പിതാവു തന്നെയായിരുന്നു. വാർദ്ധക്യത്തിന്റെ ബലഹീനതകൾ അലട്ടിത്തുടങ്ങി. ദീർഘമായ യാത്രകൾ ഒഴിവാക്കി കഴിഞ്ഞ കാലത്തും, 2010-ൽ സ്ഥാനം ഒഴിയുന്നതുവരെ സണ്ടേസ്കൂളിന്റെ വാർഷിക അസംബ്ലിയിൽ അദ്ദേഹം കൃത്യമായി തന്നെ പങ്കെടുക്കുമായിരുന്നു. അവിടെയും

സമ്മേളനം തീരുന്നതുവരെ അദ്ദേഹം സംബന്ധിക്കുമായിരുന്നു. സമ്മേളനങ്ങളിൽ വന്നില്ല എന്ന പഴി നീക്കുകയല്ല അത് അവസാനിക്കുന്നതുവരെ ആവതും അദ്ദേഹം പങ്കെടുക്കുമായിരുന്നു. മലബാർ ഭദ്രാസനത്തിന്റെ എല്ലാ ആത്മീയ സംഘടനകളും പ്രത്യേകിച്ച് സണ്ടേസ്കൂളിന് ഊടും പാവും നൽകിയത് ഈ പിതാവായിരുന്നു. വാക്ധോരണി കൊണ്ടോ പണ്ഡിതോചിതമായ പ്രഭാഷണങ്ങൾകൊണ്ടോ അല്ല അദ്ദേഹം കുഞ്ഞുങ്ങളുടെയും അദ്ധ്യാപകരുടെയും മനം കവർന്നത്. ആവശ്യമുള്ളപ്പോൾ നല്ല ചിന്തകൾ അദ്ദേഹം പങ്കുവയ്ക്കുമായിരുന്നു. അതിലുപരി അദ്ദേഹത്തിന്റെ വ്യക്തിത്വമാണ് സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ആവേശവും ഊർജ്ജവും നൽകിയത്. അതിനു പറ്റിയ ചില ചോതനകൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഉണ്ടായിരുന്നു.

### 1. നിഷ്കളങ്കമായ പുഞ്ചിരിയും കുശലാന്വേഷണവും

അദ്ധ്യാപകരോടും കുഞ്ഞുങ്ങളോടും ഈ രണ്ടു കാര്യങ്ങൾ പങ്കുവയ്ക്കുവാൻ അദ്ദേഹം പിശുക്കു കാട്ടിയില്ല. മലബാറിന്റെ വിസ്തൃതമായ പ്രദേശങ്ങളിൽനിന്നും വന്നവരെ, ഏതു പള്ളിയിൽ നിന്നാണ് എന്ന് തുടങ്ങി അവിടെ തിരുമേനിക്ക് അടുത്തു പരിചയമുള്ളവരുമായി ഇവർക്കുള്ള അടുപ്പമൊക്കെ അന്വേഷിക്കുമായിരുന്നു. കുഞ്ഞുങ്ങളോട് അപ്പന്റെയും അമ്മയുടെയും പേരും, അവരുടെ തൊഴിലും മറ്റു വിശേഷങ്ങളുമൊക്കെ ചോദിച്ചറിയുമ്പോൾ തിരുമേനിയോട് അവർക്ക് ഹൃദയത്തിന്റെ ഉള്ളിൽ നിന്നും തന്നെ ഒരു അടുപ്പം തോന്നുമായിരുന്നു. ഈ വ്യക്തിപരമായ ബന്ധമാണ് അവർക്ക് കൂടുതൽ സന്തോഷം പകർന്നത്.

### 2. ക്യാമ്പുകളിലെ ആത്മീയ അന്തരീക്ഷം

തിരുമേനി ഏറ്റവും ശ്രദ്ധിച്ചിരുന്നത് ഈ കാര്യമായിരുന്നു. സണ്ടേസ്കൂളുകൾ, യുവജന വിദ്യാർത്ഥി കോൺഫ്രൻസുകളിൽ വിനോദങ്ങൾക്കാണ് ഇന്ന് മുൻതൂക്കം. കുട്ടികളെ ആകർഷിക്കാൻ അല്പം വിനോദോപാധികൾ ആവശ്യമായിരിക്കാം. എന്നാൽ അത് അതിരു കവിയുമ്പോൾ ആത്മീയ സംഘടനകളുടെ മീറ്റിംഗുകൾ, സെക്കുലർ കൂട്ടായ്മകളെ പോലെയായി തീരും. ഈ തരത്തിൽ കോൺഫ്രൻസുകൾ ആയിത്തീരുവാൻ തിരുമേനി സമ്മതിച്ചിരുന്നില്ല. പ്രാർത്ഥന, വേദപഠനം തുടങ്ങിയ ആത്മീയ കാര്യങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നു. മൗനം പരിശീലിക്കുവാൻ അദ്ദേഹം എപ്പോഴും ഉദ്ബോധിപ്പിച്ചിരുന്നു.

### 3. അറിവിനേക്കാൾ പ്രാധാന്യം നല്ല പരിശീലനത്തിന്

നല്ല പരിശീലനമാണ് നല്ല വ്യക്തികളെ സൃഷ്ടിക്കുന്നത് എന്നാണ് പഴയ പ്രമാണം. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അവനതു വിട്ടുമാറുകയില്ല.” സണ്ടേസ്കൂളിന്റെ

എക്കാലവുമുള്ള ആപ്തവാക്യം ഇതു തന്നെയാണ്. എന്നാൽ അറിവിന്റെ വിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിൽ അറിവിനും യുക്തിക്കും പ്രാധാന്യം നൽകി ഒരുവനു ശരിയായ അറിവ് ലഭിച്ചാൽ അവൻ തനിയെ നല്ലവനായിക്കൊള്ളുമെന്നാണ് ഈ കാലഘട്ടത്തിന്റെ അഭിമതം. എന്നാൽ അറിവ് ഒരുവനെ നന്നാക്കുന്നില്ല, എന്നു മാത്രമല്ല, അധമ വാസനകൾ അറിവുള്ളവരിൽ നിന്നുകൂടി വരുന്നു എന്നതാണ് സമകാലീന ലോകം വെളിപ്പെടുത്തുന്നത്. തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് എല്ലായിടത്തും നേതൃത്വം നൽകുന്നത് സാങ്കേതിക പരിജ്ഞാനവും നല്ല അറിവും നേടിയവരാണ്. മനസ്സിലെ തിന്മയുടെ സ്വഭാവം മാറ്റി നന്മയായി രൂപാന്തരപ്പെടുവാൻ അറിവിനേക്കാൾ ആവശ്യം നന്മ ചെയ്യുവാനുള്ള പരിശീലനമാണ്. ദൈവഭക്തി, ഗുരുഭക്തി, മാതൃ പിതൃ ഭക്തി, ഈ ഭക്തി ത്രയങ്ങളാണ് ചെറുപ്പത്തിലേ നമ്മൾ പരിശീലിക്കേണ്ടത്. തിരുമേനിയുടെ ജീവിതവും പ്രബോധനവും എപ്പോഴും ഈ വഴിക്കായിരുന്നു.

### 4. ലൗകികമോഹങ്ങളോടുള്ള വിപ്രതിപത്തി

തിരുമേനിയോട് അടുക്കുന്നവർക്കെല്ലാം അദ്ദേഹത്തിൽനിന്ന് ഈ പാഠം പഠിച്ചെടുക്കുവാനാകും. എപ്പോഴും ഏതുവിധത്തിലും ഉല്ലസിക്കണമെന്നാണ് ഇന്ന് പലർക്കും താത്പര്യം. സാമ്പത്തിക സൗകര്യമുള്ള മാതാപിതാക്കൾ കുട്ടികൾക്ക് കൂടെക്കൂടെ വാങ്ങിക്കൊടുക്കുന്ന കളിപ്പാട്ടങ്ങളും വിനോദോപാധികളും ജീവിതം ആസ്വദിക്കാനുള്ളതാണ് എന്ന ചിന്തയിലേക്ക് കുഞ്ഞുങ്ങളെ നയിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആത്മീയജീവിതത്തിൽ വലിയ ഉല്ലാസമുണ്ടെന്നു പലരും തിരിച്ചറിയുന്നതേയില്ല. യുദ്ധങ്ങൾ വിജയിച്ചുവന്ന അലക്സാണ്ടർ ചക്രവർത്തിയോട് ഗ്രീസിലെ വലിയ തത്വജ്ഞാനിയായ ഡയോജനീസ് ഇപ്രകാരം പറയുന്നു “അല്ലയോ ചക്രവർത്തി, യുദ്ധങ്ങൾ ജയിക്കുന്നതിലല്ല, സ്വന്തം മനസ്സിനെ കീഴടക്കുന്നതിലാണ് ജീവിതമഹത്വം സ്ഥിതിചെയ്യുന്നത്.” ഈ കഴിവ് ഏറ്റം നഷ്ടപ്പെട്ടുപോയിരിക്കുന്നത് ഇന്നത്തെ യൗവനക്കാരിലാണ്. തീവ്രമായ സന്യാസനിഷ്ഠയിൽ ലോകമോഹങ്ങളെ കീഴടക്കാൻ സാധിച്ച തിരുമേനിയുടെ വ്യക്തിത്വം കുറേപേരെയെങ്കിലും തീർച്ചയായും സ്വാധീനിച്ചിട്ടുണ്ടാകും.

ചുരുക്കത്തിൽ സണ്ടേസ്കൂളുമായുള്ള തിരുമേനിയുടെ ബന്ധത്തിന് വ്യക്തമായ ദിശാബോധമുണ്ടായിരുന്നു. കുട്ടികൾ എന്തെങ്കിലും പഠിക്കണമെന്നതിനുപരി, ദൈവക്തിയും മനുഷ്യസ്നേഹവും, താഴ്മയും വിനയവും ഉള്ളവനായി വളരണമെന്ന് ആഗ്രഹിച്ചു. അതിനു സഹായകമായ ഒരു നേതൃത്വമാണ് തിരുമേനി എന്ന നിലയിലും പരിശുദ്ധ കാതോലിക്കാ ബാവാ എന്ന നിലയിലും പ്രസ്ഥാനത്തിന് അദ്ദേഹം നൽകിയത്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത പ്രസ്ഥാനത്തിന് എന്നും കാവലായിരിക്കട്ടെ.

# ശേലൂൻ ബശ്ലോമോ, മോറാൻ

## ഡോ. ഡി. ബാബു പോൾ

പണ്ഡിതനും യോഗീശ്വരനും ആയിരുന്ന ഔഗേൻ ബാവാ സ്വന്തം പേര് ചാർത്തിക്കൊടുത്തതോടെ, കുറുപ്പംപടി പൗലോസച്ചനെയും കണിയാമ്പറമ്പിൽ കുര്യനച്ചനെയുംപോലെ ബാവായുടെ പ്രിയ ശിഷ്യന്മാരായിരുന്നവർക്ക് മനസ്സിലായി, സി. ടി. തോമസ് റമ്പാൻ നിഷ്ഠനിഷ്ഠനായ സന്യാസിയാണെന്ന്. പാണ്ഡിത്യവും തപശ്ചര്യയും ആയിരുന്നുവല്ലോ ഔഗേൻ ബാവായെ നിർവ്വചിച്ചത്. മലബാർ ഭദ്രാസനത്തിന്റെ ഇല്ലായ്മകളിലേക്കും വല്ലായ്മകളിലേക്കും അംശവടി ഒഴികെ മറ്റൊരു താങ്ങും ഇല്ലാതെ വലിച്ചെറിയപ്പെട്ടപ്പോൾ, കക്ഷി മാറിയതിനെ തുടർന്ന് മൂവാറ്റുപുഴയിലെ ഇരുൾപരന്ന ആ പഴയ കെട്ടിടത്തിൽ പ്രാർത്ഥനയല്ലാതെ മറ്റൊരായുധവും കൂടാതെ അരപ്പട്ടിണിയിൽ കഴിഞ്ഞ ഔഗേൻ ബാവായുടെ അനുഭവത്തിനും ഈ പുതിയ തിമോത്തിയോസ് നേരവകാശിയായി.

1968–71 കാലത്ത് തോമസ് മാർ തിമോത്തിയോസ് തിരുമേനി എന്റെ ഇടവക മെത്രാപ്പോലീത്താ ആയിരുന്നു. രണ്ട് കൊല്ലം കണ്ണൂരിൽ, ഒരു കൊല്ലം പാലക്കാട്ട്, തിരുമേനിയുമായി വളരെ അടുത്ത് ഇടപഴകാനൊന്നും സന്ദർഭം ലഭിച്ചിരുന്നില്ല. കണ്ണൂരിൽ എത്തുമ്പോൾ എനിക്ക് 27 വയസ്സാണ് പ്രായം. സഭാകാര്യങ്ങളിൽ താൽപര്യം ഉള്ള ഐ.എ.എസ്. കാരൻ എന്ന നിലയിൽ ആ പ്രായത്തിൽ സാധാരണഗതിയിൽ ആകാവുന്നതിലേറെ അടുപ്പം ഉണ്ടായി എന്ന് മാത്രം.

രണ്ട് കാര്യങ്ങളാണ് അന്നേ എന്നെ ആകർഷിച്ചത്. ഒന്ന്, അകൃത്രിമ ശൈലിയിൽ അത്യന്തം ഹൃദയാവർജ്ജകമായി ആരാധന നടത്താനും വിദ്യാസമ്പന്നരെയും അവിദ്യാലംകൃതരെയും ഒരുപോലെ സ്പർശിക്കുന്ന പ്രസംഗങ്ങൾ പറയാനും ഉണ്ടായിരുന്ന അസാധാരണമായ കഴിവ്. 1970–ൽ പാലക്കാട് യാക്കരപ്പള്ളിയിൽ തിരുമേനി ചെയ്ത ഒരു പ്രസംഗം – ഉത്തമരായ മാതാപിതാക്കൾക്കാണ് ഉത്തമരായ സന്താനങ്ങൾ ഉണ്ടാകുന്നത് – കഴിഞ്ഞ നാലര പതിറ്റാണ്ടിനിടയിൽ എത്രയോ തവണ ഞാൻ വേദികളിൽ ആവർത്തിച്ചിരിക്കുന്നു! യോഹന്നാൻ സ്നാപകനെക്കുറിച്ചായിരുന്നു തിരുമേനി പറഞ്ഞത്. ഞാൻ കുരിശ് ചുമന്ന ശീമോനെയും കൂടെ കൂട്ടിയാണ് പലപ്പോഴും പറയാറുള്ളത് എന്ന് മാത്രം. ഇത്ര കാലം കഴിഞ്ഞിട്ടും പാലക്കാട്ട് കളക്ടറായിരിക്കെ കേട്ട പ്രസംഗം മറന്നിട്ടില്ലെന്ന് മാത്രമല്ല, തിരുമേനിയെക്കുറിച്ച് വായിക്കുമ്പോഴൊക്കെ പാലക്കാട്ടെ മദ്ബഹായിൽ നിന്ന് ആ പ്രസംഗം പറയുന്ന തിരുമേനിയുടെ ചിത്രം മനസ്സിൽ തെളിയുകയും ചെയ്യും.

രണ്ടാമത്തേത്, തിരുമേനിയുടെ താപസനിഷ്ഠകളാണ്. നോമ്പുകളും യാമപ്രാർത്ഥനകളും പാരമ്പര്യത്തോടുള്ള പ്രതിബദ്ധതയും തിരുമേനിയെ എന്നും അടയാളപ്പെടുത്തിയിരുന്നു. മൂന്ന് വർഷം മുമ്പ് പാത്രിയർക്കീസ് വിഭാഗം നോമ്പിലെ ഭക്ഷണം സംബന്ധിച്ച ആനുകൂല്യങ്ങൾ പൂർണ്ണമായി പിൻവലിച്ചു. സപ്തതി പിന്നിട്ടയാൾക്ക് നോമ്പ് നിർബന്ധമല്ലെങ്കിലും ഞാൻ കർശനമായി നോമ്പു നോക്കി സ്വതവെ സസ്യഭുക്കായ എനിക്ക് തൈരും മോരും നൽകിയിരുന്ന പോഷണത്തിന്റെ മൂല്യം ഞാൻ തിരിച്ചറിഞ്ഞ കാലം ആയിരുന്നു ആ വലിയ നോമ്പുകൾ. ഈസ്റ്ററായപ്പോഴേക്കും വലിയ ക്ഷീണം. ഇക്കൊല്ലം 73 തികഞ്ഞു. അതുകൊണ്ട് പരീക്ഷണം മതിയാക്കി തൈരും മോരും കഴിച്ചു. കാലംചെയ്ത വലിയ ബാവായേക്കാൾ 20 വയസ്സ് ഇളപ്പമാണ് ഞാൻ. എന്നാൽ ബാവാ കഴിഞ്ഞ വെള്ളിയാഴ്ചയും സുബോധത്തോടെ പാൽ കുടിച്ചിരിക്കാനിടയില്ല. സ്വർഗ്ഗാരോഹണം വരെ ഉള്ള ഇളവ് പോലും പ്രയോജനപ്പെടുത്താത്തതായിരുന്നു ആ നിഷ്ഠ.

മലബാർ ഭദ്രാസനത്തിലെ വൈദികർക്ക് ഇടവക മെത്രാപ്പോലീത്താ നൽകിയിരുന്ന ഒരു കർശന നിർദ്ദേശം ഉണ്ടായിരുന്നു അക്കാലത്ത്. കുർബാന ചൊല്ലാനുള്ള വൈദികർ കഴിയുന്നതും തലേദിവസം പള്ളിമുറിയിലോ മുറിയില്ലാത്ത ഇടങ്ങളിൽ പള്ളിയിൽ തന്നെയോ വേണം ഉറങ്ങാൻ. കുറുപ്പംപടി പോലെയുള്ള പള്ളികളിൽ എന്റെ ബാല്യകാലത്ത് ഇതായിരുന്നു നടപ്പ്. പള്ളിയോട് അടുത്തോ ചേർന്നോ ആണെങ്കിൽ വീട്ടിൽ കിടക്കാം. രാവിലെ ബസ്സിൽ കയറി തൂങ്ങിപ്പിടിച്ച് ചെന്ന് ചെയ്യേണ്ട വെറും ഒരു കർമ്മം അല്ല വിശുദ്ധ കുർബ്ബാന.

എന്റെ അപ്പൻ പുത്തൻ കുർബ്ബാന ചൊല്ലിയത് 1929-ൽ ആണ്. ആലുവായിലെ വലിയ തിരുമേനിയുടെയും (കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ്) ഔഗേൻ ബാവായുടെയും ഈ ശിക്ഷണം പാലിക്കുക ആ തലമുറയ്ക്ക് ക്ലേശകരമായിരുന്നില്ല. എന്നാൽ തിമോത്തിയോസ് തിരുമേനി മലബാറിൽ ഇത് നിഷ്കർഷിച്ചത് എഴുപതുകളിലായിരുന്നു എന്നത് മറന്നു കൂടാ.

കണ്ണൂരിൽ തിരുമേനി വന്ന് താമസിച്ചതായി ഓർമ്മയില്ല. പാലക്കാട്ട് ഒന്നിലധികം തവണ വന്നിട്ടുണ്ട്. തിരുമേനി എത്തിയാൽ കളക്ടറുടെ ബംഗ്ലാവിലോ (അന്ന് കോട്ടയ്ക്കകത്ത് ആയിരുന്ന പഴയ) കളക്ട്രേറ്റിലോ അറിയിക്കും. ഞാൻ പള്ളിയിൽ ചെന്ന് കാണും. ദീർഘനേരം സംസാരിക്കും. അന്ന് എനിക്ക് 29 വയസ്സാണ്. വട്ടക്കുന്നേൽ തിരുമേനി പോലും കസേര തരുമായിരുന്നു. തിമോത്തിയോസ് തിരുമേനി ഇരിക്കാൻ പറയുകയേയില്ല. തിരുമേനിയും ഇരിക്കയില്ല. ഒരിക്കൽ ഒരു മണിക്കൂർ കഴി

ഞ്ഞപ്പോൾ ഞാൻ സവിനയം ഉണർത്തിച്ചു: മുറ്റത്തിറങ്ങി നടന്നുകൊണ്ട് സംസാരിച്ചാൽ ശുദ്ധവായു കിട്ടും. നിൽക്കുന്നത്ര ക്ലേശമില്ലല്ലോ നടക്കാൻ! വേദം, സഭ, ഇടയ്ക്കിടെ ഇംഗ്ലീഷിൽ കവിതാശകലങ്ങളും പഴഞ്ചൊല്ലുകളും, ആ സായാഹ്നങ്ങൾ അവിസ്മരണീയങ്ങളാണ്.

അങ്ങനെ ഒരു സമയത്ത് തിരുമേനി ഒരു കഥ പറഞ്ഞു. തിരുച്ചിയിൽ ഹെഡ്മാസ്റ്റർ ആയിരുന്ന കാലം. റിസൾട്ട് മോശം. കാരണം ചികഞ്ഞപ്പോൾ പലരും കഞ്ഞി കുടിക്കാതെയാണ് വരുന്നത് എന്നറിഞ്ഞു. കഴിവുള്ള കുട്ടികൾ ദിവസം ഓരോ തീപ്പെട്ടി അരി കൊണ്ടുവരണം എന്ന് പറഞ്ഞു തിരുമേനി. ഭക്ഷണത്തിന് വകയില്ലാത്തവർക്ക് ഭക്ഷണത്തിന് വേണ്ടത് എത്തിച്ചു കൊടുത്തതോടെ റിസൾട്ട് നന്നായി. അത് ഈ തീപ്പെട്ടിപ്പരിപാടി കൊണ്ടായിരുന്നില്ല. തീപ്പെട്ടിപ്പരിപാടിയിലൂടെ ഹെഡ്മാസ്റ്റർ ലക്ഷ്യമിട്ടത് മറ്റൊന്നായിരുന്നു. ഉള്ളവനെ പങ്കിടാൻ പഠിപ്പിക്കുക.

പാലക്കാട്ട് നിന്ന് ഇടുക്കിയിലേയ്ക്ക് ഞാൻ മാറിയതോടെ കൂടിക്കാഴ്ചകൾ കുറഞ്ഞു. കാതോലിക്കാ സ്ഥാനത്ത് ആരൂഢനായപ്പോൾ ഒരിക്കൽ പോയി മുഖം കാണിച്ചു. പിന്നെ ഒന്നോ രണ്ടോ അദ്ധ്യക്ഷവേദികളിൽ. അത്ര തന്നെ. എങ്കിലും എന്നും എന്റെ പ്രാർത്ഥനയിൽ തിരുമേനിയെ പ്രത്യേകം ഓർത്തുവന്നിരുന്നതിനാൽ നേരിട്ട് കാണാതിരുന്നപ്പോഴും തമ്മിൽ അകലം ഉണ്ട് എന്ന് തോന്നിയിരുന്നില്ല.

"വായുരനിലമമൃതം
അഥേദം ഭസ്മാന്തം
ഓം ക്രതോസ്മരകൃതം സ്മര
ക്രതോസ്മരകൃതം സ്മര" എന്ന് ഒരു പ്രമാണം ഉണ്ട്. "പ്രാണവായു പ്രപഞ്ചവായുവിൽ ലയിച്ചു. ശരീരം അവസാനിക്കുകയും ചെയ്തു. അല്ലയോ ചിന്താകുലനായ മനുഷ്യാ, നീ ഇനി പരേതന്റെ കർമ്മങ്ങളെ സ്മരിച്ച് അവനെപ്പോലെ ജീവിക്കാൻ ശ്രമിക്കുക" എന്ന് ഏകദേശമായ വിവർത്തനം. ഈ പിതാവിന്റെ മാതൃക നമുക്ക് പ്രചോദനമാവട്ടെ. യോർദ്ദാനക്കരെ വീണ്ടും കാണുവോളം ആ ഓർമ്മ നമ്മെ ധൈര്യപ്പെടുത്തട്ടെ.

(മാധ്യമം ദിനപത്രത്തിൽ എഴുതിയത്)

# ശരിക്കും ഒരു വലിയ ബാവാ


## മാമ്മൻ മാത്യു
### (ചീഫ് എഡിറ്റർ, മലയാള മനോരമ)


കാലം 1970. തോമസ് മാർ തിമോത്തിയോസ് തിരുമേനി അന്ന് ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായാണ്. പ്രായം 50–ൽ താഴെയേയുള്ളു. പാലക്കാടു മുതൽ കാസർകോടു വരെയാണ് അന്നു മലബാർ ഭദ്രാസനം.

കോഴിക്കോട്ട് മലയാള മനോരമയുടെ റസിഡന്റ് എഡിറ്ററായി ഞാൻ ചുമതലയേറ്റത് 1970 ജനുവരി ഏഴിനാണ്. അന്നുതന്നെ തിരുമേനിയെ കാണാൻ ഞാൻ 18 കിലോമീറ്റർ അകലെ ഭദ്രാസന ആസ്ഥാനമായ ചാത്തമംഗലത്ത് എത്തി.

കോഴിക്കോട്ടെ എല്ലാ പത്രം ഓഫീസുകളും സന്ദർശിച്ചശേഷം വൈകുന്നേരം ചാത്തമംഗലത്തെത്തിയ എന്നെ ഭദ്രാസന ആസ്ഥാനം അത്ഭുതപ്പെടുത്തി. നിറംമങ്ങിയ ജനാലകളും വാതിലുകളുമുള്ള ചെറിയൊരു വീട്. ഭദ്രാസനത്തിന്റെ പേരെഴുതിയ ബോർഡാകട്ടെ, പെയിന്റ് അടർന്നു ചരിഞ്ഞുകിടക്കുന്നു. പേരിനുമാത്രം ഫർണിച്ചർ. അരമനയിൽ ആകെയുള്ള ആഡംബരമെന്നു പറയാവുന്നത് ഒരു പോമറേനിയൻ നായ മാത്രം. തിരുമേനിയുടെ കുപ്പായം ഭിത്തിയിലെ ആണിയിൽ തൂക്കിയിട്ടിരുന്നു. ഒരു സന്യാസിവര്യന്റെ ആദ്ധ്യാത്മികപ്രഭ അദ്ദേഹത്തിൽ തിളങ്ങിനിന്നു.

ഓർത്തഡോക്സ് - പാത്രിയർക്കീസ് വിഭാഗങ്ങൾ യോജിപ്പിലായിരുന്ന കാലമായതിനാൽ ഐക്യസഭയുടെ മലബാർ മെത്രാപ്പോലീത്തായാണു തിരുമേനി.

തിരുമേനിയുടെ എളിമയാർന്ന പ്രകൃതവും ഗാംഭീര്യമുള്ള ശബ്ദവും വ്യക്തിത്വവും എന്നെ വല്ലാതെ ആകർഷിച്ചു. ഋഷിതുല്യമായ ജീവിതമാണ് അദ്ദേഹം നയിക്കുന്നതെന്ന് ഒറ്റനോട്ടത്തിൽത്തന്നെ വ്യക്തമായിരുന്നു. ആദ്യ കൂടിക്കാഴ്ചയിൽ തന്നെ എനിക്കും തിരുമേനിക്കുമിടയിൽ ഒരു സൗഹൃദം രൂപപ്പെട്ടു. പാലൊഴിക്കാത്ത ചായ എനിക്കു തന്നശേഷം ഞാൻ ചായയോ കാപ്പിയോ കുടിക്കാറില്ലെന്ന കാര്യവും അദ്ദേഹം സൂചിപ്പിച്ചു. മിക്കപ്പോഴും ഉപവാസത്തിലാണ്. പത്തനാപുരം ദയറാ (ആശ്രമം) യിലായിരുന്നപ്പോൾ ശീലിച്ച പ്രാർത്ഥനാജീവിതത്തിന്റെ തുടർച്ച.

ഇറങ്ങാൻ തുടങ്ങുമ്പോഴാണ് അവിടെ ഫോണില്ലെന്ന കാര്യം തിരുമേനി പറയുന്നത്. ഫോൺ കണക്ഷൻ കിട്ടാൻ സഹായിച്ചാൽ ഉപകാര

മാകുമെന്നും ഒന്നര വർഷം മുമ്പ് അപേക്ഷ നൽകിയതാണെന്നും കൂടി പറഞ്ഞു. അന്നു മൊബൈൽ ഫോണില്ല.

കോഴിക്കോടു സർക്കിളിലെ ടെലിഫോൺ വകുപ്പു മേധാവിയെ കണ്ട് അന്വേഷിച്ചപ്പോൾ ആരുടെ പേരിലാണ് അപേക്ഷിച്ചതെന്ന് അദ്ദേഹം ചോദിച്ചു. ഹിസ് ഗ്രേസ് തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ എന്നു ഞാൻ മറുപടി നൽകി. അങ്ങനെയൊരു അപേക്ഷ അവിടെയില്ലെന്നു പറഞ്ഞ് രജിസ്റ്റർ അദ്ദേഹം എനിക്കു കാട്ടിത്തന്നു.

ഞാൻ പരിശോധിച്ചപ്പോൾ അതിൽ പേരു കണ്ടു. ഹിസ് ഗ്രേസ് എന്നതിനു പകരം മിസ് ഗ്രേസ് മാർ തിമോത്തിയോസ് എന്ന പേരിലാണെന്നു മാത്രം. അതും പൊതുവിഭാഗത്തിൽ. ഹിസ് ഗ്രേസ്, മിസ് ഗ്രേസ് ആയതോർത്തു വകുപ്പുമേധാവി ചിരിച്ചുപോയി. തൊട്ടടുത്ത ദിവസംതന്നെ ചാത്തമംഗലം അരമനയിൽ ഫോൺ കണക്ഷൻ ലഭിച്ചു. 'മിസ് ഗ്രേസ്' കഥ തിരുമേനിയോടു പറഞ്ഞപ്പോൾ ഒരു പാതിചിരിയായിരുന്നു മറുപടി.

തിരുമേനിക്കൊരു സെക്കൻഡ്ഹാൻഡ് വാൻഗാർഡ് കാറുണ്ടായിരുന്നു. പെട്രോൾ കുടിച്ചു വറ്റിക്കുന്ന ആ കാർ ഉപയോഗിക്കുന്നതു ചെലവേറിയ കാര്യമാണ്. അതൊരു ഡീസൽ കാറാക്കി മാറ്റാൻ സഹായിച്ചതു മണമേൽ കുടുംബമാണ്. എന്നാലും വിരളമായേ അദ്ദേഹം കാർ ഉപയോഗിച്ചിരുന്നുള്ളു. അരമനയോടു ചേർന്നു ചെറിയ ചാപ്പലിൽ മുഴുവൻ സമയവും പ്രാർത്ഥനയിൽ തന്നെയായിരുന്നു അദ്ദേഹം. മലബാർ ഭദ്രാസനത്തിന്റെ തലവനാണെങ്കിലും പ്രൗഢവേഷവിധാനങ്ങളൊന്നുമുണ്ടായിരുന്നില്ല. ലളിതമായ റബർ ചെരിപ്പുകളാണ് അദ്ദേഹം ഉപയോഗിച്ചത്. ചെരിപ്പിന്റെ കാര്യവും ഒന്നു മെച്ചപ്പെടുത്താൻ വർഷങ്ങൾക്കുശേഷം ഞാനാണു പ്രേരിപ്പിച്ചത്.

കോഴിക്കോട്ടുണ്ടായിരുന്ന പത്തു വർഷവും മാസത്തിൽ രണ്ടു തവണ ഞാൻ അരമനയിൽ പോകുമായിരുന്നു. ഓരോ സന്ദർശനത്തിലും തിരുമേനി എനിക്കൊപ്പം നിശ്ശബ്ദം പ്രാർത്ഥിച്ചു.

മൂന്നുമാസത്തിലൊരിക്കൽ പത്തനാപുരത്തു പോയിവരുമ്പോൾ തിരുമേനി രണ്ടുകുപ്പി പാനി (പനയിൽനിന്നുണ്ടാക്കുന്ന മധുരക്കുഴമ്പ്) കൊണ്ടുവന്ന് എന്റെ ഭാര്യ പ്രേമയ്ക്കോ മകൻ ജയന്തിനോ സമ്മാനിക്കും. മടിയിൽ കയറിയിരുന്ന് സമൃദ്ധമായ താടി പിടിച്ചുവലിക്കുന്ന കുഞ്ഞുജയന്തിനെ തിരുമേനിക്കു വലിയ ഇഷ്ടമായിരുന്നു.

കോഴിക്കോട്ടെ ഞങ്ങളുടെ വീട്ടിൽ തിരുമേനി വരുമ്പോഴൊക്കെ പ്രാർത്ഥനയ്ക്കിടെ ജയന്ത് 'ഇടപെടും.' കണ്ണടച്ചിരുന്നുള്ള പ്രാർത്ഥനയ്ക്കിട

യിൽ ഒരിക്കൽ പ്രാർത്ഥന നിർത്തി കണ്ണു തുറന്നു ജയന്തിനെ നോക്കി മന്ദഹസിച്ച തിരുമേനി 'പ്രാർത്ഥിക്കൂ' എന്ന അടയാളമാണ് നൽകിയത്. ശാസിക്കലല്ല, അർത്ഥപൂർണ്ണമായ ഒരു പുഞ്ചിരിയിൽ കാര്യം കഴിഞ്ഞു!

സഭയ്ക്കായി നിർമ്മിച്ച കത്തീഡ്രലാണു കോഴിക്കോടു നഗരത്തിനുള്ള തിരുമേനിയുടെ വലിയ സംഭാവന. ഇതിനായി ബിലാത്തിക്കുളത്തു പ്രേംനസീറിന്റെ ബന്ധു നല്ലൊരു സ്ഥലം കുറഞ്ഞ വിലയ്ക്കു സന്തോഷപൂർവ്വം നൽകി. 70,000 രൂപയ്ക്കാണ് 1971-ൽ കത്തീഡ്രൽ പണിതത്. സഹായവുമായി സഭാംഗമായ കോഴിക്കോട് ടൗൺ പ്ലാനർ പരേതനായ കണിയാന്തറ ജോസഫ് അലക്സാണ്ടർ കൂടെയുണ്ടായിരുന്നു.

മാതൃഭൂമിയുടെ സ്ഥാപകപത്രാധിപർ കെ. പി. കേശവമേനോൻ ബിലാത്തിക്കുളത്തായിരുന്നു താമസം (ഇംഗ്ലണ്ടിൽ പോയതിനെപ്പറ്റി 'ബിലാത്തി വിശേഷം' എന്ന പുസ്തകമെഴുതിയ കേശവമേനോൻ താമസിക്കാൻ തിരഞ്ഞെടുത്ത സ്ഥലം ബിലാത്തിക്കുളം. എന്തൊരു ചേർച്ച!) പണി നടക്കുന്ന കത്തീഡ്രലിന്റെ ഭാഗത്തേക്കായിരുന്നു അദ്ദേഹത്തിന്റെ പ്രഭാതസവാരികൾ. പള്ളിയുടെ ജോലികൾ എങ്ങനെ പോകുന്നുവെന്ന് എന്നും കോൺട്രാക്ടറോടു ചോദിക്കും, അദ്ദേഹം. അപ്പോഴേക്കു കാഴ്ച ശക്തി നഷ്ടപ്പെട്ടിരുന്ന അദ്ദേഹം വലിയൊരു പള്ളി അവിടെ ഉയർന്നു വരുന്നതു മനക്കണ്ണാൽ കാണുന്നുണ്ടെന്നു കോൺട്രാക്ടറോടു പറയുമായിരുന്നു. ഔഗേൻ കാതോലിക്കാ ബാവാ കത്തീഡ്രൽ കൂദാശ ചെയ്തപ്പോൾ പ്രസംഗിക്കാൻ കേശവമേനോനും ഉണ്ടായിരുന്നു. തോമസ് മാർ തിമോത്തിയോസിനെ അദ്ദേഹം ആവോളം പ്രശംസിച്ചതു ഞാനോർക്കുന്നു.

ഓർത്തഡോക്സ് - പാത്രിയർക്കീസ് വിഭാഗങ്ങൾ ഭിന്നതയിലായപ്പോഴും കോഴിക്കോട്ടു പ്രശ്നങ്ങളൊന്നുമുണ്ടായില്ല. പാത്രിയർക്കീസ് വിഭാഗക്കാർക്കും തിരുമേനിയെ അത്രയ്ക്കു ബഹുമാനമായിരുന്നു. പാത്രിയർക്കീസ് വിഭാഗം മലാപ്പറമ്പിൽ സ്വന്തം പള്ളി പണിയുകയും ചെയ്തു. സഭാഭിന്നതകൾ തിരുമേനിയെ വേദനിപ്പിച്ചിരുന്നെങ്കിലും ഓർത്തഡോക്സ് സഭയോടുള്ള അദ്ദേഹത്തിന്റെ വിധേയത്വം സമ്പൂർണ്ണമായിരുന്നു.

സുൽത്താൻബത്തേരിയിലെ മത്തായി നൂറനാൽ അച്ചനായിരുന്നു അക്കാലത്തു മലബാറിൽ സഭയുടെ കരുത്തനായ പുരോഹിതൻ (പിന്നീടദ്ദേഹം സഭയുടെ വൈദിക ട്രസ്റ്റി ആയി). നൂറനാലച്ചന്റെ ശ്രമഫലമായാണു ബത്തേരിയിലെ പള്ളി പണികഴിപ്പിച്ചത്. ബത്തേരിയിലെ സെന്റ് മേരീസ് കോളജിന്റെ സെക്രട്ടറിയും അദ്ദേഹമായിരുന്നു. രണ്ടു ദശകത്തോളം ഞായറാഴ്ചകളിൽ മുടങ്ങാതെ താൻ കുർബാന അർപ്പിച്ച ആ

പള്ളിയിൽ തുല്യാവകാശത്തിനായി പാത്രിയർക്കീസ് വിഭാഗം ആവശ്യ മുന്നയിച്ചത് അച്ചനെ പ്രകോപിപ്പിച്ചു. ആവശ്യം നിരാകരിച്ച അച്ചൻ അവരെ പിന്തിരിപ്പിക്കാൻവേണ്ടി സ്വയം തീകൊളുത്തുമെന്നു പറയുക പോലും ചെയ്തു. നൂറനാലച്ചനെ സഹായിക്കാനുള്ള വഴികൾ തേടി തിരു മേനി കോഴിക്കോട്ട് ആലോചനായോഗങ്ങൾ വിളിച്ചു.

പാത്രിയർക്കീസ് വിഭാഗത്തിനു മാസത്തിൽ രണ്ടു പ്രാർത്ഥനയ്ക്കുള്ള അവകാശം അനുവദിക്കണമെന്നു മന്ത്രിമാരായിരുന്ന ബേബി ജോണും കെ. എം. മാണിയും നിർദ്ദേശം വെച്ചെങ്കിലും നൂറനാലച്ചൻ ശക്തിയുക്തം എതിർത്തു. നൂറനാലച്ചനെ പിന്തുണച്ചു ബത്തേരിയിലെ പള്ളിക്കു മുന്നിൽ സത്യഗ്രഹമിരിക്കാനായിരുന്നു തിരുമേനിയുടെ തീരുമാനം. പൊടു ന്നനെയുള്ള ഈ തീരുമാനം എന്നെ ശരിക്കും ഞെട്ടിച്ചു. ശാന്തനും വിന യാന്വിതനുമായ തിരുമേനി പ്രക്ഷോഭമാർഗം സ്വീകരിക്കുന്നതു തടയാൻ ഞാൻ ആവതു ശ്രമിച്ചു. പക്ഷേ, തിരുമേനിക്കു കുലുക്കമുണ്ടായില്ല.

ഏതായാലും, പാത്രിയർക്കീസ് വിഭാഗക്കാർ അവരുടെ ആവശ്യം ഉപേ ക്ഷിക്കുകയും സുൽത്താൻ ബത്തേരിയിൽ വേറെ നല്ലൊരു പള്ളി നിർമ്മി ക്കുകയും ചെയ്തു.

രാഷ്ട്രീയത്തിൽ ഒരു താൽപര്യവുമില്ലായിരുന്നു തിരുമേനിക്ക്. പക്ഷേ, ഒരു രാഷ്ട്രീയ നേതാവിനോട് അദ്ദേഹത്തിനു വളരെ അടുപ്പമുണ്ടായി രുന്നു: സി.പി.ഐ. യിലെ മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായരോട്. ചന്ദ്ര ശേഖരൻനായരുടെ സ്വഭാവവൈശിഷ്ട്യം തന്നെയാവാം കാരണം.

തിരുമേനിയെക്കുറിച്ചോർക്കുമ്പോൾ രസകരമായ ഒരനുഭവം കൂടി യുണ്ട്. എന്റെ ഭാര്യ പ്രേമയുടെ സഹോദരി ഉഷയും കൊല്ലംപറമ്പിൽ കുര്യൻ മാത്യുവും (മോഹൻ) തമ്മിലുള്ള വിവാഹം നടത്താൻ തിരുമേ നിയെ മോഹൻ കോട്ടയം ചെറിയപള്ളിയിലേക്കു ക്ഷണിച്ചു. മൂന്നു മണി ക്കാണു ചടങ്ങ്. സമയമായപ്പോൾ തിരുമേനിയെ കാണാനില്ല. കോട്ട യത്തെ ദേവലോകം അരമനയിലേക്കു വിളിച്ചു തിരുമേനിയെ ബന്ധപ്പെ ടാൻ മോഹന്റെ കുടുംബം ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. സി.എം.എസ്. കോളജ് വൈസ് പ്രിൻസിപ്പലായിരുന്ന ചെറിയപള്ളി വികാരി എരുത്തി ക്കൽ കൊച്ചച്ചൻ അനിശ്ചിതത്വം ഒഴിവാക്കാൻ മൂന്നു മണിക്കു തന്നെ ചടങ്ങു തുടങ്ങി. മൂന്നരയോടെയുണ്ട് തന്റെ പഴയ വാൻഗാർഡ് വണ്ടി യിൽ തിരുമേനിയെത്തുന്നു. ഊർജ്ജസ്വലനായി പള്ളിയിലേക്കു കടന്ന തിരുമേനി കാർമികത്വം ഏറ്റെടുത്തു. വൈകിയതിന്റെ കാരണവും തിരു മേനി വെളിപ്പെടുത്തി. കോഴിക്കോട്ടുനിന്നുള്ള ദീർഘയാത്രയുടെ ക്ഷീണ ത്താൽ ഉറങ്ങിപ്പോയതാണ്. സത്യം തുറന്നുപറയുന്ന തിരുമേനിയുടെ യഥാർത്ഥ മുഖമായിരുന്നു അത്.

ഞാൻ 1980-ൽ കോട്ടയത്തേക്കു മാറിയതിനെ തുടർന്നു ഞങ്ങളുടെ കൂടിക്കാഴ്ചകളുടെ എണ്ണം കുറഞ്ഞു. 1995-ൽ ഞങ്ങളുടെ 25-ാം വിവാഹവാർഷികത്തിനു കോഴിക്കോട്ടുനിന്നു തിരുമേനിയെത്തിയത് ഞങ്ങളുടെ ഹൃദയം നിറച്ചു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ കാതോലിക്കാ ബാവായും മലങ്കര മെത്രാപ്പോലീത്തായുമായി അവരോധിതനായ ഉടനെ പരുമലയിൽ എന്നെ കണ്ടപ്പോൾ അൾത്താരയിൽ നിന്ന് ഒരു ചുവടു മുന്നോട്ടുവെച്ച തിരുമേനിയുടെ നോട്ടത്തിലെ സ്നേഹത്തിളക്കം ഇപ്പോഴും ഞാനോർക്കുന്നു. ദുർഘടസന്ധികളിൽ ശരിയായ പാത കണ്ടെത്താൻ തിരുമേനിയുടെ പ്രാർത്ഥനകൾ എന്നും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു.

എല്ലാവരും അദ്ദേഹത്തെ വലിയ ബാവാ എന്നാണു വിശേഷിപ്പിച്ചത്. അക്ഷരാർത്ഥത്തിൽ അദ്ദേഹം വലിയ ബാവാ തന്നെയായിരുന്നു. ഞങ്ങളുടെ കുടുംബത്തോടു ചേർന്നുനിന്ന സുഹൃത്തും. സഭയുമായി ബന്ധപ്പെട്ട സമിതികളിൽ ചേരുന്നതിലുള്ള എന്റെ വിമുഖത തിരുമേനിക്ക് അറിയാമായിരുന്നു.

ഒരു പത്രപ്രവർത്തകന്റെ ധർമ്മത്തിൽ നിന്നു വ്യതിചലിക്കാൻ ഒരിക്കലും അദ്ദേഹം നിർബന്ധിച്ചില്ല. എല്ലായ്പ്പോഴും എന്റെ മനസ്സ് തിരുമേനിക്കറിയാമായിരുന്നു.

(മലയാള മനോരമ, 2014 മെയ് 27)

# ആധുനിക സഭാചരിത്രത്തിലെ ആത്മീയ നവോത്ഥാന നായകൻ

## ഡോ. പോൾ മണലിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ സങ്കീർണ്ണമായ ഒരു കാലഘട്ടത്തിലാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ഇരുപതാമത്തെ മലങ്കര മെത്രാപ്പോലീത്താ ആയും പൗരസ്ത്യദേശത്തിന്റെ തൊണ്ണൂറാമത്തെ കാതോലിക്കാ ആയും സ്ഥാനമേറ്റത്. 2005 ഒക്ടോബർ 29-ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ പരിശുദ്ധ പിതാവ് 2005 ഒക്ടോബർ 31-നാണ് പൗരസ്ത്യ കാതോലിക്കാ സ്ഥാനമേറ്റത്.

ഈ സ്ഥാനങ്ങളിൽ അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾക്കു ശേഷം 2010 ഒക്ടോബർ 31-ന് പരിശുദ്ധ പിതാവ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞു. 2010 നവംബർ 1-ന് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയനെ വാഴിച്ചതോടെ കാതോലിക്കാസ്ഥാനവും പരിശുദ്ധ പിതാവ് ത്യജിച്ചു. തൊണ്ണൂറാം ജന്മദിനത്തിൽ സ്വന്തം ഇഷ്ടപ്രകാരം സ്ഥാനത്യാഗം ചെയ്ത ദിദിമോസ് പ്രഥമനെ 2010 ഒക്ടോബർ 29-ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയുടെ വലിയ ബാവാ ആയി പ്രഖ്യാപിച്ചു.

മലങ്കരയുടെ അമരക്കാരനെന്ന നിലയിൽ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ സംഭാവനകൾ എടുത്തു പറയേണ്ടതുണ്ട്. മലങ്കര സഭയിൽ സമ്പൂർണ്ണ ജനാധിപത്യവൽക്കരണം നടപ്പാക്കാൻ വലിയ ബാവാ നേതൃത്വം നൽകി. അഞ്ചു വർഷത്തെ ഭരണത്തിനിടയിൽ നാലു തവണ മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടുകയും അതിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ട് ഒരു തവണ തന്റെ പിൻഗാമിയെയും മറ്റൊരു തവണ കൂട്ടുട്രസ്റ്റികളെയും അടുത്ത രണ്ടു തവണകളിലായി പതിനാല് മെത്രാന്മാരെയും തിരഞ്ഞെടുത്തത് പ്രസ്താവ്യമായ നേട്ടങ്ങൾ തന്നെയാണ്. മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുത്ത ഈ പതിനാലു പേർക്ക് മെത്രാൻ സ്ഥാനം നൽകാനുള്ള ഭാഗ്യവും ഈ പിതാവിന് ലഭിച്ചു. കൂടാതെ, ഒരു തവണ വിശുദ്ധ മൂറോൻ കൂദാശ ചെയ്യാനുള്ള അനുഗ്രഹവും ഉണ്ടായി. പള്ളിപ്പൊതുയോഗങ്ങളിൽ വനിതകൾക്ക് അംഗത്വം നൽകിയതും ദിദിമോസ് പ്രഥമന്റെ ഭരണകാലത്താണ്. മലങ്കര അസ്സോസിയേഷനിൽ വരണാധികാരിയായി രണ്ടുതവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് പ്രഥമനാണ്.

ഇതെല്ലാമാണ് പരിശുദ്ധ പിതാവിന്റെ ഭരണനേട്ടങ്ങൾ എന്നു പറയാനല്ല ഞാൻ ആഗ്രഹിക്കുന്നത്. സഭയിലെ ശുശ്രൂഷാക്രമങ്ങൾ ക്രോഡീകരിക്കുന്നതിനു നേതൃത്വം നൽകിയതും ദിദിമോസ് പ്രഥമനാണ്. എന്നാൽ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും പരിശുദ്ധ പിതാവിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവന സഭയിലെ ആത്മീയ നവോത്ഥാനമാണ്. അഞ്ചു സംവത്സരങ്ങളിലായി ദിദിമോസ് പ്രഥമൻ സഭാഗാത്രത്തിൽ ആത്മീയനവോത്ഥാനത്തിന്റെ നിശ്ശബ്ദ അലകളാണ് അഴിച്ചുവിട്ടതെന്ന് ഏവർക്കും മനസ്സിലാക്കാൻ കഴിയും. പൗരസ്ത്യ സന്ന്യാസിമാരുടെ ജീവിതവും ശൈലിയും അതേപടി ജീവിതത്തിൽ നടപ്പാക്കിയ പിതാവാണ് ദിദിമോസ് പ്രഥമൻ. പ്രാർത്ഥനയും ഉപവാസവും നോമ്പും ആ ജീവിതക്രമത്തിന്റെ വ്യതിരിക്തതകളായിരുന്നു.

ആത്മീയ നവോത്ഥാനത്തെപ്പറ്റിയാണല്ലോ പറഞ്ഞുവന്നത്. സമാനമായ ഒരു കാലഘട്ടം മലങ്കരസഭാചരിത്രത്തിലുണ്ട്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ ആയി പ്രവർത്തിച്ച കാലത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. മലങ്കരസഭയിൽ അന്നത്തെ പ്രധാന സംഘർഷം വിശ്വാസത്തെച്ചൊല്ലിയായിരുന്നു. പാശ്ചാത്യ മിഷനറിമാരുടെ സ്വാധീനത്താൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ മലങ്കരയിൽ നവീകരണ സിദ്ധാന്തത്തിന്റെ അലകൾ ആഞ്ഞടിച്ച കാലം. വിശ്വാസം കാത്തുസൂക്ഷിക്കാൻ പുലിക്കോട്ടിൽ രണ്ടാമനൊപ്പം പരിശുദ്ധ പരുമല തിരുമേനിയും മറ്റും സജീവമായി. നവീകരണ സിദ്ധാന്തത്തെ ചെറുക്കാൻ സഭയിൽ നവോത്ഥാന പ്രവർത്തനങ്ങൾക്കു പുലിക്കോട്ടിൽ രണ്ടാമൻ ചുക്കാൻ പിടിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്. പുലിക്കോട്ടിൽ രണ്ടാമൻ നവോത്ഥാനത്തിന്റെ രാജശില്പിയായത് അങ്ങനെയാണ്.

ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോൾ, സഭയിൽ സംജാതമായിരിക്കുന്ന അവസ്ഥയെ അതിജീവിക്കാൻ വീണ്ടും ഒരു നവോത്ഥാനനായകനെ സഭ തേടുകയായിരുന്നു. വിശ്വാസം, അച്ചടക്കം, പൗരോഹിത്യം, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടായ ലാഘവസമീപനം മലങ്കരസഭയെ ഒരു സങ്കീർണ്ണതയിൽ എത്തിച്ചു. പൗരോഹിത്യദുഷ്പ്രഭുത്വത്തിന്റെ അധികാരമോഹങ്ങൾ ഉണ്ടാക്കിയ വിനകൾ വേറെയും ഉണ്ടായി. ചെറിയ ശൈഥില്യങ്ങളും. പരിശുദ്ധ ദിദിമോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായും ആയി പ്രവർത്തിച്ചത് ഈയൊരു സന്ദർഭത്തിലാണ്. ദിദിമോസ് പ്രഥമൻ തന്റെ ചുരുങ്ങിയ ഭരണകാലത്തിനിടയിൽ സഭയിൽ ആത്മീയ നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചു. സഭയെ രൂപാന്തരപ്പെടുത്താൻ വിശ്വാസികൾക്ക് ആത്മീയമായ കരുത്തു പകർന്നു, ഈ പുണ്യപിതാവ്.

21-ാം നൂറ്റാണ്ടിലെ മലങ്കരസഭാചരിത്രത്തിൽ ദിദിമോസ് പ്രഥമനെ രേഖപ്പെടുത്തുന്നതു തീർച്ചയായും ആത്മീയ നവോത്ഥാന നായകൻ എന്നു തന്നെയായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സഭാഗാത്രത്തിലേക്ക് ഈ പുണ്യപിതാവ് പകർന്ന ഊർജ്ജം മലങ്കരസഭയിൽ ഒരു ആത്മീയ വിപ്ലവത്തിനു വഴിയൊരുക്കി. പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും മൗനത്തിലൂടെയും ഈ മഹർഷിവര്യൻ സഭയെ ശക്തീകരിച്ചു. പ്രതിസന്ധികളിലും ഭിന്നതകളിലും വ്യവഹാരങ്ങളിലും ഉലഞ്ഞ സഭയെ അചഞ്ചലമായ വിശ്വാസത്തോടെയും ദൈവാശ്രയത്തോടെയും ഈ പുണ്യപിതാവ് നയിച്ചു.

ആർത്തിരമ്പുന്ന തിരമാലകളെയും കലങ്ങിമറിയുന്ന സംഘങ്ങളെയും ഒരു സന്ന്യാസിയുടെ നിസ്സംഗതയോടെ സമീപിക്കാനുള്ള ഇച്ഛാശക്തിയാണ് ഈ മഹാത്മാവിന്റെ വ്യതിരിക്തത. വിശ്വാസത്തിന്റെ തീക്ഷ്ണതയിലും അനുഭവത്തിന്റെ ആർജ്ജവത്തിലും കരുപ്പിടിപ്പിച്ചതാണ് ദിദിമോസ് പ്രഥമന്റെ വേദശാസ്ത്രം. ക്രിസ്തുശിഷ്യനായ ദിദിമോസ് എല്ലാം കണ്ടു വിശ്വസിച്ചെങ്കിൽ ദിദിമോസ് പ്രഥമൻ വലിയബാവാ എല്ലാം അനുദർശിച്ചും അനുശീലിച്ചും അനുഭവിച്ചും വിശ്വസിച്ചവനാണ്. കഠിനമായ താപസഭക്തിയിൽ സ്ഫുടം ചെയ്ത ആ ജീവിതം മലങ്കരയിൽ അവതരിപ്പിച്ച ആത്മീയലഹരി നിശ്ശബ്ദമായ ഒരു ആത്മീയ വിപ്ലവം തന്നെയായിരുന്നു.

മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു വന്ന തോമസ് മാർ തീമോത്തിയോസിനെ 1992-ലാണ് പരുമലയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പിൻഗാമിയായി തിരഞ്ഞെടുത്തത്.

മുൻഗാമി ജീവിച്ചിരിക്കുമ്പോൾ പിൻഗാമിയെ തിരഞ്ഞെടുക്കുന്ന പാരമ്പര്യം മലങ്കരയിലെ മാർത്തോമ്മാ മെത്രാന്മാരുടെ തിരഞ്ഞെടുപ്പിൽ പണ്ട് അനുവർത്തിച്ചു വന്നിരുന്ന ഒരു നയമാണ്. 1653 മുതൽ 1817 വരെ മലങ്കരസഭയെ മാർത്തോമ്മാ എന്ന അഭിനാമത്താൽ നയിച്ചിട്ടുള്ള തലവന്മാർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത് അങ്ങനെയായിരുന്നു. അവരിൽ പലരും നേരിട്ട് തങ്ങളുടെ പിൻഗാമിയെയും വാഴിച്ചിട്ടുണ്ട്.

മാർത്തോമ്മാ മെത്രാൻ എന്ന അഭിനാമം പിന്നീട് മലങ്കരമെത്രാപ്പോലീത്താ എന്നായി മാറിയപ്പോൾ ആ സ്ഥാനം അലങ്കരിച്ചിരുന്നവരുടെ തിരഞ്ഞെടുപ്പും അപ്രകാരം തന്നെയായി. സഭയുടെ വളർച്ചയുടെ അടുത്തഘട്ടത്തിൽ, കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായ പൗരസ്ത്യകാതോലിക്കായുടെ തിരഞ്ഞെടുപ്പ് ആദ്യകാലങ്ങളിൽ പ്രത്യേകം

നടത്തിയിരുന്നെങ്കിലും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ഒരാളിൽ നിക്ഷിപ്തമായപ്പോൾ പിൻഗാമിയെ തിരഞ്ഞെടുക്കുന്ന പാരമ്പര്യം മലങ്കരയിൽ ക്രമാനുസരണം വീണ്ടും അരങ്ങേറി. പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കാലം ചെയ്യുന്നതിനു മുമ്പുതന്നെ പിൻഗാമിയായി ഔഗേൻ പ്രഥമനെ തിരഞ്ഞെടുത്തതോടെയാണ് പിൻഗാമികളെ കണ്ടെത്തുന്ന പരിപാടി ക്രമമായി തുടങ്ങിയത്.

മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായിരുന്ന പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ സ്ഥാനത്യാഗം ചെയ്തപ്പോൾ പിൻഗാമിയായി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ സ്ഥാനമേറ്റു. പ. മാത്യൂസ് പ്രഥമൻ സ്ഥാനത്യാഗം ചെയ്തപ്പോൾ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ സ്ഥാനമേറ്റു. മുൻഗാമികൾ ജീവിച്ചിരിക്കുമ്പോൾ തന്നെ പിൻഗാമികളെ നിശ്ചയിക്കാൻ ഇവർക്കെല്ലാം കഴിഞ്ഞു. പ. ദിദിമോസ് പ്രഥമനും സഭാസാരഥ്യത്തിലേക്ക് വന്നത് മുൻഗാമിയുടെ ജീവിതകാലത്തു തന്നെയായിരുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ ഭൗതികശരീരം കബറടക്കിയ പരുമലപ്പള്ളിയിൽ വെച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സാന്നിദ്ധ്യത്തിലും ആശീർവാദത്തിലും സീനിയർ മെത്രാപ്പോലീത്താമാരായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ മക്കാറിയോസ് എന്നിവരുടെ കാർമ്മികത്വത്തിലുമായിരുന്നു തോമസ് മാർ തീമോത്തിയോസിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന അഭിനാമത്തിൽ കാതോലിക്കാ ആയി സ്ഥാനാരോഹണം ചെയ്തത്.

ക്രിസ്തുശിഷ്യനായ തോമസിന് ദിദിമോസ് എന്നും പേരുണ്ടായിരുന്നെന്ന് മലങ്കരയിൽ ചിലരെങ്കിലും അനുസ്മരിച്ചത് ദിദിമോസ് പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തോടെയായിരുന്നു. ഇപ്രകാരം പേരിന്റെ പൊരുളിൽ ഒളിപ്പിച്ച നവീനമായ അനുഭവത്തോടെയാണ് ദിദിമോസ് പ്രഥമൻ സഭാസാരഥ്യം ഏറ്റെടുത്തത്. കൂദാശകളുടെ അനുഷ്ഠാനം മുതൽ വൈദികരുടെ അച്ചടക്കം വരെയുള്ള കാര്യത്തിൽ നവീനമായ കാഴ്ചപ്പാടോടെ തുടർന്നു പ്രവർത്തിച്ച ദിദിമോസ് പ്രഥമനെ പിന്നീട് നമുക്ക് കാണാൻ കഴിഞ്ഞു.

മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഏറ്റശേഷം ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ 2006 ഒക്ടോബർ 12-ന് പരുമലയിൽ വിളിച്ചുകൂട്ടിയ മലങ്കര അസ്സോസിയേഷനിൽ വച്ചാണ്

കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസിനെ നിയുക്ത കാതോലിക്കാ ആയി തിരഞ്ഞെടുത്തത്. നിയുക്ത കാതോലിക്കായുടെ തിരഞ്ഞെടുപ്പ് കോടതി മുഖേന തടസ്സപ്പെടുത്താൻ ശ്രമം ഉണ്ടായിരുന്നെങ്കിലും ഇതു സംബന്ധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടായത് ദിദിമോസ് പ്രഥമന്റെ പ്രാർത്ഥനയുടെ ശക്തികൊണ്ടു തന്നെയായിരുന്നു. ദിദിമോസ് പ്രഥമന്റെ ഭരണനിർവ്വഹണ പ്രവർത്തനങ്ങളിൽ തുടർന്ന് നിയുക്ത കാതോലിക്കായുടെ പങ്കാളിത്തവും സഹകരണവും ഉണ്ടായിരുന്നു.

പരുമലയിൽ വച്ചുതന്നെ വീണ്ടും ദിദിമോസ് പ്രഥമൻ വിളിച്ചുകൂട്ടിയ അസ്സോസിയേഷനിൽ വെച്ചാണ് 2007-ൽ വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായ ട്രസ്റ്റിയായി എം. ജി. ജോർജ്ജ് മുത്തൂറ്റിനെയും തിരഞ്ഞെടുത്തത്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് പുതുതായി രൂപംകൊണ്ട മലങ്കര അസ്സോസിയേഷനും മാനേജിംഗ് കമ്മിറ്റിയും നേതൃനിരയിലേക്ക് ഒരു ചെറുപ്പക്കാരനെ കണ്ടെത്തി - സഭയുടെ സെക്രട്ടറിയായി ഡോ. ജോർജ്ജ് ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു.

ഇപ്രകാരം പുതിയൊരു നേതൃനിരയെ അവതരിപ്പിച്ചുകൊണ്ടായിരുന്നു ദിദിമോസ് പ്രഥമന്റെ ഭരണകാലം അരങ്ങേറിയത്. സഭയുടെ വളർച്ചയുടെ സൂചനയായി എടുത്തു പറയാനുള്ള ഒരു കാര്യം ഭദ്രാസനങ്ങളുടെ വളർച്ചയാണ്. മലങ്കരസഭയ്ക്ക് ഇപ്പോൾ 30 ഭദ്രാസനങ്ങളാണ് ഉള്ളത്. അതിൽ അഹമ്മദബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ ഭദ്രാസനങ്ങൾ ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് രൂപംകൊണ്ടവയാണ്. ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും ദിദിമോസ് പ്രഥമൻ വർദ്ധിപ്പിച്ചു. ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരിക്കാനുള്ള മഹാഭാഗ്യവും ദിദിമോസ് പ്രഥമനു ലഭിച്ചു.

മലങ്കരസഭയിൽ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം പ്രവർത്തിച്ചത് പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായായിരുന്നു. ആ പിതാവിന് ലഭിക്കാത്ത ഒരു ഭാഗ്യം ദിദിമോസ് പ്രഥമന് ലഭിച്ചു. ഏറ്റവും കൂടുതൽ മെത്രാന്മാരെ അഭിഷേകം ചെയ്യാൻ അവസരം കൈവന്നു. 2009 ഫെബ്രുവരി 19-ന് പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിൽ വെച്ച് ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, ഡോ. മാത്യൂസ്

മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവരെയും 2010 മെയ് 12-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വെച്ച് ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. ഗീവറുഗീസ് മാർ യൂലിയോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം എന്നിവരെയുമാണ് ദിദിമോസ് പ്രഥമൻ വാഴിച്ചത്.

മെത്രാന്മാരുടെ തിരഞ്ഞെടുപ്പിൽ പല കാലത്തും പെരുമാറ്റച്ചട്ടങ്ങളും മാനദണ്ഡങ്ങളും ഉണ്ടായിരുന്നെങ്കിലും അച്ചടക്കത്തിന്റെ കാര്യത്തിൽ അതീവ ജാഗ്രതയുള്ള ദിദിമോസ് ഒന്നാമനാണ് മെത്രാൻ തിരഞ്ഞെടുപ്പിന് വ്യക്തമായ ഒരു മാനദണ്ഡവും പെരുമാറ്റച്ചട്ടവും രൂപീകരിച്ചത്. 2009-ൽ പാമ്പാക്കുടയിലും 2010-ൽ ശാസ്താംകോട്ടയിലും നടത്തിയ മലങ്കര അസ്സോസിയേഷനിൽ ഈ ചട്ടങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്തു. മെത്രാൻ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾ വോട്ടുപിടിക്കാൻ പാടില്ലെന്നും പ്രചാരണങ്ങൾ നടത്താൻ പാടില്ലായെന്നും ഉള്ള പെരുമാറ്റചട്ടങ്ങൾ സഭയുടെയും വൈദികരുടെയും അന്തസ്സിനെയും പൊതുവായ അച്ചടക്കത്തെയും മെച്ചപ്പെടുത്താൻ ഇടയാക്കി.

മലങ്കര അസ്സോസിയേഷൻ ചിട്ടയോടെ നടത്താൻ നേതൃത്വം നൽകുക മാത്രമല്ല അഞ്ചു വർഷത്തെ ഭരണകാലത്തിനിടയിൽ അത് നാലു തവണ വിളിച്ചുകൂട്ടുന്നതിനും (രണ്ടു തവണ പരുമല, ഒരു തവണ പാമ്പാക്കുട, ഒരു തവണ ശാസ്താംകോട്ട) ദിദിമോസ് പ്രഥമന് കഴിഞ്ഞു. 2006-ലെ പരുമല അസ്സോസിയേഷൻ രണ്ടു തവണയായിട്ടാണ് കൂടിയത് - സെപ്തംബർ 21, ഒക്ടോബർ 12 തീയതികളിൽ. മലങ്കര അസ്സോസിയേഷനിൽ പാരമ്പര്യപ്രകാരമുള്ള മലങ്കരമെത്രാന്റെ അംശവസ്ത്രം ധരിക്കുന്ന പതിവ് പുനഃസ്ഥാപിച്ചത് ദിദിമോസ് പ്രഥമനാണ്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് നടന്ന ചരിത്രപ്രധാനമായ ഒരു സംഗമമായിരുന്നു 2008 നവംബർ 16-ന് കോട്ടയം ബസേലിയോസ് കോളജ് ഗ്രൗണ്ടിൽ നടന്ന മഹാസമ്മേളനം. മലങ്കരയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നു പതിനായിരങ്ങൾ ഒത്തുകൂടിയ ഈ സമ്മേളനം അന്ത്യോഖ്യരുടെ നിയമലംഘനങ്ങളോടും നീതി നടപ്പാക്കുന്നതിൽ സർക്കാർ കാണിക്കുന്ന വിവേചനത്തോടും ഉള്ള പ്രതിഷേധം കൂടിയായിരുന്നു. മലങ്കര സഭാമക്കളെ ഉണർത്തുന്നതിനും സഭയുടെ പ്രതിസന്ധിഘട്ടത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനു ആഹ്വാനം ചെയ്യുന്നതിനും കോട്ടയം സമ്മേളനം വലിയ പ്രചോദനമായി.

കോട്ടയം ദേവലോകം അരമന ചാപ്പലിൽ 2009 ഏപ്രിൽ 3-ന് നടന്ന മൂറോൻ കൂദാശയിൽ ദിദിമോസ് പ്രഥമൻ മുഖ്യകാർമ്മികനായിരുന്നു. അതിനു മുമ്പ് നാല് മൂറോൻ കൂദാശകളിൽ പരിശുദ്ധ പിതാവ് സഹ കാർമ്മികനായിട്ടുണ്ട്. പരിശുദ്ധ ഔഗേൻ പ്രഥമൻ (1697), പരിശുദ്ധ മാത്യൂസ് പ്രഥമൻ (1977, 1988), പരിശുദ്ധ മാത്യൂസ് ദ്വിതീയൻ (1999) എന്നീ കാതോലിക്കാ ബാവാമാരോടൊപ്പമാണ് മെത്രാപ്പോലീത്താ എന്ന നിലയിൽ സഹകാർമ്മികനായിരുന്നത്. 1951-ൽ പരിശുദ്ധ ബസേലി യോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ മൂറോൻ കൂദാശ ചെയ്തപ്പോൾ വൈദികനായി (ഫാ. സി. ടി. തോമസ്) അതിൽ പങ്കെ ടുത്തു. ഇപ്രകാരം അഞ്ചു തവണ വിശുദ്ധ മൂറോൻ കൂദാശയിൽ പങ്കാ ളിയാകാൻ ദിദിമോസ് പ്രഥമന് ഭാഗ്യം സിദ്ധിച്ചു.

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് അവസരങ്ങളുണ്ടായി. ദിദിമോസ് പ്രഥമന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭ യുടെ പാത്രിയർക്കീസ് ആയിത്തീർന്ന കിറിൾ മെത്രാപ്പോലീത്താ (2006), അർമ്മീനിയൻ സുപ്രീംകാതോലിക്കാ കരേക്കിൻ രണ്ടാമൻ (2008), എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ് (2008), സലീഷ്യൻ കാതോലിക്കാ ആരാം പ്രഥമൻ (2010) എന്നിവർ മലങ്കര സന്ദർശിച്ചു. സഭകളുടെ ലോകകൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയ (2007) ദേവലോകത്ത് എത്തി ദിദിമോസ് പ്രഥമനെ സന്ദർശിച്ചു. ആഫ്രി ക്കൻ രാജ്യമായ ലെസോത്തോയിലെ ഉപപ്രധാനമന്ത്രി ആർബാർഡ് ലിഹാഹ്ലയും ദേവലോകത്ത് വന്നു പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൗഡാ മൂന്നാമനെ കെയ്റോയിൽ വെച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ഷിക്കാഗോ യിൽ വെച്ചും സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമ്മീ നിയൻ സുപ്രീം കാതോലിക്കായ്ക്കും സിസിലിയാ കാതോലിക്കാ ആരാം പ്രഥമനും എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനും പരി ശുദ്ധ ദിദിമോസ് പ്രഥമൻ മലങ്കരസഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

മലങ്കരസഭയുടെ നവോത്ഥാനത്തിനു നേതൃത്വം നൽകിയ പുലിക്കോ ട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ 'സഭാതേജസ്സ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് പ്രഥമനാണ്.

ദിദിമോസ് പ്രഥമൻ സ്ഥാനമൊഴിഞ്ഞത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ടാണ്. മുൻഗാമിയിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് പ്രഥമൻ പിൻഗാമിയെ വാഴിച്ചുകൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്. ഒരു സന്യാസിയുടെ നിസ്സംഗതയോടെ, ദിദിമോസ് പ്രഥമൻ അധികാരം വിട്ടൊഴിഞ്ഞത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നു എന്നത് ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം തന്നെയാണ്. പിൻഗാമിയെ വാഴിക്കാൻ പരുമലപ്പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

മലങ്കരസഭയിൽ മെത്രാന്മാർക്ക് റിട്ടയർമെന്റ് എന്നൊരു ആശയം സീനിയർ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് സ്വയം നടപ്പാക്കിയതും ദിദിമോസ് പ്രഥമന്റെ കാലത്താണ്. എന്നാൽ കാതോലിക്കാസ്ഥാനത്തുനിന്നും മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനത്തുനിന്നും ഒരു റിട്ടയർമെന്റ് എന്ന ആശയം ആദ്യം സ്വയം നടപ്പാക്കുന്നത് ദിദിമോസ് പ്രഥമനായിരുന്നു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ ജീവിതം വിലയിരുത്തുമ്പോൾ ഇപ്രകാരം സ്വയം നിരാകരിക്കലിന്റെയും സ്വയം ശൂന്യമാക്കലിന്റെയും അവസ്ഥയിലൂടെയാണ് ആ പിതാവ് വളർന്നുവന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ജീവിതത്തിന്റെ വസന്തങ്ങളിൽ ദാരിദ്ര്യവും ഉപവാസവും മൗനവും സ്വീകരിക്കാൻവേണ്ടി വീടു വിട്ടിറങ്ങിയതാണ് ദിദിമോസ് പ്രഥമൻ. മാവേലിക്കര പുതിയകാവ് പള്ളിയിൽവെച്ച് സി. എം. തോമസ് റമ്പാനാണ് (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രപ്പോലീത്താ) കുഞ്ഞോമ്മാച്ചൻ എന്ന സി. ടി. തോമസിനെ കണ്ടെത്തിയത്.

മൗണ്ട് താബോർ ദയറായിൽ എത്തിയ സി. ടി. തോമസിന് ഗുരുവിന്റെ കൂടെയുള്ള ജീവിതം ഒരു പുതിയ അനുഭവമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ പുതിയകാവ് പള്ളിയിലെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറിത്തുടങ്ങിയ സി. ടി. തോമസിന് ആരാധനയും നോമ്പും ഉപവാസവും ഒക്കെ അപരിചിതമായിരുന്നില്ലെങ്കിലും അരക്കെട്ടും കെട്ടി തടിക്കുരിശും അണിഞ്ഞ് സന്ന്യാസിയുടെ കുപ്പായം അണിഞ്ഞപ്പോൾ അതൊരു പുത്തൻ അനുഭവമായി. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ സന്ന്യാസ ദർശനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ സി. ടി. തോമസിനു കഴിഞ്ഞു. ക്രിസ്തീയ രൂപാന്തരമുണ്ടാക്കുന്നതിനുള്ള ജീവിതപരിശീലനം നൽകുക എന്നതായിരുന്നു തോമ്മാ ദീവന്നാസ്യോസ് ലക്ഷ്യമാക്കിയത്. അതിന് അദ്ദേഹം അവതരിപ്പിച്ച സന്ന്യാസപരിശീലന പദ്ധതിയായിരുന്നു 'സൊസൈറ്റി ഓഫ് ദ് ഓർഡർ ഓഫ് ദ സേക്രട്ട് ട്രാൻസ്ഫിഗറേഷൻ.'

മൗണ്ട് താബോർ ദയറായിൽ സന്യാസജീവിതത്തിലെ അവസ്ഥകൾ സി. ടി. തോമസ് പിന്നിട്ടത് കഠിനമായ വ്രതനിഷ്ഠയോടു കൂടെയായിരുന്നു. ഗുരുവിന്റെകൂടെ ദയറായിൽ സുറിയാനി പഠനം, സഭാവിശ്വാസ പഠനം, ആരാധനാപരിശീലനം എന്നിവയും ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭയുടെ വിശിഷ്ട പാരമ്പര്യങ്ങളായ നോമ്പ്, യാമപ്രാർത്ഥനകൾ, ധ്യാനം, ബൈബിൾ ക്ലാസ്സ്, സന്യാസജീവിതത്തെക്കുറിച്ചുള്ള ക്ലാസ്സ്, കായികാദ്ധ്വാനം, സൂത്താറയ്ക്കുശേഷം വി. കുർബ്ബാന ഉണ്ടെങ്കിൽ അതു കഴിയുന്നതുവരെ അല്ലെങ്കിൽ രാവിലെ ധ്യാനം കഴിയുന്നതുവരെ പരിപൂർണ്ണ മൗനം, പകൽസമയത്ത് അത്യാവശ്യത്തിനു മാത്രം സംസാരിക്കുക, രണ്ടാഴ്ചയിലൊരിക്കൽ കുമ്പസാരിക്കുക, ഭക്തിവർദ്ധനയ്ക്കുതകുന്ന വായന എന്നിവ ഇവിടെ ഒരു ജീവിതരീതി പോലെയായി.

ദയറായിലെ പരിശീലനത്തോടൊപ്പം സ്കൂൾ പഠനവും തുടർന്നു. തോമ്മാ മാർ ദീവന്നാസ്യോസ് 1926-ൽ സ്ഥാപിച്ച സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലായിരുന്നു പഠനം. ഫോർത്ത് ഫോമിലാണ് പഠനം തുടങ്ങിയത് - ഇന്നത്തെ എട്ടാം ക്ലാസ്സ്. പ്രാരംഭകാലത്ത് ദയറായ്ക്ക് സ്വന്തമായ കെട്ടിടമോ സാമ്പത്തികഭദ്രതയോ ഉണ്ടായിരുന്നില്ല. ഓലഷെഡ്ഡായിരുന്നു ദയറാക്കെട്ടിടം. പകൽ ഓലഷെഡ്ഡിലും രാത്രിയിൽ സ്കൂളിലെ ക്ലാസ്സ്മുറിയിലും ആശ്രമവാസികൾ കഴിഞ്ഞു. ജീവിതമാർഗ്ഗം മുഖ്യമായും കൃഷിയായിരുന്നു. അതിനിടയിലായിരുന്നു സി. ടി. തോമസിന്റെ പഠനവും ദയറാപരിശീലനവും. ദയറാ അന്തേവാസികൾക്കു ഓരോ ജോലി നിശ്ചയിച്ചു നൽകിയിരുന്നു, പശുവിനു പിണ്ണാക്ക് കലക്കി കൊടുക്കുന്ന ഉത്തരവാദിത്തമാണ് സി. ടി. തോമസിനുണ്ടായിരുന്നത്. സന്യാസജീവിതത്തിന്റെ തീക്ഷ്ണമായ അനുഭവങ്ങളും കഠിനമായ അച്ചടക്കവും ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ വചനങ്ങളും സി. റ്റി. തോമസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ദയറായിൽ എത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ ശെമ്മാശുപട്ടം സ്വീകരിച്ചു - 1941-ൽ.

സ്കൂൾ പഠനം കഴിഞ്ഞപ്പോൾ ഇന്റർമീഡിയറ്റിനു കോട്ടയം സി. എം. എസ്. കോളജിൽ ചേർന്നു. അക്കാലത്ത് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും അതിനുശേഷം ഔഗേൻ പ്രഥമൻ ബാവായുടെയും കീഴിൽ പരിശീലനത്തിന് അവസരം ലഭിച്ചു. ഔഗേൻ ബാവായായിരുന്നു ദിദിമോസ് പ്രഥമന്റെ സുറിയാനി മല്പാൻ.

ബിരുദപഠനം തൃശ്ശിനാപ്പള്ളി നാഷണൽ കോളജിലായിരുന്നു. അവിടെ ബി.എ. യ്ക്കു ഐച്ഛികം കണക്കായിരുന്നു. ബി.എ. കഴിഞ്ഞപ്പോൾ പത്തനാപുരം സെന്റ് സ്റ്റീഫൻസിൽ ഏതാനും വിഷയങ്ങൾ പഠിപ്പിക്കാൻ തോമ്മാ മാർ ദീവന്നാസ്യോസ് നിയോഗിച്ചു. അങ്ങനെയാണ് ദിദിമോസ്

പ്രഥമൻ അദ്ധ്യാപകനായത്. അദ്ധ്യാപകനായപ്പോൾ കണക്കു മാത്രമല്ല എല്ലാ വിഷയവും പഠിപ്പിക്കുമായിരുന്നു. ശെമ്മാശ്ശനായിരിക്കുമ്പോഴാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനെത്തിയത്. ശെമ്മാശന്റെ നേതൃത്വത്തിൽ സ്കൂളിൽ ഒരു പ്രെയർ ഗ്രൂപ്പ് തുടങ്ങി. വേദപുസ്തകം പഠിപ്പിക്കാനുള്ള വേദിയായിരുന്നില്ല ഈ പ്രെയർഗ്രൂപ്പ്. മരച്ചുവട്ടിൽ ഇരുന്ന് രസമുള്ള കഥ കൾ പറയുക, പാട്ട് പഠിപ്പിക്കുക, കൊച്ചുകൊച്ചു നാടകങ്ങൾ അവതരി പ്പിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ് പ്രെയർഗ്രൂപ്പിൽ ശെമ്മാശ്ശൻ ചെയ്തിരുന്നത്. പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവുകൾക്കു പുറമേ കുട്ടികൾക്ക് മൂല്യബോധം പകരുന്ന കാര്യങ്ങളാണ് പ്രെയർഗ്രൂപ്പിലൂടെ അദ്ദേഹം പകർന്നുകൊടുത്തത്.

ചുരുങ്ങിയ കാലത്തെ അദ്ധ്യാപനവൃത്തി കഴിഞ്ഞ് അദ്ദേഹം കാൺ പൂർ ക്രൈസ്റ്റ് ചർച്ച് കോളജിൽ ഉപരിപഠനത്തിനു പോയത് ഇംഗ്ലീഷ് ഐച്ഛികമായെടുത്ത് പഠിക്കാനാണ്. സ്കൂളിൽ കണക്കും മറ്റു വിഷയ ങ്ങളും പഠിപ്പിച്ചപ്പോൾ ഇംഗ്ലീഷ് ഏറെ ഇഷ്ടമായി. എന്നാൽ കണക്കിൽ നിന്നു അദ്ദേഹം സ്വന്തം ജീവിതത്തിൽ സ്വീകരിച്ചത് അതിന്റെ ഋജുത്വ മായിരുന്നു. ആ ഋജുത്വം സംസാരത്തിലാണ് വന്നുചേർന്നത്. ദയറാപരി ശീലനകാലത്ത് രാത്രിയിൽ പരിപൂർണ്ണ മൗനവും പകൽ മിതമായ മൗനവും പരിശീലിച്ച ദിദിമോസ് പ്രഥമന്റെ ജീവിതശൈലിയുടെ മുഖ മുദ്ര ആ ഋജുത്വവും മൗനവുമായിത്തീർന്നു.

ക്രൈസ്റ്റ് കോളജിലെ പഠനത്തിനുശേഷം മദ്രാസ് മെസ്റ്റൺ ട്രെയി നിംഗ് കോളജിൽ നിന്നു ബി.എഡ്. ഡിഗ്രി കൂടി സമ്പാദിച്ചിട്ടാണ് അദ്ദേഹം തൃശ്ശിനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായെത്തിയത്. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ തമിഴ്നാട് മിഷന്റെ ഭാഗ മായി പ്രവർത്തിക്കുന്ന പൊന്നയ്യാ ഹൈസ്കൂളിൽ 1955 മുതൽ 1959 വരെ ദിദിമോസ് പ്രഥമൻ സേവനമനുഷ്ഠിച്ചു. കല്ലുംപുറത്ത് കെ. കെ. ഫിലിപ്പ് റിട്ടയർ ചെയ്തപ്പോഴാണ് 1961-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ സി. ടി. തോമസച്ചൻ ഹെഡ്മാസ്റ്ററായി വന്നത്. സെന്റ് സ്റ്റീഫൻസ് അന്ന് മിക്സഡ് സ്കൂളാണ്. അന്നത്തെ ഫോർത്ത്ഫോമിൽ (ഇന്നത്തെ എട്ടാം ക്ലാസ്സ്) മാത്രം 34 ഡിവിഷൻ ഉണ്ടായിരുന്നു. മറ്റു ക്ലാസ്സു കളിലും ഇതുപോലെ തന്നെയായിരുന്നു അവസ്ഥ.

സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ സംഖ്യ പെരു കിയതിനെ തുടർന്ന് 1962-ൽ പെൺകുട്ടികൾക്ക് മാത്രമായി മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂൾ തുടങ്ങി. കെ. എൻ. മാത്യുവിനെ അതിന്റെ ഹെഡ്മാസ്റ്ററാക്കി. രണ്ട് സ്കൂളിലും വിദ്യാർത്ഥികളുടെ പഠ നനിലവാരം ഉയർത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും

തോമസച്ചൻ വളരെ ശ്രദ്ധിച്ചു. വിദ്യാർത്ഥികളുടെ രാവിലെയുള്ള അസംബ്ലി തോമസച്ചന്റെ കാലത്ത് ആരംഭിച്ച ഒരു പരിപാടിയായിരുന്നു. പത്രങ്ങൾ പ്രചാരത്തിൽ വരാതിരുന്ന അക്കാലത്ത് സ്കൂൾ അസംബ്ലി യിൽവെച്ച് കുട്ടികളെ പ്രധാന വാർത്തകൾ അറിയിക്കുന്ന പരിപാടിയും തോമസച്ചൻ നടത്തി. പൊതുവിജ്ഞാനം മാത്രമല്ല പൊതുമര്യാദകളും അസംബ്ലിയിൽ വെച്ച് പറഞ്ഞുകൊടുത്തിരുന്നു. സെന്റ് സ്റ്റീഫൻസിൽ ഇംഗ്ലീഷ് മീഡിയം ബാച്ച് തുടങ്ങിയതും തോമസച്ചനാണ്. എട്ടാം സ്റ്റാൻഡേർഡിൽ 21 കുട്ടികളെ പ്രവേശിപ്പിച്ചുകൊണ്ട് അദ്ദേഹം തുടങ്ങിയ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ തുടർന്നു പഠിച്ച കുട്ടികൾ പത്താം ക്ലാസ്സിൽ നൂറുമേനി കൊയ്യുന്നവരായി.

തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി 1964-ൽ സെന്റ് സ്റ്റീഫൻസ് കോളജ് സ്ഥാപിച്ചപ്പോൾ സി. ടി. തോമസച്ചൻ അവിടെ ഇംഗ്ലീഷ് വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പലുമായി. ആ സ്ഥാനത്ത് പ്രവർത്തിക്കു മ്പോഴാണ് മെത്രാൻസ്ഥാനമേൽക്കുന്നത്.

സന്യാസാർത്ഥിയായി താബോർ ദയറായിലേക്ക് കടന്നുവന്ന സി. ടി. തോമസിനെ പഠിപ്പിച്ചും പരിശീലിപ്പിച്ചും ദീവന്നാസ്യോസ് തിരുമേനി തന്റെ പിൻഗാമിയാക്കുകയാണ് ചെയ്തത്. സന്യാസപരിശീലനം പൂർത്തി യായപ്പോൾ ഡീക്കൻ സി. ടി. തോമസിന് വൈദികപട്ടം നൽകി. 1950 ജനുവരി 26-ന് പത്തനാപുരം താബോർ ദയറാ ചാപ്പലിൽ വെച്ചായിരുന്നു ശുശ്രൂഷകൾ നടന്നത്. ശെമ്മാശുപട്ടവും വൈദികപട്ടവും നൽകിയതു പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ യായിരുന്നു. റമ്പാൻസ്ഥാനവും മെത്രാൻസ്ഥാനവും നൽകിയത് ഔഗേൻ പ്രഥമൻ കാതോലിക്കാ ആയിരുന്നു. റമ്പാൻസ്ഥാനം 1965 മെയ് 16-നും മെത്രാൻസ്ഥാനം 1966 ആഗസ്റ്റ് 24-നുമാണ് ലഭിച്ചത്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വെച്ചായിരുന്നു മെത്രാൻ സ്ഥാനാഭിഷേകം. കാലംചെയ്ത ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവർക്കും അന്ന് മെത്രാൻപട്ടം നൽകിയിരുന്നു.

തന്റെ പ്രിയ ശിഷ്യൻ പൗരോഹിത്യത്തിന്റെ ഉന്നതശ്രേണികളിൽ എത്തുമെന്ന ദീർഘദർശനം തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോ ലീത്തായ്ക്കുണ്ടായിരുന്നു. ദീവന്നാസ്യോസ് തിരുമേനിയുടെ പ്രിയപ്പെട്ട 'കുഞ്ഞോമ്മാച്ചൻ' ആയിരുന്നു തോമസച്ചൻ. കുഞ്ഞോമ്മാച്ചൻ എന്ന പേരു പറയുമ്പോൾ തന്നെ ദീവന്നാസ്യോസ് തിരുമേനിയുടെ മുഖം സന്തോഷംകൊണ്ട് നിറയുമായിരുന്നു. മെത്രാപ്പോലീത്താ ആയി ആദ്യം പത്തനാപുരത്തേക്ക് വന്നപ്പോൾ ഗുരുവിന്റെ അരമനമുറിയോടു ചേർ

ന്നുള്ള മുറി 'കൊച്ചുതിരുമേനി'യുടെ വാസസ്ഥലമാക്കി മാറ്റുകയാണ് ചെയ്തത്. ദയറായിലെ അംഗങ്ങൾ ആ മുറി ഒരുക്കിയവേളയിൽ വടി പിടിച്ചു നടന്ന് ഏറ്റവും ചെറിയ കാര്യങ്ങൾപോലും ക്രമീകരിക്കുന്നതിൽ 'വലിയ തിരുമേനി' വ്യഗ്രത കാണിച്ചിരുന്നതായി ദയറായിൽ അന്ന് ഇള മുറക്കാരനായിരുന്ന ഇപ്പോഴത്തെ ഇയ്യോബ് മാർ പീലക്സിനോസ് തിരു മേനി പറഞ്ഞിട്ടുണ്ട്.

മെത്രാപ്പോലീത്താ സ്ഥാനമേറ്റ് തോമസ് മാർ തീമോത്തിയോസ് ആദ്യ മായി പത്തനാപുരത്തു വന്നപ്പോൾ നൽകിയ സ്വീകരണം ഞാൻ ഓർ ക്കുന്നു. സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിന്റെ വടക്കേ മുറ്റത്ത് കെട്ടിപ്പൊക്കിയ സ്റ്റേജിലേക്ക് കൊച്ചുതിരുമേനിയെ ആനയിച്ചപ്പോൾ തോമ്മാ മാർ ദീവന്നാസ്യോസ് സന്തോഷാശ്രുക്കൾ പൊഴിക്കുന്നത് അന്നൊരു ബാലനായിരുന്ന ഞാൻ ഇന്നും ഓർക്കുന്നു. തന്റെ ശിഷ്യന് ഒരു അംശവടി സമ്മാനിച്ചുകൊണ്ട് വലിയതിരുമേനി പറഞ്ഞ വാക്കു കൾ എന്റെ ചെവിയിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു: 'ബാവാ ആകും..... ബാവാ ആകും....' എന്നായിരുന്നു കൊച്ചുതിരുമേനിയെ ആലിംഗനം ചെയ്തുകൊണ്ട് വലിയതിരുമേനി കല്പിച്ചത്. ബാവാ ആകുന്ന കാര്യം സ്വപ്നത്തിൽപോലും ആഗ്രഹിക്കാത്ത തീമോത്തിയോസ് തിരുമേനി പിന്നെ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായി. ദീവന്നാസ്യോസ് തിരുമേ നിയുടെ പ്രവചനത്തിനും അപ്പുറം, ആ ഗുരുവിന്റെ ശിഷ്യൻ മലങ്കര യുടെ വലിയബാവായും ആയി.

ഈ ഗുരുവിനോടുള്ള ഭക്തി അണപൊട്ടി ഒഴുകുന്നതു ഞാൻ കണ്ടി ട്ടുണ്ട്. 1972-ൽ ഡിസംബർ 3-ന് തോമ്മാ മാർ ദീവന്നാസ്യോസ് കാലം ചെയ്തു. അന്നു രാവിലെ തീമോത്തിയോസ് തിരുമേനി കോട്ടയം പഴയ സെമിനാരിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചതിനുശേഷം ആശുപത്രി യിൽ എത്തിയപ്പോഴേക്കും ഗുരുവിന്റെ അന്ത്യനിമിഷങ്ങൾ അടുത്തിരുന്നു. പിറ്റേന്ന് ഭൗതികശരീരം പത്തനാപുരത്ത് താബോറിൽ കബറടക്കി. ആ സമയങ്ങളൊക്കെയും കണ്ണീർ അടക്കി കഴിഞ്ഞിരുന്ന തീമോത്തിയോസ് തിരുമേനി അടുത്ത ദിവസം കബറിങ്കൽ നിന്ന് പൊട്ടിക്കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്. രാവിലെ ദയറാ ചാപ്പലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച ശേഷം കബറിങ്കൽ ധൂപംവെച്ച കൊച്ചുതിരുമേനി തന്റെ ഗുരുവിന്റെ കബ റിങ്കൽ മുട്ടുകുത്തിനിന്നു കരയുകയായിരുന്നു. ആ കണ്ണീരിൽ ഞാൻ അഗാധമായ ഗുരുഭക്തി കാണുന്നു.

മെത്രാൻസ്ഥാനം ഏറ്റതിനുശേഷം മലബാർ ഭദ്രാസനത്തിന്റെ സഹാ യമെത്രാനായിട്ടാണ് 1966 നവംബർ 11-ന് തോമസ് മാർ തീമോത്തിയോസ് മലബാറിൽ എത്തുന്നത്. താബോറിന്റെ മണ്ണിൽ നിന്നു ലഭിച്ച സന്യാസ

പരിശീലനവും അച്ചടക്കവും വിശ്വാസസ്ഥിരതയും സഭാതീക്ഷ്ണതയുമായിരുന്നു ഭദ്രസനഭരണത്തിനെത്തിയപ്പോൾ തീമോത്തിയോസ് തിരുമേനിക്കുണ്ടായിരുന്ന കൈമുതൽ. താബോറിൽ നിന്ന് മറ്റൊരു മലമുകളിൽ എത്തിയപ്പോൾ തന്റെ ആസ്ഥാനത്തിന് മൗണ്ട് ഹെർമ്മോൻ എന്നാണ് അദ്ദേഹം പേരിട്ടത്. പ്രാർത്ഥനയിലൂടെയും ധൂപത്തിലൂടെയും തീമോത്തിയോസ് തിരുമേനി മലബാറിൽ ആദ്ധ്യാത്മിക നവീകരണമുണ്ടാക്കി. മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയാണ് ഈ പിതാവ്.

1930-കളിൽ കുടിയേറ്റത്തോടൊപ്പം ധാരാളം ഓർത്തഡോക്സുകാർ മലബാറിൽ എത്തിയെങ്കിലും 1953-ലാണ് മലബാർ ഭദ്രാസനം രൂപം കൊണ്ടത്. അതിനു മുമ്പ് ഇവിടുത്തെ സഭാംഗങ്ങളുടെ ആത്മീയ ദിഷ്ടിതികൾ നിർവ്വഹിച്ചിരുന്നത് അലക്സിയോസ് മാർ തേവോദോസിയോസും ഔഗേൻ മാർ തീമോത്തിയോസും പൗലൂസ് മാർ സേവേറിയോസും ആയിരുന്നു. അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ മലബാറും കർണ്ണാടകയിലെ ദക്ഷിണ കാനറ, ഇന്നത്തെ തമിഴ്നാട്ടിലെ ഗൂഡല്ലൂർ പ്രദേശങ്ങളും ഉൾപ്പെടുത്തി 1953-ൽ മലബാർ ഭദ്രാസനം രൂപംകൊണ്ടപ്പോൾ പത്രോസ് മാർ ഒസ്താത്തിയോസ് പ്രഥമ മെത്രാപ്പോലീത്തായായി. പിന്നീട് കേരളം രൂപംകൊണ്ടപ്പോൾ അന്നത്തെ മലബാർ പ്രദേശം പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളായി വിഭജിക്കപ്പെട്ടെങ്കിലും ഭദ്രാസനത്തിന്റെ നാമം മലബാർ എന്നുതന്നെ തുടർന്നു.

പത്രോസ് മാർ ഒസ്താത്തിയോസ് കാലം ചെയ്തതിനുശേഷം മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ആയി തീമോത്തിയോസ് തിരുമേനി സ്ഥാനമേൽക്കുമ്പോൾ മലബാറിൽ ആകെ 80 പള്ളികളാണ് ഉണ്ടായിരുന്നത്. മിക്കവയും ഓലമേഞ്ഞ കെട്ടിടങ്ങളായിരുന്നു. അരമനയും ഉണ്ടായിരുന്നില്ല. ഭദ്രാസനത്തിലെ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു കിടക്കുകയായിരുന്നു. ഭദ്രാസനാധിപൻ എന്ന നിലയിൽ തീമോത്തിയോസ് തിരുമേനി ആദ്യം സണ്ടേസ്കൂൾ പ്രസ്ഥാനം ശക്തിപ്പെടുത്തുകയാണ് ചെയ്തത്. സണ്ടേസ്കൂൾ ഡയറക്ടറായിരുന്ന ഫാ. മത്തായി നൂറനാലിന്റെ നേതൃത്വത്തിൽ സജീവമായ പ്രവർത്തനങ്ങൾ തുടങ്ങി. തുടർന്നു പ്രൊഫ. കെ. ടി. കുര്യൻ കുമ്പുക്കാട്ടിന്റെ നേതൃത്വത്തിൽ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും സജീവമാക്കി. സിസ്റ്റർ റിബേക്കാ ജനറൽ സെക്രട്ടറിയായി മർത്തമറിയം സമാജവും പ്രവർത്തനം തുടങ്ങി. ഇതോടൊപ്പം പുതിയ ഇടവകകൾ തുടങ്ങാൻ തിരുമേനി പരിശ്രമിച്ചു.

ഇപ്രകാരം തീമോത്തിയോസ് തിരുമേനി മലബാർ ഭദ്രാസനത്തെ

ശക്തിപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴാണ് സഭയിൽ വീണ്ടും പ്രതിസന്ധികൾ തുടങ്ങിയത്. അതിന്റെ തിക്താനുഭവം ഏറെ ഉണ്ടായത് മലബാറിലാണ്. എന്നാൽ തിരുമേനിയുടെ പ്രാർത്ഥനയും ദൈവവിശ്വാസവും കൊണ്ട് മലബാർ ഭദ്രാസനത്തിലെ പ്രശ്നങ്ങൾ ഓരോന്നായി അവസാനിച്ചു. വൈദികരും അത്മായരും ഒറ്റക്കെട്ടായി തിരുമേനിയുടെ കീഴിൽ അണിനിരന്നു. 1967-ൽ ചാത്തമംഗലത്ത് അരമനയ്ക്കുവേണ്ടി സ്ഥലം വാങ്ങുകയും അരമന പണിയുകയും ചെയ്തു. 1974-ൽ ചുങ്കത്തറയിൽ ആരംഭിച്ച കൺവെൻഷൻ മലബാറിലെ പ്രധാന ആദ്ധ്യാത്മിക സംഗമങ്ങളിൽ ഒന്നായി മാറി. ഭദ്രാസനത്തിലെ പള്ളികൾ ഇരട്ടിയിലേറെയായി. പിന്നീട് മലബാർ ഭദ്രാസനം വിഭജിച്ച് ബത്തേരി ഭദ്രാസനം ഉണ്ടാക്കി. മലബാർ ഭദ്രാസനം ഓർത്തഡോക്സ് സഭയുടെ മറ്റു ഭദ്രാസനങ്ങളെക്കാൾ ബഹുദൂരം മുന്നിലെത്തി.

മലബാർ ഭദ്രാസനത്തിൽ തിരുമേനി ആരംഭിച്ച അട്ടപ്പാടി മിഷൻ സഭയ്ക്ക് വലിയൊരു മുതൽക്കൂട്ടാണ്. ആ മിഷന്റെ സാരഥികളിൽ ഒരാളായ സാബു കുറിയാക്കോസ് അച്ചൻ, സഖറിയാ മാർ അപ്രേം എന്ന പേരിൽ സഭയുടെ മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മറ്റൊരു സാരഥി എം. ഡി. ജോണച്ചൻ റമ്പാൻ സ്ഥാനത്തേക്കും ഉയർത്തപ്പെട്ടു. എരുമമുണ്ടയിൽ 1982-ൽ ആരംഭിച്ച സെന്റ് തോമസ് ഹോം, 1990-ൽ ചേവായൂരിൽ ആരംഭിച്ച സെന്റ് ഗ്രീഗോറിയോസ് ഗൈഡൻസ് സെന്റർ എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും തിരുമേനിയുടെ ഭരണകാലത്ത് ആരംഭിച്ചവയാണ്. മെത്രാൻസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചതു അർഹരായ 25 പേർക്ക് വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ടായിരുന്നു.

ഇപ്രകാരം മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നാലു ദശാബ്ദങ്ങൾ പ്രവർത്തിച്ച തീമോത്തിയോസ് തിരുമേനി സഭാംഗങ്ങൾക്ക് നവീനമായ ആദ്ധ്യാത്മിക ചൈതന്യം പകർന്നു. ഇമ്പകരമായ ആരാധനയിലൂടെ മലബാറിലെ ദേവാലയങ്ങളിൽ ദൈവസാന്നിധ്യം അറിയിച്ചു. മലബാർ ഭദ്രാസനത്തിൽ പിൻഗാമിയായി ഡോ. സഖറിയാ മാർ തെയോഫിലോസിനെ ആശീർവദിച്ചുകൊണ്ടാണ് മലബാറിന്റെ ഈ നല്ല ഇടയൻ ദേവലോകത്തേക്ക് വന്നത്. നിയുക്ത കാതോലിക്കാ ആയി തോമസ് മാർ തീമോത്തിയോസിനെ പരിശുദ്ധ സുന്നഹദോസ് ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയായിരുന്നു. പിന്നീട് മലങ്കര അസ്സോസിയേഷൻ ഈ പിതാവിനെ ഔദ്യോഗികമായി പരിശുദ്ധ മാത്യൂസ് ദ്വിതീയന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു.

# മൗനം, മനനം, മാനൃഭാവം

## ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ

പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായെപ്പറ്റി സ്മരിക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്ന അഞ്ചു കാര്യങ്ങൾ ഇവയാണ്. മൗനത്തിന്റെ ആദ്ധ്യാത്മികത, സംഗീതപരമായ ആരാധന, ത്യാഗനിർഭരമായ ആശ്രമജീവിതം, സഭയുടെ കെട്ടുറപ്പിനുവേണ്ടിയുള്ള നടപടികൾ, പക്വമായ വിദ്യാഭ്യാസ മനശ്ശാസ്ത്രം.

### മൗനത്തിന്റെ ആദ്ധ്യാത്മികത

സർഗ്ഗാത്മക മൗനമാണ് മൗനത്തിന്റെ ആദ്ധ്യാത്മികത. അഗാധമായ ദൈവികജ്ഞാനത്തിന്റെ മേഖലയിൽ വിഹരിക്കുന്ന ക്രിയാത്മക മൗനമാണത്. ദൈവത്തിനു സ്വയം സമർപ്പിക്കുന്നവർക്ക് മൗനത്തിലും ദൈവരഹസ്യങ്ങൾ വെളിപ്പെടും. ആദ്ധ്യാത്മിക ശക്തിക്ക് ശബ്ദകോലാഹലത്തിന്റെ ആവരണം അത്ര സ്വീകാര്യമല്ല. ആത്മികാനുഭവമാണ് ദൈവജ്ഞാനത്തിന്റെ മാർഗ്ഗം. മൗനത്തിലൂടെ അതീന്ദ്രിയ ജ്ഞാനം പ്രാപിക്കാം. ഇന്ദ്രിയസുഖങ്ങൾ സ്വമനസ്സാലെ പരിത്യജിക്കുന്ന ആദ്ധ്യാത്മിക ജീവിതമാണിത്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, ഇവയെ മൗനത്തിലൂടെ കീഴടക്കുന്നു. ഇന്ദ്രിയങ്ങളെ ബന്ധിച്ചുകൊണ്ടാണ് ആത്മശുദ്ധീകരണം സാദ്ധ്യമാകുന്നത്. മൗനത്തിലൂടെ മനസ്സിന്റെ ശക്തി വർദ്ധിക്കുന്നു. മൗനത്തിന്റെ ആദ്ധ്യാത്മികതയിൽ ലോകത്തെ പരിത്യജിക്കലുണ്ട്, നിസ്സംഗത്വമുണ്ട്. ദൈവസംസർഗ്ഗത്തിലുള്ള ഏകാന്തതയുണ്ട്. ദൈവയിഷ്ടത്തിനു മുന്നിലെ അനുസരണമുണ്ട്, പശ്ചാത്താപമുണ്ട്. പാപം, മരണം, ന്യായവിധി ഇവയെക്കുറിച്ചുള്ള ഓർമ്മയുണ്ട്. വിദ്വേഷത്തെ കീഴടക്കലുണ്ട്. ശാന്തതയുടെ തപസ്സുണ്ട്. സംയമനത്തിന്റെ സന്തോഷമുണ്ട്. പരദൂഷണങ്ങളുടെ അഭാവമുണ്ട്. അസത്യഭാഷണങ്ങളുടെ ഒഴിവാക്കലുണ്ട്. നൈരാശ്യത്തിന്റെ കീഴടക്കലുണ്ട്. ഭോജനാസക്തിയുടെ നിയന്ത്രണമുണ്ട്. ദ്രവ്യാഗ്രഹം ഒഴിവാക്കലുണ്ട്. ദാരിദ്ര്യത്തെ സന്തോഷപൂർവ്വം സ്വീകരിക്കുന്ന മഹത്വമുണ്ട്. ആത്മീയമാന്ദ്യത്തെ അതിജീവിക്കലുണ്ട്. ഉണർവിന്റെ ജാഗ്രതയുണ്ട്. ഭയത്തിനു കീഴ്പ്പെടാത്ത മനസ്സുണ്ട്. വ്യർത്ഥാഭിമാനം ത്യജിക്കലുണ്ട്. എളിമയുണ്ട്. വിവേകമുണ്ട്. അഹങ്കാര മനസ്സിനെ കീഴ്പ്പെടുത്തലുണ്ട്. ദിദിമോസ് ബാവായിൽ ഇക്കാര്യങ്ങളെല്ലാം സമന്വയിച്ചിരിക്കുന്നു.

### സംഗീതപരമായ ആരാധന

സംഗീതത്തിന് ഒരു കാന്തികശക്തിയുണ്ട്. രൂപാന്തരീകരണത്തിന്റെ

മാസ്മരികതയുണ്ട്. സൗഖ്യദാനത്തിന്റെ ഊർജ്ജമുണ്ട്. പിരിമുറുക്കങ്ങളെ നല്ല സംഗീതം അകറ്റുന്നു. സർഗ്ഗാത്മകതയെ വികസിപ്പിക്കുന്നു. ഉന്മേഷവും പ്രചോദനവും നൽകുന്നു. മനസ്സിന് സഹനശക്തി നൽകുന്നു. മാനസിക ശിക്ഷണത്തിലേക്ക് നയിക്കുന്നു. പകയും വിദ്വേഷവും അകറ്റുവാൻ സഹായിക്കുന്നു. യാമങ്ങളെ സംഗീതവും കീർത്തനങ്ങളും കൊണ്ട് പവിത്രീകരിക്കുന്ന പ്രക്രിയയാണ് ആരാധന. ഹൃദയത്തിന്റെ ഭാഷയാണ് സംഗീതം. മനുഷ്യഹൃദയങ്ങളെ ഏകോപിപ്പിക്കുന്ന മാർഗ്ഗമാണത്. സ്തുതിഗീതങ്ങൾ പാടിയ ബാലകരുടെ കൂട്ടത്തെ കണ്ട് യേശുക്രിസ്തു പറഞ്ഞു: ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും. പ്രപഞ്ചത്തിന് സംഗീതത്തിന്റെ ഒരു താളമുണ്ട്. ജന്തുക്കളും സസ്യലതാദികളും സംഗീതം അർത്ഥവത്തായി ആസ്വദിക്കുന്നു. ഭംഗിയായി ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന ദിദിമോസ് ബാവായുടെ സംഗീതധ്വനികൾ ജനഹൃദയങ്ങളെ വശീകരിച്ച മാന്ത്രികതാളമാണ്.

### ത്യാഗനിർഭരമായ ആശ്രമജീവിതം

പിതൃതുല്യമായ സ്നേഹവായ്പ് എല്ലാവർക്കും പകർന്നുകൊടുത്ത മുനിയാണ് ദിദിമോസ് പ്രഥമൻ ബാവാ. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിനോട് അഗാധമായ ഭക്തി. യാമപ്രാർത്ഥനകളിലുള്ള തീക്ഷ്ണത, ധ്യാനശീലം, മൗനപ്രാർത്ഥനകൾ, കൂദാശാനുഷ്ഠാനങ്ങളുടെ പവിത്രത നിലനിർത്തുന്ന സൂക്ഷ്മത, ദയറാ ജീവിതത്തിന്റെ പരിശുദ്ധി, ശിക്ഷണക്രമങ്ങളോട് വിധേയത്വം, നിയമങ്ങൾ പാലിക്കുന്നതിലുള്ള നിർബന്ധം ഇങ്ങനെ പലതുണ്ട് പ്രത്യേകതകൾ. തിരുമേനിയുടെ ആശ്രമജീവിതത്തെപ്പറ്റി "താബോർ ദയറ" എന്ന ഡോ. എൻ. ജെ. തോമസ് റമ്പാന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ദയറാ ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ ഒരു ബ്രദർ ആയും ശെമ്മാശനായും കൃഷിപ്പണി നല്ലവണ്ണം ചെയ്തിട്ടുള്ളതിന്റെ കൈതഴമ്പ് ഇപ്പോഴും അദ്ദേഹത്തിന്റെ കൈമേൽ കാണാതിരിക്കില്ല. ചാത്തമംഗലത്ത് ആദ്യം വസ്തു വാങ്ങിയപ്പോൾ ഇടവേളയിൽ ഇരുപത്തിരണ്ടരയുടെ നമസ്കാരവും ചായയും കഴിഞ്ഞ് പുരയിടത്തിലെ കൃഷിപ്പണി കാണാൻ തിരുമേനി ഇറങ്ങുമായിരുന്നു. ദയറാ അംഗങ്ങൾക്ക് വൈകുന്നേരത്തെ വ്യായാമമായി താബോറിന്റെ നിയമത്തിൽ തന്നിരിക്കുന്നത് കൃഷിപ്പണിയോ ഗാർഡനിംഗോ ആണ്." നിയുക്ത കാതോലിക്കാ ആയും പിന്നീട് ദിദിമോസ് പ്രഥമൻ ബാവാ ആയും ശോഭിച്ച നാളുകളിലും സന്യാസത്തിന്റെ യമധർമ്മങ്ങളിൽ തീക്ഷ്ണതയും നിഷ്ഠയും കാണിച്ചു. സ്ഥാനത്യാഗം ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവാ വന്ദ്യവയോധികനായി ദേവലോകം അരമനയിൽ താമസിച്ചകാലത്ത് അദ്ദേഹത്തെ പരിചരിക്കുന്നതിനും അത്യന്തം ആദരവോടെ ഇടപെടുന്നതിനും ദിദിമോസ് ബാവാ കാണിച്ച

മാന്യതയും മഹത്വവും ഈ ലേഖകൻ പല പ്രാവശ്യം കണ്ടറിഞ്ഞിട്ടു ള്ളതാണ്. ആശ്രമജീവിതത്തിന്റെ മാതൃകയാണത്.

## സഭയുടെ കെട്ടുറപ്പിനുവേണ്ടിയുള്ള നടപടികൾ

അഭിവന്ദ്യ തോമാ മാർ ദീവന്നാസ്യോസ് തിരുമേനി നൽകിയ ഉപ ദേശം ശിരസ്സാ വഹിച്ചുകൊണ്ടാണ് തീമോത്തിയോസ് തിരുമേനി പ്രവർ ത്തിച്ചത്. “എവിടെ സഭ നിയമിച്ചാക്കിയാലും അവിടെയൊക്കെ ദൈവ മഹത്വത്തിനും സഭയുടെ കെട്ടുപണിക്കും ഉയർച്ചയ്ക്കുമായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുക.” മലബാർ ഭദ്രാസനാധിപനായിരുന്ന കാലത്തെ പ്രവർത്തനശൈലി ഏവരുടെയും മതിപ്പാർജ്ജിച്ചു. കാടും മേടും മലയും തോടും കാൽനടയായി താണ്ടിയ ജീവിതശൈലി. സാമ്പ ത്തികബുദ്ധിമുട്ടുകൾ, താമസിക്കാൻപോലും ഇടമില്ലാതിരുന്ന അവസ്ഥ, ആദ്യം മീനങ്ങാടി പള്ളിയുടെ മുറിയിലും പിന്നീട് കോഴിക്കോട് പഴയ പള്ളിയുടെ ചരിവു മുറിയിലും ഒതുങ്ങിക്കൂടിയ ഭദ്രാസനാധിപൻ. ഭൂരി പക്ഷം സഭാംഗങ്ങളും അവിടെ കുടിയേറ്റക്കാരായിരുന്നു. ചാത്തമംഗ ലത്ത് എഞ്ചിനീയറിംഗ് കോളജിനു സമീപം ഭൂമി വാങ്ങി അരമന പണി തു. അതിനടുത്ത് ഒരു വാടകക്കെട്ടിടത്തിൽ താമസിച്ചു. സേവനോത്സു കരായ ഏതാനും വൈദികരുടെയും വിദ്യാസമ്പന്നരായ കുറെ ചെറുപ്പ ക്കാരുടെയും സഹായത്തോടെ സേവനപ്രവർത്തനങ്ങളിൽ മുന്നേറി. ഇത രസഭക്കാരുടെ ദേവാലയങ്ങളിൽ ആരാധിച്ചും അവരോട് ഇടകലർന്നും ആത്മീയമായി അലസരായി ജീവിച്ച സഭാംഗങ്ങളെ സ്വന്തം പ്രാർത്ഥ നാജീവിതം കൊണ്ട് പ്രബുദ്ധരാക്കി. സഭാവിശ്വാസം പഠിപ്പിച്ചു. ആത്മീയ ഉണർവ് നൽകി. പുതിയ ഇടവകകൾ രൂപീകരിച്ചു. ജീർണ്ണിച്ച പള്ളി കൾ പുതുക്കിപ്പണിതു. പ്രാർത്ഥനയും ധ്യാനവും ആരാധനയും ഉപവാ സവും കൈമുതലാക്കി അനേകരെ സഭാവിശ്വാസത്തിൽ നിലനിർത്തി. ആത്മീകസാഹസികത എന്ന് നമുക്കതിനെ വിശേഷിപ്പിക്കാം. സുൽ ത്താൻ ബത്തേരിയിൽ സെന്റ് മേരീസ് കോളജ് സ്ഥാപിക്കപ്പെട്ടതും അര വാഞ്ചൽ പ്രദേശത്ത് 250 ഏക്കർ ഭൂമി ഭദ്രാസനത്തിനായി ലഭിച്ചതും ചാത്തമംഗലത്ത് അരമനയും ചാപ്പലും പണിതതും പല സ്കൂളുകളും ആശുപത്രികളും സ്ഥാപിതമായതും എടുത്തു പറയേണ്ടിയിരിക്കുന്നു. സഭാവഴക്കിനാൽ കലുഷിതമായ അന്തരീക്ഷത്തിലും പ്രാർത്ഥനാജീ വിതം കൊണ്ട് പിടിച്ചുനിന്നു. ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തി. അവയ്ക്കു നേതൃത്വം നൽകുവാൻ തക്കതായ വ്യക്തികളെ ചുമതലപ്പെടുത്തി. ഇടവകകൾതോറും അവ സംഘടിപ്പി ക്കുന്നതിന് നേതൃത്വം നൽകി. ഓലയും പുല്ലും മേഞ്ഞ ഷെഡ്ഡുകളുടെ സ്ഥാനത്ത് മനോഹര ദേവാലയങ്ങൾ ഉയർന്നുവന്നു.

## പക്വമായ വിദ്യാഭ്യാസ മനശ്ശാസ്ത്രം

ദിദിമോസ് ബാവായുടെ വിദ്യാർത്ഥികളായി പഠിച്ചു വളർന്ന അനേകർ സാക്ഷിക്കുന്ന ഒരു കാര്യമുണ്ട്. വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ അവഗാഹമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുപ്പീരിയറും മാനേജരുമായി സ്തുത്യർഹമായി പ്രവർത്തിച്ചു. തിരുച്ചിറപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയും പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ പ്രഥമാദ്ധ്യാപകനുമായി വിലപ്പെട്ട സേവനം ചെയ്തു. ലക്നോ സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ എം.എ. ബിരുദം നേടി. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ഇംഗ്ലീഷ് വകുപ്പുതലവനായി. വിദ്യാർത്ഥികളുടെ മാനസികാവസ്ഥയെ ശരിയായി നിരീക്ഷിച്ച് പഠിച്ച് അവയെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്ത നല്ല അദ്ധ്യാപകനായിരുന്നു അദ്ദേഹം. പല പ്രസംഗങ്ങളും അദ്ധ്യാപനമൂല്യങ്ങൾ പകർന്നു തരുന്നവയായിരുന്നു. ശരീരത്തെക്കുറിച്ചുള്ള അറിവും ആത്മാവിനെക്കുറിച്ചുള്ള അറിവും ആർജ്ജിക്കണം. തത്ത്വശാസ്ത്രവും ആത്മീയചിന്തയും മനശ്ശാസ്ത്രവും വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൈകോർക്കണം. ചുറ്റുപാടുകളെ നിരീക്ഷിക്കണം. പ്രകൃതിയുമായുള്ള ചലനാത്മകബന്ധം പുലർത്തണം, ഭാവന, അനുഭൂതി, സ്മരണ, സൗന്ദര്യബോധം ഇവയെല്ലാം വിവേകപൂർവ്വം ഉപയോഗപ്പെടുത്തണം. മനുഷ്യന്റെ ബോധാവസ്ഥകൾ വിജ്ഞാനപരം, വികാരപരം, ഇച്ഛാപരം എന്നിങ്ങനെ വിവക്ഷിക്കപ്പെടുന്നു. ഇവ ഫലപ്രദമായും പക്വമായും നിയന്ത്രിക്കപ്പെടണം. സന്തോഷം, സങ്കടം, അനുകമ്പ, സ്നേഹം ഇവ ശരിയായി രീതിയിൽ പ്രകടിപ്പിക്കണം. പ്രകൃതിയുമായുള്ള നിരന്തര സമ്പർക്കങ്ങളും സംഘർഷങ്ങളും മനസ്സിനെ ശക്തിപ്പെടുത്തണം. ജൈവപരമായ ഘടനയിൽ പരിസരം ചെലുത്തുന്ന സ്വാധീനം മെരുക്കിയെടുക്കണം. മനസ്സിന്റെ ഘടനയെ മെരുക്കിയെടുക്കലാണ് വിദ്യാഭ്യാസം എന്ന് ദിദിമോസ് ബാവാ പലപ്പോഴും ഉദ്ബോധിപ്പിച്ചിരുന്നു. ബുദ്ധിയിൽ നിന്ന് ഭക്തിയുടെ ഘടകത്തെ അകറ്റുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അദ്ദേഹം വിമർശിച്ചിരുന്നു.

പ്രാർത്ഥനാജീവിതവും ആത്മീയ നിഷ്ഠകളും പ്രേഷിത താൽപര്യവും വിശുദ്ധിയുടെ തേജസ്സും വചനഗ്രാഹ്യവും തപസ്സിന്റെ ശക്തിയും മാന്യഭാവവും ജീവകാരുണ്യവും കോർത്തിണക്കിയ ധന്യജീവിതമായിരുന്നു ദിദിമോസ് ബാവായുടേത്.

# മലങ്കരയുടെ താപസ തേജസ്

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മൗനത്തിന്റെ വിശുദ്ധി പകർന്ന താപസ തേജസാണ് 'പരിശുദ്ധ വലിയ ബാവ.' വ്രതവിശുദ്ധിയും മനനത്തിന്റെ തപഃശ്ചര്യയും ആ ജീവിതത്തെ ഉജ്ജ്വലമാക്കി. നിരന്തരമായ പ്രാർത്ഥനയും ഉപവാസവും ആരാധനയും വഴി നേടിയ ആത്മീയ ശിക്ഷണം ജീവിതത്തെ വെളിച്ചത്തിന്റെ തീർത്ഥാടനമാക്കി.

ബാല്യത്തിൽ തന്നെ ദാരിദ്ര്യവും ഉപവാസവും മൗനവും സ്വീകരിച്ച് സന്യാസത്തിന്റെ അകവും പുറവും വിശുദ്ധിയിൽ മുദ്രിതമാക്കി. പത്തനാപുരം താബോർ മലയിലെ വ്രതനിഷ്ഠ നിറഞ്ഞ ജീവിതചര്യ ഇടയ പരിപാലനത്തിന്റെ എല്ലാ തലങ്ങളിലും കാത്തുസൂക്ഷിച്ചു.

മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായി 84-ാം വയസ്സിൽ അവരോധിതനായി. സുധീരമായ അഞ്ചുവർഷത്തെ ഭരണകാലം മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ആത്മീയ നവോത്ഥാനത്തിന്റെ വെളിച്ചം പകർന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നാലു തവണ വിളിച്ചുകൂട്ടി. പരുമല സെമിനാരിയിൽ 2006 സെപ്റ്റം. 21 നും ഒക്ടോബർ 12-നുമായി നത്തിയ മലങ്കര അസോസിയേഷന്റെ രണ്ട് തുടർയോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ പിൻഗാമിയായി തെരഞ്ഞെടുത്തു.

2007 മാർച്ച് 21-ന് പരുമലയിൽ മലങ്കര അസോസിയേഷനിൽ അധ്യക്ഷത വഹിച്ച് വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിവരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പ് നടത്തി. 2008 സെപ്റ്റം. 11-ന് പാമ്പാക്കുടയിലും 2010 ഫെബ്രു. 17-ന് ശാസ്താംകോട്ടയിലും നടന്ന മലങ്കര അസോസിയേഷനിൽ അധ്യക്ഷത വഹിച്ചു. ഏഴു വീതം 14 മെത്രാപ്പോലീത്തന്മാരെ തെരഞ്ഞെടുത്തു. 2009 ഫെബ്രു 19-ന് പുതുപ്പള്ളിയിലും 2010 മെയ് 12-ന് കോട്ടയം ഏലിയാ കത്തീഡ്രലിലുമായി യഥാക്രമം അവരെ വാഴിച്ചു.

മലങ്കരസഭയിലെ ചില ഭദ്രാസനങ്ങൾ പുനർ നിർണ്ണയിച്ച് അഹമ്മദാബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ എന്നീ ഭദ്രാസനങ്ങൾ രൂപീകരിച്ചു.

ലോകത്തെ വിവിധ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് അവസരങ്ങളുണ്ടായി. ദിദിമോസ്

ബാവായുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ കിറിൾ മെത്രാപ്പോലീത്താ (2006), അർമ്മീനിയൻ സുപ്രീംകാതോലിക്കാ കരേക്കിൻ രണ്ടാമൻ (2008), എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ് (2008), സിലീഷ്യൻ കാതോലിക്കാ ആരാം പ്രഥമൻ (2010) എന്നിവർ മലങ്കര സന്ദർശിച്ചു. സഭകളുടെ ലോക കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയാ (2007) ദേവലോകത്ത് എത്തി പ. ദിദിമോസ് പ്രഥമനെ സന്ദർശിച്ചു.

ആഫ്രിക്കൻ രാജ്യമായ ലെസോത്തോയിലെ ഉപ പ്രധാനമന്ത്രി ആർബാർഡ് ലിഹാഹ്ലയും ദേവലോകത്ത് വന്ന് പരിശുദ്ധ ബാവായെ സന്ദർശിച്ചു. കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൗഡാ മൂന്നാമനെ കെയ്റോയിൽ വച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ഷിക്കാഗോയിൽ വച്ചും പ. ബാവാ സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി പരിശുദ്ധ ദിദിമോസ് പ്രഥമൻ അർമ്മീനിയൻ സുപ്രീംകാതോലിക്കാ കരേക്കിൻ രണ്ടാമനും സിലീഷ്യൻ കാതോലിക്കാ ആരാം പ്രഥമനും എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനും മലങ്കരസഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

മലങ്കരസഭയുടെ നവോത്ഥാനത്തിനു നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ 'സഭാതേജസ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് ബാവാണ്. പള്ളി ഇടവകപ്പൊതുയോഗങ്ങളിൽ വനിതകൾക്ക് അംഗത്വം നൽകിയതും പരിശുദ്ധ ദിദിമോസ് ബാവായുടെ ഭരണകാലത്താണ്. മലങ്കര അസ്സോസിയേഷനിൽ വരണാധികാരിയായി രണ്ടു തവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് ബാവായാണ്.

മുൻഗാമിയിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് പ്രഥമൻ ബാവാ പിൻഗാമിയെ വാഴിച്ചുകൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്. ഒരു സന്യാസിയുടെ നിസ്സംഗതയോടെ, ദിദിമോസ് പ്രഥമൻ ബാവാ അധികാരം വിട്ടൊഴിഞ്ഞത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നു. പിൻഗാമിയെ വാഴിക്കാൻ പരുമലപ്പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

മലങ്കരസഭാ ചരിത്രത്തിൽ നിരവധി റിക്കോർഡുകൾക്ക് പ. വലിയ ബാവാ അർഹത നേടി: 2005-ൽ കാതോലിക്കായാകുമ്പോൾ വയസ്സ് 84 ആണ്. ഏറ്റവും കൂടിയ പ്രായത്തിൽ കാലം ചെയ്ത കാതോലിക്കായും

(92 വയസ്സ്) പ. വലിയ ബാവായാണ്. യോജിച്ച സഭയിൽ തെരഞ്ഞെടുക്കപ്പെടുകയും (1965) വാഴിക്കപ്പെടുകയും (1966) ചെയ്തവരിൽ ഏറ്റവും അവസാനം കാലം ചെയ്തതും വലിയ ബാവായാണ്. മുൻഗാമിയാൽ (പ. മാത്യൂസ് ദ്വിതീയൻ) വാഴിക്കപ്പെടുകയും (2005) പിൻഗാമിയെ (പ. പൗലോസ് ദ്വിതീയൻ) വാഴിക്കുകയും (2010) ചെയ്ത ഏക പൗരസ്ത്യ കാതോലിക്കായാണ് ഈ പുണ്യ പിതാവ്. മലങ്കരസഭയിൽ ഏറ്റവും കൂടുതൽ (14) മേല്പട്ടക്കാരെ വാഴിക്കുവാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. ഒരുമിച്ച് 7 പേരെ വാഴിച്ചതും ആദ്യ സംഭവമാണ്. പ. മാത്യൂസ് ദ്വിതീയൻ ബാവാ, ഏബ്രഹാം മാർ ക്ലിമീസ്, പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പ. ഔഗേൻ ബാവാ എന്നിവർ കഴിഞ്ഞാൽ മലങ്കരസഭയിൽ ഏറ്റവും കൂടുതൽ കാലം (17,442 ദിവസം/47 വർഷം 9 മാസം 2 ദിവസം) മേൽപ്പട്ടക്കാരനായിരുന്നു അദ്ദേഹം. ഏറ്റവും ഹൃസ്വ കാലയളവിൽ (2005 - 2010) ഒരു തവണ മൂറോൻ കൂദാശയും നാല് മലങ്കര അസോസിയേഷൻ യോഗങ്ങളും (2006, 2007, 2008, 2010) വിളിച്ചുകൂട്ടിയ മലങ്കര മെത്രാപ്പോലീത്താ. തുടർച്ചയല്ലാത്ത രണ്ടു ദിവസങ്ങളിലായി (2006 സെപ്റ്റംബർ 21, ഒക്ടോബർ 12) ഒരു അസോസിയേഷൻ സമ്മേളിച്ചതും മലങ്കര സഭാ ചരിത്രത്തിലെ അപൂർവതയാണ്. പൗരസ്ത്യ ദേശത്തെ 90-ാമതും മലങ്കരയിലെ ഏഴാമത്തെ കാതോലിക്കായുമായ വലിയ ബാവാ 20-ാമത്തെ മലങ്കര മെത്രാപ്പോലീത്തായാണ്.

സന്യാസ ജീവിതത്തിന്റെ വിശുദ്ധി ഹൃദയത്തിൽ സ്വാംശീകരിച്ച് വാക്കിലും പ്രവൃത്തിയിലും നൈർമല്യം പകർന്ന കർമ്മയോഗിയാണ് വലിയ ബാവാ. പത്തനാപുരം താബോർ ദയറായിൽ നിന്നും മലബാറിലും തുടർന്ന് മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷപദവിയിൽ എത്തിയിട്ടും വൃതവിശുദ്ധ ജീവിതത്തിന്റെ ലാളിത്യവും സഹനവും 'വിളയും' 'തെരഞ്ഞെടുപ്പു'മായി പരിപാലിച്ചു. പ്രാർത്ഥനയും ഉപവാസവും നോമ്പും ആ ജീവിതക്രമത്തിന്റെ വഴിയും വെളിച്ചവുമായിരുന്നു. സഭയെ രൂപാന്തരപ്പെടുത്താൻ വിശ്വാസികൾക്ക് ഈ പുണ്യപിതാവ് ആത്മീയ ഊർജ്ജം പകർന്നു. ആത്മവിശുദ്ധിയിൽ ഇടയശുശ്രൂഷ 'ബലിയും സ്തോത്രവും സാക്ഷ്യ'വുമെന്ന് വെളിപ്പെടുത്തിയ പരിശുദ്ധ ദിദിമോസ് വലിയ ബാവാ മൗനവും സഹനവും വ്രതവിശുദ്ധിയിൽ സ്ഫുടം ചെയ്ത പിതാവാണ്. അജപാലന ശുശ്രൂഷയിൽ വെടിപ്പും വിശുദ്ധിയും പകർന്ന് വെളിച്ചമായിത്തീർന്ന പരിശുദ്ധ വലിയ ബാവാ പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതത്തിന്റെ വെടിപ്പിൻ മുദ്രയാണ്.

# പരിശുദ്ധ ദിദിമോസ് ബാവായും മൗണ്ട് താബോർ ദയറായും

## റമ്പാൻ ഏലിയാസ് കോശി

കാലം ചെയ്ത തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ യാൽ സ്ഥാപിതമായ മൗണ്ടു താബോർ ദയറായിലെ ആദ്യകാല അന്തേ വാസികളിൽ ഒരുവനായിരുന്ന മാവേലിക്കര സ്വദേശി ബ്രദർ സി. റ്റി. തോമസ് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി പരി ശോഭിച്ചശേഷം കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് 2 വർഷം പൂർത്തി യാകുന്നു. പ. പിതാവിന്റെ കർമ്മകാണ്ഡത്തെ നാലായി തിരിക്കാമെന്നു തോന്നുന്നു. പതിനെട്ടാമത്തെ വയസ്സുവരെ ജന്മദേശമായ മാവേലിക്ക രയും, അതുകഴിഞ്ഞ് താബോർ ദയറായും, പിന്നെ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ആയും, കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാ പ്പോലീത്തായും ആയി കർമ്മകാണ്ഡം പൂർത്തിയാകുന്നു.

തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിരാ തോമസിന്റെയും, മാവേ ലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ മകനായി 1921 ഒക്ടോ ബർ മാസം 29-ാം തീയതി ഭൂജാതനായി. പുതിയകാവു പള്ളിവക പ്രൈമറി സ്കൂളിലും മാവേലിക്കര ചെട്ടികുളങ്ങര ഗവ. സ്കൂളിലുമായി ട്ടായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ബാല്യത്തിൽ തന്നെ പള്ളി ആരാ ധനയിലും, സണ്ടേസ്കൂളിലും, നോമ്പിലും, നമസ്കാരത്തിലും, വേദ വായനയിലും അത്യധികം താൽപര്യം ഉണ്ടായിരുന്നു. 1937-ൽ റമ്പാൻ സി. എം. തോമസ് ഉപരിപഠനത്തിനായി Oxford University-യിൽ ചേർന്നു. താമസം ലോകപ്രശസ്തമായ കൗളി ആശ്രമത്തിൽ ഉള്ള സന്യാസപിതാ ക്കന്മാരോടുകൂടി ആയിരുന്നു. അവിടെ നിന്നും തിരിച്ചു വന്നപ്പോൾ മാതൃ ഇടവകയായ മാവേലിക്കര പുതിയകാവു പള്ളിയിൽ ഞായറാഴ്ച ദിവസം വി. കുർബാനമദ്ധ്യേ അഞ്ചാം തുബ്ദേൻ ഇമ്പമാർന്ന ശബ്ദത്തിൽ വായി ച്ചത് ബാലനായ സി. റ്റി. തോമസ് ആയിരുന്നു. വന്ദ്യ റമ്പാച്ചൻ ആ വായന സശ്രദ്ധം ആസ്വദിച്ചു. വി. കുർബാന കഴിഞ്ഞ് മുറിയിൽ വന്ന ശേഷം അന്നത്തെ വികാരി അച്ചനോട് അഞ്ചാം തുബ്ദേൻ വായിച്ച കുട്ടി യെക്കുറിച്ച് അന്വേഷിക്കയും മുറിയിൽ വരുത്തി കാണുകയും ചെയ്തു. ഉടനെ അദ്ദേഹം ചോദിച്ചു, 'നിനക്ക് ദയറായ ജീവിതം ഇഷ്ടമാണോ' എന്ന്. ദയറാ എന്താണെന്നും, ആ ജീവിതം എന്താണെന്നും അറിഞ്ഞു കൂടാത്ത ബാലന്റെ മറുപടി 'അതേ' എന്നായിരുന്നു. സി. റ്റി. തോമ സിന്റെ പിതാവിനെ വരുത്തി മകനെ ഞാൻ പത്തനാപുരത്തു കൊണ്ടു പോകുകയാണെന്ന് റമ്പാച്ചൻ പറഞ്ഞപ്പോൾ യാതൊരു മടിയും

കൂടാതെ പിതാവ് സമ്മതിക്കയാണുണ്ടായത്. രണ്ടു ദിവസം കഴിഞ്ഞ് അപ്പനും കൂടി പത്തനാപുരത്ത് എത്തി ബാലനെ വന്ദ്യ റമ്പാച്ചനെ ഏൽപിച്ചു. വന്ദ്യ റമ്പാച്ചന്റെ മാനേജുമെന്റിലുള്ള സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഫോർത്തുഫോമിൽ ചേർത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. ആദ്യകാല അംഗങ്ങളായ ബ്രദർ എൻ. ജെ. തോമസ്, ബ്രദർ സി. റ്റി. തോമസ്, ബ്രദർ സി. സഖറിയാ എന്നിവർ വന്ദ്യ റമ്പാച്ചന്റെ സംരക്ഷണയിലും ശിക്ഷണത്തിലും ദയറായ ജീവിതത്തിന്റെ പ്രാരംഭനടപടികളും കർശനനിയമങ്ങളും അഭ്യസിച്ചുകൊണ്ട് ദയറായ ജീവിതം പരിശീലിക്കാൻ തുടക്കമിട്ടു. ദിവസം ഏഴു നേരത്തെ നമസ്കാരം, കുമ്പിടീൽ, മൗനം, ധ്യാനം, വേദവായന, നോമ്പ്, ഉപവാസം, രണ്ടാഴ്ച കൂടുമ്പോഴുള്ള വി. കുമ്പസാരം, ആരാധനയിലുള്ള സംബന്ധം എന്നിവ ആത്മീയ ജീവിതത്തിലും, അദ്ധ്വാനം ലൗകികജീവിതത്തിലും അത്യന്താപേക്ഷിതമാണെന്ന് ഗുരു പഠിപ്പിച്ചതും, പ്രവർത്തിച്ചു കാണിച്ചതും സ്വായത്തമാക്കാൻ അവർ ബദ്ധശ്രദ്ധരായിരുന്നു.

ആദ്യകാലജീവിതം അത്യന്തം കാഠിന്യമുള്ളതായിരുന്നു. സാമ്പത്തികമായി ദയറാധിപൻ അനുഭവിച്ച സാമ്പത്തിക ക്ലേശങ്ങൾ വർണ്ണനാതീതമായിരുന്നു. താമസസൗകര്യമില്ലായ്മ, ഭക്ഷണദാരിദ്ര്യം ആദിയായ എല്ലാ കാര്യങ്ങളും ക്ലേശകരമായിരുന്നെങ്കിലും ഒരു സമർപ്പിത ജീവിതം വിജയത്തിലെത്തിക്കാൻ അംഗങ്ങളെല്ലാവരും ഉത്സാഹിച്ചിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയായപ്പോൾ ഉപരിപഠനത്തിനുള്ള മാർഗ്ഗങ്ങൾ അടഞ്ഞു തന്നെ കിടന്നു. സി.എം.എസ്. മിഷണറിമാരും, ഓർത്തഡോക്സു സഭയും തമ്മിലുള്ള ആദ്യകാലബന്ധം ശിഥിലമായപ്പോൾ ഉണ്ടാക്കിയ കരാറിൽ ഓർത്തഡോക്സു സഭയിലെ വൈദിക വിദ്യാർത്ഥികൾക്ക് കോട്ടയത്തുള്ള സി.എം.എസ്. കോളജിൽ പ്രവേശനം നൽകണമെന്നുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കിയിരുന്നു. അതിന്റെ ബലത്തിൽ ബ്രദർ സി. റ്റി. തോമസിനും, ബ്രദർ സഖറിയായ്ക്കും ഇന്റർമീഡിയറ്റിനുള്ള പ്രവേശനം ലഭിച്ചു. അടുത്ത കടമ്പ താമസസൗകര്യമാണ്. പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ, അഭിവന്ദ്യ ദീവന്നാസ്യോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം 1941-ൽ (ഇരുപതാമത്തെ വയസ്സിൽ) രണ്ടു ബ്രദേഴ്സിനും ശെമ്മാശുപട്ടം നൽകി പ. പിതാവിന്റെ സെക്രട്ടറിമാരായി പഴയ സെമിനാരിയിൽ താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യം കൊടുത്തു.

ഇന്റർമീഡിയറ്റു പരീക്ഷയിൽ വിജയിയായി കഴിഞ്ഞ് അഭിവന്ദ്യ തിരുമേനിയുടെ മാനേജുമെന്റിൽ തൃശ്ശിനാപ്പള്ളിയിലുള്ള പൊന്നയ്യാ ഹൈസ്കൂൾ കെട്ടിടത്തിൽ താമസിച്ചുകൊണ്ട് Trichy National College-ൽ മാത്തമാറ്റിക്സിൽ ബി.എ. പാസ്സായി. അതിനുശേഷം മദ്രാസിലുള്ള

Broad way പള്ളിയിൽ താമസിച്ചുകൊണ്ട് മദ്രാസ് യൂണിവേഴ്സിറ്റിയിൽ, Meston Training College-ൽ ചേർന്ന് ബി.റ്റി. പാസ്സായി. 1950 ജനുവരി 26-ാം തീയതി പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പത്തനാപുരം ആശ്രമത്തിൽ എഴുന്നള്ളി, ദയറാ ചാപ്പലിൽ വച്ച് വൈദികനായി പട്ടംകെട്ടി. നാല്പതു ദിവസത്തെ ഉപവാസവും നോമ്പും അനുഷ്ഠിച്ച ശേഷമാണ് നവപൂജാർപ്പണം നടത്തിയത്. ഒരിടത്തും വികാരിത്വം നൽകിയിരുന്നില്ല. എന്നാൽ തിരുവല്ല, വേങ്ങൽ സെന്റ് ജോർജ്ജ് പള്ളികളിൽ ഒന്നു രണ്ടു വർഷം ക്രമമായി വി. കുർബാന അർപ്പിച്ചിരുന്നു.

1955-ൽ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി തൃശ്ശിനാപ്പള്ളിയിൽ തന്റെ മാനേജുമെന്റിലുള്ള പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയി വന്ദ്യ സി. റ്റി. തോമസ് അച്ചനെ നിയമിച്ചു. ബഹു. തോമസച്ചൻ പ്രധാനാദ്ധ്യാപകനായി ചുമതല ഏൽക്കുമ്പോൾ പ്രസ്തുത ഹൈസ്കൂളിന്റെ പ്രവർത്തനം വളരെ ശോചനീയമായിരുന്നു. ഹെഡ്മാസ്റ്ററുടെ അശ്രാന്തപരിശ്രമവും ദൈവാശ്രയത്തോടുകൂടിയ പ്രവർത്തനത്തിന്റെ ഫലമായി അധികം താമസിയാതെ സ്കൂളിന്റെ അച്ചടക്കം, വിജയശതമാനം മുതലായ കാര്യങ്ങളിൽ വലിയ വ്യത്യാസം കൈവന്നു. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന് സ്കൂളിനെ സംബന്ധിച്ചുള്ള അഭിപ്രായം മാറുകയും ചെയ്തു. Trichy District-ലെ സ്കൂളുകളിൽ ഒന്നാമത്തെ സ്ഥാനത്ത് സ്കൂൾ എത്തുകയും ചെയ്തു. Trichy town വിട്ട് പാലക്കര എന്ന സ്ഥലത്തെ താണജാതിക്കാരുടെ കുട്ടികളാണ് അധികവും അവിടുത്തെ അദ്ധ്യേതാക്കൾ. എല്ലാവിധത്തിലും അവഗണിച്ചു കിടന്ന ആ പ്രദേശവും, പ്രദേശവാസികളും വളരെ വേഗത്തിൽ സംസ്കാരമുള്ള ഒരു ജനസമൂഹമായി മാറുന്നതിന് ബഹു. ഹെഡ്മാസ്റ്ററുടെ പ്രവർത്തനം സഹായിച്ചു. കുട്ടികളുടെ ഇടയിൽ ഭക്ഷണദാരിദ്ര്യം കലശലായി ഉണ്ടെന്നു ബോദ്ധ്യമായപ്പോൾ ഉച്ചഭക്ഷണത്തിനുള്ള ക്രമീകരണങ്ങൾ തോമസച്ചൻ ചെയ്തു. കുട്ടികൾ എല്ലാവരും ഒരു തീപ്പെട്ടി നിറയെ അരി കൊണ്ടുവരണമെന്നുള്ള നിർദ്ദേശം അനുസരിച്ച് ദിവസവും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതി വിജയപ്രദമായിത്തീർന്നു. School Examination രീതി പരിഷ്ക്കരിച്ച് അദ്ധ്യാപകരെ ചുമതലപ്പെടുത്തി ക്രമീകൃതമായ നിലയിൽ നടത്തിയതുമൂലം സ്കൂളിന്റെ പഠനനിലവാരവും, എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനവും ഗണ്യമായി ഉയർത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചു. മാനേജർ തിരുമേനി സമയം ക്രമീകരിച്ച് ഭദ്രാസനത്തിൽ നിന്നും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും Trichy School സന്ദർശിക്കുന്നതിന് ശ്രമിച്ചിരുന്നു. ഈ സന്ദർശനം മൂലം പ്രധാനാദ്ധ്യാപകനും, അദ്ധ്യാപകർക്കും, കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും വലിയ ബഹുമാനവും സന്തോഷവും പകർന്നുകൊടുത്തിരുന്നു.

പത്തനാപുരം ആശ്രമത്തിലെ അംഗങ്ങൾ എല്ലാം ഉപരിപഠനത്തിന് ആശ്രയിച്ചിരുന്നത് തൃശ്ശിനാപ്പള്ളിയിലുള്ള Jamal Mohd College, National College, St. Joseph's College ഇവകൾ ആയിരുന്നു. ഈ കാലയളവിൽ പത്തനാപുരത്തും സമീപപ്രദേശങ്ങളിലും കോളജുകൾ ഇല്ലായിരുന്നു. കൂടാതെ പൊന്നയ്യാ ഹൈസ്കൂളിൽ താമസിച്ചുകൊണ്ട് ഈ കോളജുകളിൽ പോയി പഠിക്കുന്നതും സൗകര്യപ്രദമായിരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ ധാരാളമുണ്ടായിരുന്നെങ്കിലും ആശ്രമാംഗങ്ങളുടെയെല്ലാം ഉപരിപഠനത്തിൽ അഭിവന്ദ്യ തിരുമേനി അതീവ ശ്രദ്ധാലുവായിരുന്നു. പ്രധാനാദ്ധ്യാപകന്റെ ശമ്പളവും Trichy ഇടവകയിൽ നിന്നുള്ള തുച്ഛമായ വരുമാനവുമാണ് അംഗങ്ങളുടെ വിദ്യാഭ്യാസത്തിനും ഇതര ചെലവുകൾക്കുമുള്ള പ്രധാന മാർഗ്ഗം. Mother house-ൽ നിന്നും പണം ലഭിക്കുന്നതിനുള്ള സാഹചര്യവും വളരെ കുറവായിരുന്നു.

മലങ്കരസഭയുടെ തമിഴ്നാട് മിഷൻ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനു കൂടിയാണ് അഭിവന്ദ്യ ദീവന്നാസ്യോസ് തിരുമേനി ഈ സ്കൂൾ വിലയ്ക്കു വാങ്ങിയത്. പഴയ മാനേജരായിരുന്ന ശ്രീ. പൊന്നയ്യാപ്പിള്ള ബാങ്കിൽ കടപ്പെടുത്തിയിരുന്ന 75,000 രൂപാ നിലനിർത്തിക്കൊണ്ടാണ് സ്കൂൾ കൈമാറ്റം നടത്തിയത്. സഭയിൽ നിന്നും ഗണ്യമായ സംഭാവന ലഭിക്കും എന്നുള്ള പ്രത്യാശ തിരുമനസ്സിലേക്ക് ഉണ്ടായിരുന്നെങ്കിലും, സമുദായക്കേസിന്റെ തോൽവിയും മറ്റും തടസ്സമായി വന്നതിനാൽ അഭിവന്ദ്യ തിരുമേനി വളരെ അധികം വിഷമിക്കേണ്ടി വന്നു. ബാങ്കുമായിട്ടുള്ള വ്യവഹാരം നടത്തുന്നതിനും പണം ധാരാളം വേണമായിരുന്നു.

തമിഴ്നാട് മിഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പുതുക്കോട്ട ഡിസ്ട്രിക്ടിൽ ഉള്ള ഗുണ്ടൂർ, മാത്തൂർ ഈ സ്ഥലങ്ങളിൽ തിരുമേനി വാങ്ങിയിരുന്ന ധാരാളം ഏക്കർ സ്ഥലത്തെ സംരക്ഷണത്തിനായും, കൃഷികൾ നടത്തുന്നതിനുമായി ആശ്രമാംഗങ്ങൾ താമസിച്ചിരുന്നു. അവിടുത്തെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ജോലിക്കാരും ഉണ്ടായിരുന്നു. അവരുടെ സംരക്ഷണവും കൃഷിയാവശ്യങ്ങൾക്കുള്ള ഭാരിച്ച ചെലവുകളും തോമസച്ചൻ നടത്തണമായിരുന്നു. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ആവശ്യമായ പണത്തിന് വന്ദ്യ സി. റ്റി. തോമസച്ചൻ വളരെ അധികം ഞെരുക്കം അനുഭവിച്ചിരുന്നു. എങ്കിലും ദൈവാശ്രയത്തോടുകൂടിയ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിജയത്തിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

1959-ൽ മാനേജർ തിരുമേനി, സി. റ്റി. തോമസച്ചനെ പ്രധാനാദ്ധ്യാപക തസ്തികയിൽ നിന്നും വിടർത്തുകയും വന്ദ്യ സി. സഖറിയാ അച്ചനെ (മദ്രാസ് ഭദ്രാസനത്തിന്റെ ഒന്നാമത്തെ മെത്രാപ്പോലീത്താ അഭി

വന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ്) പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ ജോലിയിൽ നിന്നും വിടർത്തി തൃശ്ശിനാപ്പള്ളിയിലെ പൊന്നയ്യാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായി നിയമിക്കയും ചെയ്തു. അദ്ദേഹവും മേൽ പ്രസ്താവിച്ച എല്ലാ പ്രസ്ഥാനങ്ങളും നടത്തിക്കൊണ്ടുപോകുന്നതിന് വിഷമതകൾ അനുഭവിച്ചിരുന്നു.

വന്ദ്യ സി. റ്റി. തോമസച്ചനെ കാൺപൂരിലുള്ള ക്രൈസ്റ്റ് ചർച്ച് കോളജിൽ ഇംഗ്ലീഷ് ലിറ്ററേച്ചറിൽ എം.എ. യ്ക്ക് പഠിക്കുന്നതിനായി അയച്ചു. അന്നത്തെ ആ കോളജ് പ്രിൻസിപ്പലായിരുന്ന ശ്രീ. നൈനാൻ ഏബ്രഹാം സാറിന്റെ ശിക്ഷണത്തിൽ 1961–ൽ എം.എ. പാസ്സായി പത്തനാപുരത്തു തിരിച്ചെത്തി. ആ വർഷം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. കെ. കെ. ഫിലിപ്പ് സാർ റിട്ടയർ ചെയ്ത ഒഴിവിൽ വന്ദ്യ സി. റ്റി. തോമസച്ചനെ ഹെഡ്മാസ്റ്റർ ആയി തിരുമേനി നിയമിക്കയും ചെയ്തു. നാലായിരത്തിൽ അധികം കുട്ടികൾ ഉണ്ടായിരുന്നതിനാൽ ഒരാളിനെക്കൊണ്ടു തന്നെ സ്കൂൾഭരണം നടത്തിക്കൊണ്ടുപോകുന്നത് ദുഷ്കരമായതിനാൽ സ്കൂൾ വിഭജിക്കണമെന്നുള്ള ആശയം രൂപപ്പെടുകയും, ആയതിനുവേണ്ടി ഗവണ്മെന്റിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഈ അപേക്ഷ ഗവണ്മെന്റധികാരികൾ അനുഭാവപൂർവ്വം പരിഗണിച്ചശേഷം അനുവാദം നൽകി. 1962–ൽ സ്കൂൾ വിഭജിക്കയും മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂൾ എന്ന നാമത്തിൽ പെൺകുട്ടികൾക്കായി സ്കൂൾ ആരംഭിക്കുകയും സീനിയർ അസിസ്റ്റന്റ് ആയിരുന്ന ശ്രീ. കെ. എൻ. മാത്യുവിനെ പ്രഥമ ഹെഡ്മാസ്റ്റർ ആയി നിയമിക്കയും ചെയ്തു.

പത്തനാപുരത്തു ഒരു Arts and Science College ആവശ്യമാണെന്നുള്ള ബോദ്ധ്യം പലർക്കും ഉണ്ടായിരുന്നു. അഭിവന്ദ്യ വലിയ തിരുമേനിയും അത് ആഗ്രഹിക്കയും കേരള ഗവണ്മെന്റിനും, കേരള യൂണിവേഴ്സിറ്റിക്കും അപേക്ഷ സമർപ്പിക്കയും ചെയ്തു. എന്നാൽ ഭൂമി ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞെങ്കിലും എല്ലായിടത്തുനിന്നും നിരാശാജനകമായ പ്രതികരണം ആണ് ഉണ്ടായത്. യൂണിവേഴ്സിറ്റിയിൽ നിന്നും കമ്മീഷൻ വരുന്നു എന്നുള്ള അറിയിപ്പു കിട്ടിയെങ്കിലും വസ്തുവിന്റെ കാര്യം അനിശ്ചിതത്വത്തിലായിരുന്നു. വൈസ് ചാൻസലർ ശ്രീ. സാമുവേൽ മത്തായിയുടെ നേതൃത്വത്തിൽ കമ്മീഷൻ വന്നു. കാര്യങ്ങൾ വിശദമായി തിരുമേനി അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹം മാവേലിക്കര സ്വദേശിയും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ അഭിവന്ദ്യ തിരുമേനിയുടെ സഹപാഠിയുമായിരുന്നു. അനുവാദം ലഭിക്കുന്നതിനു മുമ്പ് വസ്തുവിന്റെ പ്രമാണം എത്തിച്ചുകൊള്ളാമെന്നുള്ള ഒരു തീരുമാനത്തിന്റെ വെളിച്ചത്തിൽ താൽക്കാലിക അനുവാദം ലഭിച്ചു. ആശ്രമാംഗങ്ങൾ എല്ലാവരും

പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ചു. മാലൂർ എന്ന സ്ഥലത്തുള്ള ഹിന്ദു-മുസ്ലീം സഹോദരങ്ങൾ വന്നു തിരുമേനിയെ കണ്ടു. കോളജ് മാലൂരിൽ സ്ഥാപിക്കാമെങ്കിൽ വസ്തു തരപ്പെടുത്തി തരാമെന്നുള്ള ഉറപ്പിന്മേൽ പ്രമാണങ്ങൾ ശരിയാക്കി ആ പ്രശ്നം പരിഹരിച്ചപ്പോൾ നിരതദ്രവ്യമായി 25 ലക്ഷം രൂപാ യൂണിവേഴ്സിറ്റിയിൽ കെട്ടിവെയ്ക്കുന്നതിനുള്ള മാർഗ്ഗം ആരാഞ്ഞു. പട്ടാഴിയിൽ തിരുമേനിയുടെ പേരിലുള്ള വസ്തു ഈടുവച്ചുകൊണ്ട് ആ പ്രശ്നവും പരിഹരിച്ചു. മാലൂർ എന്ന സ്ഥലത്ത് കോളജിനാവശ്യമായ കെട്ടിടങ്ങളും മറ്റും സജ്ജമാകുന്നതു വരെ പത്തനാപുരത്ത് സ്കൂൾ കാമ്പസിൽ ആരംഭിക്കുന്നതിനുള്ള അനുവാദവും ലഭിച്ചിരുന്നതിനാൽ 1964 ജൂലൈയിൽ കോളജ് ഉദ്ഘാടനം ചെയ്യുന്നതിന് കാരുണ്യവാനായ ദൈവത്തിന്റെ കൃപയാൽ സാധിച്ചു. ബോയ്സ് സ്കൂൾ ഹെഡ്മാസ്റ്റർ വന്ദ്യ സി. റ്റി. തോമസച്ചനെ കോളജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവിയായും വൈസ് പ്രിൻസിപ്പൽ ആയും മാനേജർ ആയും തിരുമേനി നിയമിച്ചു.

1965 മെയ് മാസം 16-ാം തീയതി പ. ഔഗേൻ ബാവാ ആശ്രമ സുപ്പീരിയറുടെ ആഗ്രഹപ്രകാരം വന്ദ്യ സി. റ്റി. തോമസച്ചന് ആശ്രമചാപ്പലിൽ വച്ച് റമ്പാൻ സ്ഥാനം നൽകി. റമ്പാനായശേഷം അദ്ദേഹത്തെ ഇംഗ്ലണ്ടിലുള്ള കൗളി ആശ്രമത്തിൽ അയച്ച് പരിശീലനം നേടുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും വലിയ തിരുമേനി ചെയ്യുകയും അദ്ദേഹത്തിന്റെ കൂടെ ആശ്രമാംഗമായ മോസസ് ചെറിയാനച്ചനെയും അയയ്ക്കുന്നതിനു തീരുമാനിക്കയും ചെയ്തു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നതിനാൽ ആ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു.

1965 ഡിസംബർ മാസം 28-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തോമസ് റമ്പാച്ചനെ തെരഞ്ഞെടുത്തു. 1966 ഓഗസ്റ്റ് 24-ാം തീയതി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് മാർ തീമോത്തിയോസ് എന്ന പേരിൽ പ. ഔഗേൻ ബാവാ മെത്രാപ്പോലീത്താ ആയി വാഴിച്ചു.

1966 നവംബർ 11-ാം തീയതി മലബാർ ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ ആയി നിയമനം കിട്ടിയതോടുകൂടി അവിടെ എത്തി ചുമതല ഏറ്റെടുത്തു. മലബാറിന്റെ പ്രഥമ മെത്രാപ്പോലീത്താ വാർദ്ധക്യസഹജമായ രോഗവും ക്ഷീണവും ആയി കർമ്മേൽ ദയറായിൽ തന്നെ താമസിച്ചു എങ്കിലും പിൻഗാമിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട നിർദ്ദേശങ്ങളും ഒത്താശകളും ചെയ്തുകൊണ്ടിരുന്നു. പുതിയ ഭദ്രാസനാധിപനു താമസിക്കുന്നതിനു പഴയ കോഴിക്കോട്ടു പള്ളിയുടെ

ഒരു ചെറിയ മുറി തരപ്പെടുത്തിയിരുന്നു. അന്നു ശെമ്മാശനായിരുന്ന ഈ ലേഖകനെയും കൂടെയാണ് വലിയ തിരുമേനി കൊച്ചുതിരുമേനിയുടെ കൂടെ അയച്ചത്. പത്തനാപുരത്തെ ആദ്യകാലത്തെ അവസ്ഥകൾ തരണം ചെയ്തു പരിചയമുണ്ടായിരുന്നതിനാൽ സന്തോഷത്തോടുകൂടി അതിൽ വസിച്ചുകൊണ്ട് ഭദ്രാസനത്തിന്റെയും ജനങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരുന്നു. തിരുമനസ്സിലെ പ്രാർത്ഥനയും, ദൈവാശ്രയവും അക്ഷീണപരിശ്രമവും കൊണ്ട് കുടിയേറ്റ ഭദ്രാസനമായിരുന്ന മലബാർ ഭദ്രാസനം വികസനപാതയിൽ വളരെ അധികം മുന്നേറുകയും നാട്ടിലെ ഭദ്രാസനങ്ങളോടു കിടപിടിക്കത്തക്ക നിലയിൽ എത്തിച്ചേരുകയും ചെയ്തു.

1972 ഡിസംബർ 3-ാം തീയതി തന്റെ എല്ലാമെല്ലാമായിരുന്ന ഗുരുവും, പിതാവും നിത്യതയിലേക്കു പ്രവേശിച്ച ആ സംഭവം കൊച്ചു തിരുമേനിയെ എല്ലാവിധത്തിലും തളർത്തി. വലിയ തിരുമേനിയുടെ പിൻഗാമിയും, സുപ്പീരിയറും ആയി നിയമിച്ചുകൊണ്ടുള്ള വിൽപത്രം അനുസരിച്ച് താബോർ ദയറായുടെയും മഠത്തിന്റെയും സുപ്പീരിയറായും അനുബന്ധ സ്ഥാപനങ്ങളുടെ പ്രധാന ചുമതലക്കാരനായും അദ്ദേഹം കാര്യനിർവഹണം നടത്തി.

സ്ഥാപകപിതാവ് കാലംചെയ്തു കഴിഞ്ഞപ്പോൾ പിൻഗാമിയേയും ആശ്രമാംഗങ്ങളേയും തുറിച്ചുനോക്കിക്കൊണ്ടിരുന്ന പ്രശ്നം സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാതിരുന്നതാണ്. പിൻഗാമിയായ സുപ്പീരിയർ അഭിവന്ദ്യ തീമോത്തിയോസ് തിരുമേനി ആശ്രമ ഭരണസമിതിയായ ചാപ്റ്റർ വിളിച്ചുകൂട്ടി ആലോചിക്കയും അതിനുള്ള ഉപാധികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിനാൽ വളരെ വേഗം ആ പ്രശ്നം പരിഹരിക്കാൻ സാധിച്ചു. ആശ്രമാംഗങ്ങൾക്ക് ഒന്നിച്ചു താമസിക്കുന്നതിനുള്ള ഒരു കെട്ടിടസൗകര്യം ഇല്ലാതിരുന്നതും ഉടനെതന്നെ പണി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് അന്നത്തെ സെക്രട്ടറി ആയിരുന്ന വന്ദ്യ റ്റി. എം. ശമുവേൽ റമ്പാച്ചനും ബർസാർ ആയിരുന്ന ഈ ലേഖകനും ചേർന്ന് വേണ്ട നടപടികൾ സ്വീകരിച്ച് അതും പൂർത്തിയാക്കി കൂദാശ ചെയ്യുന്നതിന് പരമകാരുണികനായ സ്വർഗ്ഗത്തിലെ അപ്പച്ചൻ അനുഗ്രഹിച്ചു. എല്ലാ സ്ഥലത്തുമുള്ള സ്കൂളുകളുടെ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എല്ലാം ക്രമപ്പെടുത്തുകയുണ്ടായി. വലിയ തിരുമേനി ഉള്ളപ്പോൾ തന്നെ ഒരു ആശ്രമചാപ്പൽ പണിയുന്നതിനുള്ള പ്ലാൻ ശരിയാക്കിയിട്ടുണ്ടായിരുന്നു. ദാവീദു രാജാവ് യെറുശലേം ദേവാലയം പണിയിക്കുന്നതിന് ഒരുങ്ങിയെങ്കിലും യഹോവയായ ദൈവം അനുമതി നൽകാതെ തന്റെ മകനായ ശലോ

മോൻ ദേവാലയം പണിഞ്ഞുകൊള്ളുമെന്നുള്ള ആശ്വാസവചനം ദാവീദു രാജാവിനു ലഭിച്ചിരുന്നു. അതുപോലെതന്നെ തന്റെ പിൻഗാമിയും, മാനസപുത്രനുമായിരുന്ന അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിക്കാണ് ആ നിയോഗം കൈവന്നത്. സാമ്പത്തികമായ പ്രയാസങ്ങൾ ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പ്രാർത്ഥനയും, അശ്രാന്തപരിശ്രമത്തിന്റെയും ആകെത്തുകയായ മൗണ്ടു താബോർ ദയറാ ചാപ്പൽ 1974 ഡിസംബർ മാസം 3-ാം തീയതി പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവാ അടിസ്ഥാനശില ഇടുകയും 1982 ഡിസംബർ 3-ാം തീയതി പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും സഭയിലെ മറ്റു മെത്രാപ്പോലീത്താമാരും, ആശ്രമാംഗങ്ങളും വിശ്വാസികളുടെ വലിയ ഒരു സമൂഹവും ചേർന്ന് കൂദാശ നടത്തി ആ പോരായ്മ പരിഹരിക്കയും ചെയ്തു.

അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി തുടങ്ങിവച്ചവയും, പിൻഗാമി പ. ദിദിമോസ് ബാവാ തിരുമനസ്സിലെ കാലത്ത് ആരംഭിച്ചവയുമായ എല്ലാ പ്രസ്ഥാനങ്ങളും പിൻഗാമിയുടെ കാലത്ത് പൂർത്തിയാക്കുന്നതിന് പരമകാരുണികനായ ദൈവംതമ്പുരാൻ കനിഞ്ഞ് അനുഗ്രഹിച്ചു എന്നുള്ളതു നന്ദിയോടും, ചാരിതാർത്ഥ്യത്തോടുംകൂടി രേഖപ്പെടുത്തുകയാണ്. പ. ദിദിമോസ് പ്രഥമൻ ബാവാ, ആശ്രമജീവിതത്തിനായി അഭി. ദീവന്നാസ്യോസ് തിരുമേനി റമ്പാനായിരുന്ന കാലത്ത് വിളിച്ചുചേർത്ത ആ വിളിയും തെരഞ്ഞെടുപ്പും നൂറുമേനി ഫലം നൽകി എന്നുള്ളതു വിസ്മരിക്കാൻ സാധിക്കയില്ല. അദ്ദേഹത്തിന്റെ തപശ്ചര്യകളും, പ്രാർത്ഥനാജീവിതവും, മൗനവും, അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം ആദിയായ ആശ്രമനിയമങ്ങൾക്കുപരി സന്യസ്തജീവിതം പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിനു പരിശുദ്ധ പിതാവിനു സാധിതപ്രായമായി. തന്റെ ജീവിതപാതയിൽ ഒന്നിനെക്കുറിച്ചും ആവലാതിയോ വേവലാതിയോ ഇല്ലാതെ സമചിത്തതയോടുകൂടെ ഭരണപരമായ കാര്യങ്ങളിൽ അദ്ദേഹം വിജയിച്ചു എന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല.

മലങ്കര മെത്രാപ്പോലീത്തായും, പൗരസ്ത്യ കാതോലിക്കായും ആയി ഹ്രസ്വമായ സമയമേ അവിടുത്തേക്കു ലഭിച്ചുള്ളു എങ്കിലും ആ സമയം കൊണ്ട് സഭ ആകമാനം അച്ചടക്കത്തിന്റെയും ഭക്തിസംവർദ്ധകമായ ഒരു അനുഭവം ഉരുത്തിരിഞ്ഞുവരുവാൻ കാരുണ്യവാനായ ദൈവം കൃപകൾ നൽകി. തിരുമനസ്സിലെ ആഗ്രഹപ്രകാരം തന്റെ ഗുരുവും, ആത്മീയപിതാവും ആയ അപ്പച്ചന്റെ കബറിടം സ്ഥിതിചെയ്യുന്നിടത്തു തന്നെ തന്റെ കബറിടവും ആയിരിക്കണമെന്നുള്ള ആഗ്രഹം നിറപടിയായി നിറ

വേറുന്നതിനു ദൈവം സഹായിച്ചു. തന്റെ ഭരണകാലം ആശ്രമം, മഠം, അനുബന്ധ സ്ഥാപനങ്ങളുടെ എല്ലാം സുവർണ്ണകാലമായിരുന്നു എന്നു രേഖപ്പെടുത്തുന്നതിന് അതിയായ സന്തോഷം ഉണ്ട്. അവിടുത്തെ പ്രാർത്ഥനയിൽ അഭയം പ്രാപിച്ചുകൊള്ളുന്നു.

# പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായും അട്ടപ്പാടി മിഷനും

## എം. ഡി. യൂഹാനോൻ റമ്പാൻ
(മിഷൻ ഡയറക്ടർ)

യേശുക്രിസ്തുവിന്റെ അരുമശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കരസഭയുടെ കാവൽ പിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായാണ് ഭാരതസഭയുടെ മിഷൻ ദർശനത്തിന്റെ ഉറവിടം. കർതൃനിയോഗാനുസരണം യെരുശലേമിൽനിന്നും ഏറ്റവും വിദൂരതയിലായിരുന്ന ഭാരതത്തിലേക്ക് എ.ഡി. 52-ൽ കടലുകൾ താണ്ടിയുള്ള മാർത്തോമ്മാ ശ്ലീഹായുടെ ആഗമനവും 20 വർഷത്തെ തന്റെ സുവിശേഷ പര്യടനവും മതപരിവർത്തനവും സഭാ സ്ഥാപനവും മിഷൻ പ്രവർത്തനങ്ങളും ഇന്നും ആധുനിക ക്രൈസ്തവ സമൂഹത്തിന് മിഷൻ പ്രവർത്തനത്തിന്റെ ഉൾക്കാഴ്ചയും ഊർജ്ജവും പകർന്നു നൽകുന്നു. ഈ പാവനമായ മിഷൻ ദർശനം മതിയാവോളം തങ്ങളിലേക്ക് ആവാഹിച്ചുകൊണ്ടാണ് മലങ്കര സഭയുടെ മഹാരഥന്മാരായ ആത്മീയ പിതാക്കന്മാർ ഭാരതമണ്ണിൽ മിഷൻ പ്രവർത്തനം നടത്തിയിട്ടുള്ളത്.

അഭിവന്ദ്യ പിതാക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ തിരുമേനിയും, പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും അൽവാറീസ് മാർ യൂലിയോസ് തിരുമേനിയും മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, സഭാരത്നം ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയും അട്ടപ്പാടി മിഷന്റെ സ്ഥാപകനായ മലങ്കര സഭയുടെ വലിയ ബാവാ പ. ദിദിമോസ് പ്രഥമൻ ബാവാ തിരുമേനിയും മലങ്കരസഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ വെള്ളിനക്ഷത്രങ്ങളായിരുന്നു.

മലങ്കരസഭയുടെ മിഷൻ ദർശനം മതപരിവർത്തനമല്ല; മറിച്ച്, മനുഷ്യമനസ്സുകളിലെ പരിവർത്തനമാണ് ലക്ഷ്യമിടുന്നത്. ഭാരതമണ്ണിൽ ജീവിക്കുന്ന നാനാജാതി മതസ്ഥരായ മനുഷ്യരിൽ ലോകരക്ഷകനായ യേശുവിന്റെ നിത്യമായ സ്നേഹം പകർന്നു നൽകി, മനഃപരിവർത്തനത്തിലൂടെ പുതിയൊരു സമൂഹത്തെ വാർത്തെടുക്കുകയാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ദർശനം. കേരളത്തിലും വടക്കേ ഇന്ത്യയിലുമുള്ള വയൽ പ്രദേശങ്ങളിൽ ദൈവികസാക്ഷ്യത്തോടെ നടത്തിവരുന്ന ബാല-ബാലികാ ഭവനങ്ങളും ആതുരാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിനു വലിയ ഉദാഹരണങ്ങളാണ്.

40 വർഷത്തെ അജപാലന ശുശ്രൂഷയിലൂടെ മലബാർ ഭദ്രാസനത്തെ ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്കു നയിച്ച പ. വലിയ ബാവാ തിരുമേനി തന്റെ കർമ്മമേഖലാ അതിർത്തിയിൽ ഉൾപ്പെട്ട അട്ടിപ്പാടി ഭൂപ്രദേശത്തിന്റെയും അവിടെയുള്ള കുടിയേറ്റ ജനതയുടെയും ആദിവാസി സമൂഹത്തിന്റെയും ഹൃദയസ്പന്ദനം നെഞ്ചിലേറ്റി ശൂന്യതയിൽനിന്നും പടുത്തുയർത്തിയ ഒരു മിഷനറി സമൂഹമാണ് അട്ടപ്പാടി മിഷനും സെന്റ് തോമസ് ആശ്രമവും.

1994 ജൂലൈ 3-ന് സെന്റ് തോമസ് ദിനത്തിലാണ് അട്ടപ്പാടി മിഷന്റെ ആരംഭം കുറിക്കുന്നത്. മലങ്കരസഭയ്ക്കുവേണ്ടി അട്ടപ്പാടിയിലെ നെല്ലിപ്പതിയിൽ പരിശുദ്ധ പിതാവ് പണം മുടക്കി വിലയ്ക്ക് വാങ്ങിയ 5 ഏക്കർ 70 സെന്റ് ഭൂമിയിലാണ്, കാട് വെട്ടിത്തെളിച്ച് അട്ടപ്പാടി മിഷനുവേണ്ടി ആദ്യമായി ഒരു ഓലഷെഡ്ഡ് ഉണ്ടാക്കുന്നത്. അതിൽ പ. പിതാവ് എഴുന്നള്ളി ഞങ്ങളേയും ആ ദേശത്തേയും പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. അതിന്റെ പരിണിതഫലമാണ് ഇന്നു നാം കാണുന്ന അട്ടപ്പാടി മിഷൻ.

**കോളറ രോഗം പടരുന്നു**

1996-ൽ അട്ടപ്പാടി ആദിവാസി ഊരുകളിൽ കോളറ രോഗം പടർന്നുപിടിച്ചു. മൂന്ന് ആഴ്ചകൊണ്ട് 40-ൽ അധികം ആദിവാസികൾ രോഗബാധിതരായി മരണപ്പെട്ടു. അന്ന് അട്ടപ്പാടിക്കാരുടെ ഏക ആശ്രയമായ അഗളി ഗവ. പ്രൈമറി ഹെൽത്ത് സെന്റർ നൂറ് കണക്കിന് രോഗികളെ കൊണ്ടു നിറഞ്ഞു. ആശുപത്രി വാർഡുകളിൽ സ്ഥലം തികയാതെ വന്നപ്പോൾ തറയിലും വരാന്തയിലും ഇടനാഴിയിലും രോഗികളെ പായ് വിരിച്ച് കിടത്തുകയായിരുന്നു.

കോളറ രോഗദുരന്ത മരണം മനുഷ്യസ്നേഹികളായ അനേകരുടെ ഹൃദയത്തിൽ ആഴമേറിയ മുറിവേൽപ്പിച്ചു. ഈ അതിദാരുണ വാർത്ത അറിഞ്ഞ ഉടൻ തന്റെ ആസ്ഥാനമായ കോഴിക്കോട് ചാത്തമംഗലം മൗണ്ട് ഹെർമ്മോൻ അരമനയിൽ നിന്നും പ. പിതാവ് അട്ടപ്പാടിയിൽ ഓടിയെത്തി. മരണപ്പെട്ട ആദിവാസി മക്കളുടെ ഊരുകൾ സന്ദർശിച്ചു. പ്രാർത്ഥനയുടെ സാന്ത്വന സ്പർശനത്തിലൂടെ കുടുംബാംഗങ്ങളെ അനുഗ്രഹിച്ചു. രോഗം മൂർച്ഛിച്ച് ആശുപത്രി വാർഡുകളിലും തറയിലും വരാന്തയിലും കിടന്നിരുന്ന ആദിവാസി മക്കളുടെ സമീപം എത്തി അവരുടെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുക മാത്രമല്ല; നൂറുകണക്കിന് പുതിയ തോർത്തുമുണ്ടുകളും പുതപ്പുകളും പുതുവസ്ത്രങ്ങളും പ. പിതാവ് തന്നെ വിതരണം ചെയ്തു. "നിങ്ങളിൽ ചെറിയവരിൽ ഒരുത്തന് ചെയ്യുന്നത് എല്ലാം എനിയ്ക്കാകുന്നു നിങ്ങൾ ചെയ്യുന്നത്" എന്ന കർതൃവചനം ഇതിലൂടെ പ. പിതാവ് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു.

ഈ ദാരുണ സംഭവത്തിന്റെ വെളിച്ചത്തിലാണ് പ. പിതാവ് അട്ടപ്പാടി മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ രൂപവും ഭാവവും നൽകിയത്. ആദിവാസിസമൂഹത്തിന്റെയും മറ്റ് പട്ടിണി പാവങ്ങളുടെയും വേദനയും യാതനയും പട്ടിണിമരണവും നെഞ്ചിലേറ്റിക്കൊണ്ടാണ് അവരുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ന് അട്ടപ്പാടിയിൽ കാണുന്ന ഓരോ സ്ഥാപനങ്ങളും പടുത്തുയർത്തിയിരിക്കുന്നത്.

പഴയ ഓലഷെഡ്ഡിന്റെ സ്ഥാനത്ത് ഇന്ന് മനോഹരമായ ഒരു കൊച്ചു ചാപ്പൽ ആരാധനയ്ക്കായി പണിയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 10 വർഷമായി മുടക്കം കൂടാതെ എല്ലാ ദിവസവും ആ ചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുന്നു. മൂന്ന് ഓർഫനേജുകൾ, സ്വയംതൊഴിൽ പരിശീലനത്തിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി അട്ടപ്പാടിയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ഷൊർണ്ണൂർ ഗവണ്മെന്റ് കോളജിന്റെ സഹകരണത്തോടെ നടത്തുന്ന 'ഗ്ലോറിയ കെയറിംഗ് സെന്റർ', അട്ടപ്പാടിയിലെ ഏക സി.ബി.എസ്.സി. യും പ്രഥമ ഇംഗ്ലീഷ് മീഡിയം സ്കൂളുമായ സെന്റ് ജെംസും, 600-ൽ അധികം ആദിവാസി കുടുംബങ്ങൾക്ക് പോഷക ആഹാരം നൽകി പരിരക്ഷിക്കുന്ന 'ആരോഗ്യ പോഷണ പദ്ധതി'യും ഇന്ന് പ. ദിദിമോസ് ബാവാ തിരുമേനിയുടെ മിഷൻ ദർശനത്തിന്റെ തിലകക്കുറികളാണ്.

പോഷകാഹാരക്കുറവുമൂലം 2013-ൽ അട്ടപ്പാടി ആദിവാസി ഊരുകളിൽ ശിശുമരണം നിത്യസംഭവമായി മാറിയപ്പോഴാണ് ഇനിയും ആദിവാസി ഊരുകളിൽ ഒരു കുട്ടിപോലും മരിക്കാൻ ഇടയാകരുത് എന്ന പ്രാർത്ഥനയോടും ലക്ഷ്യത്തോടും പ. പിതാവിന്റെ ആശീർവാദത്തോടും പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ അനുമതിയോടും കൂടി മലങ്കരസഭയുടെ 'ആരോഗ്യ പോഷണ പദ്ധതി' അട്ടപ്പാടി ആദിവാസി ഊരുകളിൽ ആരംഭിക്കുന്നത്. ഒരു വർഷം മുഴുവൻ നിത്യേന മൂന്ന് വാഹനങ്ങളിലായി 8 ഊരുകൾ സന്ദർശിച്ച് അവിടെയുള്ള 530 കുട്ടികൾക്ക് മുട്ടയും, പാലും, ബ്രെഡ്ഡും നൽകി അവരുടെ ആരോഗ്യം പരിപോഷിപ്പിക്കാൻ, നല്ല ആരോഗ്യമുള്ള കുഞ്ഞുങ്ങളെ വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു.

ആരോഗ്യ പോഷണ പദ്ധതി ആരംഭിച്ചതിനുശേഷം സഭ ദത്തെടുത്ത ഊരുകളിൽ ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. അതിലുപരി തൂക്കക്കുറവുണ്ടായിരുന്ന ശിശുക്കളുടെ തൂക്കം വർദ്ധിക്കുകയും വിളർച്ചയുണ്ടായിരുന്ന കുട്ടികളുടെ വിളർച്ച മാറി ശരീരപുഷ്ടിയുള്ള കുട്ടികളായി തീരുകയും ചെയ്തു. 2013 ജൂൺ മുതൽ 2014 ജൂൺ വരെയുള്ള ഒരു വർഷം മുഴുവനും ആദിവാസി ഊരുകളിൽ പോഷകാഹാരം വിതരണം

നടത്തിയതിലൂടെ 530 കുരുന്നുമനസ്സുകളിലേക്കും അവരുടെ മാതാപി താക്കളിലേക്കും ദൈവസ്നേഹം പകരുവാൻ പ. പിതാവിന്റെ മിഷൻ ദർശനത്തിലൂടെ കഴിഞ്ഞു.

ആരോഗ്യ പോഷണ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാവുന്നതിന് 7 ദിവസം മുമ്പാണ് വലിയ ബാവാ തിരുമേനി ഇഹലോകവാസം വെടി യുന്നത്. പ. പിതാവിന്റെ ശാരീരിക വിയോഗം അട്ടപ്പാടി മിഷന് വലി യൊരു ആഘാതമായിരുന്നു. സർവ്വസ്വവും നഷ്ടമായി എന്ന ഒരു മിഥ്യാ ചിന്ത. എങ്കിലും പ. പിതാവ് സ്വർഗ്ഗീയ മദ്ധ്യസ്ഥനായി തീർന്ന 2014 മെയ് മാസം 26-ാം തീയതി മുതൽ ഇന്നയോളം മുടക്കം കൂടാതെ രാവി ലെയും സന്ധ്യയ്ക്കും പ. പിതാവിനുവേണ്ടി ധൂപാർപ്പണത്തോടുകൂടി ഞങ്ങൾ ചാപ്പലിൽ പ്രാർത്ഥന നടത്തിവരുന്നു. പ. പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ വലിയ ശക്തി ഞങ്ങളുടെ ജീവിതത്തിൽ അനുദിനം രുചിച്ചറിഞ്ഞുകൊണ്ടിരിക്കയാണ്. ഇത് വെറും വാക്കല്ല. വലിയൊരു അനുഭവ സാക്ഷ്യമാണ്. പ. പിതാവ് ജീവിച്ചിരുന്നപ്പോൾ ലഭിച്ചതിന്റെ ഇരട്ടി അനുഗ്രഹം തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിലൂടെ ഇന്ന് അട്ടപ്പാടി മിഷൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ പോഷണത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കാൻ പറ്റുമോ എന്നത് ഞങ്ങൾക്ക് മുമ്പിൽ ഒരു വലിയ ചോദ്യചിഹ്നമായിരുന്നു. രണ്ടാം ഘട്ടപദ്ധതിയുടെ സർവ്വേ റിപ്പോർട്ടും രൂപരേഖയും ജൂലൈ മാസത്തിൽ കൂടിയ സുന്നഹദോസിൽ സമർപ്പിച്ചു. പ. ബാവാ തിരുമേനിയുടെ അനു മതി കല്പനയും കിട്ടി. ഞങ്ങളുടെ മുമ്പിലുള്ള തടസം പണം മാത്രമാ യിരുന്നു. ആശ്രമ ചാപ്പലിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള പ. വലിയ ബാവ തിരുമേനിയുടെ ഫോട്ടോയ്ക്ക് മുമ്പാകെ പ. പിതാവിനെ മനസ്സിൽ ധ്യാനി ച്ചുകൊണ്ട് ഓരോ ദിവസവും ഞങ്ങൾ സ്വർഗ്ഗീയ മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ഒക്ടോബർ 2-ന് ഗാന്ധി ജയന്തി ദിനത്തിൽ അട്ടപ്പാടിയിലെ 5 ഊരുകൾ ദത്തെടുത്തുകൊണ്ട് രണ്ടാംഘട്ട പോഷകാഹാര വിതരണ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞു. പ്രഗത്ഭരായ ഡോക്ടർമാരുടെയും ഡയറ്റീഷൻമാരുടെയും, ആരോഗ്യ മേഖലയിൽ അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന നോഡൽ ഓഫീസർമാരു ടെയും ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളെയും ഗർഭിണികളെയും പാലൂട്ടുന്ന അമ്മമാരെയുമാണ് ഈ ഘട്ടത്തിൽ തെരഞ്ഞെടുത്തത്. അവരുടെ ആരോഗ്യ പരിപാലനത്തിന് മാസംതോറും 1 കുപ്പി ഹോർലിക്സ്, 3 പായ്ക്കറ്റ് ബിസ്ക്കറ്റ്, 2 കിലോ കടല, 2 കിലോ പരിപ്പ്, 1 കിലോ വൻപയർ, 1 കിലോ ചെറുപയർ, 3 കിലോ ഗോതമ്പുപൊടി എന്നിവ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു തുടങ്ങി. തുടക്കത്തിൽ 150 പേർക്കാണ് ഈ സഹായം ലഭിച്ചുകൊണ്ടി

രുന്നത്. അത്ഭുതമെന്നു പറയട്ടെ മൂന്ന് മാസം പിന്നിടുമ്പോഴേയ്ക്കും പ. വലിയ ബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിലൂടെ ദുബായ് സെന്റ് തോമസ് കത്തീഡ്രൽ ഇടവകയെ ദൈവം തമ്പുരാൻ ആരോഗ്യ പോഷണ പദ്ധതിയുടെ ഏറ്റവും വലിയ സ്പോൺസേഴ്സ് ആയി ഉയിർത്തെഴുന്നേൽപ്പിച്ചു. 450 കുടുംബങ്ങളെയാണ് ആ ഇടവക സഹായിക്കാൻ തയ്യാറായി മുന്നോട്ട് വന്നത്. അതുമൂലം 18 ഊരുകൾ കൂടി ദത്തെടുക്കാൻ കഴിഞ്ഞു. അമേരിക്കയിലുള്ള യോങ്കേഴ്സ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക ഒരു വർഷത്തേക്ക് ഒരു ഊരു കൂടി ദത്തെടുക്കുകയുണ്ടായി. ഞങ്ങൾ ഒരു കാര്യം ഉറച്ചു വിശ്വസിക്കുന്നു, പ. വലിയ ബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിലൂടെയാണ് ആരോഗ്യ പോഷണ പദ്ധതിയുടെ രണ്ടാംഘട്ടം 5 ഊരുകളിൽനിന്ന് അട്ടപ്പാടിയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ 24 ഊരുകളിലെ 606 കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞത്. ഓരോ മാസവും ആറ് ടൺ പോഷകാഹാര സാധനങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ അട്ടപ്പാടി മിഷൻ വയൽ പ്രദേശങ്ങളിൽ 600-ൽ അധികം ആദിവാസി കുടുംബങ്ങൾ പ. പിതാവിന്റെ വലിയ മിഷൻ ദർശനത്തിലൂടെ ദൈവസ്നേഹം രുചിച്ചറിഞ്ഞുകൊണ്ടിരുന്നു. ഇതിലൂടെ അനേകം ആദിവാസി കുടുംബങ്ങളിലെ പട്ടിണിയും ദാരിദ്ര്യവും തുടച്ചുമാറ്റാനും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാനും ശിശുമരണത്തിനും വിരാമം ഇടുവാനും കഴിഞ്ഞു.

പ. പിതാവിന്റെ മിഷൻ ദർശനത്തിന്റെ വെളിച്ചത്തിൽ 1996-ൽ ആരംഭിച്ച സെന്റ് ഗ്രീഗോറിയോസ് ബാലഭവനവും, 2003-ൽ ബധിരരും മൂകരുമായ കുഞ്ഞുങ്ങൾക്കുവേണ്ടി ആരംഭിച്ച സ്നേഹഭവനവും 2012-ൽ ആരംഭിച്ച സെന്റ് മേരീസ് ബാലികാ ഭവനവും അനേകം കുരുന്നുകൾക്ക് അത്താണിയായി തീർന്നിരിക്കയാണ്. ഈ മൂന്ന് ഭവനങ്ങളിലായി 55 കുട്ടികൾ ദൈവികസ്നേഹത്തിന്റെ മർമ്മം ആവോളം രുചിച്ചറിഞ്ഞുകൊണ്ട് ജീവിക്കുന്നു.

സൗജന്യ തൊഴിൽ പരിശീലന പദ്ധതിയിലൂടെ ആദിവാസി സമൂഹത്തെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയാണ് 2007-ൽ ആരംഭിച്ച ലുധിയ ടെയ്ലറിംഗ് സെന്ററും അടുത്ത സമയത്ത് മൂന്ന് ഗ്രാമപഞ്ചായത്തുകളിലും ആരംഭിച്ചിട്ടുള്ള ഗ്ലോറിയ കെയറിംഗ് സെന്ററും ലക്ഷ്യമിട്ടിരിക്കുന്നത്. ഈ മൂന്ന് സെന്ററുകളിലായി ഇപ്പോൾ 60 യുവതികൾ സൗജന്യമായി തൊഴിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു.

രണ്ട് ദശാബ്ദം മുമ്പ് വരെ ഇംഗ്ലീഷ് വിദ്യാഭ്യാസം അന്യമായിരുന്ന

അട്ടപ്പാടിയിലെ പ്രഥമ ഇംഗ്ലീഷ് മീഡിയം സ്കൂളായ സെന്റ് ജെംസ് ആരംഭിച്ചതും പ. വലിയ ബാവാ തിരുമേനി തന്നെയാണ്. ഇന്ന് സെന്റ് ജെംസ് അട്ടപ്പാടിയിലെ ഏക സി.ബി.എസ്.ഇ. സ്കൂളായി ശോഭിക്കുന്നു. ആദിവാസി കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ വിദ്യാഭ്യാസം നൽകുകയും ഒരു കുട്ടിയിൽ നിന്നുപോലും അഡ്മിഷന് ഡൊണേഷൻ വാങ്ങാതിരിക്കുകയും ചെയ്യുന്നത് സെന്റ് ജെംസിന്റെ സവിശേഷതയാണ്. അറുപതോളം ആദിവാസി കുട്ടികളേയും ഇരുപതിലധികം പാവപ്പെട്ട മറ്റ് കുട്ടികളെയും ഈ സരസ്വതീക്ഷേത്രത്തിൽ സൗജന്യമായി പഠിപ്പിക്കുന്നു. ഇതിനുള്ള പ്രചോദനവും പ. പിതാവിന്റെ മിഷൻ ദർശനം ഒന്നുതന്നെയാണ്.

യേശുതമ്പുരാൻ കല്പിച്ചു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിന്റെയും മിഷൻ സെന്ററിന്റെയും സ്ഥാപകനായ ഞങ്ങളുടെ വാത്സല്യപിതാവായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി ഇന്നും അട്ടപ്പാടിയിൽ ജീവനോടിരിക്കുന്നു. ഞങ്ങളുടെ മാത്രമല്ല അനേകം ആദിവാസി മക്കളുടെയും നൂറുകണക്കിന് വിദ്യാർത്ഥികളുടെയും, സൗജന്യ തൊഴിൽ പരിശീലനം നേടുന്നവരുടെയും, അനേകം അനാഥ കുഞ്ഞുങ്ങളുടെയും ഹൃദയത്തിൽ മലങ്കരസഭയുടെ മിഷൻ ദർശനത്തിന്റെ വെള്ളിനിലാവായി. പ. പിതാവേ അങ്ങയുടെ ഓർമ്മയ്ക്ക് മുമ്പിൽ അട്ടപ്പാടി ആദിവാസിമക്കളുടെ ആയിരം ആയിരം ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഞങ്ങൾക്കുവേണ്ടി എന്നെന്നും പ്രാർത്ഥിക്കണമേ.

# താബോർ ദയറായുടെ സാരഥി

## സ്ലീബാ കെ. ഏബ്രഹാം റമ്പാൻ

തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായിട്ടാണ് സി. റ്റി. തോമസ് 1921 ഒക്ടോബർ 29-ാം തീയതി ജനിച്ചത്. 18-ാമത്തെ വയസ്സിൽ പത്തനാപുരം താബോർ ദയറാ സ്ഥാപകനായ മാവേലിക്കര കല്ലുംപുറത്ത് മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനി വിളിച്ച് വേർതിരിച്ച സി. റ്റി. തോമസ് മലങ്കര ഓർത്തഡോക്സ് സഭയുടെ സാരഥിയായി അവരോധിക്കപ്പെട്ടു. ചെറുപ്പത്തിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ "കുഞ്ഞോമ്മാച്ചൻ" ആയിട്ടാണ് ദയറായിൽ സന്യാസജീവിതത്തിന്റെ ബാലപാഠങ്ങൾ പരിശീലിച്ചത്. ധ്യാനം, വേദവായന, ദയറാനിയമങ്ങൾ, ഉപവാസം, പ്രാർത്ഥന തുടങ്ങിയ കാര്യങ്ങൾക്ക് യാതൊരു വീഴ്ചയും വരുത്താതെ പരിശീലിച്ചതിന്റെ ഫലമായിട്ടായിരുന്നു സഭയുടെ ഉന്നത പദവിയിലേക്ക് ഉയർത്തപ്പെട്ടത്. അങ്ങനെ അഗ്നിയിൽ സ്ഫുടം ചെയ്യപ്പെട്ട സ്വർണ്ണംപോലെ തേജസ്സിൽ ശോഭിച്ചിരുന്ന പിതാവിന്റെ ജീവിതം വളരെയേറെ ധന്യമായിരുന്നു.

21-ാമത്തെ വയസ്സിൽ ആചാര്യത്വ പദവിയുടെ ആദ്യപട്ടം സ്വീകരിക്കുകയും 26-ാമത്തെ വയസ്സിൽ പൂർണ്ണശെമ്മാശ്ശനാകുകയും 29-ാം വയസ്സിൽ വൈദികനാകുകയും ചെയ്തു. 1965 മെയ് 15-നു റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1965 ഡിസംബറൽ 28-നു കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസ്സോസിയേഷനിൽ മറ്റ് നാലുപേരോടൊപ്പം മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1966 ആഗസ്റ്റ് 24-ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വച്ച് മറ്റ് രണ്ടു പേരോടൊപ്പം തോമസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെട്ടു. ആ വർഷം നവംബറിൽ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അസിസ്റ്റന്റായി മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏൽപിച്ചു. 1968-ൽ മാർ ഒസ്താത്തിയോസ് തിരുമേനി കാലംചെയ്തപ്പോൾ മലബാർ ഭദ്രാസനത്തിന്റെ പൂർണ്ണചുമതല മാർ തിമോത്തിയോസ് തിരുമേനിക്ക് നൽകപ്പെട്ടു. അതിനുശേഷം മലബാർ ഭദ്രാസനം ഒരു മാതൃകാ ഭദ്രാസനമായി മാറ്റിഎടുക്കുന്നതിന് തിരുമേനിക്ക് സാധിച്ചു. ചുമതല ഏറ്റപ്പോൾ ഉണ്ടായിരുന്ന പള്ളികളുടെ എണ്ണത്തിൽ ഇരട്ടി പള്ളികൾ സ്ഥാപിച്ചിട്ടാണ് 1982-ൽ സെപ്റ്റംബർ 10-ന് പരുമല അസ്സോസിയേഷനിൽ മലങ്കരസഭയുടെ ഏഴാമത്തെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി തെരഞ്ഞെ

ടുക്കപ്പെട്ടു. തുടർന്ന് 2005 ഒക്ടോബർ 3-ന് കാതോലിക്കായായി അഭിഷിക്തനായി. പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായും സീനിയർ മെത്രാപ്പോലീത്തന്മാരും കൂടി കാർമ്മികത്വം വഹിച്ചു വാഴിച്ചു. അതു മുതൽ അഞ്ചു വർഷക്കാലം മലങ്കരസഭയെ നയിച്ച് കൂടുതൽ പ്രവർത്തന മേഖലകളിൽ തന്റെ കഴിവ് ഉപയോഗിച്ച് സഭയെ ബലവത്താക്കി. കൂടാതെ അനേകം വിദേശരാജ്യങ്ങൾ സന്ദർശിച്ച് മലങ്കരസഭാമക്കളെ കണ്ട് ആവശ്യമായ കർമ്മങ്ങൾ നടത്തിക്കൊടുത്തു. അദ്ദേഹം രണ്ടുപ്രാവശ്യമായി 14 മെത്രാപ്പോലീത്താമാരെ വാഴിക്കുകയും അനേകം പള്ളികൾ കൂദാശ ചെയ്യുകയും പട്ടംകൊട ശുശ്രൂഷകൾ നടത്തുകയും മറ്റ് ആത്മീയ ശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തു. അങ്ങനെ അഞ്ചു വർഷക്കാലം സഭയുടെ ഉത്തമ ശുശ്രൂഷക്കാരനായി സഭയെ നയിച്ചു. രാത്രിയുടെ ഏകാന്തതയിൽ മുറിയിൽ കിടക്കുന്നവരെ ബുദ്ധിമുട്ടിക്കാതെ മെഴുകുതിരി കത്തിച്ച് പ്രർത്ഥിക്കുന്ന രീതി അദ്ദേഹത്തിന്റെ പ്രത്യേകത ആയിരുന്നു.

ഒരു യഥാർത്ഥ സന്യാസിക്കു വേണ്ട എല്ലാ ഗുണങ്ങളും അദ്ദേഹത്തിന് ഉണ്ടായിരുന്നു. വിനയം, മൗനം, ധ്യാനം, പ്രാർത്ഥന, ഉപവാസം, അനുസരണം, ഗുരുഭക്തി തുടങ്ങിയ എല്ലാ നല്ല ഗുണങ്ങളും അദ്ദേഹത്തിൽ കാണാമായിരുന്നു. മലബാർ ഭരണം നടത്തുമ്പോൾ താമസ സൗകര്യങ്ങളോ യാത്രാസൗകര്യങ്ങളോ ഒന്നും ഇല്ലാതെ വളരെയധികം കഷ്ടപ്പാടുകളിൽക്കൂടി അദ്ദേഹം ഭദ്രാസനഭരണം നടത്തി. പള്ളികൾ സന്ദർശിച്ചു വിശ്വാസികളെ സഭയിൽ ഉറപ്പിച്ചു നിർത്തി. അങ്ങനെയുള്ള ആ പരിമിതികളിൽകൂടി മലബാർ ഭദ്രാസനത്തെ ഒരു മാതൃകാ ഭദ്രാസനമാക്കി ഉയർത്തുന്നതിന് ദൈവം സഹായിച്ചു. കൂടാതെ സുൽത്താൻ ബത്തേരി എന്ന ഒരു ഭദ്രസനം കൂടി രൂപീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

അദ്ദേഹം ഒരു നല്ല വൈദികനും ഒരു നല്ല അദ്ധ്യാപകനുമായിട്ടായിരുന്നു ജീവിതത്തിൽ പ്രശോഭിച്ചത്. തന്മൂലം ധാരാളം ശിഷ്യഗണങ്ങൾ അദ്ദേഹത്തിന് ഉണ്ട്. അദ്ധ്യാപകനായിരുന്നപ്പോഴും വൈദികനായിരുന്നപ്പോഴും മെത്രാപ്പോലീത്താ ആയിരുന്നപ്പോഴും നല്ല ശിക്ഷണനടപടികൾ നടത്തിയിരുന്നത് ശിഷ്യഗണങ്ങൾ ഓർത്ത് സന്തോഷിക്കുന്നുണ്ട്. അലസ്സമായിട്ടുള്ള സംഭാഷണം അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. തന്മൂലം അധികസമയവും മൗനത്തിൽ കഴിഞ്ഞുകൂടിയിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ നോട്ടത്തിലും പ്രവൃത്തിയിലും ദയറായുടെ നിയമങ്ങൾ പാലിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു.

അങ്ങനെ തന്റെ അഞ്ചു വർഷക്കാലത്തെ ഭരണം മലങ്കരസഭയ്ക്ക് നൽകിക്കൊണ്ട് 2014-ൽ അദ്ദേഹം ഈ ലോകത്തോട് യാത്രപറഞ്ഞ്

തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ടു. തന്റെ മൗനവും രഹസ്യപ്രാർത്ഥനയും ദൈവം സ്വീകരിച്ചുകൊണ്ട് ദൈവത്തിന്റെ വലത്തുഭാഗത്ത് അദ്ദേഹത്തിന് സ്ഥാനം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഗുരുചരണം

## വെരി. റവ. പി. എം. ജോൺ കോർഎപ്പിസ്കോപ്പാ, മഞ്ഞക്കാല

### (സഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മാർതോമ്മായുടെ 90-ാമത്തെ പിൻഗാമിയും 20-ാമത്തെ മലങ്കര മെത്രാപ്പോലീത്തായും ഏഴാമത്തെ കാതോലിക്കായുമായിരുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ - വിശുദ്ധിയുടെ പരിമളവും ലാളിത്യത്തിന്റെ എളിമയും തെളിമയും ഒത്തിണങ്ങിയ ശ്രേഷ്ഠാചാര്യൻ. താബോറിന്റെ സ്ഥാപകപിതാവായ തന്റെ എല്ലാമെല്ലാമായ ഗുരുവിൽ (തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) നിന്ന് 'ശിക്ഷയും ശിക്ഷണവും' ഏറ്റുവാങ്ങിയ മികച്ച ഗുരു, അതിലുപരി ആചാര്യൻ, ശ്രേഷ്ഠാചാര്യൻ, ശ്രേഷ്ഠ മഹാചാര്യൻ എന്ന നിലയിൽ മലങ്കരസഭയുടെ പ്രകാശഗോപുരമായി പ്രശോഭിച്ച മുനിശ്രേഷ്ഠൻ.

സമൃദ്ധിയുടെ (Prosperity) വിരുന്നൊരുക്കുന്ന light & sound systemത്തിലൂടെ ശബ്ദകോലാഹലങ്ങൾ സൃഷ്ടിച്ച് അരങ്ങുതകർക്കുന്ന തട്ടുപൊളിപ്പൻ കപട ആത്മികർക്ക് അപരാധമായിരുന്ന ഒരു ധന്യജീവിതത്തിന്റെ ഉടമ - മൗനത്തിന്റെ ഉപാസകൻ, മികവുറ്റ ഒരു ആത്മിക ജീവിതശൈലിയുടെ പ്രചാരകൻ, ഔന്നത്യത്തിലേക്കുള്ള വഴി വിനയമാണെന്നു പഠിപ്പിച്ച വിനയാന്വിതൻ, ഭാരതീയ ഋഷിപാരമ്പര്യവും പൗരസ്ത്യ ആത്മിക ദർശനവും സമന്വയിപ്പിച്ച ശ്രേഷ്ഠമഹാപുരോഹിതൻ.

ഇദ്ദേഹത്തെ ഞാൻ ആദ്യമായി കാണുന്നത് 1962 ഏപ്രിൽ മാസം 18-ന് ഒരു ദുഃഖവെള്ളിയാഴ്ച ദിവസം എന്റെ പിതാവിന്റെ (മത്തായി കത്തനാർ) സംസ്കാരത്തിന് ദീവന്നാസിയോസ് തിരുമേനിയോടൊപ്പം മഞ്ഞക്കാല പള്ളിയിലെത്തിയ താബോർ വൈദികരുടെ കൂട്ടത്തിലാണ്. പിന്നീട് രണ്ടാഴ്ചയ്ക്കു ശേഷം - അന്ന് അത്ര യാത്രാസൗകര്യം ലേശം ഇല്ലാതിരുന്ന കാലത്ത് വീണ്ടും ദീവന്നാസിയോസ് തിരുമേനിയോടൊപ്പം ഞങ്ങളുടെ ഭവനം സന്ദർശിച്ച് ക്ഷേമാന്വേഷണങ്ങൾക്കുശേഷം പ്രാർത്ഥിച്ചത് ഓർക്കുന്നു. തന്റെ ഗുരുവായ ദീവന്നാസിയോസ് തിരുമേനിയോടൊപ്പം ഒരു നിഴലായി തന്റെ കാലടികളെ പിൻതുടർന്ന ശിഷ്യൻ (സി. റ്റി. തോമസച്ചൻ) എന്റെ വല്യമ്മച്ചിയുടെ സംസ്കാരത്തിന് എത്തിയിരുന്നു. എന്റെ ജ്യേഷ്ഠസഹോദരന്റെ വിവാഹത്തിനും വന്ദ്യപിതാവിന്റെ

നിയോഗപ്രകാരം സി. റ്റി. തോമസച്ചൻ പ്രധാന കാർമ്മികത്വം വഹിച്ച തുമൊക്കെ ഞങ്ങൾ ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.

അദ്ധ്യാപകൻ അതിലുപരി പ്രധാനാദ്ധ്യാപകൻ എന്ന നിലയിലാണ് എനിയ്ക്കദ്ദേഹത്തെ കൂടുതൽ അടുത്തു മനസ്സിലാക്കുവാൻ അവസരം ലഭിച്ചത്. അന്ന് എനിക്കു 14 വയസ്സു പ്രായം വരും. സ്കൂൾ തുറന്ന ദിവസം ഹെഡ്മാസ്റ്റർ സി. റ്റി. തോമസ് അച്ചൻ വന്നു. നല്ല വെള്ളക്കുപ്പായം, വെള്ള ഇടക്കെട്ട്, അല്പം ഉയരമുള്ള പടിതൊപ്പി, കഴുത്തിൽ തടിക്കുരിശുമാല, കഴുത്തിൽ ഒരു വെള്ള ഷാൾ ചുറ്റിയിരിക്കുന്നു; ഇതായിരുന്നു അന്ന് താബോറിലെ ആ വൈദികന്റെ വേഷം. സ്കൂളിന്റെ വരാന്തയിൽ നിൽക്കുന്നു. എതിർവശത്ത് സ്കൂളിന്റെ ഒരു മുറി അരമനയായി ഉപയോഗിച്ചിരുന്ന തിരുമേനി മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂളിലെത്തിയ കുട്ടികളുടെ വരവ് ഒരു കൗതുകകാഴ്ചയായി ശ്രദ്ധിച്ച് വരാന്തയിൽ ഇരിപ്പുണ്ടായിരുന്നു.

വിദ്യാലയമണിയും ദേവാലയമണിയും ചില ഓർമ്മപ്പെടുത്തലുകൾ നൽകുന്നു. എന്റെ ബാല്യത്തിന്റെ തുടർച്ചയായി. വിദ്യാലയത്തിലെ ആദ്യ മണി മുഴങ്ങുമ്പോൾ വരാന്തയിൽ വടിയുമായി ചുറ്റുന്ന പ്രധാനാദ്ധ്യാപകൻ. ഉച്ചയ്ക്ക് ദേവാലയമണി മുഴങ്ങുമ്പോൾ ഓഫീസിലെ മേശയുടെ പുറത്ത് വടിയോടൊപ്പം വച്ചിരിക്കുന്ന പ്രാർത്ഥനാപുസ്തകവുമായി ദേവാലയത്തിലേക്കോടുന്ന ആത്മികാചാര്യൻ - ജീവിതത്തിൽ പാലിക്കേണ്ട നിയമങ്ങളും ടൈംടേബിളും അവിടെനിന്നു ലഭിച്ച "ചൂടുള്ള ശിക്ഷയും ശിക്ഷണവും" വർണ്ണപകിട്ടുള്ള ഓർമ്മയായി എന്റെ മനസ്സിൽ നിറഞ്ഞു തന്നെ നിൽക്കുന്നു. ഞങ്ങളുടെ നാട്ടിൽ നിന്ന് തന്നെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി "ഒരു ബറ്റാലിയൻ" ഉണ്ടായിരുന്നു; വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നുള്ള കാൽനടയാത്ര മധുരസ്മരണയായി ഹൃദയത്തിൽ ഇടംപിടിച്ചു. ആയിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന് അനേകം മഹത്വ്യക്തിത്വങ്ങളെ സമൂഹത്തിനു സമ്മാനിച്ച പത്തനാപുരത്തിന്റെ തിലകക്കുറിയായി പ്രശോഭിക്കുന്ന വിദ്യാലയത്തിന്റെ ഹെഡ്മാസ്റ്ററായ ആദ്യ ദയറാ പുരോഹിതൻ താബോർ സ്കൂളുകൾക്ക് ഒരു സെമിനാരിയുടെ പരിവേഷമാണ് ഉളവാക്കിയത്.

വാഹനപരിശോധകൻ പ്രധാന റോഡിന്റെ വളവിൽ വണ്ടി തടഞ്ഞു നിർത്തി പരിശോധിക്കുന്നതുപോലെ രണ്ടാംമണി മുഴങ്ങുമ്പോൾ താമസിച്ചെത്തുന്നവരെ 'കൈകാര്യം' ചെയ്യാൻ നിൽക്കുന്ന പ്രധാനാധ്യാപകൻ. ഒരിക്കൽ ഞാനും അദ്ദേഹത്തിന്റെ മുമ്പിൽ അകപ്പെട്ടത് ഓർമ്മയിലുണ്ട്. ഓരോരുത്തർക്കും 'കൊടുക്കേണ്ടത് കൊടുക്കുമ്പോൾ' ഞാൻ പതുക്കെ പിന്നിലേക്ക് വലിഞ്ഞു നിന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ട

വിവരം എനിക്കു ബോദ്ധ്യമായി. സമയനിഷ്ഠ കൃത്യമായി പാലിക്കണമെന്ന് ശാഠ്യമുള്ള എന്റെ ഗുരുനാഥന്റെ മുഖത്ത് ശിക്ഷണത്തിന്റെ ഗൗരവവും സ്നേഹത്തിന്റെ മന്ദഹാസവും ഞാൻ കണ്ടു. എന്തുകൊണ്ടോ എന്നെ താക്കീത് നൽകി വിട്ടയച്ചു. ഈ പ്രധാനാധ്യാപകനെ ഞങ്ങൾ വിദ്യാർത്ഥികൾക്കു ഭയമായിരുന്നു. അദ്ദേഹത്തിന്റെ ഗുരുനാഥന്റെ (ദീവന്നാസിയോസ് തിരുമേനി) മുമ്പിൽ അല്പംപോലും "ഗുരുത്വക്കേട്" തീണ്ടാത്ത ഞങ്ങളുടെ പ്രധാനാധ്യാപകന്റെ ഭയഭക്തിബഹുമാനങ്ങളോടുകൂടിയുള്ള നിൽപ്പ് ഞങ്ങൾ വിദ്യാർത്ഥികളിൽ കൗതുകം ഉളവാക്കിയിട്ടുണ്ട്.

ശിക്ഷണബോധം വല്ലാതെ ബാധിച്ച എന്റെ ഗുരുനാഥന് വിദ്യാർത്ഥികൾ ഷർട്ടിന്റെ ഒരു ബട്ടൺ ഇടാത്തതുപോലും അസ്വസ്ഥത ഉളവാക്കിയിരുന്നു. അതുപോലെതന്നെ 'സാറേ' എന്ന സംബോധനയും, അദ്ധ്യാപകരോട് വിദ്യാർത്ഥികൾ ബഹുമാനമുള്ളവരും വിധേയത്വമുള്ളവരും ആയിരിക്കണമെന്ന നിർബ്ബന്ധമുണ്ടായിരുന്നു ഈ ഗുരുനാഥന് 'സർ' എന്ന സംബോധനയാണ് പ്രിയപ്പെട്ടത്.

അച്ചടക്കരാഹിത്യം എന്നും അസഹനീയമായി അനുഭവപ്പെട്ട ഗുരുനാഥൻ കാതോലിക്കാ ആയപ്പോഴും ഏതു വേദിയിലും നിശബ്ദരായിരിക്കാൻ കല്പിച്ചിരുന്നു എന്നു മാത്രമല്ല; അതിനുശേഷമേ യോഗനടപടികൾ ആരംഭിച്ചിരുന്നുള്ളു.

മാത്തമാറ്റിക്സിൽ മാസ്റ്റർ ബിരുദധാരിയായ ഈ പ്രധാനാദ്ധ്യാപകന് ഇംഗ്ലീഷും വളരെ പ്രിയമുള്ള 'ഭാഷ'യായിരുന്നു. അനായാസേന ആംഗലഭാഷ കൈകാര്യം ചെയ്യാൻ താബോർ സ്ഥാപകനായ തന്റെ ഗുരുവിനെപ്പോലെ തന്നെ ശിഷ്യനും കഴിയുമായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ ക്ലാസ്സുകളിൽ പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ എത്തി പഠിപ്പിക്കുമായിരുന്നു. ശ്രുതിമധുരമായി ഇംഗ്ലീഷ് പദ്യങ്ങൾ പാടി പഠിപ്പിക്കുന്ന ക്ലാസ്സ്, അദ്ദേഹത്തിന്റെ സ്വരമാധുരിയുടെ ദിവ്യാനുഭവത്തിൽ എത്തിയിരുന്നു. അർത്ഥസാമ്യമുള്ള വാക്കുകൾ (vocabulary) പരിചയപ്പെടുത്തുവാനും മറ്റും ശ്രദ്ധിച്ചിരുന്ന ഗുരുനാഥൻ ചില വാക്കുകൾ പ്രത്യേകിച്ച് ശ്രദ്ധയിൽപ്പെടുത്തി വിവരണം നൽകിയതോർക്കുന്നു. Tranquility, Humility, Modesty, Sanctity, Altruism, Reconcilliation, Dedication, Devotion, Retreat, Contemplation തുടങ്ങിയ വാക്കുകൾ. എന്റെ ബാലമനസ്സിൽ മുദ്രണം ചെയ്ത പല പദങ്ങളും പ. പിതാവിന്റെ ദർശനങ്ങളെ ഓർമ്മപ്പെടുത്തുന്നു.

പുണ്യപിതാവിന്റെ ആരാധനയ്ക്കു മാത്രമല്ല, ജീവിതത്തിനും പ്രബോധനത്തിനും ഒരു താളവും ശ്രുതിയും ലയവും ഒക്കെ ഉണ്ടായിരുന്നു.

കോറൂയോ മുതൽ കശീശ്ശോ വരെയുള്ള സ്ഥാനങ്ങളെല്ലാം ഈ ശ്രേഷ്ഠാചാര്യനിൽ നിന്നു സ്വീകരിക്കുവാൻ കഴിഞ്ഞത് ഭാഗ്യമെന്നതിലുപരി ഒരു നിയോഗമായി കരുതുന്നു. പ. പിതാവിനെ വളരെയധികം ആദരിച്ചിരുന്ന 'എന്റെ മാതാവ്' എന്റെ വൈദിക പട്ടംകൊട ശുശ്രൂഷയ്ക്ക് ശേഷം സ്വരമാധുര്യത്തെക്കുറിച്ച് പറഞ്ഞത് ഓർക്കുന്നു. മണിമണിപോലെയുള്ള ശബ്ദം - ആത്മികാനുഭൂതിയുടെ, ആത്മിക നിറവിന്റെ അനുഭവത്തിന്റെ മണിനാദം ഇമ്പകരമായിരുന്നു. അതിന് പ്രത്യേക സൗരഭ്യവും (frangrence) ഉണ്ടായിരുന്നു. വിശുദ്ധിയുടെ നൈർമ്മല്യവും സന്ന്യാസത്തിന്റെ വ്രതനിഷ്ഠയും പൗരസ്ത്യ ദർശനത്തിന്റെ തികവുമുള്ള അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ വളരെ ആകർഷകമായിരുന്നു. മുനിയുടെ ഭാവമായ 'മൗന'ത്തിന്റെ പിൻബലമുള്ള ആ ശബ്ദത്തിനും ഒരു പ്രത്യേകത ഉണ്ട്. പരുമല ഒരു പെരുനാൾ ദിനത്തിൽ രാത്രി നമസ്കാരത്തിന്റെ ഗീതം (മ്ശിഹാ തൻ മണവാട്ടി......) ആലപിച്ചുകൊണ്ട് അതിന്റെ വിശദീകരണം നൽകിയത് ഇന്നും ഓർക്കുന്നു. ആ വ്യക്തിത്വത്തെ അകലെയും അടുത്തും നിന്നാസ്വദിച്ചവരുടെ 'സാക്ഷ്യം' നമുക്ക് പ്രചോദനമാകും -സംശയമില്ല.

ഞാൻ സെമിനാരി 'റീശ്' ആയിരുന്ന സന്ദർഭത്തിൽ അവിടുത്തെ വിശേഷങ്ങൾ ചോദിച്ചറിയുക പതിവായിരുന്നു. കക്ഷിവഴക്കിന്റെ അല്പം സംഘർഷം നിലനിന്ന സമയത്ത് നൽകിയ ചെറിയ ഒരു ഉപദേശം 'സംയമനം' പാലിച്ചുകൊള്ളണം. ഈ ദിവ്യഗുരുവിന്റെ 'സംയമനം' ഹൃദയത്തിൽ പേറിയുള്ള യാത്ര എനിക്കനുഗ്രഹമായി - പല സന്ദർഭങ്ങളിലും പ. പിതാവിന്റെ ആജ്ഞപ്രകാരം ബത്തേരി കോളജിന്റെ വാർഡനായി ചുമതല ഏറ്റ സന്ദർഭത്തിലും കൊല്ലം ഭദ്രാസന വൈദികസംഘം സെക്രട്ടറി, ഭദ്രാസന സെക്രട്ടറി, മാനേജിംഗ് കമ്മറ്റിമെമ്പർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചപ്പോഴും - 'തത്വജ്ഞാനി'യായ പിതാവ് നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും തിരുത്തലുകളും എന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

മനസ്സിൽ ഗുരുപൂജയുമായി ജീവിച്ച ഈ ശിഷ്യന് തന്റെ ശിഷ്യഗണത്തിന് പകർന്നു നൽകുവാനുള്ള ഉപദേശം ഗുരുവിൽനിന്നു പകർന്നു കിട്ടിയ ആശയങ്ങളും ദർശനങ്ങളുമായിരുന്നു (Distelled version of his value system). ദയറാചാപ്പലിൽ ഈ ഗുരുമുഖത്ത് നിന്ന് കേട്ടത് "കുറച്ച് സാധനങ്ങൾ കൊണ്ട് തൃപ്തിപ്പെടുന്ന സമ്പന്നത. അർഹതയുള്ളതേ ആഗ്രഹിക്കാവൂ. ... നമുക്കൊന്നിലും പുകഴുവാനില്ല. നെയ്യഭിഷേകവും പാലഭിഷേകവും കളഭം ചാർത്തലുമൊന്നും പ്രതിമയ്ക്ക് ഒരു ഭാവവ്യത്യാസവും വരുത്തുന്നുണ്ടോ? ... ദയറാവാസിയെ സംബന്ധിച്ച് വ്രതനിഷ്ഠയും ശുദ്ധിയുമാണ് പ്രധാനം. ഗുരുത്വം നഷ്ടപ്പെടുത്തരുത്. കടപ്പാ

ടുകൾ വിസ്മരിക്കരുത്. ദൈവകൃപയിൽനിന്ന് അന്യമാകരുത്. അതിഥി സൽക്കാരം മറക്കരുത്. താബോറിന്റെ മറുരൂപാനുഭവത്തിന്റെ തേജസ്സ് നിലനിർത്തുക തന്നെ വേണം. ആത്മാവിന്റെ ദാരിദ്ര്യം അതു പ്രധാന മാണ്. ജീവനേക്കാൾ ജീവിതമാണ് വലുത്. .... Life speaks louder than platitudes, Life speaks volumes. ജീവിതം സംസാരിച്ചുകൊണ്ടിരിക്കുന്നു. ശെമ്മാശ്ശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ മാർ സ്തേഫാനോസിന്റെ നാമത്തിൽ നമ്മുടെ പുണ്യപിതാവ് സ്ഥാപിച്ച - ആ പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന - ഈ ചാപ്പൽ നമ്മുടെ ആത്മിക ശക്തിയുടെ സ്രോതസ്സാണ്. ഇങ്ങനെ പോകുന്നു പല സന്ദർഭ ങ്ങളിലായി ശിഷ്യന്മാർക്കു നൽകിയ ഉപദേശം. താബോറിന്റെ സ്ഥാപ കാചാര്യനിൽ നിന്നും ഏറ്റുവാങ്ങിയ ദർശ നങ്ങൾ.

ഈ മുനിശ്രേഷ്ഠന്റെ വളർച്ചയുടെ സ്രോതസ്സായി 'പ്രതിഭാധനനായ ഗുരു' തന്നോടൊപ്പം ഉണ്ടെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ശിഷ്യന്റെ ജീവി തവും അതിന്റെ ചരിത്രവും വിസ്മയങ്ങളുടെ വിജയഗാഥയായി തീർന്ന തിൽ അതിശയിക്കാനൊന്നുമില്ല.

പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന് അലങ്കാരമായി ശോഭിച്ച "വിശുദ്ധിയുടെ സൂര്യതേജസ്സായ" മുനി ശ്രേഷ്ഠന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമാകട്ടെ. John Keats ന്റെ വരി കളോടെ ഇവിടെ നിർത്തട്ടെ. "കേട്ട ഗാനങ്ങൾ മനോഹരം, ഇനി കേൾ ക്കാനുള്ളത് അതിമനോഹരം."

# ഋഷിവര്യ പാരമ്പര്യത്തിന്റെ അവകാശി

## പ്രൊഫ. വി. ഐ. നൈനാൻ

1939-ൽ മാവേലിക്കര സർക്കാർ ഹൈസ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിച്ചിരുന്ന സി. റ്റി. തോമസ് എന്ന സ്കൂൾ വിദ്യാർത്ഥി 2005-ൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഏഴാമത്തെ കാതോലിക്കായും, മലങ്കരസഭയുടെ സർവ്വാധികാരി സ്ഥാനമുള്ള മലങ്കര മെത്രാപ്പോലീത്താ പദവിയും അലങ്കരിക്കുമെന്ന് അന്ന് ആരെങ്കിലും ഓർത്തിരുന്നുവോ? അദ്ദേഹത്തിന്റെ ജീവിതം പരിശുദ്ധാത്മ ആവസിപ്പ് മൂലമാണെന്ന് വ്യക്തമായി മനസ്സിലാക്കാം. കുട്ടിയായിരിക്കുമ്പോൾത്തന്നെ നോമ്പ്, ഉപവാസം, പ്രാർത്ഥന, ആരാധന ഈ വിഷയങ്ങളിൽ അതീവ താൽപര്യം പ്രകടിപ്പിച്ചിരുന്നു. പുതിയകാവ് പള്ളിയിൽ ശുശ്രൂഷയ്ക്ക് കൂടുന്നത് തന്റെ ആത്മീയ വളർച്ചയ്ക്ക് സഹായകമാകുമെന്ന് ചെറുപ്പത്തിൽത്തന്നെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. അങ്ങനെ 1939-ലെ ഒരു ഞായറാഴ്ച, പുതിയകാവ് പള്ളിയിൽ തോമസ് ശുശ്രൂഷയ്ക്ക് കൂടുമ്പോൾ അന്ന് വിശുദ്ധ കുർബ്ബാന അർപ്പിച്ചത് പത്തനാപുരം താബോർ ദയറായുടെ അധിപനും മാവേലിക്കരയുടെ അരുമസന്താനവുമായ കല്ലുംപുറത്ത് സി. എം. തോമസ് റമ്പാച്ചനായിരുന്നു. അഞ്ചാം തുബ്ദേൻ ആണ് അന്ന് സി. റ്റി. തോമസ് വായിച്ചത്. വായന കേട്ടപ്പോഴേ വായനയിൽക്കൂടി ശ്രോതാക്കൾക്ക് ലഭിക്കുന്ന ആത്മീയ ഉണർവ്വ്, റമ്പാച്ചൻ മനസ്സിലാക്കി. വിശുദ്ധ കുർബ്ബാന കഴിഞ്ഞ ഉടനെ, റമ്പാച്ചൻ അഞ്ചാം തുബ്ദേൻ വായിച്ച കുട്ടിയെപ്പറ്റി വികാരിയച്ചനോട് ചോദിച്ചു മനസ്സിലാക്കി. എനിക്ക് അവന്റെ അപ്പനെ ഒന്നു കാണണമെന്ന് റമ്പാച്ചൻ പറഞ്ഞു. അതനുസരിച്ച് വികാരിയച്ചൻ തോമസിന്റെ അപ്പനെ റമ്പാച്ചന്റെ അടുക്കൽ എത്തിച്ചു. അപ്പനെ കണ്ടയുടനെ റമ്പാച്ചൻ ചോദിച്ചു: "ഞാൻ ഇവനെ ദയറായിൽ കൊണ്ടുപൊയ്ക്കോട്ടെ? ഞാൻ പഠിപ്പിച്ച് വലിയ ആളാക്കിക്കൊള്ളാം" എന്ന് പറഞ്ഞു. അതൊരു ദൈവവിളി എന്ന് മനസ്സിലാക്കിയ അപ്പൻ റമ്പാച്ചന്റെ കൂടെ മകനെ വിടാൻ സമ്മതിച്ചു. അങ്ങനെ സി. റ്റി. തോമസ് എന്ന വിദ്യാർത്ഥി താബോർ ദയറായിൽ എത്തി. മറുരൂപമലയിലെ രൂപാന്തരണം തോമസിനെ ഒരു പുതിയ മനുഷ്യനാക്കിത്തീർത്തു.

ഈ വിദ്യാർത്ഥിയാണ് 1965-ൽ പത്തനാപുരത്ത് സെന്റ് സ്റ്റീഫൻസ് കോളജിൽ ഇംഗ്ലീഷ് പ്രൊഫസറായിത്തീർന്ന സി. റ്റി. തോമസ് റമ്പാൻ. മലബാറിന്റെ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് ശരീരാസ്വാസ്ഥ്യം മൂലം ഭദ്രാസനഭരണം നിർവ്വഹിക്കുവാൻ നിവർത്തിയില്ലാത്ത

അവസ്ഥ വന്നു. ഇതിനു പരിഹാരമായി, പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവാ, സി. റ്റി. തോമസ് റമ്പാന് 1966 ആഗസ്റ്റ് 24-ന് മെത്രാൻ സ്ഥാനം നൽകി. 'തീമോത്തിയോസ്' എന്ന നാമധേയത്തിൽ മലബാറിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ ആയി ബാവാ തിരുമേനി അദ്ദേഹത്തെ നിയമിച്ചു.

ഞാൻ അന്ന് കോഴിക്കോട്ട് മലബാർ ക്രിസ്ത്യൻ കോളജിൽ ഗണിതശാസ്ത്ര അദ്ധ്യാപകനായി ജോലി നോക്കുന്ന കാലമാണ്. തീമോത്തിയോസ് തിരുമേനി കോഴിക്കോട്ട് വന്നപ്പോൾ താമസിച്ചത് കോഴിക്കോട് സെന്റ് ജോർജ് പള്ളിയിലായിരുന്നു. അത് ഒരു ചെറിയ പള്ളിയായിരുന്നു. നമ്മുടെ സഭയിലെ പ്രമുഖരായ എസ്റ്റേറ്റ് ഉടമസ്ഥൻ മണമേൽ ശ്രീ. എം. സി. പോത്തൻ, ശ്രീ. എം. സി. ചാണ്ടി എന്നിവരുടെ തോട്ടത്തിലെ ഉല്പന്നങ്ങൾ സൂക്ഷിച്ചിരുന്ന ഒരു ഗോഡൗൺ ആണ് താൽക്കാലിക പള്ളിയാക്കിയത്. അതിന്റെ വടക്കുവശത്തെ വരാന്തയിലെ ഒരു ചെറിയ മുറിയിൽ ആണ് തിരുമേനിക്ക് താമസിക്കാൻ ഒരുക്കിയത്. ഒരു കട്ടിൽ, ഒരു മേശ, ഒരു കസേര ഇത്രയും ഇടാനേ ആ മുറിയിൽ സ്ഥലമുള്ളു. ഒരു പരിഭവവും കൂടാതെ തിരുമേനി ആ ജീവിതം ഉൾക്കൊണ്ടു. ഞാൻ ദിവസവും സന്ധ്യാനമസ്കാരത്തിന് പോകുമായിരുന്നു. നമസ്കാരം കഴിഞ്ഞ് എല്ലാവരും പോയാലും തിരുമേനി കുറേനേരം കുമ്പിട്ട് പ്രാർത്ഥിക്കുമായിരുന്നു. ഞാൻ അവിടെ നോക്കി നിൽക്കും. ആ കൈമുട്ടിലെ തഴമ്പ് കറുത്തു തടിച്ച് ഇരിക്കുന്നതു കണ്ടിട്ട് ഞാൻ കരഞ്ഞുപോയിട്ടുണ്ട്. തിരുമേനി എന്നോട് മലബാറിലെ പള്ളികളുടെ കാര്യവും വിശ്വാസികളുടെ കാര്യവും ഒക്കെ സംസാരിക്കുമായിരുന്നു. പലപ്പോഴും തിരുമേനിക്ക് വിളമ്പിക്കൊടുക്കുന്നതിന് എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. അന്ന് മലബാറിൽ ഓലമേഞ്ഞതും പുല്ലുമേഞ്ഞതുമായ ഷെഡ്ഡുകളാണ് പള്ളികളായി ഉപയോഗിച്ചിരുന്നത്. നാലു തൂണിൽ മുളങ്കഴുക്കോലിൽ കെട്ടിയുണ്ടാക്കിയ ഷെഡ്ഡുകൾ. ബസ്സ് ഇറങ്ങിയാൽ വളരെ ദൂരം കാട്ടിൽക്കൂടി (വന്യമൃഗങ്ങൾ ഉള്ള കാലം) നടന്നുവേണം മിക്ക പള്ളികളിലും എത്തേണ്ടത്. എത്തിയാൽത്തന്നെ പ്രാഥമിക ആവശ്യങ്ങൾക്കു പോലും സൗകര്യം ഇല്ലാത്ത അവസ്ഥ. ഈ സാഹചര്യത്തിൽ അവിടെ സേവനം ചെയ്യുവാൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും തീമോത്തിയോസ് തിരുമേനിയും അല്ലാതെ നമ്മുടെ സഭയിലെ ഏതെങ്കിലും തിരുമേനിമാർ തയ്യാറാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മലബാറിലെ കുടിയേറ്റ കർഷകരുടെ കൂദാശാപരമായ ജീവിതത്തിന് ഉതകത്തക്കവണ്ണം തിരുമേനി കഷ്ടങ്ങൾ സഹിച്ച് കാടും മലയും താണ്ടി അവർക്കുവേണ്ടി മുടങ്ങാതെ എല്ലാ യാമങ്ങളിലും കണ്ണീരോടുകൂടി പ്രാർത്ഥിച്ചു. മലബാറിൽ തിരുമേനി എത്തിപ്പെടാത്ത സ്ഥലങ്ങളില്ല.

പ്രപഞ്ചസൃഷ്ടിയിൽ പല അത്ഭുതങ്ങളും നമുക്ക് കാണാം. അതു പോലെ ഒരു അത്ഭുതമായിട്ടാണ് സാധാരണക്കാരിൽ സാധാരണക്കാര നായ ഞങ്ങളുടെ മലബാറിന്റെ തീമോത്തിയോസ് തിരുമേനിയ്ക്ക് മല ങ്കരയുടെ കാതോലിക്കാ സ്ഥാനം ലഭിച്ചത്. ഇത് മനുഷ്യർ അദ്ദേഹത്തിന് നൽകിയത് അല്ല. മലബാറിലെ തടവറജീവിതത്തിന് ദൈവം നൽകിയ പാരിതോഷികമാണ്.

ആഡംബരമില്ലാത്ത, ആർത്തിയില്ലാത്ത, സ്വന്തമായി സ്കൂളോ, കോള ജുകളോ, സ്ഥാപനങ്ങളോ, ട്രസ്റ്റു സ്വത്തുക്കളോ ഇല്ലാത്ത എന്റെ തിരു മേനിയെ ഇന്നത്തെ കാലത്ത് ആർക്കാണ് വേണ്ടത്?

തിരുമേനി ഒരിക്കലും അട്ടഹസിച്ചു ചിരിക്കാറില്ല. വളരെ സൗമ്യമായേ സംസാരിക്കാറുള്ളു. ഭക്ഷണത്തിലും, വസ്ത്രധാരണത്തിലും ലാളിത്യം ഇഷ്ടപ്പെടുന്നു. സാധാരണ കോപിക്കാറില്ല. എന്നാൽ ആരാധനയിലെ തെറ്റുകൾ, ശുശ്രൂഷയിലെ ക്രമങ്ങൾ തെറ്റിക്കുന്നത് ഒട്ടും സഹിക്കില്ല. എല്ലാവരോടും പെരുമാറുന്നത് ഒരുപോലെ. പണക്കാരോടും പാവപ്പെട്ട വനോടും. മൂന്നാംകിട രാഷ്ട്രീയക്കാരനെ കെട്ടിപ്പിടിച്ച് ആശ്ലേഷിക്കാൻ തിരുമേനി തയ്യാറല്ല. കാരണം ആ സ്വാധീനം ഉപയോഗിച്ച് സ്കൂളും, കോളജും, ഐ.റ്റി.സി. യും, നേഴ്സിംഗ് കോളജും ഒന്നും തിരുമേനിക്ക് വേണ്ട.

ഡോ. എൻ. ജെ. തോമസ് റമ്പാച്ചൻ ഒരു ലേഖനത്തിൽ പറയുന്നു: “മദ്ബഹായിൽ ത്രോണോസിന് മറഞ്ഞുനിന്ന്, തീമോത്തിയോസ് തിരു മേനി കരഞ്ഞു പ്രാർത്ഥിക്കുന്നത്” റമ്പാച്ചൻ കണ്ടിട്ടുണ്ട് എന്ന്.

മനോരമയുടെ കോഴിക്കോട് റസിഡന്റ് എഡിറ്ററായിരുന്ന മാമ്മൻ മാത്യു (കെ. എം. മാത്യുവിന്റെ മൂത്ത പുത്രൻ) കോഴിക്കോട്ടുവെച്ച് എന്നോടു പലപ്പോഴും പറയുമായിരുന്നു. “നൈനാൻ സാറേ, നമ്മുടെ സഭയിൽ ഇത്രയും താഴ്മയും വിനയവും പരിശുദ്ധതയുമുള്ള ഒരു തിരു മേനിയെ ഇന്നുവരെ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല.”

ജിജി തോംസൺ ഐ.എ.എസ്. തിരുമേനിയുടെ പൗരോഹിത്യ ജൂബി ലിക്ക് കോഴിക്കോട്ട് വന്നപ്പോൾ എന്നോടു പറഞ്ഞത് ചേർക്കുന്നു. “നൈനാൻ സാറെ, വിശുദ്ധ കുർബ്ബാന എന്നു പറഞ്ഞാൽ അത് തീമോ ത്തിയോസ് തിരുമേനിയുടെ സംഗീതമധുരമായ, ഭക്തിസാന്ദ്രമായ ദിവ്യ ബലിയാണ് നാം കാണേണ്ടത്.”

മലബാറിലെ കാട്ടിൽക്കൂടി കുരിശും തോളിൽ വഹിച്ചുകൊണ്ട് നട ത്തിയ യാത്രയ്ക്ക് ദൈവം നേരിട്ടു നൽകിയ പദവിയാണ് മലങ്കരയുടെ കാതോലിക്കാസ്ഥാനം. തിരുമേനിയുടെ ഇപ്പോഴത്തെ സ്ഥാനലബ്ധിയെ

പ്പറ്റി ഓർക്കുമ്പോൾ എനിക്കു തോന്നുന്നത്, "തള്ളിക്കളഞ്ഞ കല്ല് മൂല ക്കല്ലായി" എന്ന പഴഞ്ചൊല്ല് അന്വർത്ഥമായി എന്നാണ്. അദ്ദേഹത്തിന് ഈ പദവി ലഭിക്കുമെന്ന് ഒരു മനുഷ്യനും പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേ ഹത്തിനു സ്വന്തം ഇടവകയായ പുതിയകാവ് പള്ളിക്കാർക്ക് പോലും മനസ്സിലാക്കുവാൻ അവസരം ഉണ്ടായിട്ടില്ല. അദ്ദേഹം പത്തനാപുരത്തു നിന്നും, മലബാറിലേക്കും, മലബാറിൽനിന്നും പത്തനാപുരത്തേക്കും! അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതക്രമം. മലബാറിലെ നിരക്ഷര രായ, പാവപ്പെട്ട കുടിയേറ്റക്കാരുടെ പ്രാർത്ഥനയാണ് തിരുമേനിക്ക് അനു ഗ്രഹമായത്. 1988-ൽ ഞാൻ പെൻഷൻപറ്റി പിരിയുന്നതുവരെ തിരുമേ നിയോടൊപ്പം ഞാൻ മലബാറിൽ പല പള്ളികളിലും പോകുമായിരു ന്നു. തിരുമേനിയുടെ പരിശുദ്ധി നിറഞ്ഞ മുഖം കാണുമ്പോൾ എന്റെ കണ്ണു നിറയാറുണ്ട്. ഈയിടെ മാവേലിക്കര വെച്ച് തിരുമേനിയെ കണ്ട പ്പോൾ തമ്പിയാണ് എന്നു ഞാൻ പറഞ്ഞു. "തമ്പിയാണ് എന്ന് എന്നോട് പറയണമോ?" എന്ന് ചോദിച്ചു. തീമോത്തിയോസ് തിരുമേനിയുടെ ശാന്ത തയേക്കാളും സൗമ്യതയേക്കാളും വിശ്വാസികളുടെ ഇടയിൽ ആഴ്ന്ന് ഇറങ്ങിയിരിക്കുന്നത് തിരുമേനിയുടെ ഇമ്പകരമായ നാദം തന്നെയാണ്. തിരുമേനിയുടെ ചൊല്ലുകളുടേയും ഗാനങ്ങളുടേയും മാധുര്യം ആരാധ നാവേളയിലെ ആത്മീയചൈതന്യം വർദ്ധിപ്പിക്കുന്നുണ്ട് എന്ന് എല്ലാവരും പറയാറുണ്ട്. പ്രതിസന്ധികളെ നേരിടാൻ എന്റെ തിരുമേനിക്ക് ആരോ ഗ്യവും ശക്തിയും ദൈവം പ്രദാനം ചെയ്തിരുന്നു.

കാതോലിക്കാ ആയശേഷം തിരുമേനിയുടെ അധികാരത്തെ ചോദ്യം ചെയ്ത് ചിലർ കേസു കൊടുത്തു. അവിടെയെല്ലാം തിരുമേനി, അതിശ യകരമായി വിജയിച്ചു. എങ്ങിനെ? പരുമല കബറിങ്കൽ തിരുമേനി ഒഴു ക്കിയ കണ്ണീർ.

ദേഹാസ്വാസ്ഥ്യം എല്ലാം മാറി. തിരുമേനി ദൈവത്തിന്റെ കരുണ കൊണ്ട് ആരോഗ്യവാനായി വി. കുർബ്ബാന തുടങ്ങിയ എല്ലാ ശുശ്രൂഷ കളും നിർവ്വഹിച്ചു എന്നുള്ളത് ഒരു അതിശയം തന്നെയാണ്. ഇതൊക്കെ പ്രാർത്ഥനാ മനുഷ്യന്റെ കരുത്താണ് കാണിക്കുന്നത്.

പരിശുദ്ധനായ പരുമല തിരുമേനിയുടേയും, ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടേയും, പാമ്പാടി തിരുമേനിയുടേയും ഋഷിവര്യ പാര മ്പര്യം അവകാശപ്പെടാൻ ഇന്ന് ആരുണ്ട് നമ്മുടെ സഭയിൽ! തിരുമേനി മാത്രമുണ്ടായിരുന്നു.

ഭൂമി എന്ന ഗ്രഹത്തിന്, സ്വന്തം അച്ചുതണ്ടിൽ, ഒരു കറക്കം പൂർത്തി യാകാൻ 24 മണിക്കൂർ വേണം. എന്നാൽ ഭൂമിയേക്കാൾ 1300 മടങ്ങ് വലിപ്പമുള്ള വ്യാഴം എന്ന ഗ്രഹത്തിന്, ഒരു കറക്കം പൂർത്തിയാക്കാൻ 8

മണിക്കൂർ മതി. പ്രപഞ്ചസൃഷ്ടിയിലെ ഒരു അത്ഭുതം! ഇതുപോലെ ഒരു അത്ഭുതം ആണ്, തീമോത്തിയോസ് തിരുമേനി മലങ്കരയുടെ കാതോലിക്കാ ആയത്. ദൈവത്തിന് അസാധ്യമായതൊന്നും ഇല്ല എന്ന് നമ്മെ കാണിച്ചു തന്നു.

# എന്റെ വഴികാട്ടി

## ഫാ. മോൻസി പി. ചാക്കോ, ബാംഗ്ലൂർ

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായെ ഓർത്തെടുക്കാൻ ഒരു കടലോളം ഉണ്ടെന്നിരിക്കെ അതെങ്ങനെ ചുരുക്കും എന്ന മനോവിഷമത്തിലാണ് ഞാൻ. എന്നെ വ്യക്തിപരമായി സ്വാധീനിച്ചിട്ടുള്ള എത്ര എത്ര അനുഭവങ്ങൾ, സംഭവങ്ങൾ. തോമസ് മാർ തീമോത്തിയോസ് തിരുമേനിയായി മലബാർ-ബത്തേരി മേഖലകളിൽ മലങ്കരസഭയുടെ അമരക്കാരനായി ചുമതലയേറ്റ് സഭയുടെ വളർച്ചയിൽ വന്ദ്യ മത്തായി നൂറനാലച്ചനോടൊപ്പം പ്രവർത്തിച്ച് സഭാമക്കളെ ആത്മീയ നിറവിലേക്ക് കൈപിടിച്ച് നടത്തി. തീമോത്തിയോസ് തിരുമേനിയുടെ ശെമ്മാശ്ശനായി, സെക്രട്ടറിയായി 2004-ൽ ആണ് ഞാൻ വരുന്നത്. ദീർഘനാൾ അങ്ങനെ ശുശ്രൂഷിക്കുവാൻ ഭാഗ്യമുണ്ടായി.

എഴുതി ഫലിപ്പിക്കുവാൻ പറ്റാത്ത എത്രയെത്ര അനുഭവങ്ങൾ, ആഴമായ സ്നേഹബന്ധം, ആർദ്രമായ സമീപനം എല്ലാം മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ഒരു ശെമ്മാശ്ശൻ എന്ന നിലയിൽ "ഒരു കണിശക്കാരനും കോപിഷ്ടനുമായ" ഒരു പിതാവിനെ ശുശ്രൂഷിക്കുന്ന ഒരു പ്രയാസവും എനിക്കുണ്ടായിട്ടില്ല. അത്ര ആഴമായ ബന്ധം തന്നെയാണ് ആ പിതാവിനോട് എനിക്കും, തിരിച്ചും ഉണ്ടായിട്ടുള്ളത്. എങ്ങനെയാണ് ആ ആത്മബന്ധം വാക്കുകളിൽ പ്രതിഫലിപ്പിക്കുക.

"തന്നതില്ല പരനുള്ളു കാട്ടുവാൻ
നരനുപായമൊന്നുമീശ്വരൻ" എന്നാണല്ലോ.

വന്ദ്യ ഏലിയാസ് റമ്പാച്ചന്റെ നിർബന്ധം എന്റെമേൽ വല്ലാതെ കിടക്കുന്നു. നനഞ്ഞ കണ്ണുകളോടെ ചില ഓർമ്മകൾ മാത്രം കുറിക്കട്ടെ.

### പ്രാർത്ഥന, ചിട്ട

പ്രാർത്ഥനാജീവിതത്തിനും യാമപ്രാർത്ഥനകൾക്കും പത്തനാപുരത്തെ വലിയ തിരുമേനിയിൽ നിന്ന് (തോമ്മാ മാർ ദീവന്നാസ്യോസ്) പഠിച്ചതെല്ലാം ജീവിതാവസാനംവരെ നിലനിർത്തി എന്നു പറയുന്നതാവും ശരി! ഞാൻ സെക്രട്ടറിയായി ചേർന്ന ആദ്യനാളുകളിൽ ഒരനുഭവം ഉണ്ടായി. സെമിനാരി അനുഭവത്തിൽ നിന്ന് തിരുമേനിയുടെ ഒപ്പമുള്ള ജീവിതത്തിലേക്ക് വരുമ്പോൾ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ചാപ്പലിലെ സന്ധ്യാനമസ്കാരം കഴിഞ്ഞ് അത് എവിടെയായിരുന്നാലും കിടക്കാൻ പോകുന്നതിന് മുമ്പ് ശയനനമസ്കാരം റൂമിൽ

നടത്തും. തുടർന്ന് “പാമ്പാക്കുട നമസ്കാര പുസ്തകത്തിലെ” ആ ദിവസത്തെ രാത്രിപ്രാർത്ഥന കുമ്പിട്ട് പൂർണ്ണമായും നടത്തും. അതിനുശേഷമാണ് ഉറങ്ങാൻ കിടക്കുന്നത്. ഞാൻ ഒരു പായ വിരിച്ച് തിരുമേനിയുടെ കട്ടിലിനോട് ചേർന്ന് താഴെ കിടക്കും. അതാണ് പതിവ്. നമസ്കാര കാര്യത്തിലെ ഈ ചിട്ട കണ്ടപ്പോൾ എന്റെ അറിവില്ലായ്മയിൽ നിന്ന് ഞാൻ ചോദിച്ചു “തിരുമേനി രാവിലെ ഈ നമസ്കാരങ്ങൾ ‘ശ്ഹീമാ നമസ്കാര’ത്തിൽ ചൊല്ലുന്നുണ്ടല്ലോ. അതുകൊണ്ട് കിടക്കുന്നതിനു മുമ്പ് എന്തിനാണ് ഇതു ചൊല്ലുന്നത്?” തിരുമേനിയുടെ മറുപടി എന്നെ പരിഭ്രമിപ്പിച്ചു. “ശെമ്മാശ്ശാ ഈ രാത്രി പുലരുന്നതിനുമുമ്പ് ഞാൻ മരിച്ചുപോയാൽ ദൈവംതമ്പുരാൻ എന്നോട് എടോ താൻ രാത്രിനമസ്കാരം തികയ്ക്കാതെയാണോ ഇങ്ങോട്ട് വന്നത് എന്ന് ചോദിക്കാനിടയാകരുത്.” പിന്നീട് ഞാനും ആ ജീവിതചര്യ പഠിക്കുകയായിരുന്നു. മറ്റൊരു സംഭവം. ഒരു തൃശ്ശിനാപ്പള്ളി യാത്രയ്ക്കിടെ ഉണ്ടായി. പത്തനാപുരത്തെ സ്ഥാപനങ്ങൾ തൃശ്ശിനാപ്പള്ളിയിലും ഉണ്ട്. തിരുമേനി ഇടയ്ക്കിടെ അവിടെ സന്ദർശിക്കുമായിരുന്നു. അവിടെ നിന്ന് തിരിച്ചുപോരുന്ന ഒരു യാത്രയിൽ എറണാകുളം വരെയുള്ള ട്രെയിനിലാണ് വരുന്നത്. തുടർന്ന് കോട്ടയത്തേക്ക് മറ്റൊരു വണ്ടിയിൽ വരണം. വെളുപ്പിന് 6 മണിയോടെ തൃച്ചി ട്രെയിൻ എറണാകുളത്ത് എത്തി. ഒരു മഴയുള്ള നനഞ്ഞ പ്രഭാതമാണ്. ട്രെയിൻ ഇറങ്ങിയ സമയത്ത് തന്നെ ഒരു ഒഴിഞ്ഞ കോണിൽ നിന്ന് എന്നോടു പറഞ്ഞു, “ശെമ്മാശ്ശാ രാത്രി, പ്രഭാത നമസ്കാരം നടത്തിയില്ല. നമുക്ക് നമസ്കരിക്കാം.” ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. തിരിച്ച് ഒരക്ഷരം പോലും പറയാൻ പറ്റില്ല. ആ പ്ലാറ്റ്ഫോമിൽ നിന്ന് കറുത്ത കുപ്പായമിട്ട് തിരുമേനിയും ഞാനും ‘പാമ്പാക്കുട നമസ്കാരം’ തികച്ചു.

തിരുമേനിയുടെ ധാരാളം ബന്ധുക്കൾ അമേരിക്കയിൽ ഉണ്ട്. അവരെല്ലാം തിരുമേനിയെ അങ്ങോട്ട് ക്ഷണിക്കും. ഒരിക്കൽ തിരുമേനിക്ക് അമേരിക്കയിൽ പോകാൻ വലിയ താൽപര്യം തോന്നി. എന്നാൽ ശെമ്മാശ്ശന് വീസ ഇല്ല. അതെല്ലാം ക്രമീകരിക്കാൻ തിരുമേനി തന്നെ മുൻകൈ എടുത്തു. എന്നാൽ ആ പ്രാവശ്യം എന്റെ വീസ റിജെക്ട് ചെയ്തു. തിരുമേനിക്ക് അത് വിഷമമായി. എന്നോട് പറഞ്ഞു: “ശെമ്മാശ്ശാ വീണ്ടും അപേക്ഷിക്കണം.” “തിരുമേനീ, ഇനി 6 മാസം കഴിഞ്ഞാലേ അപേക്ഷിക്കാൻ പറ്റൂ” എന്ന് ഞാൻ പറഞ്ഞു. ഇതിനിടയിൽ സഭാതലത്തിൽ വലിയ മാറ്റം ഉണ്ടായി. പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനം ഒഴിഞ്ഞു. പകരം തിമോത്തിയോസ് തിരുമേനി - ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന നാമത്തിൽ കാതോലിക്കാ ആയി ഉയർത്തപ്പെട്ടു.

എന്റെ വിസയെക്കുറിച്ച് വീണ്ടും അപേക്ഷിക്കുവാൻ തീരുമാനിച്ചു. തിരുമേനി ഒരു ശനിയാഴ്ച ദേവലോകത്ത് താമസിക്കുമ്പോൾ സൂത്താറാ കഴിഞ്ഞ് എന്നോട് പറഞ്ഞു: എന്റെ പേര് 101 പ്രാവശ്യം ഒരു വെള്ള പേപ്പറിൽ എഴുതാൻ. ഞാൻ പറഞ്ഞപ്രകാരം ചെയ്തു. പിറ്റേദിവസം ദേവലോകം ചാപ്പലിലെ വി. കുർബാനയിൽ തൂയോബോയുടെ സമയത്ത് ഞാൻ തലേദിവസം എഴുതിക്കൊടുത്ത ആ പേപ്പർ കാസായുടെ അടിയിൽ വച്ചു വി. കുർബാന പൂർത്തിയാക്കി. അതെന്റെ പേരടങ്ങിയ കടലാസ് ആയിരുന്നു. വി. കുർബാന കഴിഞ്ഞ് എന്നോട് പറഞ്ഞു: 'ഇനി ശെമ്മാശ്ശൻ വിസായ്ക്ക് അപേക്ഷിച്ചോളൂ' എന്ന്. പറഞ്ഞപ്രകാരം ഞാൻ ചെയ്തു. അത്ഭുതമെന്നു പറയട്ടെ എന്റെ അപേക്ഷ അമേരിക്കൻ കോൺസുലേറ്റ് സ്വീകരിക്കുകയും പത്ത് വർഷത്തേക്കുള്ള വിസ കിട്ടുകയും ചെയ്തു. തുടർന്നാണ് പ. ബാവാ അവസാനം അമേരിക്ക സന്ദർശിച്ചത്.

ഭരണതലത്തിലും, മാനുഷികതലത്തിലും പ്രവർത്തനങ്ങളിലും മറക്കാൻ പറ്റാത്ത അനുഭവങ്ങൾ എണ്ണിയാൽ തീരാത്ത അത്ര പറയാനുണ്ട്. എനിക്കുള്ള ആത്മബന്ധം വാക്കുകൾക്കതീതമാണ്. എനിക്കുണ്ടായ നന്മകളും അനുഗ്രഹങ്ങളും എല്ലാംതന്നെ ആ പിതാവിന്റെ നന്മയാണ്. എല്ലാം മനസ്സിൽ സൂക്ഷിക്കുന്നു. ദീപ്തമായ ആ ഓർമ്മകൾക്ക് മുമ്പിൽ നമ്രശിരസ്സോടെ.

# മാവേലിക്കര ഭദ്രാസനത്തിന്റെ ഉപജ്ഞാതാവ്


## പോൾ മത്തായി

### (മലങ്കര അസ്സോസിയേഷൻ മുൻ സെക്രട്ടറി)


പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ രണ്ടാം ശ്രാദ്ധപ്പെരുന്നാൾ 2016 മെയ് 26-ന് ആചരിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ച് ഒളിമങ്ങാത്ത ഓർമ്മകൾ എന്നിൽ അനുഗ്രഹം ചൊരിഞ്ഞു തലോടുന്നു. വളരെ ബഹുമാനിച്ചാരാധിക്കുന്ന എന്റെ തിരുമേനിയുടെ ജീവചരിത്ര മഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കുവാനുള്ള പരിശ്രമത്തെ അകമഴിഞ്ഞനുമോദിക്കുന്നു. ബഹുമാനപ്പെട്ട ഏലിയാസ് കോശി റമ്പാച്ചന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രയത്നം ഉചിതവും ഉത്തമവുമാണ്; കടപ്പാടും ധർമ്മവുമാണ്.

ചരിത്രം തുടിക്കുന്ന മാവേലിക്കരയുടെ മണ്ണിൽ ഒരു ഇടത്തരം കുടുംബത്തിൽ പിറന്ന തോമസ് എന്ന ബാലനിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ നിലകൊള്ളുന്നു എന്ന നിഗൂഢസത്യം അത്ഭുതകരമായി പിന്നീട് വെളിപ്പെടുകയായിരുന്നു. മാവേലിക്കര പുതിയകാവ് ഓർത്തഡോക്സ് ദേവാലയം അതിനനുകൂലമായ സാഹചര്യമൊരുക്കി. സാഹിത്യം, സംസ്ക്കാരം, ആരാധന, പ്രേഷിതപ്രവൃത്തി എന്നിവയിൽ ക്രൈസ്തവസഭയ്ക്ക് ദിശാബോധം നൽകുവാൻ അന്നത്തെ വികാരിമാരായിരുന്ന വടക്കേത്തലയ്ക്കൽ കുടുംബാംഗങ്ങളായ പുത്തൻപുരയിൽ തോമസ് കത്തനാർ, പറമ്പിൽ സ്കറിയാ കത്തനാർ, തെരുവിലെ വീട്ടിൽ സ്കറിയാ കത്തനാർ, വിളനിലത്ത് മത്തായി കത്തനാർ എന്നിവർക്കു കഴിഞ്ഞു. അക്കാലത്തുണ്ടായിരുന്ന ഇടവകയിലെ പ്രഗത്ഭരായ സി. ഐ. നൈനാൻ, സി. എം. സ്റ്റീഫൻ, പി. സി. അലക്സാണ്ടർ, മെൽഫാനോ റാബോ പദവി ലഭിച്ച ആലിന്റെതെക്കേതിൽ എ. കെ. വർഗ്ഗീസ് എന്നിവരുടെ സഹവാസം സി. റ്റി. തോമസിലെ സമുദായസ്നേഹത്തെ പരിപോഷിപ്പിച്ചു. ഇടവകയിലെ യുവതീയുവാക്കളുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി സണ്ടേസ്കൂളിൽ പാട്ടും, പ്രാർത്ഥനയും ഉചിതമായ രീതിയിൽ പഠിപ്പിച്ച് ഞങ്ങളെപ്പോലെയുള്ളവരെ സഭാസ്നേഹികളാക്കി.

ആത്മീയനിഷ്ഠയിൽ വ്യാപൃതനായ സി. റ്റി. തോമസ് എന്ന ബാലനെ ഇടവക സന്ദർശനവേളയിൽ കല്ലുംപുറത്ത് തോമാ മാർ ദിവന്നാസ്യോസ് തിരുമേനി ശ്രദ്ധിച്ചിരുന്നു. കാട്ടുപത്തനാപുരത്തേക്ക് കൂട്ടിക്കൊണ്ടുപോയി

ആശ്രമത്തിലെ അംഗമാക്കി പഠിപ്പിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടുന്നതിന് സഹായിച്ചു.

ജീവിതവിശുദ്ധി, വ്രതാനുഷ്ഠാനം, പ്രാർത്ഥനാജീവിതം, ആദർശനിഷ്ഠ, ജീവകാരുണ്യപ്രവർത്തനങ്ങൾ, സഭയോടുള്ള പ്രതിബദ്ധത എന്നിവകൊണ്ട് സഭാമണ്ഡലമാകെ പ്രകാശിച്ചു പൊൻപ്രഭ പരത്തുവാൻ അദ്ദേഹത്തിന്റെ കർമ്മജീവിതത്തിനു കഴിഞ്ഞു. അധികമാരും ശ്രദ്ധിക്കപ്പെടാതിരുന്നിട്ടും ദൈവാനുഗ്രഹംകൊണ്ട് പിന്നീടദ്ദേഹം ഉജ്ജ്വലതാരമായി ശോഭിച്ചു. പ്രാർത്ഥനാജീവിതംകൊണ്ടാണ് ഇത് നേടിയെടുത്തത്. കാനോനിക നമസ്ക്കാരങ്ങളും അണുവിട വ്യതിചലിക്കാതെയുള്ള പ്രാർത്ഥനകളും ആത്മാവിന്റെ അനുഭൂതിയെന്നോണം അദ്ദേഹം നിർവ്വഹിച്ചു. യാത്രാവേളയിലും, ഉത്തരവാദിത്വപ്പെട്ട ജോലിത്തിരക്കുകളിലും പ്രാർത്ഥനയ്ക്ക് മുടക്കം വരുത്തുകയോ, മാറ്റിവെയ്ക്കുകയോ ചെയ്തിരുന്നില്ല.

വിശുദ്ധ നോമ്പാചരണം, ഉപവാസം, ധ്യാനം, വിശുദ്ധ ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയിലുള്ള പ്രാർത്ഥനകൾ എല്ലാം അദ്ദേഹത്തിന് ശക്തിയും, കൃപയും പകർന്നു നൽകി. ദിവ്യാനുഭവത്തിൽ തിരുമേനി അനുഷ്ഠിച്ചിരുന്ന വിശുദ്ധ കൂദാശാനുഷ്ഠാനങ്ങൾ സ്വർഗ്ഗീയ ആരാധനയുടെ അനുഭവങ്ങൾ പ്രദാനം ചെയ്തു.

ലക്ഷ്യബോധം, കഠിനാദ്ധ്വാനം, വിജ്ഞാനദാഹം, നിശ്ചയദാർഢ്യം എന്നീ ഗുണങ്ങൾ സന്യാസജീവിതത്തിൽ മുന്നേറുവാൻ അദ്ദേഹത്തിനു ശക്തി നൽകി. താബോർ ദയറായുടെ ആദ്യകാലങ്ങൾ ഇല്ലായ്മകളും പ്രയാസങ്ങളും പ്രതിബന്ധങ്ങളും നിറഞ്ഞതായിരുന്നു. സന്യാസജീവിതത്തിലേക്ക് കടന്നുവന്ന ബാലനായ സി. റ്റി. തോമസ്സിന് അതൊന്നും പ്രതിബന്ധങ്ങളായിരുന്നില്ല. അതിനെയൊക്കെ അതിജീവിക്കാനുള്ള ഉയർന്ന മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ബ്രദർ സി. റ്റി. തോമസ്സ് ആത്മപ്രകാശത്തിന്റെ ഔന്നത്യത്തിലേക്കും, പൗരോഹിത്യത്തിന്റെ ഉന്നതപദവികളിലേക്കും പ്രവേശിച്ചു. സന്യാസത്തിന്റെ പൂർണ്ണത താബോറിൽ തന്റെ ആത്മീയ ഗുരുവായ തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ശിക്ഷണത്തിലൂടെ ആർജ്ജിച്ചു. സി. റ്റി. തോമസ് റമ്പാനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വിശുദ്ധസഭ കണ്ടെത്തി. ശ്രേഷ്ഠ സന്യാസിമാർ വിശുദ്ധ സഭയിൽ പൗരോഹിത്യത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ വരുന്നതും, ഉന്നതസ്ഥാനികൾ സത്യസന്ന്യാസികളായി ജീവിക്കുന്നതും ദൈവത്തിന്റെ കൃപയും സഭയുടെ ഭാഗ്യവുമത്രേ.

തന്നെ ഏൽപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ ജനത്തേയും ദൈവിക ചുമതലകളേയും ഭക്തിപൂർവ്വം വീക്ഷിക്കുകയും കൈകാര്യകർത്തൃത്വം നട

ത്തുകയും ചെയ്യുന്നതിന് തിരുമേനി പ്രവർത്തനത്തിലും, ജീവിതശൈലി യിലും ആരാധനയുടെ അനുഭവം കണ്ടെത്തി.

ശാന്തവും സൗമ്യവുമായ പെരുമാറ്റം തിരുമേനിയുടെ സവിശേഷത യായിരുന്നു. മികച്ച വാഗ്മിയും ധ്യാനപ്രസംഗകനുമായിരുന്നു. സത്യ സന്ധത, ലളിതജീവിതം, കാര്യങ്ങളെ ശരിയായി മനസ്സിലാക്കുവാനും, അപഗ്രഥിച്ച് പഠിക്കുവാനും പക്വതയോടെ തീരുമാനമെടുക്കുവാനുമുള്ള സിദ്ധി എന്നിവ അദ്ദേഹത്തിനുണ്ടായിരുന്നു. കുശാഗ്രബുദ്ധി, ദീർഘക്ഷമ എന്നിവ ഇതര ഗുണവിശേഷങ്ങളായിരുന്നു. സുകൃതങ്ങളുടെ ഉടമയാ യിരുന്നു. ആദ്ധ്യാത്മിക ജീവിതാടിസ്ഥാനം എളിമയാണെന്ന് മനസ്സിലാ ക്കിയാണ് ആദ്യമദ്ധ്യാന്തം അദ്ദേഹം ജീവിതത്തെ ചിട്ടപ്പെടുത്തിയത്.

പരിശുദ്ധ ദിദിമോസ് ബാവായുടെ ഗുരുവായിരുന്ന തോമ്മാ മാർ ദീവ ന്നാസ്യോസ് മെത്രാപ്പോലീത്താ 1925-ൽ ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ കാട്ടുപത്തനാപുരത്തെത്തി ഒരു ആശ്രമം സ്ഥാപിച്ചിരുന്നു. അന്നു മുതൽ സഭയ്ക്കുവേണ്ടി സമർപ്പിച്ചുകൊണ്ട് സഭയുടെ കെട്ടുറപ്പിനായി അനേകം സ്ഥാപനങ്ങൾ പണിതുയർത്തി. അതെല്ലാം അത്ഭുതകരമായ വളർച്ച കൈവരിച്ചു. സ്ഥാപനങ്ങളുടെ നടത്തിപ്പിൽ, ഭരണ ചുമതലയിൽ, തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പിന്നിൽ നിന്നു പ്രവർ ത്തിച്ച് എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ പിൻഗാമിയാകുകയായി രുന്നു. അക്കാലത്താണ് പത്തനാപുരത്ത് അതിസുന്ദരമായ ഒരു ദേവാ ലയം പൂർത്തീകരിക്കപ്പെട്ടത്. ഞാൻ ഉൾപ്പെട്ട ഒരു സംഘം കോഴിക്കോട്ട് പോയി അവിടെയുള്ള ഒരു ദേവാലയത്തിന്റെ മാതൃക കൊണ്ടുവന്നാണ് പണികഴിപ്പിച്ചതെന്ന വസ്തുത ഇപ്പോൾ ഓർക്കുകയാണ്.

തീമോത്തിയോസ് തിരുമേനിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ തുട ക്കവും തുടർച്ചയും ഓർക്കുമ്പോൾ ദൈവകൃപ അദ്ദേഹത്തോടൊപ്പം എന്നുമുണ്ടായിരുന്നുവെന്ന് കാണാൻ കഴിയും. 1947 മേയ് 22-ന് തിരു വല്ല ബഥനി അരമനയിൽ വെച്ച് പൂർണ്ണ ശെമ്മാശുപട്ടവും 1950 ജനു വരി 26-ന് പത്തനാപുരം താബോർ ദയറായിൽ വെച്ച് കശ്ശീശ്ശാപട്ടവും ലഭിച്ചു. 1965 ഡിസംബർ 28-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസ്സോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1966 ഓഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വെച്ച് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാനായി പ. ഔഗേൻ കാതോലിക്കാ ബാവാ വാഴിച്ചു. 1968 ഫെബ്രുവരി 2-ന് മലബാർ ഭദ്രാസനാധിപനായി. കോഴിക്കോട് ചാത്ത മംഗലം മൗണ്ട് ഹെർമ്മോൻ അരമനയിൽ താമസിച്ചുകൊണ്ട് മലബാർ ഭദ്രാസനത്തിന്റെ ഭരണം സ്തുത്യർഹമായി നടത്തി. അഭിവന്ദ്യ തിരു മേനിയുടെ ഭദ്രാസനഭരണ രജതജൂബിലിയും, മെത്രാഭിഷേക രജത

ജൂബിലിയും സപ്തതിയും ഒന്നിച്ച് നടന്നത് യാദൃശ്ചികമെങ്കിലും ദൈവ കൽപ്പിതമായിരുന്നു. ആ സമ്മേളനത്തിൽ സംബന്ധിച്ച് പ്രസംഗിച്ച എന്നെ വളരെ വാത്സല്യത്തോടുകൂടി അനുഗ്രഹിച്ചത് ഞാൻ കൃതജ്ഞ താപൂർവ്വം ഓർക്കുകയാണ്.

പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, കോളജ് പ്രൊഫസർ, എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോഴും വിന യാന്വിതനായി അദ്ദേഹം തന്റെ ഗുരുവിനെ പിന്തുടരുകയും, ശുശ്രൂഷി ക്കുകയും ചെയ്തു. അതൊരു തീർത്ഥാടനത്തിന്റെ സായൂജ്യതയായി ട്ടാണ് അദ്ദേഹത്തിനനുഭവപ്പെട്ടത്. അവസരങ്ങളും ഉന്നത സ്ഥാനങ്ങളും അദ്ദേഹത്തെ തേടിയെത്തുകയായിരുന്നു.

ക്രൂഷ്ചേവ്, ഗോർബച്ചേവ്, എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയിലി സെലാസി എന്നീ ആഗോള നേതാക്കളുമായി നിരന്തരബന്ധം സ്ഥാപിച്ചിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, തോമസ് മാർ മക്കാറിയോസ് എന്നീ പ്രസിദ്ധരായ അഭിവന്ദ്യ തിരുമേനിമാർ ഉണ്ടായിരുന്നിട്ടും അന്നത്തെ എല്ലാ പ്രധാന അത്മായ നേതാക്കന്മാരുടേയും ഒളിഞ്ഞും തെളിഞ്ഞും ഉള്ള പ്രോത്സാ ഹനങ്ങൾ ഇവർക്ക് ഉണ്ടായിരുന്നിട്ടും അതിനെയെല്ലാം മറികടന്നുകൊണ്ട് തിമോത്തിയോസ് തിരുമേനി നിയുക്ത കാതോലിക്കാ സ്ഥാനാർത്ഥി യായി. സഭയുടെ ഉപദേശകസമിതി, സ്കൂട്ടിനി കമ്മറ്റി, എന്നീ സമിതി കളിൽ തോമസ് മാർ തിമോത്തിയോസ് തിരുമേനി അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിലും തെരഞ്ഞെടുക്കപ്പെട്ടു. ദൈവത്തിൽ നിന്നുള്ള മഹാ ത്ഭുതമായിരുന്നു അത്. ഈ പ്രക്രിയയിൽ തിരുമേനിയുടെ പേര് അവ തരിപ്പിക്കുവാൻ മാവേലിക്കരക്കാരനായ എന്നെ ദൈവം നിയോഗിക്കുക യായിരുന്നു.

2005 ഒക്ടോബർ 31-ന് പരുമലയിൽ വെച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ സ്ഥാപനം നടന്നതിനുശേഷമുള്ള ഏഴാമത്തെ കാതോലിക്കായായും, മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാകുന്ന 90-ാമത് കാതോലിക്കായായും അഭിവന്ദ്യ തിമോത്തി യോസ് മെത്രാപ്പോലീത്താ, ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന പേരിൽ അഭിഷിക്തനായി.

'എനിക്ക് യാതൊരു യോഗ്യതയുമില്ല. ഞാനിതിന് തീർത്തും അയോ ഗ്യനാണ്. സമിതികളുടെ തീരുമാനത്തിൽ ഞാൻ ദൈവ തിരുമനസ്സ് കാണുന്നു. തന്നിലുള്ള നന്മകളും കഴിവുകളും എല്ലാ നല്ല ദാനങ്ങളു ടേയും ദാതാവായ ദൈവത്തിൽ നിന്നാണെന്നും, തനിക്ക് സ്വന്തമായ ഒന്നുമില്ലെന്നും താൻ സ്വയം ശൂന്യനാണെന്നും' പ്രതികരണത്തിൽ

അദ്ദേഹം പറയുകയുണ്ടായി. എല്ലാ ദാനത്തിനും, സ്രഷ്ടാവായ ദൈവത്തിന് നന്ദി പറഞ്ഞ് അദ്ദേഹം സ്വയം ഇല്ലായ്മയാണെന്ന് പറഞ്ഞ് എളിമ പ്രകടിപ്പിക്കുകയായിരുന്നു.

ജനിച്ചു വളർന്ന മാവേലിക്കരയിൽ പുതിയകാവ് പള്ളി ഉൾപ്പെടുത്തി ഒരു ഭദ്രാസനം ഉണ്ടാക്കണമെന്ന് പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ആഗ്രഹിച്ചിരുന്നു. യാഥാർത്ഥ്യമാകുന്ന ഒരു സ്വപ്നമായി അതിനെ ദർശിച്ചു.

1989 ഒക്ടോബർ 10-ന് കൂടിയ സഭാ മാനേജിംഗ് കമ്മിറ്റിയിൽ വടക്കേത്തലയ്ക്കൽ പറമ്പിൽ ജോർജ്ജ് സഖറിയ കോർഎപ്പിസ്കോപ്പാ സമർപ്പിച്ച പ്രമേയം മാനേജിംഗ് കമ്മറ്റി അംഗീകരിച്ചു. (Vide Page 9 of the concerned Sabha Minutes). ഭദ്രാസന ഇടവക പുനർവിഭജന കമ്മിറ്റി പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ 259/92 (2-1-92) കൽപ്പനപ്രകാരം തോമസ് മാർ തീമോത്തിയോസ് തിരുമേനി പ്രസിഡന്റായി പ്രവർത്തിച്ചു. അതിന്റെ പരിണിതഫലമാണ് മാവേലിക്കര ഭദ്രാസനം.

40 പള്ളികളും 12 ചാപ്പലുകളും ഉൾപ്പെടുന്നതാണ് മാവേലിക്കര ഭദ്രാസനം. 52 വൈദികരും, 3 ശെമ്മാശ്ശന്മാരും, 7 വൈദിക വിദ്യാർത്ഥികളും, പതിനായിരത്തിൽപരം ഭവനങ്ങളും ഭദ്രാസനത്തിൽ ഉണ്ടായിരുന്നു.

ഭദ്രാസനത്തിന് സ്വന്തമായി ഒരു ആസ്ഥാനമുണ്ടാക്കാൻ 35 ലക്ഷം രൂപയ്ക്ക് ഒന്നര ഏക്കർ സ്ഥലം വാങ്ങി. അവിടെ 13000 ചതുരശ്ര അടി പ്ലിന്ത് ഏരിയാ ഉള്ള ഒരു ആധുനിക അരമന കെട്ടിടം ഉണ്ടാക്കാൻ ഉള്ള എല്ലാ ഒത്താശകളും ചെയ്തു. അതിൽ തിരുമേനിമാർക്ക് ഉള്ള വാസസ്ഥലം, ആരാധനയ്ക്കുള്ള ചാപ്പൽ, മെത്രാസന ഓഫീസ്, ആദ്ധ്യാത്മിക സംഘടനകൾക്ക് ഉള്ള ഓഫീസ്, കോൺഫ്രൻസ് ഹാൾ, മെസ് ഹാൾ, എന്നിവ ഉൾപ്പെട്ട 2 കോടി രൂപ ചിലവു വരുന്ന അരമനയുടെ ശിലാസ്ഥാപനവും 2005-ൽ തന്നെ ദിദിമോസ് തിരുമേനി നിർവ്വഹിച്ചു. മാവേലിക്കരയ്ക്ക് നൽകിയ വിലതീരാത്ത കൈനീട്ടമായി അത് മാറി. അതിലൂടെ അദ്ദേഹം മാവേലിക്കര ഭദ്രാസനത്തിന്റെ ഉപജ്ഞാതാവായി ചിരപ്രതിഷ്ഠ നേടി. ഇതിന്റെ തുടർച്ചയായി പ്രഥമ മെത്രാപ്പോലീത്തായായി പൗലോസ് മാർ പക്കോമിയോസ് ചുമതലയേറ്റു. ഇതോടൊപ്പം ഫാദർ മത്തായി വിളനിലം പ്രഥമ ഭദ്രാസന സെക്രട്ടറിയായി.

പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രാർത്ഥനയും അനുഗ്രഹങ്ങളും മാവേലിക്കര നിവാസികൾക്കും പ്രത്യേകിച്ചും മലങ്കര ഓർത്തഡോക്സ് വിശ്വാസികൾക്കും എന്നും കോട്ടയായിരിക്കട്ടെ.

# ഒളിമങ്ങാത്ത ഓർമ്മകളുമായി

## ഡോ. അലക്സാണ്ടർ കാരയ്ക്കൽ
## (മലങ്കര അസ്സോസിയേഷൻ മുൻ സെക്രട്ടറി)

പ. ദിദിമോസ് ബാവാ നീണ്ട വർഷങ്ങൾ സമൂഹത്തോട് സംസാരിച്ചു. ഒരുപാട് അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവച്ചു. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനവും അന്തസത്തയും ബന്ധങ്ങളിലാണല്ലോ നിലനിൽക്കുന്നത്. ബന്ധങ്ങളിൽ ഏറ്റം സുന്ദരമായത് സ്നേഹമാണെന്ന് നിസംശയം പറയാം. വ്യക്തിത്വ വളർച്ചയുടെ പ്രധാന നിദാനവും ആധാരവും സ്നേഹബന്ധത്തിനുള്ള നമ്മുടെ കഴിവിനെ ആശ്രയിച്ചിരിക്കുമെന്നുള്ളതിൽ സംശയമില്ല. പ. ദിദിമോസ് പ്രഥമൻ ബാവാ തിരുമനസ്സിന്റെ നിസ്സീമമായ സംരംഭങ്ങൾക്കും സംഭാവനകൾക്കും പിന്നിലുള്ളത് സ്നേഹബന്ധങ്ങൾ ഊട്ടിയുറപ്പിക്കുവാനുള്ള തിരുമനസ്സിന്റെ അനന്യമായ കഴിവാണ്. ആത്മബന്ധങ്ങൾ സൃഷ്ടിക്കുവാൻ കഴിയുക ഒരു അനുഗ്രഹമാണ്. അതഴിയാതെ കാത്തുസൂക്ഷിക്കുക അതിലേറെ അനുഗ്രഹദായകമാണ്.

പരിശുദ്ധ തിരുമേനിയെ ഞാൻ ആദ്യമായി കണ്ടുമുട്ടുന്നത് 1960-ൽ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയോടൊപ്പം തിരുവല്ല ബഥനി അരമനയിൽ വച്ചാണ്. 1966-ൽ മെത്രാപ്പോലീത്തായായി ഉയർത്തപ്പെടുന്നതുവരെ നിരണം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇമ്പകരമായ, സംഗീതസാന്ദ്രമായ ആരാധന ആരെയും ആകർഷിച്ചിരുന്നു. കണ്ടുമുട്ടിയ നാൾ മുതൽ കാലം ചെയ്യുന്നതുവരെ നിലനിന്ന അഭംഗുരമായ സ്നേഹബന്ധങ്ങൾ പരിശുദ്ധ തിരുമനസ്സിന്റെ ബുദ്ധികൂർമ്മതയും അഗാധമായ അർപ്പണബോധവും ചിരന്തനവും അക്ഷീണവുമായ അദ്ധ്വാനശീലവും സമഞ്ജസ്യവും സമാകർഷകവുമായി സമന്വയിപ്പിക്കുന്ന അടിയുറച്ച ആദ്ധ്യാത്മികതയുമെല്ലാം ഞങ്ങൾക്കെല്ലാം വലിയ പ്രചോദനമായിരുന്നു. അനേകം സർഗ്ഗശക്തികളുടെ ഉറവിടവും ഉടമയുമായിരുന്നു തിരുമേനി.

ആത്മവിശ്വാസത്തിന്റെ അഗ്നിചിറകുകളിൽ യുവജനങ്ങൾ പറന്നുയരേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഈ മാതൃകാദ്ധ്യാപകൻ പലപ്പോഴും വാചാലനാകാറുണ്ട്. മലബാറിലെ വിശിഷ്യ കണ്ണൂരിലെ എന്റെ അഞ്ച് വർഷത്തെ ജീവിതത്തിൽ തിരുമേനിയുമായുള്ള ബന്ധം ഒരമൂല്യനിധിയായി പരിണമിച്ചു. ശ്രീ. മൂർക്കോത്ത് രാമുണ്ണിയുടെ നേതൃത്വത്തിൽ കണ്ണൂർ പൗരാവലിയുടെ സ്വീകരണം തിരുമേനി ഏറ്റുവാങ്ങുന്നതിനും എന്റെ ഔദ്യോഗിക വസതിയിൽ രണ്ട് ദിവസം വിശ്രമിക്കുന്നതിനും പരിശുദ്ധ തിരുമേനിക്ക് കഴിഞ്ഞുവെന്നുള്ളത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

കാലചക്രത്തിന്റെ ഭ്രമണത്തിൽ ഒട്ടേറെ കാര്യങ്ങൾ വിസ്മൃതിയിൽ ആണ്ടുപോയെങ്കിലും ഓർമ്മയുടെ താളുകൾ മറിക്കുമ്പോൾ നീലാകാശത്തിൽ തെളിഞ്ഞുവരുന്ന ഒരു സുവർണ്ണ നക്ഷത്രമാണ് പരിശുദ്ധ തിരുമേനി. വായന ഒരു മനുഷ്യനെ മാനത്തോളം ഉയർത്തുന്നു. പാതാളത്തോളം വിനീതനാക്കുന്നു. തിരുമേനിയുടെ സംസാരവും ശരീരഭാഷയും എന്റെ വിശ്വാസം ശരിവയ്ക്കുന്നു. മലബാർ ഭാഗത്തുള്ളവർ പറയുന്ന ഒരു വാചകമുണ്ട്. പരലോകത്തെ സ്വർഗ്ഗകവാടത്തിലേയ്ക്കുള്ള ഏണിയുറപ്പിച്ചത് ഭൂമിയിലാണത്രേ. എങ്കിൽ തിരുമേനി ഉഴുതുമറിച്ച വിളഭൂമിയിൽ കരുത്തുള്ള വിത്തിറക്കാൻ പുതിയ തലമുറ മുന്നോട്ട് വരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഒരു കാലഘട്ടത്തിന്റെ അവസാനവും മറ്റൊന്നിന്റെ ആരംഭവും മലങ്കര മക്കൾ ദർശിച്ചു. രണ്ടുദിവസം നീണ്ടുനിന്ന സഭാമാനേജിംഗ് കമ്മിറ്റി യോഗവും പരുമല പെരുനാൾ തീർത്ഥാടന വാരാഘോഷവും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണവും എല്ലാം ചരിത്രത്തിന്റെ ഭാഗമായി തീർന്ന ധന്യനിമിഷങ്ങളാണ്. ഇക്കാലത്ത് സഭയുടെ സെക്രട്ടറിയായി പ്രവർത്തിക്കുവാനുള്ള ദൈവനിയോഗം എനിക്കുണ്ടായി.

മലങ്കര ഓർത്തഡോക്സ് സഭയെ ദൈവംതമ്പുരാൻ കൈവിട്ടിട്ടില്ലെന്നുള്ളതിന് പ്രത്യക്ഷ ഉദാഹരണങ്ങൾ നാം രുചിച്ചറിഞ്ഞു. സ്ഥാനത്യാഗം ചെയ്ത പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നേരിട്ട് പരുമലയിലെത്തി തന്റെ പിൻഗാമി പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായെ സ്ഥാനചിഹ്നങ്ങൾ അണിയിച്ച് ആശ്ലേഷിച്ച രംഗം മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ മാത്രമല്ല, ലോകചരിത്രത്തിലെ തന്നെ സുപ്രധാനമായ ഒരു നാഴികക്കല്ലായിത്തീർന്നിരിക്കുന്നു. ചരിത്രം ചരിത്രത്തെ ആശ്ലേഷിക്കുന്ന, അത്യപൂർവ്വ സംഭവമെന്ന് ആർണോൾഡ് ടോയിൻബി ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ വിശേഷിപ്പിക്കുമായിരുന്നു.

ജീവിതത്തിൽ എളിമയെന്തെന്ന് ലോകത്തിന് കാണിച്ചുകൊടുത്ത കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ 21–ാം നൂറ്റാണ്ടിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സർവ്വശക്തൻ നൽകിയ വരദാനമായിരുന്നു. ആഡംബരത്തിന്റെ അകമ്പടിയില്ലാതെ, ഏതു കാര്യവും ചെയ്യുവാനും ചെയ്യിക്കുവാനുമുള്ള പിതാവിന്റെ കഴിവ് വളരുന്ന തലമുറയ്ക്ക് മാതൃകയാകേണ്ടതാണ്.

മൗണ്ട് താബോർ സന്യാസസമൂഹത്തിന്റെ സ്ഥാപകനും നിരണം

ഭദ്രാസന മെത്രാപ്പോലീത്തായുമായിരുന്ന അഭിവന്ദ്യ തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് പരിശുദ്ധ തിരുമേനിയോട് അതിരറ്റ വാത്സല്യമുണ്ടായിരുന്നു. ഏലിയാവിന്റെ കുപ്പായം ഏലീശായ്ക്ക് ലഭിച്ചതുപോലെ താബോർ സമൂഹത്തിന്റെ നേതൃത്വം ദിവന്നാസ്യോസ് തിരുമേനി തിമോത്തിയോസ് തിരുമേനിയെ ഏൽപ്പിക്കുകയാണ് ചെയ്തത്. എല്ലാ യോഗ്യതകളുണ്ടായിട്ടും തനിക്ക് ലഭിക്കാതെ പോയ മലങ്കരസഭയുടെ പരമാദ്ധ്യക്ഷസ്ഥാനം തന്റെ വത്സലശിഷ്യന് ലഭിച്ചതിന് മറ്റാരേക്കാളും കൂടുതൽ സന്തോഷിക്കുന്നത് യുഗപ്രഭാവനായിരുന്ന അഭിവന്ദ്യ തോമ്മാ മാർ ദിവന്നാസ്യോസ് തിരുമേനിയായിരുന്നുവെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

1966-ൽ കോലഞ്ചേരിയിൽ വെച്ച് മെത്രാപ്പോലീത്തായായി അഭിഷിക്തനായതു മുതൽ മലബാർ മെത്രാസനത്തെ അടുക്കും ചിട്ടയും ശിക്ഷണവുമുള്ള ഒരു മെത്രാസനമായി വളർത്തുന്നതിൽ തിരുമേനി നൽകിയ ധീരമായ നേതൃത്വത്തെ ഒരു കാലത്തും വിസ്മരിക്കുവാൻ സാധിക്കുകയില്ല. ഈ വലിയ അനുഭവ സമ്പത്തുമായിട്ടാണ് പരിശുദ്ധ തിരുമേനി മലങ്കരസഭയുടെ പരമാദ്ധ്യക്ഷ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. ആ ധന്യമായ ജീവിതത്തെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ വിശുദ്ധിയുടെ ആകെതുകയായിരിക്കും നമ്മുടെ മനസ്സിൽ ചേക്കേറുന്നത്.

അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി മെത്രാൻസ്ഥാനാഭിഷേകത്തിനുശേഷം 1967 ജനുവരി 28 മുതൽ ഫെബ്രുവരി 6 വരെ 10 ദിവസം കാരയ്ക്കൽ പള്ളിയിൽ താമസിച്ച് കാരയ്ക്കൽ പള്ളിയുടെ ശതാബ്ദി ആഘോഷത്തിലും അന്നു നടന്ന അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ മെത്രാൻ സ്ഥാനാഭിഷേക രജതജൂബിലിയ്ക്കും നേതൃത്വം കൊടുത്തത് ഇന്നും ഒളിമങ്ങാതെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

മനുഷ്യഹൃദയങ്ങളിൽ സ്ഥാനം നേടുവാൻ അനുയോജ്യമായ ഏറ്റവും വിശുദ്ധമായ മാർഗ്ഗം മനുഷ്യസേവനമാണെന്നും, ദൈവാന്വേഷണമാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യമെന്നും പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനി വിശ്വസിച്ചു. സുവിശേഷത്തിലെ നല്ല ഇടയന്റെ ചിത്രവുമായി ബന്ധപ്പെട്ടതാണ്, ആ ഇടയദർശനം. കർമ്മോത്സുകനായി ജീവിച്ച ഈ വലിയ ഇടയന്റെ ഓർമ്മ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രമല്ല, എല്ലാ മലയാളികളുടെയും ചിന്താപഥത്തിലും കർമ്മപഥത്തിലും വരുംകാലങ്ങളിലും വെളിച്ചം വിതറട്ടെ.

# വിശുദ്ധിയുടെ സൂര്യതേജസ്സ്

## റവ. സിസ്റ്റർ ശേബ

മാവേലിക്കര പുതിയകാവ് പള്ളിയിൽ വി. കുർബാനമദ്ധ്യേ അഞ്ചാം തുബ്ദേൻ വായിച്ച ബാലന്റെ ശബ്ദമാധുര്യത്തിൽ ആകൃഷ്ടനായി വലിയ തിരുമേനി (അന്ന് സി. എം. തോമസ് റമ്പാൻ) ആ ബാലന്റെ മാതാപിതാക്കളെ കണ്ടുപിടിച്ച് അനുവാദം വാങ്ങി പത്തനാപുരത്തേക്കു കൊണ്ടുവന്ന സി. റ്റി. തോമസ് എന്ന ബാലനാണ് പിന്നീട് വലിയ ബാവാ ആയി ശോഭിച്ചത്. സി. റ്റി. തോമസ് എന്ന ബാലൻ പിന്നീട് കുഞ്ഞു തോമ്മാച്ചനായി. പിന്നെ കൊച്ചുതിരുമേനിയായി (തോമസ് മാർ തീമോത്തിയോസ്). പിന്നീട് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ആയി പ്രശോഭിച്ചു. എന്തൊരത്ഭുതം ദൈവഭക്തിയും പ്രാർത്ഥനാജീവിതവും ഏതു കഷ്ടപ്പാടും സഹിക്കാനുള്ള ധൈര്യവും. ജീവിതം ജീവനേക്കാൾ വലുതാണെന്ന് പഠിപ്പിച്ച മഹൽവ്യക്തി. ശബ്ദമാധുര്യംകൊണ്ടും ലളിത ജീവിതംകൊണ്ടും മറ്റുള്ളവരെ ആകർഷിച്ചു.

ഞാൻ 1960–ൽ മഠത്തിൽ വരുമ്പോൾ സി. റ്റി. തോമസ് അച്ചൻ കാൺപൂരിൽ എം.എ. യ്ക്ക് പഠിച്ചിട്ട് വന്നു. അന്ന് സ്കൂൾ ചാപ്പലിൽ ആണ് വി. കുർബാന. കുഞ്ഞുതോമാച്ചന്റെ കുർബ്ബാനയെന്ന് കേൾക്കുമ്പോൾ എല്ലാവരും വി. കുർബാന കാണുവാനും ആ മാധുര്യമുള്ള ശബ്ദം കേൾക്കുവാനും ഓടും. എന്നെ പത്താംക്ലാസ്സിൽ അന്ന് ഇംഗ്ലീഷ് പഠിപ്പിച്ചിട്ടുണ്ട്. പി.ഡി.സി. യ്ക്കും ഇംഗ്ലീഷ് പഠിപ്പിച്ചിട്ടുണ്ട്. 1964–ൽ സി. റ്റി. തോമസ് അച്ചനേയും മൂശ അച്ചനേയും കൂടി ഇംഗ്ലണ്ടിൽ ഓക്സ്ഫോർഡിൽ വിട്ട് ദയറായ പരിശീലനത്തിന് വലിയ തിരുമേനിയപ്പച്ചൻ ഒരുങ്ങിയപ്പോഴാണ് സി. റ്റി. തോമസ് അച്ചനെ ബാവാ തിരുമേനി മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. അന്ന് ഇന്നത്തെപ്പോലെ ഇലക്ഷൻ ഒന്നും ഇല്ല. ഞാൻ എന്റെ മോനെ തരത്തില്ലായെന്ന് പറഞ്ഞെങ്കിലും ബാവായെ അനുസരിച്ച് വിട്ടുകൊടുത്തു. എങ്കിലും ആശ്രമനിയമങ്ങൾ അനുസരിച്ച് ജീവിച്ചു. 1965 മെയ് 16–ന് സെന്റ് സ്റ്റീഫൻസ് ചാപ്പലിൽ വെച്ച് റമ്പാൻ സ്ഥാനവും 1966 ആഗസ്റ്റ് 29–ാം തീയതി കോലഞ്ചേരി പള്ളിയിൽ വെച്ച് മെത്രാൻ സ്ഥാനവും കൊടുത്തു. 1966 നവംബർ 11–ാം തീയതി മലബാറിന്റെ സഹമെത്രാനായി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കീഴിൽ പ്രവർത്തിക്കാൻ തുടങ്ങി.

ഇനിയും മലബാറിൽ പോകുന്നതിനു മുമ്പ് പത്തനാപുരത്തെ വാസം. ഇപ്പോൾ പള്ളി നിൽക്കുന്നതിന് തെക്ക് മാറി ഒരു ഷെഡ് വെച്ചാണ് ആശ്രമക്കാർ താമസിച്ചിരുന്നത്. അന്ന് വലിയ പള്ളി ഇല്ല. പി.ഡി.സി.

1964-ൽ അനുവാദം കിട്ടിയപ്പോൾ അതൊഴിച്ച് പി.ഡി.സി. യ്ക്ക് ഷെഡ് ആക്കി. സ്മൃതിയും, മാനേജരുടെ ഓഫീസ് ഭാഗവും ഒരു ഷെഡ്. ഹോസ്റ്റലിലേക്ക് റോഡിൽനിന്നും കയറിവരുന്ന റോഡ്ഭാഗം ഒരു ഷെഡ്. ഏബ്രഹാം അച്ചൻ താമസിക്കുന്നിടത്ത് പ്രിൻസിപ്പാളിന്റെ മുറിയും ഓഫീസും. ആശ്രമസ്ഥർ സ്കൂൾ കെട്ടിടത്തിലും പോസ്റ്റോഫീസിന്റെ അടുത്ത് ഒരു വാടകക്കെട്ടിടത്തിലും ഗേൾസ് ബോർഡിംഗ് ഹോമിന്റെ പഴയകെട്ടിടത്തിലുമൊക്കെ ആയി താമസിച്ചു. അത്താഴത്തിന് ഒന്നുമില്ലാതെ കുലവെട്ടി തോരൻവെച്ചും ബോയ്സ് ബോർഡിംഗ് ഹോമിലെ കഞ്ഞിവെള്ളവും മറ്റും കുടിച്ചിട്ടുണ്ടെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. അങ്ങനെ വളരെ കഷ്ടപ്പാടിൽ കൂടി ആദ്യത്തെ ആശ്രമാംഗങ്ങൾ ജീവിച്ചു. വന്ദ്യ എൻ. ജെ. തോമസ് റമ്പാച്ചൻ, ഉണ്ണി റമ്പാച്ചൻ, ഐസക്ക് റമ്പാച്ചൻ, സഖറിയാ മാർ ദീവന്നാസ്യോസ് തിരുമേനി, ശമുവേൽ റമ്പാച്ചൻ, ഏബ്രഹാം അച്ചൻ എല്ലാം അക്കൂട്ടത്തിൽ പെടുന്നു.

കഷ്ടപ്പാടിൻ നാളുകളിൽ ദൈവത്തെ മുറുകെ പിടിച്ച് ജീവിച്ച് ആശ്രമവും മഠവും വളർന്നുവരാൻ ഇടയായി. തിരുമേനിയായി മലബാറിൽ പോയപ്പോഴും കഷ്ടപ്പാടുകളായിരുന്നു. താമസിക്കാൻ അരമനയുമൊന്നുമില്ല. കോഴിക്കോട് പള്ളിയിൽ താമസിച്ചു. പിന്നീട് ചാത്തമംഗലത്തു സ്ഥലം വാങ്ങിച്ച് കെട്ടിടം വച്ചു. തന്റെ മുൻഗാമിയായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച് യാത്ര ചെയ്യാൻ വണ്ടിയോ കാറോ ഒന്നും ഇല്ലാതെയും കിടപ്പാടം ഇല്ലാതെയും ഓരോ സ്ഥലങ്ങളിൽ സഞ്ചരിച്ച് മലബാർ ഭദ്രാസനം വളർത്തിയെടുത്തു. അരവഞ്ചാൽ 25 ഏക്കർ സ്ഥലം വാങ്ങിയതും മറ്റും അദ്ദേഹത്തിന്റെ കാലത്താണ്. അദ്ദേഹത്തിന്റെ പാതകളെ പിൻതുടർന്ന് കൊച്ചു തിരുമേനി കക്ഷിവഴക്കും പ്രതികൂലസാഹചര്യങ്ങളും വകവെയ്ക്കാതെ പ്രാർത്ഥന കൊണ്ട് എല്ലാം തരണം ചെയ്ത് മുന്നേറി. ചുങ്കത്തറ കൺവൻഷൻ തിരുമേനിയുടെ കാലത്ത് തുടങ്ങി. ഇപ്പോഴും തുടരുന്നു.

മലബാർ ഭദ്രാസനത്തിൽ ഓലമേഞ്ഞ ഷെഡ്ഡിലും മറ്റുമായി വി. കുർബ്ബാന അർപ്പിച്ചിരുന്നതെല്ലാം മാറ്റി പള്ളികൾ വെച്ച് മലബാർ ഭദ്രാസനത്തെ പുരോഗതിയിലേക്ക് നയിച്ചു. ആദ്ധ്യാത്മിക സംഘടനകൾ, സണ്ടേസ്കൂൾ, സ്ത്രീസമാജം, യുവജനപ്രസ്ഥാനങ്ങൾ എല്ലാം അദ്ദേഹം തുടങ്ങി. ഇപ്പോഴും ഭംഗിയായി പ്രവർത്തിക്കുന്നു.

തിരുമേനി മലബാറിൽ ചെന്നതിനുശേഷം അവിടെനിന്നും ആശ്രമത്തിലേക്കും മഠത്തിലേക്കും അംഗങ്ങളെ തന്റെ ജീവിതംകൊണ്ട് ആകർഷിച്ചു കൊണ്ടുവന്നു. എവിടെ പോയാലും ഈ സംഗതികൾ പ്രസംഗിക്കുമായിരുന്നു. ഞങ്ങൾ മലബാറിൽ തിരുമേനിയെ കാണാൻ

പോകുമ്പോഴെല്ലാം അവിടെയുള്ള എൻജിനീയർ തോമാ സാറിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മകൾ പത്തനാപുരത്ത് ബോർഡിംഗ് ഹോമിൽ പത്താംക്ലാസ്സ് വരെ പഠിച്ചു. അദ്ദേഹം തിരുമേനിക്ക് വലിയ ഒരു സഹായി ആയിരുന്നു.

ചാത്തമംഗലത്തു അരമന പൂർത്തിയായപ്പോൾ കൂദാശയ്ക്ക് ഞങ്ങൾ പോയിരുന്നു. 1991-ലാണ്. അതിനുശേഷം ഞങ്ങൾ മലബാറിൽ പോകുമ്പോൾ അരമനയുടെ താഴത്തെ നിലയിൽ താമസസൗകര്യമുണ്ടായിരുന്നു.

രാവിലെ എഴുന്നേറ്റാൽ മുട്ടിന്മേൽ നിന്ന് കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കുന്നതും വൈകിട്ട് എല്ലാവരും ഉറങ്ങി കഴിഞ്ഞാലും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നത് കാണുന്നത് മറ്റുള്ളവർക്ക് മാർഗ്ഗദർശനവും പ്രചോദനവും നൽകി. അനേകം പട്ടക്കാരും ചെറുപ്പക്കാരായ യുവജനങ്ങളും എപ്പോഴും അദ്ദേഹത്തിനു സഹായികളായി ഉണ്ടായിരുന്നു.

അതുപോലെതന്നെ കാട്ടുപത്തനാപുരത്തു വലിയ തിരുമേനിയപ്പച്ചൻ വന്നപ്പോൾ അതിനെ നാട്ടുപത്തനാപുരമാക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശ്രമവും മഠവും ആണ് ആദ്യം തുടങ്ങിയത്. മദർ സൂസനാണ് അദ്ദേഹത്തിന്റെ കൂടെ എല്ലാത്തിനും സഹായിച്ചത്. പിന്നീട് ആശ്രമത്തിന്റെ ആദ്യകാല അംഗങ്ങളായ വലിയ ബാവാ, എൻ. ജെ. തോമസ് റമ്പാച്ചൻ, സക്കറിയാ മാർ ദീവന്നാസ്യോസ് തിരുമേനി, ഉണ്ണി റമ്പാച്ചൻ, ഐസക്ക് റമ്പാച്ചൻ, ശമുവേൽ റമ്പാച്ചൻ ഇവരെല്ലാം ബ്രദേഴ്സ് ആയി കൂടെ ഉണ്ടായിരുന്നു. വലിയ ബാവാ (അന്ന് നിയുക്ത കാതോലിക്കാ ബാവാ) ആണ് മദർ സൂസൻ സ്കൂൾ 1982-ൽ സ്ഥാപക മദറിന്റെ ഓർമ്മയ്ക്ക് തുടങ്ങാൻ സംഗതിയാക്കിയത്. എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്നതും.

കൊച്ചുതിരുമേനിയപ്പച്ചൻ പത്തനാപുരം പി.ഡി.സി. കോളജിൽ അച്ചനായി പഠിപ്പിക്കുന്ന കാലത്തെ ഒരു സംഭവം. അച്ചൻ വി. കുർബ്ബാന എവിടെയോ പള്ളിയിൽ ചൊല്ലിയിട്ട് 10 മണി കഴിഞ്ഞ് വന്നപ്പോൾ കുട്ടികൾ സമരത്തിനിറങ്ങി കുരിശുംമൂടിന്റെ സ്ഥലത്ത് നിൽക്കുന്നതു കണ്ടു. 'കേറിനെടാ' എന്നു പറഞ്ഞപ്പോൾ എല്ലാവരും ക്ലാസ്സിൽ കയറി.

അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ മറ്റൊരനുഭവം. എനിക്ക് പനിയായി ഞങ്ങളുടെ പഴയ മഠത്തിൽ വലിയ മദർ കിടക്കുന്ന ഹാളിന്റെ കിഴക്കുവശത്തെ മുറിയിൽ കിടക്കുകയാണ്. തിരുമേനി വലിയ മദറിനെ കാണാൻ വന്നപ്പോൾ എന്നെയും കണ്ട് തലയ്ക്കു പിടിച്ച് പ്രാർത്ഥിച്ചു. എന്തോ ഒരു ചൂട് എന്നിൽനിന്നിറങ്ങി പോകുന്നതായി എനിക്കു തോന്നി. എന്റെ പനിയും പോയി.

പിന്നെ എന്നെ മഠത്തിൽ പിടിച്ചു നിർത്താൻ ഇടയായ സംഭവം. ഞാൻ ബി.എസ്.സി. ക്ക് തൃച്ചിയിൽ പഠിക്കുമ്പോൾ എനിക്ക് സുഖമില്ലാതെ സക്കറിയാച്ചൻ (പിന്നീട് സക്കറിയാ മാർ ദീവന്നാസ്യോസ് തിരുമേനി. അന്ന് പൊന്നയ്യാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ) എന്നെ മഠത്തിൽ പത്തനാപുരത്ത് കൊണ്ടുവിട്ടു. വലിയ മദർ എന്നോടു പറഞ്ഞു: മോടെ ആങ്ങളയ്ക്ക് ഭിലായ് സ്റ്റീൽ പ്ലാന്റിൽ സൗജന്യ ചികിത്സ സഹോദരങ്ങൾക്ക് കിട്ടുമല്ലോ. അങ്ങോട്ട് എഴുതാൻ. ഞാൻ പഴയ മഠത്തിന്റെ മുമ്പിലത്തെ മുറിയിൽ ഇരുന്ന് ഇൻലന്റിൽ എഴുതിക്കൊണ്ടിരുന്നപ്പോൾ തിരുമേനിയപ്പച്ചൻ വരുന്നു. 'എന്തുവാ എഴുതുന്നേ.' ഞാൻ സംഗതി പറഞ്ഞു. വലിയ മദറിനോട് പറഞ്ഞിട്ട് ആ എഴുത്ത് കീറി കളയിച്ചു. എനിക്ക് പനി സുഖം ആയി. പഠിക്കാൻ തൃച്ചിയിൽ വീണ്ടും പോയി പഠിച്ചു. അപ്പച്ചൻ അപ്പോൾ വന്നില്ലായിരുന്നെങ്കിൽ എന്റെ ചരിത്രം വേറെ ആയേനെ.

തൃച്ചിയിൽ ചെന്ന് വീണ്ടും അവിടുത്തെ കാലാവസ്ഥ കൊണ്ടും കൊതുകുകടി കൊണ്ടും ഭക്ഷണരീതികൊണ്ടും അസുഖം ആയി. Child Jesus Hospital-ൽ അഡ്മിറ്റ് ആയി. വലിയ തിരുമേനിയപ്പച്ചൻ സക്കറിയാ അച്ചനെ വിട്ട് അന്വേഷിപ്പിക്കുകയും ദൈവം എന്റെ പ്രിയ മോളെ അനുഗ്രഹിക്കട്ടെ. അപ്പച്ചൻ പ്രാർത്ഥിക്കുന്നുവെന്ന് എഴുതിക്കൊടുത്തു വിടുകയും ചെയ്തു. അങ്ങനെ വലിയ തിരുമേനിയപ്പച്ചന്റേയും കൊച്ചു തിരുമേനിയപ്പച്ചന്റേയും പ്രിയ മോളായി തന്നെ ഞാൻ വളർന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചു. 19 വർഷം മഠത്തിന്റെ ചുക്കാൻ പിടിക്കാൻ സാധിച്ചു.

കാട്ടുപത്തനാപുരത്തെ നാട്ടുപത്തനാപുരമാക്കുവാൻ വലിയ തിരുമേനി പത്തനാപുരത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശ്രമവും മഠവും സ്ഥാപിച്ചു. അനേകം പേരെ അതിലേക്ക് ആകർഷിച്ചു. മാവേലിക്കരയിൽ നിന്ന് മഠത്തിന്റെ Founder Mother Superior Mother Susena യേയും കുണ്ടറയിൽ നിന്നും സിസ്റ്റർ എലിശുബാ, അച്ചാമ്മ ഇവരേയും കണ്ടെത്തി. അവരും തിരുമേനിയെ എല്ലാ കാര്യങ്ങളിലും സഹായിച്ചു.

കൊച്ചുതിരുമേനിയപ്പച്ചൻ (വലിയ ബാവാ) താൻ രോഗക്കിടക്കയിലാകുന്നതുവരെ തന്റെ പിൻഗാമികളേയും എല്ലാ കാര്യങ്ങളും പഠിപ്പിച്ചു. അവർ നന്നായി സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്.

ഞാൻ ഇത്രയുമൊക്കെ എഴുതിയത് എന്റെ പിതാവിന്റെ സ്നേഹവും കരുതലും അത്രമാത്രം എനിക്കു കിട്ടിയതുകൊണ്ടാണ്. 1980-ൽ എന്നെ എം.എസ്.സി. ക്ക് വിട്ടതും അതിന്റെ ചിലവുകൾ എല്ലാം വഹിച്ചതും

അപ്പച്ചൻ തന്നെയാണ്. അതിനുശേഷം കോളജ് അദ്ധ്യാപികയായി. ആശ്രമാംഗങ്ങളുടെയെല്ലാം സ്നേഹവും കരുതലുകളുമെല്ലാം ഇപ്പോഴും എനിക്കുണ്ട്. എന്റെ സന്തോഷത്തിന്റെയും ആയുസ്സിന്റേയും രഹസ്യവും അതുതന്നെയാണ്.

അപ്പച്ചന്റെ വി. കുർബാന ഞായറാഴ്ചകളിൽ കാസറ്റ് ഇട്ട് ഞാൻ കേൾക്കാറുണ്ട്. ആ ശബ്ദമാധുര്യം. അവസാനവാചകം നിങ്ങൾ സമാധാനത്തോടെ പോകുവിൻ എന്ന്. ആ സമാധാനം ഇപ്പോഴും എന്റെ ഉള്ളിൽ നിലനിൽക്കുന്നു.

പ്രാർത്ഥനാമനുഷ്യൻ, രോഗകിടക്കയിലും തന്റെ കൂടെയുള്ള അച്ചന്മാരും ശെമ്മാശന്മാരും ചേർന്ന് യാമപ്രാർത്ഥനകൾ കിടക്കക്കരികിൽ നിന്ന് പ്രാർത്ഥിക്കും. ശബ്ദം എടുക്കാൻ ആവുന്നിടത്തോളം ആരംഭം ഇട്ട് കൊടുത്തും ശുബഹോയും മറ്റും ചൊല്ലുകയും ചെയ്യുമായിരുന്നു.

അവസാനദിവസം ഞാൻ പരുമല ഹോസ്പിറ്റലിൽ പോയി കണ്ടു. അപ്പച്ചാ എന്നു വിളിച്ചു. അതു കേൾക്കാൻ ബോധം ഇല്ലായെന്ന് യൽദോ അച്ചൻ പറഞ്ഞു. ഞാനും ഒരു കൊച്ചു സിസ്റ്ററും കുറേനേരം അവിടെ ഇരുന്ന് വേദപുസ്തകം വായിച്ചു. അപ്രേം തിരുമേനിയും ഉണ്ടായിരുന്നു. കുറെനേരം കഴിഞ്ഞപ്പോൾ കാലുകൾ മുകളിലോട്ട് വലിക്കുന്നതു കണ്ടു. ഞാൻ കാലിലെ ഷീറ്റ് മാറ്റിയപ്പോൾ നല്ലപോലെ തണുത്തിരിക്കുന്നു. കൂടെ നിന്നവർ പെട്ടെന്ന് hot-water-bag-ൽ ചൂടുവെള്ളം നിറച്ച് ചൂടുവെച്ചു. രാത്രിയിൽ തന്നെ വലിയ ബാവാ, ഞങ്ങളുടെ അപ്പച്ചൻ കാലംചെയ്തു. അപ്പച്ചനു കിട്ടിയതുപോലെ ഒരു ശുശ്രൂഷ അതിനു മുമ്പ് ഞാൻ കണ്ട നാലു ബാവാമാർക്കും കിട്ടിയിട്ടില്ല. ശുശ്രൂഷിച്ചില്ലാ എന്നല്ല അർത്ഥം.

ഞങ്ങളുടെ അപ്പച്ചന് കിട്ടിയ ശുശ്രൂഷയ്ക്ക് കുഞ്ഞുബാവായോട് പ്രത്യേകം നന്ദിയുണ്ട്. അപ്പച്ചനെ വലിയ ബാവായെന്നു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതാണ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ കുഞ്ഞുബാവായെന്ന്. ബഹുമാനക്കുറവുകൊണ്ടല്ല. അദ്ദേഹത്തിന് എല്ലാ അനുഗ്രഹങ്ങളും കിട്ടി. എവിടെ പോയാലും വലിയ ബാവായുടെ അടുത്തുചെന്ന് കൈമുത്തി അനുഗ്രഹം പ്രാപിച്ച് പോകുമെന്ന് കേട്ടിട്ടുണ്ട്. മലങ്കരസഭയുടെ ഏഴാമത്തെ കാതോലിക്കാ ബാവാ ആയി കാലം ചെയ്ത ഞങ്ങളുടെ പിതാവിന്റേയും വാങ്ങിപ്പോയ എല്ലാ പിതാക്കന്മാരുടേയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹം പ്രാപിച്ച് നിർത്തുന്നു.

# താബോർ മലയിലെ ഋഷിവര്യൻ

## സിസ്റ്റർ മറിയം

സ്വർഗ്ഗവും ഭൂമിയും തമ്മിൽ സന്ധിച്ച പുണ്യഭൂമിയാണല്ലോ താബോർ മല. ഈ പരിശുദ്ധ മലയുടെ നാമത്തിൽ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയാൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾ ആണ് ഇന്ന് ഇവിടെ കാണുന്നതെല്ലാം. ഇവയിൽ പ്രധാനപ്പെട്ടവയാണ് മൗണ്ട് താബോർ ആശ്രമവും മൗണ്ട് താബോർ മഠവും.

പുണ്യശ്ലോകനായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയിൽ കൂടി ആയിരുന്നു തോമസ് മാർ തീമോത്തിയോസ് തിരുമേനിക്കു ദൈവ വിളി ഉണ്ടായത്. ഇംഗ്ലണ്ടിൽ നിന്ന് ഉപരിപഠനം കഴിഞ്ഞ് തിരിച്ചുവന്ന് അദ്ദേഹത്തിന്റെ മാതൃഇടവകയായ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വി. കുർബാന അർപ്പിച്ച സമയം അഞ്ചാം തുബ്ദേൻ വായിച്ച ബാലന്റെ ശബ്ദം തിരുമേനിയെ ഹഠാദ് ആകർഷിച്ചു. വി. കുർബാനയ്ക്ക് ശേഷം ബാലനെ അടുക്കൽ വിളിച്ച് വിവരങ്ങൾ ആരാഞ്ഞു. മുളമൂട്ടിൽ ഇട്ടിയവിരാ തോമസിന്റെ മകനാണെന്ന് അറിഞ്ഞു. തിരുമേനി ബാലന്റെ പിതാവിനെ വരുത്തി വിവരം പറഞ്ഞു. “ഞാൻ ഇവനെ പത്തനാപുരത്തിനു കൊണ്ടുപോകുകയാണ്” എന്നു പറഞ്ഞപ്പോൾ ബാലന്റെ പിതാവിന് വലിയ സന്തോഷവും സമ്മതവും ആയിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് പിതാവ് മകനുമായി പത്തനാപുരത്ത് എത്തി ബാലനെ തിരുമേനിയുടെ തൃക്കരങ്ങളിൽ ഏൽപ്പിച്ചു.

തോമസ് ബ്രദറിന്റെ ആശ്രമപ്രവേശനസമയം ദയറായുടെ അരിഷ്ട കാലമായിരുന്നു. സാമ്പത്തികക്ലേശം, ഭക്ഷണ ദാരിദ്ര്യം, താമസസൗകര്യങ്ങളുടെ ദൗർലഭ്യം ഇവയിൽ തളരാതെ തന്റെ ഗുരുവിനെ ലക്ഷ്യമാക്കി ഉള്ള ഭൂമിയിൽ കഠിനാദ്ധ്വാനം ചെയ്തു ജീവിതം ആരംഭിച്ചു. നോമ്പ്, ഉപവാസം, പ്രാർത്ഥന, കുമ്പിടീൽ, വിശുദ്ധവായന ഇവയെല്ലാം തോമസ് ബ്രദർ വളരെ കൃത്യമായി അനുഷ്ഠിച്ചു പോന്നു. അഭിവന്ദ്യ വലിയ തിരുമേനിയുടെ ശിഷ്യഗണങ്ങളിൽ അഗ്രഗണ്യനായി വളർന്നു വന്നു.

മലബാർ ഭദ്രാസനം വളർച്ചയിൽ പിന്നോക്കം ആയിരുന്നു. വലിയ തിരുമേനി കാട്ടുപത്തനാപുരത്തെ നാട്ടുപത്തനാപുരം ആക്കിയപോലെ തന്റെ ശിഷ്യനും പുല്ലുമേഞ്ഞ പള്ളികളെല്ലാം മാറ്റി നല്ല കെട്ടുറപ്പുള്ള പള്ളികളാക്കി. തിരുമേനിയുടെ അക്ഷീണപരിശ്രമം കൊണ്ടും പ്രാർത്ഥനാജീവിതം കൊണ്ടും ഉത്തമനായ ഒരു സന്യാസിയുടെ നിഷ്ഠാജീവിതം

കൊണ്ടും വൈദികരെയും ജനങ്ങളെയും ഒരുപോലെ കരുതുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ടും മലബാർ ഭദ്രാസനത്തിന്റെ മുഖഛായ മാറ്റി.

സന്യാസജീവിതത്തിന് ഒരു ഉത്തമ മാതൃകയായിരുന്നു പ. തീമോത്തിയോസ് തിരുമേനി. സന്യാസിത്വത്തിന്റെ സൗന്ദര്യം, ത്യാഗത്തിന്റെ നിർമ്മലത, ഗുരുഭക്തി, മൗനം, ധ്യാനം, ഇടവിടാതെയുള്ള പ്രാർത്ഥന, ആശ്രമനിയമങ്ങളോടുള്ള അദൃശ്യമായ ഭക്തി, ആശ്രമാംഗങ്ങളോടും സഭയിലെ എല്ലാ തരത്തിലുമുള്ള ആളുകളോടും ഉള്ള സ്നേഹവും കരുതലും, ദാനധർമ്മം ചെയ്യാനുള്ള വ്യഗ്രത, സംപുഷ്ടമായ ആരാധന ജീവിതം, മിതഭാഷണം, ലഘുവും മിതവുമായ ഭക്ഷണരീതി. ഈ സവിശേഷതകളെല്ലാം അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കിയിരുന്നു. യാതൊന്നിനെക്കുറിച്ചും പിതാവിന് ആവലാതിയോ വേവലാതിയോ ഉണ്ടായിരുന്നില്ല.

'ജീവിതം ജീവനേക്കാൾ വലുതാണ്' എന്ന് പ. പിതാവ് തന്റെ ജീവിതത്തിൽ കൂടി നമ്മെ പഠിപ്പിച്ചിരുന്നു. നാം മരിച്ചു കഴിയുമ്പോൾ ജഡത്തോടുകൂടി സർവ്വതും മായുന്നു. എന്നാൽ നാം ജീവിച്ചിരുന്നപ്പോൾ ചെയ്തിട്ടുള്ള നന്മകൾക്ക് മാത്രമേ നമ്മുടെ നാമം നിലനിർത്താൻ സാധിക്കുകയുള്ളു. എല്ലാ മഹാന്മാരുടെയും ജീവിതചരിത്രം പരിശോധിച്ചാൽ ഇതു തന്നെയാണ് നാം കാണുന്നതും.

എന്റെ ഓർമ്മയിൽ ഞാൻ ആദ്യമായി ബഹു. സി. റ്റി. തോമസച്ചനെ കാണുന്നത് വെള്ളകുപ്പായവും ഷാളും കുരിശുമാലയും ധരിച്ച് നീണ്ട താടിമീശയോടുകൂടിയ കൃശഗാത്രനായ ഒരു സന്യാസിയായിട്ടാണ്. ഞാൻ സ്കൂളിൽ പഠിപ്പിച്ചിരുന്നപ്പോൾ സി. റ്റി. തോമസച്ചനായിരുന്നു ഞങ്ങളുടെ ഹെഡ്മാസ്റ്റർ. അച്ചൻ ക്ലാസ്സ് പരിശോധനയ്ക്ക് വരുന്നു എന്ന് കേൾക്കുമ്പോഴേ ഞങ്ങൾക്ക് വലിയ ഭയമായിരുന്നു.

ബഹുമാനപ്പെട്ട അച്ചൻ പ്രാർത്ഥനാശക്തിയുള്ള ആളായിരുന്നു എന്നു തെളിയിക്കുന്ന ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. ഞാൻ ബി.എഡ്. പഠിക്കുമ്പോൾ പരീക്ഷയ്ക്കായി ഹാളിൽ കയറി. വിഷയം സൈക്കോളജി. എന്റെ ഓർമ്മയിൽ യാതൊന്നും വരുന്നില്ല. ഞാൻ കരഞ്ഞുകൊണ്ട് തിരുമേനിയെ സമീപിച്ചു. തിരുമേനി എന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിച്ച് വിട്ടു. മോള് പോയി ധൈര്യമായി പരീക്ഷ എഴുതിക്കോ എന്നു കല്പിച്ചു. ഞാൻ തകർത്തു പിടിച്ച് പരീക്ഷ എഴുതി. എനിക്ക് ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയതും ഈ വിഷയത്തിനായിരുന്നു.

കണ്ണുനീരിൽ അലിയുന്ന മനസ്സായിരുന്നു തിരുമേനിയുടേത്. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളുടെയും പിന്നിൽ തിരുമേനിയുടെ പ്രാർത്ഥനയും, നിർദ്ദേശങ്ങളും സഹായങ്ങളും ഉണ്ടായിരുന്നു. മഠത്തിൽ നിന്ന് രണ്ട് സിസ്റ്റേഴ്സിനെ ഇംഗ്ലണ്ടിൽ വിട്ട് പരിശീലിപ്പിച്ചതിന്റെ എല്ലാ എഴുത്തുകുത്തുകളും ചെയ്തുതന്നത് അഭിവന്ദ്യ തീമോത്തിയോസ് തിരുമേനി ആയിരുന്നു.

വലിയ തിരുമേനി കാലം ചെയ്യുന്നതിന് മുമ്പ് കൊച്ചുതിരുമേനിയെ വിളിച്ച് ചില കാര്യങ്ങൾ ഓർപ്പിച്ചു. അതിൽ പ്രധാനമായത് "ആബൂനെ എന്റെ പെൺമക്കളെ നല്ലപോലെ നോക്കിക്കോണം" എന്നതായിരുന്നു. വലിയ തിരുമേനിയുടെ ഈ മൊഴി കൊച്ചുതിരുമേനി അക്ഷരംപ്രതി അനുസരിച്ചിരുന്നു. പഠിക്കേണ്ടവരെ പഠിപ്പിച്ചും യോഗ്യതയുള്ളവരെയെല്ലാം സ്കൂൾ, കോളജുകളിൽ അദ്ധ്യാപകരായി നിയമിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് മഠത്തെ അതിന്റെ അരഷ്ടിതാവസ്ഥയിൽ നിന്നും വീണ്ടെടുക്കാൻ സാധിച്ചു എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. കൂടാതെ മദർ ശേബയുടെ നേതൃത്വത്തിൽ മദർ സൂസൻ മെമ്മോറിയൽ എൽ.പി. ഇംഗ്ലീഷ് മീഡിയം സ്കൂളും മദർ മറിയാമിന്റെ ചുമതലയിൽ തിരുവല്ല തെങ്ങേലിയിൽ മഠത്തിന്റെ ഒരു ബ്രാഞ്ച് ഹൗസും ഒരു ബാലികാഭവനും ഒരു എൽ.പി. ഇംഗ്ലീഷ് മീഡിയം സ്കൂളും തൃശ്ശിനാപ്പള്ളിയിൽ സിസ്റ്റർ ഹന്നായുടെ ചുമതലയിൽ ഒരു ബ്രാഞ്ച് ഹൗസും അവിടെയുള്ള കുറെ സിസ്റ്റേഴ്സ് ആശ്രമത്തിന്റെ അധീനതയിലുള്ള ആശുപത്രിയിൽ ജോലിയും ചെയ്തുവരുന്നു. കൂടാതെ വയനാട്ടിൽ മേപ്പാടി എന്ന സ്ഥലത്ത് സിസ്റ്റർ ശലോമിയുടെ നേതൃത്വത്തിൽ ഒരു ഇംഗ്ലീഷ് സ്കൂളും നടത്തുന്നു. ഈ സ്ഥാപനങ്ങളുടെ എല്ലാം സുപ്പീരിയർ തോമസ് മാർ തീമോത്തിയോസ് തിരുമേനിയായിരുന്നു. തിരുമേനി കാലം ചെയ്യുന്നിടം വരെ ഞങ്ങൾക്ക് ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിന് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകിക്കൊണ്ടിരുന്നു. വലിയ ബാവായുടെ നാമത്തിൽ തെങ്ങേലിയിൽ ബാലികാ ഭവനുവേണ്ടി 'ദിദിമോസ് ഭവനം" പണിതുകൊണ്ടിരിക്കുന്നു. വന്ദ്യ പിതാവിന്റെ നാമം എക്കാലവും നിലനിർത്താൻ ഈ സംരംഭം സഹായകമാണ്.

തന്റെ ആത്മീയ ഗുരുവും വാത്സല്യ പിതാവുമായ പ. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ആഗ്രഹം പൂവണിയുമാറ് 2005 ഒക്ടോബർ 31-നു പരുമല സെമിനാരിയിൽ വച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ ഏഴാമത്തെ കാതോലിക്കാ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്ന നാമധേയത്തിൽ അഭിഷേകം ചെയ്യപ്പെട്ടു. തിരുമേനിയുടെ ഭരണകാലം ഹ്രസ്വമായിരുന്നെങ്കിലും അച്ചടക്കത്തിന്റെയും

ആത്മീയതയുടെയും വെള്ളിവെളിച്ചം സഭയുടെ എല്ലാ രംഗങ്ങളിലും വീശാൻ തുടങ്ങി. ഏതു പ്രതിസന്ധിയെയും മൗനമായും സമചിത്തത യോടും കൈകാര്യം ചെയ്യാൻ പ. പിതാവിന് കഴിഞ്ഞിരുന്നു.

പ. ബാവാ തിരുമേനി സുബോധത്തിൽ ആയിരിക്കുമ്പോൾ തന്നെ ശക്തനായ ഒരു പിൻഗാമിയെ തന്റെ തൃക്കൈകൊണ്ട് വാഴിച്ച് സഭയുടെ കാതോലിക്കാ ആക്കി. സർവ്വ അധികാരങ്ങളും ഏല്പിച്ചു. സമാധാന ത്തോടും പ്രാർത്ഥനയോടും കൂടി തന്റെ ശിഷ്ടായുസ്സ് കഴിച്ചുകൂട്ടി. ദൈവ തിരുമനസ്സായപ്രകാരം 2014 മെയ് 26–ാം തീയതി തന്റെ ആത്മാവിനെ അരുമനാഥന്റെ തൃക്കരങ്ങളിൽ ഭരമേല്പിച്ചു ഇഹലോകജീവിതം അവ സാനിപ്പിച്ചു. പ. ബാവാ തിരുമേനിയുടെ ആഗ്രഹപ്രകാരം പത്തനാപുരം മൗണ്ട് താബോർ ദയറായിൽ തന്റെ ഗുരുവിന്റെ സമീപംതന്നെ കബറ ടക്കി.

പ. പിതാവേ! അവിടുത്തെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ.

# എന്റെ ഓർമ്മകളിലെ ദിദിമോസ് ബാവ

## സിസ്റ്റർ ഏലിശുബാ

അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയാൽ സ്ഥാപിതമായ പത്തനാപുരം മൗണ്ട് താബോർ ദയറായും മഠവും മലങ്കര ഓർത്തഡോക്സ് സഭയിലെ സന്യാസ-സന്യാസിനി സമൂഹങ്ങളിൽ വെച്ച് അംഗസംഖ്യകൊണ്ട് ഏറ്റവും മുമ്പിലാണ്. ഈ ദയറാ പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ അതിന്റെ വളർച്ചയ്ക്കുവേണ്ടി പ്രയത്നിച്ച് മലങ്കരസഭയുടെ പരമാദ്ധ്യക്ഷനാകാൻ ഭാഗ്യം ലഭിച്ച പരിശുദ്ധ ബാവാ തിരുമേനിയുടെ ജീവിതം അതിശ്രേഷ്ഠവും ധന്യവുമാണ്. ഒരു ആത്മീയ പിതാവെന്ന നിലയിൽ സ്നേഹവും, കരുതലും, ശിക്ഷണവും തന്ന് ഞങ്ങളെ സന്യാസത്തിന്റെ പൂർണ്ണതയിലേയ്ക്ക് ആനയിച്ച പുണ്യപിതാവ്, പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനിയുടെ സ്മരണയ്ക്കു മുമ്പിൽ പ്രണാമങ്ങൾ അർപ്പിച്ചു പ്രാർത്ഥിക്കുന്നു.

ഒരു ഉത്തമ സന്യാസിയുടെ താഴ്മയും വിനയവും ഒരു പിതാവിന്റെ കരുതലും പരിശുദ്ധ ദിദിമോസ് ബാവായിൽ ദർശിക്കുവാൻ കഴിഞ്ഞിരുന്നു. ആരെയും ആകർഷിക്കുന്ന മനോഹരമായ ശബ്ദവും ഈണവും ലളിതമായ ജീവിതശൈലിയും സഭാമക്കളോടുള്ള വാത്സല്യം, ദയ, സ്നേഹം എന്നീ ശ്രേഷ്ഠഗുണങ്ങളും തന്റെ ഗുരുവായിരുന്ന തോമ്മാ മാർ ദീവന്നാസിയോസ് തിരുമേനിയിൽ നിന്ന് കണ്ടും കേട്ടും സ്വായത്തമാക്കിയിരുന്നു. പ്രസംഗവേദിയിൽ നിരന്തരം തന്നെ മലങ്കരസഭയുടെ ഔന്നത്യങ്ങളിലെത്തിച്ച ഗുരുവിന്റെ സ്മരണകൾ പ്രകീർത്തിച്ചിരുന്നു.

സഭാമക്കളുടെ ആത്മീയ വളർച്ചയ്ക്കാണ് മുൻതൂക്കം കൊടുത്തത്. ധാർമ്മിക മൂല്യങ്ങൾ സംരക്ഷിച്ച് ജീവിക്കുവാനുള്ള പ്രബോധനങ്ങളാണ് അവിടുന്ന് നൽകിയത്. സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കാനും, കഷ്ടത അനുഭവിക്കാനും ആളുകളുണ്ടാവണം. ശണ്ഠയും കലഹവും വഴക്കും ഉണ്ടാക്കുവാൻ ധാരാളം പേരുണ്ട്. എന്നാൽ സൗമ്യതയുടെ ആത്മാവിൽ സമാധാനത്തോടെ പ്രശ്നങ്ങളെ നോക്കിക്കാണുവാനും തീർപ്പ് കല്പിച്ച് ദൈവികസമാധാനത്തിൽ എത്തിച്ചേരാനും വളരെ കുറച്ചുപേർ മാത്രമേയുള്ളു എന്ന് പറയുമായിരുന്നു.

പത്തനാപുരം മൗണ്ട് താബോർ ദയറായിലെയും മഠത്തിലെയും അംഗങ്ങളെ സ്വന്തം മക്കളെപ്പോലെ കരുതി സ്നേഹിച്ചിരുന്നു. മൗണ്ട് താബോർ മഠത്തിലേക്ക് കൂടുതൽ പേരെ ചേർത്ത് അംഗസംഖ്യ വർദ്ധി

പ്പിക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചത് പരിശുദ്ധ ദിദിമോസ് ബാവാ തിരു മനസ്സുകൊണ്ടാണ്. കുടിയേറ്റപ്രദേശമായ സുൽത്താൻ ബത്തേരി ഭദ്രാ സനം ഉൾപ്പെടെയുള്ള മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ യായി അധികാരമേറ്റ നാൾ മുതൽ താൻ സന്ദർശിക്കുന്ന പള്ളികളിൽ സന്യാസജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പ്രബോധനം നൽകു കയും അതുമൂലം സന്യാസപ്രസ്ഥാനത്തിലേക്ക് ധാരാളം പെൺകുട്ടി കളെ ചേർക്കുന്നതിനും ഇടയായി. പത്തനാപുരം മൗണ്ട് താബോർ മഠ ത്തിലേക്ക് മാത്രമല്ല, കടമ്പനാട് നസ്രേത്ത് മഠത്തിലേക്കും മലബാർ ഭദ്രാസനത്തിൽ നിന്ന് സന്യാസജീവിതം ആഗ്രഹിച്ചുവന്ന പെൺകുട്ടി കളെ ചേർക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്.

ബാവാതിരുമേനി പത്തനാപുരം ദയറായിൽ വരുന്ന സമയങ്ങളിൽ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചിരുന്ന താബോർ മഠത്തിലെ സന്യാ സിനികളെ കാണുന്നതിനും അവർക്ക് ആവശ്യമായിരുന്ന ജീവിതോപ ദേശങ്ങൾ നൽകുന്നതിനും സമയം കണ്ടെത്തിയിരുന്നു. എപ്പോഴും ഞങ്ങളെ ഓർപ്പിച്ചിരുന്ന ഒരു കാര്യം "മക്കളെ ജീവനേക്കാൾ ജീവിത ത്തിന് പ്രാധാന്യം കൊടുക്കണം, സന്യാസജീവിതം മാലാഖമാർക്ക് അടുത്ത ജീവിതമാണ്; വസ്ത്രം വെള്ളയായിരിക്കുന്നതുപോലെ നിങ്ങ ളുടെ ഹൃദയവും വിശുദ്ധമായിരിക്കണം" എന്നതാണ്. അതുപോലെ ഞങ്ങളോടൊപ്പമിരുന്ന് ആനന്ദത്തോടെ പാടുന്ന ഒരു ഗീതമാണ്,

"ഹാ മനോഹരം യാഹേ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
നന്മയൊന്നും മുടക്കുകയില്ല; നേരായ് നടപ്പവർക്ക്."

ഇടമുറിയാതെയുള്ള പ്രാർത്ഥനയാലും ജാഗരണത്താലും ധന്യമാ യിരുന്നു ആ ജീവിതം. താൻ യാമപ്രാർത്ഥനകൾ ഒന്നുപോലും മുടക്കി യിരുന്നില്ല. യാമപ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാ ണെന്നും ആ ഗോവണിപടികളെ കൂട്ടിയോജിപ്പിക്കുന്ന ചങ്ങലയാണ് യാമ പ്രാർത്ഥനകൾ എന്നും ഓർപ്പിക്കുമായിരുന്നു. യാമപ്രാർത്ഥനകൾക്ക് മുടക്കം വരുത്തരുത് എന്ന് കർശനമായി നിർദ്ദേശിച്ചിരുന്നു.

ഭക്തന്മാരുടെ ജീവിതം ശാന്തത നിറഞ്ഞതാണ്. നോമ്പും, ഉപവാ സവും, പ്രാർത്ഥനയും, തപസ്സും മനുഷ്യനെ യഥാർത്ഥത്തിൽ ശാന്ത സ്വഭാവത്തിലേക്ക് നയിക്കുന്നു. ആത്മീയതയിൽ നിറഞ്ഞ ഒരു ശാന്ത ഭാവം പരിശുദ്ധ ദിദിമോസ് ബാവായിൽ കാണാമായിരുന്നു. അതേസമയം സഭയുടെ കാര്യങ്ങളോ ദയറായുടെയും മഠത്തിന്റെയും കാര്യങ്ങളോ വരുമ്പോൾ പ്രശ്നങ്ങളെ വിശകലനം ചെയ്ത് ചിന്തിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിൽ പ്രത്യേക കഴിവുണ്ടായിരുന്നു.

നല്ല ഒരു ധ്യാനഗുരുവും മികച്ച അദ്ധ്യാപകനുമായിരുന്ന തിരുമേനി ഞങ്ങൾക്കെന്നും ശ്രേഷ്ഠഗുരുവും ആത്മീയ പിതാവുമായിരുന്നു. വഴിയറിയുന്നവനും, വഴികാണിക്കുന്നവനും, വഴിയെ നടക്കുന്നവനുമായിരുന്ന ആ പിതാവ് മാർഗ്ഗദീപമായി പരിലസിക്കുന്നു. തിരുമേനിയുടെ വി. കുർബ്ബാനയും ആരാധനയും നമസ്കാരവുമെല്ലാം വളരെ ആകർഷണീയമായിരുന്നു എന്നതിന് രണ്ടുപക്ഷമില്ല. മനോഹരമായ ശബ്ദവും ഈണവും പകർന്ന് ആരാധനയെ സ്വർഗ്ഗീയാനുഭൂതിയിലെത്തിച്ചിരുന്നു.

കർമ്മചൈതന്യം കൊണ്ടും ജീവിതവിശുദ്ധികൊണ്ടും പരിശുദ്ധ റൂഹായുടെ കൃപകൊണ്ടും നിറഞ്ഞ് പരിശുദ്ധ സഭയെ നയിക്കുവാൻ ആ പിതാവിനെ പ്രാപ്തനാക്കിയത് പ്രാർത്ഥന ആയുധമായി ഉപയോഗിച്ചതുകൊണ്ടാണ്. സഭാതർക്കങ്ങളും വഴക്കുകളും അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഞങ്ങളെ ഓർപ്പിക്കും. "മക്കൾ സഭയ്ക്കുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കണം." അഭിവന്ദ്യ തിരുമേനിയുടെ കല്പനയെ മാനിച്ച് പലപ്പോഴും ഞങ്ങൾ രാത്രിയിൽ ജാഗരണപ്രാർത്ഥന ക്രമീകരിക്കാറുണ്ടായിരുന്നു. രാത്രിയുടെ യാമങ്ങളിൽ ആരുമറിയാതെ സ്വർഗ്ഗീയ പിതാവിന്റെ മുമ്പിൽ സങ്കടങ്ങളും പ്രയാസങ്ങളും പങ്കുവെച്ച് അനുഗ്രഹങ്ങളും ആശ്വാസവും പ്രാപിച്ചിരുന്നതായി പറഞ്ഞിട്ടുണ്ട്.

സഭാമക്കളുടെ സൗകര്യത്തെ മാനിച്ച് ആചാരാനുഷ്ഠാനങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയപ്പോഴും (പെസഹ, ഉയിർപ്പ് പെരുന്നാൾ, ക്രിസ്തുമസ്സ് എന്നീ പെരുന്നാളുകളിലെ സമയമാറ്റം) സന്യാസ ആശ്രമ പള്ളികളിൽ മാറ്റങ്ങൾ വരുത്തുവാനാഗ്രഹിച്ചില്ല. സന്യാസനിയമങ്ങൾ പാലിക്കുന്നതിലും പാലിപ്പിക്കുന്നതിലും വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്നില്ല.

മലബാർ ഭദ്രാസനത്തെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് വീണ്ടെടുത്ത് ത്യാഗം സഹിച്ചും കഷ്ടപ്പെട്ടും ഉയർത്തിയെടുക്കുന്നതിൽ പ്രധാന ശിൽപിയായിരുന്നു തിരുമേനി. മലബാറിലെ ആദ്യകാല പുരോഹിതശ്രേഷ്ഠർ തിരുമേനിയോടൊപ്പം സഭയ്ക്കുവേണ്ടി കഷ്ടതകൾ സഹിച്ചവരാണ്. 18 വർഷക്കാലം യാതൊരു പ്രതിഫലവും വാങ്ങിക്കാതെ അകലങ്ങളിലുള്ള പള്ളികളിൽ, കാടും മലയും കടന്ന് ചാണകംകൊണ്ട് മെഴുകിയ തറയും ഓലഷെഡ്ഡ് മാത്രവുമുള്ള ദേവാലയങ്ങളിൽ പോയി വിശുദ്ധ ബലി അർപ്പിക്കുവാൻ അവർ യാതൊരു മടിയും കാണിച്ചിരുന്നില്ല.

സഭാഭിന്നതകൾ തിരുമേനിയെ വേദനിപ്പിച്ചിരുന്നെങ്കിലും ഓർത്തഡോക്സ് സഭയോടുള്ള വിധേയത്വവും കൂറും സമ്പൂർണ്ണമായിരുന്നു. സഭാതർക്കങ്ങൾ രൂക്ഷമായിരുന്ന അവസരത്തിൽ സുൽത്താൻ ബത്തേരിയിലെ ബഹുമാനപ്പെട്ട മത്തായി നൂറനാൽ അച്ചന്റെ കർമ്മകുശലതയും

നിർദ്ദേശങ്ങളും തിരുമേനിക്ക് ധൈര്യം പകർന്നിരുന്നു. സഭയുടെ കരുത്തനായ പുരോഹിതൻ ഇരുപത് വർഷക്കാലം വികാരിയായി സേവനമനുഷ്ഠിച്ച് എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാന അർപ്പിച്ചിരുന്ന പള്ളി പാത്രിയർക്കീസ് വിഭാഗം കൈയടക്കും എന്ന നില വന്നപ്പോൾ മത്തായി നൂറനാലച്ചനോടൊപ്പം സത്യഗ്രഹമിരിക്കാനും അന്നത്തെ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന തിരുമേനി തയ്യാറായിരുന്നു. പ്രാർത്ഥനയുടെ ഫലമായി പാത്രിയർക്കീസ് വിഭാഗം പിൻമാറുകയും അതിനടുത്തുതന്നെ മറ്റൊരു പള്ളി നിർമ്മിക്കുകയും ചെയ്തു. മാനുഷികമായ കഴിവുകളേക്കാൾ ഉപരിയായി ദൈവത്തിന്റെ ഇടപെടലിന് എപ്പോഴും പ്രാധാന്യം കൊടുത്തിരുന്നു. സഭയുടെ പാരമ്പര്യങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കാതെ ജീവിക്കുന്നതിൽ നിഷ്ഠ പുലർത്തി; പ്രാർത്ഥനാജീവിതത്തിലൂടെ അത്ഭുതങ്ങൾ പ്രാപിച്ചു.

പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനി നല്ല ഒരു അദ്ധ്യാപകനായി, ദയറാ സുപ്പീരിയറായി, ഭദ്രാസന ഭരണകർത്താവായി, ആഗോള മലങ്കര ഓർത്തഡോക്സ് സഭാതലവനായി ദൈവാനുഗ്രഹത്തോടെ സഭയുടെ നന്മയ്ക്കും കെട്ടുറപ്പിനുംവേണ്ടി പ്രയത്നിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറാ തന്റെ സ്വന്തഭവനമായി കരുതി. തോമ്മാ മാർ ദീവന്നാസിയോസ് തിരുമേനിയെ തന്റെ ഗുരുവും പിതാവുമായി സ്നേഹിച്ചിരുന്നതിനാൽ ആ ശ്രേഷ്ഠഗുരുവിന്റെ അടുക്കൽ തന്നെ അന്ത്യവിശ്രമം കൊള്ളണമെന്ന ആഗ്രഹം സഭയെ അറിയിച്ചു. സഭ ആ ആഗ്രഹം സാദ്ധ്യമാക്കിത്തീർത്തു. തെളിമയുള്ള വാക്കും പ്രവൃത്തിയും മാത്രം കൈമുതലാക്കിയ ശ്രേഷ്ഠ ഇടയൻ, ഞങ്ങളുടെ തിരുമേനി അപ്പച്ചൻ, പകർന്നുനൽകിയ മൂല്യങ്ങൾ പരിശുദ്ധ സഭയ്ക്കും, താൻ ഉൾപ്പെട്ട സന്യാസ സന്യാസിനി സമൂഹങ്ങൾക്കും എന്നും മുതൽക്കൂട്ടായിരിക്കട്ടെ.

# മലബാറിന്റെ തീമോത്തിയോസ് തിരുമേനി

## ഫാ. സി. പി. അലക്സാണ്ടർ ചെമ്പകപ്പറമ്പിൽ

"ജീവനേക്കാൾ വലുതാണ് ജീവിതം" എന്നു ഞങ്ങളെ പഠിപ്പിച്ച വലിയ ഗുരു. നാല് പതിറ്റാണ്ട് മലബാറിന്റെ സ്പന്ദനമറിഞ്ഞ് ജീവിച്ച് ഞങ്ങളെ നയിച്ച പിതാവ്. 1966–ൽ അഭിവന്ദ്യ പിതാവ് ഭദ്രാസന ചുമതല ഏൽക്കുമ്പോൾ ഒന്നുമില്ലായ്മയുടെ ഭദ്രാസനമായിരുന്നു മലബാർ. ഓലമേഞ്ഞ പള്ളികൾ ജീർണ്ണാവസ്ഥയിൽ, ഭദ്രാസനത്തിന് ആസ്ഥാനമില്ല, വാഹനമില്ല, പണമില്ല, സഹായിക്കാൻ കഴിയുന്ന ആളുകളുമില്ല. ദൈവാശ്രയം മാത്രം കൈമുതലായുണ്ട്. അവിടെ നിന്നും ഇന്നു കാണുന്ന മലബാർ ഭദ്രാസനത്തിലേക്കുള്ള വളർച്ചയിൽ അഭിവന്ദ്യ പിതാവ് ഏറെ യാതനകളും കഷ്ടതകളും സഹിക്കേണ്ടി വന്നു. ഒഴിഞ്ഞ അവസ്ഥയിലും നിറഞ്ഞ അവസ്ഥയിലും ജീവിതചര്യകൾക്കും പ്രമാണങ്ങൾക്കും ഒരു മാറ്റവുമില്ല. ആശ്രമചിട്ടകൾ കൃത്യമായി പാലിക്കാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. യാമപ്രാർത്ഥനകൾ എവിടെയാണെങ്കിലും, യാത്രയിലാണെങ്കിൽപോലും സമയത്ത് നടത്തിയിരുന്നു. നോമ്പ്, ഉപവാസം, കുമ്പിടീൽ ഇവയ്ക്കെല്ലാം ജീവിതത്തിൽ വലിയ സ്ഥാനം നൽകിയിരുന്നു. ആരാധനയിൽ ആനന്ദം കണ്ടിരുന്ന പിതാവാണ് തീമോത്തിയോസ് തിരുമേനി. ആ കാലഘട്ടത്തിൽ ആരാധനാകാര്യങ്ങളിലെ സഭയിലെ അവസാന വാക്കായിരുന്നു തിരുമേനി. സ്വർഗ്ഗീയ ആരാധനയുടെ കലവറ ഇന്നും ആ പിതാവിന്റെ ശബ്ദവും സ്വരവും ഈണവും അനുകരിച്ച് ആരാധന നടത്തുന്ന വൈദികരുണ്ട്.

ഭദ്രാസനത്തിലെ ഇടവകകളുമായി ഒരു ആത്മബന്ധം തിരുമേനിക്കുണ്ടായിരുന്നു. അവിടുത്തെ കുറവുകൾ സഹിച്ച് ദേവാലയങ്ങളിൽ താമസിച്ച് ആരാധനകൾ നിർവ്വഹിക്കുന്ന പതിവായിരുന്നു തിരുമേനിക്ക്. തലേ ദിവസം പള്ളിയിലെത്തി സന്ധ്യാനമസ്കാരത്തോടെ തുടങ്ങി പിറ്റേ ദിവസം ഉച്ചവരെ അവിടെ കഴിയുന്നതിലൂടെ ഇടവകജനങ്ങളുമായി ഒരു വലിയ ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞു.

മലബാർ ഭദ്രാസനത്തിന്റെ പ്രത്യേകത ഇതൊരു കുടിയേറ്റ ഭദ്രാസനമാണ് എന്നതാണ്. തെക്കുനിന്നും വടക്കുനിന്നും ഉള്ള ആളുകൾ ഇടകലർന്ന് ജീവിക്കുന്ന സ്ഥലമാണ് മലബാർ. വടക്കുനിന്നുമുള്ള (കോട്ടയത്തിന് വടക്ക് എറണാകുളം ജില്ല) ആളുകൾ ധാരാളമുള്ള സ്ഥലങ്ങളാണ് കൂടുതൽ. നാട്ടിൽ യാക്കോബായ ഇടവകകളിൽ അംഗത്വമുള്ള

വരാണ് ഭൂരിഭാഗവും. പക്ഷേ മലബാറിൽ വന്നപ്പോൾ അവരെല്ലാം ഓർത്തഡോക്സുകാരായി. പിന്നീട് യാക്കോബായ പള്ളികൾ സ്ഥാപിച്ച് ഈ ആളുകളെ തിരികെ പിടിക്കാൻ ശ്രമിച്ചപ്പോഴും തിരുമേനിയുമായുള്ള ബന്ധത്താൽ ആളുകളാരും തന്നെ തിരികെ പോയില്ല. അങ്ങനെയുള്ള പശ്ചാത്തലത്തിൽ നിന്നാണ് ഞാനടക്കമുള്ള പല വൈദികരും വന്നിട്ടുള്ളത്.

സഭയുടെ വിശ്വാസകാര്യങ്ങളെക്കുറിച്ചും പാരമ്പര്യങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും ആഴമായ അറിവ് തിരുമേനിയ്ക്കുണ്ടായിരുന്നു. അതൊന്നും നഷ്ടപ്പെടുത്തുവാനോ, തെറ്റിക്കുവാനോ തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. വൈദികർക്ക് ഇവയെല്ലാം ക്രോഡീകരിച്ച ഒരു കൈപുസ്തകം നൽകിയിരുന്നു. ഇന്നും അതൊരു മാർഗ്ഗരേഖയായി വൈദികർ കരുതിവരുന്നു. കൂടെ ജീവിച്ച ശെമ്മാശ്ശന്മാർക്കും വൈദികർക്കും ഓർത്തഡോക്സ് ആരാധനയെക്കുറിച്ചും പാരമ്പര്യങ്ങളെക്കുറിച്ചും ഒരു സംശയത്തിന് ഇടയുണ്ടാകാൻ സാധ്യതയില്ല.

മൗനം ആചരിക്കുന്നവനാണല്ലോ മുനി. തിരുമനസ്സ് ഒരു യഥാർത്ഥ മുനിയായിരുന്നു. വളരെ കുറച്ച് മാത്രം സംസാരിക്കുന്ന പ്രകൃതം. മറ്റുള്ളവരുടെ അനാവശ്യ സംസാരങ്ങൾ കേൾക്കാനും താല്പര്യമില്ലായിരുന്നു. വൈദികരെ സ്നേഹിക്കുകയും ശാസിക്കുകയും ചെയ്യുന്ന പ്രകൃതം. മറ്റുള്ളവരുടെ മുമ്പിൽ വൈദികരെ ഉയർത്തികാട്ടുകയും, രഹസ്യമായി ശാസിക്കുകയും ചെയ്യുന്നതായിരുന്നു തിരുമേനിയുടെ ശൈലി. അരമനയിൽ വരുന്ന എല്ലാവർക്കും അവിടെയുള്ളതിന്റെ ഓഹരി നൽകണമെന്നത് നിർബ്ബന്ധമായിരുന്നു. അതിന്നും തുടർന്നു വരുന്നു.

ഒന്നുമില്ലായ്മയുടെ കാലത്ത് കൂടെ നിന്നിരുന്ന വൈദികരെ സംബന്ധിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും തിരുമേനിയുടെ പ്രാർത്ഥനയും അനുഗ്രഹങ്ങളും അവരോടൊപ്പം ഉണ്ടെന്നുള്ളത് അവർക്ക് വലിയ ആശ്വാസവും വിശ്വാസവും ആയിരുന്നു. മലബാർ ഭദ്രാസനത്തെ ഒരു മാതൃകാ ഭദ്രാസനമാക്കി മാറ്റാൻ പിതാവിനു സാധിച്ചു. അച്ചടക്കത്തിലും സഭയോടുള്ള ബന്ധത്തിലും, പിതാക്കന്മാരോടുള്ള അനുസരണത്തിലും മലബാർ മാതൃകാ ഭദ്രാസനമായി.

സഭയുടെ പരമോന്നതസ്ഥാനമായ പരിശുദ്ധ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി സഭയെ നയിച്ചപ്പോഴും പരിശുദ്ധ പിതാവ് മലബാർ ഭദ്രാസനത്തേയും മലബാറിലെ വൈദികരേയും ജനങ്ങളേയും മറക്കാതെ തന്റെ മനസ്സിലും ഹൃദയത്തിലും നിറച്ചുവച്ചിരുന്നു.

പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത എന്നും കാവലായിരിക്കട്ടെ.

# ഗതകാല സ്മൃതികളിലൂടെ...

## സിസ്റ്റർ രൂത്ത്

(മദർ സുപ്പീരിയർ, മൗണ്ട് താബോർ കോൺവെന്റ്)

തോമസ് മാർ തീമോത്തിയോസ് തിരുമേനി മലബാർ ഭദ്രാസനാധിപനായി പ്രവർത്തിക്കുമ്പോൾ 1967 ജനുവരി ആദ്യആഴ്ചയിൽ ഓഞ്ഞിൽ ഗ്രാമത്തിലേക്ക് ആദ്യമായി എഴുന്നള്ളി. മാർ യൂഹാനോൻ മംദാനയുടെ നാമത്തിലുള്ള ഞങ്ങളുടെ ഇടവക ദേവാലയത്തിൽ ആ പരിശുദ്ധന്റെ പെരുന്നാൾ ഭക്ത്യാദരപൂർവ്വം കൊണ്ടാടപ്പെടുകയായിരുന്നു. പെരുന്നാളിനു ശേഷം തിരുമേനിയെ കാണുന്നതിനായി ഞങ്ങൾ ചെന്നു. അഭിവന്ദ്യ പിതാവിന്റെ കൈമുത്തി അനുഗ്രഹം വാങ്ങുവാൻ ചെന്ന എനിക്ക് ആ രൂപം ഒരു പുതിയ ചിത്രമായിരുന്നു. ജീവിതത്തിൽ ഒരു തിരുമേനിയെ മാത്രമേ എന്റെ ഓർമ്മയിലുള്ളു; അത് കൊരട്ടി മലബാർ ഭദ്രാസനാധിപനായിരുന്ന കാലംചെയ്ത അഭിവന്ദ്യ പൗലോസ് മാർ സേവേറിയോസ് തിരുമേനിയായിരുന്നു. എന്റെ അപ്പച്ചന് ആ പിതാവുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നതിനാൽ ഇടയ്ക്കൊക്കെ കൊരട്ടി അരമനയിൽ പോകും. അവിടെനിന്നു കൊണ്ടുവരുന്ന മാമ്പഴങ്ങൾ മധുരമുള്ള ഓർമ്മകളാണ്. ഒരിക്കൽ ചെന്നപ്പോൾ അഭിവന്ദ്യ പിതാവ് സ്വർണ്ണനിറമുള്ള ഫ്രെയിം ചെയ്ത ഒരു ഫോട്ടോ എന്റെ പിതാവിനു സമ്മാനിച്ചത് ഇന്നും ഭക്ത്യാദരവോടെ ഞങ്ങളുടെ ഭവനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ദൈവിക തേജസ്സുള്ള ആ സുന്ദരമുഖം ആരെയും ആകർഷിക്കുന്നതായിരുന്നു. ആ ഒരു ചിത്രവും മനസ്സിൽ പേറിയാണ് ഞാൻ തീമോത്തിയോസ് തിരുമേനിയെ കാണാൻ ചെല്ലുന്നത്.

വളരെ വിസ്തൃതമായ മലബാർ ഭദ്രാസനത്തിൽ ആരാധനയ്ക്ക് സൗകര്യമില്ലാത്ത അനേകസ്ഥലങ്ങളിൽ പള്ളികൾ പണിയുന്നതിനും ആ പ്രദേശത്തിന് ആവശ്യമായ ആത്മീയ പ്രവർത്തനങ്ങൾ നടത്തുന്നതിനും പരിശുദ്ധ പിതാവ് അഹോരാത്രം പ്രവർത്തിച്ചു. അതോടൊപ്പം തന്നെ തന്റെ ആത്മീയഭവനമായ ദയറായിലേക്കും മഠത്തിലേക്കും ആവശ്യമായ മക്കളെ സന്യാസജീവിതത്തിലേക്കു ആകർഷിച്ചിരുന്നു. തിരുമേനിയെ ആദ്യമായി കാണുവാൻ ചെന്നപ്പോൾ തന്നെ പത്തനാപുരം, ദയറായെപ്പറ്റിയും, മഠത്തെപ്പറ്റിയും സംസാരിച്ചു. 'മഠജീവിതം ഇഷ്ടമാണോ' എന്നു എന്നെ കണ്ടമാത്രയിൽ ചോദിച്ചപ്പോൾ രണ്ടാമതൊന്നാലോചിക്കാതെ ഞാൻ സമ്മതം മൂളുകയായിരുന്നു. റോമൻ കത്തോലിക്കാ കോൺവെന്റ് സ്കൂളിൽ പഠിച്ച എനിക്ക് അവരോട് അടുത്ത ബന്ധമുണ്ടായിരുന്നു. എന്നാൽ ഓർത്തഡോക്സ് സഭയിൽ സിസ്റ്റേഴ്സ് ഉണ്ടെന്നുള്ളത് എനിക്ക് ഒരു പുതിയ അറിവായിരുന്നു.

ആ വർഷം തന്നെ ഇടവക വികാരിയായിരുന്ന ബഹുമാനപ്പെട്ട കെ. ജി. തോമസച്ചന്റേയും കോഴിക്കോട് കത്തീഡ്രൽ വികാരി, ദിവംഗതനായ ബഹുമാനപ്പെട്ട റ്റി. സി. മത്തായി അച്ചന്റേയും അനുഗ്രഹാശിസ്സുകളോടെയാണ് ഞാൻ പത്തനാപുരത്തേക്ക് വരുന്നത്. ത്യാഗത്തിന്റേതായ ഒരു പുതിയ ലോകത്തെത്തി പകച്ചുനിൽക്കുന്ന എനിക്ക് അപരിചിതമായ ഈ ലോകത്ത് പരിചിതമായ ഒരു മുഖം മാത്രമേയുണ്ടായിരുന്നുള്ളു; അഭി. തീമോത്തിയോസ് തിരുമേനി. ഇടയ്ക്കിടയ്ക്ക് പത്തനാപുരത്തേക്ക് വരുന്ന പിതാവിനെ കാണുമ്പോൾ എന്തെന്നില്ലാത്ത സന്തോഷമായിരുന്നു. ഓരോ തവണയും ദയറാ ജീവിതത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയും, നിയമങ്ങൾ പാലിക്കുന്നതിനെക്കുറിച്ചും എല്ലാ ആത്മീയ പ്രചോദനവും ഉപദേശങ്ങളും തന്നിരുന്നു. ഒരിക്കൽ പാമ്പാക്കുട നമസ്കാരപുസ്തകം തന്നിട്ട് മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നിരന്തരം ചൊല്ലണമെന്ന് കല്പിച്ചു. അതിന്റെ അനുഗ്രഹങ്ങൾ ഇന്നും എന്റെ ജീവിതത്തിൽ അനുഭവിച്ചറിയുന്നുണ്ട്.

സുൽത്താൻ ബത്തേരി ഭദ്രാസനം, അന്ന് മലബാർ ഭദ്രാസനത്തിൽപ്പെട്ടതായിരുന്നു. വയനാടൻ കാറ്റും അതിന്റെ പ്രകൃതിസൗന്ദര്യവും തിരുമേനിക്ക് എന്നും ഹരമായിരുന്നു. ചുരം കയറിയാൽ ദിവസങ്ങളോളം അവിടെ താമസിച്ചിട്ടേ പോകയുള്ളു. ഞങ്ങൾ രണ്ടു സിസ്റ്റേഴ്സ് ബത്തേരി സെന്റ് മേരീസ് കോളജിൽ പഠിക്കുന്ന കാലത്ത് തിരുമേനി അവിടെ വരുമ്പോൾ ക്ലാസ് കഴിഞ്ഞ് ഞങ്ങൾ കാണാൻ പോകുമായിരുന്നു. മലബാർ ഭദ്രാസനശിൽപി എന്നു വിശേഷിപ്പിക്കുന്ന ബഹുമാനപ്പെട്ട മത്തായി നൂറനാൽ അച്ചനും അവിടെയുണ്ടാകും. അന്നത്തെ തിരുമേനിയുടെ ഒരു കൊച്ചു തമാശ ഞാനിപ്പോഴും ഓർക്കുന്നു. പിതാക്കന്മാരുടെ അടുത്ത് ചെല്ലുമ്പോൾ കൈമുത്തുന്നത് നമ്മുടെ ഒരു പാരമ്പര്യമാണല്ലോ. കൊച്ചുകുട്ടികൾക്ക് അവർക്ക് ഇഷ്ടപ്പെട്ട സാധനം കാണിച്ച് അവരടുത്തു വരുമ്പോൾ കൈവലിച്ച് കൊടുക്കാതെ കളിപ്പിക്കുന്നതുപോലെ, തിരുമേനിയുടെ കൈമുത്താൻ അടുത്തു ചെല്ലുമ്പോൾ കൈ പിറകിൽ കെട്ടും. വീണ്ടും കൈ മുത്താൻ കൈ നീട്ടും. അടുത്തു വരുമ്പോൾ പഴയപടി. പിന്നീട് കൈ മുത്തിക്കും. അതൊക്കെ സന്തോഷങ്ങൾ നൽകുന്ന ഓർമ്മകൾ.

അക്കാലത്ത് ബത്തേരി പള്ളിയിൽ ഗായകസംഘം രൂപീകരിക്കുന്നതിനും ക്വയർമാസ്റ്റർക്കും കുട്ടികൾക്കും ഒപ്പം ഏറെ സമയം ചെലവഴിക്കുന്നതിനും താൽപര്യം കാണിച്ചിരുന്നു. ദൈവം കനിഞ്ഞരുളിയ തിരുമേനിയുടെ ആ സ്വർഗ്ഗീയനാദം കുറെക്കൂടി മനോഹരമാക്കാൻ പിതാവിനു കഴിഞ്ഞിരുന്നു. മനുഷ്യനെ കരുതുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ തന്നെ പ്രകൃതിയേയും മണ്ണിനേയും പക്ഷിമൃഗാദികളേയും ഇഷ്ട

പ്പെടുകയും പരിപാലിക്കുകയും ചെയ്തിരുന്നു. വയനാട്ടിൽ, മേപ്പാടി എന്ന സ്ഥലത്ത് മഠത്തിന്റെ ശാഖ പ്രവർത്തിക്കുന്നുണ്ട്. അഭിവന്ദ്യ തിരുമേനി വിശ്രമത്തിനായി അവിടെയെത്തുമ്പോൾ അവിടെ വളർത്തുന്ന മൈന ക്കുട്ടിയോട് ഏറെനേരം സംസാരിക്കുന്നതിനും താൽപര്യം കാണിച്ചി രുന്നു. അതുപോലെ തന്നെ തന്റെ മക്കളായ ഞങ്ങളേയും ഏറെ സ്നേഹിച്ചിരുന്ന ഒരു വാത്സല്യപിതാവായിരുന്നു. ഒരിക്കൽ ഞാൻ മേപ്പാ ടിയിൽ പഠിപ്പിക്കുന്ന കാലത്ത്, മുട്ടിനു വേദനയായി ആശുപത്രിയിൽ പോയി; വണ്ടിയും മറ്റുമില്ലാത്ത ആ കാലത്ത് എസ്റ്റേറ്റ് ആശുപത്രിയി ലേക്ക് നടന്നാണ് പോയിരുന്നത്. അവിചാരിതമായി അവിടെയെത്തിയ തിരുമനസ്സ് എന്റെ രോഗവിവരം മനസ്സിലാക്കി, ചികിത്സയ്ക്കാവശ്യമായ പണവും നൽകി; ഒപ്പം ഒരു ഉപദേശവും. പത്തനാപുരത്ത് വരുമ്പോൾ കലയനാടുള്ള വൈദ്യനെ കാണിക്കണം, പണം ഞാൻ തന്നോളാമെന്ന്. ആ കരുതലും സ്നേഹവും വളരെ വലുതായിരുന്നു. അതൊക്കെ ഒരു നൊമ്പരമായി മനസ്സിൽ നിൽക്കുന്നു. സ്നേഹത്തോടൊപ്പം തന്നെ ആവ ശ്യമായ ശാസനയും ശിക്ഷണവും നൽകിയാണ് വളർത്തിയിരുന്നത്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന കാലത്ത് കൃത്യമായി കത്തെ ഴുതണം. അതിനെല്ലാം മറുപടി അയയ്ക്കും. ദയറാജീവിതത്തിന്റെ നിയ മങ്ങളെക്കുറിച്ച് എപ്പോഴും ഓർമ്മപ്പെടുത്തും. ഞാൻ പി. ജി. ചെയ്യുന്ന കാലത്ത് text paper കഴിഞ്ഞു, നല്ല മാർക്കുണ്ട് എന്ന് കത്തിലെഴുതിയ പ്പോൾ മറുപടിയിൽ ‘test paper’ ആണ് എന്ന് എഴുതുമ്പോൾ ശ്രദ്ധി ക്കണം എന്നോർമ്മപ്പെടുത്തി. ചെറിയ തെറ്റുകൾ പോലും ചൂണ്ടിക്കാ ണിച്ച് തിരുത്തുവാൻ പിതാവ് ശ്രദ്ധിച്ചിരുന്നു.

എന്നെ വളരെയധികം സ്പർശിച്ച ഒരു സംഭവമാണ് എന്റെ ഇടവക പള്ളിയിലേക്ക് തിരുമേനി എഴുന്നള്ളിയ ഒരു ദിവസം. വി. കുർബ്ബാനയും പരിപാടികളും കഴിഞ്ഞ് വിശ്രമിക്കുമ്പോൾ ഞങ്ങൾ അവിടെ ചെന്നു. എന്നെ കണ്ടപ്പോൾ ‘മോള് പൊയ്ക്കോ, പോകുന്ന വഴി ഞാൻ വീട്ടി ലേക്ക് വരാം’ എന്നു പറഞ്ഞു. കുറെനേരം കാത്തിരുന്നപ്പോൾ ഒരു കാർ നിർത്താതെ കയറ്റം കയറി പോകുന്നതു കണ്ടു. എന്നാലും തിരുമേനി വീട്ടിൽ കയറാതെ പോയല്ലോ എന്നോർത്തു വിഷമിച്ചു നിൽക്കുമ്പോൾ, നടന്നുവരുന്ന തിരുമേനിയെ കാണാനിടയായി. കുരിശുപള്ളിയുടെ മുമ്പിൽ എത്തിയപ്പോഴാണ് തിരുമേനി വീട്ടിൽ വരുന്ന കാര്യമോർത്തത്. പിന്നീട് വണ്ടി അവിടെ നിർത്തിയിട്ട് നടന്നു വരികയായിരുന്നു. വീട്ടിൽ നിന്ന് പ്രാർത്ഥിച്ച് ഇറങ്ങുമ്പോൾ തിരിഞ്ഞ് ശെമ്മാശ്ശനോട് പറഞ്ഞു. ‘ആ ഞാലിപൂവൻപഴം പൊതിഞ്ഞെടുത്തോ, വഴിക്കു കഴിയ്ക്കാം.’ അത്രയ്ക്കു ഹൃദയപരമായി ഞങ്ങളോട് അടുപ്പവും സ്നേഹവും സൂക്ഷിച്ച തിരുമനസ്സാണ് പിതാവ്. അങ്ങനെ ഒരുപാട് അനുഭവങ്ങൾ

ഉണ്ട്. ആ ദിവ്യചൈതന്യം എനിക്കെന്നും വഴികാട്ടിയാണ്. പരിശുദ്ധ പിതാവിന്റെ ദീപ്തമായ ഓർമ്മയ്ക്കു മുമ്പിൽ എന്റെ ശിരസ്സു നമിക്കുന്നു. അവിടുത്തെ പാദാന്തികത്തിൽ ഈ എളിയ മകളുടെ ബാഷ്പാഞ്ജലികൾ കാണിക്കയായി സമർപ്പിക്കുന്നു!

പരിശുദ്ധ പിതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# സ്വർഗ്ഗീയ ഗാനസുധയുടെ അനശ്വരഗായകൻ

## ഡോ. പീറ്റർ മാത്യു കല്ലുംപുറത്ത് കടവിൽ

മൗണ്ട് താബോർ പ്രസ്ഥാനങ്ങളുമായുള്ള എന്റെ ബന്ധത്തിന്റെ ഈടുറ്റ അടിത്തറ ഭാഗ്യസ്മരണാർഹനായ വലിയ പിതാവ് തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയിൽ തുടങ്ങുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹ വാക്കുകളാൽ 1963-ൽ സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഏഴാം സ്റ്റാന്റേർഡിൽ വിദ്യാർത്ഥിയാകുവാൻ ഇടയായി. പുണ്യശ്ലോകനായ പിതാവിനെ ഭക്തിയാദരവോടെ സ്മരിക്കുകയും മദ്ധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുന്നു.

സെന്റ് സ്റ്റീഫൻസ് ബോർഡിംഗ് ഹോമിലെ അച്ചടക്കവും, സമയബന്ധിതവും ചിട്ടയുള്ളതുമായ ജീവിതക്രമം സമഗ്രവ്യക്തിത്വ വികസനത്തിന്റെ അടിത്തറകളായ - 'ആത്മീയ-ബൗദ്ധിക-കായിക' തലങ്ങളെ പരിപോഷിപ്പിക്കുംവിധം; പ്രാർത്ഥനയും, പഠനവും, കളികളും സമന്വയിപ്പിച്ചതായിരുന്നു.

സെന്റ് സ്റ്റീഫൻസ് ബോർഡിങ്ങും, സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളും, മൗണ്ട് താബോർ ആശ്രമവും അദമ്യവും, അഭേദ്യവുമായി എന്റെ വ്യക്തി-കുടുംബ-ഔദ്യോഗിക ജീവിതത്തെ സ്വാധീനിച്ചു.

സ്കൂൾ, കോളജ് പഠനങ്ങൾക്കുശേഷം അദ്ധ്യാപക-വിദ്യാർത്ഥിയായ മൗണ്ട് താബോർ ട്രെയിനിംഗ് കോളജിൽ പഠനവും തുടർപഠനവും അതിനുശേഷം ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായി മൗണ്ട് താബോർ ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനും പിൽക്കാലത്ത് കോളജിന്റെ പ്രിൻസിപ്പാളും ആകുവാൻ കഴിഞ്ഞത് ദൈവനിയോഗമെന്ന് വിശ്വസിക്കുന്നു.

താബോർ സ്ഥാപനങ്ങളുമായുള്ള ബന്ധത്തിൽ എന്നെ സ്വാധീനിച്ച വ്യക്തിത്വങ്ങൾ അനേകരെങ്കിലും പരിശുദ്ധ ബസേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ വേറിട്ട് നിൽക്കുന്ന മഹാവ്യക്തിത്വമാണ്. കല്ലുംപുറത്ത് കെ. കെ. ഫിലിപ്പ് സാറിനെ തുടർന്ന് സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സ്ഥാനം അലങ്കരിച്ച സി. റ്റി. തോമസ് അച്ചൻ സ്കൂളിൽ നിന്ന് വിടപറഞ്ഞ് സെന്റ് സ്റ്റീഫൻസ് കോളജിലെ ഇംഗ്ലീഷ് വകുപ്പ് അദ്ധ്യക്ഷനും, ആത്മീയ പിതാവായ ദീവന്നാസ്യോസ് തിരുമേനിയുടെ പിൻഗാമിയായി മേൽപ്പട്ടസ്ഥാനത്തേക്കുയർത്തുന്നതിന് ആരം

ഭമായ പൂർണ്ണസന്യാസിപട്ടം (റമ്പാൻ സ്ഥാനം) സ്വീകരിക്കുന്നതും ഈ കാലഘട്ടത്തിലാണ്. നോമ്പും, ഉപവാസവും, പ്രാർത്ഥനയും നിരന്തര മായ ആത്മവിശുദ്ധിയുടെ തപസ്യയിൽ ഉരുക്കിയെടുത്ത പത്തരമാറ്റുള്ള ജീവിതത്തെയാണ് 'തോമസ് റമ്പാനിൽ' കാണുവാൻ കഴിഞ്ഞത്. യാമ പ്രാർത്ഥനകളും, നിത്യനമസ്കാരവും, കുർബ്ബാനാർപ്പണവും ആ വ്യക്തി ത്വത്തിന്റെ തിളക്കത്തെ പ്രോജ്ജ്വലമാക്കി.

ബോർഡിംഗ് ഹോമിലെ വിദ്യാർത്ഥികളോട് അദ്ദേഹത്തിന് വാത്സല്യ മായിരുന്നു. ശനിയാഴ്ച വൈകുന്നേരം ഞങ്ങളെ പെരുന്നാൾ ശുശ്രൂഷ ഗീതങ്ങൾ, സുറിയാനി ഗീതങ്ങൾ മലയാളത്തിൽ സ്വന്തം കൈപ്പടയിൽ എഴുതി, സൈക്ലോസ്റ്റൈൽ പ്രിന്റ് എടുത്തുതന്ന് ഞായറാഴ്ച ശുശ്രൂഷ കളിൽ പങ്കാളികളാകാൻ പഠിപ്പിച്ചിരുന്നു. ശുഭ്രവസ്ത്രധാരികളായ ബോർഡിങ്ങിലെ ഗായകസംഘവും (choir) സെന്റ് സ്റ്റീഫൻസ് ദയറാ യിലെ അംഗങ്ങളും (Brothers) മൗണ്ട് താബോർ മഠത്തിലെ അംഗങ്ങളും (Sisters) കൂടി ചേർന്ന ഒരു അലൗകിക സ്വർഗ്ഗീയ അനുഭൂതി അനുഭവ വേദ്യമാക്കിയ നിമിഷങ്ങളായിരുന്നു അത്. ആ സ്വർഗ്ഗീയഗാനസുധയുടെ അവാച്യമായ അനുഭൂതി സ്വരമാധുര്യമാർന്ന തോമസ് റമ്പാന്റെ ബലി യർപ്പണത്തിൽ (കുർബ്ബാനയിൽ) അനുഭവിച്ചിരുന്നത് ഒളിമങ്ങാത്ത ജീവി താനുഭവമാണ്.

തോമസ് റമ്പാനെ തോമസ് മാർ തീമോത്തിയോസ് എന്ന നാമധേയ ത്തിൽ പരിശുദ്ധസഭ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. കോലഞ്ചേരി യിൽ വച്ച് നടന്ന ശുശ്രൂഷകളിൽ യാത്രാക്ലേശം മൂലം സ്കൂൾ വിദ്യാർ ത്ഥികളെ കൊണ്ടുപോകുവാൻ തയ്യാറായിരുന്നില്ല. എങ്കിലും വിദ്യാർത്ഥി പ്രതിനിധിയായി എനിക്ക് പങ്കെടുക്കുവാൻ കഴിഞ്ഞു. അതിനുശേഷം പത്തനാപുരത്ത് നടന്ന പ്രൗഢഗംഭീരമായ സ്വീകരണയോഗത്തിൽ ആത്മീയ പിതാവായ ദീവന്നാസ്യോസ് തിരുമേനിയുടെ പുത്രവാത്സല്യ ത്തോടു കൂടിയ ചുംബനാശ്ലേഷം പ്രിയ ശിഷ്യൻ വിനയപൂർവ്വം ഏറ്റു വാങ്ങിയ വൈകാരികമായ രംഗം മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു. മേൽപ്പട്ട സ്ഥാനലബ്ധിക്കുശേഷം എന്റെ മാതൃഇടവക (കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് മഹാഇടവക) അദ്ദേഹത്തിന് സ്വീകരണം നൽകി. അന്നു നടന്ന സ്വർഗ്ഗീയ സൗന്ദര്യം തുളുമ്പിയ വിശുദ്ധ കുർബ്ബാനയിൽ വന്ദ്യപിതാവിനോടൊപ്പം മദ്ബഹായിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഭാഗ്യ മായി കരുതുന്നു.

1972 ഡിസംബർ 3-ന് വലിയ തിരുമേനിയുടെ ദേഹവിയോഗം തീമോ ത്തിയോസ് തിരുമേനിയെ ദുഃഖിതനാക്കി. തുടർന്ന് ദയറാപ്രസ്ഥാനങ്ങ ളുടെയും സ്ഥാപനങ്ങളുടെയും സാരഥ്യം മലബാർ ഭദ്രാസനാധിപനാ

യിരിക്കെ അദ്ദേഹം ഏറ്റെടുത്തു. തന്നെ ഭരമേല്പിച്ച ഉത്തരവാദിത്ത ങ്ങളും കർത്തവ്യങ്ങളും അർത്ഥശങ്കയ്ക്കിടയില്ലാതെ സ്തുത്യർഹമായി അദ്ദേഹം നിറവേറ്റി. തികഞ്ഞ സന്യാസിവര്യനായ പിതാവിൽ, അടിയു റച്ച ദൈവവിശ്വാസം, പരിപൂർണ്ണമായ സമർപ്പണം, പ്രാർത്ഥനാനിരത മായ ജീവിതം, നിറഞ്ഞ ഗുരുഭക്തി, സഭയോടും, സഭാമക്കളോടും, സമ സൃഷ്ടികളോടുമുള്ള കരുതൽ എന്നീ സത്ഗുണങ്ങൾ വിളങ്ങി ശോഭി ച്ചിരുന്നു.

എന്റെ ഭാര്യയുടെ മാതാപിതാക്കളായ ഫിലിപ്പ് സാറിനോടും അക്കാമ്മ ഡോക്ടറോടും ഉണ്ടായിരുന്ന നിർവ്യാജമായ സ്നേഹവും കരു തലും എന്റെ കുടുംബത്തോടുള്ള വാത്സല്യമായി ഉള്ളിന്റെ ഉള്ളിൽ അദ്ദേഹം കരുതിയിരുന്നു. സ്ഥാപനങ്ങളുടെ മാനേജർ ആയിരിക്കുമ്പോൾ എനിക്കും, മറിയാമ്മ ഫിലിപ്പിനും ജോലി നൽകി അനുഗ്രഹിച്ചു. മൗണ്ട് താബോർ ട്രെയിനിംഗ് കോളജിന്റെ പ്രിൻസിപ്പാളായപ്പോൾ അതിരറ്റ വാത്സല്യത്താൽ എന്നെ അനുഗ്രഹിച്ചു പറഞ്ഞു: “പീറ്ററിന്റെ കാലഘട്ടം അനുഗ്രഹിക്കപ്പെട്ടതായിരിക്കും.” “അപ്പച്ചന്റെ പ്രാർത്ഥനയും അനുഗ്ര ഹവും എപ്പോഴും വേണം” ഞാൻ പറഞ്ഞു; “അതെപ്പോഴുമുണ്ടായി രിക്കും” എന്ന് അദ്ദേഹം കല്പിച്ചത്, അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യ മായി പരിണമിച്ചു എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

സമകാലിക പ്രതിസന്ധികളുടെ കാറ്റിലും കോളിലും തളർന്നു പോകാതെ മലങ്കരസഭയെയും, താബോർ പ്രസ്ഥാനങ്ങളെയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസംരക്ഷിച്ച് മുമ്പോട്ട് നയിച്ച പരിശുദ്ധ പിതാവ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും അതിവിശുദ്ധ സ്ഥലത്ത് വിശുദ്ധന്മാരുടെ സംഘത്തിൽ നിത്യസ്തുതിയായ, സ്വർഗ്ഗീയ ഗാനസുധയുടെ അനശ്വര ഗായകനായി പരിലസിക്കുന്നു. പുണ്യപിതാ വിന്റെ പ്രാർത്ഥന നമുക്ക് നിത്യം കാവലും, കോട്ടയും, സങ്കേതവുമാണ്. ‘പരിശുദ്ധ പിതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!’

# നന്മയുടെ 'കുടമാറ്റം'

## ഫാ. ജേക്കബ് മാത്യു കാരിച്ചാൽ

പ്രശസ്ത ഭൗതികശാസ്ത്രജ്ഞനായ തോമസ് കൂൻ (Thomas Kuhn) രചിച്ച "ശാസ്ത്ര വിപ്ലവങ്ങളുടെ ഘടന" എന്ന ഏറെ ചർച്ച ചെയ്യപ്പെട്ട കൃതിയിലൂടെ പ്രസിദ്ധിയാർജ്ജിച്ച ഒരു സംജ്ഞയാണ് PARADIGM SHIFT. അതിനുള്ള മലയാള അർത്ഥപദം 'കുടമാറ്റം' എന്ന് കണ്ടെത്തി നൽകിയത് വിശ്രുത ദാർശനികനും ദൈവശാസ്ത്രജ്ഞനുമായ ഫാ. ഡോ. കെ. എം. ജോർജ്ജാണ്. അതുകൊണ്ടുതന്നെ മുന്നെഴുതിയ രണ്ട് പ്രശസ്ത വ്യക്തിത്വങ്ങളോട് ആശയത്തിലും വിശദീകരണത്തിലും കട പ്പാടറിയിച്ച്, മഹാസാത്വികനായ ദിദിമോസ് ബാവാ തിരുമേനി പ്രതിനി ധീകരിക്കുന്ന നന്മയുടെ മാറ്റമില്ലാത്ത അനുഭവങ്ങളെക്കുറിച്ച് ചിന്തിക്കാം.

### പാരഡൈം

പാരഡൈം (Paradigm) എന്ന പദത്തിന് 'മാതൃക', 'ഉദാഹരണം' എന്നിങ്ങനെ അർത്ഥം നൽകാം. പരക്കെ അംഗീകാരം ലഭിച്ച ഒരു ആശ യമോ പ്രവർത്തന മാതൃകയോ ആണ് പാരഡൈം. അത് പിൽക്കാല ങ്ങളിൽ ഒരു മാതൃകയായി സ്വീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രം, ആശയഗതി, പ്രവർത്തനം, രീതിശാസ്ത്രം, ലക്ഷ്യം, പാരസ്പര്യം, മൂലധനക്രമീകരണം എന്നിവ നിർണ്ണയിക്കുന്നു.

### ദൈവജനസങ്കല്പം ഒരു പാരഡൈം

പഴയനിയമത്തിൽ, 'ദൈവജനം' എന്ന സങ്കൽപ്പവും 'ഞാൻ നിങ്ങ ൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവും' എന്ന ദൈവ വാഗ്ദാനവും (പുറ. 6:7) ഒരു പാരഡൈം ആണ്. തങ്ങൾ ദൈവജനമാണെന്നും ദൈവ വുമായുള്ള ഉടമ്പടിബന്ധത്തിൽ നിലനിൽക്കുന്നവർ എന്നും, പത്തു കല്പനകളും മറ്റ് നിയമങ്ങളും പാലിക്കുവാൻ നിയോഗിതരെന്ന ബോധ്യവും ഇതിന്റെ തുടർച്ചയാണ്. "എന്റെ ജനത്തെ വിട്ടയപ്പിൻ (പുറ. 5:1) എന്ന വിമോചനത്തിനാധാരമായ ജീവിത മുദ്രാവാക്യം ഈ ഉടമ്പടി മാതൃകയിലെ പ്രധാന ഇനമാണ്.

മിസ്രയീമിലെ 'അടിമജനം' എന്ന മുൻ മാതൃകയിൽ നിന്ന് വ്യക്തവും ദിശാബോധം നൽകിയതുമായ ഒരു കുടമാറ്റ (Paradigm shift) ത്തിലൂടെ യാണ് യിസ്രായേൽ, ദൈവജനസങ്കൽപ്പത്തിലേക്ക് എത്തിച്ചേർന്നത്. ദേശാന്തരിയായ അരാമ്യരായിരുന്നു തങ്ങളുടെ പൂർവ്വികർ എന്നും ചുരുക്കം പേരോടുകൂടി അവർ മിസ്രയീമിലേക്ക് ഇറങ്ങിച്ചെന്ന് അവിടെ

കുടിപാർത്തു എന്നും അവിടെ അവർ പെരുക്കവും വലുപ്പവും അംഗീകാരവുമുള്ള ജനമായി മാറി എന്നും, എന്നാൽ ജോസഫിനെ അറിയാത്ത രാജാക്കന്മാർ മിസ്രയീമിലെ രാജസ്ഥാനത്തേക്ക് വന്നുകഴിഞ്ഞപ്പോൾ ഉണ്ടായ മാതൃകാമാറ്റത്തിലൂടെയാണ് തങ്ങൾ അടിമകളാക്കപ്പെട്ടത് എന്നും അവർ ഓർക്കുമ്പോൾ, അത് വ്യക്തമായ കുടമാറ്റത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയാണ് ഓർമ്മിക്കുന്നത് (ആവ. 26:5-9; പുറ. 1:8). യഹോവ നീട്ടിയ ഭുജത്താലും മഹാവലിയ അത്ഭുത പ്രവർത്തികളാലും തന്റെ ജനത്തെ അടിമവീട്ടിൽ നിന്ന് വിടുവിച്ച് 'പാലും തേനും ഒഴുകുന്നിടത്തേക്ക് കൂട്ടിക്കൊണ്ടു വന്നു' എന്ന് ഓർക്കുന്നത്, ഈ ദശാസന്ധിയിലെ അനർഘനിമിഷങ്ങളെക്കുറിച്ചാണ്. പാരഡൈം പൂർണ്ണമാകുന്നത് തങ്ങളുടെ സ്വപ്നവും പ്രവർത്തനവും ദൈവനിശ്ചയത്തോടൊത്ത് അന്തസ്സോടെ സംഗമിക്കുമ്പോഴാണ്. അടിമജനം, കുടമാറ്റത്തിലൂടെ ദൈവത്തിന്റെ സ്വന്തജനമായത്രെ.

## കുടമാറ്റത്തിന്റെ പ്രതിഫലനങ്ങൾ

ദൈവജനത്തിലേക്കുള്ള കുടമാറ്റത്തിൽ എന്തെല്ലാമാണ് മാതൃകാമാറ്റങ്ങളായി യിസ്രായേൽ ജനത്തിൽ ഉണ്ടായി വന്നത്? ഒന്നാമത്, അവർ/തങ്ങൾ ദൈവജനം എന്ന ബോധ്യത്തിലേക്ക് നയിക്കപ്പെട്ടു. അഥവാ തങ്ങൾ ദൈവത്തിന്റെ സ്വന്തം വക എന്ന ബോധ്യത്തിലേക്ക് അവർ എത്തിച്ചേർന്നു. ഭൂമിയിലുള്ള സകലജാതികളിലും വച്ച് യിസ്രായേൽ യഹോവയ്ക്ക് പ്രത്യേക സമ്പത്തായിരിക്കും (പുറ. 19:5) എന്നത് ഒരേ സമയം ദൈവവാഗ്ദാനവും അതേസമയം അവരുടെ നിറഞ്ഞ ബോധ്യവുമാണ്. പറമ്പും കെട്ടിടവും ആടുമാടുകളും ഒക്കെ ഒരുവന് സമ്പത്തായി കാണുമെങ്കിലും പ്രത്യേക സമ്പത്തായിട്ടുള്ളവ പ്രത്യേക സുരക്ഷിത ഇടങ്ങളിൽ സൂക്ഷിക്കപ്പെടും. ജീവിതത്തിൽ ഇതുപോലെ ചില വ്യക്തികളും, സ്ഥാനങ്ങളും, നിമിഷങ്ങളും, സുന്ദര ഓർമ്മകളും പ്രത്യേക സമ്പത്തായി മനുഷ്യർ സൂക്ഷിക്കാറുണ്ടല്ലോ.

പ. ദിദിമോസ് ഒന്നാമൻ ബാവാ തിരുമേനി ബാലനായി പത്തനാപുരത്തേക്ക് ആകർഷിക്കപ്പെട്ടതുതന്നെ പ്രത്യേക സമ്പത്ത് എന്ന ബോധ്യത്തിലാണ്. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കും ശിഷ്യനായ സി. റ്റി. തോമസിനും അത് പ്രിയതര ബോധ്യം തന്നെയായിരുന്നു. തങ്ങൾക്കുള്ള പ്രാഗത്ഭ്യങ്ങളോ, വലുപ്പമോ, പെരുക്കമോ, നന്മയോ മറ്റു ഗുണവിശേഷങ്ങളോ അല്ല ദൈവജനമായുള്ള തെരഞ്ഞെടുപ്പിനു ആധാരം എന്നും മറിച്ച് ദൈവസ്നേഹം ഒന്നുമാത്രം എന്നുമുള്ള യിസ്രായേലിന്റെ ബോധ്യമാണ് (ആവ. 7:6-8) സ്മര്യപുരുഷനെ സ്വാധീനിച്ചത് എന്ന് സ്പഷ്ടം.

എന്നാൽ അവർ എത്ര പ്രാഗത്ഭ്യം നേടിയ അദ്ധ്യാപകരും സാമൂഹിക സാംസ്കാരിക നേതാക്കളും ഉൽപ്പതിഷ്ണുക്കളും അതിലേറെ ദൈവഭക്തരും ആയിരുന്നു! കാട്ടുപത്തനാപുരത്തെ ഇന്നത്തെ നാടാക്കിത്തീർക്കുന്നതിലും സഭയുടെ കൊമ്പ് ഉയരത്തക്കരീതിയിൽ മലബാർ ഭദ്രാസനത്തെയും സഭയെയും ഉയർത്തുന്നതിലും ദൈവജനബോധ്യത്തിലും ഒരു പ്രത്യേക ഇടത്തെ ദൈവത്തിന്റെ വക (Special possession of the Lord on a particular place - ഇടവക) എന്ന ആഭിജാത്യത്തിലും തന്റെ ജനത്തെ നയിക്കുവാനും അവർക്ക് സാധിച്ചു.

രണ്ടാമത്, ദൈവജനത്തിന്റെ ചുമതല എന്ത് എന്നുള്ളതും താദൃശ കുടമാറ്റത്തിൽ വരുന്ന ഒരു പ്രധാന കാര്യമാണ്; ദൈവജനം ആരാധിക്കുന്ന ജനമായിരിക്കണം. 'നിങ്ങൾ എന്നെ ആരാധിക്കുമ്പോൾ ഞാൻ നിങ്ങളെ വിളിച്ചു എന്നതിന്റെ അടയാളമാകും' (പുറ. 8:12) എന്നു പ്രഖ്യാപിക്കുമ്പോൾ ആരാധന ദൈവജനത്തിന്റെ ചുമതലയിലെ മുഖ്യഇനമായി വരുന്നു. ആരാധനയിൽ ലയിച്ചുചേർന്ന് നിൽക്കുക, അത് ഇമ്പകരമായും കൃത്യമായും നിഷ്ഠയോടെ നിർവഹിക്കുക ഇവയെല്ലാം ദിദിമോസ് ഒന്നാമൻ ബാവായ്ക്ക് വരമായി ലഭിച്ചവ തന്നെ. ദൈവം ഒരുവനോട് 'മകനെ നിനക്കിതിരിക്കട്ടെ എന്ന് കല്പിച്ചാൽ, അത് ഇരിപ്പതു തന്നെ.' അദ്ദേഹത്തിന്റെ ഗുരുവിനും അദ്ദേഹത്തിന്റെ ഔരസപുത്രനും അത് തികവോടെ ലഭിച്ചിരിക്കുന്നതായി തെളിഞ്ഞും നിൽക്കുന്നു. ആരാധിക്കുന്ന കൂട്ടത്തെ ഒപ്പം കൊണ്ടുപോകുന്ന ആരാധനാനേതൃത്വം ദൈവജനത്തെ നയിക്കുക മാത്രമല്ല, മോശയെപ്പോലെ ഒപ്പംചേർത്ത് കൊണ്ടുപോകുകയാണ്; അതിലേറെ ഒപ്പം പ്രവേശിക്കുകയാണ്. ആ യാത്രയുടെ ഒരു പ്രത്യേക ഘട്ടത്തിൽ അവർക്കു മുമ്പെയും അവർക്കൊപ്പവും മോശയുടെ നേതൃത്വത്തെ യോശുവയുടെ നേതൃത്വത്തിലേക്ക് പകർന്നനുഭവിക്കുകയാണ്. നയിച്ച് പിൻമാറുക മാത്രമല്ല, നയിച്ച് കനാനിൽ പ്രവേശിക്കുക തന്നെ ചെയ്തു ഈ പിതാവ്.

ദൈവജനമെന്ന മാതൃകയിൽ മൂന്നാമത് ഉൾക്കൊള്ളുന്നത്, വിമോചനം ജീവിതത്തിലൂടനീളം തുടരാനാവുംവിധം ദൈവജനം പ്രമാണങ്ങളോടൊത്തു ജീവിക്കുക എന്നുള്ളതാണ്. കല്പനകൾ പ്രമാണിക്കുക, അവ തലമുറയെ ഓർപ്പിക്കുക, സ്വയം കണ്ണുകൾക്കു മദ്ധ്യേ പട്ടമായി സൂക്ഷിക്കുക എന്നെല്ലാം തർജ്ജനം നൽകുമ്പോൾ, ദൈവജനം പ്രമാണങ്ങളാൽ നയിക്കപ്പെടുകയും അതിൽ ജീവിക്കുകയും ചെയ്യേണ്ടവർ എന്നു വരുന്നു. 'ഗുരുവെ, ജീവനാണോ ജീവിതമാണോ വലുത്' എന്ന ഉപകഥയിലെ ചോദ്യവും 'ജീവിതം തന്നെ' എന്ന ഉത്തരവും വന്ദ്യ തിരുമേനി ഏറെ ആവർത്തിച്ച് ഓർപ്പിച്ച ഒരു കാര്യമാണ്. ആ വർത്തനം വിരസതയും വെറുപ്പും ഉളവാക്കിയേക്കാം; എന്നാൽ അതുണർത്തുന്ന പ്രധാ

നചിന്ത തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ജീവിതം ഏറെ പ്രാധാന്യമുള്ളതായും അതിലെ നടപ്പ് പ്രമാണ ബന്ധിതമായി ശരിയാക്കേണ്ടതുണ്ട് എന്നും ഉള്ള ഊന്നൽ (റോമ. 6:3–5) അദ്ദേഹം നൽകി; ഇന്നും നൽകുന്നു.

അദ്ദേഹം തന്റെ ആത്മിക ശുശ്രൂഷാ ഭരണ കാലഘട്ടത്തിൽ, പ്രമാണങ്ങൾ വിട്ട് നിലപാടെടുക്കുകയോ, പ്രമാണങ്ങൾ ലഘൂകരിച്ച് പക്ഷപാതം കാട്ടുകയോ ചെയ്തതായി പറഞ്ഞു കേട്ടിട്ടില്ല. തന്റെ മേൽനോട്ടത്തിലുള്ള (episcopol) മനുഷ്യരോ സഭാപ്രവർത്തകരോ, വൈദിക സ്ഥാനികളോ തന്റെ കൈയിൽ വന്ന പണം പ്രമാണരഹിതമായി ഉപയോഗിച്ചില്ല എന്നത് ഏറെ അഭികാമ്യം. അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തുനിന്ന് സ്വയം വിരമിച്ച്, അഭി. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ചുമതല ഏൽപിക്കുമ്പോൾ നിർവഹിച്ച സാമ്പത്തിക കൈമാറ്റങ്ങൾ എത്ര മഹത്വകരമായിരുന്നു. മലബാർ ഭദ്രാസനത്തിന്റെ ബാങ്ക് അക്കൗണ്ടിലുള്ളത് ഒരു പണത്തൂക്കം പോലും കുറയാതെ പിൻഗാമിയായ സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ ഏല്പിക്കുകയുണ്ടായി. തന്റെ സ്വാതന്ത്ര്യത്തിൽ ഉപയോഗിച്ച് കൈകാര്യം ചെയ്തുവന്ന (Metropolitan discretionary fund) ധനമിച്ചം, പത്തനാപുരം ദയറായ്ക്കും വൈദിക ക്ഷേമനിധിയുടെ രൂപീകരണത്തിന് അതിനായി രൂപീകരിച്ച കമ്മിറ്റിക്കും, മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വന്ന പണം പിൻഗാമിയുടെ നിയന്ത്രണത്തിലേക്കും നൽകിയ ആ കൃത്യത അത്യന്തം ശ്ലാഘനീയം തന്നെ.

**ഉപസംഹാരം**

'പ്രമ'യെ ഉളവാക്കുന്നതാണത്രെ 'പ്രമാണ'വും 'പ്രമാണി'യും. 'പ്രമ' എന്നാൽ തീരുമാനമുള്ളത്, സത്യമായത്. തന്റെ നന്മയുടെയും അന്തസ്സിന്റെയും തലപ്പൊക്കം, തന്റെ സമൂഹത്തിന്റെ തോൾപ്പൊക്കത്തോടൊപ്പം ഉയർത്തി നിർത്താൻ ശ്രദ്ധിച്ച ദൈവാന്വേഷിയായ ഒരു പിതാവ്. അദ്ദേഹം ജീവിതത്തിൽ സ്വീകരിച്ച മാതൃകയും (പാരഡൈമും) അതിന്റെ നന്മ ചോർത്തിക്കളയാതെ നല്ലൊരു കുടമാറ്റത്തിന് (Paradigm shift) ഇടയാക്കി കടന്നുപോയി. അനുവാചകർക്ക് വായിക്കാവുന്ന നല്ലൊരു ജീവിതപ്പുസ്തകം. അതു മലർക്കെ തുറന്നു കിടക്കുന്നില്ല. എന്നാൽ തുറന്നു കാണുമ്പോഴെല്ലാം 'പ്രമ'യെ ഉളവാക്കുന്നു. നന്മയിൽ ഉറച്ച ഒരു പുതിയ മാതൃക കുടമാറ്റത്തിന് ക്ഷണിക്കുന്നു. ആദരവോടെ.

# മഹിതാചാര്യപ്രഭ

## ചെറിയാൻ ചക്കാലയ്ക്കൽ കോറെപ്പിസ്കോപ്പാ

മലങ്കരസഭയുടെ ആദ്ധ്യാത്മിക ആചാര്യപരമ്പരയിൽ പ്രശോഭിക്കുന്ന ദിവ്യജ്യോതിസ്സാണ് പുണ്യശ്ലോകനായ പ. ബസ്സേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ. തിരുമേനി ഒരു യുഗപുരുഷനായിരുന്നു. പ. വലിയ ബാവായ്ക്കു തുല്യം ബാവാ മാത്രം. പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും നോമ്പിലൂടെയും ഉപവാസ ത്തിലൂടെയും ലഭിച്ച ദൈവികവെളിപാടുകൾ സ്വജീവിതത്തിൽ പകർ ത്താൻ ശ്രമിച്ച ഹെർമ്മോനിലെ മുനിശ്രേഷ്ഠൻ. 'ജീവിതം ജീവനേക്കാൾ പ്രധാന'മെന്ന് മറ്റുള്ളവർക്കു കാണിച്ചുകൊടുത്ത മഹിതാചാര്യപ്രഭ.

ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനത്തിന്റെ അധിപനായി 1966-ൽ അവരോധിക്കപ്പെട്ടതു മുതൽ വിശ്രമമെന്തെന്ന് ആ പുണ്യയോഗി അറിഞ്ഞിരുന്നില്ല. അവിഭക്ത മലബാർ ഭദ്രാസനം, പാലക്കാടു മുതൽ വടക്കോട്ടുള്ള ജില്ലകളും സൗത്ത് കാനറായുടെ ചില ഭാഗങ്ങളും ഉൾപ്പെട്ട അതിവിസ്തൃതമായ ഒന്നായിരുന്നു. ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിക്കു പിന്നാലെ, സ്ഥാനമേറ്റു വന്ന അഭി വന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനി, ഭദ്രാസനത്തിലും ഇന്ത്യയിലും വിദേശത്തുമായി നടത്തിയ ദീർഘമായ യാത്ര ഒരു സാധാ രണ മനുഷ്യന് സാധിക്കാവുന്നതിലേറെയായിരുന്നു. സാമ്പത്തിക പരാ ധീനതയിലും മറ്റ് അസൗകര്യങ്ങളുടെ നടുവിലും ആയിരുന്നിട്ടും, ഭദ്രാ സനത്തിൽ ആരാധനാലയങ്ങൾ കെട്ടിപ്പടുക്കുകയും വിശ്വാസികളുടെ ആത്മീയ ദിഷ്ടതികൾ നടത്തിക്കൊടുപ്പാൻ ശ്രദ്ധിക്കയും ചെയ്തു. ഏൽ പ്പിക്കപ്പെട്ട ദൗത്യം എത്രയും ഭംഗിയായി നിർവഹിക്കുവാൻ എപ്പോഴും താൽപര്യപ്പെട്ടു പ്രവർത്തിക്കുന്ന ഒരു ആത്മീയനേതാവിനെ ആ പിതാ വിൽ നമുക്കു ദർശിക്കാൻ കഴിയും.

തന്റെ ആത്മീയ മക്കൾ എവിടെയുണ്ടോ അവരെ കണ്ടെത്തുന്നതിന്, വൈദികരെ പ്രോത്സാഹിപ്പിച്ചിരുന്നു. അർഹരായവരെ കണ്ടെത്തി അവ ർക്ക് വൈദികവിദ്യാഭ്യാസം നൽകി പട്ടംകൊടുത്ത് വൈദികരുടെ കുറവു പരിഹരിക്കാൻ ശ്രമിച്ചു. വൈദികരെ പൂർണ്ണമായി വിശ്വസിക്കുകയും അവർ എനിക്കുവേണ്ടി ദൗത്യം പൂർത്തീകരിക്കുമെന്ന ഉത്തമവിശ്വാസ ത്തോടെ നിയോഗിക്കപ്പെടുകയും ചെയ്യുന്ന വൈദികർ, സമർപ്പിക്കുന്ന റിപ്പോർട്ടനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുമാ യിരുന്നു. അതിനാൽ, ഭദ്രാസനം ഒന്നുമില്ലായ്മയിൽ നിന്നും വളർന്ന് ഒരു മാതൃകാ ഭദ്രാസനമായി മാറി.

പ്രധാന പള്ളികളിലെ പെരുന്നാളുകൾ മുൻകൂട്ടി ഡയറിയിൽ കുറിച്ചിട്ട്, തലേദിവസം നേരത്തേതന്നെ എത്തി വേണ്ട നേതൃത്വം കൊടുക്കുന്നത് തിരുമേനിയുടെ ഒരു നിഷ്ഠയായിരുന്നു. അഭി. തിമോത്തിയോസ് തിരുമേനി പെരുന്നാളിനുണ്ടെങ്കിൽ അതിനൊരു പ്രത്യേകത വേറെ തന്നെ. പള്ളിയുടെ ഗെയിറ്റിങ്കൽ എത്തുന്നതിനു മുമ്പ് കാറിന്റെ ഹോൺ മുഴങ്ങും. ചുമതലപ്പെട്ടവർ ഓടിപ്പോയി തിരുമേനിയുടെ വരവറിയിച്ച് പള്ളി മണി അടിക്കും. കറുത്ത കുപ്പായം ധരിച്ച് മുടിയും സ്ലീബായുമായി കാറിൽ നിന്നിറങ്ങി വരുന്ന തിരുമേനിയുടെ തൃക്കൈ മുത്തുന്നതിന് ജനം തിരക്കു കൂട്ടും. സുസ്മേരവദനനായി വി. മദ്ബഹായിൽ പ്രവേശിച്ച് കുക്കിലിയോൻ ചൊല്ലി പടിഞ്ഞാറ് തിരിഞ്ഞുനിന്ന് ഏവരേയും ആശിർവദിച്ച് സ്ലീബാ മുത്തിക്കും. കാപ്പികുടി കഴിഞ്ഞ് സന്ധ്യാനമസ്കാരം. വളരെ സാവകാശം, സ്വരമാധുരിയിൽ നേതൃത്വം കൊടുക്കുന്ന വന്ദ്യ തിരുമേനിയോടൊപ്പം ആരാധനയിൽ പങ്കെടുക്കുന്നതുതന്നെ ഒരു പ്രത്യേക അനുഭൂതിയാണ്. പിറ്റേദിവസം പെരുന്നാൾ ശുശ്രൂഷയ്ക്കിടയ്ക്കുള്ള പ്രസംഗം, ചിലപ്പോൾ ഒരു മണിക്കൂറോളം നീണ്ടെന്നു വരാം, ജനമെല്ലാം ശ്രദ്ധയോടെ കേട്ടിരിക്കും. പെരുന്നാൾ ചടങ്ങുകൾക്കുശേഷം വിശ്രമിക്കുന്ന സമയത്ത് ഇടവകക്കാരും, ചിലപ്പോൾ അടുത്ത പള്ളിക്കാരും തിരുമേനിയെ നേരിൽ കണ്ട് കുശലം പറഞ്ഞ്, കൈമുത്തി തിരിച്ചുപോകും. ഉച്ചഭക്ഷണവും കഴിഞ്ഞ് തിരിച്ചു പോകാനൊരുങ്ങുന്ന തിരുമേനി പ്രധാന ശുശ്രൂഷകനെ പ്രത്യേകം വിളിക്കും, അയാൾക്കൊരു സമ്മാനം നൽകും. തിരുമേനിയുടെ തിരിച്ചുപോക്കറിയിച്ചുകൊണ്ട് മണി അടിക്കുമ്പോൾ എന്തോ ഒരു നഷ്ടബോധത്താൽ പ്രയാസപ്പെടുന്ന മനസ്സോടെ, നോക്കിനിൽക്കുന്ന ജനത്തെ കാണാം. തിരുമേനിയും ആത്മീയമക്കളുമായുള്ള ബന്ധം അത്ര സുദൃഢമായിരുന്നു. തിരുമേനി പള്ളിയിൽ വന്നാൽ ഉള്ള സൗകര്യത്തിൽ താമസിക്കുവാൻ തയ്യാറായിരുന്നു. നെമ്മാറ-ചാത്തമംഗലം പള്ളിയിൽ വലിയബാവാ എഴുന്നെള്ളി വന്നപ്പോൾ അവിടെ ബാത്ത്റൂം സൗകര്യങ്ങൾ ഇല്ലാത്തതിനാൽ, പള്ളിക്കടുത്തുള്ള ഒരു ഹൈന്ദവ സഹോദരന്റെ ഭവനത്തിൽ പോയി കുളിയും മറ്റും കഴിഞ്ഞാണ് ശുശ്രൂഷകൾ നടത്തിയത്.

"യാമങ്ങളുടെ കാവൽക്കാരൻ" എന്ന് പ. വലിയബാവാ തിരുമേനിയെ, അഭി. സഖറിയാസ് മാർ അപ്രേം തിരുമേനി വിശേഷിപ്പിച്ചത് എത്രയോ അർത്ഥവത്താണ്. എല്ലാ യാമങ്ങളിലും പ്രാർത്ഥിക്കുന്ന തിരുമേനി പാതി രാവു കഴിഞ്ഞിട്ടും ചാപ്പലിൽ ധ്യാനത്തിലായിരിക്കുന്നത് എത്രയോ തവണ കണ്ടിട്ടുണ്ട്! കൃത്യസമയത്ത് മണി അടിക്കുകയും പ്രാർത്ഥന ആരംഭിക്കുകയും ചെയ്യുക എന്നത് ഭദ്രാസന അരമനയിൽ താമസിക്കുന്ന എല്ലാവർക്കും ബാധകമായിരുന്നു. ആരുവന്നാലും ഇല്ലെങ്കിലും തിരുമേനി

കൃത്യസമയത്ത് പ്രാർത്ഥന ആരംഭിച്ചിരിക്കും. സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ തിരുമേനിയോടൊപ്പം അരമനയിൽ താമസിച്ച് യാമ പ്രാർത്ഥനകളെല്ലാം ഹൃദിസ്ഥമാക്കണമെന്നത് നിർബന്ധമായിരുന്നു. ഓരോരുത്തരുടേയും വായനയും പാട്ടും ശ്രദ്ധിച്ചിരിക്കുന്ന തിരുമേനി, വേണ്ടതായ തിരുത്തുകൾ അപ്പപ്പോൾ നൽകുന്നത്, ആ വ്യക്തിക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമായിരുന്നു. ഇന്ന്, പലരും നടത്തുന്ന രീതി യിലുള്ള വാചാപ്രാർത്ഥന, ആരെയെങ്കിലും പേരെടുത്തുപറഞ്ഞോ, പ്രശ്നങ്ങളെ പരാമർശിച്ചോ ഒന്നും തിരുമേനി പ്രാർത്ഥിക്കുന്നതായി കേട്ടിട്ടില്ല. എന്നാൽ പ്രയാസങ്ങളും പ്രതിസന്ധികളും വരുമ്പോൾ മൗന മായിരുന്ന് കണ്ണുനീർ തൂകുന്നത് കണ്ടിട്ടുണ്ടു താനും. തിരുമേനിയും ദൈവവും തമ്മിൽ സംവദിക്കുന്ന നിമിഷങ്ങളായിരുന്നു അത് എന്ന് നിസ്സംശയം പറയാം. അതുകൊണ്ട് തന്നെയായിരിക്കാം പലരും തിരു മേനിയുടെ അടുത്ത് പരാതികളും പ്രയാസങ്ങളും പറയുമ്പോൾ അവർ പ്രതീക്ഷിക്കുന്ന രീതിയിലുള്ള സാന്ത്വനവാക്കുകൾ കിട്ടിയില്ലെങ്കിലും ആശ്വാസത്തോടെ തിരിച്ചുപോയിരുന്നത്. 2004-ൽ മലബാർ ഭദ്രാസന ത്തിന്റെ സുവർണജൂബിലി ആഘോഷവേളയിൽ, പല പദ്ധതികളുമായി നിയോഗിക്കപ്പെട്ടവർ ചെല്ലുമ്പോൾ ഒരിക്കൽപോലും നിഷേധാത്മകമായ നിലപാടോ ഇന്നത് വേണ്ട എന്ന രീതിയിലുള്ള സംസാരമോ ഉണ്ടായി ല്ലെന്നു മാത്രമല്ല, ഉണർത്തിച്ച കാര്യങ്ങൾ നിർവിഘ്നം സാധിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന് ഈ ലേഖകൻ സാക്ഷിയാണ്. അതെല്ലാം തിരു മേനിയുടെ പ്രാർത്ഥനയുടെ ശക്തിയാലാണെന്നതിൽ സംശയമേ ഇല്ല. നോമ്പും ഉപവാസവും പ്രാർത്ഥനയുമായി കഴിഞ്ഞിരുന്ന തിരുമേനി, ഒരു മഹാസിദ്ധനെപ്പോലെ ശോഭിച്ചു. ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട വർ ആ സന്നിധിയിലെത്തി ആശ്വാസം തേടി. പ. പരുമല തിരുമേനി യുടെ ആരാധകനും അനുയായിയുമായിരുന്നു പ. വലിയബാവാ. 1985-ൽ കോങ്ങാട്ടു പള്ളിയുടെ നിർമ്മാണം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ശ്രീ. മുത്തൂറ്റ് പാപ്പച്ചനെ അദ്ദേഹത്തിന്റെ സ്ഥാപനത്തിൽ കാണാൻ ചെന്നു. അദ്ദേഹം പറയുകയുണ്ടായി, ‘നിങ്ങളുടെ തിരുമേനി (തോമസ് മാർ തീമോത്തിയോസ് തിരുമേനി) ഒരു രണ്ടാം പരുമല തിരുമേനി ആണ്’ എന്ന്. വലിയബാവാ തിരുമേനി കാലംചെയ്തപ്പോൾ കസേരയിലിരു ത്തിയിരുന്നത് കണ്ട ഏവർക്കും രൂപത്തിൽപോലും ആ സാദൃശ്യം കാണു വാനിടയായി. ധർമ്മനിരതവും ലളിതസുന്ദരവുമായ ജീവിതം നയിച്ച പ. വലിയബാവാ തിരുമേനി ജീവിതം സഫലവും സൽക്കർമ്മപൂർണ്ണവുമാ ക്കാൻ യത്നിച്ചു. എന്നാൽ പ്രദർശനാത്മകമോ പ്രകടനാത്മകമോ ആയ ഒന്നുംതന്നെ തന്റെ ശുശ്രൂഷകളിലോ ആരാധനകളിലോ മറ്റുള്ളവരുമായ ബന്ധത്തിലോ കാണാൻ കഴിഞ്ഞിരുന്നില്ല.

ഒറ്റനൂലിൽ കോർത്ത മാലപോലെ മലബാറിലെ വൈദികരെ ഐക്യത്തിലും തിരുമേനിയുമായുള്ള ബന്ധത്തിലും നിലനിർത്തുവാൻ, ആദർശ സുരഭിലവും അനുകരണയോഗ്യവുമായ ജീവിതം നയിച്ച തിരുമേനിക്കു കഴിഞ്ഞു. ഏതെങ്കിലും വൈദികനിൽനിന്ന് വിപരീതസമീപനമോ സംസാരമോ ഉണ്ടായാൽ, കണ്ണടയ്ക്കിടയിൽ കൂടി ഒരു നോട്ടം മതി, അതവിടെ അവസാനിക്കാൻ. തെറ്റായ ദിശയിലേക്കു ചർച്ചകളും മറ്റും നീങ്ങുന്നു എന്നു കണ്ടാൽ അത് നിയന്ത്രിക്കുന്നതിന് അനിതരസാധാരണമായ കഴിവ് തിരുമേനിക്കുണ്ടായിരുന്നു. ഒരിക്കൽ വൈദികയോഗത്തിൽ അൽപം രൂക്ഷമായി വിമർശിച്ച ഒരു വൈദികനെ, ശാസിച്ചിട്ടും അനുസരിക്കാതെ വന്നപ്പോൾ, തിരുമേനി യോഗം അവസാനിപ്പിച്ച്, വിങ്ങുന്ന ഹൃദയത്തോടെ അരമനയിലേക്കു പോയി. തിരുമേനിയെ ആശ്വസിപ്പിക്കാനായി പിന്നാലെ ചെന്ന വൈദികർ കണ്ടത്, കസേരയിലിരുന്ന് കണ്ണീർ വാർക്കുന്ന തിരുമേനിയെ ആണ്. താമസിയാതെ, അതിനു കാരണക്കാരനായ വൈദികൻ മാപ്പപേക്ഷിച്ചു.

പള്ളിയിലെ പ്രശ്നങ്ങളുമായി ചെല്ലുന്ന വിശ്വാസികളോട്, എന്റെ അച്ചനെ ഞാൻ അങ്ങോട്ടു വിട്ടിട്ടുണ്ടല്ലോ, അച്ചൻ അതു പരിഹരിക്കും എന്നു പറയുന്നത് എത്രയോ തവണ കേൾക്കാനിടയായിട്ടുണ്ട്. അച്ചനെതിരെയാണ് പരാതിയെങ്കിൽ, 'എന്റെ അച്ചനെ കുറ്റം വിധിക്കാൻ നിങ്ങൾക്കാരാണ് അധികാരം തന്നത്' എന്ന് ചോദിക്കുന്ന തിരുമേനി അച്ചനെ സാവകാശം വിളിച്ചു വരുത്തി, ലഭിച്ച പരാതി അച്ചന് കൊടുത്ത് വായിപ്പിച്ച് മറുപടി കേൾക്കും. അതെഴുതിത്തരാൻ ആവശ്യപ്പെട്ട്, ആ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട ഏർപ്പാട് ത്വരിതഗതിയിൽ ചെയ്യും. ഒരച്ചൻ ചെയ്ത തെറ്റ് മറ്റൊരച്ചൻ അറിയരുതെന്നും തിരുമേനിക്കു നിർബന്ധമുണ്ടായിരുന്നു. വലിയ ബാവായോട് വൈദികർക്കുള്ള മതിപ്പും വിശ്വാസവും ആശ്രയത്വവും വർദ്ധിക്കാൻ ഇതിടയാക്കി. അസുഖത്തിലായിരിക്കുന്ന വൈദികരെ ചെന്നുകാണുന്നതിനും പ്രാർത്ഥിക്കുന്നതിനും ആവശ്യമായ സഹായം നൽകുന്നതിനും തിരുമേനി ശ്രദ്ധിച്ചിരുന്നു.

1990-ൽ ഹൃദയാഘാതത്തെ തുടർന്ന് പാലക്കാട് സഹകരണ ആശുപത്രിയിൽ എന്നെ പ്രവേശിപ്പിച്ചപ്പോൾ, ബഹു. എം. ഡി. ജോണച്ചൻ വിളിച്ചറിയിച്ചതനുസരിച്ച് ട്രിച്ചിക്കു യാത്രചെയ്തുകൊണ്ടിരുന്ന തിരുമേനി, യാത്ര അവസാനിപ്പിച്ച് എന്നെ കാണുന്നതിന് തിരികെ വന്നു. അർദ്ധബോധാവസ്ഥയിലായിരുന്ന എന്റെ അടുക്കൽ മണിക്കൂറുകളോളം തിരുമേനി കണ്ണുനീർ തൂകിയിരുന്നുവെന്ന് എന്റെ ബന്ധുക്കൾ പറഞ്ഞറിയുകയുണ്ടായി. തിരുമേനിയുടെ ആ പ്രാർത്ഥനയാണ് എനിക്കു ആശ്വാസവും സൗഖ്യവും പകർന്നതെന്ന് ഞാനുറച്ചു വിശ്വസിക്കുന്നു. 15 ദിവസം ആശുപത്രിയിൽ കഴിഞ്ഞശേഷം വീട്ടിലെത്തിയപ്പോൾ തിരുമേനിയുടെ

ഒരു കത്ത് ലഭിച്ചു. എനിക്കു പൂർണ്ണവിശ്രമം മൂന്നു മാസത്തേക്കു വേണ്ടി വരുമെന്ന്, തിരുമേനി എന്നെ ആശുപത്രിയിൽ സന്ദർശിച്ചവേളയിൽ ഡോക്ടർ പറഞ്ഞുവെന്നും അതിനാൽ യഥാസമയം മരുന്നു കഴിച്ച് വിശ്രമമെടുക്കണമെന്നും പത്തനാപുരത്തെ റ്റി. സി. ജോർജ്ജച്ചനെ പകരം കരിമ്പ സെന്റ് ജോൺസ് പള്ളിയിലേക്ക് അയയ്ക്കാമെന്നുമായിരുന്നു അതിലെ ഉള്ളടക്കം. എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു കാര്യമാണിത്.

തിരുമേനിമാർക്കു ഭക്ഷണം നൽകുന്നതിന്, ബഹുമാനസൂചകമായി മേശയൊരുക്കുക എന്നാണല്ലോ പറയുന്നത്. വലിയ ബാവാ തിരുമേനിക്കു മേശ ഒരുക്കിയാൽ, നിരത്തിയിരിക്കുന്ന എല്ലാ വിഭവങ്ങളും രുചിച്ചുനോക്കും. ഒന്നിനും കുറ്റംപറയാതെ ഇഷ്ടപ്പെട്ടത് കഴിക്കും. വളരെ സമയമെടുത്താണ് ആഹാരം കഴിക്കുന്നത്. ഉച്ചയ്ക്കും മറ്റും കഞ്ഞിയാണിഷ്ടം. രാവിലെയാണെങ്കിൽ നെയ്റോസ്റ്റ്, ദോശ തുടങ്ങിയവയോടു പഥ്യമാണ്. ചേന, ചേമ്പ്, ഏത്തക്കായ് തുടങ്ങിയവ പുഴുങ്ങിയത് കാന്താരിച്ചമ്മന്തിയും ചേർത്ത് കഴിക്കുന്നത് പ്രിയമാണ്. ചിലപ്പോൾ ഭക്ഷണമെടുത്തു വച്ചാലും വൈകിയേ കഴിക്കൂ. അപ്പോഴേക്കും എല്ലാം തണുത്തിരിക്കും. പിന്നെ എല്ലാം ചൂടാക്കി കൊണ്ടുവരണം. മഞ്ഞക്കരു മാറ്റിയ മുട്ട പൊരിച്ച് മൃദുവായ റൊട്ടിയോടു ചേർത്ത് കഴിക്കുന്നത് വലിയ പ്രിയമായി ചിലപ്പോൾ കണ്ടിട്ടുണ്ട്. ആരെങ്കിലും സമീപത്തുണ്ടെങ്കിൽ അവർക്കെല്ലാം പഴങ്ങൾ കൊടുക്കും. നോമ്പുകാലത്ത് മൂന്നുമണി വരെ ഉപവസിക്കും. പോഷകപ്രദമായ ഭക്ഷണം വർജ്ജിക്കും. എല്ലാ യാമങ്ങളിലും കുമ്പിട്ടു പ്രാർത്ഥിക്കയും ചെയ്യും.

തിരുമേനി പ്രകൃതിസ്നേഹി എന്നതുപോലെ ഒരു ജന്തുസ്നേഹിയുമായിരുന്നു. കോഴിക്കോട് അരമന സ്ഥിതിചെയ്യുന്നിടത്തെ തെങ്ങിൻതോട്ടവും മാങ്കൂട്ടങ്ങളും പച്ചക്കറികൃഷിയും അൽപമകലെയുള്ള നെൽകൃഷിയും വാഴത്തോപ്പും ഒക്കെ തിരുമേനിയുടെ ശ്രദ്ധയിലെപ്പോഴുമുണ്ടായിരുന്നു. മാങ്ങായും ചക്കയുമൊക്കെ സുലഭമാകുന്ന കാലത്ത് അവ ഭക്ഷണത്തിന്റെ ഭാഗമാക്കാനും മറ്റുള്ളവർക്കു കൊടുത്തുവിടാനും ശുഷ്കാന്തി കാട്ടിയിരുന്നു. ദീർഘയാത്രയൊക്കെ കഴിഞ്ഞുവരുമ്പോൾ തൊഴുത്തിൽ നിന്നും പശുക്കളുടെ കരച്ചിൽ കേൾക്കാം. അൽപവിശ്രമത്തിനുശേഷം തൊഴുത്തിൽ ചെല്ലുന്ന തിരുമേനി ഓരോ പശുവിനോടും കുശലം പറഞ്ഞ് തലോടുന്നത് പതിവായിരുന്നു. "അമ്മിണീ" എന്നു നീട്ടിവിളിക്കുമ്പോൾ തലയാട്ടി സ്നേഹപ്രകടനങ്ങൾ നടത്തുന്ന, ഒരു പശുവും അവിടെയുണ്ടായിരുന്നു. തിരുമേനിക്കു പ്രിയമായിരുന്ന 'ജാക്കി' എന്ന നായയും സന്തതസഹചാരിയായിരുന്നു. അരമനയിലേക്ക് എത്തുന്ന തിരുമേനിയെ സ്ഥൂലശരീരനായ അവൻ സ്വീകരിക്കുന്നതും കൂടെ നടക്കുന്നതുമൊക്കെ ഒരു കാഴ്ച തന്നെയായിരുന്നു.

നവനൂറ്റാണ്ടിലെ ഒരു ക്രൈസ്തവ സഭാമേലദ്ധ്യക്ഷന് 'ദന്തഗോപുരവാസി' ആയിക്കഴിയുക സാധ്യമല്ല. ഭൗമികവും ആത്മികവുമായ തലങ്ങളെ കൂട്ടിയിണക്കി സുധീരനേതൃത്വം നൽകേണ്ടത് അദ്ദേഹത്തിന്റെ കടമയും കാലഘട്ടത്തിന്റെ അനിവാര്യതയുമാണ്. ധർമ്മവീഥിയിലൂടെ ചരിക്കാൻ ജനതയെ കർമ്മനിരതരാക്കണം. അതിനുതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം. അതെല്ലാം മനസ്സിൽ സംഗ്രഹിച്ച് അമിതാവേശം കാട്ടാതെ അവധാനതയോടെ തിരുമേനി എല്ലാറ്റിനേയും തരണം ചെയ്തു. തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി സഭയുടെ ദൗത്യം പൂർത്തീകരിക്കാൻ എത്രയോ ശിഷ്യനിരകൾ ഇന്നുണ്ട്.

ഭരണാധികാരി എന്ന നിലയിൽ ആർക്കെങ്കിലുമെതിരെ നടപടി എടുക്കണമെങ്കിൽ, ഭരണഘടനാപരമായ എല്ലാ സാധ്യതകളുണ്ടെങ്കിൽ പോലും വളരെ ആലോചിച്ചും സമയമെടുത്തും ഒട്ടും ഒഴിവാക്കുവാൻ സാധ്യമല്ലെന്നുറപ്പായതിനുശേഷവും ആയിരുന്നു അതിനു തുനിഞ്ഞിരുന്നത്. കുറ്റം ചെയ്ത ആൾക്ക് പശ്ചാത്താപമുണ്ടാക്കുകയും കുറ്റബോധത്താൽ മനംതിരിയുന്ന രീതിയിലും ഉള്ളതായിരുന്നു, തിരുമേനി നടപടി എടുത്തുകൊണ്ടെഴുതുന്ന കൽപനകളൊക്കെയും. സ്വന്തം കൈപ്പടയിലെഴുതുന്ന ആ കൽപനകൾക്ക് ഒരു മാസ്മരശക്തി ഉണ്ടായിരുന്നു.

ഭദ്രാസന ചുമതലയിലായിരുന്നപ്പോൾ ഇടവക സന്ദർശനത്തിനു വരികയാണെങ്കിൽ അതു കത്തിലൂടെ വികാരിയെ മുൻകൂട്ടി അറിയിച്ചു മാത്രമേ വരികയുണ്ടായിരുന്നുള്ളു. പള്ളികളിൽ അനാവശ്യമായ ചെലവുകൾ നടത്തുന്നു എന്നു ബോധ്യമായാൽ അത് ആവർത്തിക്കാതിരിക്കാൻ ശക്തമായ നിർദ്ദേശം നൽകിയിരുന്ന തിരുമേനി സ്വജീവിതത്തിലും കർശനമായ സാമ്പത്തിക അച്ചടക്കം കാത്തുസൂക്ഷിച്ചിരുന്നു.

കലുഷിതമായ അന്തരീക്ഷം സഭയിൽ നിലനിന്നപ്പോൾ സഭാനൗകയെ നയിക്കുവാൻ ദൈവനിയോഗം ലഭിച്ച വലിയബാവാ തിരുമേനിക്ക് 39 വർഷത്തെ ഭദ്രാസന ഭരണത്തിൽ നിന്നും ലഭിച്ച അനുഭവങ്ങളും സാക്ഷ്യങ്ങളും, അടിപതറാതെ, അടിക്കടി വിജയശ്രീലാളിതനായി ലക്ഷ്യത്തിലേക്കു കുതിക്കുവാൻ സഹായിച്ചു. കേവലം അഞ്ചു വർഷമേ കാതോലിക്കാസ്ഥാനത്തിരുന്നുള്ളുവെങ്കിലും സഭാചരിത്രത്തിലെ നിസ്തുലപ്രഭാവനായിത്തീർന്ന വലിയബാവായുടെ തൃപ്പാദങ്ങളിൽ നമിച്ചുകൊള്ളുന്നു.

# ദിദിമോസ് ബാവായും കടമ്പനാട് നസറേത്ത് കോൺവെന്റും

## സിസ്റ്റർ ശൈനോ സി.എൽ.ജി.

'ആകയാൽ പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ' (എഫേ. 5:1).

ലോകത്തിൽ മനുഷ്യൻ എങ്ങനെ ജീവിക്കുന്നു എന്നതിനാണ് പ്രാധാന്യം. ക്രമംകെട്ടവൻ മൃഗത്തെപ്പോലെ വിവേകശൂന്യനായിത്തീരും. ദൈവത്തോടുള്ള ഭക്തി എല്ലാക്കാര്യങ്ങളിലും ഉണ്ടായെങ്കിൽ മാത്രമെ പ്രിയ മക്കൾ ആകാൻ സാധിക്കൂ. 'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.' എപ്പോഴാണ് മനുഷ്യജീവിതം സുന്ദരമാകുന്നത്? എപ്പോഴാണ് മനുഷ്യൻ സൗഭാഗ്യവാനായിത്തീരുന്നത്? എപ്പോഴാണ് ജീവിതം വിജയിച്ചു എന്ന് കരുതാവുന്നത്? ഈ ചോദ്യങ്ങൾക്ക് തങ്ങളുടെ ജീവിതത്തിലൂടെ ഉത്തരം നൽകിയവരാണ് പരിശുദ്ധന്മാരും ശുദ്ധിമതികളും. നോമ്പ്, ഉപവാസം, ഇടവിടാതെയുള്ള പ്രാർത്ഥന എന്നീ ആയുധങ്ങളാൽ സാത്താനോടു പോരാടി വിജയം വരിച്ചവരാണവർ. അവർ നമ്മെ പഠിപ്പിച്ചു. ലോകത്തേയും അതിന്റെ മോദങ്ങളേയും സ്വന്ത ബന്ധങ്ങളേയും പരിത്യജിച്ച് ജീവിതത്തിൽ എങ്ങനെ മുന്നേറാമെന്ന്. ഈ ലോകജീവിതം താൽക്കാലികമാണെന്നും നമ്മുടെ ശാശ്വതഭവനം സ്വർഗ്ഗത്തിലാണെന്നും അവർ നമ്മെ പ്രബോധിപ്പിച്ചു. ഈ ഭൂമിയിൽ ഓരോരുത്തരെക്കുറിച്ചുള്ള ദൈവഹിതം നിറവേറ്റുന്നതാണ് മനുഷ്യധർമ്മമെന്നും, അതാണ് ആത്മീയതയുടെ മാർഗ്ഗമെന്നും വിശുദ്ധന്മാർ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

പരിശുദ്ധന്മാരുടേയും ശുദ്ധിമതികളുടേയും കാലമെല്ലാം അവസാനിച്ചു എന്നും ഇത് യുക്തിവാദത്തിന്റെയും, സാങ്കേതിക വിദ്യയുടെയും യുഗമാണെന്നും നിരൂപിക്കുന്നവർക്ക് തെറ്റുപറ്റിയിരിക്കുന്നു. ഈ ഭൂമിയിൽ ദൈവത്തോടൊപ്പം ജീവിക്കുന്നതാണ് ഒരു മനുഷ്യന് തെരഞ്ഞെടുക്കാവുന്ന ഏറ്റവും വലിയ സന്തോഷത്തിന്റെ ജീവിതമെന്നും, ദൈവം കാലാകാലങ്ങളിൽ തനിക്കു പ്രിയരായവരെ, തന്റെ സഭയ്ക്കുവേണ്ടി ഒരുക്കിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകൾ കൂടിയാണ് ചില വിശുദ്ധ വ്യക്തിജീവിതങ്ങൾ.

2014 മെയ് 26-ന് ഈ ലോകത്തിൽ നിന്നും ദൈവസന്നിധിയിലേക്ക് വിളിച്ചുചേർക്കപ്പെട്ട പരിശുദ്ധ ദിദിമോസ് ബാവാ തിരുമേനിയുടെ ജീവിതം ഇക്കാര്യത്തിൽ ഒരു ഉത്തമ ഉദാഹരണമായി നമ്മുടെ കൺ

മുമ്പിൽ തെളിയുന്നു. ഏലിയാവ്, തന്റെ പിൻഗാമിയായ ഏലീശയെ കണ്ടെത്തി, തന്റെ പുതപ്പ് അവന്റെമേൽ ഇട്ടതുപോലെ (1 രാജാ. 19:12), ശ്രേഷ്ഠഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി, തന്റെ ദയറായുടെ പിൻഗാമിയെ മാത്രമല്ല മലങ്കരസഭയുടെ താപസജ്യോതിസ്സിനെ ആരാധനാവേളയിൽ തന്നെ കണ്ടെത്തി വിളിക്കുകയായിരുന്നു.

"ജീവനേക്കാൾ വലുത് ജീവിത"മാണെന്ന് സദാ ഉദ്ബോധിപ്പിച്ചിരുന്ന പിതാവ്, തന്റെ കൗമാരപ്രായത്തിൽതന്നെ, തന്നെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് തന്റെ ജീവിതം ദൈവത്തിന് സമർപ്പിച്ചു. തന്റെ ഗുരുവിൽനിന്നും സന്യാസനിഷ്ഠകളും, മൗനവും മനനവും, പ്രാർത്ഥനാജീവിതവും, ശിഷ്യത്വത്തിനടുത്ത ശ്രേഷ്ഠതകളും സ്വായത്തമാക്കി ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്നവനായിത്തീർന്നു. 1966 ആഗസ്റ്റ് 24-ാം തീയതി വന്ദ്യ ആചാര്യശ്രേഷ്ഠനെ സഭ സ്വീകരിച്ച് മേല്പട്ട സ്ഥാനത്തേക്കും, 1966 നവംബർ 11-ന് മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ ആയും, 1968 ഫെബ്രുവരി 2-ന് ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതലയുള്ള മെത്രാപ്പോലീത്താ ആയും ഉയർത്തി.

ഈ കാലഘട്ടത്തിലാണ് കടമ്പനാട് നസറേത്ത് കോൺവെന്റ് രൂപം പ്രാപിച്ചത്. 1965 ഡിസംബർ 6-ന് സിസ്റ്റേഴ്സ് കടമ്പനാട് വന്ന് താമസമാരംഭിച്ചു. 1965 നവംബർ 1-ന് ഇംഗ്ലണ്ടിലെ കമ്മ്യൂണിറ്റി ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് ദി ചർച്ച് (c.s.c) എന്ന ആംഗ്ലിക്കൻ ചർച്ചിന്റെ കോൺവെന്റിൽ മൂന്നു വർഷത്തെ സന്യാസപരിശീലനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ സിസ്റ്റർ മറിയം, സിസ്റ്റർ എലിസബത്ത് എന്നിവർ പരുമല പെരുന്നാളിന് എത്തിച്ചേർന്ന അന്നത്തെ കാതോലിക്കാ ബാവാ പ. ഔഗേൻ ബാവാ തിരുമനസ്സിനെ കണ്ട് തങ്ങൾക്ക് താമസിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ടു. പരുമല സെമിനാരി മാനേജരായിരുന്ന ബഹു. കെ. ബി. മാത്യൂസ് അച്ചൻ, തന്റെ മേൽനോട്ടത്തിലുള്ളതും ദീർഘനാളായി ആൾത്താമസമില്ലാതെ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നതുമായ, കൊല്ലം ഭദ്രാസനത്തിൽ കടമ്പനാട്ടുള്ള ഹോറേബ് ദയറായെപ്പറ്റി സൂചിപ്പിക്കുകയും, പ്രസ്തുത സ്ഥലം സിസ്റ്റേഴ്സിന് ലഭ്യമാക്കുവാൻ പ. ബാവാ തിരുമനസ്സുകൊണ്ട് കല്പന നൽകുകയും ചെയ്തു. തദവസരത്തിൽ നിരണം ഭദ്രാസനാധിപനും, കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ അസാന്നിധ്യത്തിൽ കൊല്ലം ഭദ്രാസനത്തിന്റെ ചുമതലകൂടി നിർവ്വഹിച്ചിരുന്ന പിതാവുമായ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയെ സിസ്റ്റേഴ്സിന് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഏല്പിക്കുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു സന്യാസിനി സമൂഹം തുടങ്ങുന്നതിനുവേണ്ടി, സിസ്റ്റേഴ്സിനെ ഇംഗ്ലണ്ടിലെ കോൺവെന്റിലേക്ക് പരിശീലനത്തിനയച്ച, സിസ്റ്റർ എലിസബത്തിന്റെ പിതൃസഹോദരൻ കൂടിയായ ബഹു. എൻ. ജി. കുര്യാക്കോസ് അച്ചന്റെ നിര്യാണം മൂലം ചിറകൊടിഞ്ഞ പക്ഷികളെപ്പോലെ ആയിരുന്ന സിസ്റ്റേഴ്സിനെ പിതൃതുല്യമായ വാത്സല്യത്തോടെ, സ്ഥാപനത്തിന്റെ വളർച്ചക്കാവശ്യമായ, എല്ലാ വിധമായ കൈത്താങ്ങലും നൽകുകയും ആത്മീയ ആവശ്യങ്ങളുടെ നിർവ്വഹണത്തിനായി താബോർ ദയറായിൽ നിന്നും ആചാര്യന്മാരെ നിയമിക്കുകയും ചെയ്തത് അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ടാണ്. 1970-ൽ അഭിവന്ദ്യ പിതാവിന്റെ ശാരീരിക അസ്വാസ്ഥ്യം മൂലം, തന്റെ പിൻഗാമിയും, മലബാർ ഭദ്രാസന മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ നസറേത്ത് കോൺവെന്റിന്റെ (കമ്യൂണിറ്റി ഓഫ് ദി ലവ് ഓഫ് ഗോഡ്) വിസിറ്റർ ബിഷപ്പായി പ. ഔഗേൻ ബാവാ തിരുമനസ്സുകൊണ്ട് കല്പന മൂലം നിയോഗിച്ചു. 1970 മുതൽ 1992-ൽ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുക്കുന്നതു വരെയും നസറേത്തിന്റെ ആത്മീയവും ഭൗതീകവുമായ എല്ലാക്കാര്യങ്ങളിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഈ സ്ഥാപനത്തെ നയിച്ചത് പ. ദിദിമോസ് ബാവാ തിരുമനസ്സുകൊണ്ടായിരുന്നു (അതിനുശേഷം ദയറായിലെ തന്നെ അംഗമായ അഭിവന്ദ്യ സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമേനിയും, ഇപ്പോൾ അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയും കോൺവെന്റിന്റെ വിസിറ്റർ ബിഷപ്പായും വന്ദ്യ ഏലിയാസ് കോശി റമ്പാച്ചൻ ചാപ്ലെനായും ചുമതല നിർവ്വഹിച്ചു വരുന്നു എന്നുള്ളതും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.).

1970 നസറേത്തിന്റെ പ്രാരംഭകാലഘട്ടമായിരുന്നതിനാൽ അംഗങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി തന്റെ ഭദ്രാസനത്തിൽനിന്നും ദൈവവിളിയുള്ള പെൺകുട്ടികളെ കണ്ടെത്തി സ്ഥാപനത്തിലേക്ക് അയച്ച് അവരെ സന്യാസാർത്ഥികളാക്കി. 1973-ൽ കോൺവെന്റിന്റെ പ്രഥമ സുപ്പീരിയറായി റവ. സിസ്റ്റർ മറിയാമിനെ തെരഞ്ഞെടുത്തു. തദവസരത്തിൽ വന്ദ്യപിതാവ് നൽകിയ ഉപദേശങ്ങളും അറിയിച്ച സന്തോഷവും ഇവിടെ ചേർക്കുന്നത് ഉചിതമെന്നു കരുതുന്നു.

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ആത്മീയ പുത്രി സിസ്റ്റർ മറിയാമിന് വാഴ്വ്.

പ്രിയ സിസ്റ്റർ,

നസറേത്ത് മഠത്തിലെ പ്രഥമ സുപ്പീരിയറായി സിസ്റ്റർ തെരഞ്ഞെടുക്കപ്പെട്ടതിൽ നമുക്കുള്ള സന്തോഷം അറിയിക്കുന്നു. ദൈവത്താലാണ് ഈ സ്ഥാനത്തേക്ക് സിസ്റ്റർ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പ്രത്യേകം ഓർക്കുമല്ലോ? ആ മഠത്തിന്റെ സുപ്പീരിയർ എന്നുള്ള നിലയിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റുവാൻ ആവശ്യമായ ജ്ഞാനവും പരിപാകതയും സ്നേഹവും ത്യാഗപൂർണ്ണമായ ജീവിതവും ദൈവംതമ്പുരാൻ സിസ്റ്ററിനു നൽകട്ടെ! നിങ്ങളിൽ വലിയവർ ആകുവാൻ ആഗ്രഹിക്കുന്നവൻ ഇളയവനെപ്പോലെയും നിങ്ങളിൽ പ്രധാനിയാകുവാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആയിരിക്കട്ടെ. മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല എന്നാലോ ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കാനുമത്രെ എന്നിപ്രകാരം നമ്മുടെ കർത്താവ് കല്പിച്ചിട്ടുള്ള വചനങ്ങളെ പ്രത്യേകം ഹൃദയത്തിൽ വെച്ചുകൊള്ളണം. മാർത്തയെപ്പോലെ ശുശ്രൂഷയിലും മറിയയെപ്പോലെ ദൈവികകാര്യങ്ങളിലെ ശ്രദ്ധയിലും മറ്റു ശുദ്ധിമതികളെപ്പോലെ എല്ലാ സുകൃതങ്ങളിലും എല്ലാവർക്കും മാതൃകയായിരിക്കുവാൻ ആവശ്യമായ കൃപ ദൈവംതമ്പുരാൻ പ്രദാനം ചെയ്യട്ടെ!

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ സിസ്റ്ററിനോടും നിങ്ങൾ എല്ലാവരോടും ആ സ്ഥാപനത്തോടും കൂടെ എന്നാളും ഉണ്ടായിരിക്കട്ടെ.

എന്ന്, 1973 ജൂലൈ 7-ാം തീയതി പത്തനാപുരം താബോർ ദയറായിൽ നിന്ന്.

ആരാധനയ്ക്ക് സ്വരമാധുരിയോടൊപ്പം ഒരു പ്രത്യേകശൈലി തന്നെയുള്ള തിരുമേനി, സുറിയാനിയിലും മലയാളത്തിലുമുള്ള പല ഗീതങ്ങളും അവയുടെ വിവിധ രാഗങ്ങളും അംഗങ്ങളെ പഠിപ്പിക്കുമായിരുന്നു. തന്മൂലം അക്കാലത്തുതന്നെ ഹൃദ്യമായി ആരാധന നടത്തുന്ന ഒരു ഗ്രൂപ്പ് നസറേത്തിൽ രൂപപ്പെട്ടിരുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു. സിസ്റ്റേഴ്സിന് ആവശ്യമായ പരിശീലന ക്ലാസ്സുകൾ, ധ്യാനങ്ങൾ ഇവ നടത്തുകയും, വി. കുമ്പസാരം കേൾക്കുകയും ഇതിലെ ഭൂരിപക്ഷം അംഗങ്ങളെയും സന്യാസത്തിന്റെ വിവിധ പടികളിലേക്കുയർത്തുകയും പുതിയ നാമങ്ങൾ നിർദ്ദേശിക്കുകയും, ഓരോരുത്തരും അവരവരുടെ പേരിന്റെ അർത്ഥം നിലനിർത്തത്തക്കവണ്ണം ജീവിക്കുവാൻ ഉപദേശിക്കുകയും ഓരോരുത്തരേയും പേരുചൊല്ലി വിളിക്കുകയും ചെയ്യുമായിരുന്നു. ഡിസംബർ 6 എല്ലാ വർഷവും 'Nazareth day' ആയി ആചരിക്കുവാൻ കല്പിച്ച പിതാവ്, കഴിയുന്നതും അന്നേദിവസം നസറേത്തിൽ വി. കുർബ്ബാന അർപ്പിക്കുവാൻ ശ്രമിക്കുമായിരുന്നു.

ഏതൊരവസ്ഥയിലും നിസ്സംഗതാഭാവത്തോടെ ആയിരിക്കുന്ന പ. പിതാവ് ദയറാക്കാർ അഹംഭാവം വെടിയുകയും, നിയമങ്ങൾ കർശനമായി പാലിക്കയും ചെയ്യണമെന്ന് പഠിപ്പിച്ചു.

"ജ്ഞാനം മനസ്സിൽ ജനിയായ്ക മൂലം, ഞാനെന്നഭാവം അഹോ ജനാന."

ഒരുവൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല (2 തീമോ. 2:5) എന്നിങ്ങനെയുള്ള സൂക്തങ്ങളും, വചനങ്ങളും കഥകളും പഠിപ്പിച്ചത് കാലങ്ങൾക്ക് മായ്ക്കാൻ കഴിയാതെ നസറേത്തിലെ അംഗങ്ങളുടെ മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു. പരിശുദ്ധിയുടെ പരിമളവും ലാളിത്യത്തിന്റെ ദിവ്യശോഭയുമായി ഈ വ്യക്തിത്വത്തെ പരിശുദ്ധ സഭയ്ക്കു നൽകിയ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ. പിതാവിന്റെ ജീവിതം നേരിൽ കാണുവാനും ആ കരങ്ങളാൽ സന്യാസത്തിന്റെ വിവിധ പടികളിൽ പ്രവേശിപ്പാനും ഇടയായത് ഒരു മഹാ ഭാഗ്യമായി കാണുന്നു. വിശുദ്ധന്മാരുടെ മരണം ഭൂമിക്ക് അനുഗ്രഹവും സ്വർഗ്ഗത്തിന് ആഘോഷവുമാണ്. അവരുടെ ദൃഷ്ടിയിൽ ഈ ഭൗമികവാസം ഒരു തീർത്ഥാടനമായിരുന്നു. നിരന്തരമായ ദൈവിക സംസർഗ്ഗം ദിദിമോസ് ബാവായെ ആ നിലയിലേക്കെത്തിച്ചിരുന്നു.

ഒരു ജന്മത്തിന്റെ സാഫല്യത്തിൽ മനംനിറഞ്ഞ് സമാധിപൂകിയ പരിശുദ്ധ പിതാവേ! അങ്ങ് 'പരിശുദ്ധന്മാർക്കായ് കാക്കപ്പെടുമുദ്യാനം' പൂകി ജീവിക്കുന്നതാണ്, ഞങ്ങൾ. ബലഹീനരായ അവിടത്തെ ആത്മീയ മക്കളും, വിശ്വാസികളും സ്വപ്നം കാണുന്നതും, പ്രാർത്ഥിക്കുന്നതും. അവിടത്തെ മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്, ഹൃദയാഞ്ജലികൾ അർപ്പിക്കുന്നു.

# ഗുരുശിഷ്യബന്ധം

## ഫാ. കെ. വി. പോൾ
### (സെക്രട്ടറി, മൗണ്ട് താബോർ ദയറാ)

'ഗുരു' എന്ന വാക്കിന്റെ അർത്ഥം അന്ധകാരം മാറ്റുന്നവൻ എന്നാണ്. അനേകം വ്യക്തികളെ സമൂഹത്തിന് കൊള്ളാവുന്ന വ്യക്തികളായി വാർത്തെടുക്കുന്നവൻ ആണ് ഉത്തമ ഗുരു. ഉത്തമ ഗുരുക്കളെ സമൂഹം എന്നും ആദരിച്ച് ബഹുമാനിക്കുന്നു. 'എന്റെ മുമ്പിൽ ഈശ്വരനും ഗുരുവും ഒരേ സമയത്ത് വന്നാൽ ഞാൻ ആദ്യം ഗുരുവിനെ വന്ദിക്കും, പിന്നെ ഈശ്വരനെ വന്ദിക്കും' – തുളസീദാസ്. യഥാർത്ഥ ഈശ്വരനെ കണ്ടെത്താൻ നമ്മെ സഹായിക്കുന്നത് ഗുരുവാണ്. നമ്മെത്തന്നെയും ഈശ്വരനെയും കണ്ടെത്താൻ സഹായിക്കുന്ന ഗുരുവും ശിഷ്യനും ഇടയിലുള്ള ബന്ധത്തിന്റെ പവിത്രത മലിനമായോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ആധുനിക കാലത്ത് ഗുരുശിഷ്യബന്ധത്തിൽ പരിശുദ്ധിയുടെ അളവ് നന്നേ കുറഞ്ഞിരിക്കുന്നു. മാതൃകയായി എന്നും അദ്ധ്യാപകരെ കണ്ടെത്തിയിരുന്നു. ഇന്ന് അതിന് കോട്ടം സംഭവിച്ചതാകണം അതിന് കാരണം. കുട്ടികളോടുള്ള സ്നേഹവും, തൊഴിലിനോടുള്ള പവിത്രതയും കൂടിചേരുമ്പോഴാണ് ഒരുവൻ പൂർണ്ണ അദ്ധ്യാപകനാകുന്നത് എന്ന് ടോൾസ്റ്റോയി പറഞ്ഞിട്ടുണ്ട്. അദ്ധ്യാപനം എന്ന പവിത്ര കർമ്മം വെറും 'തൊഴിൽ' ആകുമ്പോൾ ഗുരുശിഷ്യബന്ധത്തിന്റെ നൈർമല്യത്തിന് കോട്ടം സംഭവിക്കുന്നു. ഓരോ ഗുരുവും സ്വന്തം മഹിമ മനസ്സിലാക്കിയാൽ മാത്രമേ ഉൽകൃഷ്ടമായത് ശിഷ്യനിലേക്ക് പകരാൻ ആകൂ.

ഒരു ഉത്തമ ഗുരുനാഥൻ തന്റെ ശിഷ്യരിലുള്ള കഴിവുകളെ കണ്ടെത്തി, അതിനെ പ്രോത്സാഹിപ്പിച്ചും സമൂഹത്തിൽ ഉത്തമൻ ആക്കുവാൻ ശ്രമിക്കും. ശിഷ്യന്റെ ഉയർച്ചയിൽ അസൂയപ്പെടാതെ സന്തോഷിക്കും. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി, ദിദിമോസ് ബാവാ തിരുമേനിക്ക് ഉത്തമ ഗുരുവായിരുന്നു. ദിദിമോസ് ബാവാ തിരുമേനിയിലുള്ള കഴിവിനെ ബാല്യത്തിൽ മഹാനായ ദീവന്നാസ്യോസ് തിരുമേനി കണ്ടെത്തി. ആ കഴിവിനെ പ്രോത്സാഹിപ്പിച്ചു. ആ പ്രോത്സാഹനം സി. റ്റി. തോമസ് എന്ന ബാലനെ മലങ്കര ഓർത്തഡോക്സ് സഭയുടെ അമരക്കാരൻ ആക്കി.

ഒരു ഉത്തമ ശിഷ്യൻ തന്റെ ഗുരുനാഥനോടും ഭക്തിയും, സ്നേഹവും, ബഹുമാനവും, വിധേയത്വവും ഉള്ളവനുമായിരിക്കും. സി. റ്റി. തോമസ് എന്ന ബാലൻ എക്കാലവും തന്റെ ഗുരുവിനോട് 'ഗുരുത്വം' കാണിച്ച് വളർന്നു വന്നു. ഒരുവന്റെ ജീവിത വിജയത്തിന് ആവശ്യമായ ഒന്നാണ് 'ഗുരുഭക്തി.' ദിദിമോസ് ബാവാ തിരുമേനിയുടെ ജീവിത വിജയത്തിന്റെ

അടിസ്ഥാനം തന്റെ ഈശ്വരഭക്തിയും ഗുരുഭക്തിയുമായിരുന്നു. ദയറാ ജീവിതത്തിലേക്ക് ദീവന്നാസ്യോസ് തിരുമേനി സി. റ്റി. തോമസ് എന്ന ബാലനെ വിളിച്ചുകൊണ്ടുവന്നു. ദയറായുടെ നിയമങ്ങൾ പഠിപ്പിച്ചു. തന്റെ ഗുരുനാഥനിൽ നിന്നും കണ്ടും, കേട്ടും പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തി ഉത്തമ ശിഷ്യനായി ജീവിച്ചു. ജീവിതത്തിൽ ദൈവം കൊടുത്ത സ്ഥാനമാനങ്ങൾ തന്റെ ഗുരുത്വത്തിന് തടസ്സമായില്ല.

ദിദിമോസ് ബാവാ തിരുമേനി ഏതവസരം കിട്ടിയാലും തന്റെ ഉയർച്ച യുടെ ഉറവിടം തന്റെ ഗുരുനാഥനായ താൻ പിതാവിനെപ്പോലെ കരുതുന്ന, ബഹുമാനിക്കുന്ന മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനി ആയിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. തന്റെ ഏതു പ്രസംഗത്തിലും ആ പിതാവിനെ ഓർത്ത് സംസാരിക്കുമായിരുന്നു. എവിടെയെല്ലാം ആ പിതാവിനെ ഉയർത്തിക്കാട്ടാമായിരുന്നുവോ അവിടെയെല്ലാം ഉയർത്തിക്കാട്ടി. ആധുനിക ലോകത്ത് ജീവിക്കുന്ന ഈ തലമുറയ്ക്ക് 'ഗുരുശിഷ്യബന്ധം' എങ്ങനെ കാത്തുസൂക്ഷിക്കണം എന്നുള്ളതിന് ഉത്തമ മാതൃകയാണ് ഈ പിതാക്കന്മാരുടെ ജീവിതം. തോമസ് മാർ തീമോത്തിയോസ് തിരുമേനി (പിന്നീട് ദിദിമോസ് ബാവാ) ഒരിക്കൽ മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനിയുടെ മുറിയിൽ വന്നപ്പോൾ തന്നോടൊപ്പം വളർന്ന തീമോത്തിയോസ് തിരുമേനിയോട് ഇരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ വേണ്ടായെന്ന് പറഞ്ഞ് നിന്നുകൊണ്ട് സംസാരിക്കുന്നത് നേരിൽ കണ്ട ഒരു വ്യക്തിയാണ് ബാലനായിരുന്ന ഈ ലേഖകൻ. തന്റെ ഗുരുവിനോടുള്ള ബഹുമാനം, ആദരവ് എത്ര വലുത്. 'താൻ മരിച്ചാൽ കബറടക്കം നടത്തേണ്ടത് തന്റെ ഗുരുനാഥന്റെ സമീപത്ത് തന്നെയാവണം' എന്ന് ദിദിമോസ് ബാവാ തിരുമേനി പല പ്രാവശ്യം പറയുന്നത് കേൾപ്പാൻ ഇടയായിട്ടുണ്ട്. ഒരു ഉത്തമ ഗുരുശിഷ്യബന്ധം എങ്ങനെ വേണമെന്ന് ഈ പിതാക്കന്മാരിൽ നിന്ന് പഠിക്കാം. 'ഗുരുത്വം' ജീവിത വിജയത്തിന് അനിവാര്യം.

# ഈശ്വരചൈതന്യം തുളുമ്പിനിന്ന പുരോഹിതശ്രേഷ്ഠൻ

## ബ്രഹ്മശ്രീ. അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്
## (യോഗക്ഷേമ സഭാ സംസ്ഥാന പ്രസിഡന്റ്)

ദിദിമോസ് വലിയ ബാവായെ എനിക്ക് കേട്ടും അറിഞ്ഞും മനസ്സിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഭാരതീയ സങ്കൽപത്തിൽ നിന്നുകൊണ്ട് സഭകളെ യോജിപ്പിച്ച് കൊണ്ടുപോകുവാൻ ശ്രമിച്ച വ്യക്തിപ്രഭാവമാണ് തിരുമേനി. നാം ജീവിക്കുന്ന സമൂഹത്തിന് ഒരു സമന്വയം ആവശ്യമാണ്. പ്രസംഗിക്കാൻ ഒരുപാട് ആളുകൾ ഉണ്ട്. എന്നാൽ പ്രായോഗികതലത്തിൽ ജീവിക്കുക വലിയ കാര്യമാണ്. ജീവിതത്തെ പ്രസംഗമാക്കി മാറ്റിയ വ്യക്തിത്വമാണ് കാലംചെയ്ത വലിയ ബാവാ. ഇത്തരത്തിൽ സഭയും സമൂഹവും ആയിത്തീരുവാൻ തിരുമേനി ആഗ്രഹിച്ചിരുന്നു. മേശപ്പുറത്ത് ഇരിക്കുന്ന പനിനീർപ്പൂവിന്റെ വാസന മനോഹരമാണ്. മറ്റുള്ളവർക്ക് സൗരഭ്യമായിത്തീർന്ന പുരോഹിത ശ്രേഷ്ഠനെയാണ് നമുക്ക് നഷ്ടമായത്. ആ സാന്നിധ്യം നമ്മെ സ്വാധീനിക്കുന്നതായിരുന്നു.

ആത്മസത്യത്തെ തിരിച്ചറിയുന്നവർക്കേ യഥാർത്ഥ പുരോഹിതനാകാൻ സാധിക്കൂ. ആത്മസത്യം അറിയുന്നയാൾക്ക് അതിന്റെ ഉപാസനയുടെ അങ്ങേ അറ്റത്ത് ഈശ്വരനെ തൊട്ടറിയാൻ കഴിയൂ. പരിശുദ്ധിയുടെ അങ്ങേയറ്റത്ത് ഈശ്വരനെ തൊട്ടറിഞ്ഞിരുന്നു വലിയ ബാവാ തിരുമേനി.

കാവിവസ്ത്രം ഇട്ടതുകൊണ്ട് സന്യാസിയാവില്ല. ഈശ്വര സത്യത്തെ അറിഞ്ഞ് തപസ്സ് ചെയ്യാനുള്ള മനസ്സ് ജീവിതത്തിലുടനീളം രൂപപ്പെടുന്ന അനുഭവം. ഇത് തിരുമേനിയിൽ നിറഞ്ഞ് കാണാൻ കഴിയും. ജീവിതത്തെ അമിതമായി ആഘോഷിക്കാതെ ദൈവത്തിന്റെ ദാനമാണ് എന്റെ ജീവിതം എന്ന് തിരിച്ചറിയണം. ആത്മാവ് ഈശ്വരനാണ്. ദൈവം വസിക്കുന്ന ആലയമാണ് നമ്മൾ.

അവരവരുടെ ലോകത്ത് ജീവിക്കുന്ന സമൂഹത്തിൽ ഒരുമിച്ച് സഞ്ചരിക്കുവാൻ ലോകം കാണിച്ചുതന്ന പുരോഹിതനാണ് ദിദിമോസ് തിരുമേനി. ജാതിയും മതവും തമ്മിലുള്ള അകലങ്ങൾ കുറയണം. സഹോദരനെ സ്നേഹിക്കാത്തവന് ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല എന്ന ദൈവവചനം പ്രസക്തമാണ്. കുടുംബങ്ങൾ നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കണം. താൽക്കാലികമായ ഭൗതിക നേട്ടങ്ങൾക്ക് അപ്പുറം

പരസ്പരം സ്നേഹിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും നമ്മുടെ കുടുംബങ്ങളിലൂടെ കഴിയണം. ഭാരതീയ സങ്കല്പത്തിലെ കുടുംബങ്ങൾ അത്തരത്തിലുള്ളതാണ്. നല്ലതിലേക്ക് നയിക്കുന്നത് ഈശ്വരനാണ്. ദിദിമോസ് വലിയ ബാവാ തിരുമേനി ഈശ്വരചൈതന്യം തുളുമ്പിനിന്ന പുരോഹിത ശ്രേഷ്ഠനാണ്. മാതൃക നിറഞ്ഞ ഈശ്വര സാന്നിധ്യത്തിന് പ്രണാമം.

# മൗനത്തെ പ്രണയിച്ച മുനികുമാരൻ

## ഫാ. ബിജു പി. തോമസ്

പ. ദിദിമോസ് വലിയ ബാവായെ വിസ്മയത്തോടുകൂടി മാത്രമേ സമീപിക്കുവാൻ സാധിക്കൂ. പ. സഭയുടെ കണക്കനുസരിച്ച് പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളിയ 90-ാം കാതോലിക്കായും 20-ാം മലങ്കര മെത്രാപ്പോലീത്തായും ആയിരുന്നു. മാവേലിക്കര, മുളമൂട്ടിൽ കുടുംബത്തിൽ 1921-ൽ ഒക്ടോബർ 29-ന് ജനിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി 17-ാം വയസ്സിൽ ദയറാജീവിതം ആരംഭിച്ചു. ശാന്തമായി ഒഴുകി ഒഴുകി പരമോന്നതപീഠം വരെ എത്തി. ആ ഒഴുക്കിൽ ഒന്നും കടപുഴകി വീണില്ല. ആർക്കും വേദനിച്ചില്ല. ശാന്തമായി കടന്നുപോയി.

ഏറ്റവും ചെറിയ ജീവിതം ആഗ്രഹിച്ച്, സ്വന്തം നാടും വീടും ബന്ധുക്കളെയും ഉപേക്ഷിച്ച്, പട്ടിണിയുടെ സന്യാസലോകത്തെ തേടി പുറപ്പെട്ട ജീവിതം (ദയറാ ജീവിതത്തിന്റെ ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്യരുതെന്ന് അപേക്ഷ). ശ്രേഷ്ഠനും, മഹാനും ഉജ്ജ്വല പ്രതിഭയുമായിരുന്ന ഗുരു 'കുഞ്ഞോമാച്ചൻ' എന്നു വാത്സല്യത്തോടെ വിളിച്ചിരുന്ന 'സാധു സഹോദരൻ' കേരളജനതയുടെ 'വലിയബാവാ' ആയത് ദൈവത്തിന്റെ ഇഷ്ടം മാത്രം. ദൈവം തന്റെ പ്രിയനോ ഉറക്കത്തിൽ നൽകും എന്ന് വേദം പറയുന്നു. 'വാവ' എന്നാൽ കുഞ്ഞെന്നും ബാവാ എന്നാൽ പിതാവെന്നും അർത്ഥം. കേരളത്തിന്റെ വലിയ പിതാവായി രൂപാന്തരപ്പെട്ടതിന്റെ മാർഗ്ഗം കല്ലും മുള്ളും നിറഞ്ഞ ഞെരുക്കത്തിന്റെ ത്യാഗപാതയാണ്. പിതാവെന്നതിന്റെ അർത്ഥം എത്ര വിശാലമാണ്, എത്ര പവിത്രമാണ്. ആ നിർമ്മലമായ സങ്കല്പത്തെ എത്ര നിസ്സാരമായി നാം എടുത്തണിയുന്നു? എത്രമാത്രം മാലിന്യം നമ്മിൽ നിന്നും തൂത്തുമാറ്റിയാലാണ് പിതാവിന്റെ പരിപാവനയിൽ എത്തിച്ചേരുക.

ത്യാഗം ഇല്ലാതെ നേട്ടം ഇല്ല. എല്ലാം ത്യജിച്ചവൻ സന്യാസി. സുഖത്തിന്റെ ആവരണം പൊട്ടിച്ച് വിശാലലോകത്തിന്റെ പരുപരുത്ത അനുഭവതലത്തിൽ എത്താതെ ജീവിതവിജയം ഇല്ല. ഒരു യഥാർത്ഥ സന്യാസി എല്ലാ കെട്ടുകളെയും ആവരണങ്ങളെയും അതിജീവിച്ച സ്വതന്ത്രൻ ആണ്. ജീവിതത്തിന്റെ മധുരപതിനേഴിൽ ഗുരുവിന്റെ വിളി ദൈവവിളിയായി കേട്ട് ഭവനം നൽകുന്ന സുരക്ഷിതത്വത്തിന്റെ അന്തരീക്ഷം ഉപേക്ഷിച്ച്, വികസനം പോയിട്ട്, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാൻ സാഹചര്യം ഇല്ലാത്ത 'കാട്ടുപത്തനാപുരം' എന്ന് അറിയപ്പെട്ടിരുന്ന ഒരു

പ്രദേശത്ത് എത്തിയത് ത്യാഗത്തിന്റെ വില മനസ്സിലാക്കിയാണ്. ദാരിദ്ര്യം സന്യാസത്തിന്റെ മൂന്ന് നെടുംതൂണുകളിലൊന്നാണ്. ശാരീരികാവശ്യങ്ങളോട് നിഷേധം പുലർത്തുന്നത് ശരീരത്തെ വെറുക്കുന്നതിനാലല്ല, ശരീരത്തെ അച്ചടക്കത്തിൽ നിർത്തുന്നതിനും വരുതിയിൽ എത്തിക്കുന്നതിനുമാണ്. സന്യാസത്തിന്റെ മുദ്രാവാക്യം കൊണ്ടും സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ടും തീർത്തും ദാരിദ്ര്യത്തിലായിപ്പോയ ശിഷ്യന്മാരെ സാധാരണ പിതാക്കന്മാർ മക്കളെ സ്നേഹിക്കുന്നതിലും ഏറെ ഗുരുവായ ദീവന്നാസ്യോസ് പിതാവ് സ്നേഹിച്ചിരുന്നു എന്നാണ് കേട്ടറിവ് (കാലം ചെയ്ത ബാവായിൽ നിന്നും, മാർ പീലക്സിനോസ് തിരുമേനിയിൽ നിന്നും, കൊച്ചി ഭദ്രാസനാധിപൻ ഐറേനിയോസ് പിതാവിലൂടെയും). ഭക്ഷണം ധാരാളം ലഭ്യമാകുന്ന ചുറ്റുപാടിലും വലിയ ബാവാ മിതത്വം പാലിച്ചിരുന്നത് ശ്രദ്ധേയമാണ്. ശരീരത്തെ ആത്മാവിനെക്കാൾ വലുതായി ഗണിക്കാത്തതിനാലാണിത്. വലിയ ബാവാ കാലം ചെയ്തതിനുശേഷം അപ്രേം തിരുമേനിയെ കണ്ട് സംസാരിപ്പാൻ ഇടയായി. സംഭാഷണത്തിൽ ബാവാ തിരുമേനിയുടെ ജീവിതം വിഷയമായി കടന്നുവന്നു. അപ്രേം തിരുമേനി പറഞ്ഞു: “ബാവായുടെ ആത്മാവ് കാലം ചെയ്യുന്നതിന് എത്രയോ മുമ്പ് തന്നെ ശരീരം വിട്ട് കഴിഞ്ഞിരുന്നു. ക്രൈസ്തവ ജീവിത ദർശനത്തിനിണങ്ങാത്ത ഹൈന്ദവമായ ഒരു ചിന്തയായി ഇതിനെ വിമർശിക്കാം. എങ്കിലും പ. ബാവായുടെ ജീവിതത്തിൽ കണ്ട ഒരു കാര്യമാണ്, ശരീരത്തിനോടുള്ള മമത ബാവ എന്നേ ഉപേക്ഷിച്ചിരുന്നു.”

വലിയ ബാവായുടെ മറ്റൊരു ശിഷ്യനായ ഐറേനിയോസ് പിതാവ്, വലിയ ബാവായെ സംബന്ധിച്ച ഒരു ഗ്രന്ഥത്തിന്റെ അവതാരികയിൽ ഇങ്ങനെ കുറിച്ചിട്ടു. “ത്യാഗം ശീലമായവർക്ക് പരിത്യാഗം പുതുമയല്ല. ത്യാഗം സ്ഥാനമാനങ്ങൾക്ക് മാത്രമല്ല അതിന്റെ പരമകോടിയിൽ ഇച്ഛകളും വാക്കുകളും എല്ലാം പരിത്യജിക്കപ്പെടും. അധികാര-ആദരവുകളുടെ പീഠം കയറുമ്പോൾ അവർക്ക് ഗർവ്വുണ്ടാകയില്ല.” ഗർവ്വും അഹന്തയും സ്വയപ്രശംസയും മനുഷ്യനു ജീവിതശൈലിയായി മാറിയിരിക്കുന്നു. ഇത്തരക്കാരുടെ മദ്ധ്യത്തിൽ വിനയത്താൽ ശിരസ്സ് മണ്ണിൽ ഉരച്ച് വ്യത്യസ്തമായ ജീവിതശൈലികൊണ്ട് നമ്മെ പ്രോജ്വലിപ്പിച്ചാണ് വലിയ ബാവാ അസ്തമിച്ചത്.

പ്രാർത്ഥിപ്പാനായി ജീവിതം മാറ്റിവച്ചതുപോലെ ആയിരുന്നു ഭൗതിക ആവശ്യങ്ങളോട് നിർമമതത്വം പുലർത്തിയ പിതാവ്. പ്രാർത്ഥനയോട് ഒരാർത്തി സൂക്ഷിച്ചിരുന്നു. പിതാവ് പറയുന്നു, “പിതാക്കന്മാരുടെ ചിന്താഗതിയനുസരിച്ച് ബാഹ്യവും ആന്തരികവുമായി ഇന്ദ്രിയങ്ങളുടെ സ്ഥാനത്ത് പത്ത് പ്രാർത്ഥനകളാണുള്ളത്. രാത്രി പ്രാർത്ഥനയുടെ നാലു

കൗമാകൾ നാലു പ്രാർത്ഥനകളും മറ്റ് ആറ് യാമപ്രാർത്ഥനകളും കൂടി ആകെ പത്ത് പ്രാർത്ഥനകൾ എന്നു കണക്കാക്കാം."

പ്രാർത്ഥനാജീവിതം ബാഹ്യവും പ്രകടനവും ആകാതെ പ. പിതാവ് വളരെ ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനയുടെ ഉന്നതഭാവമായ നിശബ്ദതയെ കൂടെ കൂട്ടിയിരുന്നു. ശബ്ദം ശരീരത്തിന്റെ ഭാവവും നിശബ്ദത ആത്മാവിന്റേതുമാണ്. ശബ്ദത്തിലൂടെ കടന്ന് നിശബ്ദതയിൽ പ്രവേശിച്ച് ആനന്ദം കണ്ടെത്തുന്നത് ആത്മീയതയുടെ ഉയർന്ന അവസ്ഥയായി കണക്കാക്കുന്നു. ഒരു റഷ്യൻ പിതാവ് പറയുന്നു: "രക്ഷ അല്ലെങ്കിൽ മോക്ഷത്തിലേക്കുള്ള പ്രയാണത്തിലെ സുപ്രധാന ഘടകമാണ് ദൈവവുമായി വ്യക്തിപരമായി ബന്ധം. ആ ബന്ധം നിശബ്ദതയിലൂടെയേ നേടൂ. മനസ്സിന്റെ നിശ്ചലത നേടുവാനുള്ള മാർഗ്ഗമാണ് നിരന്തര പ്രാർത്ഥന." ഈ കാഴ്ചപ്പാടിൽ മൗനത്തെ പ്രണയിച്ച മുനികുമാരനായിരുന്നു നമ്മുടെ ബാവാ. വാക്കുകൾ ആലോചിച്ചും ശ്രദ്ധിച്ചും ഉപയോഗിച്ച അക്ഷരങ്ങളുടെ ഉത്തമ കാര്യസ്ഥനായിരുന്നു. ധനം ധൂർത്തടിക്കാത്തതുപോലെ വാക്കുകളും മിതമായിട്ടുപയോഗിച്ചു.

പ. പരുമല തിരുമേനിയുടെ കല്പനകൾ കഴിഞ്ഞാൽ ഇത്രയും മനോഹരമായ ഭാഷയിലും ഘടനയിലും കല്പനകൾ രചിച്ചത് പ. പിതാവാണെന്നാണഭിപ്രായം. ഒരുത്തമ ഇടയന്റെ എല്ലാ ഭാവവും ജ്വലിച്ചുനിൽക്കുന്ന ഉജ്വല കല്പനകൾ. ഭാഷ വളരെ സരളവും ലളിതവും നേരെ ചൊവ്വേ പറയുന്നതും കുറിക്കുകൊള്ളുന്നതും പിതൃസഹജമായ വാത്സല്യം നിറഞ്ഞു നിൽക്കുന്നവയുമാണ്. വിസ്തരഭയത്താൽ അവ ഉദ്ധരിക്കുന്നില്ല. എന്നാൽ പഠനവിഷയമാക്കേണ്ടതാണ്.

ആ ദീപം പൊലിഞ്ഞു. ക്രിസ്തുനാഥനൊപ്പം എത്തി. 93 കൊല്ലം ഓടിയത് ഈ വീരമൃത്യു പ്രാപിപ്പാനാണ്. കാലം ചെയ്യുന്നതിന് രണ്ട് മണിക്കൂർ മുമ്പ് കാണുമ്പോൾ കൈകളിൽ കിരീടവുമായി നിൽക്കുന്ന ക്രിസ്തുവിൽ നിന്നും ഏറ്റുവാങ്ങുവാൻ വേദിയിലെ ഒരു ശിശുസഹജമായ ഭാവം മുഖത്ത്. കാത്തുകാത്തിരുന്ന നിമിഷം ദൂരദേശത്തു (മനോഹരദേശം) യാത്രപോകുന്നതിനുള്ള വാഹനം എത്തിയതിന്റെ ഭാവം.... ഇനിയും സമാധാനതീരത്തു കാണാം. നല്ല ജീവിതത്തിനു മുമ്പിൽ പ്രണാമം.

# മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃക

**ഡോ. സാം വി. ഡാനിയേൽ**
**(മൗണ്ട് താബോർ ട്രെയിനിംഗ് കോളജ്, പത്തനാപുരം)**

മൗണ്ട് താബോർ ദയറായുടെ സ്ഥാപകപിതാവായ ഭാഗ്യസ്മരണാർഹനായ അഭി. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ അനുഗ്രഹീത ശിഷ്യനായ പ. ദിദിമോസ് ബാവാ മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃകയായിരുന്നു. ആ പിതാവ്, തന്റെ ഗുരുവിൽ നിന്ന് ആർജ്ജിച്ച വാത്സല്യവും സ്നേഹവും, താപസനിഷ്ഠയും തന്റെ ശിഷ്യർക്കും അജഗണങ്ങൾക്കും പകർന്നു നൽകുവാൻ ഏറെ ശ്രദ്ധിച്ചു. സഭയിലെ അന്നത്തെ ഏറ്റവും ദരിദ്രമായ ഭദ്രാസനമായിരുന്ന മലബാർ ഭദ്രാസനം ഈ പിതാവിന് ലഭിച്ചപ്പോൾ യാതൊരു പിറുപിറുപ്പും കൂടാതെ അതിന്റെ സാരഥ്യം ഏറ്റെടുക്കുകയും സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാനും, ഭദ്രാസനത്തെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിക്കുവാനും കഴിഞ്ഞത് ഈ തപോധനന്റെ തീക്ഷ്ണമായ പ്രാർത്ഥനാജീവിതവും മനുഷ്യസ്നേഹവും കൊണ്ടാണ്.

അഭിവന്ദ്യനായ യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ വാക്കുകളിൽ പ. ദിദിമോസ് ബാവാ "വാഗ്‌വിലാസാനുഗൃഹീതനായ പ്രഭാഷകനും, വിശുദ്ധ സുന്ദരശബ്ദത്തിന്റെ ഉടമയും, നയകോവിദനായ ഭരണകർത്താവും, വിദഗ്ദ്ധ സംഘാടകനും, ഉദാത്തവും അതിവിശിഷ്ടവുമായ ഒരു സംസ്കാരത്തിന്റെയും വ്യക്തിത്വത്തിന്റെയും ഉടമയും, സന്യാസദാരിദ്ര്യത്തിന്റെ ചൂളയിൽ വാർത്തെടുത്ത പ്രതിഭയും, അനുസരണത്തിന്റെ ആൾരൂപവുമാണ്." ഈ വിശേഷണങ്ങൾ ഈ പിതാവിന്റെ വ്യക്തിത്വ വൈശിഷ്ട്യത്തിന് ഏറ്റവും അനുയോജ്യമായവയാണ്.

ഒരിക്കൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ബഹു. ജോൺ കുര്യൻ സാർ ഈ പിതാവുമായി ഒരു അഭിമുഖം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം വേദപുസ്തകത്തിൽ ഏറ്റവും ഇഷ്ടമുള്ള വാക്യം ഏതാണ് എന്ന് ചോദിച്ചപ്പോൾ പിതാവിന്റെ മറുപടി ഇങ്ങനെയായിരുന്നു: 'മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതെല്ലാം അവർക്ക് ചെയ്‌വീൻ." സമസൃഷ്ടങ്ങളോടുള്ള സ്നേഹം ഏതൊരു വ്യക്തിയുടെയും പ്രഥമ കർത്തവ്യമായി കർത്താവ് ചൂണ്ടിക്കാണിച്ച വാക്യം തന്നെ ഈ പിതാവ് തെരഞ്ഞെടുത്തപ്പോൾ ആ മനസ്സിൽ നിറഞ്ഞുനിന്ന മനുഷ്യസ്നേഹം വ്യക്തമാണല്ലോ.

ഈ ലേഖകനെ ഏറ്റവും അധികം ആകർഷിച്ച ഒരു സംഭവം ഇവിടെ സൂചിപ്പിക്കട്ടെ. തിരുമേനി ദയറായുടെ സുപ്പീരിയറും മൗണ്ട് താബോർ ട്രെയിനിംഗ് കോളജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ മാനേജരും ആയിരുന്ന കാലം. ട്രെയിനിംഗ് കോളജിലെ ഒട്ടുമിക്ക പരിപാടികളിലും പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണവും ഉദ്ഘാടനവും നടത്തുകയും ചെയ്യുക പതിവായിരുന്നു. അപ്പോഴൊക്കെ പിതാവ് ഊന്നിപ്പറയുന്ന ഒരു കാര്യം, "കുട്ടികളേ, ഇവിടെ 100% വിജയം ലഭിക്കുവാൻ നിങ്ങൾ ഒന്നായി പരിശ്രമിക്കണം. അദ്ധ്യാപകർക്ക് നിങ്ങൾ നൽകുന്ന ദക്ഷിണയാണ് നിങ്ങളുടെ വിജയം." ഒരു കുട്ടിപോലും തോൽക്കുന്നത് പിതാവിന് സഹിക്കുമായിരുന്നില്ല. ഒരിക്കൽ കോളജിൽ മുഴുവൻ കുട്ടികളും ജയിക്കുകയും അനേകം ഫസ്റ്റ് ക്ലാസ്സുകളും ഡിസ്റ്റിംഗ്ഷനുകളും ലഭിക്കുകയുമുണ്ടായി. റിസൽട്ട് അറിഞ്ഞയുടനെ തിരുമേനി, അന്നത്തെ പ്രിൻസിപ്പലായിരുന്ന ബഹുമാന്യനായ ഏബ്രഹാം അച്ചനെ വിളിച്ച് അദ്ധ്യാപകരെ മുഴുവൻ വിളിച്ചുകൂട്ടുവാൻ ആവശ്യപ്പെട്ടു. അന്ന് തിരുമേനി നേരിട്ട് കോളജിൽ വന്ന് ഞങ്ങളെയെല്ലാം അനുമോദിക്കുകയും, അനുഗ്രഹിക്കുകയും ചെയ്തത് ഇന്നും മനസ്സിൽ മായാതെ നിറഞ്ഞുനിൽക്കുന്നു.

തന്റെ ഏതു പ്രസംഗത്തിലും ആരംഭത്തിൽ തന്നെ തന്റെ വാത്സല്യ ഗുരുവായ അഭി. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമനസ്സിനെ സ്മരിക്കുക പതിവാണ്. കോളജിൽ പരിപാടികൾ നടക്കുമ്പോൾ പ്രസംഗം ആരംഭിക്കുമ്പോൾ തന്നെ പിന്നിലെ ഭിത്തിയിലേക്ക് നോക്കി തന്റെ ഗുരുവിനെ പുതിയ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുമായിരുന്നു. തന്റെ ഗുരുവിനെ ഓർക്കുമ്പോൾ ആ മുഖത്തെ ആനന്ദവും, ഭക്തിയും അവാച്യമാണ്. അത്രമാത്രം ഗുരുഭക്തി തന്നിൽ വിളങ്ങിയിരുന്നു. അതുകൊണ്ടുതന്നെയാവാം പിതാവിന്റെ അന്ത്യസമയങ്ങളിൽ തന്റെ പിൻഗാമിയായ പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്വന്തം പിതാവിനെപ്പോലെ ശുശ്രൂഷിച്ചതും, ഭാഗ്യകരമായ ഒരു അന്ത്യത്തിന് ഇടയായതും.

തന്റെ ശിഷ്യഗണങ്ങളെ ഏറ്റവുമധികം സ്നേഹിച്ചിരുന്ന പിതാവാണ് ദിദിമോസ് ബാവാ. സഹപ്രവർത്തകരെ അവരുടെ സ്ഥാനവ്യത്യാസങ്ങൾ പരിഗണിക്കാതെ സ്നേഹിച്ചിരുന്നു. തന്റെ അടുക്കൽ വരുന്ന എല്ലാവർക്കും തിരുമേനി അവരിൽ ഒരാളായി തോന്നുമായിരുന്നു. തന്റെ പുഞ്ചിരി നിസ്വാർത്ഥ സ്നേഹത്തിന്റെ ബഹിർസ്ഫുരണമായി എല്ലാവർക്കും അനുഭവപ്പെട്ടിരുന്നു.

ഈ പിതാവിന്റെ 90-ാം ജന്മദിനം സമുചിതമായി പത്തനാപുരം ദയറാ അങ്കണത്തിൽ ആഘോഷിച്ചപ്പോൾ ഈ ലേഖകൻ രചിച്ച് ശ്രീ. ജിജോ

ചേരിയിൽ ഈണം നൽകി മൗണ്ട് താബോർ ഗായകസംഘം അവതരിപ്പിച്ച ജന്മദിനാശംസാ ഗാനം തിരുമനസ്സിന്റെ പാവന സ്മരണയ്ക്കായി ഇവിടെ സമർപ്പിക്കട്ടെ.

**ജന്മദിനാശംസാ ഗാനം**

ഭാഗ്യവാനാം..... പിതാവേ..
മോറാൻ മാർ ബസേലിയോസ് ദിദിമോസ്
ഭക്ത്യാദരങ്ങളാൽ അർപ്പിച്ചിടുന്നിതാ
ജന്മദിനാശംസതൻ പൂച്ചെണ്ടുകൾ (ഭാഗ്യവാനാം....)

താബോർ കുടുംബത്തിൻ താതനായും
മലങ്കരസഭയുടെ അധിപനായും
പൗരസ്ത്യ മാർത്തോമ്മാ സിംഹാസനത്തിൽ
വാഴുക നീണാൾ ക്ഷേമമോടെ (ഭാഗ്യവാനാം.....)

ഈശോ നാഥൻ... രൂപാന്തരപ്പെട്ട
മറുരൂപ മലയാമീ താബോർ കുന്നിൻ
നെറുകയിൽ വിളങ്ങിടും ആലയങ്ങൾക്കെല്ലാം
നേതൃത്വദായകൻ തിരുമേനി... (ഭാഗ്യവാനാം....)

താബോർ കുടുംബത്തിൽ സ്ഥാപകഭാഗ്യവാൻ
മാർത്തോമ്മാ ദീവന്നാസ്യോസ് പിതാവിൻ
പിൻഗാമിയാമീപിതാവിൽ വിളങ്ങട്ടെ...
പൂർവ്വപിതാക്കളിൻ അനുഗ്രഹങ്ങൾ (ഭാഗ്യവാനാം....)

ഈ പിതാവിനെ അനുസ്മരിക്കുന്ന ഓരോ നിമിഷവും ധന്യമാണ്. ശാരീരികമായി നമ്മെ വിട്ടുപോയെങ്കിലും ആ പിതാവ് നൽകിയിട്ടുള്ള നല്ല സ്മരണകൾ നിലയ്ക്കാതെ എന്നും നമ്മോടൊപ്പം ജീവനും ചൈതന്യവുമുള്ളതായി നിലനിൽക്കും. ദൈവസന്നിധിയിൽ വിശുദ്ധന്മാരോടൊപ്പം കൈയിൽ കുരുത്തോലയുമായി രാപ്പകൽ തന്റെ ദൈവത്തെ ആരാധിക്കുന്ന ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

# ദിദിമോസ് വലിയ ബാവായുടെ വിദ്യാഭ്യാസ പ്രവർത്തനം

## ഫാ. കെ. എ. ഏബ്രഹാം

ഭാഗ്യസ്മരണാർഹനായ കാലംചെയ്ത മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനിയുടെ പിൻഗാമിയും മലങ്കരയുടെ ആറാം കാതോലിക്കായും 1972 മുതൽ 2013 വരെ താബോർ ദയറായുടെ സുപ്പീരിയറുമായിരുന്ന പ. ദിദിമോസ് ബാവാ തിരുമേനി ഒരു നല്ല വിദ്യാഭ്യാസ വിചക്ഷണനും ദർശനമുള്ള വ്യക്തിയുമായിരുന്നു. മാർ തോമ്മാ ദീവന്നാസ്യോസ് തിരുമേനിയുടെ കീഴിലുള്ള ദീർഘകാലത്തെ ശിഷ്യത്വം, ഉന്നതവിദ്യാഭ്യാസം, അദ്ധ്യാപനം, ഭരണം മുതലായവ മൂലം അദ്ദേഹത്തിന് വിദ്യാഭ്യാസ രംഗത്തു നല്ല നേതൃത്വം നൽകുവാൻ കഴിഞ്ഞു.

കാൺപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദവും മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് അദ്ധ്യാപന ഡിഗ്രിയും പൂർത്തിയാക്കി, നീണ്ട അനേകം വർഷം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, കോളജ് വൈസ് പ്രിൻസിപ്പൽ എന്നീ നിലകളിലും സ്കൂളുകളുടെയും കോളജുകളുടെയും മാനേജർ എന്ന നിലയിലും പ്രവർത്തിച്ച് പരിചയ സമ്പന്നത നേടിയ ദേഹമായിരുന്നു.

പത്തനാപുരത്തുള്ള ഹൈസ്കൂളുകൾ ഹയർസെക്കണ്ടറിയായി ഉയർത്തുന്നതിനും മാലൂർ, പോത്തുകൽ, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ സ്ഥാപിച്ച് ഇന്നത്തെ നിലയിൽ എത്തിക്കുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തോടൊപ്പം ഏതാണ്ടു അര നൂറ്റാണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുവാൻ എനിക്കും സാധിച്ചു എന്നുള്ളതിൽ സന്തോഷിക്കുന്നു.

അദ്ദേഹം മെത്രാൻ സ്ഥാനത്തേക്കു ഉയർത്തപ്പെട്ട്, കേവലം എല്ലാ വിധത്തിലും പിന്നോക്ക അവസ്ഥയിൽ ആയിട്ടുള്ള മലബാറിലേക്കു അയയ്ക്കപ്പെട്ടപ്പോൾ, അവിടുത്തെ പള്ളികളുടെ നില തികച്ചും ശോചനീയമായിരുന്നു. യാത്രാസൗകര്യങ്ങളും താമസഇടങ്ങളും ഇല്ലാതിരുന്ന ആ കാലത്ത് വളരെ ക്ലേശങ്ങൾ സഹിച്ചാണ് മലബാർ ഭദ്രാസനത്തെ ഇന്നത്തെ നിലയിൽ ആക്കിത്തീർത്തത്. പിന്നാലെ വന്നവർക്കു വലിയ ക്ലേശമൊന്നും സഹിക്കേണ്ടി വന്നില്ല.

വയനാട്ടിൽ തോണ്ടർനാട് എന്ന സ്ഥലത്തു 5 ഏക്കർ ഭൂമി വാങ്ങി വളരെ മെച്ചപ്പെട്ട ഒരു ഹയർസെക്കണ്ടറി സ്കൂൾ സ്ഥാപിച്ച് ആ ദേശ

ത്തിന്റെ ഉന്നതിക്കു പ്രവർത്തിച്ചു. നാട്ടുകാരായ ചില പ്രമാണികളുടെ എതിർപ്പും കൈയേറ്റങ്ങളും ഭീഷണിയുമെല്ലാം നേരിടേണ്ടി വന്നു. അക്കാര്യത്തിൽ തിരുമേനിയോടും എന്നോടും ഒപ്പം വളരെ ആത്മാർത്ഥമായി പ്രവർത്തിച്ച എം. എം. സഖറിയാ അച്ചനേയും ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർക്കുന്നു. കോറ പള്ളിക്കേസ് നമുക്കു അനുകൂലമായി കോടതി വിധിച്ചെങ്കിലും പാത്രിയർക്കീസ് വിഭാഗത്തോടു പിടിച്ചുനിൽക്കുവാൻ ന്യൂനപക്ഷമായ ഓർത്തഡോക്സുകാർക്കു കഴിയാതെ വന്നപ്പോൾ സ്കൂൾ കെട്ടിടത്തിന്റെ ഒരു ഹാൾ താൽക്കാലികമായി ചാപ്പലാക്കി. പിന്നീട് സ്കൂൾ സ്ഥലത്തു താൽക്കാലിക ഷെഡ്ഡ് കെട്ടി പള്ളി ഇടവകയാക്കി കൊടുത്തു. കാലം മാറി, ഇടവകക്കാർക്കു ഏതാണ്ടു സാമ്പത്തികസ്ഥിതി ആയപ്പോൾ അവർക്കു പള്ളിക്കായി 20 സെന്റ് സ്ഥലം ദാനമായി നൽകി. ഒപ്പം മറ്റു സാമ്പത്തികസഹായവും. ആ സ്ഥലത്ത് ഇപ്പോൾ നല്ല ഒരു ദേവാലയം പണിതുകൊണ്ടിരിക്കുന്നു.

അതുപോലെ പോത്തുകൽ കാതോലിക്കേറ്റ് ഹൈസ്കൂൾ ഇന്ന് നല്ല ഹയർസെക്കണ്ടറിയായി. ആ ദേശക്കാർക്കും നമ്മുടെ ജനങ്ങൾക്കും സാമാന്യ ഉന്നതവിദ്യാഭ്യാസത്തിനു അതു ഉപകാരമായി.

ഏറ്റവും പിന്നോക്കം നിൽക്കുന്ന രാമൻകൂത്തിൽ ഒരു യു.പി. സ്കൂൾ തിരുമേനി വിലയ്ക്കു വാങ്ങി. നേരത്തെ 2 ഏക്കറിൽ താഴെ മാത്രം സ്ഥലം. അത് ഹൈസ്കൂൾ ആക്കണമെന്ന ആഗ്രഹത്തിൽ കൂടുതൽ സ്ഥലം വാങ്ങി. ഇപ്പോൾ 3 ഏക്കറിൽ കൂടുതൽ ഉണ്ട്. ഭാവിയിൽ അതു ഒരു ഹൈസ്കൂളാകും എന്നു പ്രത്യാശിക്കാം.

മലബാർ ഭദ്രാസനത്തിലെ വൈദികർ ബഹുഭൂരിപക്ഷവും തിരുമേനിയാൽ അഭിഷിക്തരായവരാണ്. തിരുമേനി അവരെ വളരെ സ്നേഹിച്ചിരുന്നു, കരുതിയിരുന്നു എന്നുള്ളത് സ്കൂളുകളുടെ മാനേജർ എന്ന നിലയിൽ എനിക്കറിയാം. പുതിയ നിയമനങ്ങൾ വരുമ്പോൾ വൈദികരുടെ ഭാര്യമാർ യോഗ്യരായിട്ടുള്ളവർ ഉണ്ടെങ്കിൽ അവർക്കു മുൻഗണന കൊടുക്കണമെന്നു തിരുമേനി എന്നോടു കല്പിക്കുമായിരുന്നു. ആ നിലയിൽ ഓരോ സ്കൂളിലും നല്ല സംഖ്യ ബസ്ക്യാമമാർ ജോലി ചെയ്തിരുന്നു. ഇപ്പോഴും അവർ തുടരുന്നു. അതുപോലെ കഴിവതും തദ്ദേശവാസികൾക്ക് ജോലി കൊടുക്കണമെന്നായിരുന്നു തിരുമേനി എനിക്കു തന്നിരുന്ന നിർദ്ദേശം. ഞാൻ അതു പാലിക്കുകയും ചെയ്തിരുന്നു. കോട്ടയം അമയന്നൂർ എൽ.പി.എസ്. ജില്ലയിലെ മികച്ച സ്കൂളാണ്. പഴയ കെട്ടിടങ്ങൾ മാറ്റി പുതിയ നല്ല കെട്ടിടം പണിതിട്ടുണ്ട്. വന്ദ്യ തിരുമേനി തന്നെ അതിന്റെ കൂദാശ വർഷങ്ങൾക്കു മുമ്പു നിർവ്വഹിച്ചു.

തൃശ്ശിനാപ്പള്ളിൽ ഇന്നു കാണുന്ന ഇംഗ്ലീഷ് മീഡിയം, പ്രൈമറി/

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഇവയുടെ എല്ലാം വളർച്ചയുടെ കാരണഭൂതൻ മുൻ ഹെഡ്മാസ്റ്റർ കൂടിയായ തിരുമേനിയാണ്. തിരുമനസ്സിലെ നിർദ്ദേശപ്രകാരം ബ. ഇസ്രായേൽ റമ്പാൻ വളരെ ത്യാഗങ്ങൾ സഹിച്ചു അതു കെട്ടിപ്പടുത്തു.

തിരുച്ചി മാത്തൂരുള്ള ആശുപത്രി മികച്ച ഒരു സ്ഥാപനമാണ്. വലിയ തിരുമേനി സ്ഥാപിച്ചു വളർത്തിയതു ഇന്നു ഒരു വലിയ ആശുപത്രിയായി. അവയോടു അനുബന്ധിച്ചുള്ള നേഴ്സിംഗ് സ്കൂൾ, ഹോസ്റ്റൽ, കോൺവെന്റ് ഇവയെല്ലാം തിരുമേനിയുടെ കാലത്തു നല്ല നിലയിൽ വളർന്നു. ബ. ശമുവേൽ റമ്പാച്ചൻ, സി. റ്റി. ഐസക് റമ്പാച്ചൻ, മോസസ് റമ്പാൻ, സിസ്റ്റർ ഹന്നാ മുതൽപേർ ഇതിനുവേണ്ടി വളരെ പ്രയത്നിച്ചിട്ടുണ്ട്. ഡോ. പി. വൈ. ഡേവിഡ്, മിസ്സസ്സ് ഡേവിഡ്, ഡോ. പോൾ, മിസ്സസ്സ് ഡോ. ഷെറിൻ പോൾ എന്നിവരുടെ പ്രതിഫലമില്ലാത്ത സേവനവും വളരെ നന്ദിയോടെ സ്മരിക്കുന്നു.

താബോർ ദയറായുടെ കേന്ദ്രബിന്ദു പത്തനാപുരമാണ്. കാട്ടുപത്തനാപുരത്തു ഏതാണ്ടു 100 വർഷങ്ങൾക്കു മുമ്പു അഭിവന്ദ്യനായ വലിയ തിരുമേനി വിതച്ച വിത്ത് വളർന്നു ഒരു വലിയ വടവൃക്ഷമായി. അതിനു വളവും വെള്ളവും സമയാസമയങ്ങളിൽ കൊടുത്തു വളർത്തിയതും വലിയ ബാവായും അദ്ദേഹത്തോടൊപ്പമുള്ള സീനിയർ വൈദികരായ അന്തരിച്ച ബ. എൻ. ജെ. തോമസ് റമ്പാൻ, അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ്, ഇയ്യോബ് തിരുമേനി, ഐറേനിയോസ് തിരുമേനി, ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി, ഏലിയാസ് റമ്പാൻ, സ്ലീബാ റമ്പാൻ, ശമുവേൽ റമ്പാൻ, ബ. ഉമ്മൻ അച്ചൻ, മോസസ് റമ്പാൻ, ഈ ലേഖകൻ മുതൽപേരുമാണ്. പ്രശസ്തമായ നിലയിൽ നടത്തപ്പെടുന്ന ട്രെയിനിംഗ് കോളജ്, മാലൂർ സെന്റ് സ്റ്റീഫൻസ് കോളജ് എന്നിവ സഭയ്ക്കും ദയറായ്ക്കും അഭിമാനമാണ്. അന്തരിച്ച ബ. ഉമ്മൻ അച്ചൻ (അപ്രേം റമ്പാൻ) മാലൂർ കോളജിലും ഫാ. കെ. എ. അബ്രഹാം മൗണ്ട് താബോർ ട്രെയിനിംഗ് കോളജിലും ദീർഘകാലം പ്രിൻസിപ്പൽമാരായിരുന്നു. വലിയ ബാവായുടെ കീഴിൽ ഇവർ കോളജുകൾക്കു വേണ്ടിയും സ്കൂളുകൾക്കുവേണ്ടിയും നല്ലതുപോലെ പ്രവർത്തിച്ചവരാണ്. കോളജ്, സ്കൂളുകൾ എന്നിവയുടെ നാമത്തിൽ അഭിവന്ദ്യനായ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ ബുദ്ധിപരമായ നിർദ്ദേശങ്ങൾ എനിക്കു വളരെ സഹായകമായിരുന്നു.

താബോർ മലയിലെ മൂന്നു വലിയ മന്ദിരങ്ങൾ തിരുമനസ്സിലെ ഓർമ്മയെ നിലനിർത്തുന്നു. മനോഹരമായ ഒരു വലിയ ദേവാലയം കബറിനോടു ചേർത്തു പണികഴിപ്പിച്ചതും അതിനുവേണ്ടിയുള്ള ധനശേഖരണം

നടത്തിയതും വലിയ ബാവാ തിരുമേനിയാണ്. അതുപോലെതന്നെ ഒരു വലിയ ആശ്രമകെട്ടിടം ഇന്നു കാണുന്ന രീതിയിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടി പണിതീർത്തു കൂദാശ ചെയ്തതും തിരുമേനിയാണ്.

സ്ഥാപകപിതാവിന്റെ ഓർമ്മയെ നിലനിർത്തുന്നതിനായി മനോഹരമായ ഒരു സ്മൃതിമന്ദിരം അഭിവന്ദ്യനായ ഡോ. ഐറേനിയോസ് തിരുമേനി രൂപകല്പന ചെയ്യിച്ചു പണിതീർത്തതും അതിന്റെ മുഴുവൻ ചെലവുകളും അദ്ദേഹം തന്നെ കണ്ടെത്തിയെന്നുള്ളതും നന്ദിപൂർവ്വം സ്മരിക്കുന്നു. വലിയ തിരുമേനിയുടെ അംശവസ്ത്രങ്ങൾ, കാപ്പ, കാസ, പീലാസ, വി. വേദപുസ്തകങ്ങൾ, ഡയറിക്കുറിപ്പുകൾ, പ്രസംഗ നോട്ട്സ്, ലൈബ്രറി മുതലായവ അതിൽ സൂക്ഷിച്ചിരിക്കുന്നു.

പത്തനാപുരത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിനു വലിയ തിരുമേനിയും വലിയ ബാവായും നൽകിയ സംഭാവനകൾ സഭയും നാട്ടുകാരും എന്നും നന്ദിയോടെ സ്മരിക്കും. ഏതൊരു സ്ഥാപനത്തിന്റെയും വളർച്ചയും ഉയർച്ചയും യശസ്സും അതു നയിക്കുന്നവരുടെ ദൈവാശ്രയത്തെയും വിദ്യാഭ്യാസത്തെയും ദീർഘദർശനത്തെയും ആശ്രയിച്ചിരിക്കും. നല്ല കാര്യപ്രാപ്തിയുള്ള നേതൃത്വം ഈ സ്ഥാപനത്തിനു തുടർന്നും ലഭിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടെ അവസാനിപ്പിക്കുന്നു.

(ലേഖകൻ പത്തനാപുരം ട്രെയിനിംഗ് കോളജിന്റെ പ്രിൻസിപ്പൽ, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ, ദയറാ സെക്രട്ടറി, കോർപ്പറേറ്റ് മാനേജർ, സഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.)

# പ്രാർത്ഥനാപൂർവ്വം ഓരോർമ്മക്കുറിപ്പ്

## റവ. സിസ്റ്റർ ശലോമി
**(മൗണ്ട് താബോർ കോൺവെന്റ്, മേപ്പാടി)**

ധ്യാനം സമാധാനത്തിന്റെ ചേഷ്ടയാണ്. അത് കണ്ടെത്തേണ്ട ഉദ്ദിഷ്ട കാര്യമല്ല. വിചാരമോ വാക്കോ കൊണ്ട് ചേർത്തുവയ്ക്കുന്ന ഒന്നല്ല അത്. ധ്യാനത്തിന്റെ പ്രവർത്തനം ബുദ്ധിയാണ്. നിങ്ങൾ സമാധാനത്തിന്റെ വിധികർത്താവല്ല. അത് അവിടെയുണ്ടെങ്കിൽ നിങ്ങളുടെ അനുദിന ജീവിതകർമ്മങ്ങളിലൂടെയും നിങ്ങളുടെ ജീവിതത്തിന്റെ നന്മയിലൂടെയും, ക്രമത്തിലൂടെയും നിങ്ങൾ അതിനെപ്പറ്റി ബോധവാനാകും.

ആ പ്രഭാതത്തിൽ ആകാശത്തിൽ ഒരു മേഘം പോലുമില്ല. സൂര്യൻ പൂർവ്വാധികം ഭംഗിയായി തന്റെ കിരണങ്ങളെ ഭൂമിയിലേക്ക് ഒഴുക്കിക്കൊണ്ടിരുന്നു. അന്ന് ഞങ്ങളുടെ പള്ളിയിലെ പെരുന്നാളായിരുന്നു. 1967 ജനുവരി 6, 7 തീയതികളിൽ. മലബാർ ഭദ്രാസനത്തിന്റെ ഭരണം ഏറ്റെടുക്കാനായി പുതുതായി പട്ടംകെട്ടിയ തിരുമേനി, പത്തനാപുരം മൗണ്ട് താബോർ ദയറായിലെ തോമസ് മാർ തീമോത്തിയോസ് ആണെന്ന വിവരം ഞങ്ങൾക്ക് അറിവായി. മലബാറിലേക്ക് പുതുതായി വാഴിച്ചുവന്ന തിരുമേനിയെ ഞങ്ങളുടെ പള്ളിയിലേക്ക് പെരുന്നാളിന് സ്വീകരിച്ചുകൊണ്ടുവന്നു. പെരുന്നാളിന്റെ പ്രധാന കാർമ്മികൻ തിരുമേനിയായിരുന്നു. അന്നാണ് ഞാൻ ആദ്യമായി ദിദിമോസ് ബാവായെ കാണുന്നത്. ബാവായുടെ കാർമ്മികത്വത്തിൽ നടന്ന ആ പെരുന്നാൾ എന്നത്തേക്കാട്ടിലും കൂടുതൽ പ്രോജ്ജ്വലമായിരുന്നു. ഒപ്പം മാലോകരുടെ ദുഃഖവും കഷ്ടതയുമെല്ലാം ചഞ്ചലമായ സുഖങ്ങളുമായി കടന്നുപോവുകയും ചെയ്തു. പെരുന്നാൾ ക്രമങ്ങളെല്ലാം കഴിഞ്ഞ് ഞങ്ങൾ കുടുംബസമേതം തിരുമേനിയെ കണ്ട് കൈ മുത്തുന്നതിനും പരിചയപ്പെടുത്തുന്നതിനുമായി ആ മഹാനുഭാവന്റെ അടുത്തു ചെന്നു. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിലെ പ്രിൻസിപ്പാൾ എന്റെ അപ്പച്ചന്റെ ജ്യേഷ്ഠനാണ് എന്ന് പറഞ്ഞ് പരിചയപ്പെട്ടു. ഞങ്ങളെ പരിചയപ്പെടുത്തിയപ്പോൾ എന്നോട് ഏത് ക്ലാസ്സിലാണ് പഠിക്കുന്നതെന്ന് ചോദിച്ചു. എസ്.എസ്.എൽ.സി. ക്ക് പഠിക്കുകയാണെന്ന് പറഞ്ഞപ്പോൾ മഠത്തിൽ ചേരാൻ ആഗ്രഹമുണ്ടോ എന്ന് ചോദിച്ചു. സമ്മതമാണെന്ന് ഞാൻ പറഞ്ഞപ്പോൾ എസ്.എസ്.എൽ.സി. യുടെ പരീക്ഷാഫലം വന്നതിനുശേഷം വിടാമെന്ന് എന്റെ അപ്പച്ചൻ പറഞ്ഞു. എനിക്ക് മുമ്പായി, എന്റെ സഹപാഠിയും, ഒരേ പള്ളിക്കാരുമായ സിസ്റ്റർ രൂത്ത് തിരുമേനിയെ കാണുകയും, പരിചയപ്പെടുകയും,

പത്തനാപുരം മഠത്തിൽ പോകാൻ താൽപര്യമാണെന്ന് പറയുകയും ചെയ്തു. അങ്ങനെ സിസ്റ്റർ രൂത്ത് 1967 ആഗസ്റ്റിൽ പത്തനാപുരത്തിന് പോവുകയും ചെയ്തു.

സ്വയം ഒരു പ്രകാശമായിരിക്കുന്നത് എല്ലാ അനുഭവങ്ങളേയും തിരസ്കരിക്കുന്നു. തനിക്കുതന്നെ വിളക്കായിരിക്കുക എന്നു പറഞ്ഞാൽ മറ്റെല്ലാവർക്കും വിളക്കായിരിക്കുക എന്നാണ് അർത്ഥം. തനിക്കുതന്നെ പ്രകാശമായിരിക്കുന്നത് മനസ്സിനെ സംബന്ധിച്ചിടത്തോളം വെല്ലുവിളിയിൽ നിന്നും, പ്രതികരണങ്ങളിൽ നിന്നും മുക്തമായിരിക്കലാണ്. അങ്ങനെ 1968 മെയ് 27-ാം തീയതി പത്തനാപുരം മഠത്തിൽ ചേരുക എന്ന ഭാഗ്യം എനിക്കും കൈവന്നു.

എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം അറിഞ്ഞതിനുശേഷം തിരുമേനിയുടെ കൽപ്പനയനുസരിച്ച് ഞങ്ങൾ കോഴിക്കോടിന് പോയി. പട്ടണത്തെപ്പറ്റി കേട്ടപ്പോൾ തന്നെ എന്തെന്നില്ലാത്ത സന്തോഷമായി. ബസിലെ യാത്ര ഏറെ രസകരമായിരുന്നു. നിഴലുകൾക്ക് അവയുടെ ദൈർഘ്യം നഷ്ടമായി. പാറയും, മരങ്ങളും, അവയുടെ പൂക്കളും, ഫലങ്ങളും വിഭവസമൃദ്ധമായ ഭൂമിയും ബസ്സിനൊപ്പം ഓടിക്കൊണ്ടിരുന്നു.

ബസ്സിലിരുന്ന് തിരുമേനിയുടെ അരമനയെപ്പറ്റി വലിയ സ്വപ്നം കണ്ടുകൊണ്ടിരുന്നു. വലിയ ആഡംബരമുറികളായിരിക്കുമെന്നൊക്കെ........ പക്ഷേ, നടക്കാവിൽ ബസ്സിറങ്ങി പലരോടും ചോദിച്ചന്വേഷിച്ച് ചെന്നപ്പോൾ കണ്ടതോ...... ഒരു ചെറിയ ഷെഡ്ഡ്. അതായിരുന്നു പള്ളി. അതിന്റെ വരാന്തയുടെ കിഴക്കേ അറ്റത്ത് ഒരു കൊച്ചുമുറി. കഷ്ടിച്ച് ഒരു കട്ടിലും, ഒരു ചെറിയ മേശയും ഒരു കസേരയും ഇടാവുന്ന സ്ഥലം മാത്രം. ഭിത്തിയിൽ ഒരു വെളുത്ത കുപ്പായവും ഒരു ചുവന്ന കുപ്പായവും തൂക്കിയിട്ടിട്ടുണ്ട്. മേശപ്പുറത്ത് രണ്ട് ഗ്ലാസ്സ് ജീരകവെള്ളവും, രണ്ട് പരിപ്പ് വടയും, രണ്ട് ചെറിയ പഴവും. ഞങ്ങളെ കണ്ടപ്പോൾ ജീരകവെള്ളത്തിൽ പഞ്ചസാര ചേർത്ത് ഞങ്ങൾക്ക് കുടിക്കാൻ തന്നു. പരിപ്പുവടയും പഴവും തന്നു.

പള്ളിയോട് ചേർന്ന് ആൺകുട്ടികളുടെ ഒരു ഹോസ്റ്റൽ ഉണ്ടായിരുന്നു. തിരുമേനിയുടെ ഭക്ഷണം അവിടെ നിന്നായിരുന്നു കൊണ്ടുവന്നിരുന്നത്. തിരുമേനിയുടെ മുറിയും, താമസസൗകര്യവും കണ്ടപ്പോൾ എനിക്ക് എന്തെന്നില്ലാത്ത വിഷമം തോന്നി. ഈ ചുരുങ്ങിയ സൗകര്യത്തിലുള്ള ജീവിതം. ഒരു ഭദ്രാസനം ഭരിക്കേണ്ട മെത്രാപ്പോലീത്തായെ സംബന്ധിച്ചിടത്തോളം ഏറെ ക്ലേശകരമാണെന്ന സത്യം എനിക്ക് മനസ്സിലായി. പത്തനാപുരം തോമാ മാർ ദീവന്നാസ്യോസ് എന്ന വലിയ മഹർഷിശ്രേഷ്ഠന്റെ ശിക്ഷണത്തിൽ വളർന്ന ദിദിമോസ് ബാവായെ സംബന്ധി

ച്ചിടത്തോളം ഏത് ക്ലേശകരമായ ജീവിതത്തിലൂടെയും സധൈര്യം മുന്നോട്ടുപോകാനുള്ള കരുത്തും, ആത്മധൈര്യവും ഉണ്ടായിരുന്നു.

കാലം ബോധത്തിനും അതിന്റെ ഉള്ളടക്കത്തിനും ജന്മം നൽകി. ഇത് കാലത്തിന്റെ സംസ്കാരമാണ്. അതിന്റെ ഉള്ളടക്കം ബോധത്തെ ഉളവാക്കുന്നു. സ്വാർത്ഥതയുടെ പരിത്യാഗം സ്നേഹമാണ്, അനുകമ്പയാണ്. എല്ലാറ്റിനുംവേണ്ടിയുള്ള വികാരവായ്പാണ്. വിശക്കുന്നവർക്കും, വേദനിക്കുന്നവർക്കും, ഭൗതികവാദിക്കും, വിശ്വാസിക്കും എല്ലാം വേണ്ടിയുള്ള വികാരവായ്പാണ് സ്നേഹം. അത് മരണംപോലെ അന്തിമവും ശക്തവുമാണ്. ആ സ്നേഹത്തിന്റെ പൂർണ്ണതയാണ് തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, മൗണ്ട് താബോർ സന്യാസപ്രസ്ഥാനങ്ങളും. മെത്രാപ്പോലീത്തായാകട്ടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരു സാമൂഹ്യപ്രവർത്തകൻ കൂടിയായിരുന്നു. ഇവരുടെ സർവ്വതോന്മുഖമായ പ്രവർത്തനങ്ങളാണ് പത്തനാപുരത്തിന്റെ വികസനത്തിന് വഴിതെളിച്ചതെന്ന് പത്തനാപുരത്തെ ജനതതി ഒന്നടങ്കം പറയുന്നു.

അജ്ഞാനത്തെയും അന്ധകാരത്തെയും അകറ്റി പ്രകാശവും സംസ്കാരവും പ്രദാനം ചെയ്യുന്നതിന് വിദ്യാഭ്യാസം അവശ്യഘടകമാണ് എന്ന് അറിയാവുന്ന തിരുമേനി പ്രൈമറി സ്കൂൾ മുതൽ ബി.എഡ്. കോളജ് വരെയുള്ള അനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. ഇംഗ്ലണ്ടിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ച ഉന്നത വിദ്യാഭ്യാസവും, സന്യാസസമൂഹമായ കൗളീഫാദേഴ്സിൽ നിന്ന് ലഭിച്ച സന്യാസപരിശീലനവുമാണ് പത്തനാപുരത്തെ താബോറിനെ സന്യാസസമൂഹമായി രൂപപ്പെടുത്തുവാൻ സാധിച്ചത്. അദ്ദേഹം ക്രാന്തദർശിയും ദീർഘവീക്ഷണവുമുള്ള ആളായിരുന്നുവെന്ന് അവിടുത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ കീഴിൽ ദിദിമോസ് ബാവായ്ക്ക് വളരെ ചെറുപ്പത്തിൽ തന്നെ സന്യാസപരിശീലനം നേടിയെടുക്കാൻ സാധിച്ചു. ദീവന്നാസ്യോസ് തിരുമേനി ദയറാ സ്ഥാപിച്ചപ്പോൾ ആദ്യകാലങ്ങളിൽ സാമ്പത്തികമായി വളരെയധികം ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. സ്വന്തമായി കെട്ടിടമോ സാമ്പത്തിക ഭദ്രതയോ പത്തനാപുരം ദയറായ്ക്ക് ഇല്ലായിരുന്നു. ദയറാ കെട്ടിടം കേവലം ഒരു ഓലഷെഡ്ഡായിരുന്നു. ദയറായിൽ പ്രധാനമായും ധ്യാനം, നോമ്പ്, യാമപ്രാർത്ഥന, ബൈബിൾക്ലാസ്സ്, മൗനം, ദയറാജീവിതത്തെക്കുറിച്ചുള്ള ക്ലാസ്സ് എന്നിവ പരിശീലിപ്പിച്ചിരുന്നു. ദിദിമോസ് ബാവായുടെ ഗുരുവായ തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരേ സമയം നിരണം ഭദ്രാസനത്തിന്റെ ഭരണകർത്താവും, പത്തനാപുരം ദയറായുടെ സുപ്പീരിയറും ആയിരുന്നു.

ഗുരുവിനുശേഷം താബോറിന്റെ നടത്തിപ്പിനായി പിൻഗാമിയെ കണ്ടെത്തിയത് ദിദിമോസ് ബാവായെയാണ്. ഗുരു ഏൽപ്പിച്ച ചുമതലകൾ അക്ഷരംപ്രതി നിറവേറ്റുന്നതിൽ ശിഷ്യൻ ബദ്ധശ്രദ്ധാലുവായിരുന്നു. ഗുരുവിന്റെ ആഗ്രഹംപോലെ തന്നെ ശിഷ്യൻ റമ്പാനായും, മെത്രാനായും കണ്ടതിന് ശേഷമാണ് ഗുരു 1972 ഡിസംബർ 3-ന് ഈ ലോകത്തിൽ നിന്നും യാത്രയായത്.

വികാരവായ്പ് ഇല്ലാതെ സൃഷ്ടി ഇല്ല. സമ്പൂർണ്ണമായ പരിത്യാഗമാണ് അവസാനമില്ലാത്ത ഈ വികാരവായ്പ് ഉളവാക്കുന്നത്. പ്രാർത്ഥനാനിർഭരമായ മൗനമായിരുന്നു ദിദിമോസ് ബാവായുടെ സവിശേഷത.

പരമദരിദ്രമായ മലബാർ ഭദ്രാസനമാണ് ദിദിമോസ് ബാവായ്ക്ക് ലഭിച്ചത്. എന്നാൽ താബോർ ദയറായിൽ നിന്ന് ലഭിച്ച ശുഭാപ്തി വിശ്വാസവും, പ്രാർത്ഥനയും, സഭാതീക്ഷ്ണതയുമാണ് മലബാറിന്റെ ഭദ്രാസനഭരണത്തിന് ബാവായ്ക്ക് കരുത്തു പകർന്നത്.

ദിദിമോസ് ബാവായ്ക്ക് മലബാർ ഭദ്രാസനത്തെക്കുറിച്ച് യാതൊരു മുൻപരിചയവുമില്ലായിരുന്നു. മലബാർ സാമ്പത്തികമായി യാതൊരു ഭദ്രതയുമില്ലാതിരിക്കെ 6 ജില്ലകളിലായി 80 ഇടവകകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ജനങ്ങളിലധികവും കുടിയേറ്റ കർഷകരായിരുന്നു. പള്ളികൾ ഇല്ലാത്തതിനാലും, ഉള്ളത് കേവലം ഷെഡ്ഡിലും മറ്റും ആയതിനാലും ജനങ്ങൾ മറ്റ് സഭകളിലേക്ക് ചേക്കേറിക്കൊണ്ടിരുന്നു.

ഭദ്രാസനഭരണത്തിനുവേണ്ടി കോട്ടയത്തും, പത്തനാപുരത്തും മറ്റും പോയിവന്നത് ട്രെയിനിലും ബസ്സിലുമായിരുന്നു. ഈ ക്ലേശം മനസ്സിലാക്കി മണമേൽ കുടുംബം, ഒരു പഴയ കാർ ദിദിമോസ് ബാവായ്ക്ക് നൽകി. തന്മൂലം ഭദ്രാസനഭരണം കുറേക്കൂടെ എളുപ്പമായിത്തീർന്നു. ഇതിനിടയിൽ മലബാർ ഭദ്രാസനത്തിനുവേണ്ടി കോഴിക്കോട്ടുകാർ 4 ഏക്കർ സ്ഥലം കോഴിക്കോട് നിന്ന് 13 കി. മീ. ദൂരെ ചാത്തമംഗലത്ത് വാങ്ങിക്കൊടുത്തു. പിന്നീട് ഒരേക്കർ നിലവും രണ്ടേക്കർ പുരയിടവും 4 ഏക്കറിനോട് ചേർന്ന് ദിദിമോസ് ബാവാ വാങ്ങിക്കുകയുണ്ടായി. നിറയെ ചെങ്കല്ലായിരുന്ന സ്ഥലം മുഴുവനും കൃഷിചെയ്തു. മാവ്, പ്ലാവ്, തെങ്ങ് എന്നിവ വച്ചുപിടിപ്പിച്ചു. അരമനയും ഭദ്രാസനത്തിലെ പള്ളികളും പണിയുന്നതിനുവേണ്ടി ദിദിമോസ് ബാവാ വിദേശത്തും ഗൾഫ്നാടുകളിലും പോവുകയും അവിടെയുള്ള അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ബാവാ പഠിപ്പിച്ച വിദ്യാർത്ഥികളും നൽകിയ സംഭാവന കൊണ്ട് പള്ളികളും അരമനയും പണിയിപ്പിക്കുകയും ചെയ്തു.

1968 മെയ് 27-ന് ഞാൻ പത്തനാപുരത്ത് ചേർന്നു എന്ന് നേരത്തെ പ്രസ്താവിച്ചിരുന്നല്ലോ. എന്റെ അപ്പച്ചൻ എന്നെ തോമാ മാർ

ദീവന്നാസ്യോസ് തിരുമേനിയുടെ പക്കൽ ഏൽപ്പിച്ചു. ആ സമയം അവിടെ ദിദിമോസ് ബാവായും ഉണ്ടായിരുന്നു. എന്നേയും അപ്പച്ചനേയും അവർ മഠത്തിലേക്ക് വലിയ മദറിന്റെ അടുക്കലേക്ക് പറഞ്ഞുവിട്ടു.

പത്തനാപുരത്തെ സന്യാസപരിശീലനവും അതിനുശേഷം പി.ഡി.സി. വിദ്യാഭ്യാസവും കഴിഞ്ഞ് ബിരുദപഠനത്തിനും കോളജ് ഹോസ്റ്റൽ നടത്തിപ്പിനുമായി ഞങ്ങളെ (ഞാനും, സിസ്റ്റർ രൂത്ത്, സിസ്റ്റർ സാറ) തിരുമേനിയുടെ അനുവാദത്തോടെ ബഹു. നൂറനാലച്ചൻ ബത്തേരി സെന്റ് മേരീസ് കോളജിലേക്ക് കൊണ്ടുവന്നു. ആ കാലങ്ങളിൽ മലബാർ ഭദ്രാസനത്തിലായിരുന്നു ബത്തേരി ഭദ്രാസനം. മലബാറിന്റെ ഏക കോളജായിരുന്നു സുൽത്താൻബത്തേരി സെന്റ് മേരീസ് കോളജ്. പ്രസ്തുത കോളജിന്റെ ഉന്നമനത്തിനുവേണ്ടി ദിദിമോസ് ബാവാ അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്.

കോളജിലെ ഞങ്ങളുടെ വിദ്യാഭ്യാസത്തിലും ഹോസ്റ്റലിലെ താമസത്തിലും തുടങ്ങി എല്ലാ കാര്യത്തിലും ദിദിമോസ് ബാവാ വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. മാസത്തിൽ ഒരിക്കലെങ്കിലും ബാവാ ബത്തേരിയിൽ വരികയും, നൂറനാലച്ചന്റെ പള്ളിയിൽ വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. കൂടാതെ, വി. കുർബ്ബാനയ്ക്ക് പങ്കെടുക്കുന്നതിന് ക്വയർ രൂപീകരിക്കുകയും കുർബാന ഗീതങ്ങളും, മറ്റ് ആരാധനാഗീതങ്ങളും പഠിപ്പിക്കുകയും പതിവായിരുന്നു. ദിദിമോസ് ബാവായുടെ വി. കുർബ്ബാനയും, പാട്ടുപാടുന്നതുമെല്ലാം കേൾക്കാൻ വളരെയധികം ഇമ്പകരമായിരുന്നു. കൂട്ടത്തിൽ ഞങ്ങളെ വേറെ വിളിച്ചിരുത്തി നല്ല ഉപദേശവും തരുമായിരുന്നു. സന്യാസികൾ എവിടെ ആയിരുന്നാലും മൗനികൾ ആയിരിക്കണമെന്നും, പരിപൂർണ്ണതയിലേക്കാണ് പരിശ്രമിക്കേണ്ടതെന്നും, വൃഥാസംസാരം പാടില്ലെന്നും, പത്തനാപുരത്തെ ജീവിതം പോലെ ഇവിടെയും ജീവിക്കണമെന്നും ഇടയ്ക്കിടെ ഞങ്ങളെ ഉപദേശിക്കുമായിരുന്നു. കൂടാതെ യാമംതോറുമുള്ള പ്രാർത്ഥനയും നോമ്പും, ഉപവാസവും മുടക്കം കൂടാതെ ആചരിക്കണമെന്നും ഉപദേശിക്കുമായിരുന്നു. ഞങ്ങളെ പിതാവിനു തുല്യം വളരെയധികം സ്നേഹിച്ചിരുന്നു.

നിശ്ശബ്ദതയ്ക്കു മാത്രമാണ് സ്നേഹത്തെപ്പോലെ ആഴമുള്ളത്. നിശബ്ദതയും സ്നേഹവും വിചാരത്തിന്റെ ചലനമല്ല. ഇവിടെയാണ് പ്രാർത്ഥനയുടെ മഹത്വം വെളിവാക്കപ്പെടുന്നത്. ദിദിമോസ് ബാവാ കാലം ചെയ്യുന്നതുവരെ പ്രാർത്ഥനയിൽ യാതൊരു മുടക്കവും വരുത്തിയിരുന്നില്ല. പ്രാർത്ഥന ഒന്നിലൂടെ മാത്രമാണ് ബാവാ എല്ലാ പ്രതിസന്ധികളേയും നിശബ്ദമായി തരണം ചെയ്തത്. മൗനവും പ്രാർത്ഥനയും ആയിരുന്നു ബാവായുടെ ഏറ്റവും വലിയ ആയുധം.

1970–കളിലെ സഭാവഴക്ക് മലബാർ ഭദ്രാസനത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തി. വഴക്ക് ഏറ്റവും കൂടുതൽ ബാധിച്ചത് മലബാർ ഭദ്രാസനത്തിൽ ആയിരുന്നു.

വയനാട്ടിൽ നൂറനാലച്ചന്റെ സമർത്ഥമായ ഇടപെടൽ മൂലം എല്ലാ അച്ചന്മാരും, സഭാസ്നേഹികളും തിരുമേനിയോടൊപ്പം ഉറച്ചുനിന്നു. തിരുമേനിയുടെ പ്രയത്നത്തിന്റേയും പ്രാർത്ഥനയുടെയും ഫലമായി കോടതിവിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി. അതുവരെ കോടതിയും കേസും ഒന്നും അറിയാതെ ദയറായിൽ മാത്രം കഴിഞ്ഞിരുന്ന തിരുമേനിക്ക്, സഭാവഴക്കും, കോടതിയും തികച്ചും വേദനാജനകമായിരുന്നു. വേദനയോടുകൂടി കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന ദൈവസന്നിധിയിൽ വിലപ്പെട്ടതായിരുന്നു.

കോടതിവിധിയനുസരിച്ച് പള്ളികൾ എല്ലാംതന്നെ തിരുമേനിയുടെ പേരിലായി. ബത്തേരിയിൽ നിന്ന് ഞങ്ങൾ തിരുമേനിയെ കാണാൻ ചാത്തമംഗലത്തെ അരമനയിൽ ചെല്ലുമ്പോൾ തിരുമേനി ചാപ്പലിൽ ആയിരിക്കും. മിക്ക സമയവും പ്രാർത്ഥനയും ധ്യാനവും. രാത്രി ഏകദേശം 12 മണിവരെ ഇത് നീളും. അതുകഴിഞ്ഞ് കേവലം ഒരു പുൽപ്പായയിൽ കിടന്നുറങ്ങും. രാവിലെ നാലരയ്ക്ക് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾക്ക് ശേഷം 5 മണിക്ക് ചാപ്പലിൽ പ്രാർത്ഥനയ്ക്കായി പ്രവേശിക്കും. ഏഴര വരെ നമസ്കാരവും, ധ്യാനവും, വി. കുർബ്ബാനയും. അതിനുശേഷം കൃഷിസ്ഥലത്ത് സന്ദർശനം. ഈവക കാര്യങ്ങൾക്ക് ശേഷമാണ് ഭദ്രാസന കാര്യങ്ങളിൽ വ്യാപൃതനാകുന്നത്. ഇതായിരുന്നു ദിദിമോസ് ബാവാ.

സഭയുടെ പ്രതിസന്ധികളിൽ തളരാതെ ദൈവത്തെ മാത്രം ആശ്രയിച്ചുകൊണ്ട് എന്നും മൂന്നു മണി വരെ ഉപവാസവും നോമ്പും ആയിരുന്നു. ഉപവാസം ശരീരത്തിന് ഏറ്റവും നല്ല ഔഷധം ആണെന്ന് ബാവാ പറയുമായിരുന്നു.

സഭാവഴക്ക് ഏറെക്കുറെ ശാന്തമാകാൻ തുടങ്ങിയപ്പോൾ ഭദ്രാസനം പുരോഗതിയുടെ പാതയിലേക്ക് നീങ്ങിത്തുടങ്ങി. അരമന വീണ്ടും പുതുക്കിപണിതു. വീടില്ലാത്ത പാവങ്ങൾക്ക് വീട് വച്ചുകൊടുത്തു. നിർധനരായ യുവതികളുടെ കല്യാണം നടത്തിക്കൊടുത്തു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കാരുണ്യ ഗൈഡൻസ് സെന്റർ, ആശുപത്രികൾ, അട്ടപ്പാടിയിലെ മിഷൻ പ്രവർത്തനം, കോൺവെന്റ്, കണ്ണാശുപത്രി, വൃദ്ധമന്ദിരം, ബാലസദനം എന്നിങ്ങനെ അനവധി വികസനങ്ങൾക്ക് തുടക്കം കുറിച്ചു.

ഈ കാലഘട്ടത്തിൽ ഞങ്ങൾ സെന്റ് മേരീസ് കോളജിൽ നിന്നും വിദ്യാഭ്യാസവും, ഹോസ്റ്റൽ നടത്തിയുള്ള സേവനവും കഴിഞ്ഞ് വയനാട്ടിൽ, മേപ്പാടിയിൽ, ദിദിമോസ് ബാവായുടെ അനുവാദത്തോടെ ഒരു

സി.ബി.എസ്.സി. സ്കൂൾ തുടങ്ങാനായി സ്ഥലം വാങ്ങിക്കുകയും അവിടെ സ്കൂൾ ആരംഭിക്കുകയും ചെയ്തു. ആരംഭകാലത്ത് സ്കൂൾ ഒരു ഷെഡ്ഡിലായിരുന്നു. സ്കൂൾ ഉദ്ഘാടനം ചെയ്യുന്നതിനായി ദിദിമോസ് ബാവായെയാണ് ക്ഷണിച്ചത്. ഉദ്ഘാടനപ്രസംഗത്തിൽ ബാവാ ഇപ്രകാരം ആശംസിച്ചു: "ഈ സ്കൂളും വെല്ലൂർ മെഡിക്കൽ കോളജ് പോലെ ആയിത്തീരട്ടെയെന്ന്." കാരണം വെല്ലൂർ മെഡിക്കൽ കോളജും ആരംഭകാലത്ത് ഒരു ഷെഡ്ഡിൽ ആണ് പ്രവർത്തിച്ചിരുന്നത്. ഇന്ന് അത് പടർന്ന് പന്തലിച്ച് നാനാജാതിക്കാർക്കും ആശാകേന്ദ്രമായിത്തീർന്നതുപോലെ ഈ സ്കൂളും ഭാവിയിൽ പടർന്ന് പന്തലിക്കട്ടെയെന്ന് ആശംസിച്ചു. ഷെഡ്ഡ് മാറ്റി പുതിയ കെട്ടിടത്തിന് കല്ലിട്ടതും ദിദിമോസ് ബാവാ തിരുമേനിയായിരുന്നു. മേപ്പാടിയിൽ ഞങ്ങളുടെ പ്രവർത്തനങ്ങളും അടിയ്ക്കടിയുള്ള ഉയർച്ചയിലും ദിദിമോസ് ബാവായ്ക്ക് വളരെയധികം സന്തോഷം ഉളവാക്കിയിരുന്നു. മേപ്പാടിയിൽ വന്ന് താമസിക്കുന്നതിനും, ഞങ്ങളുടെ പ്രവർത്തനങ്ങൾ കാണുന്നതിനും ഇടയ്ക്ക് വരുമായിരുന്നു. ബാവാ ആയിരുന്നപ്പോഴും ഇവിടെ വന്ന് താമസിക്കുമായിരുന്നു.

ദൈവത്തിന്റെ അളവറ്റ മഹാകരുണയാൽ മൗണ്ട് താബോർ ഇംഗ്ലീഷ് സ്കൂൾ ഇന്ന് വയനാട് ജില്ലയിൽ ഒന്നാംകിട സ്കൂളുകളുടെ പട്ടികയിൽ തലയുയർത്തി നിൽക്കുന്നു.

മലങ്കരയുടെ സീനിയർ മെത്രാപ്പോലീത്താ ആയിരുന്ന തീമോത്തിയോസ് തിരുമേനി മലബാർ ഭദ്രാസനത്തിന്റെ ചുമതലയിൽ ഇരിക്കെ നിയുക്ത ബാവായായി തിരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം കാതോലിക്കാ സ്ഥാനത്തേക്കും, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കും തിരഞ്ഞെടുക്കപ്പെട്ടു. പ്രതിസന്ധികളെ അതിജീവിച്ച് ദരിദ്രമായ മലബാർ ഭദ്രാസനത്തെ സമ്പന്നമാക്കിത്തീർത്ത് മലബാർ ഭദ്രാസനത്തിന്റെ പ്രഥമ ശില്പിയായി മാറി. ദിദിമോസ് ബാവാ, നിയുക്ത കാതോലിക്കാ ആയി സ്ഥാനമേറ്റപ്പോൾ മലബാർ ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായി യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയെ നിയമിച്ചു. അതുകഴിഞ്ഞ് കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ മലബാറിന്റെ മെത്രാപ്പോലീത്തായായി സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയെ ചുമതല ഏൽപ്പിച്ചു.

പരിശുദ്ധ പിതാവേ, മലങ്കരസഭയിലെ താപസജ്യോതിസ്സേ......!
യാമങ്ങളുടെ കാവൽക്കാരാ.......!
അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ.......!

# തിരുമേനി അപ്പച്ചനും മാത്തൂരിലെ താബോർ മഠവും

## സിസ്റ്റർ ബർബാറാ (മാത്തൂർ മഠം)

വി. മറുരൂപ സന്യാസിനി സമൂഹത്തിലെ അംഗങ്ങൾ ഒരു സമൂഹ മായി സ്ഥിതിചെയ്യുകയും പ്രവർത്തിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത സമൂഹത്തിന്റെ പേര് വി. മറുരൂപ സന്യാസിനി സമൂഹമെന്ന് അർത്ഥമുള്ള The order of of the Society of sacred Transfiguration എന്നാണ്. അതിൽ അന്തർലീനമായിരിക്കുന്ന പല ആശയങ്ങൾ ഉണ്ട്. മഠത്തിൽ ചേരാനാഗ്രഹിക്കുന്ന അംഗങ്ങളെ വീട്ടിൽ നിന്ന് മഠത്തിലേക്ക് മാറ്റിതാമസിപ്പിക്കുന്നതിന് Transfer എന്നും, മഠത്തിൽ വന്നശേഷം അവ രുടെ ജീവിതത്തേയും സ്വഭാവത്തേയും പരിശീലനംമൂലം രൂപീകരി ക്കുന്നതിന് ട്രാൻസ്ഫർ എന്നും പറയുന്നു. പിന്നീട് മഠത്തിലെ നിഷ്ഠ യോടും നിയമാവലികളുടെ നിഷ്കർഷയോടും ജീവിച്ച് പ്രാർത്ഥനാജീവി തത്തിൽ ക്രിസ്തീയ രൂപാന്തരം ഉണ്ടാകുന്നതിന് Transfigure എന്നും പറയുന്നു. ക്രിസ്തുമതത്തിന്റെയും അപ്പോസ്തോലിക വിശ്വാസത്തി ന്റെയും ജാതികളുടെ ഇടയിലുള്ള മിഷൻപ്രവർത്തനത്തിന്റെയും ഉന്നമ നത്തിനായി പ്രവർത്തിക്കുന്നതിന് തമിഴ്നാട്ടിലുള്ള മൗണ്ട് താബോർ സ്ഥാപനങ്ങളുടെ കൂട്ടത്തിലുള്ള മാത്തൂരിലേക്ക് ഞങ്ങളെ രണ്ടു പേരെയും ആദ്യമായി Transfer ചെയ്യുന്നു (ഇപ്പോൾ ഇവിടെ ആറ് സിസ്റ്റേ ഴ്സ്). ആദ്യമായി ഇവിടെ വരുമ്പോൾ മഠത്തിൽ നിന്നും മദർ സുപ്പീരി യർ (മദർ ഷേബ) ആയിരുന്നു ഞങ്ങളെ ഇവിടെ കൊണ്ടുവന്നാക്കിയത്. ഞങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുതന്നിട്ടാണ് മദർ തിരികെ പോയത്. നമ്മുടെ മാത്തൂരിലുള്ള ഹോസ്പിറ്റലിന്റെ പ്രവർത്തനത്തിനായി ആരെയെങ്കിലും രണ്ട് സിസ്റ്റേഴ്സിനെ കിട്ടണമെന്ന് കാലയവനികയ്ക്കു ള്ളിൽ പോയ അഭിവന്ദ്യ ഐസക് റമ്പാച്ചൻ നോമ്പ് നോറ്റു പ്രാർത്ഥിച്ച തിന്റെ ഫലമായിട്ടാണ് ഞങ്ങൾ ഇവിടെ വരാൻ കാരണമായത് എന്ന് റമ്പാച്ചൻ പലപ്പോഴും പറയുമായിരുന്നു. അന്ന് റമ്പാച്ചൻ ആയിരുന്നു ഇവിടുത്തെ കാര്യങ്ങളുടെ ചുമതല വഹിച്ചുകൊണ്ടിരുന്നത്. അന്ന് കൊല്ല ത്തുനിന്നും തൃച്ചിയ്ക്ക് ട്രെയിൻ ഉണ്ടായിരുന്നു (ഇപ്പോൾ ഇല്ല).

1988 ഡിസംബർ മാസം 25-ാം തീയതിയായിരുന്നു ഞങ്ങൾ ഇവിടെ വരുന്നത്. രാത്രിയിൽ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ ബഹു. മോസസ് അച്ചൻ, ഇസ്രായേൽ അച്ചൻ, ഡോ. ഡേവിഡ്, കുറച്ച് ഇടവ ക്കാർ എന്നിവർ സ്റ്റേഷനിൽ ഉണ്ടായിരുന്നു. ഞങ്ങളുടെ വരവ് എല്ലാ വർക്കും സന്തോഷമായിരുന്നു.

പഠനകാര്യവുമായി സിസ്റ്റേഴ്സ് ട്രിച്ചിയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും മിഷൻപ്രവർത്തനവുമായി ആദ്യമായി നമ്മുടെ സഭയിൽ നിന്നും അല്ലെങ്കിൽ സ്ഥാപനത്തിൽ നിന്ന് സിസ്റ്റേഴ്സ് തമിഴ്നാടുമായി ബന്ധപ്പെടുന്നത് ഞങ്ങളുടെ വരവോടു കൂടിയായിരുന്നു. സിസ്റ്റേഴ്സിന്റെ താമസസൗകര്യത്തിനായി ഒരു റൂം പണിയുന്നതിന് ആവശ്യമായ 25000 രൂപാ അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് തിരുമേനി ഡോ. ഡേവിഡ് വശം കൊടുത്ത് പണിയിപ്പിച്ച റൂമിന്റെ കൂദാശയും പ്രാർത്ഥനയും 26-ാം തീയതി നടത്തി എല്ലാവരും പിരിഞ്ഞു.

ഞങ്ങൾക്ക് ഭക്ഷണം ആശ്രമത്തിൽ നിന്നും ഒരു വല്ല്യമ്മ വശം കൊടുത്തുവിടും (ചിന്നപ്പെണ്ണ്). ഞങ്ങൾക്ക് കൂട്ടിനായും ഇവർ വരുമായിരുന്നു. ആൾ നല്ല വിശ്വസ്ത ആയിരുന്നു. ഞങ്ങൾക്ക് ആശ്രമത്തിൽ അധികം പ്രവേശനമില്ല. പ്രാർത്ഥനയ്ക്ക് പോകും (ചാപ്പൽ ഇല്ല). ആശ്രമത്തിന്റെ വരാന്തയിലാണ് പ്രാർത്ഥന നടക്കുന്നത്.

പിന്നീടാണ് മനസ്സിലാകുന്നത്, പാവപ്പെട്ട ആൾക്കാർ കൂടുതൽ ഉള്ള സ്ഥലം. സംസ്കാരവും വളരെ കുറവ്. സംസാരിച്ചാൽ ഒന്നും മനസ്സിലാകത്തില്ല. ചിരിച്ചാൽ വായും പല്ലും എല്ലാം ചുമന്നും, കറുത്തും ഇരിക്കും. ഭാഷ വ്യത്യാസം, ആൾക്കാർ വ്യത്യാസം, സഹിക്കാൻ പാടില്ലാത്ത ചൂട്, കുടിക്കുന്ന വെള്ളത്തിന് രുചിവ്യത്യാസം, കഴിക്കുന്ന ചോറ് വ്യത്യാസം. അങ്ങനെ എല്ലാം ആകപ്പാടെ അസ്വസ്ഥതയും, വ്യത്യസ്തതയും ചേർന്നപ്പോൾ ഇവിടെ നിന്ന് തിരിച്ച് നാട്ടിൽ പോയാൽ മതിയെന്നുള്ള തോന്നൽ ഭരിക്കാൻ തുടങ്ങി. ആൾക്കാർ വന്നു സംസാരിച്ചാൽ ഞങ്ങൾക്കും അവർക്കും ഒന്നുംതന്നെ മനസ്സിലാകുകയില്ല. എല്ലാ കാര്യങ്ങളും തിരുമേനി അപ്പച്ചനെ അറിയിച്ചു.

മനസ്സിൽ നിന്നും മായാത്ത ഒരു ചിത്രമാണ് തിരുമേനി അപ്പച്ചൻ. ഒരാഴ്ച കഴിഞ്ഞപ്പോൾ തിരുമേനി ട്രിച്ചിയിൽ വന്നു. ഞങ്ങളുടെ കാര്യങ്ങൾ അന്വേഷിക്കുകയും, ഞങ്ങളെ സമാധാനപ്പെടുത്തുകയും ചെയ്തു.

വല്ലപ്പോഴും ഞങ്ങൾ പാലക്കരയ്ക്ക് പോകും. ഞങ്ങൾക്ക് അമ്മവീട്ടിൽ പോകുന്നതുപോലെയുള്ള അനുഭവം ആയിരുന്നു. തിരുമേനി അവിടെ വരുന്നുണ്ടെന്ന് അറിയുമ്പോൾ വലിയ സന്തോഷം. ഞങ്ങൾ തിരുമേനിയെ കാണുന്നതിനായി ചെല്ലുമ്പോൾ 'എപ്പിടിയിരിക്കെ' എന്ന് ചോദിച്ചിട്ട് ഇരുന്നു ചിരിക്കും. പിന്നീട് ക്ഷേമം അന്വേഷിക്കുകയും ചെയ്യും. അന്ന് ബസ്സിന് വളരെനേരം കാത്തുനിൽക്കണം. പൊന്നയ്യായിൽ ചെല്ലുമ്പോൾ നേരം വൈകും. തിരിച്ചുവരുമ്പോൾ ആരെയെങ്കിലും കൂട്ടിവിടും. തിരിച്ച് നാട്ടിൽ പോകുമ്പോൾ യാത്രയയ്ക്കാൻ റെയിൽവേസ്റ്റേഷനിൽ ഞങ്ങളും പോകുമായിരുന്നു. ആ കാലഘട്ടത്തിൽ കുറഞ്ഞത് രണ്ടു മാസ

ത്തിൽ ഒരിക്കൽ എങ്കിലും അഭിവന്ദ്യ തിരുമേനി തൃച്ചിയിൽ വരുമായിരുന്നു.

മദ്രാസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടു വന്ന സ്യൂഡൻകാരായ ഡലിഗേറ്റ്സിനെ അഭിവന്ദ്യ സഖറിയാ മാർ ദീവന്നാസ്യോസ് തിരുമേനി നമ്മുടെ സ്ഥാപനവുമായി പരിചയപ്പെടുത്തുകയും സഹായത്തിനായി അഭ്യർത്ഥിക്കുകയും ഉണ്ടായി. അതിൻപ്രകാരം അവർ മാത്തൂർ വരുമ്പോൾ വലിയ തിരുമേനി (തീമോത്തിയോസ് തിരുമേനി) കൊച്ചുതിരുമേനി (സഖറിയാ മാർ ദീവന്നാസ്യോസ്), ബഹുമാനപ്പെട്ട അച്ചന്മാർ, റമ്പാച്ചന്മാർ, ബഹു. മദർ സുപ്പീരിയർ, സിസ്റ്റേഴ്സ് തുടങ്ങിയവർ ഇവിടെ വരികയും മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ അവരുടെ സഹായത്തിനാലെയാണ് ഇന്ന് ഈ നിലയിൽ നമ്മുടെ ഹോസ്പിറ്റൽ കാണാൻ സാധിക്കുന്നത്.

പിന്നീട് ഒരവസരത്തിൽ തിരുമേനി തൃച്ചിയിൽ വന്നപ്പോൾ ഞങ്ങളുടെ ഒരു സിസ്റ്ററിന് സുഖമില്ലാതെ വരികയും Child Jesus Hospital-ൽ അഡ്മിറ്റ് ചെയ്യുന്നതിന് അഡ്വൈസ് ചെയ്യുകയും, പിന്നീട് അവിടെ പോയി സിസ്റ്ററിനെ കാണുകയും ചെയ്തു.

ഞങ്ങൾക്ക് എല്ലാവർക്കും കൂടി താമസിക്കുന്നതിനുള്ള സൗകര്യം വളരെ കുറവായിരുന്നു. പണത്തിന്റെ കുറവു കാരണം വളരെ പ്രയാസത്തിൽ ആയിരുന്നു കഴിഞ്ഞിരുന്നത്. ആ അവസരത്തിൽ തിരുമേനി ഞങ്ങൾക്ക് ഒരു റൂം പണിയുന്നതിന് സഹായിക്കുകയുണ്ടായി.

ഹോസ്പിറ്റൽ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കുകയും അതിന്റെ പുരോഗമനപ്രവർത്തനത്തിനായി ചിന്തിക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ഡോ. പോൾ, ഡോ. ഷെറിനേയും ഉന്നതവിദ്യാഭ്യാസത്തിനായി സ്പോൺസർ ചെയ്ത് വെല്ലൂരിൽ അയയ്ക്കുകയും വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചുവന്നപ്പോൾ അത്യാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായിക്കുകയും ചെയ്തു. അങ്ങനെ ഹോസ്പിറ്റലിന്റെ പ്രവർത്തനം അല്പംകൂടി സുഗമമായി തീരുകയും ചെയ്തു.

ഹോസ്പിറ്റലിന്റെ മുകളിലുള്ള ഞങ്ങളുടെ താമസം മാറ്റുന്നതിനും ഒരു കോൺവെന്റ് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും അല്പം സ്ഥലം തരുന്നതിന് കല്പന തരികയും, കെട്ടിടം വയ്ക്കുന്നതിനുള്ള ഇടം കാണിക്കുകയും, കല്ല് വാഴ്ത്തി തരികയും ചെയ്തു. അങ്ങനെ ഫൗണ്ടേഷൻ പണി ആരംഭിച്ചു. നിർഭാഗ്യവശാൽ അത് പൂർത്തിയാക്കി കാണുന്നതിന് തിരുമേനിക്ക് സാധിച്ചില്ല. എന്നിരുന്നാലും ആ വന്ദ്യപിതാവിന്റെ അദൃശ്യമായ സാന്നിദ്ധ്യം ഈ സ്ഥാപനം എന്നും അനുഭവിക്കുന്നു.

അദ്ദേഹം പറഞ്ഞുതന്നിട്ടുള്ള നന്മയുടെ പാഠങ്ങൾ, കാണിച്ചുതന്നിട്ടുള്ള ലാളിത്യം, നിയമങ്ങൾ അനുസരിക്കുന്നതിനുള്ള വ്യഗ്രത, പാവങ്ങളോടുള്ള കരുതൽ ഇതൊക്കെ മാണിക്യംപോലെ എന്നും മിന്നിത്തിളങ്ങും.

മാത്തൂർ വരുമ്പോൾ തിരുമേനിയെ കാണാൻ (ആണ്ടവർ) കുറച്ചു പാവങ്ങൾ ഉണ്ടാകും. അവർക്കും വല്ലതും കൊടുത്തു തൃപ്തരാക്കുമായിരുന്നു.

തിരുമേനി വിശ്രമത്തിൽ ആയിരുന്നപ്പോൾ ഞങ്ങൾ ദേവലോകത്തും, സുഖമില്ലാതെ പരുമലയിൽ ആയിരുന്നപ്പോഴും ഞങ്ങൾ അവിടെയും പോയി കാണുന്നതിന് സാധിച്ചിട്ടുണ്ട്. തീരെ സുഖമില്ലാതിരുന്നപ്പോഴും തൃച്ചിയിലെ കാര്യങ്ങൾ അന്വേഷിക്കുകയും തൃച്ചിയിൽ വരുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ദൈവിക സുകൃതങ്ങൾ തുടർന്നുപോകുമ്പോൾ മാത്രമെ തന്റെ ആത്മാവിന് ആശ്വാസം ലഭിക്കുകയുള്ളു. ആ പുണ്യാത്മാവിന്റെ തൃപ്പാദത്തിൽ അർപ്പിക്കാനുള്ളത് ഞങ്ങളുടെ അശ്രുപൂച്ചെണ്ടുകൾ മാത്രം.

# “എന്റെ അപ്പച്ചൻ...”

## ഫാ. ലിജു സാമുവേൽ

കാലംചെയ്ത പ. ദിദിമോസ് വലിയ ബാവായെപ്പറ്റി ഓർമ്മക്കുറിപ്പുകൾ എഴുതുക എന്ന ആവശ്യം ഉയർന്നപ്പോൾ, ധാരാളം എഴുതുവാൻ സാധിക്കും എന്ന ചിന്തയായിരുന്നു; എന്നാൽ ഒരു കടലാസുമായി ഇരുന്നപ്പോൾ ഒന്നിനും കഴിയുന്നില്ല; വാക്കുകൾക്ക് മേൽ വിതുമ്പൽ നിറയുമ്പോൾ അവ അക്ഷരങ്ങളാക്കി മാറ്റുവാൻ സാധിക്കാതെ വരുന്നു.

മാറാല പിടിക്കാത്ത മൂന്നു വർഷത്തെ ഓർമ്മച്ചെപ്പിൽ ഞാൻ ഏറെ അനുഭവങ്ങൾ സൂക്ഷിക്കുന്നുണ്ട്. ദൂരെനിന്നു കണ്ടും; മറ്റുള്ളവരിൽ നിന്നു കേട്ടും മാത്രം പരിചയമുള്ള ആ വലിയ തിരുമേനിക്കൊപ്പം; “അപ്പച്ചാ” എന്നു വിളിച്ച്, ഒരു കൊച്ചുകുട്ടിയെ എന്നപോലെ പരിചരിച്ചു ജീവിക്കുവാൻ എനിക്കു തന്ന ദൈവനിയോഗം “നന്ദി” എന്ന ഒറ്റവാക്കിൽ ഒതുക്കാനാവില്ല. ഓർമ്മയുടെ തുടക്കം സെമിനാരിയിലെ ഒരു സായാഹ്നമാണ്. ശെമ്മാശനായിരുന്ന കാലം. അവസാന വർഷ സെമിനാരി പഠനത്തിന്റെ, പടിയിറങ്ങലിന്റെ നാളുകൾ. സൂത്താറാ നമസ്കാരം കഴിഞ്ഞു വരികവേ ഗുരുനാഥൻ അഭിവന്ദ്യ അപ്രേം തിരുമേനി നാലുകെട്ടിൽ വച്ച് എന്റെ ഭാവികാര്യങ്ങൾ, തീരുമാനങ്ങൾ അന്വേഷിച്ചു. ഒരു കുശലാന്വേഷണം എന്നതിലപ്പുറമായി ആ നിമിഷങ്ങൾ മാറിയത് അഭിവന്ദ്യ തിരുമേനി ഒരു ആവശ്യം മുന്നോട്ടു വച്ചപ്പോഴാണ്. എന്റെ നിയോഗം - പരിശുദ്ധ വലിയ ബാവാ തിരുമേനിയെ ശുശ്രൂഷിക്കുക. ഒരു നിമിഷം പല ചിന്തകൾ എന്നിലൂടെ കടന്നുപോയി. “എനിക്കെന്തു യോഗ്യത?” എന്ന ചോദ്യം ഉള്ളിൽ ഉയർന്നു വന്നു. ഒരിക്കലും അടുത്തറിഞ്ഞിട്ടില്ലാത്ത, നേരിട്ടു സംസാരിച്ചിട്ടില്ലാത്ത, “കർക്കശക്കാരൻ” എന്നു മാത്രം അറിയാവുന്ന ആ വലിയ പിതാവിനൊപ്പം - അദ്ദേഹത്തെ ശുശ്രൂഷിക്കുക - ചിന്തകൾക്ക് അതീതമായിരുന്നു ആ വികാരം. എന്നാൽ, നിയോഗങ്ങൾ നിറവേറ്റുക എന്നതാണെന്റെ ദൗത്യം എന്ന തിരിച്ചറിവിൽ ഞാൻ അഭിവന്ദ്യ അപ്രേം തിരുമേനിയെ എന്റെ സമ്മതം അറിയിച്ചു. എന്റെ ജീവിതത്തിന്റെ മാറ്റവും അവിടെ ആരംഭിച്ചു.

ആ ഏപ്രിൽ മാസം അവസാനം ഞാൻ ദേവലോകം അരമനയിലെത്തി. ആദ്യ നാളുകൾ വളരെ പ്രയാസം നിറഞ്ഞതായിരുന്നു. കാരണം, പിതാവ് എന്നോട് ഒന്നും മിണ്ടാറില്ല; ചില അവസരങ്ങളിൽ ആ വിരലുകൾ പോലും സ്പർശിക്കുവാൻ സാധിക്കാത്ത അവസ്ഥ. ഏതു സമയവും പ്രാർത്ഥന മാത്രം - അതായിരുന്നു പിതാവിന്റെ ശക്തിയും. എന്നാൽ, പിന്നീട് പിതാവിന് എന്നോടുള്ള വാത്സല്യവും സ്നേഹവും പല സാഹചര്യങ്ങളിലും എനിക്ക് തിരിച്ചറിയുവാൻ സാധിച്ചു.

എന്റെ കുടുംബത്തിലെ പ്രയാസങ്ങളിൽ, വ്യക്തിപരമായ പ്രയാസങ്ങളിൽ എല്ലാം ആ മനസ്സ് എന്നോടൊപ്പം ഉണ്ടായിരുന്നു. വിഷമങ്ങൾക്ക് "പ്രാർത്ഥിക്കുക; എല്ലാം ശരിയാകും" എന്ന മറുപടി ആലങ്കാരികം അല്ലായിരുന്നു. തന്റെ പ്രാർത്ഥനയിലൂടെ സഹജീവികളുടെ ദുരിതങ്ങൾക്കും വിഷമങ്ങൾക്കും ഉത്തരം തേടുക പിതാവിന്റെ ശീലമായിരുന്നു. ഏതു പ്രതികൂലമായ സാഹചര്യത്തിലും പ്രാർത്ഥന മാത്രം ആയിരുന്നു ശരണം. എത്ര ക്ഷീണാവസ്ഥയിൽ ആയിരുന്നാലും യാമങ്ങളിൽ കൃത്യമായ പ്രാർത്ഥന നിർബന്ധമായിരുന്നു. "യാമങ്ങളുടെ കാവൽക്കാരൻ" തന്നെയായിരുന്നു ആ വലിയ പിതാവ്. "നമുക്ക് പ്രാർത്ഥിക്കാം" എന്ന ആ വാക്കുകളുടെ ശകതി ഇന്നും ഞാൻ എന്റെ ജീവിതത്തിൽ അനുഭവിക്കുന്നു.

പ്രാർത്ഥനപോലെ, സ്നേഹത്തിന്റെയും നിറകുടം ആയിരുന്നു പിതാവ്. ബാഹ്യമായ സ്നേഹപ്രകടനങ്ങൾ ഒന്നും ഇല്ലെങ്കിലും, എല്ലാം ഒരു ചിരിയിൽ ഒതുക്കുമെങ്കിലും, സഹജീവികളോടുള്ള പിതാവിന്റെ കരുതൽ എന്നും പ്രകടമായിരുന്നു. തന്നെ കാണുവാൻ ആരു വന്നാലും അവർ "ഭക്ഷണം കഴിച്ചോ" എന്ന അന്വേഷണം സ്ഥിരമായിരുന്നു. ഇല്ലെങ്കിൽ അവർക്ക് കൊടുക്കുവാനുള്ള നിർദ്ദേശം ഞങ്ങൾക്ക് ഉടൻ തരും; കൊടുത്തു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. ആരും വിശന്നു പോകരുത് എന്നു നിർബന്ധമുണ്ടായിരുന്ന പിതാവ് വളരെ മിതമായി മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. സഹജീവികളോട് മാത്രമല്ല, തന്റെ സഭയോടും പറഞ്ഞറിയിക്കുവാൻ ആകാത്ത സ്നേഹം ആ പിതാവിന്റെ ഉള്ളിൽ ഉണ്ടായിരുന്നു. അത് എനിക്ക് വെളിവായത് കോലഞ്ചേരിയിൽ നമ്മുടെ സഭ നീതിനിഷേധത്തിന് വിധേയമായ ആ സാഹചര്യത്തിലാണ്.

പരിശുദ്ധ ബാവാ തിരുമേനിയും സഭയിലെ മറ്റു തിരുമേനിമാരും നീതി നിഷേധിക്കപ്പെട്ടതിനാൽ ഉപവാസം അനുഷ്ഠിച്ച വിവരം പരിശുദ്ധ വലിയ ബാവായെ അറിയിച്ച സാഹചര്യം ഞാൻ ഓർക്കുന്നു. അനാരോഗ്യത്താൽ തീരെ അവശതയിൽ ആയിരുന്നു എങ്കിലും "ഇപ്പോൾ എനിക്കെന്റെ കുഞ്ഞുങ്ങളെ കാണണം" എന്ന വാശിയായിരുന്നു പിതാവിന്. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് പിതാവ് സ്വന്തം മുറിയ്ക്കുള്ളിൽ ഉപവാസം ആരംഭിച്ചു. തന്റെ മക്കൾ പട്ടിണി കിടക്കുമ്പോൾ തനിക്കെങ്ങനെ ഭക്ഷിക്കുവാൻ സാധിക്കും എന്നതായിരുന്നു ആ വലിയ പിതാവിന്റെ ചോദ്യം. ഒടുവിൽ, ആ വാശിക്കു മുന്നിൽ ഞങ്ങൾക്ക് മുട്ടു മടക്കേണ്ടി വന്നു. ഞങ്ങൾ പിതാവിനെ ആ സംഘർഷസ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു കൊച്ചു കുട്ടിയെപ്പോലെ വിതുമ്പി കരഞ്ഞ പിതാവിനെ നമുക്കറിയാം. തന്റെ സഭയുടെ, സഭയിലെ പിതാക്കന്മാരുടെ, തന്റെ മക്കളുടെ കഷ്ടാവസ്ഥ ആ മനസ്സിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

തിരികെ വന്നതിനു ശേഷവും എത്രയോ ദിവസങ്ങൾ വേണ്ടിവന്നു ആ പിതാവിന് വീണ്ടും പഴയ അവസ്ഥയിലേക്ക് മടങ്ങിവരുവാൻ. ആ മനസ്സിൽ തന്റെ സഹോദരങ്ങളോടുള്ള സ്നേഹം പോലെതന്നെ, നമ്മുടെ മറ്റ് തിരുമേനിമാർക്ക് പിതാവിനോടുള്ള സ്നേഹവും ബഹുമാനവും വളരെ വലുതാണ്.

ആ വലിയ പിതാവിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചവരുടെ സാക്ഷ്യങ്ങൾ അനവധിയാണ്. പൈശാചിക ശക്തികളെ പുറത്താക്കിയ സംഭവങ്ങൾ, കുഞ്ഞുങ്ങൾ എന്ന അനുഗ്രഹം സാധ്യമാക്കിയ മദ്ധ്യസ്ഥതകൾ, ശാരീരികവും മാനസികവും ആയിട്ടുള്ള പല വ്യാധികളിൽ നിന്നുമുള്ള വിടുതലുകൾ. ഇതിനെല്ലാം ഞങ്ങൾ സാക്ഷികൾ ആണ്. തന്റെ പ്രാർത്ഥനയും സ്ലീബായുമായിരുന്നു ആ വലിയ പിതാവിന്റെ ആയുധങ്ങൾ. ജീവിതത്തിൽ അവയുടെ സ്പർശനത്താൽ അനുഗ്രഹങ്ങൾ നേടിയ എണ്ണിയാലൊടുങ്ങാത്ത മക്കളുണ്ട്. എന്റെ കുഞ്ഞിന്റെ ജനനത്തിലും, ഇന്ന് അവളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ആ സ്പർശം നിറഞ്ഞ് നിൽക്കുന്നു. ആ അനുഗ്രഹത്തിന്റെ ഫലമാണ് എനിക്ക് ജ്യേഷ്ഠസഹോദര സ്ഥാനത്ത് ലഭിച്ച ബഹുമാനപ്പെട്ട യൽദോ അച്ചൻ. മൂന്നു വർഷക്കാലം തോളോടുതോൾ ചേർന്ന് ഞങ്ങളുടെ അപ്പച്ചനൊപ്പം ജീവിക്കുവാൻ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. അച്ചനെ സ്നേഹപൂർവ്വം ഈ അവസരത്തിൽ ഓർക്കുന്നു.

“ഈ ഭൂമിയിലെ തന്റെ നിയോഗം അവസാനിക്കാറായി” എന്ന് തന്റെ അവസാന നാളുകളിൽ പിതാവ് ഞങ്ങളോട് പറയുമായിരുന്നു. തന്റെ അന്ത്യം മുൻകൂട്ടി കണ്ട് അവിടുന്ന് അതിനുവേണ്ടി ഒരുങ്ങിയിരുന്നു. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചു, നിർബന്ധിച്ചാൽ പോലും എന്തെങ്കിലും ഭക്ഷിക്കുവാനോ പാനം ചെയ്യുവാനോ പിതാവ് വിസമ്മതിച്ചു. വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടുകൂടി കൊടുത്താൽ പോലും ആ ഭക്ഷണം ശരീരം സ്വീകരിച്ചിരുന്നില്ല; പ്രാർത്ഥനയിൽ മുഴുകി – എപ്പോഴും പ്രാർത്ഥന മാത്രമായി; മൗനം ധരിച്ചു – സദാ മൗനം; പൂർണ്ണമായ നിശബ്ദതയിലേക്കു പോകും മുമ്പേ അതിനുവേണ്ടി മൗനത്തിലൂടെ, പ്രാർത്ഥനയിലൂടെ ഒരുക്കത്തോടെ ആ പിതാവ് കാത്തിരുന്നു.

ഇന്നും, ഒരു വിതുമ്പലോടെ, താബോർ ദയറായിൽ, ആ പിതാവിനടുത്ത് അല്പനേരം ഇരിക്കുമ്പോൾ എന്റെ മനസ്സിലെ വിങ്ങലുകൾ അകലുന്നത് എനിക്ക് അനുഭവമാണ്. ആശ്വാസത്തിന്റെ ഒരു നേരിയ തെന്നലായി ആ വലിയ പിതാവ്, ഞങ്ങളുടെ അപ്പച്ചൻ എപ്പോഴും കൂടെയുണ്ട് എന്നതാണ് എന്റെ വിശ്വാസം – ജീവനല്ല ജീവിതമാണ് വലുത് എന്ന സന്ദേശവുമായി...

# ജീവൻമുക്തനായ ദിദിമോസ് ബാവാ

## പ്രൊഫ. ഡോ. എം. പി. ചാക്കോ

എന്നെക്കാൾ 15 വയസ്സ് കൂടുതലുള്ള പരിശുദ്ധ ദിദിമോസ് കാതോലിക്കാ ബാവാ തിരുമേനിയും ഞാനും ഒന്നിച്ചാണ് ബിരുദാനന്തരബിരുദത്തിനു കാൺപൂർ ക്രൈസ്റ്റ് കോളജിൽ പഠിച്ചത്. തിരുമേനിയുടെ അന്നത്തെ പേര് ഫാ. സി. ടി. തോമസ് എന്നായിരുന്നു. തോമസ് അച്ചൻ B.A. L.T പാസ്സായതിനുശേഷം ഏകദേശം 15 വർഷത്തോളം സ്കൂളുകളിൽ അദ്ധ്യാപകനായി ജോലി ചെയ്തു. അതിനുശേഷമാണ് അദ്ദേഹം എം.എ. കോഴ്സിന് പഠിക്കാൻ വന്നത്. അദ്ദേഹം English Literature ഉം ഞാൻ M. A. Sociology യും ആയിരുന്നു. പ്രസിദ്ധനും, പ്രഗത്ഭനും, പണ്ഡിതനും ആയ നൈനാൻ ഏബ്രഹാം സാർ ആയിരുന്നു ഞങ്ങളുടെ പ്രിൻസിപ്പൽ. കാൺപൂരിലെ പഠനകാലം ഞങ്ങളുടെ ജീവിതത്തെയും മാറ്റിമറിച്ചു.

ദിദിമോസ് ബാവാ തിരുമേനി ഒരു യഥാർത്ഥ പ്രാർത്ഥനാ മല്ലൻ (prayer warrior) ആയിരുന്നു. യാമപ്രാർത്ഥന കർക്കശമായി സമയത്തു തന്നെ നടത്തിയിരുന്നു. ഞങ്ങൾ മലയാളികൾ ഏകദേശം ഒമ്പത് പേർ ക്രൈസ്റ്റ് കോളജിൽ പഠിക്കുന്നുണ്ടായിരുന്നു. കോളജിനു അടുത്തുള്ള ഹോസ്റ്റലിൽ ആണ് ഞങ്ങൾ താമസിച്ചിരുന്നത്. ഞങ്ങൾ ഓരോരുത്തർക്കും താമസിക്കാൻ സിംഗിൾ റൂം ഉണ്ടായിരുന്നു. ഞങ്ങൾ മലയാളി വിദ്യാർത്ഥികൾ ക്ലാസ് കഴിഞ്ഞ് ഉച്ചയ്ക്ക് ഹോസ്റ്റലിൽ വരുമ്പോൾ നേരെ ഭക്ഷണശാലയിലേക്കു പോയി ഉച്ചഭക്ഷണം കഴിക്കും. എന്നാൽ തോമസ് അച്ചൻ അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ച് ഉച്ചനമസ്കാരം നടത്തിയിട്ടേ ഭക്ഷണത്തിനു വരുമായിരുന്നുള്ളു. അമ്പതു നോമ്പ് ദിവസങ്ങളിൽ ഉച്ചനമസ്കാര സമയത്തു നടത്തേണ്ടതായ 40 കുമ്പിടീലും നടത്തിയിട്ട് അതിനുശേഷമേ അദ്ദേഹം വരിക ഉണ്ടായിരുന്നുള്ളു. അപ്പോഴേക്കും ഞങ്ങൾ പകുതി ഭക്ഷണം കഴിച്ചിരിക്കും.

ഞാനും തോമസ് അച്ചനും കൂടി ബസ്സിലും ട്രെയിനിലും യാത്രചെയ്ത് ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലെ ദേവാലയങ്ങളിൽ എത്തി വി. കുർബ്ബാന നടത്തിയിട്ടുണ്ട്. ആ യാത്രകളിലും തോമസച്ചൻ യാമപ്രാർത്ഥനകൾ നടത്തിയിരിക്കും. യാത്രാമദ്ധ്യേ - സംസാരമദ്ധ്യേ - യാമപ്രാർത്ഥനയുടെ നേരത്ത് തോമസച്ചൻ എന്റെ കൈമേൽ ഒന്നു ഞെക്കും. അതിന്റെ അർത്ഥം സംസാരം തൽക്കാലം നിർത്തണം. അതിനുശേഷം

അച്ചൻ മൗനമായി പ്രാർത്ഥന നടത്തും. അതുകഴിഞ്ഞ് അല്പനേരം കഴിയുമ്പോൾ വീണ്ടും എന്റെ കൈമേൽ ഞെക്കും. അതിന്റെ അർത്ഥം സംസാരം തുടരാം എന്നാണ്.

തോമസ് അച്ചന്റെ വ്യക്തിത്വത്തെപ്പറ്റി ഇത്തരുണത്തിൽ മനസ്സിലാക്കുന്നതു ഉചിതവും ജീവദായകവുമാണ്. ലാളിത്യവും കപടരാഹിത്യവും ആണ് തിരുമേനിയുടെ മുഖമുദ്ര. ലോകത്തിനു വെളിച്ചമാകേണ്ട മഹാപുരോഹിതൻ ഉന്നതമായ സ്വഭാവവിശേഷം, ആത്മാർത്ഥത, സത്യസന്ധത എന്നിവ ഉള്ളവനായിരിക്കണം. അവൻ പറയുന്നതുപോലെ തന്നെ പ്രവർത്തിക്കുന്നവനും ആയിരിക്കണം. പറയുന്നത് ഒന്ന് പ്രവർത്തിക്കുന്നത് മറ്റൊന്ന് എന്നു വരുവാൻ പാടില്ല. ഇന്നത്തെ പല നേതാക്കളും പറയും, Do what I say, but do not do what I do എന്ന്. എന്നാൽ ദിദിമോസ് ബാവായ്ക്ക് ധൈര്യമായി പറയുവാൻ സാധിച്ചിരുന്നു. Do what I say, but do what I do എന്ന്.

സഭാവഴക്കുകൾ അവസാനിപ്പിക്കുന്നതിനും സഭയുടെ വളർച്ചയ്ക്കും വേണ്ടി തിരുമേനി അവിരാമം പ്രാർത്ഥനാപൂർവ്വം പരിശ്രമിച്ചിരുന്നു. അദ്ദേഹം ആത്മാർത്ഥതയുടെ പ്രതീകമായിരുന്നു. ആത്മധീരതയുടെ പേശല ക്ഷേത്രമായിരുന്നു. അശരണരുടെ ആലംബവും അത്താണിയും ആയിരുന്നു. ആരാലും ആദരണീയനായ ആദർശവാനായിരുന്നു.

യഥാർത്ഥ നന്ദിയുള്ള ശിഷ്യനായിരുന്നു ദിദിമോസ് ബാവാ. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയെ സംബന്ധിച്ച് എന്തെങ്കിലും പറയുമ്പോൾ അദ്ദേഹം നന്ദി നിറഞ്ഞ ഹൃദയത്തോടെ ബഹുമാന സൂചകമായ പദങ്ങൾ ഉപയോഗിച്ചു മാത്രമേ സംസാരിക്കാറുള്ളു. ദീവന്നാസ്യോസ് തിരുമേനി കാലംചെയ്ത് കഴിഞ്ഞപ്പോൾ കോട്ടയം മെഡിക്കൽ കോളജിൽ നിന്നും പത്തനാപുരത്തേക്ക് കൊണ്ടുപോകുന്ന വഴി, കോട്ടയം ഏലിയാ കത്തീഡ്രലിൽ കയറ്റി ഹൈക്കലായിൽ വച്ചു. ദിദിമോസ് ബാവാ ആ ഭൗതികശരീരത്തിനു സമീപത്ത് ഇരുന്നില്ല. കൈകെട്ടി നിൽക്കുക മാത്രമാണ് ചെയ്തത്. ദിദിമോസ് ബാവായുടെ അടുത്തേക്ക് ഞാനും എന്റെ ഒരു സ്നേഹിതനും കൂടി ഒരു കസേര കൊണ്ടു ചെന്നപ്പോൾ, "ഇത് എന്റെ ഗുരുവിന്റെ ഭൗതികശരീരമാണ് ഞാൻ ഇരിക്കുകയില്ല, കസേര പുറകോട്ടു കൊണ്ടുപോകാൻ പറഞ്ഞു." ദീവന്നാസിയോസ് തിരുമേനിയുടെ ഭൗതികശരീരം പത്തനാപുരത്തേക്കു കൊണ്ടുപോകുന്ന ആ യാത്രാമദ്ധ്യേയും, ദിദിമോസ് ബാവാ തന്റെ ഗുരുവിന്റെ മുമ്പിൽ നിൽക്കുകയാണ് ചെയ്തത് എന്ന് ആ കൂട്ടത്തിൽ പോയ ബഹുമാന്യരായ വൈദികർ പിന്നീടു പറഞ്ഞു.

ദിദിമോസ് തിരുമേനി യഥാർത്ഥ തപോധനൻ ആണ്; സന്യാസവര്യ

നാണ്. സന്യാസി എന്ന പദത്തിന്റെ പ്രധാന സൂചന സമന്വയീഭാവം ആർജ്ജിച്ചവൻ എന്നാണ്. ജീവിതാനുഭവങ്ങളിലും, ദർശനങ്ങളിലും പക്വത വന്ന അവസ്ഥയാണ് സന്യാസിയുടേത്. ദ്രവിച്ചുകൊണ്ടിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, വിശുദ്ധിയിലും നീതിയിലും പുതിയ മനുഷ്യനെ ധരിക്കുകയെന്നതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ പരമോദ്ദേശ്യം. ഈ ഉദ്ദേശ്യം തന്നെയാണ് താപസ ജീവിതത്തിനുള്ളത്. താപസ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ തന്നെയാണ്. തിന്മയുടെ ശക്തിയായ പൈശാചിക ശക്തിയെ വെല്ലുവിളിച്ച് അതിന്റെ ഉള്ളിലേക്ക് ധൈര്യപൂർവ്വം കടന്നുചെന്ന് അതിനോട് സമരം ചെയ്യേണ്ട ആളാണ് സന്യാസി. തിന്മ എവിടെ കണ്ടാലും അതിനെ ഭയപ്പെടാതെ അതിനോടു സമരം ചെയ്യണം. ദിദിമോസ് ബാവാ ധൈര്യപൂർവ്വം അത് ചെയ്തിരുന്നു.

സ്വന്ത കാര്യം നടത്തണമെന്ന താൽപര്യത്തിൽ നിന്നും മുക്തി പ്രാപിച്ച് ദൈവേഷ്ടം ചെയ്യുന്നവനായി താൻ തന്നെ ദൈവത്തിലായിത്തീരുന്നതിനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കുന്നത് സ്വയപരിത്യാഗം വഴിയാണ്. തന്നോടുതന്നെയും മറ്റുള്ളവരോടും ദൈവത്തോടും ശരിയായ വിധത്തിൽ പ്രതികരിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന എല്ലാ ഘടകങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ് മുക്തി. ജീവിച്ചിരിക്കുമ്പോൾ തന്നെ ഇപ്രകാരമുള്ള അവസ്ഥ പ്രാപിക്കുന്നവനെ ജീവൻ മുക്തൻ എന്നു പറയുന്നതും ഈ അർത്ഥത്തിൽ തന്നെയാണ്. അപ്രകാരം പരിശുദ്ധ ദിദിമോസ് കാതോലിക്കാ ബാവാ തിരുമേനി തപോധനനും ജീവൻമുക്തനും ആയിരുന്നു.

# കുഞ്ഞോമ്മാച്ചനും ശ്ലൈഹിക സിംഹാസനവും

**കുഞ്ഞ്, കല്ലുംപുറത്ത്**
(പൂവത്തൂർ, മാവേലിക്കര)

'പൗലോസ് നട്ടു, അപ്പല്ലോസ് നനച്ചു, ദൈവം വളരുമാറാക്കി'

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്തായും, നിരണം ഭദ്രാസനാധിപനും, മൗണ്ട് താബോർ ദയറാ പ്രസ്ഥാനങ്ങളുടെ സ്ഥാപക പിതാവും, മാവേലിക്കര കല്ലുംപുറത്ത് പൂവത്തൂർ കുടുംബത്തിന്റെ ശ്രേഷ്ഠപിതാവുമായിരുന്ന മാർ തോമാ ദീവന്നാസിയോസ് നട്ടു വളർത്തിയ മൗണ്ട് താബോർ പ്രസ്ഥാനവും, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളും, 1972-ന് ശേഷവും കൂടുതൽ നനവും വളവും നൽകി, തന്റെ എല്ലാമായ ഗുരുവും പിതാവും എന്ത് ആഗ്രഹിച്ചുവോ, ആയതിനെ പുഷ്ടിപ്പെടുത്തുവാൻ, പ്രാർത്ഥനാജീവിതത്തിലൂടെ ദൈവത്താൽ സാധിപ്പിച്ച ഒരു സ്മര്യപുരുഷനാണ്, തന്റെ പിതാവ് ഓമനപ്പേരു ചൊല്ലി വിളിക്കുന്ന കുഞ്ഞോമ്മാച്ചൻ - സി. റ്റി. തോമസ് - തോമസ് മാർ തീമോത്തിയോസ് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ദിദിമോസ് ബാവാ.

കാട്ടുപത്തനാപുരത്തെ കേരളത്തിന്റെ കിഴക്കൻ മേഖലയിൽ ഒതുക്കി നിർത്താതെ, ആഗോളതലത്തിൽ പ്രശസ്തി നേടിയെടുത്ത സന്യാസ പ്രസ്ഥാനങ്ങളിൽ കൂടിയും, ഇതര വിദ്യാഭ്യാസ മണ്ഡലങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച്, സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി മരണംവരെ പ്രവർത്തിച്ച വലിയ ശ്രേഷ്ഠ മഹാപുരോഹിതനാണ് 'മാർ തോമാ ദീവന്നാസിയോസ്' തിരുമേനി. തന്റെ ഗുരുവിന്റെ എല്ലാ വൈശിഷ്ഠ്യങ്ങളും, ആന്തരിക പ്രചോദനം ലഭിച്ച വാത്സല്യശിഷ്യനാണ് ദിദിമോസ് ബാവാ. ഗമാലിയേലിന്റെ പാദത്തിൽ ഇരുന്ന് ജ്ഞാനം സമ്പാദിച്ച ശിഷ്യനെപ്പോലെ, തന്റെ ഗുരുവായ മാർ തോമാ ദിവന്നാസിയോസിൽ നിന്നും, ആന്തരികവും ലൗകികവുമായ പാതയിലെ എല്ലാ ഗുണഗണങ്ങളെയും ആർജ്ജിക്കുവാൻ 'കുഞ്ഞോമ്മാച്ചന്' കഴിഞ്ഞിട്ടുണ്ട്. ഗുരുവിന്റെ മൊഴിവചനങ്ങൾ, കർമ്മധീരത, പ്രാർത്ഥനാജീവിതം, അച്ചടക്കമുള്ള ശിക്ഷണബോധം ഇതെല്ലാം ആയിരുന്നു പ്രിയ ശിഷ്യന്റെ ഉൾക്കരുത്ത്. ദൈവം കഴിഞ്ഞാൽ ഏത് വേദിയിലും, ഗുരുവിനെ സ്മരിക്കാതെ, താൻ ഒന്നും ആരംഭിച്ചിരുന്നില്ല. രണ്ട് പിതാക്കന്മാരും മാവേലിക്കരക്കാർ, ഒരു പള്ളിയിലെ അരുമ സന്താനങ്ങൾ.

തന്റെ ആടുകളെ മേയ്ക്കാൻ കാനനപാതയിലേക്ക് നീയും വരുന്നോ?

എന്നുള്ള സന്യാസശ്രേഷ്ഠനായ സി. എം. തോമസ് റമ്പാച്ചന്റെ (മാർ തോമാ ദിവന്നാസിയോസ്) മധുരമായ സ്വരം തന്റെ കർണ്ണങ്ങളിൽ മുഴങ്ങിയപ്പോൾ യാതൊരു മടിയുമില്ലാതെ ശിരസ്സാവഹിച്ച് ശാന്തമായി മറുപടി നൽകി. 'ഞാനും വരുന്നു അങ്ങയുടെ കൂടെ.' ഇപ്രകാരം മാവേലിക്കരയിൽ നിന്നും മൗണ്ട് താബോറിലേക്കുള്ള പ്രയാണം സി. റ്റി. തോമസിനെ നല്ല ഒരു രൂപാന്തരത്തിനു ഇടയാക്കി. താബോറിൽ വെണ്മയുള്ളവനായി കാണപ്പെട്ടു. തന്മൂലം മലങ്കരസഭയുടെ ചരിത്രഏടുകൾക്ക് സ്ഥാനം നൽകി. ചുരുങ്ങിയ കാലംകൊണ്ട് ഏവർക്കും പ്രിയങ്കരനായി. പൗരസ്ത്യ കാതോലിക്കായായി, മാർ തോമാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ പ. ശ്ലീഹായുടെ അതേ നാമം ആയ ദിദിമോസ് ആയി വാണരുളി, സ്വർഗ്ഗീയ സന്നിധിയിൽ എടുക്കപ്പെട്ടു.

ഒരു മുനിക്ക് വേണ്ട ശ്രേഷ്ഠത എല്ലാം തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് ലഭിച്ചിരുന്നു. മൗനിയും മുനിയുമായ പിതാവ് പല സന്ദർഭങ്ങളിലും ഉറങ്ങുന്നതായി കാണുവാൻ ഇടയായിട്ടുണ്ട്. എന്നാൽ ഉറക്കമല്ല മൗനമായ ധ്യാനചിന്തയിലാണ് എന്നു മനസ്സിലാക്കാൻ സാധിക്കും. ഇപ്രകാരമുള്ള അവസ്ഥയിൽ പ. പിതാവിനെ സ്പർശിച്ചാൽ, പ്രാർത്ഥനാ സമയങ്ങളിൽ, പ്രാർത്ഥനയുടെ ബാക്കി ശകലങ്ങൾ ഉരുവിടുന്നതു കാണാം. പ്രസംഗവേദിയിൽ ആണെങ്കിൽ പ്രാസംഗികൻ പറഞ്ഞതിന്റെ പൊരുൾ പറഞ്ഞുതരും. ഇതാണ് ഉറക്കത്തിന്റെ 'തിരുമനസ്സിലെ അവസ്ഥ.'

പ. പിതാവിന്റെ നാമകരണം എല്ലാം തന്നെ ഇരട്ടിപ്പിക്കലാണ്. ചിറമേൽ തോമസ് തോമസ്, സി. റ്റി. തോമസ്. താബോറിലെ തനിക്ക് ലഭിച്ച രൂപാന്തരം ജീവിതത്തിന് ഇരട്ടിപ്പിച്ച് മാർ തോമാ ശ്ലീഹായുടെ അപരനാമമായ 'ഇരട്ട' എന്നു വിളിക്കുന്ന ദിദിമോസ്. ഇപ്രകാരം ജീവിതത്തിന് എല്ലാം ഇരട്ടിപ്പിച്ച ഒരു സന്യാസിശ്രേഷ്ഠനാണ് പ. ബാവാ തിരുമേനി.

സ്മര്യപുരുഷനെ ഈ എഴുത്തുകാരൻ (മാർ തോമാ ദിവന്നാസിയോസ് തിരുമേനിയുടെ സഹോദരപുത്രൻ) ആദ്യമായി കാണുന്നത് 1955-ൽ പുതിയകാവ് പള്ളിയുടെ അരമനകെട്ടിടത്തിൽ വെച്ചാണ്. തത്സമയ കാഴ്ചയുടെ ഓർമ്മകൾ എഴുതിക്കൊള്ളട്ടെ.

സഭാപരമായ ചർച്ചകൾക്കായി പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായും, മാർ തോമാ ദിവന്നാസിയോസ് തിരുമേനിയും, പുതിയകാവ് പള്ളിയിൽ വരുന്നു എന്നുള്ള വർത്തമാനം അറിഞ്ഞ് എന്റെ വീട്ടിലുണ്ടായിരുന്ന എന്റെ പിതാവിന്റെ സഹോദരീഭർത്താവായ അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ ഗീവർഗ്ഗീസ് മുതലാളി അപ്പച്ചനും, എന്റെ അമ്മയുടെ പിതാവ്, വളഞ്ഞവട്ടം തൈക്കടവിൽ കുരുവിള അപ്പച്ചനും എന്നെയും കൂട്ടി പുതി

യകാവ് പള്ളിയിൽ പോയി. അരമനയിൽ വിശ്രമിക്കുകയായിരുന്ന പിതാക്കന്മാരുടെ അടുക്കൽ എത്തി. അവരുടെ കൈകൾ മുത്തി, സ്നേഹാദരവുകൾ നടത്തി. തദവസരത്തിൽ എന്നെ അടുത്തേക്ക് വിളിച്ച് അടുപ്പിച്ച് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനിയോട് ദിവന്നാസിയോസ് തിരുമേനി പറഞ്ഞു, 'ഇവൻ എന്റെ അനുജൻ കീവർച്ചന്റെ മകനാണ്.' മനസ്സിലാക്കി പ. ബാവാ തിരുമേനി തലയിൽ കൈവെച്ച് അനുഗ്രഹിച്ച്, എനിക്ക് ഒരു ബിസ്ക്കറ്റും മറ്റും തന്നു. ഈ അവസരത്തിൽ എന്റെ ഷർട്ടിൽ പിടിച്ച് അരികത്തേക്ക് നിർത്തിയ, വെള്ളക്കുപ്പായധാരിയും തടിക്കുരിശ് കഴുത്തിലും അണിഞ്ഞ അച്ചനെ ഇന്നെന്നപോലെ ഓർമ്മയിൽ കാണുന്നു. അതേ, കുഞ്ഞും, കുഞ്ഞോമ്മാച്ചനും കൂടിയുള്ള ആദ്യ കൂടിക്കാഴ്ച. അഞ്ചു വർഷങ്ങൾക്ക് ശേഷം 60-61 കാലഘട്ടം, മൗണ്ട് താബോറിന്റെ ശിക്ഷണത്തിലുള്ള സെന്റ് സ്റ്റീഫൻസ് സ്കൂളിലെ ബോർഡിംഗ് വിദ്യാർത്ഥിയായി ചേർന്ന എനിക്ക്, പ. ദിദിമോസ് ബാവാ (സി. റ്റി. തോമസ്) യുടെ സ്നേഹവാത്സല്യങ്ങൾക്ക് ഇടയായി. തന്റെ ഗുരുവിന്റെ സഹോദരപുത്രൻ എന്ന നിലയിൽ പ. പിതാവിനു എന്നോട് പ്രത്യേക വാത്സല്യം ആയിരുന്നു.

1960-66 കാലഘട്ടത്തിലെ വിദ്യാർത്ഥികളായിരുന്ന ഞങ്ങൾ ഏവരും ദയറായേയും, അതിലെ സ്മര്യപിതാക്കന്മാരെയും എന്നും ഓർക്കും. അന്നത്തെ ശിക്ഷണരീതികളും, ആത്മീയ പ്രചോദനങ്ങളും, നിയമാവലികളും, പരസ്പരം വ്യക്തികളെ എങ്ങനെ കാണണം. ജീവിതശൈലിയിൽ ബാല്യം മുതൽ വാർദ്ധക്യം വരെയുള്ള കാലഘട്ടത്തിലെ വ്യതിയാനങ്ങൾ, സർവ്വോപരി ഈശ്വരസാന്നിദ്ധ്യത്തിലുള്ള ജീവിതക്രമങ്ങൾ എല്ലാം ഗുരുവും ശിഷ്യരായ സന്യാസസമൂഹവും പറഞ്ഞ് പഠിപ്പിച്ചിരുന്നു എന്നുള്ളത് സ്മരണീയമാണ്. ജാതിമതവ്യത്യാസം ഇല്ലാതെ അവരവരുടെ മതവിശ്വാസങ്ങളെ ആത്മീയപാതയിൽ പ്രബുദ്ധരാക്കുന്നതിനോടൊപ്പം ആരോഗ്യപരമായ കാര്യങ്ങളിലും ശ്രദ്ധപതിപ്പിച്ചിരുന്നു. ഇതിനെല്ലാം ഗുരുവിനോടൊപ്പം ചുക്കാൻ പിടിച്ചിരുന്നത് സി. റ്റി. തോമസ് അച്ചനാണ്.

ഒരു ശിക്ഷണനടപടി ഓർമ്മയിൽ വരുന്നു. അരുതാത്തതിന്, ശിക്ഷിക്കുന്നതിൽ ഗുരുവിനും ശിഷ്യരായ സന്യാസ സമൂഹത്തിനും ഒരു ദാക്ഷിണ്യവും ഇല്ലായിരുന്നു. 1962-ലെ 50 നോമ്പിന്റെ സമയം. സ്കൂളിലെ വാർഷിക പരീക്ഷ ഈസ്റ്ററിന് മുമ്പുള്ള ചില ദിവസങ്ങളിൽ വന്നിരുന്നു. ആയതിനാൽ ബോർഡിംഗിലെ കുട്ടികൾ ആരും വീട്ടിൽ പോയിരുന്നില്ല. ഈ സമയം ദേവാലയത്തിലെ കർമ്മാദികൾക്ക് ബോർഡിംഗിന്റെ ചുമതലക്കാരായ അച്ചന്മാർക്കും കുറെ ദിവസത്തേക്ക് മറ്റു പള്ളികളിൽ പോയി താമസിക്കേണ്ടിയിരുന്നു. പെസഹാവ്യാഴാഴ്ച വൈകിട്ട് ഉത്തരവാദിത്വ

പ്പെട്ടവർ സ്ഥലത്ത് ഇല്ല എന്നു മനസ്സിലാക്കിയ മുതിർന്ന ഏതാനും വിദ്യാർത്ഥികൾ പത്തനാപുരം പിക്ചർ പാലസിൽ സെക്കന്റ് ഷോയ്ക്ക് സിനിമയ്ക്കു പോയി. ഈസ്റ്റർ കഴിഞ്ഞ് അച്ചന്മാർ എല്ലാം തിരികെ എത്തി. ഈസ്റ്റർ ഞായറാഴ്ചയോടെ സന്തോഷസമയങ്ങൾ ചെലവഴിച്ച് ഒരു ദിവസം കൂടി കടന്നുപോയി. തിങ്കളാഴ്ച സന്ധ്യാനമസ്കാരത്തിന് ശേഷമുള്ള ബോർഡിംഗിലെ പതിവുപോലെയുള്ള കൂട്ടായ്മയ്ക്കു ശേഷം ഹെഡ്മാസ്റ്ററായ ബഹു. സി. റ്റി. തോമസ് അച്ചൻ ഈസ്റ്റർ നന്മകൾ ആശംസിച്ച ശേഷം, സിനിമയ്ക്ക് പോയവരെ പേരു പറഞ്ഞ് വിളിച്ച്, അടിവസ്ത്രം മാത്രം ധരിപ്പിച്ച് ഭിത്തിക്ക് അഭിമുഖമായി നിർത്തി. താൻ സ്ഥിരം കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ചിരുന്ന ചൂരൽവടി കൊണ്ട് നിർത്താതെ തല്ലിയ കാഴ്ച, മറ്റ് വിദ്യാർത്ഥികളായ ഞങ്ങളെ വല്ലാതെ കരയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഒരു സംഗതിയാണ്.

തന്റെ ഗുരുവിൽ നിന്നും ലഭിച്ചിട്ടുള്ള സഭയുടെയും ദയറായുടെയും നിയമാവലികളും വിശ്വാസതീക്ഷ്ണതയും പിൻതലമുറയ്ക്ക് പകർത്തിക്കൊടുക്കുമ്പോൾ അതിനു വിപരീതമായി താൻ സ്നേഹിച്ച കുഞ്ഞുങ്ങൾ കാണിച്ച തെറ്റായ പ്രവണത, തന്മൂലം നിർദാക്ഷണ്യം ശിഷ്യരെ ശിക്ഷിക്കേണ്ടി വന്നതിലും ഓർത്തു തോമസച്ചന്റെ മനസ്സ് വല്ലാതെ ഉലഞ്ഞു. രണ്ട് ദിവസത്തിനുശേഷം, ശിക്ഷിക്കപ്പെട്ടവരെ വിളിപ്പിച്ച്, വലിയ പിതാവായ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ മുറിയിൽ കൊണ്ടുപോയതും, അവർക്ക് കൊടുത്ത ഗുണദോഷവും, അവരുടെ ആരോഗ്യപരമായ കാര്യങ്ങളിൽ മുൻതൂക്കം നൽകിയതും കണ്ണിൽ നിന്നും മായുന്നില്ല.

താബോർ ദയറായുടെ ശിക്ഷണത്തിലുള്ള സെന്റ് സ്റ്റീഫൻസ് ബോർഡിംഗ് ഹോമിൽ താമസിച്ച് പഠിച്ച, ഞങ്ങൾക്കും ഇതര വിദ്യാർത്ഥി സമൂഹത്തിനും ഒരു കാര്യം വ്യക്തമാണ്. നന്മയും തിന്മയും വേർതിരിച്ചറിയാൻ ഉള്ള കരുത്ത് ലഭിച്ചിരുന്നു എന്നുള്ളത്. അത്രയ്ക്ക് അടുക്കിലും ചിട്ടയിലും നയിക്കപ്പെട്ടിരുന്ന ഒരു കാലമായിരുന്നു മാർ തോമാ ദീവന്നാസ്യോസിന്റെയും ശിഷ്യരായ സന്യാസസമൂഹത്തിന്റെയും ജീവിതരീതികൾ.

ദയറായുടെ ചരിത്രത്തിലെ ധന്യമായ വർഷം ആണ് 1966. ഗുരുവായ മാർ തോമാ ദീവന്നാസിയോസ് ദൈവിക കൃപയിൽ ആനന്ദത്താൽ മുഴുകിയ സമയം. കുഞ്ഞോമ്മാച്ചൻ മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെടുന്നു. തന്റെ ശിഷ്യന്മാരിൽ ആദ്യത്തെ മെത്രാപ്പോലീത്താ. ഈ കാലയളവിൽ ദയറാ ശാഖോപശാഖകളായി വളർന്നിരുന്നു. തമിഴ്നാട്ടിലും മലബാർ പ്രദേശങ്ങളും തുടങ്ങി

ഭാരതം ഒട്ടാകെ വ്യാപിച്ച് കഴിഞ്ഞിരുന്നു. 1972-ൽ മാർ തോമാ ദീവന്നാസ്യോസ് തിരുമേനി കാലംചെയ്തു. തന്റെ പിതാവും ഗുരുവും എല്ലാമായിരുന്ന ദീവന്നാസിയോസ് തിരുമേനിയുടെ വേർപാട് തീമോത്തിയോസ് തിരുമേനിയെ ഉലച്ചുവെങ്കിലും തന്റെ പിതാവിൽ നിന്നും ലഭിച്ച കരുത്ത് തന്നെ കർമ്മധീരനാക്കി. താബോറിന്റെ സുപ്പീരിയറായി, ദീവന്നാസിയോസിന്റെ പിൻഗാമിയായി, ഇപ്പോഴത്തെ മൗണ്ട് താബോർ സന്യാസ സന്യാസിനി സമൂഹത്തിന്റേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, ഗുരുവിന്റെ ദീർഘവീക്ഷണം എപ്രകാരമായിരുന്നോ, അപ്രകാരം പടുത്തുയർത്തി.

1972 മുതൽ 2014 വരെ പ. ദിദിമോസ് ബാവായുടെ ശിക്ഷണത്തിൽ ദയറായും മറ്റ് സ്ഥാപനങ്ങളും വളർന്ന് പന്തലിച്ച് ഈ കാലയളവിൽ തന്റെ ദയറാജീവിതത്തിലെ ആരംഭകാലത്ത് തന്നോട് ഒപ്പമുണ്ടായിരുന്ന സി. സഖറിയ മലങ്കരസഭയുടെ മദ്രാസ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയി. എൻ. ജെ. തോമസ് സന്യാസ ശ്രേഷ്ഠതയിൽ റമ്പാനായി. സി. ഒ. യോഹന്നാൻ, സി. റ്റി. ഐസക് തുടങ്ങിയവരും റമ്പാന്മാരായി തീർന്നു. കാലാകാലങ്ങളിൽ വലിയ തിരുമേനിയുടെയും ദിദിമോസ് ബാവായുടെയും കാലത്ത് ദയറാജീവിതം സ്വീകരിച്ചവർ പലപ്പോഴായി മെത്രാപ്പോലീത്താമാരും, റമ്പാന്മാരുമായി സന്യാസജീവിതം പടുത്തുയർത്തി. ഈ കാലങ്ങളിൽ എല്ലാം എന്നെ നയിച്ചവരും, സ്നേഹിച്ചവരുമായ സന്യാസശ്രേഷ്ഠരുടെ പേരുകൾ എഴുതിയിട്ടില്ല. എല്ലാവരേയും ശിരസ്സാ സ്മരിക്കുന്നു. ആദ്യകാല പിതാക്കന്മാർ ഉൾപ്പെടെയുള്ള ദയറാംഗങ്ങൾ പലരും കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

ദയറായിലെയും മഠത്തിലെയും എല്ലാ അംഗങ്ങളെയും സ്മരിക്കുന്നു. ഇപ്പോഴുള്ള അഭി. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി, അഭി. ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനി, ബഹുമാനപ്പെട്ട ഏബ്രഹാം അച്ചൻ, വന്ദ്യരായ ജോസഫ് റമ്പാച്ചൻ, ഗബ്രിയേൽ റമ്പാച്ചൻ, ഏലിയാസ് റമ്പാച്ചൻ, ഗീവർഗ്ഗീസ് റമ്പാച്ചൻ കൂടാതെ അടുത്ത കാലങ്ങളിൽ റമ്പാന്മാരായവർ, ബഹു. പോൾ അച്ചൻ ഉൾപ്പെടെയുള്ള വൈദിക ശ്രേഷ്ഠർ, അമ്മമാർ, സഹോദരിമാർ, മൗണ്ട് താബോറിലെ ദൂരെയും ചാരെയും ആയ എല്ലാ അംഗങ്ങളോടുമുള്ള എന്റെ സ്നേഹാദരവുകൾ ഏറെയാണ്.

സഭയ്ക്കും സമൂഹത്തിനും നല്ല ദാനങ്ങളെ രൂപപ്പെടുത്തുന്നതിനോടൊപ്പം, ഭൂമിയേയും സ്നേഹിച്ചിരുന്ന സന്യാസിശ്രേഷ്ഠരാണ് താബോറിൽ ഉണ്ടായിരുന്നത്. വന്ദ്യ സി. റ്റി. തോമസച്ചനും (ദിദിമോസ് ബാവ) സഹോദര സന്യാസി ശ്രേഷ്ഠരും ഗുരുവിനോടൊപ്പം സ്ഥലങ്ങൾ കിളച്ച് മറിച്ച് ഉപയോഗപ്രദമാക്കി നല്ല വിത്തുകൾ പാകി ഫലം എടുക്കുന്നത് കാണുവാൻ ഇടയായിട്ടുണ്ട്. ഇപ്പോൾ ദയറാ നിൽക്കുന്ന സ്ഥലം, ദയറാ

പള്ളി, ചുറ്റുപാടുകൾ എല്ലാം ഏതാണ്ട് 1962 കാലംവരെ ചെറിയ കുറ്റിക്കാടുകൾ ആയിരുന്നു. ഇങ്ങനെയുള്ള സ്ഥലം തരിശ്ശായി ഇടാതെ ഉപജീവന മാർഗ്ഗത്തിനായി കപ്പ, വാഴ തുടങ്ങിയ ഫലമൂലാദികൾ കൃഷി ചെയ്ത് ഇതിൽ നിന്നും ലഭിക്കുന്ന ഫലം ദയറായുടെയും ഇതരസ്ഥാപനങ്ങളും, ദയറായെ ആശ്രയിച്ച് കഴിഞ്ഞിരുന്നവരുടെയും ആഹാരാദികൾക്ക് തൃപ്തിവരുത്തി സായൂജ്യം പൂണ്ടിരുന്നു.

തന്റെ ആവശ്യത്തേക്കാൾ മറ്റുള്ളവരുടെ പ്രയാസം മനസ്സിലാക്കി, ഇല്ലായ്മയിൽ തനിക്കുള്ളത്, തന്റെ കുപ്പായകീശയിൽ ഉള്ളത് എത്ര എന്ന് എണ്ണിനോക്കാതെ മുഴുവനും ദാനം ചെയ്യുന്ന ഒരു സ്വഭാവമായിരുന്നു ഗുരുവായ ദീവന്നാസിയോസ് തിരുമേനിക്ക്. ആയത് പ്രിയ ശിഷ്യനായ സി. റ്റി. തോമസ് അച്ചനും സഹസന്യാസിശ്രേഷ്ഠരും മനസ്സിലാക്കി പ്രവർത്തിച്ചിരുന്നു. ഇപ്രകാരം ദൈവം നൽകിയ ദാനങ്ങളെ കുഴിച്ചു മൂടാതെ ഇരട്ടിയായി വർദ്ധിപ്പിച്ച് സഭയ്ക്കും സമൂഹത്തിനും നല്ല കാഴ്ചപ്പാടുകൾ പ്രദാനം ചെയ്യുന്ന ഒരു വലിയ രൂപാന്തരത്തിന്റെ ഉറവിടമാണ് താബോർ ദയറാ.

എന്റെ ഓർമ്മകൾ എഴുതി കാണിക്കുന്നത് അവസാനിപ്പിക്കുന്നതിനു മുമ്പായി അല്പകാര്യവും കൂടി. മാവേലിക്കര കല്ലുംപുറത്ത് പൂവത്തൂർ കുടുംബ (മാർ തോമാ ദീവന്നാസിയോസിന്റെ ഭവനം) ത്തിലെ ഓരോ അംഗങ്ങളോടും, പ. ദിദിമോസ് ബാവായ്ക്ക് ഉണ്ടായിരുന്ന കരുതൽ, സ്നേഹബഹുമാനങ്ങൾ ഞങ്ങൾ കൃതജ്ഞതയോടെ ഓർക്കുന്നു. ഞങ്ങളുടെ ആത്മികവും, ലൗകികവുമായ എല്ലാ കാര്യങ്ങളിലും പ. പിതാവ് ശ്രദ്ധാലുവായിരുന്നു. വിശിഷ്യാ പ. പിതാവിന്റെ ശിഷ്യഗണങ്ങളിൽ ഒരുവനായ എന്നോടുള്ള സ്നേഹവാത്സല്യം, കരുതൽ എല്ലാം, പിതാവ് കാലം ചെയ്യുന്ന സമയം വരെ ദൈവസന്നിധിയിൽ എല്ലാം അർപ്പിച്ച് സ്നേഹിച്ചിരുന്നു. ഓർമ്മകൾ ഒരുപാട് ഒരുപാട് ഓടിയെത്തുന്നു. എങ്കിലും തൽക്കാലം ചുരുക്കുന്നു.

പ. ദിദിമോസ് പിതാവേ, അങ്ങയുടെ തൃപ്പാദങ്ങളിൽ ഈ പ്രിയ ശിഷ്യന്റെ സ്നേഹാദരവുകൾ കണ്ണീർകണങ്ങളായി അർപ്പിക്കുന്നു. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

# ആത്മീയപുത്രന്റെ ആശ്രുപൂജ


## ജേക്കബ് മാത്യു (ജോജോ)
### (മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗം)


മലങ്കരയുടെ മഹാപരിശുദ്ധനായ താപസശ്രേഷ്ഠനായിരുന്നു പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനി. ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധിയുടെ പരിമളം പരത്തിയ പരിശുദ്ധ പിതാവ്. ഭൗതികമായി നമ്മിൽ നിന്ന് വേർപെട്ടുവെങ്കിലും കൂടുതൽ തേജോമയനായി അബ്രഹാം മടിയിൽ പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് നിലകൊണ്ട് നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്നു എന്ന സത്യം അവിടുത്തെ ആത്മീയ മക്കളായ നമുക്ക് ആശ്വാസവും ഊർജ്ജദായകവുമാണെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

എളിയവനായ എനിക്ക് ബാല്യംകാലം മുതലേ പരിശുദ്ധ പിതാവുമായി വളരെയധികം അടുത്തിടപഴകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. എന്റെ പിതൃസഹോദരൻ ദിവംഗതനായ അഭിവന്ദ്യ തെയോഫോറോസ് റമ്പാൻ കോർഎപ്പിസ്കോപ്പായോടൊപ്പം പത്തനാപുരം ദയറായിലും, ദേവലോകം അരമനയിലും മറ്റുമായി പലപ്പോഴും പ. പിതാവിനെ ദർശിക്കുവാനും അദ്ദേഹത്തോടൊപ്പം സമയം ചിലവിടുവാനും അദ്ദേഹത്തിന്റെ സ്വർഗ്ഗീയമായ ആരാധനയിൽ സംബന്ധിക്കുവാനും എനിക്കു സാധിച്ചിരുന്നു. അത്തരം സന്ദർഭങ്ങളിൽ പ. പിതാവിന്റെ പുത്രവാത്സല്യം ആവോളം അനുഭവിക്കുവാൻ ഇടയായിട്ടുണ്ട് എന്നത് വിനയപുരസരം സ്മരിച്ചുകൊള്ളട്ടെ. പ. പിതാവ് കാലംചെയ്യുന്ന നാൾവരെയും നാൾക്കുനാൾ പുഷ്ടിപ്പെട്ടതല്ലാതെ ആയതിന് അല്പംപോലും ഉലച്ചിൽ തട്ടിയിരുന്നില്ല. മോനേ... എന്നു തിരുമേനി വിളിക്കുമ്പോൾ ആ വാക്കുകളിൽ ചാലിച്ച സ്നേഹവും വാത്സല്യവും എന്റെ കാതുകളിൽ അലയടിക്കുന്നതായി തോന്നിയിരുന്നു.

വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വേർതിരിവ് പ. പിതാവിന് ലവലേശം ഉണ്ടായിരുന്നില്ല. എല്ലാവരും അദ്ദേഹത്തിന് മക്കളായിരുന്നു. മോനേ..... അല്ലെങ്കിൽ മക്കളെ എന്നു മാത്രമെ കൂടെ നിൽക്കുന്നവരെയും മറ്റുള്ളവരെയും തിരുമേനി സംബോധന ചെയ്യുമായിരുന്നുള്ളു. പ്രാർത്ഥന എന്ന അടിസ്ഥാന ശിലയിൽ പണിതുയർത്തിയ ഒരു ഗോപുരമായിരുന്നു പ. പിതാവ്. ഒരിക്കൽ പ്രാർത്ഥനയെപ്പറ്റി സംസാരിച്ച അവസരത്തിൽ തിരുമേനി പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. *'പാലിൽ പഞ്ചസാര ഏറുംതോറും അത് കൂടുതൽ മധുരതരവും രുചികരവുമാകുന്നു. ആയതുപോലെയാണ് മനുഷ്യജീവിതത്തിൽ പ്രാർത്ഥന'*

എന്ന് പ. ബാവാ തിരുമേനി ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രത്യേകമായ പ്രാർത്ഥന ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ പ. പിതാവ് ഓർമ്മിപ്പിച്ചിരുന്ന ഒരു പ്രധാന വസ്തുത നിങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അത് ദൈവസന്നിധിയിൽ അർഹമായവയാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലെ ദൈവം അത് സാധ്യമാക്കി തരും എന്നാണ്. എളിയവനായ എനിക്ക് അനേകം അവസരങ്ങളിൽ പ. പിതാവിന്റെ പ്രാർത്ഥന ആവശ്യപ്പെടുവാനും ആ പ്രാർത്ഥന മൂലം സ്വർഗ്ഗീയ അനുഗ്രഹങ്ങളെ പ്രാപിക്കുവാനും സാധിച്ചു എന്നതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

എല്ലാ കാര്യങ്ങളിലും വളരെയേറെ മിതത്വം പാലിച്ചിരുന്ന ഒരു പിതാവായിരുന്നു പ. ബാവാ തിരുമേനി. സമൃദ്ധിയുടെ പരമകോടിയിലായിരിക്കുമ്പോൾ പോലും മിതവ്യയം തിരുമേനി പാലിച്ചിരുന്നു. ധൂർത്തിനെ പാപമായി തിരുമേനി കരുതിയിരുന്നു. ഭക്ഷണകാര്യങ്ങളിൽ അമിത പ്രാധാന്യം ഒരിക്കൽ പോലും അദ്ദേഹത്തിൽ കണ്ടിരുന്നില്ല. കഞ്ഞിയും പയറും മുതലായ ആശ്രമഭക്ഷണം തന്നെയായിരുന്നു തിരുമനസ്സിന്റെ അരമന ഭക്ഷണവും. ആഡംബര വസ്തുക്കളെ പിതാവ് ഒരു കാലത്തും സ്നേഹിച്ചിരുന്നില്ല. ഉപയോഗയോഗ്യമായ വസ്തുക്കൾ അവ കാലപ്പഴക്കം ഉള്ളതാണെങ്കിൽ പോലും മാറ്റി പുതിയവ വാങ്ങാം എന്ന് ആരെങ്കിലും നിർദ്ദേശിച്ചാൽ തിരുമേനി അതിനെ കർശനമായി വിലക്കുമായിരുന്നു.

മറ്റാരിലും ദർശിക്കാത്ത ഒരു പ്രത്യേക ആജ്ഞാശക്തി പ. പിതാവിൽ കാണപ്പെട്ടിരുന്നു. തന്റെ സ്ഥാനമഹിമയെ കുറിച്ചുള്ള ബോധ്യവും പ. സഭ തന്നെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള അവബോധവും തിരുമനസ്സിലെ എല്ലാ തീരുമാനങ്ങളിലും കാണപ്പെട്ടിരുന്നു.

മൗനത്തിന്റെ ലാവണ്യവും പ്രാർത്ഥനയുടെ തീക്ഷ്ണതയും സമഞ്ജസമായി പ. പിതാവിൽ സമ്മേളിച്ചിരുന്നു. വളരെ മിതഭാഷിയായിരുന്നു പ. പിതാവ്. എങ്കിലും കുഞ്ഞുങ്ങളേയും സ്നേഹിക്കപ്പെട്ടവരേയും കാണുന്ന അവസരങ്ങളിൽ കുശലപ്രശ്നം നടത്തുകയും നർമ്മം പങ്കുവെക്കുകയും ചെയ്യുന്നത് പല അവസരങ്ങളിലും കാണുവാൻ ഇടയായിട്ടുണ്ട്. പക്ഷേ അവയെല്ലാം ആ മഹാമൗനത്തിന്റെ ആവരണത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമായിരുന്നു എന്നതായിരുന്നു വസ്തുത. ദൈനംദിന യാമപ്രാർത്ഥനകളെ ഊർജ്ജത്തിന്റെ സ്രോതസ്സായി തിരുമേനി കരുതിയിരുന്നു. യാത്രാവേളകളിലും എയർപോർട്ടിലും ഫ്ളൈറ്റിനുള്ളിലും ആ തീക്ഷ്ണത ദർശിക്കുവാൻ ഇടയായിട്ടുണ്ട്.

പ. പിതാവിനെ ഓരോ തവണ സന്ദർശിക്കുമ്പോഴും ഒരു അദൃശ്യമായ ദൈവികശക്തി അദ്ദേഹത്തിലേക്ക് നമ്മെ കൂടുതൽ ആകർഷിക്കു

ന്നതായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. പ. പിതാവ് അഭിവന്ദ്യ തീമോത്തിയോസ് മെത്രാപ്പോലീത്തായായിരിക്കുമ്പോൾ തിരുമനസ്സിന്റെ മലേഷ്യൻ സന്ദർശനവേളയിൽ ആദ്യമായി ദർശിച്ച അവസരം മുതലേ അതു പ്രകടമായിരുന്നു. എന്റെ വിവാഹ കൂദാശയും പ. പിതാവിന്റെ കൈകളാൽ ആശീർവദിക്കപ്പെട്ടു. കുടുംബത്തിലെ വിശേഷ അവസരങ്ങളിലെല്ലാം തന്നെ പ. പിതാവിന്റെ സാന്നിധ്യവും പ്രാർത്ഥനയും ഞങ്ങൾക്ക് എന്നും പ്രചോദനമായിരുന്നു.

തിരുമേനിയുടെ സംസാരം വെറും അധരവ്യായാമം മാത്രമായിരുന്നില്ല. മറിച്ച് അത് എപ്പോഴും അഗാധമായ അർത്ഥതലങ്ങൾ ദർശിക്കാവുന്ന പഠിപ്പിക്കലുകൾ ആയിരുന്നു. ഏതു വിഷയത്തിലുമായിക്കൊള്ളട്ടെ ആയതിൽ പ. പിതാവിനുള്ള അറിവ് വെറും ഉപരിപ്ലവമായത് ആയിരുന്നില്ല. മറിച്ച് അഗാധമായ പാണ്ഡിത്യത്തിന്റെ ബഹിർസ്ഫുരണം തന്നെയായിരുന്നു. ഈ വസ്തുത പലപ്പോഴും എന്നെ വിസ്മയഭരിതനാക്കിയിരുന്നു. തിരുമനസ്സിലെ അധ്യാപന ജീവിതത്തിൽ നിന്നും തപോനിഷ്ഠയിൽ നിന്നും വി. വേദത്തിൽ നിന്നും ആർജ്ജിച്ചെടുത്ത ആ ഉപദേശങ്ങളാകുന്ന മുത്തുകൾ ഏത് ഉലയിൽ ഊതികാച്ചിയ പൊന്നിലും മേന്മയേറിയവയായിരുന്നു. മത്സരം നിറഞ്ഞ ആധുനിക ജീവിതത്തിൽ നിങ്ങൾ പ്രാവിനെപ്പോലെ നിഷ്കളങ്കരും പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും ആയിരിപ്പിൻ എന്ന് പ. പിതാവ് കൂടെക്കൂടെ ഓർമ്മിപ്പിക്കുമായിരുന്നു.

പ. വലിയ ബാവാ തിരുമനസ്സിലെ ആത്മാവ് ദൈവകരങ്ങളിൽ സമർപ്പിക്കപ്പെട്ടു എങ്കിലും സദൃശ്യവാക്യങ്ങളിൽ പറയുന്നതുപോലെ 'നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ അതു നട്ടുച്ച വരെ അധികമധികം ശോഭിച്ചു വരുന്നു' എന്ന വാക്യത്തെ അന്വർത്ഥമാക്കുമാറ് ആ ധന്യസ്മരണ അവിടത്തെ ആത്മീയ മക്കൾക്ക് എന്നും ഒരു പ്രകാശ ഗോപുരമായി യുഗാന്തരങ്ങളോളം നിലനിൽക്കുക തന്നെ ചെയ്യും.

# ‘ദൈവമനുഷ്യൻ’

## ഫാ. ഗീവർഗീസ് പൊന്നോല

മായാത്ത ഓർമ്മകൾ, മറക്കാനാവാത്ത ധാരാളം അനുഭവങ്ങൾ ബാക്കിയാക്കി ഇനി സ്വർഗ്ഗീയ മണവറയിൽ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. പരിശുദ്ധ വലിയ ബാവായുടെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുന്നു.

“ജീവിതത്തെ കാണിച്ചുകൊടുക്കുന്നവനാണ് ദൈവമനുഷ്യൻ.” പരിശുദ്ധ ബാവാ എഴുന്നെള്ളിയ എല്ലാ സ്ഥലങ്ങളിലും “ജീവിതം ജീവനേക്കാൾ വിലയുള്ളതാണെന്ന് തെളിയിച്ചു.” ഇന്നും മലബാറിലെ ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ഒരിക്കലും മലബാർ ഭദ്രാസനം മറക്കുകയില്ല. 35 വർഷം കൂടെ നിന്ന് പ്രവർത്തിക്കുവാൻ ദൈവം എനിക്കും അവസരം തന്നു. വലിയ ബാവായുടെ മുന്നിൽ തല വണങ്ങുന്നു. 1966-ൽ മലബാറിലേക്കു വന്ന സമയം മുതൽ പരിശുദ്ധ സഭയുടെ എല്ലാ മീറ്റിംഗുകളിലും, മാനേജിംഗ് കമ്മിറ്റിയിലും, പരിശുദ്ധ സുന്നഹദോസുകളിലും, പൊതുവായ എല്ലാ യോഗങ്ങളിലും മലബാറിൽ നിന്നുള്ള ദൂരം നോക്കാതെ, യാത്രചെയ്തു വന്ന് സംബന്ധിക്കുമായിരുന്നു. പരിശുദ്ധ സഭയെ കണ്ണിന്റെ കൃഷ്ണമണിപോലെ സ്നേഹിക്കുകയും പരിശുദ്ധ പിതാക്കന്മാരേയും സഭാസ്ഥാനികളേയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന നല്ല ഗുണം തിരുമേനിയിൽ വിളങ്ങിയിരുന്നു. അതു മാതൃകയാക്കുവാൻ മലബാറിലെ എല്ലാ വൈദികർക്കും സാധിച്ചിട്ടുണ്ട്.

മലബാർ ഭദ്രാസനത്തെ മലങ്കരസഭയുടെ ഒരു മാതൃകാ ഭദ്രാസനമായി വളർത്തുകയും, നയിക്കുകയും ചെയ്തിരുന്നു. ഇന്ന് അത് 3 ഭദ്രാസനങ്ങളായി തീർന്നിരിക്കുന്നു. എല്ലാ വൈദികരേയും ഒരുപോലെ കരുതുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ഓരോ അച്ചന്മാരുടെയും ഹൃദയത്തിൽ അഭി. തിരുമേനി എന്നെ സ്നേഹിക്കുന്നു (ഓരോരുത്തരേയും) എന്നു തോന്നുമായിരുന്നു. വൈദികരെ അനുസരണത്തിലും, അച്ചടക്കത്തിലും, ശിക്ഷണത്തിലും പിടിച്ചു നിർത്തിയിരുന്നു.

ഒരു വൈദികനോടുപോലും ഇടവകജനങ്ങൾ കാൺകെ ദേഷ്യപ്പെടുകയോ, ദോഷമായി ഒരു വാക്കുപോലും സംസാരിക്കുകയോ ചെയ്തിട്ടില്ല. ഭദ്രാസനത്തിലെ ഇടവകജനങ്ങൾക്കും, വൈദികർക്കും എതു സമയത്തും തിരുമേനിയെ സന്ദർശിക്കാമായിരുന്നു. അടുത്തു ചെന്ന് സങ്കടങ്ങളും, പരാതികളും പറയുമ്പോൾ ശ്രദ്ധയോടെ കേൾക്കുകയും വേണ്ട പരിഹാരമാർഗ്ഗം പറഞ്ഞുതരുകയും ചെയ്യുമായിരുന്നു.

**ഒരുക്കം** – അഭി. തിരുമേനിയുടെ ജീവിതത്തിലെ ഒരുക്കം ഏതു കാര്യത്തിലും കാണാം. ഏതു ശുശ്രൂഷയ്ക്കും ഒരുങ്ങുമായിരുന്നു. "ഒരുക്കം വിശുദ്ധിയെ കാണിക്കുന്നു." പട്ടംകൊട നടത്തുമ്പോൾ സ്ഥാനാർത്ഥി ഒരുങ്ങുമ്പോൾ അഭി. തിരുമേനിയും ഒരുങ്ങുമായിരുന്നു. പരിശുദ്ധ സഭയിൽ 14 മേൽപട്ടക്കാരെ തിരഞ്ഞെടുത്തു വാഴിച്ചപ്പോൾ സ്ഥാനാർത്ഥികൾ 40 ദിവസം നോമ്പ് നോറ്റപ്പോൾ പരിശുദ്ധ പിതാവും അതിനുവേണ്ടി നോമ്പുനോറ്റു ഒരുങ്ങി. ശുശ്രൂഷകളുടെ തലേരാത്രിയിൽ പരിശുദ്ധ പിതാവ് പാതിരാത്രിയിൽ മൗനമായി പ്രാർത്ഥിച്ച് ഉയരത്തിൽ നിന്നും ശക്തി പ്രാപിക്കുമായിരുന്നു. നമ്മുടെ പിതാക്കന്മാരുടെ ശക്തി ഉയരത്തിൽ നിന്നുള്ള ശക്തിയാണ്. ഇപ്പോഴത്തെ സഭയുടെ കേസ് 1972-ൽ ആരംഭിച്ചപ്പോൾ മലബാർ ഭദ്രാസനത്തെ ബാധിച്ചു. പക്ഷെ അന്നുണ്ടായിരുന്ന വൈദികരിൽ രണ്ടു പേർ മാത്രമേ തിരുമേനിയിൽ നിന്നും മാറിപോയുള്ളു. അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ജീവിതവും, പ്രാർത്ഥനയും ബ. നൂറനാലച്ചനെപോലുള്ള വൈദികരെ കൂടെ നിർത്തി.

ബത്തേരി പള്ളി പിടിച്ചടക്കുമെന്നും ബ. നൂറനാലച്ചനെ കുർബാന ചൊല്ലിക്കയില്ലെന്നും എതിർവിഭാഗം വാശിപിടിച്ച് പള്ളിക്കു ചുറ്റും ആളുകൾ നിറഞ്ഞു. പോലീസിന്റെ കൂട്ടം. പക്ഷെ ബ. നൂറനാലച്ചൻ ഉപവാസത്തോടെ വി. കുർബാന അർപ്പിക്കുന്നതിനു ഒരുങ്ങിനിന്നു. അഭി. തിരുമേനിയും ഉപവാസത്തോടും പ്രാർത്ഥനയോടും ഒരുങ്ങി. ആ ദിവസം ഉച്ചയ്ക്കാണ് നിരണം ഇലഞ്ഞിക്കൽ ഇ. ജോൺ ജേക്കബ് (ബേബിച്ചായൻ) തിരുവനന്തപുരത്തുനിന്നും ഓഡർ വാങ്ങി ബ. നൂറനാലച്ചൻ വിശുദ്ധ കുർബാന അർപ്പിക്കാൻ ഇടയായത്. ബ. നൂറനാലച്ചൻ അഭിവന്ദ്യ തിരുമേനിക്കു ശക്തി പകർന്നു കൊടുത്തു. ഇലഞ്ഞിക്കൽ ബേബിച്ചായനെപ്പോലുള്ള അത്മായക്കാർ ഈ സഭയ്ക്കു ആവശ്യമാണ്. ഒച്ചപ്പാടില്ലാത്ത ഒരു ജീവിതശൈലിയായിരുന്നു തിരുമേനിയുടേത്. മുടങ്ങാത്ത യാമപ്രാർത്ഥനകൾ, രഹസ്യ പ്രാർത്ഥന, നിഷ്ഠാപരമായ ജീവിതം, ധ്യാനം ഇവകളാൽ അനുഗ്രഹീതനായിരുന്നു.

മലങ്കരസഭയുടെ പരമസിദ്ധനും, ഭാരതീയ ആദ്ധ്യാത്മിക ആചാര്യന്മാരിൽ ശ്രേഷ്ഠവ്യക്തിത്വത്തിന്റെ ഉടമയും ആയിരുന്നു വലിയ ബാവാ. ഒച്ചപ്പാടില്ലാത്ത ജീവിതശൈലി. അധികാരഭ്രമമില്ലായിരുന്നു. അഹംഭാവമില്ല, ലാളിത്യവും, വിനയവും മൗനവുമായിരുന്നു. ലളിതമായ ജീവിതവും ഉന്നതമായ ചിന്തയുമായിരുന്നു ജീവിതത്തിന്റെ അടിത്തറ. പൗരോഹിത്യം അധികാരമല്ലെന്നു തിരുമേനി പഠിപ്പിച്ചു.

മലബാർ ഭദ്രാസനത്തെ ഹെർമ്മോനാക്കി. പ്രാർത്ഥനയുടെ പരിമളം കൊണ്ട് നിറച്ചു. കഷ്ടതയിൽ കൂടെ മലബാർ ഭദ്രാസനത്തെ നയിച്ചു.

ലളിതവും സുതാര്യവുമായ ജീവിതവിശുദ്ധി, ആഴമായ മനുഷ്യസ്നേഹം കൊണ്ട് നിറഞ്ഞിരുന്നു. നിഷ്ഠയും ചിട്ടയുമുള്ള ജീവിതം നയിച്ചു. വി. കുർബാനയും, മറ്റു കൂദാശകളും ആരേയും ആകർഷിക്കുന്നതാണ്. ഇമ്പ കരവും അനുതാപവുമുള്ള ശബ്ദം പ്രൊമിയോനും, സെദറായും മറ്റും വായിക്കുമ്പോൾ കേൾക്കുന്നവർക്കു അവാച്യമായ ഒരനുഭൂതി ജനിപ്പി ക്കുമായിരുന്നു. പരസ്യപ്രാർത്ഥനയ്ക്കുശേഷമുള്ള രഹസ്യ പ്രാർത്ഥന, എടുത്തുചാട്ടമില്ലാത്ത ജീവിതം എല്ലാം ആലോചിച്ച് പ്രാർത്ഥനയോടു മാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളു. പ്രാധാന്യമുള്ള ചില കല്പനകൾ എഴുതുമ്പോഴും, ആ കല്പന വൈദികരെ ഏൽപ്പിക്കുമ്പോഴും പ്രാർ ത്ഥിച്ച് മാത്രമേ ചെയ്യാറുള്ളു. ഇതൊക്കെ നേരിൽ കാണുവാൻ ഇടയാ യിട്ടുണ്ട്.

പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതത്തെ സ്വാംശീകരിച്ച് സ്വന്തം ജീവിതം നയിക്കുന്നതിനു ആഗ്രഹിച്ചു. വലിയബാവാ കാലം ചെയ്തു കഴിഞ്ഞ് കസേരയിൽ ഇരുത്തി കഴിഞ്ഞപ്പോൾ ആ മുഖവും, മുഖത്തു കണ്ട ശോഭയും, പരിശുദ്ധ പരുമല തിരുമേനി കാലം ചെയ്തതിനുശേഷം എടുത്ത ഫോട്ടോയിൽ കാണുന്ന മുഖംപോലെ ദിദിമോസ് ബാവായുടെ മുഖവും ശോഭിക്കുന്നതായി പലരും സംസാരിച്ചു. ആ പുണ്യപിതാവ് നമുക്കുവേണ്ടി പ്രാർത്ഥിക്കും.

സഭയുടെ പഴയ ആചാരങ്ങളും അനുഷ്ഠാനങ്ങളും, മൂല്യങ്ങളും, നോമ്പും, പ്രാർത്ഥനയും, നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുകയും പുതിയ തലമുറയ്ക്കു കാണിച്ചുതരികയും ചെയ്തിരിക്കുന്നു. പഴയ തല മുറയുടെ അവസാനത്തെ കണ്ണിയാണ് പ. ദിദിമോസ് ബാവാ. എന്റെ ജീവിതത്തിന്റെ ഉയർച്ചയ്ക്കു കാരണം പരിശുദ്ധ പിതാവാണ്. ഞങ്ങ ളുടെ ശക്തിയായിരുന്നു. അവസാനത്തെ ആഴ്ചയും പിതാവിനെ കാണാൻ ചെന്നപ്പോൾ ‘അപ്പച്ചാ പൊന്നോല അച്ചൻ അപ്പച്ചനെ കാണാൻ വന്നിട്ടുണ്ട്’ എന്നു ബ. യൽദോസ് അച്ചൻ പറഞ്ഞപ്പോൾ കണ്ണു ചെറുതായി തുറന്ന് കൈ അനക്കി തന്നു. ഞാൻ ആ തൃക്കരം മുത്തി.

മലബാറിൽ അഭി. തീമോത്തിയോസ് തിരുമേനിയുടെ മുന്നിൽ നിൽ ക്കുന്നതു ഭയത്തോടും വിറയലോടുമായിരുന്നു. അപ്രകാരം നിന്നിട്ടുള്ള എനിക്ക് അവസാനത്തെ സമയങ്ങളിൽ പോയി കാണുമ്പോൾ പല ചിന്ത കളും മനസ്സിൽ വരുമായിരുന്നു. സ്നേഹനിധിയായ പിതാവിന്റെ വേർപാ ടിൽ ഒത്തിരി നൊമ്പരങ്ങൾ മനസ്സിലുണ്ട്. ആ പുണ്യപിതാവിന്റെ പ്രാർത്ഥ നയിൽ ശരണപ്പെടുന്നു.

### ഒരു ദിവസത്തെ അനുഭവം

ഓരോ ദിവസവും അരമനയിൽ ഉള്ളപ്പോൾ വെളുപ്പിനെ 4.30–ന് എഴുന്നേൽക്കും. ദിനചര്യക്കുശേഷം 5 മണിക്കു അരമന ചാപ്പലിൽ പ്രവേശിക്കും. 7.30–ന് മൂന്നാം മണി നമസ്കാരത്തിനു ചാപ്പലിൽ പ്രവേശിക്കും. 20 മിനിട്ടിൽ കൂടുതൽ വേദപുസ്തക വായനയും ധ്യാനവും. തുടർന്നു നമസ്കാരം. എല്ലാ യാമപ്രാർത്ഥനയ്ക്കും അരമനയിൽ താമസിക്കുന്ന എല്ലാവരും ചാപ്പലിൽ വന്നിരിക്കണം. 8.30–നു പ്രഭാത ഭക്ഷണം. 9 മണി മുതൽ ഓഫീസ് കാര്യങ്ങൾ. കത്തുകൾക്കു മറുപടി എഴുതും, കല്പനകൾ തയ്യാറാക്കും. കത്തുകൾക്കു മറുപടി അയയ്ക്കുമ്പോൾ ഒരു വലിയ ബുക്കിൽ ആർക്ക്, എന്ത്, എന്ന് എഴുതുന്നു എന്ന് എഴുതിസൂക്ഷിക്കും. അരമനയിൽ സന്ദർശകരെ കാണും. 12.30–നു ഉച്ചനമസ്കാരം, ഒരു മണിക്കു ഉച്ചഭക്ഷണം. വീണ്ടും ഓഫീസ് കാര്യങ്ങൾ. ഉച്ചകഴിഞ്ഞു 3 മണിക്കു ഒമ്പതാം മണിനമസ്കാരം, തുടർന്നു പാലുകാപ്പി. കാപ്പി കഴിഞ്ഞു അരമനയിൽ താമസിക്കുന്ന വൈദികരും, സെമിനാരി വിദ്യാർത്ഥികളും പറമ്പിൽ അത്യാവശ്യമുള്ള പണികൾ ചെയ്യും. രാവിലെയും ചെയ്യുമായിരുന്നു. ഈ സമയം അഭി. തിരുമേനി ഒരു വടിയും പിടിച്ച് പണിചെയ്യുന്നവരോട് ചേർന്നുനിന്ന് പല അഭിപ്രായങ്ങളും തമാശകളും പറയുമായിരുന്നു. ആറു മണിക്ക് സന്ധ്യാനമസ്കാരം. തുടർന്ന് എഴുത്ത്, വായന. 8.30 മണിക്കു രാത്രി ഭക്ഷണം. തുടർന്നു ഡയറിക്കുറിപ്പ് എഴുതും. അഭി. തിരുമേനി എഴുതാത്ത സമയത്തു കൂടെയുള്ള ശെമ്മാശൻ എഴുതും. 9 മണിക്കു ചാപ്പലിൽ സൂത്താറ. എല്ലാവരും ചാപ്പലിൽ വരണം. അഭി. തിരുമേനി കസേര പടിഞ്ഞാറോട്ട് ഇട്ട് അതിൽ ഇരിക്കും. പഴയ നിയമം, പുതിയനിയമം, സങ്കീർത്തനം എല്ലാവരും മാറി മാറി വായിക്കും. ചിലപ്പോൾ അഭി. തിരുമേനി ഉറങ്ങി കൂർക്കം വലിക്കുന്നതു കേൾക്കാമായിരുന്നു. കൂർക്കം വലിക്കുന്നതിനിടയിൽ ആരെങ്കിലും വേദപുസ്തകത്തിലെ വാക്യങ്ങളോ, വാക്കുകളോ തെറ്റിച്ചാൽ ഉടൻ കണ്ണു തുറക്കും. തെറ്റ് ചൂണ്ടിക്കാണിക്കും. രാത്രി 10 മണിക്കു കട്ടിലിൽ വായിച്ചുകൊണ്ടു കിടക്കും. ആ കിടപ്പിൽ ഉറങ്ങും. രാത്രി 12 മണിക്കും ഒരു മണിക്കും ഇടയിൽ മുറിയിൽ നിന്നും കതക് തുറന്ന് ചാപ്പലിൽ പോയി പുൽപായ് ഇട്ട് തിരി കത്തിച്ച് വച്ച് രഹസ്യമായി പ്രാർത്ഥിക്കും. ഇതു ശക്തിയായിരുന്നു. മലബാർ ഭദ്രാസനത്തിൽ ധാരാളം പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ എടുക്കുന്ന ആയുധം പ്രാർത്ഥനയും ഉപവാസവും ആയിരുന്നു. ആ ശക്തി മലബാറിന്റെ ധനമായിരുന്നു. ആ പുണ്യപിതാവിന്റെ തൃപ്പാദത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## വിശ്വാസികൾക്ക് യാത്രാഭക്ഷണം ആവോളം നൽകിയ ശ്രേഷ്ഠ മഹാപുരോഹിതൻ

ഏതാണ്ട് 40 വർഷക്കാലം മലബാർ ഭദ്രാസനത്തിൽ സേവനം ചെയ്യുവാനും പ്രധാനപ്പെട്ട പല പള്ളികളിലും വികാരിയാകുവാനുള്ള ഭാഗ്യം ദൈവം എനിക്കു നൽകുകയുണ്ടായി. വളരെ അടുത്തുനിന്നും അകലെ നിന്നും അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ മനസ്സിലാക്കുന്നതിനും അഭി. തിരുമേനിയുടെ ധന്യതയാർന്ന ജീവിതം നോക്കി കാണുവാനുമുള്ള അസുലഭ ഭാഗ്യത്തിലൂടെ ഞാൻ ഈ യുഗകർമ്മയോഗിയെ അടുത്തറിഞ്ഞിരുന്നു. ഒന്നാമതായി അടിയുറച്ച ദൈവവിശ്വാസം. ദൈവത്തിലുള്ള വിശ്വാസം അദ്ദേഹത്തിന്റെ ജീവിതത്തിലെ അടിസ്ഥാനമിട്ട ശിലകൾപോലെ നിറഞ്ഞുനിന്നു. മാതാപിതാക്കന്മാരിൽ നിന്നും പരിശീലിച്ച ജീവിതതത്വശാസ്ത്രം ആ ബാലനു തുണയായി നിലനിന്നു. മലബാറിൽ അഭി. തിരുമേനി 1966-ൽ കടന്നുവന്നപ്പോൾ ധാരാളം പ്രതികൂലതകൾ, ഒരു ഭദ്രാസനം എന്ന പേരു മാത്രം, വൈക്കോൽ കൊണ്ടു നിർമ്മിച്ച പള്ളികൾ, സാമ്പത്തിക പരാധീനത, യാത്രാസൗകര്യങ്ങൾ ഇല്ല, വാഹനം ഇല്ല, വാടകവീട്ടിലെ താമസം, ഭക്ഷണകാര്യങ്ങളിൽ പ്രയാസം. ഇതിന്റെ നടുവിൽ പിതാവിനെ പിടിച്ചുനിർത്തിയതു അടിയുറച്ച ദൈവവിശ്വാസം മാത്രം. ദൈവവിശ്വാസത്തിൽ കൂടെയുള്ള പ്രാർത്ഥനാജീവിതം.

പരസ്യപ്രാർത്ഥന കഴിഞ്ഞുള്ള രഹസ്യപ്രാർത്ഥനയ്ക്കു സമയങ്ങൾ എടുത്തിരുന്നു. പ്രാർത്ഥനയിൽകൂടെ ഉയരത്തിൽ നിന്നും ശക്തി സംഭരിച്ചിരുന്നു. പാതിരാത്രിക്കും മെഴുകുതിരി വെളിച്ചത്തിൽ മുട്ടിന്മേൽനിന്ന് പ്രാർത്ഥിക്കുന്ന തിരുമേനിയെ എനിക്കു നേരിൽ കാണാൻ ഇടയായിട്ടുണ്ട്. കൂദാശകൾക്കും, ആരാധനകൾക്കും മുമ്പുള്ള ഒരുക്കപ്രാർത്ഥന ഇന്നു പലരിലും കാണുന്നില്ല. പഴയ നമ്മുടെ പിതാക്കന്മാർ ഉയരത്തിൽ നിന്നും ശക്തി സംഭരിച്ചവരായിരുന്നു. പട്ടംകൊടശുശ്രൂഷ നടത്തുന്നതിന് മുമ്പ് സ്ഥാനാർത്ഥി ഒരുങ്ങുന്നതോടൊപ്പം കാർമ്മികനായി തിരുമേനിയും വലിയ ഒരുക്കം നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ഒരുക്കം വിശുദ്ധിയെ കാണിക്കുന്നതായിരുന്നു. ഏതൊരു മനുഷ്യന്റെയും ജീവിതപുരോഗതിക്കു പ്രാർത്ഥന അത്യന്താപേക്ഷിതമാകുന്നു. ദൈവസംസർഗ്ഗത്തിനു ഏറ്റവും പ്രധാനമായ മാധ്യമം പ്രാർത്ഥനയാകുന്നു. മലബാറിലെ പള്ളികളിൽ എന്തെങ്കിലും പ്രയാസങ്ങൾ വരുമ്പോൾ എടുത്തിരുന്ന ആയുധം പ്രാർത്ഥനയും, ധ്യാനവും, മൗനവ്രതവുമായിരുന്നു. ഏഴുനേരവും മുടങ്ങാതെ പ്രാർത്ഥിച്ചിരുന്നതിനാൽ അദ്ദേഹത്തെ “യാമങ്ങളുടെ കാവൽക്കാരൻ” എന്ന് വിളിച്ചിരുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ പരിശുദ്ധ ദൈവമാതാവിന്റെയും പരിശുദ്ധ പരുമല തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ പൂർണ്ണമായും

അഭയം പ്രാപിച്ചിരുന്നു. എന്റെ എളിയ ജീവിതത്തിലും കുടുംബപ്രാർത്ഥ നയ്ക്കുള്ള പ്രാധാന്യം ഓർത്തുപോകുന്നു. സന്ധ്യയ്ക്കും പ്രഭാതത്തിലും കുടുംബത്തിലെ എല്ലാവരും ചേർന്ന് ദൈവത്തെ സ്തുതിക്കുന്ന ഓർമ്മ കൾക്ക് എന്തൊരു ചൈതന്യമാകുന്നു. എന്റെ മാതാവിന്റെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയും, യാചനയുടെ ശബ്ദവും ഇന്നും കാതുകളിൽ മുഴങ്ങുന്നു. ജീവിതത്തിൽ നിനച്ചിരിക്കാത്തതും, സ്വപ്നത്തിൽ പോലും കാണുവാൻ കഴിയാത്തതുമായ വൻ കാര്യങ്ങൾ സാധ്യമാക്കി തന്നു. അഭി. തിരുമേനിയുടെ പ്രാർത്ഥന എനിക്കു കൂടുതൽ ശക്തി നൽകുന്ന തായിരുന്നു.

**ത്യാഗമനോഭാവം**

അധികാരമോഹമില്ലായിരുന്നു. പൗരോഹിത്യം അധികാരമല്ല; വിന യത്തിന്റെയും, ത്യാഗമനോഭാവത്തിന്റേതും ആണെന്ന് പഠിപ്പിച്ചു. മല ങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായി 5 വർഷം മലങ്കര സഭയ്ക്കു മാതൃകാപരമായ പ്രവർത്തിയിൽകൂടെ ചരിത്രം സൃഷ്ടിച്ചു. ആരോഗ്യം കുറഞ്ഞപ്പോൾ പുതിയ കാതോലിക്കോസിനു അധികാരം കൈമാറി. സ്ഥാനം ഒഴിഞ്ഞു. "എനിക്കു നല്ല ആരോഗ്യവും ഓർമ്മയും ഉള്ളപ്പോൾ എന്റെ പിൻഗാമിക്കു ഞാൻ സ്ഥാനം മാറികൊടുക്കും" എന്നു നേരിട്ടു പറയുമായിരുന്നു. ഇപ്പോഴത്തെ പരിശുദ്ധ ബാവാ തിരുമേനി ദിദിമോസ് ബാവായെ ഒരു പിതാവിനെപ്പോലെ സ്നേഹിക്കുകയും കരു തുകയും ചെയ്തിരുന്നു. എവിടെ യാത്ര പോയാലും വലിയ ബാവായുടെ അടുത്തുചെന്ന് വിവരങ്ങൾ പറയുകയും കൈമുത്തി പോവുകയും ചെയ്യും. തിരിച്ചു ദേവലോകത്തു വരുമ്പോഴും അടുത്തുപോയി കാര്യ ങ്ങൾ പറയും. ഏതു കാര്യങ്ങൾ ചെയ്യുന്നതിനും അനുവാദം വാങ്ങു കയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്ന നല്ല മാതൃക കാണി ക്കുകയും ചെയ്യുന്നതു ഓർക്കുന്നു.

**കഠിനാദ്ധ്വാനം**

1966 മുതൽ (മലബാറിന്റെ മെത്രാപ്പോലീത്താ ആയതു മുതൽ) ശരീ രവും, മനസ്സും കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരുന്നു. വെളുപ്പിനെ 4.30-നു എഴുന്നേൽക്കും. യാമംതോറുമുള്ള പ്രാർത്ഥന, പഠനം, പ്രസം ഗക്കുറിപ്പ് എഴുത്ത്, ഓഫീസ് പ്രവർത്തനങ്ങൾ, വരുന്നവരെ കാണുകയും സൗമ്യമായി പെരുമാറുകയും ചെയ്യും. ചിലപ്പോൾ കോപിക്കേണ്ടിടത്തു കോപിക്കും, ശകാരിക്കും, ഉപദേശിക്കും. രാത്രി 10 മണി വരെയും പ്രവർ ത്തിക്കുമായിരുന്നു.

## ലളിതമായ ജീവിതവും ഉന്നതമായ ചിന്തയും

കൂടുതൽ സംസാരം ഇല്ല; അദ്ദേഹത്തിന്റെ മൗനത്തിനു വലിയ അർത്ഥമുണ്ടായിരുന്നു. ഇന്നു ചിലർ മൗനമാകുമ്പോൾ ഹൃദയത്തിൽ വാശിയും, വൈരാഗ്യവും വച്ചുപുലർത്തും. അഭി. തിരുമേനി എല്ലാം ഒരു നോട്ടത്തിൽ, ഒരു ചെറിയ പുഞ്ചിരിയിൽ, ഒറ്റ വാക്കിൽ എല്ലാവരേയും മനസ്സിലാക്കും. മലബാറിലെ എല്ലാ വൈദികരേയും ഉള്ളുതുറന്ന് സ്നേഹിക്കുമായിരുന്നു. ഓരോരുത്തരും എന്റെ തിരുമേനി എന്നുള്ള സംസാരം വലുതായിരുന്നു. മറ്റുള്ളവരുടെ മുമ്പിൽ വൈദികരെ കുറ്റംപറയുകയോ, ശാസിക്കുകയോ, വെറുക്കുകയോ ചെയ്തിരുന്നില്ല. ഒറ്റയ്ക്കു വിളിച്ച് ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യുമായിരുന്നു.

### ഭക്ഷണണരീതി

നാടൻഭാഷയിൽ പറഞ്ഞാൽ വാരിവലിച്ച് ഭക്ഷിക്കാറില്ല. ഭക്ഷണം ശരിക്കും രുചിച്ചു മാത്രമേ കഴിക്കാറുള്ളു. വളരെ സമയം എടുക്കും. ആളുകൾ ആ സമയം കാണാൻ ചെന്നാൽ ഭക്ഷണം കഴിക്കുകയും കാര്യങ്ങൾ കേൾക്കുകയും ചെയ്യും. അഭി. തിരുമേനി ഭക്ഷണം കഴിക്കുന്നതു കാണുന്നതും ഒരു പ്രത്യേകതയായിരുന്നു. ഭക്ഷണം കഴിക്കുന്നതു "ഒരു കല"യാണെന്ന് അഭി. തിരുമേനി പറയുമായിരുന്നു. എളിയവനായ എന്റെ ഭവനത്തിൽ പല പ്രാവശ്യം താമസിക്കുകയും, ഭക്ഷണം കൊടുക്കാൻ ഭാഗ്യവും ലഭിച്ചിട്ടുണ്ട്. അതെല്ലാം ഒരു ഭാഗ്യമായി കരുതുന്നു.

### ഒച്ചപ്പാടില്ലാത്ത ജീവിതശൈലി

ജീവിതശൈലി സഭയുടെ വലിയ മൂന്നു പിതാക്കന്മാരിൽ നിന്നും ശീലിച്ചെടുത്തതാണ്. പത്തനാപുരത്തെ തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയിൽ നിന്നും 16-ാമത്തെ വയസ്സു മുതൽ ദയറാ ജീവിതത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിച്ച് തുടർച്ചയായുള്ള നോമ്പും ഉപവാസവും സന്യാസവ്രതങ്ങളായ ദാരിദ്ര്യം, കന്യാവ്രതം, അനുസരണം ഇവയെല്ലാം ആവാഹിച്ചെടുത്തിരുന്നു. ഗുരുവിന്റെ ശിക്ഷണവും, വാത്സല്യവും ലഭിച്ചിരുന്നു. പരിശുദ്ധ വലിയ ബാവാ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പിതൃതുല്യമായ സ്നേഹം ലഭിച്ചിരുന്നു. പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായിൽ നിന്നും ആ ഗുരുമുഖത്തുനിന്നും വലിയ പാഠങ്ങൾ പഠിച്ചിരുന്നു. ഈ മൂന്നു പിതാക്കന്മാരുടെ ശ്രേഷ്ഠമാതൃക പിൻതുടർന്നിരുന്നു. നിശ്ശബ്ദമായ പ്രവർത്തനശൈലികൊണ്ടും മലബാർ ഭദ്രാസനത്തിലെ ഓരോ വൈദികന്റെയും വിശ്വാസികളുടെയും ഹൃദയത്തിൽ ജീവിക്കുന്നു.

## ലളിതവും സുതാര്യവുമായ ജീവിതശൈലി

ആഴമായ മനുഷ്യസ്നേഹത്താൽ നിറഞ്ഞിരുന്നു. സൗമ്യതയും ലാളിത്യവും, സഭയുടെ പഴയ ആചാരാനുഷ്ഠാനങ്ങളും പഴയ മൂല്യങ്ങളും നഷ്ടപ്പെടുത്താതെ പുതിയ തലമുറയ്ക്കു അതു കൈമാറി നല്ല മാതൃക കാണിച്ചിരുന്നു. താബോറിന്റെ വിശുദ്ധി കാത്തുസൂക്ഷിച്ചു. മലബാർ ഭദ്രാസനത്തെ ഹെർമ്മോനാക്കി – പരിമളം പരത്തി, കപടതയില്ലാത്ത ഭക്തി, ഗുരുഭക്തി, പ്രാർത്ഥനയുടെ പരിമളം മലബാറിനു കൊടുത്തു. വിശുദ്ധ കുർബാനയും മറ്റ് കൂദാശകളും ശുശ്രൂഷകളും ദൈവിക ശക്തി ലഭിച്ച് ആരേയും ആകർഷിക്കുന്നതായിരുന്നു. ഇമ്പകരമായ ശബ്ദം, അനുതാപത്തോടുകൂടിയ ആരാധന ശ്രേഷ്ഠമായിരുന്നു. അഭി. തിരുമേനിയുടെ പ്രൊമിയോൻ, സെദറാ വയിക്കുന്നതു കേൾക്കുന്നത് ഒരു സ്വർഗ്ഗീയ അനുഭൂതിയായിരുന്നു. ദയറായിലും, ഭദ്രാസനത്തിലും, സഭയിലും ചിട്ടയുള്ള ജീവിതം കാണിച്ചു മാതൃകയായി. 60 വർഷങ്ങൾക്കു മുമ്പ് പലരും കടന്നുവരുവാൻ ആഗ്രഹിക്കാത്ത വടക്കൻ ഭദ്രാസനമായ മലബാറിലേക്ക് ഭയമില്ലാതെ കടന്നുവന്നു. ആറ് ജില്ലകൾ ചേർന്ന വിശാലമായ ഭദ്രാസനം പാലക്കാട്, ഷൊർണ്ണൂർ മുതൽ കാസർഗോഡ് വരെ വ്യാപിച്ചു കിടക്കുന്ന ഭദ്രാസനം. ആരാധനാ സൗകര്യങ്ങൾ പലയിടത്തും ഇല്ലായിരുന്നു. കുടിയേറ്റ ജനതയ്ക്ക് വിശ്വാസം കാത്തുസൂക്ഷിച്ച് ആരാധനാ സൗകര്യങ്ങൾ ക്രമപ്പെടുത്തുവാൻ അതാതു സ്ഥലങ്ങളിൽ ദേവാലയങ്ങൾ ഉണ്ടാക്കുവാൻ പരിശ്രമിച്ചു. വൈദികരുടെ പൂർണ്ണ പിന്തുണയും സഹകരണവും ലഭിച്ചിരുന്നു. മലബാർ ഭദ്രാസനത്തെ ഒരു അമ്മ, കുഞ്ഞിനെ താലോലിച്ച് വളർത്തുന്നതുപോലെ അഭി. തീമോത്തിയോസ് തിരുമേനി വളർത്തിയെടുത്തു. ഇന്ന് അത് മൂന്നു ഭദ്രാസനങ്ങളായി വളർന്നു.

മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയെന്നു അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. ഭദ്രാസനത്തിനുവേണ്ടി ഇത്രമാത്രം ത്യാഗോജ്ജ്വലമായ ജീവിതം നയിച്ച മറ്റൊരു തിരുമേനി മലങ്കരസഭയിൽ ഉണ്ടായിട്ടില്ല. ഇല്ലായ്മയിലും ഉള്ളായ്മയിലും ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് തന്നെത്താൻ ത്യജിച്ച് കഷ്ടപ്പാടുകളും നൊമ്പരങ്ങളും നിറഞ്ഞ ജീവിതത്തെ വീണ്ടും മലങ്കരസഭയെ നയിക്കുവാനായി ദൈവം തെരഞ്ഞെടുക്കുകയാണ് ചെയ്തത്.

## മലബാർ ഭദ്രാസനത്തിന്റെ ആദ്യത്തെ സ്ഥിതി

പരിശുദ്ധ സഭാ സുന്നഹദോസ് തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ ഭദ്രാസന ചുമതല ഏല്പിക്കുന്നതു 1966–ലാണ്. അന്നത്തെ മലബാർ ഭദ്രാസനത്തെക്കുറിച്ച് അഭിവന്ദ്യ തിരുമേനി നേരിട്ടു പറഞ്ഞ കാര്യങ്ങൾ ഓർക്കുന്നു. പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ

കാതോലിക്കാ ബാവാ കല്പന കൈയിൽ കൊടുത്തിട്ടു പറഞ്ഞു, "കൊച്ചുമെത്രാച്ചൻ ധൈര്യമായി മലബാറിലേക്കു പോവുക; എല്ലാം ദൈവം നോക്കിക്കൊള്ളും." ദൈവത്തിന്റെ അരുളപ്പാടുപോലെ അതു ഹൃദയത്തിൽ തറച്ചു. പ്രാർത്ഥിച്ചു; ധൈര്യം ലഭിച്ചു. പത്തനാപുരത്തു ദയറായുടെ നിയമങ്ങൾ പാലിച്ച് ഒരു പൂർണ്ണ ദയറാക്കാരനായി ജീവിച്ച തിരുമേനി മലബാറിൽ വന്നപ്പോൾ കൂടുതൽ സംസാരിക്കുകപോലും ചെയ്തിരുന്നില്ല. 6 ജില്ലകളിലായി വ്യാപിച്ചുകിടന്ന മലബാർ ഭദ്രാസന ത്തിൽ പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് മനോരമ ആഫീസിന്റെ അടുത്തുള്ള ദൈവാലയത്തിന്റെ ചാർത്തുമുറിയിലാണ് താമസം ആരം ഭിക്കുന്നത്. രണ്ട് വർഷത്തോളം അവിടെ താമസിച്ചു. അവിടെ താമസി ക്കുമ്പോഴാണ് കോഴിക്കോട് പള്ളിവികാരി റവ. റ്റി. സി. മത്തായി അച്ച ന്റെയും ഇടവകജനങ്ങളുടെയും സഹകരണത്തോടെ ചാത്തമംഗലത്തു കട്ടാങ്ങൾ എന്ന സ്ഥലത്തു വിശാലമായ സ്ഥലം വാങ്ങുന്നത്. അവിടെ അടുത്തുള്ള "മലയാമ്മ" എന്ന സ്ഥലത്ത് ഒരു വാടകവീട്ടിലേക്ക് അഭി. തിരുമേനി താമസം മാറ്റി. അവിടെ താമസിച്ച് ആദ്യത്തെ അരമനകെട്ടിടം പണിതു. ഇന്നത്തെ ബത്തേരി, ബ്രഹ്മവാർ ഉൾപ്പെടെയുള്ള മലബാർ ഭദ്രാസനത്തിൽ അന്ന് പള്ളികൾ കുറവായിരുന്നു. തെക്കൻ തിരുവിതാം കൂറിൽ നിന്നും വടക്കൻ ഭാഗത്തുനിന്നുമുള്ള സഭാവിശ്വാസികൾ മല ബാറിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നു. സാമ്പത്തിക പരാധീനത, പലതരത്തിലുള്ള പ്രയാസങ്ങൾ. അവരുടെ കൈമുതൽ ദൈവവിശ്വാ സവും സഭാവിശ്വാസവും മാത്രം. ആ കാലത്ത് അവരെ വേട്ടയാടി മറ്റ് വിശ്വാസസഭയിലേക്കും സമൂഹത്തിലേക്കും പിടിക്കുന്ന കാലം. പാലും, പാൽപൊടിയും, എരുമയും, ആടും, തൈയ്യൽ മെഷീനും കൊടുത്തു ആളുകളെ പിടിക്കുന്ന സമയം. അവരെ സഭാവിശ്വാസത്തിൽ ഉറപ്പിച്ച് നിർത്താൻ അന്നത്തെ വൈദികരുടെ ശ്രമം വലുതായിരുന്നു. അവർക്ക് ആരാധന കാണുന്നതിനും, ചെറിയ ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും അഭിവന്ദ്യ തിരുമേനി പ്രഥമസ്ഥാനം നൽകി. ഇന്നു കാണുന്ന പല ദേവാ ലയങ്ങളും നിർമ്മിക്കുന്നതിനു വൈദികർക്കുവേണ്ട എല്ലാ കൈത്താങ്ങ ലുകളും കൊടുത്തിരുന്നു. അടുത്ത സമയത്തു ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയ ബ. എം. എം. ഏബ്രഹാം അച്ചൻ അഭി. തിരുമേനിയുടെ കൂടെനിന്ന് ദേവാലയങ്ങൾ നിർമ്മിക്കുന്നതിനു സ്ഥലം വാങ്ങുവാനും പള്ളികൾ പണിയുവാനും കഠിനാദ്ധ്വാനം ചെയ്തതിനാൽ മലബാറിൽ പല ഗ്രാമങ്ങളിലും മനോഹരമായ പള്ളി പണിയുവാൻ സാധിച്ചു. മല ബാർ ഭദ്രാസനത്തിനു ബ. അച്ചനെ മറക്കുവാൻ സാധിക്കുകയില്ല. മല ബാറിൽ ഇന്നു കാണുന്ന പല പള്ളികളും മൂന്നാമത്തെ പള്ളികളാണ്. ആദ്യം വൈക്കോൽ പള്ളി, ഓട് പള്ളി, ഇപ്പോൾ മനോഹരങ്ങളായ ദേവാ ലയങ്ങളായിരിക്കുന്നു. പാലക്കാട്, മുതുകുറുശി, കരിമ്പ, മണ്ണാർകാട്,

പെരിന്തൽമണ്ണ, വടപുറം, ഒലവക്കോട്, മഞ്ചേരി, കല്ലടിക്കോട്, ചുങ്കത്തറ, എടക്കര, വഴിക്കടവ്, മാമ്മാങ്കര, മൊടപൊയ്ക, പാലുണ്ട, പള്ളിക്കൽ പ്പൊട്ടി, മുണ്ടേരി, പുതുപ്പാടം, എരുമമുണ്ട, കുന്നിമേൽപ്പൊട്ടി, കരുളായി, പെരുങ്കുളം, കോട്ടമല, പാതിരിക്കോടം, പുളിയക്കോട്, പുതുപ്പാടി. ചില ഉദാഹരണങ്ങൾ മാത്രം. മലബാർ ഭദ്രാസനത്തിന്റെ ഉയർച്ചയ്ക്കും വളർ ച്ചയ്ക്കും പ്രവർത്തിച്ച അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനി മലബാറിന്റെ ആധുനിക ശിൽപ്പിയാണ്. എല്ലാ വൈദികരും അഭി. തിരു മേനിയുടെ കൂടെനിന്നു പ്രവർത്തിച്ചു. വൈദികർ അച്ചടക്കമുള്ളവരും, അനുസരണയുള്ളവരും വിധേയത്വമുള്ളവരുമായിരുന്നു. അതിനാൽ മല ങ്കരസഭയിലെ ഒരു മാതൃകാ ഭദ്രാസനമായി ഉയരുന്നതിനു സാധിച്ചു. ഇന്നും ദിദിമോസ് ബാവാ വൈദികരുടെയും ജനങ്ങളുടെയും ഹൃദയ ത്തിൽ ജീവിക്കുന്നു.

# ജീവചരിത്ര ഫലകം

## വർഗീസ് ജോൺ തോട്ടപ്പുഴ

**1921 ഒക്ടോബർ 29:** തിരുവല്ലാ നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായി മാവേലിക്കരയിൽ ജനിച്ചു (പേര് സി. ടി. തോമസ്).

**1942 മാർച്ച് 11** (പാതിനോമ്പ് ബുധനാഴ്ച): കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കോറൂയോ പട്ടമേറ്റു.

**1947 മെയ് 22 വ്യാഴം** (സ്വർഗ്ഗാരോഹണപെരുനാൾ): തിരുവല്ല ബഥനി അരമന ചാപ്പൽ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് ശംശോനോ (പൂർണ്ണ ശെമ്മാശ്ശൻ) പട്ടമേറ്റു.

**1950 ജനുവരി 25 ബുധൻ:** പത്തനാപുരം താബോർ ദയറാ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കശീശ്ശാ പട്ടമേറ്റു.

**1965 മെയ് 16 ഞായർ:** പത്തനാപുരം താബോർ ദയറാ - പ. ഔഗേൻ ബാവാ, റമ്പാൻ സ്ഥാനം നൽകി.

**1965 ഡിസംബർ 28 ചൊവ്വ:** കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ മറ്റ് നാലുപേരോടൊപ്പം മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

**1966 ആഗസ്റ്റ് 24 ബുധൻ:** കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി - പ. ഔഗേൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റ് രണ്ടുപേരോടൊപ്പം 'മാർ തീമോത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

**1966 നവംബർ 11:** മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

**1968 ഫെബ്രുവരി 2:** മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

**1992 സെപ്തംബർ 10 വ്യാഴം:** പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

**2005 ഒക്ടോബർ 29 ശനി:** പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തു.

**2005 ഒക്ടോബർ 31 തിങ്കൾ:** പരുമല സെമിനാരിയിൽ 'ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

**2006 സെപ്തംബർ 21, ഒക്ടോബർ 12:** പരുമല സെമിനാരിയിൽ രണ്ടു തുടർ യോഗങ്ങളായി കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

**2007 മാർച്ച് 21:** പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിവരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പുകൾ നടത്തി.

**2008 സെപ്തംബർ 11:** പാമ്പാക്കുട എം.ടി.എം. ഹയർ സെക്കൻഡറി സ്കൂളിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

**2009 ഫെബ്രുവരി 19 വ്യാഴം:** പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വച്ച് ഏഴ് മേല്പട്ടക്കാരെ വാഴിച്ചു.

**2009 ഏപ്രിൽ 3 വെള്ളി:** ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ വി. മൂറോൻ കൂദാശ ചെയ്തു.

**2010 ഫെബ്രുവരി 17:** ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുത്തു.

**2010 മെയ് 12 ബുധൻ:** കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് ഏഴ് മേല്പട്ടക്കാരെ വാഴിച്ചു.

**2010 ഒക്ടോബർ 31:** സ്ഥാനത്യാഗം ചെയ്തു.

**2010 നവംബർ 1 തിങ്കൾ:** പരുമല സെമിനാരിയിൽ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ വാഴിച്ചു.

**2014 ഫെബ്രുവരി 21 വെള്ളി:** ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കന്തീലാ ശുശ്രൂഷ സ്വീകരിച്ചു.

**2014 മെയ് 26 തിങ്കൾ:** വൈകിട്ട് 7.30–ന് പരുമല ആശുപത്രിയിൽ വച്ച് കാലം ചെയ്തു.

**2014 മെയ് 28 ബുധൻ:** പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ഭൗതികശരീരം വൈകുന്നേരം 4 മണിക്ക് കബറടക്കി.

## അനുബന്ധം

# ഒരു അഭിമുഖം

## റോയ് ചാക്കോ ഇളമണ്ണൂർ

മലങ്കര ഓർത്തഡോക്സ് സഭയുടെ ആദരണീയനായ നിയുക്ത കാതോലിക്കാബാവയുടെ വിലയേറിയ കാഴ്ചപ്പാടുകൾ നേരിൽ കേട്ടറിഞ്ഞ് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം 2005 മാർച്ച് 26-ന് മൂന്നു മണിക്ക് പരുമലയിൽ അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ വിശ്രമ മുറിയിൽ എത്തുമ്പോൾ അദ്ദേഹം വായനയിലായിരുന്നു. സഭയുടെ ഈ പ്രധാന സാരഥിയുമായി രണ്ടു മണിക്കൂർ നേരം അഭിമുഖം നടത്തിയപ്പോൾ സഭയുടെ നാളെകളെപ്പറ്റിയുള്ള കരുതലുകളും ആശയങ്ങളും പല പ്രധാന കാര്യങ്ങളെ പ്പറ്റിയുള്ള അഭിപ്രായങ്ങളും തുറന്നു പറയുവാൻ തിരുമേനി സന്നദ്ധനായി. സഭയുടെ നാളത്തെ അധിപന്റെ ആദർശങ്ങളും ദൃഢനിശ്ചയങ്ങളും ആഗ്രഹങ്ങളും നേരിട്ടറിയാൻ സാധിച്ചു. തിരുമേനിക്ക് പത്തനാപുരത്തുകാരനായ എന്നെ അറിയാം. അതുകൊണ്ടായിരിക്കാം യാതൊരു മറയുമില്ലാതെ, ഔപചാരികതയില്ലാതെ തിരുമേനി രണ്ട് മണിക്കൂർ നേരം തുറന്നു സംസാരിച്ചത്. എന്നാൽ തിരുമേനിയുടെ ജന്മസിദ്ധമായുള്ള ആ ശാന്തസുന്ദരമായ ഗംഭീരഭാവം ഈ അടുപ്പം മൂലം ഒട്ടും കുറഞ്ഞു കണ്ടതുമില്ല.

സഭയുടെ "നാളത്തെ പരമാധ്യക്ഷ"നോടാണ് ചോദ്യങ്ങൾ എന്ന മുഖവുരയോടെയായിരുന്നു ഇന്റർവ്യൂ. സഭയുടെ നിയുക്ത പരമാദ്ധ്യക്ഷൻ അത് ഉൾക്കൊണ്ട് വളരെ തുറന്ന മനസ്സോടെ ദർശനങ്ങളും, അഭിപ്രായങ്ങളും പങ്കുവെയ്ക്കുവാൻ സന്നദ്ധനായി.

**1. അങ്ങയുടെ എടുത്തു പറയാവുന്ന ഏറ്റവും വലിയ കരുത്ത് എന്താണ്?**

പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും കരുത്തിൽ ആത്മീയ തേജസ്സായി പരിലസിക്കുന്ന സഭയുടെ സാരഥി പറയുന്നു:

"ഏഴു യാമങ്ങളിൽ പ്രാർത്ഥിക്കണമെന്നാണ് കൽപ്പന. അർദ്ധരാത്രിയൊഴിച്ച് 6 യാമങ്ങളിലും ഞാൻ മുടക്കം കൂടാതെ പ്രാർത്ഥിക്കുന്നുണ്ട്. അതുതന്നെയാണ് എന്റെ ഏറ്റവും വലിയ ശക്തി എന്നെനിക്കു തോന്നുന്നു. 'Religion is Communion with God' എന്നാണ് മതത്തെപ്പറ്റിയുള്ള നല്ലൊരു നിർവ്വചനം. പ്രപഞ്ചസ്രഷ്ടാവായ ദൈവവുമായി

സൃഷ്ടിയായ മനുഷ്യവർഗ്ഗത്തിന്റെ സംസർഗ്ഗത്തിന്റെ പ്രധാനഘടകമാണ് പ്രാർത്ഥന. സ്നേഹിതനോട് മനുഷ്യൻ ബന്ധം പുലർത്തുന്നത് സാധാരണ നല്ല സംസർഗത്തിൽ കൂടിയാണല്ലോ. അതുപോലെ സ്രഷ്ടാവിനോട് സൃഷ്ടിയ്ക്ക് ചെയ്യാവുന്ന ഒരു ആത്മീയ സംസർഗമാണ് പ്രാർത്ഥന.

2. **തിരുമേനി, നമ്മുടെ പള്ളികളിൽ ആരാധനയിൽ സംബന്ധിക്കുന്നവരിൽ പലരും വിലയേറിയ പട്ടുസാരികളും വർണ്ണാഭമായ വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞ് ഒരു ഫാഷൻഷോയിൽ സംബന്ധിക്കുന്ന മനോഭാവത്തോടെയാണ് എത്താറുള്ളത് എന്ന് അങ്ങറിയുന്നുണ്ടോ? തിരുവസ്ത്രമായ കാപ്പായെക്കാൾ തിളങ്ങുന്നതും മോടികൂടിയതുമായ വസ്ത്രങ്ങളിഞ്ഞ് ദേവാലയത്തെ ഫാഷൻ പ്രദർശന കേന്ദ്രങ്ങളാക്കുന്ന ഒരു രീതിയിലേയ്ക്ക് വിശ്വാസികൾ മാറിക്കൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ അഭിപ്രായമെന്താണ്?**

'സഭയുടെ നന്മയ്ക്കായ്' എന്ന റോയിയുടെ പംക്തി ഞാൻ സ്ഥിരമായി വായിക്കാറുണ്ട്. ഈ വിഷയത്തെപ്പറ്റിയുള്ള ലേഖനവും വായിക്കുകയുണ്ടായി. സാമൂഹ്യ ജീവിതരീതിയുടെ സ്വാധീനം ജനങ്ങളുടെ വസ്ത്രധാരണത്തിലും കടന്നു വരിക സ്വാഭാവികം. അത് ദേവാലയത്തിലെത്തുന്നവരിലും കടന്നു കൂടുന്നു. കൂടാതെ സ്ത്രീകൾ പൊതുവെ മോടിയായ വസ്ത്രങ്ങളിലും ആഭരണങ്ങളിലും ഭ്രമമുള്ളവർ കൂടിയാണല്ലോ.

3. **തിരുമേനി പറഞ്ഞത് പൊതുവായ ഒരു സാമൂഹ്യശാസ്ത്രമാണ്. എന്നാൽ പള്ളിയിൽ പ്രാർത്ഥിക്കാനെത്തുന്നവർ കളർഫുൾ ആയ വസ്ത്രങ്ങൾക്കു പകരം ലളിതവസ്ത്രം ധരിക്കുന്നതാണ് ദേവാലയത്തിന്റെ പരിപാവനതയ്ക്ക് അനുയോജ്യമായിട്ടുള്ളത് എന്നു നിർദ്ദേശിച്ചുകൊണ്ട് പരിശുദ്ധ കാതോലിക്കാബാവയുടെ ഒരു കൽപ്പന ഭാവിയിൽ അങ്ങയിൽ നിന്ന് എല്ലാ പള്ളികളിലും എത്തുമോ?**

ഇക്കാര്യത്തിൽ ഞാൻ കൽപ്പന അയയ്ക്കും.

4. **വിവാഹനിശ്ചയ ചടങ്ങ് ഒരു ആത്മീയ ചടങ്ങ് അല്ലല്ലോ. വിവാഹകൂദാശയുടെ തുടക്കത്തിലുള്ള മോതിരം വാഴ്വ് ആണല്ലോ പള്ളിയിൽ വച്ചുള്ള ഔപചാരികവും ആത്മീയവുമായ വിവാഹ നിശ്ചയ ചടങ്ങ്. ആയതിനാൽ പ്രസക്തിയില്ലാത്തതും എന്നാൽ വൻ പാഴ്ച്ചെലവും പെൺവീട്ടുകാർക്ക് വലിയ ബുദ്ധിമുട്ടും സാമ്പത്തിക ക്ലേശവും ബന്ധുമിത്രാദികൾക്ക് സമയനഷ്ടവും ഉണ്ടാക്കുന്ന വിവാഹനിശ്ചയ ചടങ്ങ് നിരുത്സാഹപ്പെടുത്തിക്കൂടേ? നിരോധിച്ചു കൂടേ?**

കല്യാണ ഉറപ്പ് എന്ന പേരിൽ നടക്കുന്ന ഒത്തുചേരൽ ഒരാത്മീയ ചടങ്ങോ, കൂദാശയോ, സഭ നിർദ്ദേശിച്ചിരിക്കുന്ന ഒരു ചടങ്ങോ അല്ലെങ്കിലും സാമൂഹ്യ കെട്ടുറപ്പിനെ സഹായിക്കുന്ന പരമ്പരാഗതമായ ഒരു ചടങ്ങാണ്. നാട്ടുകാരും ബന്ധുക്കളും കൂട്ടുകാരും ഒത്തുചേർന്ന് നടത്തുന്ന ഈ ചടങ്ങിൽ കൂട്ടായ്മ എന്നൊരു നല്ല വശം നമുക്ക് കാണാമല്ലോ. സമൂഹം നിശ്ചയിക്കുന്ന ആ കാര്യം പിന്നീട് ദൈവസന്നിധിയിൽ വച്ചു നടത്തി (അതായത് മോതിരവാഴ്വിന്റെ ശുശ്രൂഷ) അതിന്റെ പരിപാവനത നിലനിർത്തുന്നു.

**5. ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്ത്യാനികളുടെ ഇടയിലും വിവാഹമോചനം കൂടി വരുന്നുണ്ടല്ലോ. എന്താണ് പ്രധാന കാരണം?**

സാമൂഹ്യ കാരണങ്ങൾ തന്നെ. പ്രധാനമായും സ്ത്രീധനം, മദ്യപാനം, പീഡനം എന്നിവയാണ് കാരണങ്ങൾ.

**6. അങ്ങ് ഏറ്റവും വെറുക്കുന്ന ദുഃശ്ശീലമെന്ത്? എന്തു കൊണ്ട്?**

പൗലോസ് ശ്ലീഹാ പറയുന്നു "മദ്യപാനി ഒരിക്കലും സ്വർഗ്ഗത്തിൽ കടക്കുകയില്ല". സമ്പത്ത് ദൈവം തരുന്ന ദാനമാണ്. അത് പ്രീതികരമായ രീതിയിൽ ചെലവാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദുർവിനിയോഗം ചെയ്യുന്നത് വലിയ ശിക്ഷാർഹമായ പാപമാണ്. മദ്യപാനി ആത്മാവിനെ നശിപ്പിക്കുന്നവനാണ്. പല കുടുംബങ്ങളും തകർക്കുന്നത് മദ്യം തന്നെയാണ്.

**7. അങ്ങയുടെ ഇമ്പകരമായ ശബ്ദമാണ് അങ്ങ് പള്ളിയിൽ ബാലനായ ശുശ്രൂഷകനായിരിക്കുമ്പോൾ അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനിയെ (പത്തനാപുരം മൗണ്ട് താബോർ ദയറാ സ്ഥാപകൻ) ഏറെ ആകർഷിച്ചതെന്നും ദയറായിലേയ്ക്ക് കൂട്ടിക്കൊണ്ടു വരാൻ കാരണമായതെന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ശരിയാണോ?**

ശരിയാണ്. ശബ്ദമാധുര്യവും വ്യക്തതയും തിരുമേനിക്ക് ഇഷ്ടപ്പെട്ടു. എന്നാൽ അതിനെല്ലാമുപരി എന്റെ പിതാവിന്റെ ഉപാധിയോ ചോദ്യമോ ഇല്ലാത്ത സമ്മതവും എന്റെ ദയറാ പ്രവേശനത്തിന് കാരണമായി.

**8. ഭദ്രാസനാധിപന്മാരുടെ സ്ഥലംമാറ്റത്തിനെപ്പറ്റി, സഭയുടെ പരമാധ്യക്ഷനാകാൻ നിയുക്തനായിരിക്കുന്ന തിരുമേനിയുടെ അഭിപ്രായമെന്ത്?**

മിക്കവാറും എല്ലാ ഭദ്രാസനാധിപന്മാർക്കും അവരവരുടെ ഭദ്രാസനങ്ങളോട് വൈകാരികമായ ഒരടുപ്പമുണ്ട്. പഴയകാലത്ത് ഞങ്ങൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചാണ് ഓരോ ഭദ്രാസനങ്ങളും വളർത്തിയെടു

ത്തത്. ഉദാഹരണമായി എന്നെ മലബാറിലേക്കു വിടുമ്പോൾ കൈയിൽ ആവശ്യത്തിന് പൈസയില്ല. ഒരു സഭാസ്നേഹിയാണ് ബസ്ചാർജ്ജിനുള്ള രൂപ തന്നതും. മലബാറിലുള്ള പള്ളികളാകട്ടെ, യാതൊരു വളർച്ചയുമില്ലാത്ത അവസ്ഥയിലും. ആ ഭദ്രാസനത്തിന്റെ അധിപനായ ഞാൻ ഏറെ നാൾ 60 രൂപ വാടക കൊടുത്ത് ഒരു മുറിയിലായിരുന്നു താമസിച്ചിരുന്നത്. 25 വർഷത്തോളം വാടക വീട്ടിലായിരുന്നു. ഏറെ നാളുകൾ ബസ്സിലായിരുന്നു യാത്ര. പിന്നീട് ഒരു വ്യക്തി ഒരു പഴയ കാർ നൽകി സഹായിച്ചു. സത്യത്തിൽ ആ കാറിന് റിപ്പയർ വരുമ്പോൾ അതു ചെയ്യാനുള്ള കാശില്ലാതെ ഞാൻ വളരെയേറെ ബുദ്ധിമുട്ടിയിട്ടുണ്ട്. മലബാറിലെ കുടിയേറ്റക്കാരായ ആളുകളെ ഒത്തുചേർത്ത് പള്ളികൾ സ്ഥാപിച്ചു തുടങ്ങി. ഇപ്പോൾ 61 പുരോഹിതന്മാരുണ്ട്. ഞാൻ നട്ടുവളർത്തിയ ഭദ്രാസനമാണ് മലബാർ. ഇതുപോലെയാണ് എല്ലാവരുടെയും കഥ. ഒരു പുലരിയിൽ അവിടെ നിന്ന് മാറ്റപ്പെടുമ്പോൾ തീർച്ചയായും അത് മാനസികമായി വളരെയേറെ വേദനിപ്പിക്കും.

**9. പുരോഹിതന്മാർക്ക് 3 വർഷത്തിലൊരിക്കൽ ട്രാൻസ്ഫർ നൽകുന്ന തിരുമേനിമാർ, തങ്ങൾക്ക് ട്രാൻസ്ഫർ പാടില്ലെന്ന് വാദിക്കുന്നത് ധാർമ്മികമാണോ?**

തിരുമേനി എന്നെ ഒന്നു സൂക്ഷിച്ചു നോക്കി. സൂക്ഷ്മമായ ആ നോട്ടത്തിൽ ഞാനൊന്നു ഭയന്നു. ഒരു മിനിറ്റ് നേരത്തെ പ്രൗഢഗംഭീരമായ മൗനത്തിനു ശേഷം പറഞ്ഞു: “തിരുമേനിമാരുടെ ട്രാൻസ്ഫറിന് ഞാൻ എതിരല്ല.”

**10. അങ്ങ് മലബാർ ഭദ്രാസനത്തിന്റെ അധിപനെന്ന നിലയിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയുണ്ടായെന്ന് ഇപ്പോൾ പറയുകയുണ്ടായല്ലോ. പത്തനാപുരം ദയറായിലെ ആദ്യകാല ജീവിതത്തിലും ധാരാളം കഷ്ടപ്പെട്ടതായും, ശരീരാധ്വാനം ചെയ്തതായും കേട്ടിട്ടുണ്ട്. ചെറുതായൊന്നു വിവരിക്കാമോ?**

സാമ്പത്തികമായി വളരെയേറെ പ്രയാസം അനുഭവിച്ചിട്ടുണ്ട്. ദയറായിലെ ഏക വരുമാനമാർഗ്ഗം കൃഷിയായിരുന്നു. വേലക്കാരെ നിർത്താൻ കാശില്ലാത്തതിനാൽ ഞങ്ങൾ തന്നെയായിരുന്നു വേലക്കാർ. രണ്ടാം ലോകമഹായുദ്ധകാലമായിരുന്നതിനാൽ അരി കിട്ടുന്നതിനും പൊതുവെ വളരെ ബുദ്ധിമുട്ടായിരുന്നു. അരിയാഹാരം കുറഞ്ഞതിന്റെ ഒരു പ്രധാന കാരണവും ഇതായിരുന്നു.

1939-ൽ 18-ാമത്തെ വയസ്സിൽ പത്തനാപുരം ദയറായിൽ ചേരുമ്പോൾ ദയറായ്ക്ക് സ്വന്തമായ കെട്ടിടമോ സാമ്പത്തിക ഭദ്രതയോ ഉണ്ടായിരുന്നില്ല എന്ന് തിരുമേനി ആദ്യകാല ജീവിതത്തെപ്പറ്റി മൗണ്ട് താബോർ

ദയറ പ്രസിദ്ധീകരിച്ച "വിശുദ്ധിയുടെ സൂര്യതേജസ്സ്" എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. തിരുമേനി പറയുന്നു: "ഓലഷെഡ്ഡിലായിരുന്നു ദയറാ കെട്ടിടം. പകൽ ഓലഷെഡ്ഡിലും രാത്രി സ്കൂളിലെ ക്ലാസ്സ് മുറിയിലും കഴിഞ്ഞു. ജീവിതമാർഗ്ഗം മുഖ്യമായും കൃഷിപ്പണി ആയിരുന്നു. ആശ്രമവാസികൾ അന്ന് കിളച്ചിട്ടുണ്ട്, കപ്പ നട്ടിട്ടുണ്ട്, കൃഷിക്ക് വെള്ളം കോരിയിട്ടുണ്ട്, കാട് തെളിച്ചിട്ടുണ്ട്. ദയറാ സ്ഥാപകനായ സി.എം. തോമസ് റമ്പാച്ചൻ (പിന്നീട് തോമാ മാർ ദീവന്നാസ്യോസ് തിരുമേനി – നിരണം ഭദ്രാസനം) അന്ന് സാമ്പത്തികമായി വളരെ ക്ലേശിച്ചിരുന്നു. അദ്ദേഹമാണ് കൃഷിപ്പണിക്ക് നേതൃത്വം നൽകിയിരുന്നത്.

11. **സഭയിലെ ഏറ്റവും സൗമ്യനും ശാന്തനുമായ ബിഷപ്പ് അങ്ങാണെന്ന് ഞാനെന്റെ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. അപ്രകാരം അനുഭവപ്പെട്ടതും സാക്ഷ്യം ലഭിച്ചതു കൊണ്ടുമാണ് അങ്ങനെ രേഖാമൂലം വിശേഷിപ്പിച്ചത്. എന്നാൽ തിരുമേനിക്ക് എന്തുകൊണ്ടോ പുഞ്ചിരി കുറവാണെന്നു കൂടി ഞാനെഴുതുന്നതിൽ എന്താണ് അഭിപ്രായം?**

പുഞ്ചിരിക്കുന്നതു മാത്രമല്ല സന്തോഷത്തിന്റെ അടയാളം. ജീവിതത്തിന്റെ ഇല്ലായ്മയിലും വല്ലായ്മയിലും ഉള്ള സമയത്ത് എന്നതു പോലെ സംതൃപ്തനായിരിക്കുന്നതാണ് സന്തോഷത്തിന്റെ ഏറ്റവും കാതൽ. ഒരു കാര്യത്തിലും പരാതിയില്ലാത്ത മനോഭാവം ഒരുവന് സന്തോഷം നൽകുവാൻ സഹായിക്കും.

12. **തുണിയില്ലാതെ വിഡ്ഢി വേഷം കെട്ടിയ രാജാവിന് സ്തുതിപാടിയ ജനത്തിനെയാണോ അതോ, രാജാവിന് തുണിയില്ലെന്ന് വിളിച്ചു പറഞ്ഞ കൊച്ചുകുട്ടിയെയാണോ തിരുമേനി സപ്പോർട്ട് ചെയ്യുന്നത്?**

ചോദ്യത്തിന്റെ ഉള്ളടക്കം തിരുമേനിയ്ക്ക് പെട്ടന്നങ്ങനെ മനസ്സിലായില്ല. അപ്പോൾ ഞാൻ വിഡ്ഢിവേഷം കെട്ടിയ രാജാവിന്റെ കഥ പറഞ്ഞ് കേൾപ്പിച്ചു. എന്നിട്ട് ചോദ്യം വീണ്ടും ആവർത്തിച്ചു. നല്ല നിർദ്ദേശങ്ങൾ തള്ളിക്കളയില്ല എന്ന മറുപടിയുടെ കൂടെ അപ്പനും മക്കളുമായുള്ള ഒരു ആത്മീയ ബന്ധമാണ് തിരുമേനിമാരും സഭാംഗങ്ങളും തമ്മിലുള്ളത് എന്ന് കൂട്ടിച്ചേർത്തു. നല്ല നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എവിടെ നിന്നുണ്ടായാലും അത് സ്വീകരിക്കുകയും ചെയ്യും എന്നും പറഞ്ഞു.

13. **സഭാമക്കളിൽ അങ്ങ് ഇപ്പോൾ കാണുന്ന ഏറ്റവും വലിയ കോട്ടം എന്താണ്?**

ആത്മീയകാര്യങ്ങളിലുള്ള ഉദാസീനത.

14. **അപ്പോൾ അവരോടുള്ള ഉപദേശം?**

കർശനമായും ദൈവത്തിന്റെ 10 കൽപ്പനകളും സഭയുടെ 7 കൽപ്പനകളും പാലിക്കണം.

**15. ഈയടുത്ത കാലത്തായി തിരുമേനിമാർ രാഷ്ട്രീയക്കാരെപ്പോലെ പത്രസമ്മേളനം നടത്തുവാൻ മത്സരിക്കുന്നതു കണ്ടു. തിരുമേനിമാർ പത്രസമ്മേളനങ്ങളിൽ നിന്ന് മാറി നിൽക്കുന്നതല്ലേ നല്ലത്?**

ഞാൻ വൈദികനായിട്ട് ഇത് 55-ാം വർഷമാണ്. മെത്രാപ്പോലീത്തായായിട്ട് 38 വർഷവും കഴിയുന്നു. ഇതുവരെ ഒരു പത്രസമ്മേളനവും നടത്തുവാനും പോയിട്ടില്ല. ഈ ശൈലി സൂക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**16. റാസയ്ക്ക് വെടിക്കെട്ടും, പെരുന്നാളിനോടനുബന്ധിച്ച് കലാപരിപാടികളുമൊക്കെ പ. കാതോലിക്കാ ബാവാ നിരോധിച്ചിട്ടുള്ളതല്ലേ? അങ്ങയുടെ അഭിപ്രായം?**

വൃഥാ ചെലവ് വർദ്ധിപ്പിക്കുന്ന ആഘോഷങ്ങൾ ഒഴിവാക്കുന്നത് നല്ലതാണ്. ദേവാലയത്തിൽ കലാപരിപാടികൾ ആവശ്യമില്ല.

**17. പൊതുജനങ്ങളോടുള്ള തിരുമേനിയുടെ ഒരു പ്രധാന ഉപദേശമെന്ത്?**

ഇപ്പോൾ ആത്മീയതയും ലൗകികതയും തമ്മിലുള്ള ഒരു വടംവലിയാണ് പൊതുവെ കാണപ്പെടുന്നത്. ജനങ്ങൾ ആത്മീയതയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണം. അല്ലെങ്കിൽ അത് ആത്മരക്ഷയെ ബാധിക്കും. ജഡം അഴിവുള്ളതും ആത്മം സ്ഥിരതയുള്ളതുമാണ്.

**18. 'സഭയുടെ ഭരണഘടന' വളരെ ചെറിയ ഒരു പുസ്തകമാണ്. ദശകങ്ങളായി സംക്ഷിപ്തരൂപം മാത്രമാണ് അതിൽ കാണുന്നത്. ഇടവകകളിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങളിൽ പോലും വളരെ വ്യക്തമായ ഒരു നടപടി എടുക്കുവാനുതകുന്ന നിയമാവലികളോ മാർഗ്ഗനിർദ്ദേശങ്ങളോ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അൽപ്പം കൂടി വിശദമായ ഒരു പുസ്തകം ഇറക്കേണ്ടതാവശ്യമല്ലേ (പുതിയ തീരുമാനങ്ങളെല്ലാം കൂട്ടിച്ചേർത്ത്)?**

1934-ലെ ഭരണഘടനയാണ് നിലവിലുള്ളത്. സുപ്രീംകോടതി അംഗീകരിച്ചതുമാണത്. സുപ്രീംകോടതിയിൽ സഭാകേസ് നിലനിൽക്കുന്നതിനാൽ ഈ ഭരണഘടനയിൽ ഏതെങ്കിലും മാറ്റംവരുത്താൻ സാധിക്കുകയില്ല. എന്നാൽ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഭരണഘടനയിൽ വിശദമായതും കാലോചിതവുമായ മാറ്റങ്ങൾ വരുത്തി സഭാഭരണം ക്രമീകരിക്കേണ്ടത് ആവശ്യമാണ്.

19. **തിരുമേനി ഏതു കാര്യത്തിലാണ് കൂടുതൽ കർശനക്കാരൻ?**

ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യണമെന്ന് നിർബ ന്ധമുണ്ട്. തിരുവചനത്തിൽ നിന്നു മനസ്സിലാക്കുന്നത് വൃഥാ സംസാരം പാപമാണ് എന്നാണ്. അതു കൊണ്ട് എന്നെ ആരെങ്കിലും കാണാൻ വന്നാൽ കാതലായ കാര്യം മാത്രം ചർച്ച ചെയ്ത്, വന്ന വ്യക്തിയുടെയും എന്റെയും സമയം കളയാതെ നോക്കുക പതിവാണ്.

20. **ഏറെ സംസാരം ഇഷ്ടമല്ലാത്തതു കൊണ്ടാണോ തിരുമേനി മിക്കവാറും മൗനിയായി കാണപ്പെടുന്നത്?**

വൃഥാ സംസാരം പാപത്തെ ഉളവാക്കുന്നു എന്ന് തിരുവചനത്തിൽ പറയുന്നതു കൊണ്ട് കഴിവുള്ളിടത്തോളം നീണ്ട സംസാരങ്ങൾ ഒഴിവാ ക്കുന്നു. കൂടാതെ ദയറാജീവിതത്തിലെ ശിക്ഷണവും ഇതിന് പ്രേരക മായി. ലെസ്സർ സൈലൻസും ഗ്രേറ്റർ സൈലൻസും ദയറാ അംഗങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. സുത്താറാ കഴിഞ്ഞ് വി. കുർബാന കഴിയു ന്നതുവരെ ഗ്രേറ്റർ സൈലൻസ് ആണ് നിർദ്ദേശിച്ചിരിക്കുന്നത്. അതാ യത് ഒരക്ഷരം പോലും മിണ്ടാൻ പാടില്ല.

21. **തിരുമേനിയുടെ ഹോബികൾ?**

തിരുമേനിമാർക്കെന്ത് ഹോബി?

22. **(ഈ ഒഴിഞ്ഞുമാറ്റത്തിലേക്ക് തിരുമേനിയെ വിടാൻ ഞാൻ തയ്യാ റായില്ല). തിരുമേനിമാരും മനുഷ്യരാണല്ലോ. അപ്പോൾ ഒഴിവുവേള കളിൽ എന്തെങ്കിലുമൊരു വിനോദം കാണില്ലേ?**

അതിനെവിടെ എനിക്ക് ഒഴിവുസമയം? പുസ്തകവായന എനിക്ക് ഇഷ്ടമാണ്. കൺവെൻഷൻ പ്രഭാഷണങ്ങൾ നടത്തുന്നതും ഞാൻ ഇഷ്ട പ്പെടുന്നു.

23. **ഏറെനാൾ സ്കൂളിലും പിന്നെ കോളേജിലും അദ്ധ്യാപകനാ യിരുന്നതു കൊണ്ടാണോ ഇപ്പോഴും ശുശ്രൂഷകളുടെ ഇടയിലും പ്രസം ഗങ്ങളിലുമൊക്കെ അധ്യാപകരെപ്പോലെ പെരുമാറുന്നത് (നിർദ്ദേശ ങ്ങൾ നൽകുക, ശാസിക്കുക, കർശന നിയമം ഏൽപ്പിക്കുക മുത ലായവ)?**

ആയിരിക്കുമല്ലോ.

24. **ടി.വി. വാർത്തകൾ കാണാറുണ്ടോ?**

കാണാറുണ്ട്.

25. **ഒരു ദിവസം എത്ര പത്രങ്ങളിലൂടെ കണ്ണോടിക്കുവാൻ സാധിക്കുന്നുണ്ട്?**

മൂന്ന് പത്രങ്ങൾ.

**26. പത്രങ്ങളിൽ വരുന്ന വാർത്തകളും (സഭ, ഭദ്രാസനം, ഭദ്രാസനാധിപൻ, മറ്റു ബന്ധപ്പെട്ട വാർത്തകൾ) വിമർശനങ്ങളും ഭദ്രാസനാധിപൻ എന്ന നിലയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഉത്തരവാദപ്പെട്ടവർ മലബാറിലെ ഓഫീസിലുണ്ടോ? അതുപോലെ പ്രസിദ്ധീകരണങ്ങളിൽ സഭയെ സംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും വരുന്ന വാർത്തകളുടെ ക്ലിപ്പിംഗ്സ് നിയുക്ത കാതോലിക്ക എന്ന നിലയിൽ അങ്ങയുടെ പക്കൽ ഏൽപ്പിക്കുന്നതിനുവേണ്ടിയുള്ള പബ്ലിക്ക് റിലേഷൻസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ടോ?**

ഭദ്രാസന വാർത്തകൾ മലബാർ ഓഫീസിൽ ഞാനറിയുന്നുണ്ട്. സഭയുടെ പബ്ലിക്ക് റിലേഷൻസ് നോക്കുവാനായി ചുമതലക്കാരുമുണ്ട്.

27. **നമ്മുടെ ചില പുരോഹിതന്മാർ, പ്രത്യേകിച്ചും ചെറുപ്പക്കാരായ ചില അച്ചന്മാർ പൗരോഹിത്യമേഖലയെ കൃത്യമായി ശമ്പളം ലഭിക്കുന്ന, ജോലി സ്ഥിരതയുള്ള ഒരു പ്രൊഫഷനായി മാത്രം കാണുന്നു; അവർക്കു സമർപ്പണമനോഭാവം കുറഞ്ഞിരിക്കുന്നു എന്ന് ജനങ്ങളെപ്പോലെ തിരുമേനിക്കും മനസ്സിലായിട്ടുണ്ടോ? എന്താണൊരു പോംവഴി?**

മനസ്സിലായിട്ടുണ്ട്. ബന്ധപ്പെട്ട ഭദ്രാസനാധിപന്മാർക്ക് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകണം.

28. **നമ്മുടെ സഭയിൽ ധാരാളം പുരോഹിതന്മാർ വളരെ ആത്മാർത്ഥമായി മുഴുവൻ സമയവും ഇടവകയിൽ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കാര്യപ്രാപ്തിയുള്ള, സമർപ്പണമനോഭാവമുള്ള അച്ചന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഭദ്രാസനതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തിക്കൂടേ?**

നല്ലൊരു നിർദ്ദേശമാണ്. ഇടവക മെത്രാപ്പോലീത്താമാരാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. അതുപോലെ നല്ല അച്ചന് അംഗീകാരമായി അവാർഡുകൾ നൽകാൻ ഒരു ഇടവക മാത്രം വിചാരിച്ചാലും മതിയല്ലോ.

29. **പുരോഹിതന്മാരുടെ നിയമനം കേന്ദ്രീകൃത സംവിധാനത്തിൽ വരുന്നതല്ലേ നല്ലത്. ഇപ്പോൾ ബഹുമാന്യരായ പുരോഹിതന്മാരുടെ**

**സേവനം ഓരോ ഭദ്രാസനങ്ങളിൽ മാത്രം ഒതുങ്ങുന്നു. നമ്മുടെ വൈദികർ സഭയുടേതാകട്ടെ. ഭദ്രാസനങ്ങളുടെ അതിർത്തിക്കുള്ളിൽ അവരുടെ മഹനീയസേവനം ഒതുങ്ങാതിരിക്കാൻ ഇതു സഹായകമാകും. ഉദാഹരണമായി മർത്തോമ്മാ സഭയിൽ പുരോഹിതന്മാർ സഭയിലെ ഏതു പള്ളികളിലും സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. ഈ സംവിധാനം നമ്മുടെ സഭയ്ക്കും ഒരു മാതൃകയാക്കിക്കൂടേ?**

മാർത്തോമ്മാസഭയിൽ പള്ളിയോടനുബന്ധിച്ച് പാഴ്സണേജ് ഉണ്ടെങ്കിൽ മാത്രമേ വികാരിയെ നിയമിക്കാറുപോലുമുള്ളൂ. നമ്മുടെ ദേവാലയങ്ങളിൽ എല്ലാം പാഴ്സണേജ് വന്നു കഴിഞ്ഞാൽ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കുന്നതിനു കുഴപ്പമില്ല. നിലവിൽ എണ്ണത്തിൽ വളരെ കുറച്ചു പള്ളികളിൽ മാത്രമേ പാഴ്സണേജ് ഉള്ളൂ.

30. **നിർഭാഗ്യമെന്ന് പറയട്ടെ, ഇപ്പോൾ കണ്ടുവരുന്ന ദേവാലയത്തിലെ ദയനീയമായ രാഷ്ട്രീയവൽക്കരണത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? പ്രത്യേകിച്ചും സംസ്ക്കാരച്ചടങ്ങിനിടെ രാഷ്ട്രീയക്കാരുടെ നീണ്ട പ്രസംഗങ്ങൾ? ദൈവമില്ല എന്ന തത്വശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിച്ച് അപ്രകാരം പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടിക്കാർ പോലും ദേവാലയത്തിൽ, ഒരു കൂദാശയായ സംസ്ക്കാരശുശ്രൂഷാ മദ്ധ്യേ പ്രസംഗം നടത്തി മുതലെടുക്കുന്നത് ഇപ്പോഴത്തെ ഒരു ഫാഷനാണ്. അനുശോചന പ്രസംഗങ്ങൾ മരണവീട്ടിൽ വച്ചു നടത്തി പള്ളിയിൽ ഇതിന് പൂർണ്ണ നിരോധനം ഏർപ്പെടുത്തേണ്ടതല്ലേ? ആത്മീയസംഘടനാപ്രതിനിധികൾക്കോ ഇടവകയെ പ്രതിനിധീകരിച്ചുള്ളവർക്കോ അല്ലാതെ ആർക്കും പള്ളിയിൽ സംസ്ക്കാരശുശ്രൂഷയ്ക്കിടെ അനുശോചന പ്രസംഗം നടത്തുവാൻ അനുവാദം നൽകരുത്. ഇപ്രകാരമുള്ള പ്രസംഗങ്ങൾ സത്യത്തിൽ ദേവാലയത്തിലെ ചടങ്ങിന് രാഷ്ട്രീയനിറം നൽകുന്നുണ്ട്. എന്താണ് അങ്ങയുടെ പ്രതികരണം?**

ഉചിതമായ നിർദ്ദേശങ്ങളാണെല്ലാം. എന്നാൽ വലിയ സാമൂഹ്യബന്ധമുള്ളവർക്ക് ഒന്നു രണ്ടു മിനിറ്റ് കൊടുക്കുന്നതിൽ ദോഷമില്ല. പക്ഷേ സമയം കൃത്യമായി പാലിക്കുകയും വേണം.

31. **നമ്മുടെ പുരോഹിതന്മാർ എല്ലാവരും ഫുൾ ടൈം പ്രീസ്റ്റ് ആകുന്നതല്ലേ നല്ലത്? ഇപ്പോൾ ഒരു വിഭാഗം 4 ദിവസ വികാരിമാരാണ്. 4 ഞായറാഴ്ചകളിൽ മാത്രം ഇടവകകളിൽ വരികയും ബാക്കിയുള്ള ദിവസങ്ങളിലെല്ലാം ഔദ്യോഗിക കാര്യവും (പലർക്കും അധ്യാപനം തുടങ്ങിയ ജോലികളുണ്ട്) വീട്ടുകാര്യങ്ങളും നോക്കുകയാണ് പതിവ്. ഉദാഹരണമായി മാർത്തോമ്മാസഭയിൽ പുരോഹിതന്മാർ വേറെ**

**ജോലികളിൽ വ്യാപൃതരാകുവാൻ പാടില്ല എന്ന കർശനനിയമമുണ്ട്. നമ്മുടെ സഭയ്ക്കും അപ്രകാരമുള്ള പുരോഹിതന്മാരെ ആവശ്യമല്ലേ തിരുമേനി?**

ഇങ്ങനെ ഒരാക്ഷേപമുണ്ട്. സമർപ്പണ മനോഭാവം അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല. മനസ്സുകൊണ്ട് തീരുമാനമെടുത്ത് അപ്രകാരം ചെയ്യുന്നതായിരിക്കും നല്ലത്. (മറ്റ് മതനായകരിൽ ഇഷ്ടപ്പെട്ട വ്യക്തി ശ്രീബുദ്ധനാണെന്ന് തിരുമേനി ഒരഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്.)

32. **സുവിശേഷവേലയ്ക്കും കാരുണ്യപ്രവർത്തനത്തിനും മാത്രമായി ഓരോ ബിഷപ്പുമാരെ ചുമതലപ്പെടുത്തുന്നതിനെപ്പറ്റി സഭയുടെ നിയുക്ത കാതോലിക്കാ ബാവായുടെ അഭിപ്രായമെന്താണ്?**

നല്ലതാണെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്.

33. **സഭയുടെ സ്കൂൾ / കോളേജ് കോർപ്പറേറ്റ് മാനേജർമാരായി ഭരണകർത്താക്കളെ (administrators) നിയമിക്കുന്നതല്ലേ നല്ലത്? മെത്രാപ്പോലീത്താമാർ ഈ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ അവരിൽ നിന്നും സഭ പ്രതീക്ഷിക്കുന്ന ആത്മീയ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുന്നുണ്ട്.**

ആശയം നല്ലതാണ്. പല തടസ്സങ്ങളുമുണ്ട്.

34. **അങ്ങേയ്ക്ക് എന്തെങ്കിലും കാതലായ അസുഖമുണ്ടോ?**

30 വർഷമായി പ്രമേഹമുണ്ട്. കൂടാതെ 1994–ൽ ഹൃദയം ബൈപാസ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. ദൈവത്തിന്റെ കൃപ കൊണ്ട് ഇപ്പോൾ യാതൊരു പ്രശ്നവുമില്ല.

തിരുമേനിയുടെ ഒരു ഫുൾ സൈസ് ഫോട്ടോ എടുക്കാൻ ഫോട്ടോഗ്രാഫർ എത്തിയപ്പോൾ മേലങ്കിയും മറ്റ് സ്ഥാനചിഹ്നങ്ങളും എടുത്തു കൊടുക്കാനായി ഞാൻ സഹായിക്കാനൊരുങ്ങിയപ്പോൾ "വേണ്ടാ, ഞാനെടുത്തു കൊള്ളാം; കഴിവതും ആരെയും ആശ്രയിക്കാതെ ജീവിക്കണം എന്നാണാഗ്രഹം" എന്ന് തിരുമേനി പറഞ്ഞു. ഈ വരികൾ പിന്നീട് പ്രാധാന്യത്തോടെ ആവർത്തിക്കുകയും ചെയ്തു.

ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടതിന്റെ സുകൃതവുമായി, ആറരപതിറ്റാണ്ടു കാലമായി മലങ്കര ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി മഹനീയ ശുശ്രൂഷ ചെയ്യുന്ന ഈ വന്ദ്യപിതാവ് തന്റെ പ്രസംഗങ്ങളിലെല്ലാം 'ഉദാസീനത'യ്ക്കെതിരെ ഉപദേശം നൽകുന്ന കാര്യം എടുത്തു പറയേണ്ടുന്ന ഒരു പ്രത്യേകതയാണ്.

പ്രൗഢഗംഭീരനായ ഒരു മൗനിയായി എപ്പോഴും കാണപ്പെടുന്ന തീമോത്തിയോസ് തിരുമേനിയുടെ ശാന്തതയെക്കാളും സൗമ്യതയെക്കാളും വിശ്വാസികളുടെ ഇടയിൽ ആഴ്ന്നിറങ്ങിയിരിക്കുന്നത് തിരുമേനിയുടെ ഇമ്പകരമായ നാദം തന്നെയാണെന്നാണ് എനിക്ക് തോന്നുന്നത്. തീമോത്തിയോസ് തിരുമേനിയുടെ ചൊല്ലുകളുടെയും ഗാനങ്ങളുടെയും മാധുര്യം ആരാധനാവേളയിലെ ആത്മീയചൈതന്യം വർദ്ധിപ്പിക്കുന്നു എന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ജന്മസിദ്ധമായുള്ള ആ നേസൽ ട്യൂൺ (Nasal Tune) വളരെ 'ഹാർമോണിക്' ആണ്. തിരുമേനിയുടെ ശബ്ദമാധുര്യത്തിന് ഹാർമോണിയത്തിന്റെ 'ഗാനതരംഗ'ങ്ങളുമായി ഒരു ലയനമുണ്ടെന്ന് എനിക്ക് തോന്നുന്നു. ഈ ആത്മീയ പിതാവിന്റെ മധുരനാദത്തിലുള്ള ശുശ്രൂഷകളുടെ ഇമ്പം ദൈവികദാനം തന്നെ.

ചുങ്കക്കാരനായ സക്കായിയെ മരത്തിനു മുകളിൽ നിന്ന് വിളിച്ചിറക്കി അവരുടെ വീട്ടിൽ പോയി താമസിച്ച് അവനെ മാനസാന്തരപ്പെടുത്തിയതാണ് യേശുക്രിസ്തുവിന്റെ പരസ്യജീവിതത്തിൽ ഈ വന്ദ്യപിതാവിനെ ഏറ്റവും കൂടുതൽ ആകർഷിച്ചതെന്ന് അദ്ദേഹം പറയുന്നു.

(സഭയുടെ ആറാം കാതോലിക്കയായ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് 2005 ഒക്ടോബർ 31-ന് തീമോത്തിയോസ് തിരുമേനി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ അധിപനായി 7-ാം കാതോലിക്കയായി വാഴിക്കപ്പെട്ടു - ദിദിമോസ് പ്രഥമൻ എന്ന നാമധേയത്തിൽ. 5 വർഷം പൂർത്തിയായ ദിനത്തിൽ (2010 ഒക്ടോബർ 31) സ്ഥാനത്യാഗം ചെയ്തു.)

കാതോലിക്കോസ് എന്ന ഗ്രീക്ക്പദത്തിന്റെ അർത്ഥം 'പൊതു പിതാവ്' അല്ലെങ്കിൽ 'പൊതുവിന്റെ ആൾ' എന്നാണ്. എല്ലാ ബാവാതിരുമേനിമാരുടെയും പേര് ആരംഭിക്കുന്നത് 'ബസേലിയോസ്' എന്ന നാമത്തോടുകൂടിയാണ്. 5-ാം കാതോലിക്ക മുതൽ 'ബസേലിയോസ് മാർത്തോമ്മാ' എന്ന നാമധേയത്തോടെയാണ് സ്ഥാനപ്പേര് ആരംഭിക്കുന്നത്.

(2005)